# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 17, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 - നമ്പർ 19

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 17, വെള്ളി

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

**പേജ്**

## I. ചോദ്യോത്തരങ്ങൾ

(i). വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.)

## II. റിപ്പോർട്ടുകളുടെ സമർപ്പണം

സബ്ജക്ട് കമ്മിറ്റി IX-ന്റെ 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും സംബന്ധിച്ച റിപ്പോർട്ടുകൾ

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഏഴ് മുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 17, വെള്ളി

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 19

---

നിയമസഭ 2023 മാർച്ച് മാസം 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*481)... ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ....... (.....ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ദിവസം നിയമസഭയ്ക്കകത്ത് നടന്ന ദൗർഭാഗ്യകരമായ സംഭവവുമായി ബന്ധപ്പെട്ട് വാദി പ്രതിയായി മാറിയിരിക്കുന്ന അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. ഇവിടെ കലാപം നടത്തിയെന്ന കാരണം പറഞ്ഞ് വാദികളായ ഏഴ് സാമാജികർക്കെതിരായി ജാമ്യമില്ലാ കേസ് എടുത്തിരിക്കുകയാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ......(മൈക്ക് ഓഫ്).......

ശ്രീ. വി. ഡി. സതീശൻ: സർ, പണ്ട് കേസെടുത്തതെന്തിനാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടിക്കുതന്നെ അറിയാമല്ലോ; അതിന്റെ തെളിവുമുണ്ട്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ........(മൈക്ക് ഓഫ്).......

ശ്രീ. വി. ഡി. സതീശൻ: സർ,

മി. സ്പീക്കർ: മിനിസ്റ്റർ മറുപടി പറയൂ.

(15.03.2023-ന് നിയമസഭയ്ക്കകത്തും ബഹുമാനപ്പെട്ട സ്പീക്കറുടെ ചേംബറിന് മുന്നിലും നടന്ന പ്രതിപക്ഷ പ്രതിഷേധവുമായി ബന്ധപ്പെട്ട് ഏഴ് പ്രതിപക്ഷാംഗങ്ങൾക്കെതിരെ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസ്സെടുത്ത നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

വൈദ്യുതി മേഖലയിൽ കേന്ദ്രനയം സൃഷ്ടിക്കുന്ന പ്രത്യാഘാതം

1(*481) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചാത്തലസൗകര്യ മേഖലയാകെ സ്വകാര്യവത്കരിക്കുന്നതായി പറയപ്പെടുന്ന കേന്ദ്ര നയം വൈദ്യുതി മേഖലയിൽ പ്രത്യാഘാതം സൃഷ്ടിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പവർ എക്സ്ചേഞ്ച് വഴിയുള്ള വില്പനയ്ക്ക് യൂണിറ്റിന് പരമാവധി പന്ത്രണ്ട് രൂപ നിരക്ക് നിശ്ചയിച്ചിരുന്നിടത്ത് യൂണിറ്റിന് അൻപത് രൂപ

വരെ ഈടാക്കാൻ കഴിയുന്ന പുതിയ വിപണിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ആവശ്യകതയുടെ ചെറിയൊരു ഭാഗംമാത്രം ഉല്പാദനം ഉള്ളതിനാൽ ഇവ സംസ്ഥാന വൈദ്യുതി മേഖലയെ എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റെഗുലേറ്ററി കമ്മീഷൻ സമർപ്പിക്കുന്ന വാർഷിക കണക്കിന്റെ അടിസ്ഥാനത്തിലുള്ള വില വർദ്ധനവിന് പകരം അധിക ചെലവും മാസം തോറും നികത്തണമെന്ന കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥയ്ക്കെതിരെ സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) വൈദ്യുതിയുടെ വിലനിർണ്ണയത്തിൽ ഉല്പാദന കമ്പനികൾക്ക് അനുകൂലമായ നയങ്ങളും ചട്ടങ്ങളുമാണ് കേന്ദ്രസർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നത്. ഇതിനുപുറമെ, വൈദ്യുതി വിതരണരംഗത്തും സ്വകാര്യവൽക്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള നിയമഭേദഗതിക്കും ചട്ട ഭേദഗതിക്കും കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നു. ഇത്തരം നിർദ്ദേശങ്ങൾ രാജ്യത്ത് വൈദ്യുതി വിലയിൽ വലിയ വർദ്ധനവിന് ഇടയാക്കിയിട്ടുണ്ട്. അതിന്റെ പ്രതിഫലനം 70 ശതമാനം വൈദ്യുതിയും പുറത്തുനിന്നും വാങ്ങുന്ന നമ്മുടെ സംസ്ഥാനത്തെയും

ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഒന്നിലധികം വിതരണ കമ്പനികൾക്ക് ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതോടൊപ്പം മാതൃനിയമത്തിൽ പറയുന്നതിൽനിന്ന് വ്യത്യസ്തമായി ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്വത്തിൽനിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യുംവിധമാണ് വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശം. എല്ലാ വിതരണ കമ്പനികളും തങ്ങളുടെ പ്രദേശത്ത് പ്രവർത്തിക്കുന്ന മറ്റ് ഏതൊരു വിതരണ കമ്പനികളുടെയും വിതരണശൃംഖല കേവലം ഉപഭോക്തൃ-ചെലവ് (wheeling charge) മാത്രം നൽകി ഉപയോഗിക്കാനുള്ള അവകാശം നൽകുന്നു. വൈദ്യുതി വിതരണത്തിൽ മുഖ്യമായും പണച്ചെലവുള്ളത് ശൃംഖലാ വികസനത്തിനും പരിപാലനത്തിനും ആണെന്നിരിക്കെ ഈ ഉത്തരവാദിത്വത്തിൽനിന്നും വിതരണ കമ്പനികളെ ഒഴിവാക്കുന്നത്, മൂലധന നിക്ഷേപവും ഉത്തരവാദിത്വവുമില്ലാതെ ആർക്കും കടന്നുവരാവുന്ന ഒരു മേഖലയാക്കി വൈദ്യുതി വിതരണരംഗത്തെ മാറ്റാൻ സാധ്യതയുണ്ട്. (...ബഹളം...)

<u>മി. സ്പീക്കർ:</u> വളരെ പ്രധാനപ്പെട്ട ഇഷ്യൂസാണ് ഫ്ലോറിൽ ഡിബേറ്റ് ചെയ്യുന്നത്. പ്ലീസ്... പ്ലീസ്.... മിനിസ്റ്റർ മറുപടി പറഞ്ഞോളൂ.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഭേദഗതി നിർദ്ദേശത്തിൽ ശൃംഖലാ വികസനത്തിന്റെയും പരിപാലനത്തിന്റെയും ചുമതല ആർക്കാണെന്നത് വ്യക്തമല്ല. സ്വാഭാവികമായും വൻ മൂലധനനിക്ഷേപം ആവശ്യമുള്ളതും എന്നാൽ വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാനിടയുള്ളതുമായ പദ്ധതികളിൽ മുതൽമുടക്കാൻ നിക്ഷേപകർ തയ്യാറാകണമെന്നില്ല. എല്ലാ വിതരണ കമ്പനികൾക്കും ഉത്തരവാദിത്വമെന്നത് ആർക്കും ഉത്തരവാദിത്വം ഇല്ലാത്ത സ്ഥിതി സംജാതമാകാൻ സാധ്യതയുണ്ട്. (...ബഹളം...) ഇത് ഭാവിയിൽ വിതരണനഷ്ടം കൂടുന്നതിനും വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവ് മൂലമുണ്ടാകുന്ന ലോഡ്ഷെഡ്ഡിംഗ് എന്നിവയ്ക്കും ഇടയാക്കിയേക്കാം. വിതരണ രംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യകമ്പനികൾ ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ മാത്രം ബാധ്യതയാകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കും എന്ന

അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേയ്ക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേയ്ക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതാകുമെന്നും ആശങ്കപ്പെടുന്നു.

കൽക്കരി ക്ഷാമത്തിന്റെ അടിസ്ഥാനത്തിൽ, വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാനെന്ന വ്യാജേന കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന പല നടപടികളും സ്വകാര്യ കുത്തകകൾക്ക് അധികലാഭം ഉണ്ടാക്കുന്നതും രാജ്യത്തെ വൈദ്യുതി വില കുതിച്ചുയർത്തുന്നതുമാണ്. അധിക വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ച് ഉല്പാദനം നടത്തുന്നതിനുള്ള ആഭ്യന്തര കൽക്കരി ലഭ്യമാകാത്തതിനാൽ അത് മറികടക്കാനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ വിവിധ കാലയളവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാൻ വൈദ്യുതി ഉല്പാദകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ 28.04.2022-ലെ നിർദ്ദേശപ്രകാരം 10% ഇറക്കുമതി ചെയ്ത കൽക്കരി

(blending) ഉപയോഗിക്കാനും 26.7.2022-ലെ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവനുസരിച്ച് ഇറക്കുമതി ചെയ്ത കൽക്കരി 20% 31.10.2022 വരെ ഉപയോഗിക്കാനും വൈദ്യുതി ഉല്പാദകർക്ക് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 2023 സെപ്റ്റംബർ വരെ 6% ഇറക്കുമതി ചെയ്ത കൽക്കരി (blending) ഉപയോഗിക്കാൻ 09.01.2023-ൽ കേന്ദ്ര ഊർജ്ജ മന്ത്രാലയം ഉല്പാദകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിക്കാനുള്ള കേന്ദ്ര നിർദ്ദേശം കാരണം ഏപ്രിൽ 2022 മുതൽ ഒക്ടോബർ 2022 വരെ ഇറക്കുമതി ചെയ്ത കൽക്കരി ഉപയോഗിച്ചതുമൂലം നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വൈദ്യുതി വാങ്ങൽ ചെലവിൽ പ്രതിമാസം ശരാശരി 11.07 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. ഇതിനിടയിൽ, വൈദ്യുതി വിതരണ ലൈസൻസികൾക്ക് മാസംതോറും വൈദ്യുതിനിരക്ക് വ്യതിയാനം വരുത്തുന്നതിന് അനുമതി നൽകുന്ന വൈദ്യുതിച്ചട്ട ഭേദഗതി 29.12.2022-ന് നിലവിൽവന്നു. ഇതനുസരിച്ച് വൈദ്യുതി വാങ്ങുമ്പോഴുണ്ടാകുന്ന എല്ലാ അധികചെലവും കമ്മീഷനെ സമീപിക്കാതെ തന്നെ ഉപഭോക്താക്കളിൽനിന്ന് മാസംതോറും ഈടാക്കാവുന്നതാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷനുകളുടെ

സൂക്ഷ്മ പരിശോധനയും പൊതു തെളിവെടുപ്പുകളും ഇല്ലാതെ വൈദ്യുതി സർചാർജ് ഏർപ്പെടുത്തുന്നതോടെ പെട്രോൾ, ഡീസൽ വില അടിക്കടി കൂടുന്നതുപോലെ വൈദ്യുതിനിരക്കും കൂടും.

ഉയർന്ന വിലയ്ക്ക് വൈദ്യുതി വിൽക്കാൻ രാജ്യത്ത് പുതിയ വിപണിയുണ്ടാക്കാൻ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ 16.02.2023-ലെ ഉത്തരവുപ്രകാരം അനുമതി നൽകി. യൂണിറ്റിന് പരമാവധി 50 രൂപവരെ വില ഈടാക്കാൻ കഴിയുന്ന വിപണിയാണ് നിലവിൽവരുന്നത്. ഇറക്കുമതി കൽക്കരി, ഇറക്കുമതി ചെയ്ത RLNG, നാഫ്ത എന്നിവ ഉപയോഗിക്കുന്ന വൈദ്യുതി നിലയങ്ങൾ, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം എന്നിവയ്ക്ക് ഈ വിപണിയിൽ വൈദ്യുതി വിൽക്കാം. മറ്റ് നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ പവർ എക്സ്ചേഞ്ച് വഴിയുള്ള വില്പനയ്ക്ക് ഇപ്പോൾ പരമാവധി 12 രൂപ എന്ന നിരക്കാണ്.

20.02.2023-ന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച അസാധാരണ ഉത്തരവുപ്രകാരം ഇറക്കുമതി കൽക്കരി ഉപയോഗിച്ച് ഉല്പാദനം നടത്തുന്ന മുഴുവൻ നിലയങ്ങളും പൂർണ്ണതോതിൽ പ്രവർത്തിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. വൈദ്യുതി വാങ്ങൽ വില സമയബന്ധിതമായി നൽകുന്നതിന്റെ പതിവ് അവലോകനം, നിരീക്ഷണം, നടപ്പാക്കൽ എന്നിവ

ഉൾപ്പടെയുള്ള എല്ലാ പ്രവർത്തനങ്ങളും 'പ്രാപ്തി പോർട്ടൽ' വഴി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് വൈദ്യുതി വില നൽകുന്നതിന്റെ വിശദാംശങ്ങൾ പ്രസ്തുത പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതും എന്തെങ്കിലും കുടിശ്ശിക വന്നാൽ അത് സ്വയമേവ സംസ്ഥാനത്തിന്റെ വൈദ്യുതി വാങ്ങലിൽ നിയന്ത്രണത്തിന് ഇടയാക്കുകയും ചെയ്യും. CERC, APTEL മുതലായ ഫോറങ്ങൾ മുൻപാകെ തർക്ക വിഷയമായി നിലനിൽക്കുന്ന ജനറേറ്റിംഗ് കമ്പനികളും ട്രാൻസ്മിഷൻ കമ്പനികളും നൽകുന്ന ബില്ലുകൾ ഉടനടി അടച്ചുതീർക്കണമെന്ന അടിയന്തര കേന്ദ്ര നിർദ്ദേശംമൂലം ഈ മാസം വൈദ്യുതി ബോർഡിന് 241.5 കോടി രൂപ അധിക ചെലവായി. സംസ്ഥാനത്തെ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്താൻവേണ്ടി ഈ തുക എതിർപ്പ് രേഖപ്പെടുത്തിക്കൊണ്ട് നൽകുകയാണുണ്ടായത്.

തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തെ സർക്കാർ കുടിശ്ശിക പൂർണ്ണമായി അടച്ചുതീർക്കുക, സർക്കാർ വൈദ്യുതി ബോർഡുകൾക്ക് നൽകാനുള്ള പഴയകാല കുടിശ്ശികകൾ എല്ലാംതന്നെ RDSS മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അടച്ചുതീർക്കുക എന്നീ നിർദ്ദേശങ്ങൾ പാലിച്ചാൽ മാത്രമേ വൈദ്യുതി വിതരണ കമ്പനികൾക്ക് വായ്പ

നൽകുവെന്ന് കേന്ദ്രസർക്കാർ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് നൽകിയ കർശന നിർദ്ദേശങ്ങളും വികസന പ്രവർത്തനങ്ങൾക്ക് വായ്പയെടുക്കാൻ പോലും കഴിയാതെ സംസ്ഥാന വൈദ്യുതി വിതരണ കമ്പനികളെയും സംസ്ഥാന സർക്കാരുകളെയും വരിഞ്ഞുമുറുക്കുന്ന സ്ഥിത വിശേഷമാണ് ഉണ്ടാക്കിയിരിക്കുന്നത്.

രാജ്യത്തെ ഊർജ്ജ മേഖലയിൽ കേന്ദ്രം നിഷ്കർഷിക്കുന്ന പരിഷ്കാരങ്ങൾ നടപ്പാക്കിയില്ലെങ്കിൽ സംസ്ഥാനത്തിന് 0.5% അധിക കടമെടുപ്പ് അനുവദിക്കില്ലെന്ന നിബന്ധന സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് കടിഞ്ഞാണിടാനും കേന്ദ്രത്തിന്റെ ഇംഗിതത്തിന് വഴങ്ങി ചൊൽപ്പടിയിൽ നിർത്താനുമുള്ള ഒരു ആയുധമായി ഉപയോഗിക്കുന്നു. ഇത്തരത്തിൽ വൈദ്യുതി ഉല്പാദന, വിതരണ മേഖലകളിൽ സ്വകാര്യകുത്തകകളെ സഹായിക്കാൻ നടത്തുന്ന കേന്ദ്ര ഇടപെടലുകൾ വൈദ്യുതി നിരക്കിൽ വൻ വർദ്ധന സമീപ ഭാവിയിൽത്തന്നെ ഉണ്ടായേക്കാം. ചുരുങ്ങിയ നിരക്കിൽ സാധാരണക്കാർക്കും കർഷകർക്കും വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതിവിശേഷം സംജാതമായേക്കാം.

സ്വകാര്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുള്ള വൈദ്യുതി നിയമ ഭേദഗതിക്കുള്ള നീക്കം, മാസംതോറും

വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ സഹായിക്കുന്ന വൈദ്യുതി ചട്ട ഭേദഗതി, യൂണിറ്റിന് പരമാവധി 50 രൂപവരെ വില ഈടാക്കാൻ കഴിയുന്ന പുതിയ വൈദ്യുതി വിപണി ഏർപ്പെടുത്താനുള്ള തീരുമാനം, ഇറക്കുമതി കൽക്കരി ഉപയോഗിച്ച് ഉല്പാദനം നടത്തുന്ന മുഴുവൻ നിലയങ്ങളും പൂർണ്ണതോതിൽ പ്രവർത്തിക്കണമെന്ന നിർദ്ദേശം എന്നിവയിലൂടെ രാജ്യത്ത് ഊർജ്ജമേഖലയിലെ അടിയന്തരാവസ്ഥയ്ക്കാണ് കളമൊരുങ്ങിയിരിക്കുന്നത്.

(ബി) പവർ എക്സ്ചേഞ്ച് വഴിയുള്ള വില്പനയ്ക്ക് നിലവിൽ യൂണിറ്റിന് പരമാവധി പന്ത്രണ്ട് രൂപ നിരക്ക് നിശ്ചയിച്ചിരിക്കുന്നിടത്ത് ആവശ്യക്കാർക്ക് യൂണിറ്റിന് അൻപത് രൂപ വരെ വിലയ്ക്ക് വൈദ്യുതി വാങ്ങാവുന്ന രീതിയിലുള്ള വിപണിക്ക് (High Price Day Ahead Market അഥവാ HPDAM) കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആഭ്യന്തരോല്പാദനം കൊണ്ടുമാത്രം സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം നിറവേറ്റാൻ സാധിക്കാത്തതിനാൽ ആവശ്യമായ വൈദ്യുതി കേന്ദ്രവിഹിതമായും ദീർഘകാല/മധ്യകാല/ഹ്രസ്വകാല കരാറുകൾ വഴിയുമാണ് സംസ്ഥാനത്ത് ലഭ്യമാക്കുന്നത്. സാധാരണ നിലയിൽ ഉപഭോഗത്തിലെ വ്യതിയാനംമൂലമോ കേന്ദ്ര വിഹിതത്തിലോ ദീർഘകാല കരാറുകൾ വഴി ലഭ്യമാകുന്ന വൈദ്യുതിയിലോ ഉണ്ടാകുന്ന കുറവുകൾ

പരിഹരിക്കാനായി പവർ എക്സ്ചേഞ്ചിൽനിന്നും അതത് സമയത്തെ ആവശ്യമനുസരിച്ച് വൈദ്യുതി വാങ്ങുകയും ചെയ്യുന്നുണ്ട്. പവർ എക്സ്ചേഞ്ച് മുഖേന വിനിമയം നടത്തുന്ന വൈദ്യുതിക്ക് പരമാവധി നിരക്ക് യൂണിറ്റിന് 12 രൂപയായിത്തന്നെ തുടരുമെന്നതിനാൽ ഉയർന്ന നിരക്കിലെ വിപണി കേരളത്തെ സാധാരണ സാഹചര്യത്തിൽ ദോഷകരമായി ബാധിക്കില്ല. എന്നിരുന്നാലും താഴ്ന്ന നിരക്കിൽ പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി ലഭ്യമല്ലെങ്കിൽ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായും ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനായും ഉയർന്ന നിരക്കിലുള്ള വൈദ്യുതിയെ ആശ്രയിക്കേണ്ടതായി വരാം. ഇത് കെ.എസ്.ഇ.ബി.എൽ.-ന് സാമ്പത്തിക നഷ്ടമുണ്ടാക്കും. മാത്രമല്ല വൈദ്യുതിയുടെ താരിഫിലും വർദ്ധനവുണ്ടാക്കേണ്ടതായി വരാം.

(സി) കേന്ദ്ര സർക്കാർ 29.12.2022-ന് പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ [Electricity (Amendment) Rules, 2022] (ചട്ടം 14) പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ആയതനുസരിച്ച് ഇന്ധന വിലയിലോ, വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള വ്യതിയാനം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ

ചെലവിലുണ്ടാക്കുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയുപയോഗിച്ച് പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താവിലേയ്ക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്.

നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം മാസാമാസം ലൈസൻസികൾ ഇടാക്കുന്ന അധികതുക പിന്നീട് വാർഷിക അടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലവിലെ സമ്പ്രദായത്തിന് വിപരീതമായി സ്റ്റേറ്റ് റെഗുലേറ്ററിൽനിന്ന് വിവേകപൂർണ്ണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ വൈദ്യുതി വിതരണ കമ്പനികൾക്ക് അനുവാദമുള്ളതിനാൽ ഭാവിയിൽ പെട്രോൾ, ഡീസൽ വില അടിക്കടി കൂട്ടുന്നതുപോലെ വൈദ്യുതിനിരക്കും കൂട്ടും. ഉപഭോക്താക്കൾക്ക്, പ്രത്യേകിച്ച് വാണിജ്യ വ്യവസായ ഉപഭോക്താക്കൾക്ക് തങ്ങളുടെ കച്ചവട ചെലവ് (Business expenditure) കണക്കാക്കുന്നതിന് വൈദ്യുതി നിരക്കിനെ സംബന്ധിച്ച് മുൻകൂർ ധാരണ ആവശ്യമുണ്ട്. അടിക്കടി മാറുന്ന വൈദ്യുതി നിരക്ക് ഇതിന് വിഘാതമാകാൻ സാധ്യതയുണ്ട്. ഇത് നാട്ടിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിൽനിന്നും സംരംഭകരെ തടയാൻ സാധ്യതയുണ്ട്. അധിക

ബാധ്യതയുടെ സാധ്യത മുന്നിൽ കണ്ടുകൊണ്ടാണ് വില നിശ്ചയിക്കുന്നത് എങ്കിൽ, അത് ഉല്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കാനും സാധാരണക്കാരുടെ ജീവിത ചെലവ് വർദ്ധിക്കാനും ഇടയാക്കും.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വൈദ്യുതി മേഖലയിൽ ഗവൺമെന്റ് ശ്രദ്ധേയമായ ഇടപെടലാണ് നടത്തിവരുന്നത്. സാധാരണക്കാരുടെ പ്രശ്നങ്ങളുൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ട ഈ സഭയിൽ ചോദ്യോത്തരവേളതന്നെ തടസ്സപ്പെടുത്തുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വൈദ്യുതി ബോർഡിന്റെ ചെലവ് കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 2021-22-ലെ കണക്കുകൾപ്രകാരം ചെലവിന്റെ 80 ശതമാനവും വൈദ്യുതി വാങ്ങലിനും എംപ്ലോയീസ് കോസ്റ്റിനുമായിട്ടാണ് ചെലവഴിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സ്വകാര്യവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന നയസമീപനങ്ങൾ കാരണം വൈദ്യുതിവില കുതിച്ചുയരുന്നതിനാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി വാങ്ങൽ ചെലവിൽ കുറവ് വരുത്തണമെങ്കിൽ ആഭ്യന്തര വൈദ്യുതോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 480.5

മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, വില കുറഞ്ഞ വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെടാനും ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഏകദേശം 3000 പേരുടെ വിരമിക്കൽ കാരണവും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതുമൂലവും ബോർഡിന്റെ സജീവ പരിഗണനയിലുള്ള ജീവനക്കാരുടെ പുനർവിന്യാസ നടപടികളിലൂടെയും വരുംവർഷങ്ങളിൽ ചെലവുചുരുക്കാനാകും. കൂടാതെ, പുതിയ നിയമനങ്ങൾ എൻ.പി.എസ്. പെൻഷൻ പരിധിയിൽ വരുന്നതിനാൽ എംപ്ലോയീസ് കോസ്റ്റ് ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പോലുള്ള വിവിധ കേന്ദ്രപദ്ധതികൾ നടപ്പാക്കുന്നതുമൂലം വിതരണ-പ്രസരണനഷ്ടം കുറച്ചും മികച്ച സാമ്പത്തിക മാനേജ്മെന്റുമൂലവും ജീവനക്കാരുടെ മികവ് വർദ്ധിപ്പിച്ചും മികച്ച ഡാം മാനേജ്മെന്റിലൂടെയും വരുംവർഷങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവ് ഗണ്യമായി കുറയ്ക്കാമെന്നാണ് കരുതുന്നത്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ കക്കയം ഹൈഡൽ ടൂറിസം വലിയ വികസന സാധ്യതയുള്ള പദ്ധതിയാണ്,

അതിന്റെ തുടർ വികസനത്തിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ? (...ബഹളം...)

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രസ്തുത സ്ഥലത്തെ ടൂറിസ്റ്റുകളുടെ ക്യാരീയിംഗ് കപ്പാസിറ്റി തിട്ടപ്പെടുത്തി അതനുസരിച്ചുള്ള സാദ്ധ്യതകൾ വിലയിരുത്തി പദ്ധതികൾക്ക് രൂപകല്പന ചെയ്യുന്നതാണ്.

ശ്രീ. ഡി. കെ. മുരളിക്കുവേണ്ടി (ശ്രീ. എ. പ്രഭാകരൻ): സർ, സംസ്ഥാനം അഭിമുഖീകരിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വേനൽ കടുത്തതോടുകൂടി ഡാമുകളിലെ വെള്ളം കുറഞ്ഞുവരികയാണ്. ഇത്തരമൊരു സാഹചര്യത്തിൽ പവർകട്ട് ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? (...ബഹളം...)

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സംസ്ഥാനത്ത് വേനൽ കടുത്തതോടെ വൈദ്യുതി ഉപയോഗം കുതിച്ചുയരുകയാണ്. നിലവിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗം 2022 ഏപ്രിൽ 28-ാം തീയതി രേഖപ്പെടുത്തിയ 92.88 ദശലക്ഷം യൂണിറ്റായിരുന്നു. ഈ സീസണിലെ ഏറ്റവും ഉയർന്ന വൈദ്യുതി ഉപയോഗം മാർച്ച് 14-ന് രേഖപ്പെടുത്തിയ 91.96 ദശലക്ഷം യൂണിറ്റാണ്. നിലവിൽ ഏറ്റവും കൂടുതൽ വൈദ്യുതി ആവശ്യകത 2023

മാർച്ച് 14-ന് രേഖപ്പെടുത്തിയ 4494 മെഗാവാട്ട് ആണ്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ വൈദ്യുതി ആവശ്യകത യഥാക്രമം 4750 മെഗാവാട്ട്, 4700 മെഗാവാട്ട്, 4600 മെഗാവാട്ട് എന്നിങ്ങനെ ആയിരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടുള്ള ആസൂത്രണമാണ് നടത്തിയിട്ടുള്ളത്. ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉല്പാദനം ക്രമീകരിക്കുന്നതിന് വലിയ അണക്കെട്ടുകളിൽ ജൂൺ 1-നശേഷം ഏകദേശം 20 ദിവസത്തേയ്ക്കുള്ള ഉല്പാദനം നടത്താൻ പര്യാപ്തമായ കരുതൽ ശേഖരം കണക്കിലെടുത്തുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിനും വേനൽക്കാലത്തെ അധിക ഊർജ്ജ ആവശ്യം മുന്നിൽ കണ്ടും കേന്ദ്ര ഗവൺമെന്റിന്റെ pilot scheme II പ്രകാരം പ്രതിവർഷം 6 മാസത്തേയ്ക്ക് (January to June), 2022 മുതൽ പവർ ട്രേഡിംഗ് കോർപ്പറേഷനുമായി 270 മെഗാവാട്ടിന്റെ 3 വർഷത്തെ മധ്യകാല കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ, 2023 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലേയ്ക്ക് ഹ്രസ്വകാല കരാറിലും ബാങ്കിംഗ് കരാറിലും KSEBL ഏർപ്പെട്ടിട്ടുണ്ട്. 2023 മാർച്ച് മാസത്തേയ്ക്ക് ബാങ്കിംഗ്/ഹ്രസ്വകാല കരാർ വഴി മുഴുവൻ സമയ ലഭ്യതയിൽ 350 മെഗാവാട്ടും പീക്ക് സമയത്തേയ്ക്ക് അധികമായി 150 മെഗാവാട്ടും കരാർ വച്ചിട്ടുണ്ട്. 2023 ഏപ്രിൽ

മാസത്തേയ്ക്ക് ബാങ്കിംഗ്/ഹ്രസ്വകാല കരാർ വഴി 300 മെഗാവാട്ടിനും മുഴുവൻ സമയ ലഭ്യതയിൽ കരാർ വയ്ക്കുകയും മേയ് 20 വരെ 100 മെഗാവാട്ടും മേയ് 21 മുതൽ 31 വരെ 200 മെഗാവാട്ടും വൈദ്യുതിക്ക് ഹ്രസ്വകാല ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആഭ്യന്തര വൈദ്യുതോല്പാദനം ക്രമീകരിച്ചുകൊണ്ടും കേന്ദ്ര വൈദ്യുതി വിഹിതം, ഹ്രസ്വകാല -ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ, പവർ ബാങ്കിംഗ് സംവിധാനം എന്നീ മാർഗ്ഗങ്ങളിലൂടെ വേനൽക്കാലത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗവും അധിക ഊർജ്ജ ആവശ്യകതയും നിറവേറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ, വൈകുന്നേരങ്ങളിൽ വൈദ്യുതി ഉപയോഗത്തിൽ സ്വയം നിയന്ത്രണം പാലിക്കണമെന്നും വൈദ്യുതിയുടെ ദുരുപയോഗം ഒഴിവാക്കണമെന്നും എല്ലാവരോടും അഭ്യർത്ഥിക്കുന്നു. (...ബഹളം...)

<u>ശ്രീ. ആന്റണി ജോൺ</u>: സർ, പൊതുമേഖലാ കമ്പനിയുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കുന്ന കേന്ദ്ര ബിൽ കെ.എസ് .ഇ.ബി.എൽ.-നെ ഏത് രീതിയിൽ ദോഷകരമായി ബാധിക്കുമെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രസ്തുത ചോദ്യത്തിന്റെ ഉത്തരം പ്രധാന ഉത്തരത്തിൽ ടേബിൾ ചെയ്തിട്ടുണ്ട്.

ശ്രീ. എ. രാജ: സർ, കേന്ദ്ര സർക്കാർ ഇന്ധനവില നിർണ്ണയാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയതിന് സമാനമായ നടപടിയാണ് വൈദ്യുതി ചട്ടത്തിന്റെ ഭേദഗതിയിലൂടെ ലക്ഷ്യമിടുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ചോദ്യം സംബന്ധിച്ച വിശദമായ മറുപടി പ്രധാന ഉത്തരത്തിലൂടെ ടേബിൾ ചെയ്തിട്ടുണ്ട്. ഇനി പറയേണ്ട ആവശ്യമില്ലല്ലോ. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷം സഹകരിക്കണം. ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ചെയറുമായി സഹകരിക്കാതെ സഭാനടപടികൾ തടസ്സപ്പെടുത്തുന്ന സമീപനം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളിൽ നിന്നുമുണ്ടാകുന്നത് നിരാശാജനകമാണ്. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ തുടർ നടപടികളിലേയ്ക്ക് കടക്കുകയാണ്.

ഓർഡർ...ഓർഡർ.... ഇന്നത്തെ ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗം റദ്ദ് ചെയ്തുകൊണ്ട് കാര്യവിവരപ്പട്ടികയിലെ മറ്റിനങ്ങളിലേയ്ക്ക് കടക്കുന്നു. ഇന്നത്തേയ്ക്ക് ഷെഡ്യൂൾ ചെയ്തിരിക്കുന്ന ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ചോദ്യോത്തര വേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവയുടെ മറുപടികൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.+)

{രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.+}

## II. റിപ്പോർട്ടുകളുടെ സമർപ്പണം

### 1) 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി

+ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. സി. മൊയ്തീൻ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അംഗമായ ഞാൻ താഴെപ്പറയുന്ന ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(i) 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ii) 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

## 2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഏഴ് മുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ഇ. കെ. വിജയൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴ് മുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

ഓർഡർ...ഓർഡർ... സഭാനടപടികൾ സുഗമമായി നടത്താൻ കഴിയാത്ത സാഹചര്യത്തിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദാക്കുകയാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്തു.)

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും 2023 മാർച്ച് 20-ാം

തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.10-ന് പിരിഞ്ഞു.)

**അനുബന്ധം-I**

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ ഒഴിവാക്കാൻ നടപടി

2(*482) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടുകയെന്ന കേന്ദ്ര സർക്കാർ നടപടികളുടെ തുടർച്ചയായി ഏലൂരിലെ ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനം അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേന്ദ്ര സർക്കാരിന്റെ കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ് [HIL (India) Ltd] എന്ന സ്ഥാപനത്തിന് മൂന്ന് യൂണിറ്റുകളാണ് നിലവിലുള്ളത്.

1) ഉദ്യോഗ മണ്ഡൽ യൂണിറ്റ്, കൊച്ചി, കേരള

2) രാസായനി യൂണിറ്റ്, മഹാരാഷ്ട്ര

3) ബാതിണ്ട യൂണിറ്റ്, പഞ്ചാബ്.

അതിൽ ഉദ്യോഗമണ്ഡൽ കൊച്ചി യൂണിറ്റും ബാതിണ്ട യൂണിറ്റും അടച്ചുപൂട്ടാൻ തീരുമാനിച്ചതായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിനുകീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെന്റ് (DIPAM) വകുപ്പിന്റെ 10-03-2023-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന താല്പര്യം പരിഗണിച്ച് കീടനാശിനി നിർമ്മാണവും വളം നിർമ്മാണവും നടത്തിവന്നിരുന്ന പ്രസ്തുത സ്ഥാപനം നിലനിർത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പ്രതികരണം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തെ രാജ്യത്തെ പ്രമുഖ വളം നിർമ്മാണ ഫാക്ടറിയായ ഫാക്ടിൽ ലയിപ്പിക്കുന്നത് പരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഈ വിഷയത്തിൽ അടിയന്തര ശ്രദ്ധ നൽകി തുടർനടപടികൾ കൈക്കൊള്ളുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പാലക്കാട് സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയ

മുന്നൂറ്റി എഴുപത്തി നാല് ഏക്കർ ഭൂമിയിൽ നിലനിൽക്കുന്ന അൻപതിനായിരം കോടി രൂപയുടെ ആസ്തി കണക്കാക്കിയിട്ടുള്ള ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് ആയിരത്തി എണ്ണൂറ് കോടി രൂപയ്ക്ക് വിൽക്കാൻ കേന്ദ്ര സർക്കാർ ശ്രമം നടത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ വികസന താല്പര്യം പരിഗണിച്ച് പൊതുമേഖലയിൽ നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ) എന്ന സ്ഥാപനത്തെ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച അവസരത്തിൽ പാലക്കാട് കഞ്ചിക്കോട് പ്രവർത്തിക്കുന്ന ബി.ഇ.എം.എൽ.-ന്റെ യൂണിറ്റിന് സംസ്ഥാന സർക്കാർ നൽകിയിരുന്ന 374.16 ഏക്കറിൽ ഉപയോഗിക്കാതെ കിടന്നിരുന്ന 226.21 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ഈ ഭൂമി പൊതുവായ വ്യവസായ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

തന്ത്രപ്രധാന മേഖലയിൽ പ്രവർത്തിക്കുന്ന ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും സ്വകാര്യവത്കരിക്കുകയും നഷ്ടത്തിൽ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്ര നയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽ നിലനിർത്തുക എന്ന വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനേയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളേയും ദോഷകരമായി ബാധിക്കുന്നതാണ്. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽനിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കും വൈദഗ്ധ്യമുള്ള മേഖലകളിലെ തൊഴിൽ ലഭ്യതയുടെ വർദ്ധനവിനും വിലങ്ങുതടിയാകും. കൂടാതെ സംസ്ഥാനത്തുള്ള പൊതുആസ്തികൾ അന്യാധീനപ്പെടുന്നതിനും ഇടയാക്കും. കേരള സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻസ്

ലിമിറ്റഡ്- കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്-വെള്ളൂർ എന്നിവ ഏറ്റെടുത്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

ഭാരത് പ്രെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ)-ന്റെ ഓഹരി വിറ്റഴിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-10-2019, 18-3-2020 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തുകൾ അയച്ചിരുന്നു. കൂടാതെ, ദേശീയ താൽപ്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് ബി.പി.സി.എൽ.-ന്റെ ഓഹരി വിറ്റഴിക്കാനുള്ള നീക്കത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്നും കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തണമെന്നും 19-11-2019-ന് സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാർ വിറ്റൊഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്, ലൈഫ് കെയർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളിൽ പങ്കെടുക്കാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള

സർക്കാർ KSIDC-യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

തുടർന്ന് KSIDC, കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട EOI സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ. (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രക്രിയയുടെ അടുത്തഘട്ടത്തിലേയ്ക്ക് കേന്ദ്ര സർക്കാർ ടി EOI ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല. M/s ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് നൽകിയത് സംസ്ഥാന സർക്കാർ ആയിരിക്കെ പ്രസ്തുത സ്ഥാപനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന് താൽപ്പര്യമില്ലെങ്കിൽ, ഏറ്റെടുത്ത് നടത്തുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെന്നും ലേലനടപടികളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാരിന് അനുമതി നൽകണമെന്നുമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 11-03-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്ത് അയയ്ക്കുകയും തുടർന്ന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി 25-07-2022-ന് ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ മുൻനിലപാടിലധിഷ്ഠിതമായ മറുപടി ലഭ്യമാക്കുകയുമുണ്ടായി. എന്നാൽ DIPAM (ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് ആന്റ് പബ്ലിക് അസറ്റ് മാനേജ്മെന്റ്) ഇക്കാര്യത്തിലേയ്ക്കായി ക്ഷണിച്ചിട്ടുള്ള ആഗോള താത്പര്യപത്രത്തിലേയും പ്രിലിമിനറി

ഇൻഫർമേഷൻ മെമ്മോറാണ്ടം (PIM)-ത്തിലേയും വ്യവസ്ഥകളും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുൻവിധികളും മറ്റ് നിയമവശങ്ങളും ഉൾപ്പെടുത്തി HLL Life care Limited സംസ്ഥാന സർക്കാരിന് കൈമാറുന്നതിനോ അല്ലെങ്കിൽ സംസ്ഥാനസർക്കാരിനെ ലേലനടപടികളിൽ പങ്കെടുപ്പിക്കുന്നതിനോ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 24-11-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമഗ്രമായ കത്തയച്ചെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.

**എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. അനുപാതം**

3(*483) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. അനുപാതം 2:3 ആയിരിക്കണമെന്ന് സർക്കാരിന്റെതന്നെ ഗവേഷണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സസ് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗിഫ്റ്റിന്റെ പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ

സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. അനുപാതം 2:3 ആയിരിക്കണമെന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ കണ്ടെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംയോജിത ചരക്കുസേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം ചരക്കുകളുടെയോ, സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു.

എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. വിഹിതം 2:3 എന്ന അനുപാതത്തിലാണ് ആയിരിക്കേണ്ടതെന്ന് ടി നിയമം നിഷ്കർഷിക്കുന്നില്ല.

ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് ഒരു സംസ്ഥാന സർക്കാരിന്റെയും നിയന്ത്രണത്തിലുള്ള സംവിധാനമല്ല. ആയത്

നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പാക്കിയിരിക്കുന്നത്. നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും നികുതി വരുമാനം ലഭിക്കുന്നുമുണ്ട്.

(സി) നാളിതുവരെ അൻപതിനായിരത്തിലേറെ കോടി രൂപ എസ്.ജി.എസ്.ടി. ലഭിച്ച സംസ്ഥാനത്തിന് എഴുപത്തി അയ്യായിരം കോടി രൂപ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിക്കേണ്ടതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംയോജിത ചരക്കുസേവന നികുതി നിയമം - 2017 പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ്

സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് മുമ്പ് അടച്ച നികുതിയുടെ ക്രെഡിറ്റ് എടുത്ത് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ സപ്ലൈയറുടെ സംസ്ഥാനത്തുനിന്നും ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തേയ്ക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്.

സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2023 ഫെബ്രുവരിവരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം അനുബന്ധമായി+ ചേർക്കുന്നു.

**ജി.എസ്.ടി. സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി**

4(*484) ശ്രീ. എം. നൗഷാദ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് സ്വർണ്ണ വ്യാപാര മേഖലയിൽനിന്നും സമാഹരിക്കുന്ന ജി.എസ്.ടി. എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജി.എസ്.ടി. സമ്പ്രദായത്തിന്റെ തുടക്കത്തിൽ വിഭാവനം ചെയ്ത റിട്ടേൺ സമ്പ്രദായം പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതുകാരണം ചരക്കുകളുടെ ഇനംതിരിച്ചുള്ള കൃത്യമായ നികുതിയടവ് സംബന്ധിച്ച വിവരങ്ങൾ നിലവിൽ ലഭ്യമാകാത്ത സ്ഥിതിയാണ്. സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനം ആയിരുന്നു നികുതി നിരക്ക്. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3 ശതമാനമായിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ.

(ബി) ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് ഈ മേഖലയിൽനിന്നും സമാഹരിക്കാൻ സാധിച്ചിരുന്ന നികുതി എത്രയായിരുന്നെന്ന് വിശദമാക്കുമോ?

ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് ഈ മേഖലയിൽനിന്നും സമാഹരിക്കാൻ സാധിച്ചിരുന്ന വാറ്റ് നികുതി 2016-17 സാമ്പത്തിക വർഷത്തിൽ 629.65 കോടി രൂപയാണ്.

(സി) ജി.എസ്.ടി. സംവിധാനത്തിലെ പോരായ്മകളും അപ്പീൽ തീർപ്പാക്കുന്നതിനായി ഫെഡറൽ സംവിധാനത്തിന് യോജിച്ച നിലയിൽ ട്രൈബ്യൂണലുകൾ രൂപീകരിക്കുന്നതിൽ നേരിടുന്ന പ്രതിസന്ധികളും ഈ മേഖലയിൽനിന്നും വരുമാനനഷ്ടമുണ്ടാകുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ?

ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി.-യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. സംവിധാനത്തിലെ പോരായ്മകൾ പ്രതീക്ഷിച്ച തോതിൽ നികുതി വരുമാനം വർദ്ധിക്കാത്തതിന് ഒരു കാരണമായിട്ടുണ്ട്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ നിയമത്തിലുണ്ടായിരുന്ന നാഷണൽ ബെഞ്ച്, സ്റ്റേറ്റ് ബെഞ്ച് എന്ന ആശയം ഒഴിവാക്കി ഒരു പ്രിൻസിപ്പൽ ബെഞ്ചും ജനസംഖ്യാടിസ്ഥാനത്തിൽ അഡീഷണൽ ബെഞ്ചുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള അപ്പലേറ്റ് ട്രിബ്യൂണൽ എന്ന ഭേദഗതിയാണ് 18-02-2023-ൽ നടന്ന 49-ാമത് ജി.എസ്.ടി.

കൗൺസിലിലെ അജണ്ടയിൽ അവതരിപ്പിക്കപ്പെട്ടത്. കേരളം ഈ നീക്കത്തെ ശക്തമായി എതിർക്കുകയും മറ്റ് പല സംസ്ഥാനങ്ങളും ഇതേ നിലപാട് പിന്തുടരുകയും ചെയ്തതിന്റെ ഫലമായി ഇതിൽ മാറ്റങ്ങൾ വരുത്തുകയും 'സ്റ്റേറ്റ് ബെഞ്ച്'' എന്ന ആശയത്തിലേയ്ക്ക് തിരികെ പോകുകയും ചെയ്തു. അവതരിപ്പിച്ച ഭേദഗതിയിൽനിന്നും വ്യത്യസ്തമായി സ്റ്റേറ്റ് ബെഞ്ചിലേയ്ക്കുള്ള "ടെക്നിക്കൽ മെമ്പർ (സ്റ്റേറ്റ്)'' -നെ തെരഞ്ഞെടുക്കാനുള്ള പാനൽ നിർദ്ദേശിക്കാനുള്ള അവകാശം സംസ്ഥാനത്തിലെ ഉന്നത ഉദ്യോഗസ്ഥർകൂടി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാക്കുന്ന തരത്തിൽ മാറ്റം വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നിരുന്നാലും സ്റ്റേറ്റ് ബെഞ്ചുകൾ സ്ഥാപിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം സംസ്ഥാനങ്ങൾക്ക് നിക്ഷിപ്തമാകണം, Place of supply- യുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന പ്രിൻസിപ്പൽ ബെഞ്ചിന് മേഖലാടിസ്ഥാനത്തിൽ ബ്രാഞ്ചുകൾ ഉണ്ടാകണം തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടിട്ടില്ല.

(ഡി) സ്വർണ്ണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേ ബിൽ ബാധകമാക്കുന്നതിലൂടെ ഒരളവുവരെ വരുമാനനഷ്ടം തടയാൻ സാധിക്കുമോ; ഇ-വേ ബിൽ നടപ്പാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ

പരിഗണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്വർണ്ണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേ ബിൽ ബാധകമാക്കുന്നതിലൂടെ സ്വർണ്ണ വെട്ടിപ്പ് തടയാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്വർണ്ണം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ലോഹങ്ങളുടെ ചരക്കുനീക്കങ്ങൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ജി.എസ്.ടി. ചട്ടഭേദഗതിയുടെ കരട്, ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിലാണ്.

## സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി

5(*485) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനായി സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വകുപ്പിന്റെ, സംരംഭകവർഷം പദ്ധതിയുടെ ഭാഗമായ ഒരു ലക്ഷം

സംരംഭങ്ങൾ പദ്ധതിയിൽ 43,000-ലധികം വനിതകളാണ് പുതിയതായി സംരംഭങ്ങൾ ആരംഭിച്ചത്. ഇത് ആകെ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണത്തിന്റെ 32% വരുന്നുണ്ട്. ഈ കണക്ക് സൂചിപ്പിക്കുന്നത് സംരംഭക രംഗത്ത് കൂടുതൽ വനിതകൾ കടന്നുവരുന്നുണ്ടെന്നുള്ളതാണ്. സ്ത്രീ സംരംഭകരെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. കൂടാതെ പുതിയ പദ്ധതികളും പരിഗണനയിലുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി പരിശീലന പരിപാടികൾ, ധനസഹായ പരിപാടികൾ, പ്രദർശന വിപണന മേളകൾ, അടിസ്ഥാന സൗകര്യ വികസനം മുതലായ സഹായങ്ങൾ വകുപ്പ് മുഖാന്തരം നൽകിവരുന്നുണ്ട്. ഈ പദ്ധതികളിലെല്ലാം വനിതാ സംരംഭകർക്ക് മുൻഗണന നൽകിവരുന്നു. വ്യവസായ വകുപ്പ് സംരംഭകർക്ക് നൽകുന്ന അവാർഡുകളിലും സ്ത്രീ സംരംഭകർക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രത്യേകം അവാർഡ് നൽകുന്നത് പരിഗണനയിലാണ്. കൂടാതെ, താഴെപ്പറയുന്ന പദ്ധതികളിൽ സ്ത്രീ സംരംഭകർക്ക് പ്രത്യേക പരിഗണന നൽകി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

**സംരംഭക സഹായ പദ്ധതി (ESS)**

ഈ പദ്ധതിപ്രകാരം സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25%, പരമാവധി 40 ലക്ഷം രൂപവരെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വനിതാ സംരംഭകർക്ക് നൽകുന്നു.

**ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി**

ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന വനിതാ സംരംഭകർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിലുൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

**നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി**

പദ്ധതിപ്രകാരം സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സ്ഥിരനിക്ഷേപ വായ്പ എടുത്ത ജനറൽ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് വാർഷിക പലിശയിൽ 6% പലിശയിളവ്

സബ്സിഡിയായി നൽകുന്നു. എന്നാൽ വനിതാ സംരംഭകർക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

**ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**

ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. ബാങ്കിൽ നിന്നുമെടുക്കുന്ന 10 ലക്ഷം രൂപവരെയുള്ള സംരംഭക വായ്പയ്ക്ക് പലിശയിളവ് ധനസഹായം സർക്കാർ നൽകുന്നു.

**കെ.എസ്.ഐ.ഡി.സി. വായ്പാ സഹായ പദ്ധതി**

നിലവിലുള്ള സംരംഭത്തിന്റെ വിപുലീകരണം, ആധുനികവത്കരണം, സർട്ടിഫിക്കേഷൻ, അക്രഡിറ്റേഷൻ, അനുബന്ധ വൈവിധ്യവത്കരണം മുതലായവയ്ക്ക് പദ്ധതിച്ചെലവിന്റെ 80 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ നൽകുന്നു.

അടുത്ത സാമ്പത്തിക വർഷം മുതൽ ഇത് 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

(ബി) സ്ത്രീകൾക്ക് സംരംഭകത്വത്തിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സമ്പദ് വ്യവസ്ഥയ്ക്ക് മികച്ച സംഭാവനകൾ നൽകാൻ കഴിയുമെന്ന്

വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ സ്ത്രീ സംരംഭകർ ഉൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർ സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് സംരംഭ മേഖലയിൽ ഉൽപ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുകൂല അന്തരീക്ഷങ്ങൾ ഒരുക്കി നൽകിയും നിലവിൽ സംരംഭങ്ങൾ നടത്തുന്നവർക്ക് അത് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചും അതുവഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2022-23

സാമ്പത്തിക വർഷം സർക്കാർ നടപ്പാക്കിവരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുകയെന്നതാണ് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന ഈ പദ്ധതിവഴി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 2023 മാർച്ച് 10 വരെയുള്ള കണക്കുപ്രകാരം 135290 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 290085 പുതിയ തൊഴിലവസരങ്ങളും 8068.93 കോടി രൂപയുടെ നിക്ഷേപവും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിവഴി ആരംഭിച്ച സംരംഭങ്ങളിൽ 32% സംരംഭങ്ങളും വനിതാ സംരംഭങ്ങളാണ്.

(സി) ഇന്റർനെറ്റ് ഉപയോഗിച്ച് ബിസിനസ്സ് കെട്ടിപ്പടുക്കുന്നതിനായുള്ള സ്ത്രീകളുടെ കഴിവും സംരംഭകത്വ മികവും അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ആശയങ്ങൾ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇന്റർനെറ്റ് ഉപയോഗിച്ച് ബിസിനസ് കെട്ടിപ്പടുക്കുന്നതിന്, സ്ത്രീകൾ ഉൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ കഴിവുകൾ

പ്രയോജനപ്പെടുത്തുന്നതിനും അതുവഴി അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി Open Network for Digital Commerce (ONDC)-മായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലായ GeM പോർട്ടലിൽ സംരംഭകരുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ രജിസ്ട്രേഷൻ നടത്തുന്നതുവഴി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും വിപണനം നടത്താൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിവരുന്നുണ്ട്. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ബാങ്ക് ലോണെടുത്ത് ആരംഭിക്കുന്ന ഇന്റർനെറ്റ് അധിഷ്ഠിത

സംരംഭങ്ങൾക്ക് നിലവിലുള്ള "ഒരു കുടുംബം ഒരു സംരംഭം" പദ്ധതിപ്രകാരമുള്ള പലിശ സബ്സിഡി ആനുകൂല്യത്തിന് അർഹതയുണ്ട്. ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. ഉല്പാദന-സേവന-വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷംവരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതിവഴി പലിശയിളവ് നൽകുന്നു. പദ്ധതിപ്രകാരം സ്ഥിര മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 01-04-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്.

**കെ.എസ്.ഐ.ഡി.സി. സ്റ്റാർട്ടപ്പ് സഹായ പദ്ധതി**

വ്യാപാര യോഗ്യമായ നൂതന സംരംഭങ്ങൾക്ക് മൂലധനത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ പ്രാഥമിക മൂലധന സഹായമായി നൽകുന്നു.

**കെ.എസ്.ഐ.ഡി.സി. സ്കെയിലപ്പ് സപ്പോർട്ട് പദ്ധതി**

ഉല്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും

വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

(ഡി) സമ്പദ്‌വ്യവസ്ഥയിൽ സ്ത്രീകളുടെ പങ്ക് ശക്തിപ്പെടുത്തുന്നതിന് സ്ത്രീ സംരംഭകർക്കായി ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിപ്രകാരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ പത്ത് ശതമാനം അധിക ധനസഹായമായി നൽകുന്നുണ്ടോ; വിശദമാക്കാമോ?

സ്ത്രീ സംരംഭകർക്ക് മാത്രമായി ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ, വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നൽകിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട്

ചെലവ് 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. ജനറൽ വിഭാഗത്തിന് മാർജിൻമണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എന്നാൽ വനിതാ സംരംഭകർക്ക് മാർജിൻമണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

## സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം

6(*486) ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ ഡേറ്റാ ബേസിനുപുറമെ പഞ്ചായത്ത്-ഗ്രാമ

തലങ്ങളിലെ സഹകരണ സംഘങ്ങളുടെ രാജ്യവ്യാപക മാപ്പിംഗ് കേന്ദ്ര സർക്കാർ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കേന്ദ്ര സഹകരണ മന്ത്രാലയത്തിനുകീഴിൽ രാജ്യത്തെ എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവരശേഖരണത്തിനായി National Co-operative Database വികസിപ്പിക്കുകയും ഡാറ്റാ കളക്ഷനായി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ/ വെബ് ഫോം തയ്യാറാക്കുകയും Phase I Data collection-ലൂടെ എല്ലാ സംസ്ഥാനങ്ങളിലും/കേന്ദ്രഭരണ പ്രദേശങ്ങളിലും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ, മത്സ്യ സഹകരണ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങളും ഫംഗ്ഷണൽ സ്റ്റാറ്റസും മാപ്പിംഗുമായി ബന്ധപ്പെട്ട വിവരങ്ങളും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ സംഘത്തിന്റെ പേര്, രജിസ്ട്രേഷൻ നമ്പർ, രജിസ്റ്റർ ചെയ്ത തീയതി, രജിസ്ട്രേഷൻ അധികാരി, സംഘം സെക്രട്ടറി/ President-ന്റെ പേര്, തസ്തിക, ഫോൺ നമ്പർ, ഇ-മെയിൽ ID മുതലായ അടിസ്ഥാന വിവരങ്ങളും സംഘത്തിന്റെ മാപ്പിംഗുമായി ബന്ധപ്പെട്ട ലൊക്കേഷൻ വിവരങ്ങളിൽ സംസ്ഥാനം, ജില്ല, റൂറൽ/അർബൻ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, വില്ലേജ്,

പ്രവർത്തനപരിധി മുതലായവയും ഫംഗ്ഷണൽ സ്റ്റാറ്റസുമായി ബന്ധപ്പെട്ട വിവരങ്ങളും നാഷണൽ ഡാറ്റാ ബേസിലൂടെ കേന്ദ്ര സഹകരണ മന്ത്രാലയം ശേഖരിച്ചിട്ടുണ്ട്.

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൻകീഴിൽ വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വിവരങ്ങൾ സഹകരണസംഘം രജിസ്ട്രാർ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങൾക്കായി മാതൃകാ ബൈലോകൾ കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; അതുപ്രകാരം സഹകരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന ബിസിനസ്സ് പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങൾക്കായി കേന്ദ്ര സർക്കാർ മാതൃകാ ബൈലോ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോയിൽ അടിസ്ഥാന സൗകര്യ വികസനം, കമ്യൂണിറ്റി സെന്റർ, ഹോസ്പിറ്റൽ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഭക്ഷ്യധാന്യ സംഭരണം, ന്യായവില ഷോപ്പുകൾ, വിവിധ സർക്കാർ പദ്ധതികൾ, എൽ.പി.ജി./പെട്രോൾ/ഡീസൽ എന്നിവയുടെ ഡീലർഷിപ്പ്/ഏജൻസി മുഖേനയുള്ള വിൽപ്പന, ഗ്രീൻ എനർജി/ഫാം, വീട്ടുപകരണങ്ങൾ, ഫാം മെഷിനറീസ്, നൈപുണ്യ വികസനത്തിനായി

അംഗങ്ങൾക്ക് പരിശീലനം തുടങ്ങിയ സേവനങ്ങൾ അല്ലെങ്കിൽ ബിസിനസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) കേരളം പോലുള്ള സംസ്ഥാനങ്ങളിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സ്വതന്ത്ര സഹകരണ ബാങ്കുകളായി പ്രവർത്തിക്കുന്നത് തടസ്സപ്പെടാൻ കേന്ദ്ര സർക്കാരിന്റെ പുതിയ നിയന്ത്രണം ഇടയാക്കുമോ; വിശദമാക്കാമോ?

1949-ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരമുള്ള വ്യവസ്ഥകൾപ്രകാരം bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കാൻ RBI ലൈസൻസില്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

RBI ലൈസൻസോടെ പ്രവർത്തിക്കുന്ന KSCB, അർബൻ സഹകരണ ബാങ്കുകൾ എന്നിവ കൂടാതെ സംസ്ഥാനത്ത് നിലവിൽ സർവ്വീസ് സഹകരണ ബാങ്കുകൾ എന്ന പേരിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പാ സഹകരണ

സംഘങ്ങൾ എന്നിവ അവയുടെ പേരിൽ ബാങ്ക് എന്ന പദം ഉപയോഗിച്ചുവരുന്നുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള ' ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ചെക്ക് ഉൾപ്പെടെയുള്ള സംവിധാനം നൽകുന്നുണ്ടെങ്കിൽ ആയത് നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പേരിന്റെ ഭാഗമായി ബിസിനസ്സിന്റെ ഭാഗമായോ bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കരുതെന്ന് ചൂണ്ടിക്കാട്ടിയും Non-members, Nominal members/Associate members എന്നിവരിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്ന് നിഷ്കർഷിച്ചും RBI കത്ത് നൽകിയിട്ടുണ്ട്.

കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. അതിനാൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ നിയന്ത്രിക്കുന്നതിനായി യാതൊരു സംവിധാനങ്ങളും നിലവിലില്ല. പ്രസ്തുത സംഘങ്ങൾ ഒരു മാനദണ്ഡവുമില്ലാതെ നിക്ഷേപം സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു.

താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമം പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളത്.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഇലക്ഷൻ നടത്തുന്നതിന് ഒരു കോ-ഓപ്പറേറ്റീവ് ഇലക്ഷൻ അതോറിറ്റി രൂപീകരിക്കുന്നതിന് ബിൽ വിഭാവനം ചെയ്യുന്നു.
2. സൊസൈറ്റികളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതിപരിഹാര വേദി രൂപീകരിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.
3. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ രണ്ടായി പിരിക്കുന്നതിനും രണ്ട് സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.
4. നിർജ്ജീവാവസ്ഥയിലുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാൻ പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

മേൽ പരിഷ്കാരങ്ങളിലൂടെ സഹകരണരംഗത്ത് ഒരു സമാന്തരപാത വെട്ടിത്തുറക്കുന്നതിനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇത് നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും അശാസ്ത്രീയ മത്സരത്തിനും വഴിയൊരുക്കുന്നതുമാണ്.

- രാജ്യത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ്‌ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈലോ നടപ്പാക്കുന്നതിനുവേണ്ടി ഒരു ബൈലോ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾപ്രകാരം മാത്രമേ ബൈലോ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ ഇത്തരം നീക്കങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.
- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി

3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുമാണ് കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## സഹകരണ സ്ഥാപനങ്ങളിൽ ടീം ഓഡിറ്റ് സംവിധാനം

7(*487) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:

ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തതുമൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളും ഉണ്ടാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പരിഹാരനടപടികൾ നടപ്പാക്കിവരുന്നു.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടത്തുന്നതിന് അനുമതി നൽകി.

കമ്പ്യൂട്ടർവൽക്കൃത സംഘങ്ങളിൽ ഓഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്കരീതിയിൽ ഓഡിറ്റർമാർക്ക് പരിശീലനം നൽകിവരുന്നു.

ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്താനുമുള്ള പരിശീലനം നൽകിയിട്ടുണ്ട്.

ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണവകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി C-Dit മുഖേന നടപ്പാക്കിയിട്ടുള്ള Integrated Co-operative Department Management System പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം

(C.A.M.I.S.)-ത്തിലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

മേൽ നടപടികളിലൂടെ ഓഡിറ്റ് സംവിധാനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ ഓഡിറ്റ് സുതാര്യവും ശാസ്ത്രീയവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമഗ്ര നിയമ പരിഷ്കരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകരിച്ച് പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കിയ ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനം മുഴുവൻ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമാംവിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

(സി) ഓഡിറ്റിംഗിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും

നിലവിൽ ബാക്കിയായിട്ടുള്ള പരിശോധനകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. കുടിശ്ശിക ഓഡിറ്റ് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കുടിശ്ശികയുള്ള ജില്ലകളിലെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിനാവശ്യമായ റിക്കോർഡുകളും സ്റ്റേറ്റ്മെന്റുകളും സമയബന്ധിതമായി സമർപ്പിച്ച സഹകരണ സ്ഥാപനങ്ങളിൽ ആക്ഷൻപ്ലാൻ തയ്യാറാക്കി ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭങ്ങൾ

8(*488) ശ്രീ. കെ. വി.സുമേഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംസ്കരണ, വിപണന സംഘങ്ങളുടെ പ്രവർത്തനഫലമായി മൂല്യവർദ്ധനവ് വരുത്തി പ്രാദേശിക കാർഷികോല്പന്നങ്ങളുടെ കയറ്റുമതി സാധ്യമാക്കുന്നതിന് വാട്ടുകപ്പ, വെളിച്ചെണ്ണ എന്നിവയുൾപ്പെടെയുള്ള ഉല്പന്നങ്ങൾക്ക് വിദേശത്തും

രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും വിപണി കണ്ടെത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്.

സംസ്ഥാനത്തെ സഹകരണ സംസ്കരണ, വിപണന സംഘങ്ങളുടെയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും പ്രവർത്തനഫലമായി പ്രാദേശിക കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി ടി ഉത്പന്നങ്ങൾക്ക് വിദേശത്തും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും വിപണി കണ്ടെത്താനായിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘമായ എറണാകുളം ജില്ലയിലെ വാരപ്പെട്ടി സഹകരണ ബാങ്കിന്റെ ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, ടപ്പിയോക്കാ വിത്ത് മസാല, ബനാന വാക്വം ഫ്രൈ, ഡ്രൈഡ് ചക്ക എന്നിവ ബ്രിട്ടനിലേയ്ക്ക് കയറ്റുമതി ചെയ്തുവരുന്നതും ടപ്പിയോക്കാ വിത്ത് മസാല അമേരിക്ക, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളിലേയ്ക്കും വെളിച്ചെണ്ണയും ടപ്പിയോക്കാ വിത്ത് മസാലയും ഡൽഹിയിലേയ്ക്ക് എത്തിച്ചും വിപണനം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

സഹകരണ-സംസ്കരണ-വിപണന സംഘമായ നോർത്ത് മലബാർ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി

ഉത്പാദിപ്പിക്കുന്ന കൊപോൾ ബ്രാൻഡിൽ വിപണനം നടത്തുന്ന വെളിച്ചെണ്ണ വിദേശത്തേയ്ക്കും രാജ്യത്ത് 18 സംസ്ഥാനങ്ങളിലും വിതരണം ചെയ്യുന്നുണ്ട്.

(ബി) കൂടുതൽ ഉല്പന്നങ്ങളുടെ സംസ്കരണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭങ്ങളും സ്റ്റാർട്ടപ്പുകളും ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കൽ, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി. ടി പദ്ധതിയിൽ 7 ഉപഘടകങ്ങൾ ഉൾപ്പെടുന്നു. ടി പദ്ധതിയിലെ ഉപഘടകങ്ങളിലൊന്നാണ് " മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും" . സഹകരണ മേഖലയിലെ മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയുൾപ്പെടെ കൃഷിയുടെയും കാർഷിക അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനയ്ക്കായി ഓരോ ജില്ലയിലും സഹകരണ സംഘങ്ങളുടെ (സഹകരണ സംരംഭകത്വം)/സ്റ്റാർട്ടപ്പുകളുടെ മൂല്യവർദ്ധിത ക്ലസ്റ്ററുകൾ

വികസിപ്പിക്കുക/സജ്ജീകരിക്കുക എന്നതാണ് ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) അംഗീകൃത കാർഷിക കൂട്ടായ്മകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും ഉൽപ്പന്നങ്ങൾ സംസ്കരിച്ചോ അല്ലാതെയോ ഉള്ള വിപണനത്തിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ഔട്ട്ലെറ്റുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

കാർഷിക വകുപ്പിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാന വില നിശ്ചയിച്ചിട്ടുള്ള പച്ചക്കറികളുടെ വിപണി വില അടിസ്ഥാന വിലയേക്കാൾ കുറയുന്ന സാഹചര്യത്തിൽ ടി പച്ചക്കറികൾ കർഷകരിൽനിന്നും അടിസ്ഥാന വിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് കാർഷിക വകുപ്പ് രൂപം നൽകിയിട്ടുള്ള പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന കോ-ഓപ്മാർട്ട് വെജ്ഫ്രഷ് എന്ന പേരിൽ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

## സ്വകാര്യ, സഹകരണ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ നടപടി

9(*489) ശ്രീ. പി. വി. ശ്രീനിജിൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എല്ലാ ജില്ലയിലും സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; ആയിരം ഏക്കറിൽ വ്യവസായം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ നൂറ് സ്വകാര്യ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ പുതുതായി എട്ട് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതാണ്.

സംസ്ഥാനത്ത് നിലവിൽ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കാണ് ഡെവലപ്പർ പെർമിറ്റ് നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

**Kannur**

M/s. VMPS Food Park & Ventures

**Malappuram**

M/s. Malabar Enterprises

**Kottayam**

1. M/s Indian Virgin Spices (P) Ltd.

2. M/s. Jacob & Richard International (P) Limited.

3. M/s. Sance Steriles (P) Limited.

**Palakkad**

M/s. Kadambur Industrial Park (for constructing Standard Design Factory)

**Pathanamthitta**

1. M/s Delta Aggregates and Sand (P) Limited.

2. M/s. Pathanamthitta Industrial Promotion (P) Limited.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്ക് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

സഹകരണ സംഘങ്ങൾക്ക് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി ലഭ്യമാണെങ്കിൽ വ്യവസായ വാണിജ്യ

ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽവഴി വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്. സഹകരണ വകുപ്പിന്റെ മുൻകയ്യോടെ എല്ലാ ജില്ലകളിലും വ്യവസായ പാർക്ക് ആരംഭിക്കാൻ സഹകരണ-വ്യവസായ മന്ത്രിതല യോഗത്തിൽ തത്വത്തിൽ ധാരണയായിട്ടുണ്ട്.

(സി) സ്വകാര്യ-സഹകരണ വ്യവസായ പാർക്കുകൾക്ക് അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്.

(ഡി) സംരംഭകർക്കാവശ്യമായ സാങ്കേതിക സൗകര്യങ്ങളൊരുക്കാൻ

ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

നമ്മുടെ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ളതും ഉപയോഗപ്രദമാക്കാതെ കിടക്കുന്നതുമായ ഭൂമി കണ്ടെത്തി അവിടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച്, ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ ആരംഭിക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ മെ. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമിയിലാണ് ഈ സംരംഭത്തിന്റെ പൈലറ്റ് പദ്ധതി നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് 28 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, ജലവിതരണം, അഗ്നിസുരക്ഷാ സംവിധാനം, ലിഫ്റ്റ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഈ ബഹുനില വ്യവസായ സമുച്ചയത്തിൽ ഒരുക്കുന്നുണ്ട്.

## ക്ഷേമപെൻഷൻ തടസ്സമില്ലാതെ വിതരണം ചെയ്യാൻ നടപടി

10(*490) <u>ശ്രീ. ജി. സ്റ്റീഫൻ</u>:
<u>ശ്രീ. എം. എം. മണി</u>:

ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ പ്രതിമാസം വിതരണം ചെയ്യുന്നതിൽ പ്രതിസന്ധിയുണ്ടാകാതിരിക്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ആറായിരം കോടി രൂപയുടെ സർക്കാർ ഗ്യാരന്റി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കേന്ദ്ര സർക്കാരിന്റെ സംസ്ഥാനവിരുദ്ധ നിലപാടുകൾ കാരണം സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ കൃത്യമായ വിതരണത്തെ തടസ്സപ്പെടുത്തുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചിരുന്നു. ക്ഷേമപെൻഷനുകൾ മാസംതോറും നൽകണമെന്ന ബോധ്യം സർക്കാരിനുണ്ടായിരുന്നെങ്കിലും സംസ്ഥാനത്തിന്റെ ധനസ്ഥിതി അതിന് അനുകൂലമായിരുന്നില്ല. ഈയൊരു സാഹചര്യത്തിലാണ് ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നത് ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ ഉടമസ്ഥതയിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് രൂപീകരിച്ചത്. കമ്പനിവഴിയുള്ള പെൻഷൻ വിതരണം സുഗമമാക്കുന്നതിനുവേണ്ടിയാണ്

കമ്പനിവഴി സമാഹരിക്കുന്ന വായ്പകൾക്ക് സർക്കാർ ഗ്യാരന്റി നൽകാൻ തീരുമാനിച്ചത്. ആയതിന്റെ ഭാഗമായി 04-03-2023-ലെ സ.ഉ.(കൈ) നം. 32/2023/ധന. പ്രകാരം കമ്പനിക്ക് ധനസമാഹരണത്തിനായി 6000 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി അനുവദിച്ചിരുന്നു.

(ബി) കടം വാങ്ങി പെൻഷൻ വിതരണം നടത്തേണ്ടതില്ലെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പരസ്യപ്രസ്താവന നടത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വായ്പയെടുത്തായാലും പാവപ്പെട്ടവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനാണ് മുൻഗണനയെന്ന് സംസ്ഥാനം വ്യക്തമാക്കിയിട്ടുണ്ടോ?

കടം വാങ്ങി ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനെതിരായുള്ള കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം അടക്കമുള്ള വിവിധ മേഖലകളിൽ സർക്കാരിന്റെ നേരിട്ടുള്ള പങ്കാളിത്തം കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ദൃശ്യമായിട്ടുള്ള പുരോഗതി കൈവരിക്കുന്നതിൽ നിർണ്ണായകമാണെന്നത് ഒരു വസ്തുതയാണ്. അതുകൊണ്ടുതന്നെ അത് തുടരുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആയതിനാൽ വിവിധ മേഖലകളിൽനിന്നും സർക്കാർ പിന്മാറി അതുവഴി റവന്യൂ ചെലവുകളിൽ ഗണ്യമായ കുറവ് വരുത്തുക സാദ്ധ്യമല്ല. റവന്യൂ കമ്മി നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ക്ഷേമപ്രവർത്തനങ്ങൾ

മുന്നോട്ടുകൊണ്ടുപോകുന്നതിന്, പ്രത്യേകിച്ച് കേന്ദ്ര വിഭവ കൈമാറ്റത്തിൽ വരും വർഷങ്ങളിലും കാര്യമായ ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി പ്രതികാരബുദ്ധിയോടുകൂടി വെട്ടിക്കുറവ് വരുത്തുന്ന കേന്ദ്ര സമീപനവും കണക്കിലെടുക്കുമ്പോൾ, വായ്പകളിലൂടെ മാത്രമേ സാധിക്കുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ടി സാഹചര്യത്തിൽ, വായ്പകളെ ആശ്രയിച്ചിട്ടാണെങ്കിലും സംസ്ഥാനത്തിന്റെ സാമൂഹ്യക്ഷേമ വികസന ആവശ്യങ്ങൾ നിറവേറ്റുക എന്ന സമീപനമാണ് സർക്കാർ കൈക്കൊണ്ടു പോരുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽനിന്ന് അനർഹരെ ഒഴിവാക്കുന്നതോടൊപ്പം അർഹരായവർ ആരും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതിക്കായുള്ള അർഹതാമാനദണ്ഡം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും വിവിധ സംഘടനകളിൽനിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽനിന്നും 2016-ൽ കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ടിൽനിന്നും കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാപ്രധാൻ ഏജന്റുമാർ മുഖേന നടത്തിയ

സർവ്വേയിലൂടെയും ഇത് ബോധ്യപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ സംബന്ധിച്ച മോട്ടോർ വാഹന വകുപ്പിന്റെ ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധിപേരെ കണ്ടെത്തുകയുണ്ടായി. 2019 ഡിസംബർ മാസംവരെയുള്ള സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ്‌വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്.

മാനദണ്ഡങ്ങൾപ്രകാരം അർഹരായവർ പ്രാദേശിക സർക്കാരിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നുണ്ട്. അർഹരായ എല്ലാവർക്കും ഒരു പെൻഷനെങ്കിലും ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജി.എസ്.ടി. നടപ്പാക്കിയതോടനുബന്ധിച്ച് സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം

11(*491) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതോടനുബന്ധിച്ച് സംസ്ഥാനത്തിനുണ്ടായ വരുമാനനഷ്ടം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനം മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യങ്ങൾ പരിഗണിക്കുന്നതിന് കേന്ദ്രം തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. കോവിഡ് പ്രതിസന്ധി മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടെയും സാമ്പത്തിക സ്ഥിതിയെ സാരമായി

ബാധിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടിനൽകണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ, കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല.

ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ജി.എസ്.ടി.-യിലെ കേന്ദ്ര സംസ്ഥാന അനുപാതം നിലവിലെ 50:50 എന്നതിനുപകരം സംസ്ഥാനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ 40:60 ആക്കി മാറ്റണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തിന്മേലും കേന്ദ്ര സർക്കാരോ ജി.എസ്.ടി. കൗൺസിലോ ഇതുവരെ നടപടികളൊന്നും സ്വീകരിച്ചതായി കാണപ്പെടുന്നില്ല.

ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി.-യുടെ തുടക്കംമുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി.

കൗൺസിലിനോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യത്തെത്തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ മാറ്റങ്ങൾ വരുത്തുകയും റിട്ടേണിലേയ്ക്കുള്ള കൂടുതൽ വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ട്.

ഇതുകൂടാതെ നികുതി വെട്ടിപ്പ് തടയുന്നതുമായി ബന്ധപ്പെട്ട് സ്വർണ്ണം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ലോഹങ്ങളുടെ ചരക്കുനീക്കങ്ങൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഈ ആവശ്യം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനം മുന്നോട്ടുവച്ച ആവശ്യങ്ങളിലൊന്നായ സ്വർണ്ണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേ ബിൽ നടപ്പാക്കണമെന്ന ശിപാർശയിൽ തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ?

സ്വർണ്ണം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ലോഹങ്ങളുടെ ചരക്കു നീക്കങ്ങൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ജി.എസ്.ടി. ചട്ടഭേദഗതിയുടെ കരട് ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിലാണ്.

(സി) ഫെഡറൽ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതരത്തിൽ

സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ ലഭ്യമാക്കുന്നവിധം ജി.എസ്.ടി. ട്രൈബ്യൂണലുകൾ സംസ്ഥാനങ്ങളിൽ രൂപീകരിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി.-യുടെ തുടക്കത്തിൽ നിയമത്തിലുണ്ടായിരുന്ന നാഷണൽ ബെഞ്ച്, സ്റ്റേറ്റ് ബെഞ്ച് എന്ന ആശയം ഒഴിവാക്കി ഒരു പ്രിൻസിപ്പൽ ബെഞ്ചും ജനസംഖ്യാടിസ്ഥാനത്തിൽ അഡീഷണൽ ബെഞ്ചുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ എന്ന ഭേദഗതിയാണ് 18-02-2023-ൽ നടന്ന 49-ാമത് ജി.എസ്.ടി. കൗൺസിലിലെ അജണ്ടയിൽ അവതരിപ്പിക്കപ്പെട്ടത്. കേരളം ഈ നീക്കത്തെ ശക്തമായി എതിർക്കുകയും മറ്റ് പല സംസ്ഥാനങ്ങളും ഇതേ നിലപാട് പിന്തുടരുകയും ചെയ്തതിന്റെ ഫലമായി ഇതിൽ മാറ്റങ്ങൾ വരുത്തുകയും "സ്റ്റേറ്റ് ബെഞ്ച്" എന്ന ആശയത്തിലേയ്ക്ക് തിരികെപോകുകയും ചെയ്തു. കൗൺസിലിൽ അവതരിപ്പിച്ച ഭേദഗതിയിൽനിന്നും വ്യത്യസ്തമായി സ്റ്റേറ്റ് ബെഞ്ചിലേയ്ക്കുള്ള "ടെക്നിക്കൽ മെമ്പർ (സ്റ്റേറ്റ്)"-നെ തെരഞ്ഞെടുക്കാനുള്ള പാനൽ നിർദ്ദേശിക്കാനുള്ള അവകാശം സംസ്ഥാനത്തിലെ ഉന്നത ഉദ്യോഗസ്ഥർകൂടി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റിക്ക് നൽകാനാണ് കൗൺസിലിൽ തീരുമാനം. സ്റ്റേറ്റ് ബെഞ്ചുകൾ സ്ഥാപിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം

സംസ്ഥാനങ്ങളിൽ നിക്ഷിപ്തമാകണം, place of supply-യുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന പ്രിൻസിപ്പൽ ബെഞ്ചിന് മേഖലാടിസ്ഥാനത്തിൽ ബ്രാഞ്ചുകൾ ഉണ്ടാകണം തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടിട്ടില്ല.

(ഡി) നിലവിലെ ഐ.ജി.എസ്.ടി. അനുപാതം ഉയർത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോമ്പൻസേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ജി.എസ്.ടി.-യിലെ കേന്ദ്ര സംസ്ഥാന അനുപാതം നിലവിലെ 50:50 എന്നതിനുപകരം സംസ്ഥാനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ 40:60 ആക്കി മാറ്റണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ആവശ്യത്തിന്മേൽ ഇതുവരെ അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല.

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി

12(*492) <u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മികച്ച സംരംഭക സൗഹൃദ സംസ്ഥാനമായി കേരളത്തെ പരിവർത്തനപ്പെടുത്തുന്നതിനും പ്രവർത്തന വിജയത്തിലൂടെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുമായി നടത്തിയിട്ടുള്ള ഇടപെടലുകൾ ലക്ഷ്യത്തിലേയ്ക്കെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018, എം.എസ്.എം.ഇ.-കളെ സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകളിൽനിന്നും/ക്ലിയറൻസുകളിൽനിന്നും ഒഴിവാക്കുന്നതിനായി കേരള-സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് 2019 തുടങ്ങിയ നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. സംരംഭകരുടെ പരാതിപരിഹാരത്തിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ആക്ടിൽ 2021-ൽ വരുത്തിയ നിയമഭേദഗതികൾപ്രകാരമുള്ള ജില്ലാ സംസ്ഥാനതലങ്ങളിലെ പരാതിപരിഹാര സംവിധാനം; വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം;

കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ; ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് എം.എസ്.എം.ഇ. ക്ലിനിക്കുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വ്യവസായാന്തരീക്ഷം മെച്ചപ്പെടുകയും തദ്വാരാ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിൽ രാജ്യത്ത് സംസ്ഥാനത്തിന്റെ റാങ്ക് 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേയ്ക്കെത്താൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഒരു സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിനും വിദ്യാർത്ഥി സമൂഹത്തിന് ഇതുസംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജുതലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

മാത്രമല്ല, സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും മുൻഗണന നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജുതലങ്ങളിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബ്ബുകൾ (Entrepreneur Development Club) രൂപീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രംവഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ക്ലബ്ബുകളുടെ എണ്ണം 1000 ആക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇ.ഡി. ക്ലബ്ബുകൾക്ക് രണ്ട് ഗഡുക്കളായി 20000/- രൂപ അനുവദിച്ചുവരുന്നു.

വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാരയോഗ്യവുമായ സംരംഭങ്ങൾക്ക് ഇരുപത്തഞ്ചുലക്ഷം രൂപവരെ

മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറുശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചുലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

കൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്ററിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരഭങ്ങൾക്കെല്ലാം ആവശ്യാനുസരണം മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു. നാളിതുവരെ 57-ഓളം സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്ക് ബിസിനസ് ഇൻകുബേഷൻ സെന്റർ, കോഴിക്കോട് മുഖേന സൗകര്യങ്ങൾ ഒരുക്കിനൽകിയിട്ടുണ്ട്.

(സി) സംരംഭകരെ സഹായിക്കുന്നതിനും അവരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.

സംരംഭകരുടെ പരാതികളിൽ 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കുന്നവിധം ഓൺലൈൻ പരാതിപരിഹാര സംവിധാനമാണ് നിലവിൽവന്നത്. രാജ്യത്ത് ആദ്യമായാണ് ഇത്തരത്തിൽ ഒരു സംവിധാനം നടപ്പാക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതി കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ ജില്ലാതല സമിതി പരിശോധിക്കും. 10 കോടിക്കുമുകളിൽ നിക്ഷേപമുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും

സംസ്ഥാന സമിതി പരിശോധിക്കും. സംസ്ഥാന സമിതിയിൽ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ ഡയറക്ടർ കൺവീനറുമാണ്. പരാതിയുടെ വിചാരണാവേളയിൽ ജില്ലാ സംസ്ഥാന സമിതികൾക്ക് സിവിൽ കോടതിക്ക് തുല്യമായ അധികാരമുണ്ടാകും. സേവനം നൽകാൻ നിയുക്തനായ ഉദ്യോഗസ്ഥൻ മതിയായ കാരണം കൂടാതെ കാലതാമസമോ വീഴ്ചയോ വരുത്തിയാൽ പിഴ ചുമത്താനും വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യാനും ഈ സമിതികൾക്ക് അധികാരമുണ്ട്. പരിഹാരം നിർദ്ദേശിച്ചശേഷം 15 ദിവസത്തിനകം നടപടിയുണ്ടായില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒരു ദിവസത്തിന് 250 രൂപയെന്ന നിലയിൽ പിഴ ഒടുക്കണം. പരമാവധി 10,000 രൂപവരെ ഇത്തരത്തിൽ പിഴ ഈടാക്കാനാകും.

## സോളാർ വൈദ്യുതിക്ക് ന്യായവില

13(*493) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സോളാർ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള

കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം വാഗ്ദാനങ്ങളാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു യൂണിറ്റ് വൈദ്യുതിക്ക് 3.22 രൂപ നൽകുമെന്ന പ്രഖ്യാപനത്തിൽനിന്നും കെ.എസ്.ഇ.ബി.എൽ. പിന്നോട്ടുപോകാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഉയർന്ന വിലയ്ക്ക് ബോർഡ് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് പരിഗണിച്ച് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന സോളാർ വൈദ്യുതിക്ക് ന്യായമായ വില നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് 'സൗര'. സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും, ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോൽപ്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. വൈദ്യുതി ഉപഭോഗം, താരിഫ് കാറ്റഗറി,

എന്നിവയനുസരിച്ച് വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് ഗുണകരമാകുന്നവിധം വ്യത്യസ്ത മോഡലുകൾ കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുവച്ചിട്ടുണ്ട്.

സൗര ഫേസ്-I (Non subsidy) പദ്ധതിയിൽ 50 മെഗാവാട്ട് ടെണ്ടർ ആണ് വിളിച്ചത്. എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാനാവുന്ന പദ്ധതിയാണിത്. ഇതിൽ 3 മോഡലുകളാണ് നിലവിലുള്ളത്. ഉപഭോക്താവിന് യാതൊരുവിധ മുതൽമുടക്കും ഇല്ലാത്ത മോഡൽ 1, 2 എന്നിവയും ഉപഭോക്താവിന്റെ പൂർണ്ണ മുതൽ മുടക്ക് വേണ്ടിവരുന്ന മോഡൽ 3-ഉം ആണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ മോഡൽ 1 തെരഞ്ഞെടുക്കുന്ന ഉപഭോക്താവിന് പുരപ്പുറം വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായി നിലയം ആകെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10 ശതമാനവും മോഡൽ 2 തെരഞ്ഞെടുക്കുന്നവർക്ക് 25 വർഷത്തേയ്ക്ക് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത താരിഫിൽ പൂർണ്ണമായും ലഭ്യമാകും. ഈ പദ്ധതിയിൽ നിലവിൽ 23 മെഗാവാട്ടിന്റെ 1937 നിലയങ്ങൾ കമ്മീഷൻ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്.

സൗര ഫേസ് - II സബ്സിഡി (250MW) പദ്ധതിയിൽ ഗാർഹിക

ഉപഭോക്താക്കൾക്കുമാത്രമേ പങ്കെടുക്കാനാകൂ. ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ടുവരെ ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 3 കിലോവാട്ടിനുമുകളിൽ 10 കിലോവാട്ടുവരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. 10 കിലോവാട്ടിനുമുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 കിലോവാട്ടിനുമുകളിൽ 500 കിലോവാട്ടുവരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായി കേരള മോഡൽ പദ്ധതിവഴി സബ്സിഡി ലഭ്യമാകാൻ വേണ്ട മുതൽ മുടക്കാൻ സാമ്പത്തിക സൗകര്യമില്ലാത്ത ഉപഭോക്താക്കളെക്കൂടി ഈ പദ്ധതിയുടെ ഭാഗമാക്കാൻ മൂന്ന് തനതായ മോഡലുകളും കെ.എസ്.ഇ.ബി.എൽ. ഒരുക്കിയിട്ടുണ്ട്. ഇതിൽ ആകെ മുതൽ മുടക്കിന്റെ 12 ശതമാനം, 20 ശതമാനം, 25 ശതമാനം ആണ് ഉപഭോക്താക്കൾ മുതൽ മുടക്കേണ്ടത്. മുതൽ മുടക്കിന്റെ തോതനുസരിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ യഥാക്രമം 25 ശതമാനം, 40 ശതമാനം, 50 ശതമാനം വിഹിതം ലഭിക്കും. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല.

ഗാർഹിക ഉപഭോക്താക്കൾക്കുമാത്രമുള്ള സബ്സിഡി സ്കീമിൽ നിലവിൽ 112.80 മെഗാവാട്ടിന്റെ 30019 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

2019-20 വർഷത്തേയ്ക്ക് 50 മെഗാവാട്ടും 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടും സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകിയിരിക്കുന്നത്. പദ്ധതി പൂർത്തീകരണത്തിനുവേണ്ടി ട്രാക്കിംഗ് സംവിധാനത്തോടുകൂടി ഇ-കിരൺ (e-Kiran) മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

പദ്ധതിയിലേയ്ക്ക് പൊതുജനശ്രദ്ധ പിടിച്ചുപറ്റാനും പൊതുജനങ്ങൾക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ബോധ്യപ്പെടുത്താനും പദ്ധതിയിലേയ്ക്ക് ചേരാനും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെങ്കിലും വളരെക്കുറച്ച് ഉപഭോക്താക്കൾമാത്രം പദ്ധതി തെരഞ്ഞെടുത്തതിനെത്തുടർന്ന് സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന മാർഗ്ഗരേഖ കണക്കിലെടുത്ത് കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളും കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു.

'സൗര' പദ്ധതിയുടെ പുരോഗതിക്കായി ഇതിന്റെ ഏകോപനം വിതരണ

വിഭാഗത്തെ ഏൽപ്പിക്കുകയുണ്ടായി. തുടർന്ന് സർക്കിൾതലത്തിൽ ടാർഗറ്റ് നിശ്ചയിച്ചുനൽകി നിലയങ്ങളുടെ സർവ്വേ, രജിസ്ട്രേഷൻ, കമ്മീഷനിംഗ് ഇവ തുടർച്ചയായി ബോർഡുതലത്തിൽ അവലോകനങ്ങൾ നടത്തുകയും ചെയ്തു. മീറ്റർ അലോക്കേഷൻ, പവർ ക്വാളിറ്റി ടെസ്റ്റിംഗ് ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികളെടുത്തു. നെറ്റ് മീറ്റർ ലഭ്യത സർക്കിൾതലത്തിൽ ഉറപ്പുവരുത്തി. ആവശ്യമായ മീറ്ററുകൾ വാങ്ങി സർക്കിൾ സ്റ്റോറുകളിൽ എത്തിച്ചു. 50 കിലോവാട്ടുവരെയുള്ള നിലയങ്ങൾക്ക് PQ ടെസ്റ്റിംഗ് നടപടികൾ ലഘൂകരിച്ചു.

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻവേണ്ടി സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും അവലോകനങ്ങൾ സംഘടിപ്പിക്കുകയും പദ്ധതി നടത്തിപ്പിന് നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തുവരുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്/അനെർട്ട് എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് സൗരപദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടന്നുവരുന്നു.

സൗരപദ്ധതി ഗവൺമെന്റ് ജീവനക്കാരുടെ ഇടയിൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും കളക്ടറേറ്റുകൾതോറും

സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന റിന്യൂവബിൾ എനർജി & നെറ്റ് മീറ്ററിംഗ് റെഗുലേഷൻ 2020 പ്രകാരമാണ് പ്രോസ്യൂമേഴ്സ് അല്ലെങ്കിൽ കാപ്റ്റീവ് കൺസ്യൂമേഴ്സ് വിതരണ ലൈസെൻസിയുടെ ഗ്രിഡിലേയ്ക്ക് ബാങ്ക് ചെയ്ത അധിക വൈദ്യുതിക്ക് വില നൽകേണ്ടിവരുന്നത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ റിന്യൂവബിൾ എനർജി & നെറ്റ് മീറ്ററിംഗ് റെഗുലേഷൻ 2020 പ്രകാരം പ്രോസ്യൂമേഴ്സ് അല്ലെങ്കിൽ കാപ്റ്റീവ് കൺസ്യൂമേഴ്സ് വിതരണ ലൈസൻസിയുടെ ഗ്രിഡിലേയ്ക്ക് ബാങ്ക് ചെയ്ത അധിക വൈദ്യുതിക്ക് വിതരണ ലൈസൻസി അതത് വർഷത്തിന്റെ വിതരണ ലൈസൻസിയുടെ Average Pooled Power Purchase Cost നിരക്കിൽ Settlement Period-ന്റെ അവസാനം നൽകേണ്ടതാണ്.

Average Pooled Power Purchase Cost Fix ചെയ്യുന്ന Methodology സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ റെഗുലേഷനിൽ നിഷ്കർഷിക്കുന്നു.

മേൽ റെഗുലേഷനനുസരിച്ച് വിതരണ ലൈസൻസിയുടെ തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിലെ Own Generation-ന്റെയും Power Purchase Cost-ന്റെയും Weighted Average Pooled Cost ആണ് Average Pooled

Power Purchase Cost (APPC) ആയി കണക്കാക്കുന്നത്. അതായത് ഓരോ വർഷവും APPC വ്യത്യസ്തമായിരിക്കും. യൂണിറ്റിന് 3.22 രൂപ നിരക്ക് എന്നത് 2021-22-ലെ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച APPC നിരക്കാണ്.

മേൽപ്പറഞ്ഞപ്രകാരം 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള Average Pooled Power Purchase Cost എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 2021-22-ലെ Audited Accounts പ്രകാരമുള്ള Generation & Power purchase Cost-ന്റെ Weighted Average Pooled Cost ആണ്. ഇത് 2.69/unit ആണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 23-02-2023-ലെ ഉത്തരവുപ്രകാരം (OP64/2022) Rs.2.69/ unit അംഗീകരിച്ചിട്ടുണ്ട്.

**കിഫ്ബിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി**

14(*494) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയെ തകർക്കാൻ ഒരു കേന്ദ്ര ഏജൻസി രാഷ്ട്രീയ

ലക്ഷ്യത്തോടെ ചില കേന്ദ്രങ്ങളുടെ താല്പര്യാർത്ഥം മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുമെന്ന ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ വികസനനേട്ടങ്ങളിൽ സുപ്രധാന പങ്കുവഹിച്ച ഒരു ധനകാര്യ സ്ഥാപനമാണ് കിഫ്ബി. കഴിഞ്ഞ 7 വർഷക്കാലയളവിൽ കിഫ്ബി പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യ മേഖലയിൽ സംസ്ഥാനത്തിനുണ്ടായ മുന്നേറ്റം വളരെ പ്രകടമാണ്. എന്നാൽ മുൻകാലങ്ങളിലെന്നപോലെ ഈ വികസനപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയെന്ന സമീപനമാണ് കേന്ദ്ര സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പാക്കിവരുന്നത്. സി.&എ.ജി., ആദായനികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നിങ്ങനെ തങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെയും നിയന്ത്രണ സംവിധാനങ്ങളെയും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കേന്ദ്ര ധനകാര്യ വകുപ്പും റിസർവ്വ് ബാങ്കും പ്രത്യക്ഷമായും പരോക്ഷമായും പല നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നു. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെത്തന്നെ

വെല്ലുവിളിക്കുന്നതാണ് ഈ നടപടികൾ. ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങളും അവകാശങ്ങളും കവർന്നെടുത്ത് ഭരണപരവും സാമ്പത്തികവുമായ അനിശ്ചിതാവസ്ഥ സൃഷ്ടിക്കാനും അതുവഴി സംസ്ഥാനങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുമാകണം ഇതിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് അനുമാനിക്കുന്നു.

കിഫ്ബിയും മറ്റ് സർക്കാർ ഏജൻസികളും സർക്കാർ ഗ്യാരന്റിയിൽ ലഭ്യമാക്കുന്ന വായ്പകൾക്കൂടെ സർക്കാരിന്റെ വായ്പാപരിധിയിൽ ഉൾപ്പെടുത്തിയതും സംസ്ഥാനത്തിനർഹമായ നികുതിവിഹിതവും മറ്റ് കേന്ദ്രവിഹിതവും വെട്ടിക്കുറച്ചതും വൈകിപ്പിക്കുന്നതുമെല്ലാം ഇത്തരത്തിലുള്ള നിക്ഷിപ്തതാല്പര്യങ്ങൾക്കായിട്ടാണെന്ന് കരുതാതെ വയ്യ. ഇവയെല്ലാം ഭരണഘടനാ തത്വങ്ങളോടുള്ള വെല്ലുവിളിയാണ്.

എന്നാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള രാഷ്ട്രീയലക്ഷ്യങ്ങൾക്ക് വിധേയപ്പെടാൻ സർക്കാർ ഒരുക്കമല്ല. രാജ്യത്തെ ഭരണഘടനയും നിയമ വ്യവസ്ഥകളും നൽകുന്ന എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉപയോഗപ്പെടുത്തി ഇതിനെ മറികടക്കാനാകുമെന്ന ശുഭാപ്തി വിശ്വാസം സർക്കാരിനുണ്ട്. നിലവിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടുകളിലെ

നിയമപ്രശ്നങ്ങളും ഭരണഘടനാലംഘനങ്ങളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ, ഈ നിയമപ്രശ്നങ്ങളെല്ലാം വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം മന്ത്രിസഭയുടെ അംഗീകാരത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് അയച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിനനുകൂലമായ നിലപാടുകളെടുക്കേണ്ടിവരും എന്നുതന്നെയാണ് സർക്കാർ കരുതുന്നത്.

(ബി) മസാലാ ബോണ്ടിറക്കിയതിൽ വിദേശനാണ്യ വിനിമയ ചട്ടലംഘനം ആരോപിച്ചുകൊണ്ടുള്ള ഇ.ഡി. നിലപാട് വസ്തുതാവിരുദ്ധമെന്ന് റിസർവ്വ് ബാങ്ക് സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നുണ്ടോ;

(സി) മസാല ബോണ്ടിന് റിസർവ്വ് ബാങ്ക് നിരാക്ഷേപ പത്രവും വായ്പാ രജിസ്ട്രേഷൻ നമ്പരും നൽകിയതായും കിഫ്ബി സമാഹരിച്ച തുകയുടെ കണക്കും വിശദാംശങ്ങളും നൽകിയിരുന്നതായും ആർ.ബി.ഐ. വ്യക്തമാക്കിയിട്ടുണ്ടോ?

(ബി&സി) കിഫ്ബിയുടെ മസാലാ ബോണ്ടിന് റിസർവ്വ് ബാങ്ക് നിരാക്ഷേപ പത്രവും (No Objection Certificate) വായ്പാ രജിസ്ട്രേഷൻ

നമ്പരും (LRN) നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട എല്ലാ റിപ്പോർട്ടിംഗ് നടപടികളും കിഫ്ബി നാളിതുവരെ മുടക്കമില്ലാതെ ചെയ്തിട്ടുണ്ടെന്നുമാണ് റിസർവ്വ് ബാങ്ക് കോടതിയിൽ നൽകിയ മറുപടി. മസാല ബോണ്ടുസംബന്ധിച്ച് തങ്ങൾക്ക് എന്തെങ്കിലും ആക്ഷേപങ്ങളുള്ളതായി റിസർവ്വ് ബാങ്ക് കോടതിയെ അറിയിച്ചിട്ടില്ല. ഫെമ ചട്ടം 37 (1) പ്രകാരം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് ഫെമ നിയമപ്രകാരമുള്ള അന്വേഷണങ്ങൾക്ക് അധികാരമുണ്ടെന്നും റിസർവ്വ് ബാങ്ക് കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രൈമറി റഗുലേറ്റർ എന്ന നിലയിൽ ഫെമ ചട്ടം 12 പ്രകാരം വിവരങ്ങൾ പരിശോധിക്കാനുള്ള അധികാരം റിസർവ്വ് ബാങ്കിനുണ്ട്.

(ഡി) ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വികസന താല്പര്യം പരിഗണിച്ച് കിഫ്ബിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രതിബന്ധങ്ങൾ തുടർച്ചയായി നേരിടേണ്ടിവരുന്ന സാഹചര്യത്തിലും ആവശ്യമായ എല്ലാ സഹായങ്ങളും നൽകി കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ

നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതികളിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി പതിവായി പദ്ധതിനിർവ്വഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതിനിർവ്വഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധ ചെലുത്തുന്നുണ്ട്.

## ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ നടപടി

15(*495) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ജി.എസ്.ടി. ഇനത്തിൽ കൂടുതൽ നഷ്ടം ഉണ്ടാകാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഐ.ജി.എസ്.ടി. ഉൾപ്പെടെയുള്ള ജി.എസ്.ടി. നികുതി സമ്പ്രദായം

ഇപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് പൂർണ്ണമായി നികുതിവിഹിതം ലഭിക്കുന്നതിന് സാങ്കേതികമായി സജ്ജമായിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി സംസ്ഥാനം കേന്ദ്ര സർക്കാരിനെയും അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. നികുതി സമ്പ്രദായം പൂർണ്ണമായും സാങ്കേതികമായി സജ്ജമാകുന്നതുവരെ നഷ്ടപരിഹാരം നൽകുന്നത് തുടരണമെന്നും നഷ്ടപരിഹാര കാലാവധി 5 വർഷംകൂടി ദീർഘിപ്പിക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെത്തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും റിട്ടേണിലേയ്ക്കുള്ള വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണമെന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെതന്നെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇ-വേ ബിൽ സംവിധാനം കുറ്റമറ്റതാക്കിയും റിട്ടേൺ ഫയലിംഗ്

കാര്യക്ഷമമാക്കിയും ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി.-യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെത്തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും റിട്ടേണിലേയ്ക്കുള്ള വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണമെന്നതുസംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെതന്നെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം നികുതിദായകരെക്കൊണ്ട് റിട്ടേൺ മുടക്കംകൂടാതെ ഫയൽ ചെയ്യിക്കുന്നതിനും ചരക്കുനീക്ക സമയത്ത് ഇ-വേ ബിൽ എടുക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ വകുപ്പിന്റെ ടാക്സ്പെയർ വിഭാഗവും ഇന്റലിജൻസ് ആന്റ് എൻഫോഴ്സ്മെന്റ് വിഭാഗവും സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെയെല്ലാം ഫലമായി സംസ്ഥാനത്തിന് മുൻകാലത്തെ അപേക്ഷിച്ച് ഐ.ജി.എസ്.ടി. ഇനത്തിൽ കൂടുതൽ നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## മെഡിസെപ്പ് പദ്ധതിയിലെ കോർപ്പസ് ഫണ്ട്

16(*496) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഗുരുതരമായ രോഗങ്ങളുടെ ചികിത്സയ്ക്കായി നീക്കിവച്ചിരുന്ന കോർപ്പസ് ഫണ്ട് പൂർണ്ണമായി ചെലവഴിച്ചതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ടോ?

08-03-2023 വരെ 1720 ഗുരുതരരോഗങ്ങളുടെ ചികിത്സയ്ക്കായി കോർപ്പസ് ഫണ്ടിൽനിന്നും 37,17,04,255/- രൂപയ്ക്ക് അംഗീകാരം നൽകിയതായി വ്യക്തമാക്കി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ

വിശദാംശങ്ങൾ മെഡിസെപ് വെബ്പോർട്ടലിലെ ഡാഷ്ബോർഡിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു)

(ബി) ഫണ്ടില്ലാത്തതിനാൽ സ്വകാര്യ ആശുപത്രികൾ പ്രസ്തുത ചികിത്സാ പദ്ധതിയിൽനിന്ന് പിന്മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്വകാര്യ ആശുപത്രികൾ പ്രസ്തുത ചികിത്സാ പദ്ധതിയിൽനിന്നും പിന്മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ പിരിച്ചെടുക്കുന്ന പ്രതിമാസ പ്രീമിയം തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉദ്ദേശിക്കുന്നില്ല.

## ഫിലമെന്റ്രഹിത കേരളം പദ്ധതി

17(*497) ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തെത്തുടർന്നും വ്യവസായ-വാണിജ്യ സംരംഭങ്ങളുടെ വർദ്ധനവിനനുസൃതമായും വർദ്ധിച്ചുവരുന്ന വൈദ്യുതോപയോഗം നിറവേറ്റുന്നതിന് എന്തെല്ലാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

വർദ്ധിച്ചുവരുന്ന വൈദ്യുതോപയോഗം നിറവേറ്റുന്നതിന്റെ ഭാഗമായി വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ഇ.ബി.എൽ. തുടങ്ങിയ പദ്ധതിയാണ് ദ്യുതി-1. ദ്യുതി-1 പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂഗർഭ കേബിൾ നിർമ്മാണം, ABC ഉപയോഗിച്ചുള്ള എച്ച്.ടി.ലൈൻ/എൽ.ടി.ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി. ലൈനും എൽ.ടി. ലൈനും റീകണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കി. ദ്യുതി 1 പദ്ധതിയിൽ 3415.76 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിലുള്ള ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി ദ്യുതി 2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped

Distribution Sector Scheme (RDSS) എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികളാണ് വിതരണ മേഖലയിൽ ഇനി കെ.എസ്.ഇ.ബി.എൽ. നടപ്പാക്കുന്നത്. ദ്യുതി 2.0-ൽ 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ട്രാൻസ്ഗ്രിഡ് പദ്ധതിയിലൂടെ അടുത്ത മൂന്ന് ദശാബ്ദങ്ങൾക്കാവശ്യമായ വൈദ്യുതി പ്രസരണ ശൃംഖല നടപ്പാക്കിവരുന്നു.

സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത മുഴുവനായി നിറവേറ്റാൻ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതോല്പാദനം പര്യാപ്തമല്ല. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം എഴുപതു ശതമാനത്തോളവും കേരളത്തിന്റെ പുറത്തുള്ള നിലയങ്ങളിൽനിന്നാണ് കണ്ടെത്തുന്നത്. വർദ്ധിച്ചുവരുന്ന ഉപയോഗം മുന്നിൽക്കണ്ടുകൊണ്ട് കൂടുതൽ ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾവഴി ആഭ്യന്തരോൽപ്പാദനം വരുംവർഷങ്ങളിൽ വർദ്ധിപ്പിച്ച് കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആഭ്യന്തര വൈദ്യുതോല്പാദനം കൂടാതെ കേന്ദ്രവിഹിതമായും

ദീർഘകാല/മധ്യകാല/ഹ്രസ്വകാല കരാറുകൾവഴിയും പവർ എക്സ്ചേഞ്ച്‌വഴിയും വൈദ്യുതി വാങ്ങിയും സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റിവരുന്നു. സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി വൈദ്യുതിയുടെ ആവശ്യകത അടുത്ത 25 വർഷത്തേയ്ക്കും കൂടുതൽ വ്യക്തതയോടെ അടുത്ത 5 വർഷത്തേയ്ക്കും കണക്കാക്കുകയും ഇതിനനുസരിച്ച് കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നതിനായി വിവിധ കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ വർദ്ധിച്ചുവരുന്ന വൈദ്യുതോപയോഗം നിറവേറ്റുന്നത്തിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള ഊർജ്ജോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ഉപഭോക്താക്കളുടെ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഫിലമെന്റ്‌രഹിത കേരളം എന്ന പദ്ധതി ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണ്.

വർദ്ധിച്ചുവരുന്ന വൈദ്യുതോപയോഗം നിറവേറ്റുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

| നമ്പർ | പദ്ധതി | ശേഷി |
|---|---|---|
| 1 | പള്ളിവാസൽ | 60 MW |
| 2 | തോട്ടിയാർ | 40 MW |
| 3 | കുറ്റ്യാടി RMU പദ്ധതി | 3x25 MW to 3x27.5 MW |
| 4 | ഭൂതത്താൻകെട്ട് | 24 MW |
| 5 | പഴശ്ശിസാഗർ | 7.5 MW |
| 6 | പെരുവണ്ണാമൂഴി | 6 MW |
| 7 | ചിന്നാർ | 24 MW |
| 8 | ഒലീക്കൽ& പൂവരംതോട് | 2x2.5 MW, 2x1.5 MW |
| 9 | മാങ്കുളം | 40MW |
| 10 | ചെങ്കുളം ഓഗ്മെന്റേഷൻ | 85MW |

ഇതിനുപുറമെ 218.5 MW-ന്റെ ജലവൈദ്യുതി പദ്ധതികളുടെയും 367.5 MW-ന്റെ പുനരുപയോഗ ഊർജ്ജ പദ്ധതികളുടെയും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിനും വരുന്ന വേനൽക്കാലത്തെ അധിക ഊർജ്ജ ആവശ്യം മുന്നിൽക്കണ്ടും കേന്ദ്ര ഗവണ്മെന്റിന്റെ pilot scheme-II പ്രകാരം പ്രതിവർഷം 6 മാസത്തേയ്ക്ക് (January to June) 2022 മുതൽ PTC-യുമായി 270 മെഗാവാട്ടിന്റെ 3 വർഷത്തെ മധ്യകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

2023 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലേയ്ക്ക് ഹ്രസ്വകാല

കരാറിലും ബാങ്കിംഗ് കരാറിലും ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ മേയ് 20 വരെ 100 മെഗാവാട്ടും മേയ് 21 മുതൽ 31 വരെ 200 മെഗാവാട്ടും വൈദ്യുതിക്ക് ഹ്രസ്വകാല ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലേയ്ക്ക് ഏർപ്പെട്ടിട്ടുള്ള ഹ്രസ്വകാല ബാങ്കിംഗ് കരാറുകൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | മാസം | മുഴുവൻ സമയ ലഭ്യത (MW) | മുഴുവൻ സമയ ലഭ്യത കൂടാതെ പീക്ക് സമയത്തേയ്ക്ക് അധികമായി ഏർപ്പെട്ടിട്ടുള്ളത് (MW) |
|---|---|---|---|
| 1 | ഫെബ്രുവരി | 100 | 125 |
| 2 | മാർച്ച് | 350 | 150 |
| 3 | ഏപ്രിൽ | 300 | - |
| 4 | മേയ്(മേയ് 20 വരെ) | 200 | - |

ഇതുകൂടാതെ മേയ് മാസത്തെ പീക്ക് ആവശ്യകത കണക്കിലെടുത്ത് ഹ്രസ്വകാല ടെണ്ടർ താഴെപ്പറയുംവിധം ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | മാസം | പീക്ക് സമയത്തേയ്ക്കുള്ള അധിക ആവശ്യകത (MW) |
|---|---|---|
| 1 | 2023 മേയ് 20 വരെ | 100 |
| 2 | 2023 മേയ് 21 മുതൽ 31 വരെ | 200 |

തലാബിര പിറ്റ് ഹെഡ് കൽക്കരി നിലയത്തിൽനിന്നും 400MW

വൈദ്യുതിക്കും സൗരോർജ്ജ വൈദ്യുതിക്കായി സോളാർ എനർജി കോർപ്പറേഷനുമായി 300 മെഗാവാട്ടും TP sourya-യുമായി 110 മെഗാവാട്ടും വൈദ്യുതിക്കായി കരാറിൽ KSEBL ഏർപ്പെട്ടിട്ടുണ്ട്. കൂടംകുളം ആണവ നിലയത്തിലെ യൂണിറ്റ് II & യൂണിറ്റ് IV-ൽനിന്നും NTPC-യുടെ നിർദ്ദിഷ്ട താൽച്ചർ താപവൈദ്യുതി നിലയം stage III-ൽ നിന്നും വൈദ്യുതി വാങ്ങാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ NTPC-യുടെ telengana താപ വൈദ്യുതിനിലയത്തിൽനിന്നും ശേഷിക്കുന്ന 600MW വൈദ്യുതിക്കും ദാമോദർ വാലി കോർപ്പറേഷന്റെ ദുർഗാപൂർ, കോഡർമാ എന്നീ താപ വൈദ്യുതി നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് പ്രാരംഭ ചർച്ച നടന്നുവരുന്നു. കൂടാതെ NTPC-യുമായി 90 MW സൗരോർജ്ജ വൈദ്യുതി യൂണിറ്റിന് 2.77 രൂപയ്ക്ക് 25 വർഷത്തേയ്ക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പകൽസമയത്ത് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(ബി) വൈദ്യുതി ലാഭിക്കുന്നതിനായി സർക്കാർ നടപ്പാക്കിവരുന്ന ഫിലമെന്റ്രഹിത കേരളം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഫിലമെന്റ്രഹിത കേരളം പദ്ധതിയിലൂടെ 10-03-2023-ലെ കണക്കുകൾപ്രകാരം ഇതുവരെ 1,14,14,786 എൽ.ഇ.ഡി. ബൾബുകൾ

14,60,669 ഉപഭോക്താക്കൾക്കായി വിതരണം ചെയ്തുകഴിഞ്ഞു.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പതിനാല് ലക്ഷത്തിലധികം വരുന്ന ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഫിലമെന്റുരഹിത കേരളം പദ്ധതി നടപ്പാക്കാനായി കെ.എസ്.ഇ.ബി.എൽ. പൊതുജനങ്ങൾക്ക് പ്രസ്തുത പദ്ധതിയിൽ register ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നു. Registered ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഒരു കോടി പതിനേഴ ലക്ഷത്തി അൻപതിനായിരം എൽ.ഇ.ഡി. ബൾബുകൾ കെ.എസ്.ഇ.ബി.എൽ വാങ്ങിയിട്ടുണ്ട്. ഇവ സെക്ഷൻ ഓഫീസുകൾവഴി 65 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. പദ്ധതിയുടെ ആരംഭത്തിൽ ബൾബുകൾ വീടുകളിൽ എത്തിച്ചുനൽകുന്നതിനുള്ള സൗകര്യവും ഒരുക്കിയിരുന്നു.

(ഡി) നടപ്പ് സാമ്പത്തിക വർഷം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഫിലമെന്റുരഹിത കേരളം പദ്ധതിയിലെ Registered ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 1,17,50,000 എൽ.ഇ.ഡി. ബൾബുകൾ കെ.എസ്.ഇ.ബി.എൽ. വാങ്ങുകയും 1,10,19,640 എൽ.ഇ.ഡി. ബൾബുകൾ 13,98,905 ഉപഭോക്താക്കൾക്കായി 31-03-2022 വരെ വിതരണം ചെയ്യുകയുമുണ്ടായി. ബാക്കിയുള്ള 7,30,360 എൽ.ഇ.ഡി. ബൾബുകളിൽ നടപ്പുസാമ്പത്തിക വർഷം 3,95,146 ബൾബുകളുടെ വിതരണം പൂർത്തിയായി. ശേഷിക്കുന്ന 3,35,214 എൽ.ഇ.ഡി. ബൾബുകളുടെ വിതരണം പുരോഗമിക്കുന്നു. വിതരണം ചെയ്യുന്ന എൽ.ഇ.ഡി. ബൾബുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്.

## വ്യവസായ, വാണിജ്യ നയം

18(*498) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) പുതിയ കരട് വ്യവസായ, വാണിജ്യ നയം വിഭാവനം ചെയ്യുന്ന രീതിയിൽ വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിനായി വിവിധ

ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യ വികസനം, ഹൈടെക്ക് സങ്കേതിക വിദ്യയിലേയ്ക്കുള്ള മാറ്റം, നൈപുണ്യവികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, കേരളം എന്ന ബ്രാൻഡ് വളർത്തുക, മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം എന്നീ സുപ്രധാന നയസ്തംഭങ്ങളിലൂന്നിയ വ്യവസായ വളർച്ചയാണ് കരട് വ്യവസായ നയം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഫലപ്രാപ്തിക്കായി വ്യവസായ വകുപ്പിന്റെയും സർക്കാരിന്റെ മറ്റ് വകുപ്പുകളുടെയും ഏജൻസികളുടെയും സംയുക്തമായ പ്രവർത്തനം സാധ്യമാക്കുന്ന രീതിയിലാണ് നയം രൂപീകരിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ള മികച്ച വ്യവസായാന്തരീക്ഷത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ നിക്ഷേപം ആകർഷിക്കുന്നതിന് നിക്ഷേപ പ്രോത്സാഹന തന്ത്രത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ

അന്തരീക്ഷം (ഇക്കോസിസ്റ്റം) സൃഷ്ടിക്കുക എന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനുവേണ്ട വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികളും ഈ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്നു. വ്യവസായ വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കിക്കൊണ്ട് നിലവിൽ പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നു. സംസ്ഥാനത്തെ നിലവിലുള്ള സംരംഭങ്ങളിൽനിന്ന് തെരഞ്ഞെടുത്ത 1000 സംരംഭങ്ങൾ, 4 വർഷംകൊണ്ട് 1,00,000 കോടി രൂപ വിറ്റുവരവ് കൈവരിക്കുന്ന രീതിയിലുള്ള ഒരു സ്കെയിൽ അപ്പ് പദ്ധതി

നടപ്പാക്കാൻ പോകുന്നു. 2022-23-ൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി വളരെ മികച്ച രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) വ്യവസായ സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

വ്യാവസായിക വളർച്ചയുളവാക്കുന്ന തരത്തിലുള്ള വ്യവസായ പാർക്കുകൾ രൂപീകരിക്കുന്നതിനും പാർക്കുകളിൽ അടിസ്ഥാന പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വ്യവസായ സംരംഭകരെ ആകർഷിച്ച് വിജയകരമായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഐ.ഡി.സി.-യേയും കിൻഫ്രയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

വ്യവസായ പ്രോത്സാഹനത്തിനായും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുംവേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കണ്ണൂരും കോഴിക്കോട്ടും ചേർത്തലയിലും വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ; തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക്; ചേർത്തലയിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്; പാലക്കാട് കെ.എസ്.ഐ.ഡി.സി. ഇൻവെസ്റ്റ്മെന്റ് സോൺ

തുടങ്ങിയവയാണ് സജ്ജമാക്കുന്നത്. കൂടാതെ പുതിയതായി ആരംഭിക്കുന്ന വ്യവസായ പാർക്കുകളാണ് കാസർഗോഡ് Industrial Space, അങ്കമാലിയിൽ Business Park, കുറ്റിയാടിയിൽ Industrial Park തുടങ്ങിയവ.

വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും KSIDC വ്യവസായ സംരംഭകർക്കായി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ ആന്തരിക റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, വൈദ്യുതി വിതരണം, ജലവിതരണം, ചുറ്റുമതിലുകൾ, മഴവെള്ള നിർമ്മാർജ്ജന ഓടകൾ, മലിനജല സംസ്കരണശാലകൾ, ഗേറ്റുകൾ, സെക്യൂരിറ്റി ക്യാബിനുകൾ, ഭരണനിർവ്വഹണ കെട്ടിടങ്ങൾ, ക്രെഷ് കെട്ടിടങ്ങൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ, വെയർ ഹൗസുകൾ തുടങ്ങിയവ KSIDC ഒരുക്കുന്നു.

വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും കെ.എസ്.ഐ.ഡി.സി.-യിലെ അലോട്ട്മെന്റ് പോളിസിപ്രകാരം വ്യവസായ യൂണിറ്റുകൾക്ക് പാട്ടവ്യവസ്ഥയിൽ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളോടുകൂടിയ ഭൂമിയും SDF (സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി)-യിൽ സ്ഥലവും അനുവദിക്കുന്നുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇവകൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വ്യവസായ പാർക്കുകളിൽ നടപ്പാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് സർക്കാർ ഉത്തരവുപ്രകാരം അവരുടെ ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിച്ചിട്ടുണ്ട്.

കിൻഫ്ര പാർക്കിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്താൽ സംരംഭകന് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 24 മാസത്തെ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. കിൻഫ്ര പാർക്കുകളിൽ നിശ്ചിത സമയത്തിനുള്ളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാത്തപക്ഷം ഭൂമി തിരികെ എടുക്കുന്നതിന് കിൻഫ്രയ്ക്ക് അധികാരമുണ്ട്. ഇപ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ഭൂമി തിരിച്ചെടുക്കുകയും അത് പുതിയ സംരംഭകർക്ക് അലോട്ട് ചെയ്യുകയും ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്.

നിലവിൽ 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി സംരംഭകർക്ക്

അലോട്ട് ചെയ്യുന്നത്. എന്നാൽ 30 വർഷം കഴിയുമ്പോൾ 5000 രൂപ രജിസ്ട്രേഷൻ ഫീ അടച്ച് അടുത്ത 30 വർഷത്തേയ്ക്ക് പുതുക്കാവുന്നതാണ്. പരമാവധി 90 വർഷംവരെ ഇത് തുടരാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുവഴിയാണ് ഭൂമി അലോട്ട് ചെയ്യുന്നത്. ഭൂമി കൂടുതൽ സുതാര്യമായും വേഗതയിലും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (Ease of Doing Business) നടപ്പാക്കിയിട്ടുണ്ട്. ഇതുവഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനംവഴി സമയബന്ധിതമായി ഇവ ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായാന്തരീക്ഷം കൂടുതൽ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി K-SWIFT (Kerala Single Window Interface for Fast & Transparent) സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

കൂടാതെ, 10 കോടി രൂപയിൽ താഴെ നിക്ഷേപം നടത്തുന്ന സംരംഭകർക്ക് ഓൺലൈൻവഴി അപേക്ഷ സമർപ്പിക്കുന്നതിനും സെൽഫ്

ഡിക്ലറേഷൻ സംവിധാനംവഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമുള്ള സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. ഇപ്രകാരം ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് അനുബന്ധ അനുമതികൾ 3 വർഷത്തിനുള്ളിൽ നേടിയെടുത്താൽ മതിയാകും.

വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് കിൻഫ്രയുടെ നേതൃത്വത്തിൽ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക്, കൊച്ചി, സ്പൈസസ് പാർക്ക്, തൊടുപുഴ, ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - കാക്കാഞ്ചേരി, മലപ്പുറം, അന്താരാഷ്ട്ര എക്സിബിഷൻ കം കൺവെൻഷൻ സെന്റർ (IECC) കാക്കനാട്, കൊച്ചി എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

**സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ നടപടി**

19(*499) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനും കൂടുതൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന്

കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.എൽ. സൗരോർജ്ജ നിലയങ്ങളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ-സി) ഉണ്ട്. കെ.എസ്.ഇ.ബി.എൽ. സൗരോർജ്ജ നിലയങ്ങളിൽനിന്നും 746 MW വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ഭൂമിയിൽ സ്ഥാപിക്കുന്ന ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ, വീടുകളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പിയിൽ സ്ഥാപിക്കുന്ന സോളാർ പ്ലാന്റുകൾ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ വിപുലമാക്കി വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാനത്ത് നിലവിൽ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി 746 MW ആണ്.

കഞ്ചിക്കോട്, നെന്മാറ എന്നിവിടങ്ങളിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ട് വിനിയോഗിച്ച് യഥാക്രമം 1.25 MW, 1.5 MW എന്നീ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ കൊച്ചുപമ്പയിൽ നിലവിലുള്ള പമ്പിംഗ് സ്കീം solaraise ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, Project Management Consultant ആയി തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 100 സൈറ്റുകളിലായി 1.92 MW-ന്റെ സൗരോർജ്ജ പദ്ധതികൾക്കായുള്ള നിർമ്മാണം/ടെണ്ടർ നടപടികളും കാസർഗോഡ് 100 MW-ന്റെ സോളാർ നിലയവും വെസ്റ്റ് കല്ലടയിൽ 50 MW ഫ്ലോട്ടിംഗ് സോളാർ നിലയവും സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടും കേന്ദ്ര ധനസഹായവും വിനിയോഗിച്ച് PM-KUSUM പദ്ധതിയുടെ 'Component C' പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ആകെ 11 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള

ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ മൂങ്കിൽമടയിൽ KWA-യുടെ ഉടമസ്ഥതയിലുള്ള 36 ഏക്കറോളംവരുന്ന ഭൂമിയിൽ 6 MW സ്ഥാപിതശേഷിയുള്ള ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയം സ്ഥാപിക്കാനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. PM-KUSUM പദ്ധതിയുടെ 'Component A' മുഖേന കർഷകർക്കോ/മറ്റ് നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽ മുടക്കി തരിശു ഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതിലേയ്ക്കായി 40 MW-ന്റെ താരിഫ് അധിഷ്ഠിത ബിഡ് ക്ഷണിക്കുകയും തെരഞ്ഞെടുത്ത കർഷകർക്ക് ഇതിൽ 5.5 മെഗാവാട്ട് സോളാർ പദ്ധതി സ്ഥാപിക്കാനായുള്ള വർക്ക് ഓർഡർ നൽകുകയുമുണ്ടായി.

സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് 'സൗര'. സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ,

ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. വൈദ്യുതി ഉപഭോഗം, താരിഫ് കാറ്റഗറി എന്നിവ അനുസരിച്ച് വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് ഗുണകരമാകുന്നവിധം വ്യത്യസ്ത മോഡലുകൾ കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുവച്ചിട്ടുണ്ട്.

എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന സൗര (ഫേസ്-I) Non subsidy പദ്ധതിയിൽ 3 മോഡലുകളാണ് നിലവിലുള്ളത്. ഉപഭോക്താവിന് യാതൊരുവിധ മുതൽമുടക്കും ഇല്ലാത്ത മോഡൽ 1, 2 എന്നിവയും ഉപഭോക്താവിന്റെ പൂർണ്ണ മുതൽമുടക്ക് വേണ്ടിവരുന്ന മോഡൽ 3-ഉം ആണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ മോഡൽ 1 തെരഞ്ഞെടുക്കുന്ന ഉപഭോക്താവിന് പുരപ്പുറം വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായി നിലയം ആകെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10 ശതമാനവും മോഡൽ 2 തെരഞ്ഞെടുക്കുന്നവർക്ക് 25 വർഷത്തേയ്ക്ക് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത താരിഫിൽ പൂർണ്ണമായും ലഭ്യമാകും. ഈ പദ്ധതിയിൽ നിലവിൽ 23 മെഗാവാട്ടിന്റെ 1937 നിലയങ്ങൾ കമ്മീഷൻ ചെയ്തു

പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. ഗാർഹിക ഉപഭോക്താക്കൾക്കുമാത്രം പങ്കാളികളാകാവുന്ന സൗര (PHASE-II) സബ്സിഡി പ്രോഗ്രാം (250MW) പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ടുവരെ ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 3 കിലോവാട്ടിനുമുകളിൽ 10 കിലോവാട്ടുവരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. 10 കിലോവാട്ടിനുമുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 കിലോവാട്ടിനുമുകളിൽ 500 കിലോവാട്ടുവരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്.

ഗാർഹിക ഉപഭോക്താക്കൾക്കുമാത്രമുള്ള സബ്സിഡി സ്കീമിൽ നിലവിൽ 112.80 മെഗാവാട്ടിന്റെ 30019 നിലയങ്ങൾ കമ്മിഷൻ ചെയ്തു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായി സബ്സിഡി ലഭ്യമാകാൻ വേണ്ട മുതൽമുടക്കാൻ സാമ്പത്തിക സൗകര്യമില്ലാത്ത ഉപഭോക്താക്കളെക്കൂടി ഈ പദ്ധതിയുടെ ഭാഗമാക്കാൻ മൂന്ന് തനതായ മോഡലുകളും കെ.എസ്.ഇ.ബി.എൽ. ഒരുക്കിയിട്ടുണ്ട്. കേരള മോഡൽ എന്ന

ഈ പദ്ധതിയിൽ ആകെ മുതൽമുടക്കിന്റെ 12 ശതമാനം, 20 ശതമാനം, 25 ശതമാനമാണ് ഉപഭോക്താക്കൾ മുതൽമുടക്കേണ്ടത്. മുതൽമുടക്കിന്റെ തോതനുസരിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ യഥാക്രമം 25 ശതമാനം, 40 ശതമാനം, 50 ശതമാനം വിഹിതം ലഭിക്കും. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല.

2019-20 വർഷത്തേയ്ക്ക് 50 മെഗാവാട്ടും 2020-21 വർഷത്തേയ്ക്ക് 200 മെഗാവാട്ടും സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. - ന് അനുമതി നൽകിയിരിക്കുന്നത്. പദ്ധതി പൂർത്തീകരണത്തിനുവേണ്ടി ട്രാക്കിംഗ് സംവിധാനത്തോടുകൂടി ഇ-കിരൺ (e-Kiran) മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

പദ്ധതിയിലേയ്ക്ക് പൊതുജനശ്രദ്ധ പിടിച്ചുപറ്റാനും പൊതുജനങ്ങൾക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ബോധ്യപ്പെടുത്താനും പദ്ധതിയിലേയ്ക്ക് ചേരാനും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെങ്കിലും വളരെക്കുറച്ച് ഉപഭോക്താക്കൾ മാത്രം പദ്ധതി തെരഞ്ഞെടുത്തതിനെത്തുടർന്ന് സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന മാർഗ്ഗരേഖ കണക്കിലെടുത്ത് കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളും

കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു.

സൗര പദ്ധതിയുടെ പുരോഗതിക്കായി ഇതിന്റെ ഏകോപനം, വിതരണ വിഭാഗത്തെ ഏൽപ്പിക്കുകയുണ്ടായി. തുടർന്ന് സർക്കിൾതലത്തിൽ ടാർഗറ്റ് നിശ്ചയിച്ചുനൽകി നിലയങ്ങളുടെ സർവ്വേ, രജിസ്ട്രേഷൻ, കമ്മീഷനിംഗ് ഇവ തുടർച്ചയായി ബോർഡുതലത്തിൽ അവലോകനങ്ങൾ നടത്തുകയും ചെയ്തു. മീറ്റർ അലോക്കേഷൻ, പവർ ക്വാളിറ്റി ടെസ്റ്റിംഗ് ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികളെടുത്തു. നെറ്റ് മീറ്റർ ലഭ്യത സർക്കിൾതലത്തിൽ ഉറപ്പുവരുത്തി. ആവശ്യമായ മീറ്ററുകൾ വാങ്ങി സർക്കിൾ സ്റ്റോറുകളിൽ എത്തിച്ചു. 50 കിലോവാട്ടുവരെയുള്ള നിലയങ്ങൾക്ക് PQ ടെസ്റ്റിംഗ് നടപടികൾ ലഘൂകരിച്ചു.

സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻവേണ്ടി സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും അവലോകനങ്ങൾ സംഘടിപ്പിക്കുകയും പദ്ധതി നടത്തിപ്പിന് നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തു വരുന്നു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്/അനെർട്ട് ഇവരുമായി സഹകരിച്ച് സൗര

പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടന്നുവരുന്നു.

സൗര പദ്ധതി ഗവൺമെന്റ് ജീവനക്കാരുടെയിടയിൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും കളക്ടറേറ്റുകൾതോറും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി.

ആകെ സൗര പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെ നിലവിൽ 135.80 മെഗാവാട്ടിന്റെ 31956 നിലയങ്ങൾ കമ്മിഷൻ ചെയ്തു. ഇതിൽ ഈ സർക്കാരിന്റെ കാലയളവിൽ സൗര പദ്ധതിയിൽ ആകെ 133.53 മെഗാവാട്ടിന്റെ അധിക വൈദ്യുതി ഗ്രിഡുമായി കൂട്ടിച്ചേർത്തിട്ടുണ്ട്.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനം കൂടിയതോടെ ചാർജ്ജിംഗിനായി വേണ്ടിവരുന്ന വൈദ്യുതിയുടെ ഉപയോഗവും ക്രമാതീതമായി കൂടിയിട്ടുണ്ട്. പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സൗരോർജ്ജ സംവിധാനമൊരുക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തികസഹായം നൽകിവരുന്നു.

സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പാക്കിവരുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിതഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് 'ഹരിത ഊർജ്ജ വരുമാന പദ്ധതി' അനെർട്ട് മുഖേന നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടപ്പാക്കിവരുന്നു.

തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് നടപ്പാക്കിവരുന്നു. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടിയന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും അനെർട്ട് നടപ്പാക്കിവരുന്നു.

റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി 'കുസും' പദ്ധതി 'Component B' പ്രകാരം കേന്ദ്ര സർക്കാർ 100 പമ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പി.എം.-കുസും പദ്ധതി 'Component C' പ്രകാരം കേരളത്തിന് 100 കാർഷിക പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര സർക്കാർ പ്രാരംഭ അനുമതി നൽകി. ഇതുവരെ ആകെ 47 (227kWp) പമ്പുകൾ സൗരോർജ്ജവൽക്കരിച്ചു. ഇതിലൂടെ പ്രതിവർഷം ഏകദേശം 3.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ളവയുടെ സൗരോർജ്ജവൽക്കരണം ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

പദ്ധതിയുടെ പ്രയോജനം കേരളത്തിലെ കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യവുമായി കേന്ദ്ര സർക്കാരിൽനിന്നും പി. എം. കുസും കോംപോണേന്റ്-സി.-ക്കായി 45000 അധിക പമ്പുകൾക്ക് അംഗീകാരം

നേടിയിട്ടുണ്ട്. കേരളത്തിൽ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഏകദേശം 4.5 ലക്ഷത്തോളം കാർഷിക പമ്പുകളിൽ 1 ലക്ഷത്തോളം പമ്പുകൾ ഈ പദ്ധതിവഴി സോളാറിലേയ്ക്ക് പരിവർത്തനം ചെയ്യാനുള്ള പദ്ധതികൾ അനെർട്ട് കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 9348 സൗരോർജ്ജവൽക്കരണ പദ്ധതികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും പിരിച്ചെടുക്കാനുള്ള നികുതി

20(*500) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പിരിച്ചെടുക്കാനുള്ള നികുതിയുടെ വിശദാംശം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളിൽനിന്നും (വിൽപ്പന നികുതി, എ.ഐ.ടി., മൂല്യവർദ്ധിത നികുതി) 31-03-2021 വരെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും മറ്റും പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

<u>അർബൻ</u>

സംസ്ഥാനത്തെ നഗരസഭകളിൽനിന്നും വിവിധ ഇനത്തിൽ പിരിച്ചെടുക്കാനുള്ള നികുതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

<u>റൂറൽ</u>

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും കെട്ടിട നികുതി ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ 2022-23 സാമ്പത്തിക വർഷം 65,346.79 ലക്ഷം രൂപ ഡിമാന്റും 48,325.34 ലക്ഷം രൂപ കളക്ഷനും 17,021.32 ലക്ഷം രൂപ ബാലൻസും ഉൾപ്പെടെ 74 ശതമാനം നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി 1418.01

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടി രൂപ ഡിമാന്റും 701.31 കോടി രൂപ കളക്ഷനും 716.76 കോടി രൂപ ബാലൻസും ഉൾപ്പെടെ 49.46 ശതമാനം നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 31,768.06 ലക്ഷം രൂപ ഡിമാന്റും 24,251.60 ലക്ഷം രൂപ കളക്ഷനും 4149.02 ലക്ഷം രൂപ ബാലൻസും ഉൾപ്പെടെ 82.23 ശതമാനം പ്രൊഫഷണൽ ടാക്സും ഈടാക്കിയിട്ടുണ്ട്.

<u>മോട്ടോർ വാഹന വകുപ്പ്</u>

മോട്ടോർ വാഹന വകുപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽനിന്നും പിരിച്ചെടുക്കാനുള്ള നികുതി 4,24,091/- രൂപയാണ്.

<u>എക്സൈസ് വകുപ്പ്</u>

സർക്കാർ സ്ഥാപനങ്ങളിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ യാതൊരു തുകയും പിരിച്ചെടുക്കാനില്ല.

<u>ലാൻഡ് റവന്യൂ</u>

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) സി.&എ.ജി.-യുടെ 2019-21 കാലയളവിലെ സംസ്ഥാനത്തിന്റെ വരുമാനം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുപ്രകാരം മൊത്തം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശികയുടെ മുപ്പത് ശതമാനവും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u>

സി.&എ.ജി.-യുടെ 2019-21 കാലയളവിലെ റിപ്പോർട്ടുപ്രകാരം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളിൽ (വിൽപ്പന നികുതി, എ.ഐ.ടി., മൂല്യവർദ്ധിത നികുതി) 13830.43 കോടി രൂപയുടെ നികുതി കുടിശ്ശികയാണുള്ളത്. ആയതിൽ 5577.10 കോടി രൂപ ബഹുമാനപ്പെട്ട ഹൈക്കോടതി തുടങ്ങി വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെടെയുള്ളതാണ്. 6878.65 കോടി രൂപ റവന്യൂ റിക്കവറി അധികാരികളുടെ നടപടിക്രമങ്ങളിൽ ഉൾപ്പെട്ടതാണ്. സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും പിരിച്ചെടുക്കാനുള്ള ആകെ നികുതി കുടിശ്ശിക 905.96 കോടി രൂപയാണ്. പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെടെ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽനിന്നും സംസ്ഥാന ജി.എസ്.ടി.

വകുപ്പിന്റെ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ നടപ്പാക്കിവരുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പ്</u>

<u>റ്റൂറൽ</u>

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും നഗരസഭകളിൽനിന്നും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി തുക പിരിച്ചെടുക്കുന്ന കാര്യം വളരെ ഗൗരവത്തോടെയാണ് തദ്ദേശസ്വയംഭരണ വകുപ്പ് കാണുന്നത്.

<u>രജിസ്ട്രേഷൻ വകുപ്പ്</u>

ഉണ്ട്

<u>മോട്ടോർ വാഹന വകുപ്പ്</u>

സി.&എ.ജി.-യുടെ 2019-21 കാലയളവിൽ പിരിച്ചെടുക്കാനുള്ള ആകെ നികുതി കുടിശ്ശിക 2098.9 കോടി രൂപയാണ്. ഇതിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ലഭിക്കാനുള്ളത് 86.61% ആണ്. 2017 മുതൽ 2019 വരെയുള്ള നികുതി കുടിശ്ശികയാണ് ഇത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക നികുതിയായി ലഭിക്കാനുള്ളത് 4,24,091/- രൂപയാണ്.

<u>ലാൻഡ് റവന്യൂ</u>

സർക്കാർ സ്ഥാപനങ്ങളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പിരിച്ചെടുക്കാനുള്ള തുക സംബന്ധിച്ച C&AG-യുടെ റിപ്പോർട്ട് ഗൗരവത്തോടെ കാണുന്നു.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നുമുള്ള നികുതിപിരിവ് കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നികുതിപിരിവ് കാര്യക്ഷമമാക്കാൻ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

<u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u>

നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽനിന്നും സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ തനത് നികുതി വരുമാന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ നടപ്പാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പുതലത്തിലും തഹസിൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്. ഇതുകൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് പുനഃസംഘടിപ്പിച്ച വകുപ്പ്

സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ്

അർബൻ

കേരളത്തിലെ നഗരസഭകളിൽ വസ്തു നികുതി, തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ നഗരസഭകളിലെ വാർഡുകൾതോറും നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നീ രീതികൾവഴി വ്യാപകപ്രചരണം നടത്തി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ അവധി ദിവസങ്ങളിലും നഗരസഭകളിൽ ക്യാഷ് കൗണ്ടറുകൾ തുറന്ന് നികുതി സ്വീകരിച്ചുവരുന്നുണ്ട്. നികുതി പിരിച്ചെടുക്കുന്നതിന്റെ പുരോഗതി മേഖലാ ജോയിന്റ് ഡയറക്ടർതലത്തിൽ അവലോകനം നടത്തി സെക്രട്ടറിമാർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശികയായിട്ടുള്ള നികുതി പിരിച്ചെടുക്കുന്നതിന് നികുതി കുടിശ്ശികയിന്മേലുള്ള പിഴപ്പലിശ മാർച്ച് 31 വരെ ഒഴിവാക്കി നൽകിയിട്ടുള്ളതുമാണ്.

റൂറൽ

പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക നികുതി പിരിവ്

കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനതലത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിലും ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തി നികുതിപിരിവ് കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്. വസ്തു നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഡിമാന്റ് നോട്ടീസ് നൽകുന്നതിന് 10 രൂപ സർവ്വീസ് ചാർജ്ജ് നൽകുകയും നികുതി പിരിവിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്തിട്ടുണ്ട്. നികുതി സമാഹരണം 100 ശതമാനം കൈവരിക്കുന്നതിനായി 31-03-2023-നുമുമ്പ് നികുതി അടയ്ക്കുന്ന എല്ലാ നികുതിദായകർക്കും 06-01-2023-ലെ സ.ഉ.(സാധാ)നം. 42/2023/തസ്വഭവ പ്രകാരം പിഴപ്പലിശ ഒഴിവാക്കിയിട്ടുണ്ട്. ഊർജ്ജിത നികുതിപിരിവിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ക്യാമ്പ്കളക്ഷൻ നടത്തുകയും നോട്ടീസുകൾ, ഉച്ചഭാഷിണികൾ, പ്രാദേശിക ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ എന്നിവവഴി പ്രചാരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. നിലവിൽ 100 ശതമാനം നികുതിപിരിവ് കൈവരിച്ച വാർഡ്/ഡിവിഷനുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പൊതുയോഗങ്ങളിൽ അനുമോദിക്കുന്നുണ്ട്. നൂറു

ശതമാനം നികുതിപിരിവ് കൈവരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പിരിവിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും സെക്രട്ടറിക്കും ക്യാഷ് ഇൻസെന്റീവ് നൽകുന്നുണ്ട്. 90 ശതമാനത്തിൽ കുറവ് നികുതിപിരിവ് കൈവരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവിഭാഗം പദ്ധതി വിഹിതത്തിൽനിന്നും ഒരു ശതമാനം തുക കുറവ് ചെയ്യുന്നതിന് 18-10-2022 -ലെ സ.ഉ(കൈ) നം.179/2022/ധന. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നികുതിദായകരുടെ സൗകര്യാർത്ഥം ഓൺലൈനായി നികുതി അടയ്ക്കുന്നതിനുള്ള സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കാനുള്ള നികുതി കുടിശ്ശിക അടയ്ക്കാൻ ഈ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലാൻഡ് റവന്യൂ

കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നിയമപ്രകാരം ജപ്തി, ലേലം, അറസ്റ്റ് തുടങ്ങിയവ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഐ.ജി.എസ്.ടി. പൂളിൽനിന്നും അർഹമായ വിഹിതം ലഭിക്കുന്നതിന് നടപടി

21(*501) ശ്രീമതി കെ. കെ. രമ:

ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന സർക്കാരിന് ഐ.ജി.എസ്.ടി. പൂളിൽനിന്നും അർഹതപ്പെട്ട നികുതി ലഭിക്കുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണെന്ന് വിശദമാക്കാമോ?

സംയോജിത ചരക്കുസേവന നികുതി നിയമം 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ ആയതിനു തുല്യമായ തുക കേന്ദ്ര ഗവണ്മെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു.

IGST കേരളത്തിലേയ്ക്ക് പ്രധാനമായും ലഭിക്കുന്നത് ബിസിനസ് ടു ബിസിനസ് (B2B) ഇടപാടുകളിൽനിന്നും ബിസിനസ് ടു കസ്റ്റമർ (B2C)

ഇടപാടുകളിലൂടെയുമാണ്.

(ബി) എൻ.എസ്.എസ്.ഒ. സാമ്പിൾ സർവ്വേപ്രകാരം ഇന്ത്യയിൽ ഏറ്റവുമധികം ചരക്കും സേവനവും ഉപയോഗിക്കുന്ന സംസ്ഥാനമായ കേരളത്തിന് അർഹമായ ഐ.ജി.എസ്.ടി. വരുമാനം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2023 ഫെബ്രുവരിവരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം അനുബന്ധമായി+ ചേർക്കുന്നു. Goods and Services Tax Settlement of Fund Rules, 2017 ചട്ടം അനുസരിച്ചാണ് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് നടക്കുന്നത്. നിലവിൽ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് നികുതിവരുമാനം ലഭിക്കുന്നുണ്ട്.

(സി) ഇ-വേ ബിൽ ഇനത്തിൽ സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. പൂളിൽനിന്നും ഐ.ജി.എസ്.ടി. വിഹിതം ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

ഇ-വേ ബിൽ ഇനത്തിൽ സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. പൂളിൽ നിന്നും ഐ.ജി.എസ്.ടി. വിഹിതം ലഭ്യമാക്കാൻ പ്രത്യേക വ്യവസ്ഥകളൊന്നും തന്നെയില്ല. സംയോജിത ചരക്കുസേവന നികുതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ ആയതിനുതുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു.

**സഹകരണരംഗത്ത് അടിസ്ഥാന വികസന പദ്ധതികൾ**

22(*502) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെയും സഹകാരികളുടെയും സാധാരണക്കാരുടെയും ആവശ്യങ്ങൾ വിലയിരുത്തി സഹകരണരംഗത്ത് അടിസ്ഥാന വികസന പദ്ധതികൾക്ക് രൂപം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

വിശദമാക്കാമോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെയും സഹകാരികളുടെയും സാധാരണക്കാരുടെയും ആവശ്യങ്ങൾ വിലയിരുത്തി സഹകരണ രംഗത്ത് അടിസ്ഥാന വികസന പദ്ധതികൾ രൂപം നൽകുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സംഘങ്ങളുടെ കരുതൽ ധനവും അഗ്രിക്കൾച്ചറൽ ക്രെഡിറ്റ്, സ്റ്റെബിലൈസേഷൻ ഫണ്ട്, ഗവൺമെന്റ് സഹായം എന്നിവ ഉപയോഗിച്ച് സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ സംരക്ഷണ നിധി/ സഹകരണ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്നതാണ്.

2. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

3. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് ഒരു ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

4. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

5. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ഓഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശനവ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും 2022-23 സാമ്പത്തിക വർഷം മുതൽ ഒരു പുതിയ സംരംഭമായ " സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" ആരംഭിച്ചിരിക്കുന്നു. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം,

സമാഹരണം (വീട്ടുപടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

7. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ്. സിസ്റ്റം നടപ്പാക്കി, എല്ലാ സേവനങ്ങളും ഓൺലൈനായി ഇടപാടുകാർക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

8. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ, ഒറ്റ ബ്രാൻഡിനുകീഴിലാക്കി പൊതുട്രേഡ്മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു.

9. സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും, വിൽപ്പന നടത്തുന്നതിനും അവരുടെ ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള വേദിയൊരുക്കുന്നതിനായി സഹകരണ എക്സ്പോ എല്ലാ വർഷവും ഏറ്റെടുത്തുനടത്തുന്നു.

10. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട്

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംഘങ്ങൾക്ക് സഹായധനം അനുവദിച്ചുവരുന്നു.

11. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരംഭകർ എന്നിവർക്കായി വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

12. വ്യക്തികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പകൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

13. തൊഴിലന്വേഷകർക്കും നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സ്കിൽ ലോൺ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

14. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യംവച്ച് നബാർഡ് ധനസഹായത്തോടെ PACS as MSC എന്ന വായ്പാപദ്ധതിയും കാർഷികേതര മേഖലയിൽ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരളാബാങ്ക് സമഗ്ര എന്ന പേരിലുള്ള വായ്പാ പദ്ധതിയും കേരള ബാങ്ക് നടപ്പാക്കിവരുന്നു.

(ബി) വായ്പ, വിദ്യാഭ്യാസം, ആതുര സേവനം എന്നിവയിൽ സഹകരണ മേഖലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലകളിലെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന്

വിശദമാക്കാമോ?

വായ്പ, വിദ്യാഭ്യാസം, ആതുരസേവനം എന്നിവയിൽ സഹകരണ മേഖലയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

<u>വായ്പ</u>

- സംസ്ഥാന സഹകരണ മേഖലയിൽ നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിനുപകരം സഹകരണ മേഖലയുടെ അപെക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് ദ്വിതല സംവിധാനത്തിലേയ്ക്ക് സംസ്ഥാനത്തെ സഹകരണ മേഖലയെ മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി കേരള ബാങ്ക് രൂപീകരിച്ചു. ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്കുള്ള മാറ്റം കേരള ബാങ്കിന്റെ അംഗങ്ങളും ഓഹരി ഉടമകളുമായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്കും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇടയാക്കി. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അടിത്തറയായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾവഴി കേരളത്തിലെ ഗ്രാമീണ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പാക്കാൻ സാധിച്ചു. എല്ലാവരെയും

ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനതന്ത്രം ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സമൂഹത്തിലെ നാനാമേഖലയിലുമുള്ള ജനങ്ങൾക്ക് ഗുണകരമാകുന്ന വിവിധതരത്തിലുള്ള വായ്പാപദ്ധതികൾ കേരള ബാങ്ക് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഭിന്നശേഷിക്കാർ, ചെറുകിട വഴിയോര കച്ചവടക്കാർ, ചെറു സംരംഭകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നിവർക്കായി വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

<u>വിദ്യാഭ്യാസം</u>

- സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി അവയെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുകീഴിലുള്ള സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

- പഠനം പൂർത്തിയാക്കിയവർക്ക് നൈപുണ്യ വികസനത്തിന് കളമൊരുക്കുന്നതിനുള്ള സ്ഥാപനം കേപ്പിന്റെ ആഭിമുഖ്യത്തിൽ

ആരംഭിച്ചിട്ടുണ്ട്. നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പരിശീലനം ലഭിക്കുന്നതിനായി കോഴ്സ് ഫീ, വായ്പയായി നൽകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

- നിലവിലുള്ള സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം സർക്കാർ നൽകിവരുന്നു.

<u>ആതുരസേവനം</u>

- സഹകരണ മേഖലയിലെ ആശുപത്രികൾ സ്തുത്യർഹമായ സേവനങ്ങളാണ് സമൂഹത്തിന് പ്രദാനം ചെയ്യുന്നത്. സഹകരണ മേഖലയിലെ ആശുപത്രികൾക്ക് ആധുനിക സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം സർക്കാർ നൽകിവരുന്നു. NCDC, RIDF എന്നിവയിൽനിന്നുള്ള സാമ്പത്തിക സഹായത്തോടുകൂടി അത്യാധുനിക സൗകര്യങ്ങൾ പല സഹകരണ ആശുപത്രികളിലും നടപ്പാക്കിയിട്ടുണ്ട്. സഹകരണ മേഖലയിലെ ആശുപത്രികളോടനുബന്ധിച്ച് Bsc നഴ്സിംഗ്, പിജി ഡിപ്ലോമ എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തൊഴിൽ സാധ്യതകളുള്ള ഡിപ്ലോമ കോഴ്സുകൾ

ആരംഭിക്കുന്നതിനും ഇതിനകം തീരുമാനിച്ചിട്ടുണ്ട്.

- സർക്കാരിന്റെ രണ്ടാംഘട്ട 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ' ഗുണമേന്മയുള്ള സാന്ത്വനപരിചരണം സഹകരണമേഖയിലൂടെ' എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വയനാട്, ആലപ്പുഴ ഒഴികെയുള്ള 12 ജില്ലകളിൽ 22 ആശുപത്രി സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിച്ചുപ്രവർത്തിക്കുന്നുണ്ട്.
- വിദ്യാഭ്യാസം, ആതുരസേവനം എന്നീ മേഖലകളിൽ സമഗ്രവികസനം ഉറപ്പാക്കുന്നതിനായി കേരളബാങ്ക് വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചുനടപ്പാക്കിവരുന്നു. സഹകരണ മേഖലയിലെ ആശുപത്രി സംഘങ്ങൾക്കായുള്ള വർക്കിംഗ് ക്യാപ്പിറ്റൽ ക്യാഷ് ക്രെഡിറ്റ് വായ്പകളും കാലാവധി വായ്പകളും വിദ്യാർത്ഥികൾക്കുള്ള വിവിധങ്ങളായ വായ്പകളും കേരളബാങ്ക് അനുവദിച്ചുവരുന്നുണ്ട്.

(സി) വ്യവസായം, ഉപഭോക്തൃസേവനം, ഭവനനിർമ്മാണം എന്നീ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായം, ഉപഭോക്തൃ സേവനം, ഭവനനിർമ്മാണം എന്നീ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- 2018-ലെ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചുനൽകുന്ന കെയർ ഹോം പദ്ധതിയുടെ ഭാഗമായി ഒന്നാംഘട്ടത്തിൽ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഭവനസമുച്ചയം നിർമ്മിച്ച് നൽകുന്നത് ലക്ഷ്യംവച്ചാണ് കെയർ ഹോം പദ്ധതി രണ്ടാംഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നതിന്റെ ഭാഗമായി പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള– പ്രാഥമിക

പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- ഉൽപ്പാദന മേഖലയിലിടപെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സഹകരണ വകുപ്പിന്റെ കീഴിലുള്ള ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നിവയിലൂടെ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ അനുവദിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ രണ്ടുവർഷത്തിനകം ഏകദേശം എഴുപതിനായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വനിതാ സഹകരണ സംഘങ്ങളെ ഉൽപ്പാദന യൂണിറ്റുകളാക്കി മാറ്റി അതിലൂടെ നൂതനമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- വ്യവസായ മേഖലയുടെ വികസനത്തിനായി സഹകരണ മേഖലയുടെ കൺസോർഷ്യത്തിലൂടെ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. കൂടാതെ രണ്ട് നെല്ല് സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു.

- ഉപഭോക്തൃ സഹകരണ സംഘങ്ങളെയും നീതി സ്റ്റോറുകളേയും ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം അനുവദിച്ചുനൽകുന്നുണ്ട്.
- വ്യവസായ കച്ചവട സംരംഭകർക്കായുള്ള വിവിധതരം വായ്പകൾ കേരള ബാങ്ക് നൽകിവരുന്നുണ്ട്. വിവിധ സംരംഭങ്ങൾ തുടങ്ങുന്നതിനും വിപുലീകരിക്കുന്നതിനും കച്ചവടക്കാർക്കും വായ്പ അനുവദിക്കുന്നുണ്ട്.

(ഡി) പ്രതിസന്ധി ഘട്ടങ്ങളിൽ സാധാരണ ജനങ്ങൾക്ക് സമാന്തര സാമ്പത്തിക സങ്കേതമായി പ്രവർത്തിക്കാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; സഹകരണ മേഖലയിൽ തനതായ മാതൃകകളും നൂതന പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രതിസന്ധിഘട്ടങ്ങളിൽ സാധാരണജനങ്ങൾക്ക് സമാന്തര സാമ്പത്തിക സങ്കേതമായി പ്രവർത്തിക്കാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിനായി സഹകരണ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തനതായ മാതൃകകളും നൂതന പദ്ധതികളും ചുവടെ ചേർക്കുന്നു.

1. ബ്ലേഡ് പലിശക്കാർ ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരുപരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ

താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതാണ് " മുറ്റത്തെ മുല്ല " ഗ്രാമീണ ലഘു വായ്പാ പദ്ധതി. 2018-ൽ പൈലറ്റ് പദ്ധതിയായി പാലക്കാട് ജില്ലയിലാണ് " മുറ്റത്തെ മുല്ല" ആദ്യം നടപ്പാക്കിയത്. നിലവിൽ ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പാക്കിവരുന്നു.

2. കേരളത്തിലെ തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികൾക്കും മത്സ്യവിപണന തൊഴിലാളികൾക്കും സഹകരണ മേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ ലഭ്യമാക്കുന്നതാണ് " സ്നേഹതീരം വായ്പ പദ്ധതി" .
3. ചെറുകിട വഴിയോരകച്ചവടക്കാർ, ചെറുസംരംഭകർ, ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നിവർക്കായി വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു.
4. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സമൂഹത്തിലെ വിവിധ മേഖലകളിലുണ്ടായ പ്രവർത്തനമാന്ദ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി

3750 കോടി രൂപയുടെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ നബാർഡിന്റെ സഹായത്തോടെ കാർഷിക-കാർഷികാനുബന്ധ മേഖലകളിലും ചെറുകിട കച്ചവട സംരംഭക മേഖലയിലും കേരള ബാങ്ക് മുഖേന വിതരണം ചെയ്തിട്ടുണ്ട്.

**സഹകരണ സംരംഭകത്വം വ്യാപകമാക്കാൻ പദ്ധതി**

23(*503) ശ്രീ. എം. മുകേഷ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലുള്ള ഇടപെടലിനുപുറമെ വ്യവസായ-വ്യാപാര-സേവന മേഖലകളിലുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്തപ്രകാരം സഹകരണ സംരംഭകത്വം വ്യാപകമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കൽ, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത

കൃഷിയിൽ സഹകരണമേഖലയുടെ നൂതന പദ്ധതി.

ടി പദ്ധതിയിൽ 7 ഉപഘടകങ്ങൾ ഉൾപ്പെടുന്നു. ടി പദ്ധതിയിലെ ഉപഘടകങ്ങളിലൊന്നാണ് " മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും" . സഹകരണ മേഖലയിലെ മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയുൾപ്പെടെ കൃഷിയുടെയും കാർഷിക അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനയ്ക്കായി ഓരോ ജില്ലയിലും സഹകരണ സംഘങ്ങളുടെ (സഹകരണ സംരംഭകത്വം)/സ്റ്റാർട്ടപ്പുകളുടെ മൂല്യവർദ്ധിത ക്ലസ്റ്ററുകൾ വികസിപ്പിക്കുക/ സജ്ജീകരിക്കുക എന്നതാണ് ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൃഷി-അനുബന്ധ ഉൽപ്പന്നങ്ങളും അടിസ്ഥാനമാക്കിയാണ് ക്ലസ്റ്ററുകൾ രൂപീകരിക്കുക. കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധന, സംസ്കരണം, വിപണനം എന്നീ വിഭാഗങ്ങളിലായി ക്ലസ്റ്ററുകൾ പ്രവർത്തിക്കുകയും മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിച്ച് അവയെ വ്യവസായങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും സഹകരണസംഘങ്ങളെ സന്നദ്ധരാക്കാൻ ടി പദ്ധതിയിലൂടെ സാധിക്കുന്നു.

ഉത്പാദന സേവന മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള KB

സുവിധ (MSME), KB സുവിധ പ്ലസ് (MSME), KBGST മിത്ര ((MSME), KB മിത്ര (MSME), KB യുവമിത്ര ((MSME), KB സ്മാർട്ട് ((MSME), KB പ്രവാസി കിരൺ ((MSME), KB പ്രവാസി ഭദ്രത ((MSME), KB ഭക്ഷ്യസംസ്കരണ-സൂക്ഷ്മ-വ്യവസായ സംരംഭ മേഖല (MSME), KB നവജീവൻ (MSME), KB വനിത പ്ലസ് ബിസിനസ് വായ്പ (MSME) എന്നീ MSME വായ്പകൾ കേരളബാങ്ക് ആവിഷ്കരിച്ചുനടപ്പാക്കിയിട്ടുണ്ട്.

സംരംഭകത്വം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി Micro, Small, Medium സംഘങ്ങൾക്ക് ലോൺ നൽകുന്ന പദ്ധതി പ്രാഥമിക സംഘങ്ങളിലൂടെ നടപ്പാക്കുന്നതാണ്.

കൂടാതെ വനിതാസംഘങ്ങളെ ഉത്പാദന യൂണിറ്റുകളാക്കുന്നതിനുള്ള പദ്ധതി വ്യവസായ വകുപ്പുമായിച്ചേർന്ന് നടപ്പാക്കുന്നതാണ്.

(ബി) വ്യവസായ വകുപ്പിന്റെ സഹായത്തോടെ തൊള്ളായിരത്തിയൻപത് വനിതാ വ്യവസായ സഹകരണ സംഘങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ വനിതാസംഘങ്ങളെ കാര്യക്ഷമവും പ്രവർത്തന മികവുമുള്ള സംരംഭകരാക്കുക എന്നതുമായി ബന്ധപ്പെട്ട് സഹകരണവകുപ്പ് വ്യവസായ വകുപ്പുമായിച്ചേർന്ന് പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു.

(സി) സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്ക് രൂപീകരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

**സംസ്ഥാന വനിതാഫെഡിന്റെ ശാക്തീകരണം**

24(*504) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാഫെഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

പ്രാഥമിക വനിതാസഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കേരള വനിത സഹകരണ ഫെഡറേഷൻ (വനിതാഫെഡ്) 01-04-2003-ന് പ്രവർത്തനമാരംഭിച്ചു. സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ

പുരോഗതി കൈവരിക്കുന്നതിനുതകുന്നതരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/സേവനപരിശീലനം എന്നീ പ്രവർത്തനങ്ങൾ അംഗസംഘങ്ങൾവഴി നടപ്പാക്കുകയെന്നുള്ളതാണ് ഫെഡറേഷന്റെ പ്രധാന പ്രവർത്തനം.

സർക്കാർ ധനസഹായം വിനിയോഗിച്ച് അംഗസംഘങ്ങൾക്കാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ ഫെഡറേഷൻ വായ്പ നൽകിവരുന്നു. വനിതകളുടെ ഉന്നമനത്തിനായി വനിതാസംഘങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും സംഘങ്ങൾക്ക് ഡ്രൈവിംഗ് സ്കൂളുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുന്നതിനും വായ്പ നൽകിവരുന്നു. ഇതിനുപുറമെ വിവിധ സംഘങ്ങൾക്ക് പേപ്പർ/തുണി സഞ്ചി നിർമ്മാണം, മാസ്ക് നിർമ്മാണം, ഗാർമെന്റ് മേക്കിംഗ്, ക്യാന്റീൻ എന്നീ പദ്ധതികൾക്കായി വായ്പ നൽകിയിട്ടുണ്ട്. ഇതോടൊപ്പം അംഗസംഘങ്ങൾക്ക് ഓർഡിനറി ലോണും (O.L.) ആവശ്യാനുസരണം നൽകിവരുന്നു. ഇതിനുപുറമെ അംഗസംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനപരിപാടികൾ നടപ്പാക്കിവരുന്നു. ഈ പ്രവർത്തനങ്ങൾ നടപ്പാക്കിയതുവഴി പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിന് അംഗസംഘങ്ങളെ പ്രാപ്തരാക്കുന്നതിന്

സാധിച്ചിട്ടുണ്ട്.

വനിതാദിനത്തോടനുബന്ധിച്ച് അംഗസംഘങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘങ്ങൾക്ക് അവാർഡ് നൽകിവരുന്നു. അംഗസംഘങ്ങൾക്ക് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള സഹായസഹകരണങ്ങൾ നൽകിവരുന്നു.

(ബി) വനിതാഫെഡിൽ അംഗത്വമുള്ള വനിതാസംഘങ്ങളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വനിതാഫെഡിന്റെ ആഭിമുഖ്യത്തിൽ വനിതാഫെഡിന്റെ അംഗസംഘങ്ങളുടെ മേഖലാതല യോഗം സംസ്ഥാനത്ത് ഓരോ ജില്ലയിലുമായി നടത്താറുണ്ട്. സംഘങ്ങൾക്ക് പ്രാദേശികമായി നടപ്പാക്കാൻ സാധിക്കുന്ന പദ്ധതികളെ സംബന്ധിച്ചും പദ്ധതികൾ എങ്ങനെ നടപ്പാക്കാമെന്നും അതിന് വനിതാഫെഡിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനെസംബന്ധിച്ചും ചർച്ചകൾ നടത്തുകയും സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യാറുണ്ട്.

(സി) നിഷ്ക്രിയമായോ മന്ദഗതിയിലോ പ്രവർത്തിക്കുന്ന വനിതാ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

എന്തെല്ലാമെന്ന് അറിയിക്കാമോ; ആയതിന് ക്രിയാത്മകമായ കർമ്മപദ്ധതിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസവും തൊഴിൽശേഷിയുമുള്ള വനിതകളെ ഉല്പാദന-വിതരണ-വികസന മേഖലകളുടെ ഭാഗമാക്കുന്നതിനും ഇത്തരം വനിതാ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും പുതിയ നയപരിപാടികൾക്ക് രൂപം നൽകുമോ; വിശദമാക്കുമോ?

(സി&ഡി) സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനുതകുന്നതരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/സേവന പ്രവർത്തനങ്ങൾ അംഗസംഘങ്ങൾവഴി നടപ്പാക്കുകയെന്നുള്ളതാണ് ഫെഡറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനായി പിന്നോക്കം നിൽക്കുന്ന വനിതാസംഘങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രാദേശികതലത്തിൽ അവർക്ക് നടപ്പാക്കാൻ സാധിക്കുന്ന പദ്ധതികൾക്കാവശ്യമായ സഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അംഗസംഘങ്ങൾവഴി അഭ്യസ്തവിദ്യരായ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുന്നതിന് വനിതാഫെഡ് സഹായങ്ങൾ നൽകിവരുന്നു. നിഷ്ക്രിയമായും മന്ദഗതിയിലും പ്രവർത്തിക്കുന്ന

വനിതാസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും വിദ്യാഭ്യാസവും തൊഴിൽ ശേഷിയുമുള്ള വനിതകളെ ഉല്പാദന-വിതരണ-വികസന മേഖലകളുടെ ഭാഗമാക്കുന്നതിനും ഇത്തരം വനിതാസംഘങ്ങളെ ശാക്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വനിതാസംഘങ്ങളെ ഉല്പാദന കേന്ദ്രങ്ങളാക്കുന്നതിന് വ്യവസായ വകുപ്പിന്റെ സഹായത്തോടെയുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

## വ്യവസായ മേഖലയുടെ വികസനം

25(*505) ശ്രീ. ആന്റണി ജോൺ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയും സർവ്വകലാശാലകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ സ്റ്റാർട്ടപ്പുകളുടെ ഇൻകുബേഷൻ സെന്ററുകളാക്കി മാറ്റുന്നതിനും കഴിയുന്നതരത്തിൽ സംസ്ഥാനത്തിന്റെ വ്യവസായമേഖല വികസിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾക്ക് പുരോഗതിയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ

സ്ഥാപനങ്ങൾ, ശാസ്ത്ര സാങ്കേതിക രംഗത്തും വിപണന രംഗത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശക്തിപ്പെടുന്നതിനായി ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് സാഹചര്യമൊരുക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

എഞ്ചിനീയറിംഗ് കോളേജുകൾ/ പോളിടെക്നിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുക്കുന്ന നൂതന ആശയങ്ങൾ/പ്രോട്ടോടൈപ്/ലാബ് സ്കെയിൽ പദ്ധതികളുടെ വാണിജ്യപരമായ ഉത്പാദനം, സംരംഭങ്ങൾ തുടങ്ങിയവ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളും പരിശോധിച്ചു വരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് പൊതുമേഖലയിൽ തൊഴിൽ പരിശീലനം നൽകുന്നതിനും അവരുടെ സാങ്കേതിക രംഗത്തുള്ള കഴിവുകൾ പൊതുമേഖലയ്ക്ക് പ്രയോജനപ്പെടുത്താനാവുന്ന തരത്തിലുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ

വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനും സ്ഥാപനങ്ങളിലെ ഗവേഷണ ഫലവുമായി ബന്ധപ്പെട്ട ഉൽപ്പാദന വ്യവസായങ്ങൾക്ക് പ്രസ്തുത പാർക്കുകളിൽ പ്രാധാന്യം നൽകുന്നതിനുള്ള പദ്ധതിയും നടപ്പാക്കുന്നതാണ്.

വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന കോമൺ ഫെസിലിറ്റി സെന്ററുകൾ ഉൾപ്പെടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിനുശേഷമുള്ള അധിക ഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റാർട്ടപ്പ് സംരംഭകർക്കാവശ്യമായ വിവിധ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനുകൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

**സംരംഭങ്ങളും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയും തമ്മിലുള്ള ലിങ്കേജ്**

ഗുണമേന്മയും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തുക, യന്ത്രവൽക്കരണം വർദ്ധിപ്പിക്കുക, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സ്വീകരിക്കുക, മലിനീകരണം ലഘൂകരിക്കുക തുടങ്ങിയ മേഖലകളിൽ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരങ്ങൾ

നൽകുന്നതിനുള്ള ഗവേഷണം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ ഗ്രാന്റ് നൽകുന്നു.

റിസർച്ച് പ്രോഗ്രാമിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 2022-23 സാമ്പത്തിക വർഷത്തിൽ പരമാവധി 6 മാസത്തേയ്ക്ക് പ്രതിമാസം 10,000 രൂപ ഗ്രാന്റ് ലഭിക്കും.

ഷെഡ്യൂൾ ചെയ്ത സമയക്രമത്തെ അടിസ്ഥാനമാക്കി വിദ്യാർത്ഥികൾ പ്രോജക്റ്റ് പൂർത്തിയാക്കുമ്പോൾ, സർവ്വകലാശാല ഗവേഷണ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഫയർ സേഫ്റ്റി എഞ്ചിനീയറിംഗ് രംഗത്തെ അനുഭവപരിജ്ഞാനം പങ്കിടുന്നതിനായി CUSAT-മായും ഡിജിറ്റൽ വിനിമയ രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലകളിലെ പരിജ്ഞാനം വ്യാവസായിക മേഖലയ്ക്കുതകുന്നതിനായി യഥാക്രമം NIT കോഴിക്കോട്/MITS എന്നിവരുമായി യോജിച്ച് BPCL പ്രവർത്തിക്കുന്നുണ്ട്.

(ബി) കൊച്ചിൻ റിഫൈനറിയുമായി ബന്ധപ്പെട്ട കൊച്ചി പെട്രോകെമിക്കൽ പാർക്കിന് ഡൗൺ സ്ട്രീം വ്യവസായ വികസനത്തിൽ ഗണ്യമായ പങ്ക് വഹിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോയെന്നും ഈ മേഖലയിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോയെന്നും

വിശദമാക്കാമോ?

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.-യിൽനിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79 ഏക്കർ ഭൂമിയിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര മുഖേന പുരോഗമിച്ചുവരുന്നു. Anchor Investor ആയ ബി.പി.സി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണവും അതുവഴി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പെട്രോകെമിക്കൽ വ്യവസായങ്ങളുടെ ഒരു ക്ലസ്റ്റർ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ 35 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പെട്രോകെമിക്കൽ പാർക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപവും പതിനായിരത്തോളംപേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. ജൂലൈ 2024-ഓടുകൂടി പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രോജക്ടിനുള്ള ഫീഡ്സ്റ്റോക്ക് പോളിമർ ഗ്രേഡ് പ്രൊപ്പിലീനും അക്രിലിക് ആസിഡ്, ഓക്സോ ആൽക്കഹോൾ, അക്രിലേറ്റുകൾ എന്നീ

ഉൽപ്പന്നങ്ങൾ നിലവിൽ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. പദ്ധതി പൂർത്തിയാകുന്നതോടെ വിലയേറിയ വിദേശനാണ്യം ലഭിക്കുന്നതിനുള്ള ഒരു 'മേയ്ക്ക് ഇൻ ഇന്ത്യ' സംരംഭമായി ഇത് മാറും. അതുപോലെ, പുതിയ പോളിപ്രൊപ്പെലിൻ പദ്ധതി നടപ്പാക്കുന്നതോടുകൂടി ഈ മേഖലയിലെ കൂടുതൽ അനുബന്ധ വ്യവസായങ്ങൾക്ക് പോളിപ്രൊപ്പെലിന്റെ വിവിധ ഗ്രേഡ് ലഭ്യമാകുന്നതുമാണ്.

(സി) ഐ.എസ്.ആർ.ഒ., ഷിപ്പ്‌യാർഡ് തുടങ്ങിയവയെ വ്യവസായ വികസനത്തിന്റെയും അതുമായി ബന്ധപ്പെട്ട ഗവേഷണത്തിന്റെയും രംഗത്ത് ആസൂത്രിതമായി ഉപയോഗപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കുമോ?

മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി വിപണന മേഖലാ വിപുലീകരണം ലക്ഷ്യമിട്ട് എഞ്ചിനീയറിംഗ്/ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് സെക്ടറുകളിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന വിവിധ ഉപകരണങ്ങൾ, യന്ത്രഭാഗങ്ങൾ, കാസ്റ്റിംഗുകൾ, ഫോർജിംഗുകൾ എന്നിവയുടെ വിപണി വിപുലീകരിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി ISRO/VSSC/Cochin Shipyard തുടങ്ങി ഇരുപതോളം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് 27-12-2022-ന് കൊച്ചിയിൽ

ബിസിനസ് അലയൻസ് സംഗമം സംഘടിപ്പിച്ചു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും നിർമ്മാണശേഷിയും സാങ്കേതിക സൗകര്യങ്ങളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദന/നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ISRO/VSSC/Cochin Shipyard എന്നീ സ്ഥാപനങ്ങൾക്കാവശ്യമായതും വളരെയധികം കൃത്യത ആവശ്യമുള്ളതും സങ്കീർണ്ണവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും അനുയോജ്യമായ രീതിയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള സാമ്പത്തികസഹായം ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KELTRON), സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ

ഫോർജിംഗ്സ് ലിമിറ്റഡ് (SIFL) എന്നീ സ്ഥാപനങ്ങൾ ഇന്ത്യൻ പ്രതിരോധവകുപ്പിനും പ്രതിരോധ ഗവേഷണസ്ഥാപനമായ DRDO-യ്ക്കും ആവശ്യമായ ഉന്നതസാങ്കേതികവും തന്ത്രപ്രധാനവുമായ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി പരസ്പരം സഹകരിച്ചുപ്രവർത്തിക്കുന്നുണ്ട്.

കെൽട്രോൺ, SIFL, SIDCO, KAL എന്നിവ ISRO-യ്ക്ക് ആവശ്യമായ ഉൽപ്പന്നങ്ങളും യന്ത്രഭാഗങ്ങളും മറ്റ് സാങ്കേതിക സംവിധാനങ്ങളും നിർമ്മിച്ച് നൽകിവരുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ കൊച്ചിൻ ഷിപ്പ് യാർഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ എയ്റോ നോട്ടിക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കാവശ്യമായ ഉൽപ്പന്നങ്ങൾ കെൽട്രോൺ നിർമ്മിച്ചുനൽകിവരുന്നുണ്ട്.

(ഡി) കെ.എം.എൽ. പോലുള്ള വ്യവസായ സ്ഥാപനങ്ങളുടെ മൂല്യവർദ്ധിത വ്യവസായ സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എം.എം.എൽ.-മായി ബന്ധപ്പെട്ട മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വ്യവസായസാധ്യതകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി Pearlescent ടൈറ്റാനിയംഡയോക്സൈഡും സിർക്കോണിയംകാർബണേറ്റും

ഉൽപ്പാദിപ്പിക്കുന്ന പ്ലാന്റുകളുടെ സാങ്കേതികവിദ്യ ലഭ്യമാകാൻ ആഗോളതലത്തിൽ താല്പര്യപത്രം ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച രണ്ട് ഓഫറുകൾ പരിശോധിച്ചുവരുന്നു.

ഇതുകൂടാതെ നിലവിലെ ടൈറ്റാനിയംസ്പോഞ്ചിന്റെ ഉല്പാദനവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി MIDHANI, NFC, DMRL, VSSC തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുമായിച്ചേർന്ന് 2023 ജനുവരി 31-ന് കൊച്ചിയിൽവച്ച് ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത സ്ഥാപനങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് എയ്റോസ്പേസ് ഗ്രേഡിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമുള്ള തുടർനടപടികൾ ആവിഷ്കരിച്ചുവരുന്നു.

**ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് കാര്യക്ഷമമാക്കാൻ നടപടി**

26(*506) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ.എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് കാര്യക്ഷമമാക്കാൻ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയും ടാക്സ്പെയർ യൂണിറ്റുകളിലെ പ്രോപ്പർ ഓഫീസർമാർ അവരുടെ അധികാരപരിധിയിൽ വരുന്ന നികുതിദായകരെ ഓരോ മാസവും റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിക്കുമുമ്പും അതിനുശേഷവും നേരിട്ടോ ഫോൺ മുഖാന്തരമോ നിരന്തരം ബന്ധപ്പെടുകയും ഫയൽ ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. റിട്ടേൺ ഫയൽ ചെയ്യാൻ വീഴ്ചവരുത്തുന്ന നികുതിദായകർക്ക് സിസ്റ്റംതന്നെ "3A" നോട്ടീസ് യഥാസമയം അയയ്ക്കുന്നുണ്ട്. “ 3A" നോട്ടീസ് നൽകി നിശ്ചിത സമയത്തിനുള്ളിൽ ഫയൽ ചെയ്യാത്ത നികുതിദായകരിൽനിന്നും പ്രസ്തുത കാലയളവിലേയ്ക്കുള്ള പലിശയും ലേറ്റ് ഫീയും ഈടാക്കിവരുന്നുണ്ട്. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ 2 മാസത്തിൽ കൂടുതൽ വീഴ്ചവരുത്തിയാൽ ഇ-വേ ബിൽ എടുക്കുന്നത് തടയപ്പെടുന്നു. കൂടാതെ 6 മാസത്തിൽ കൂടുതൽ കാലയളവിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നവരുടെ രജിസ്ട്രേഷൻ സ്വമേധയാ റദ്ദ് ചെയ്യുന്നുണ്ട്. സമയബന്ധിതവും കൃത്യവുമായ ജി.എസ്.ടി. റിട്ടേൺ ഫയലിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് നികുതിദായകരെ ബോധവത്കരിക്കുന്നതിന് വകുപ്പ് പതിവായി ബോധവൽക്കരണ കാമ്പയിനുകളും വർക്ക്ഷോപ്പുകളും നടത്തുന്നു. റിട്ടേൺ

ഫയലിംഗ് പ്രശ്നങ്ങൾ നേരിടുന്ന നികുതിദായകർക്ക് പിന്തുണ നൽകുന്നതിനായി വകുപ്പ് സഹായകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി.ആർ.1 (ഡീറ്റെയ്ൽഡ്), ജി.എസ്.ടി.ആർ.3 ബി. (സമ്മറി) എന്നിവയുടെ ഫയലിംഗിലെ അപാകതകൾ സി.&എ.ജി.- യുടെ 2019-21 കാലയളവിലെ സംസ്ഥാന വരുമാനം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപാകതകൾ കാരണം ജി.എസ്.ടി.ആർ. 1-ലേയും ജി.എസ്.ടി.ആർ. 3 ബി.-യിലേയും വിവരങ്ങൾ തമ്മിൽ ഒത്തുനോക്കാനും നികുതി വെട്ടിക്കുന്നവരെയും പുതുതായി ജി.എസ്.ടി. രജിസ്ട്രേഷൻ ചെയ്യേണ്ടവരെയും കണ്ടെത്താൻ വകുപ്പിന് സാധിക്കുന്നില്ലെന്ന സി.&എ.ജി.-യുടെ കണ്ടെത്തൽ ഗൗരവമേറിയതാണോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) പരിശോധിച്ചിട്ടുണ്ട്. 2019-21 കാലയളവിലെ സി.&എ.ജി. റിപ്പോർട്ടിൽ ജി.എസ്.ടി.ആർ.-1, ജി.എസ്.ടി.ആർ.-3 ബി എന്നിവയുടെ ഫയലിംഗിന്റെ വിശദാംശങ്ങൾ പരാമർശിച്ചിട്ടുണ്ട്. ഏപ്രിൽ 2019 മുതൽ മാർച്ച് 2021 വരെയുള്ള കാലയളവിൽ ജി.എസ്.ടി.ആർ.-3 ബി റിട്ടേൺ ഫയൽ ചെയ്തതിനെ അപേക്ഷിച്ച് ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്ത

വ്യാപാരികളുടെ ശതമാനക്കണക്ക് കുറവായിട്ടാണ് സി.&എ.ജി. കണ്ടെത്തിയത്. ഇത് 2020-21 & 2021-22 കാലയളവിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. വകുപ്പ് ഇത്തരം കേസുകൾ പരിശോധിച്ച് കാലാകാലങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിരുന്നു.

ജി.എസ്.ടി. നിയമപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് സെക്ഷൻ 47 പ്രകാരം ലേറ്റ് ഫീ ഓരോ ദിവസവും ഒടുക്കേണ്ടതുണ്ട്. കൂടാതെ, നിയമത്തിലെ വ്യവസ്ഥകൾപ്രകാരം ഒരു വ്യാപാരി തന്റെ ജി.എസ്.ടി.ആർ.-1 റിട്ടേൺ ഫയൽ ചെയ്യാത്തപക്ഷം, സാധനങ്ങൾ വാങ്ങിയ വ്യാപാരിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ സാധിക്കുകയില്ല. ഇതുവഴി സർക്കാരിന് ഉണ്ടായേക്കാവുന്ന നികുതി ചോർച്ച ഒരുപരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്. ജി.എസ്.ടി.ആർ.-1, ജി.എസ്.ടി.ആർ.-3 ബി എന്നിവ ഒത്തുനോക്കി നികുതിനിർണ്ണയം നടത്തുന്നത് സ്ക്രൂട്ടിണി പാരാമീറ്റേഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പാരാമീറ്ററുകൾപ്രകാരം 2019-20 വരെ റിട്ടേൺ സ്ക്രൂട്ടിനി നടത്തി കേസുകൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നികുതി നിർണ്ണയത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കോവിഡ് സാഹചര്യവും മറ്റ് പല കാരണങ്ങൾകൊണ്ടും സമയപരിധിക്കുള്ളിൽ റിട്ടേൺ ഫയൽ ചെയ്യാൻ സാധിക്കാത്തവർക്ക് റിട്ടേൺ ഫയലിംഗ് മെച്ചപ്പെടുത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. കൂടാതെ, sequential filing of GSTR1 ആണ് ഇപ്പോൾ നിലനിൽക്കുന്നത്.

അതായത്, ജി.എസ്.ടി. നിയമം 37(4) പ്രകാരം ഒരു വ്യാപാരി മുൻമാസത്തെ ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്തിട്ടില്ലെങ്കിൽ തുടർന്നുവരുന്ന മാസം ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്യാൻ സാധിക്കുകയില്ല. സെക്ഷൻ 39(10) പ്രകാരം ഒരു വ്യാപാരി മുൻമാസത്തെ ജി.എസ്.ടി.ആർ.-3 ബി അല്ലെങ്കിൽ ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്തിട്ടില്ലെങ്കിൽ തുടർന്നുവരുന്ന മാസം ജി.എസ്.ടി.ആർ.-3 ബി ഫയൽ ചെയ്യാനും സാധിക്കുകയില്ല. പ്രസ്തുത പദ്ധതികൾപ്രകാരം റിട്ടേൺ ഫയലിംഗിൽ നല്ല പുരോഗതി ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ജനവരി 2023-ലെ ജി.എസ്.ടി.എൻ.-ന്റെ കണക്കുപ്രകാരം സംസ്ഥാനത്തിന്റെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് ദേശീയ ശരാശരിയേക്കാളും ഉയർന്നതാണ്. ഇപ്പോൾ നിലനിൽക്കുന്ന റിട്ടേൺ ഫയലിംഗ് സംവിധാനം കാര്യക്ഷമവും സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കത്തക്കതുമാണ്.

## കിഫ്ബി മുഖേനയുള്ള പുതിയ പദ്ധതികൾ

27(*507) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കിഫ്ബിയെ സംശയത്തിന്റെ പുകമറയിൽ നിർത്തി സംസ്ഥാനത്തിന്റെ വികസനം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഇ.ഡി.-യുടെ അധികാരപരിധി കവിഞ്ഞുള്ള പ്രവർത്തനമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാർ ഏജൻസികൾ നിയമാനുസൃതം മാത്രം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

മുൻകാലങ്ങളിലെന്നപോലെ കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പാക്കിവരുന്നത്. ആദ്യം സി.&എ.ജി. തുടർന്ന് ആദായ നികുതി വകുപ്പ് നിലവിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇങ്ങനെ തങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെയും നിയന്ത്രണ

സംവിധാനങ്ങളെയും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുകയാണ് കേന്ദ്ര സർക്കാർ. നിലവിൽ ഇ.ഡി. അന്വേഷണം സംബന്ധിച്ച ഒരു കേസ് കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

കിഫ്ബി മസാലാ ബോണ്ട് സംബന്ധിച്ച അന്വേഷണത്തിന് ആധാരം എന്താണെന്നു ചോദിച്ചതിന് രണ്ടു കാരണങ്ങളാണ് ഇ.ഡി. ഹൈക്കോടതിയിൽ അറിയിച്ചത്. അദ്യത്തേത്, സി.എ.ജി.-യുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നിയമലംഘനമാണ്. എന്നാൽ ഇതിൽ കോടതി നിരീക്ഷിച്ചത് നിയമസഭ നിരാകരിച്ച CAG റിപ്പോർട്ടിലെ പരമാർശങ്ങൾ കണക്കിലെടുത്ത് ഒരന്വേഷണം നടത്താനാകുമോ എന്നത് കോടതിക്ക് സംശയമാണെന്നാണ്.

രണ്ടാമത്തെ കാരണമായി ഇ.ഡി. ചൂണ്ടിക്കാട്ടിയത് FEMA ലംഘനം സംബന്ധിച്ച പരാതിയാണ്. RBI-യുടെ മാസ്റ്റർ സർക്കുലറിൽ വിദേശ വായ്പാത്തുക ഉപയോഗിച്ചുകൂടാത്ത ചില മേഖലകളുണ്ട് (end usage negative list). അതിൽ ഒന്ന് റിയൽ എസ്റ്റേറ്റ് നിക്ഷേപമാണ്. ഈ നിരോധിത നിക്ഷേപങ്ങളിൽ മസാലാ ബോണ്ട് പണം ഉപയോഗിച്ചിട്ടുണ്ടോ എന്നതാണ് അന്വേഷിക്കുന്നതെന്ന നിലപാടാണ് ഇ.ഡി. സ്വീകരിച്ചത്.

എന്നാൽ ഈ പണം എങ്ങനെ ഉപയോഗിക്കുന്നുവെന്നതു സംബന്ധിച്ച്

നിശ്ചിത ഫോറത്തിലുള്ള പ്രതിമാസ റിപ്പോർട്ട് ചാർട്ടേർഡ് അക്കൗണ്ടന്റ് പരിശോധിച്ച് Authorised Dealer ബാങ്ക് മുഖേന RBI-യ്ക്ക് സമർപ്പിക്കുന്നുണ്ടെന്നും നാളിതുവരെ RBI ഒരു സംശയവും ഉന്നയിച്ചിട്ടില്ലെന്നും കിഫ്ബി കോടതിയെ അറിയിച്ചിരുന്നു. ഏതൊക്കെ മേഖലകളിൽ ഏതൊക്കെ പദ്ധതികളിലാണ് ഈ തുക ഉപയോഗിച്ചതെന്നും കോടതിയെ അറിയിച്ചു. കിഫ്ബിയുടെ ഈ വാദം വളരെ പ്രസക്തമാണെന്നാണ് കോടതി നിരീക്ഷിച്ചത്. ഈ സാഹചര്യത്തിൽ RBI-യെ സ്വമേധയാ കക്ഷി ചേർക്കാൻ കോടതി തീരുമാനിച്ചു. മസാലാ ബോണ്ടുമായി ബന്ധപ്പെട്ട് പാലിക്കേണ്ട എല്ലാ റിപ്പോർട്ടിംഗ് നടപടികളും കിഫ്ബി നാളിതുവരെ മുടക്കമില്ലാതെ ചെയ്തിട്ടുണ്ടെന്ന് റിസർവ്വ് ബാങ്ക് ഹൈക്കോടതിയിൽ അറിയിച്ചിട്ടുണ്ട്. ഫെമ ആക്റ്റിനുകീഴിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് റിസർവ്വ് ബാങ്ക് അംഗീകാരത്തോടെയാണ് കിഫ്ബി മസാലാ ബോണ്ട് പുറപ്പെടുവിച്ചത്. നാളിതുവരെ ഇതുസംബന്ധിച്ച് ഒരാക്ഷേപവും റിസർവ്വ് ബാങ്കിനില്ല.

കിഫ്ബി സമർപ്പിച്ചിട്ടുള്ള രേഖകളുടെ പ്രാഥമിക പരിശോധനയിൽത്തന്നെ ദൂരീകരിക്കാവുന്ന ഈ വിഷയത്തിൽ 2 വർഷം

കഴിഞ്ഞിട്ടും ഇ.ഡി. നടത്തിവരുന്ന അന്വേഷണം തികച്ചും അധികാര ദുരുപയോഗമാണ്. ഇത്തരത്തിലുള്ള ഇടപെടലുകളെ സർക്കാർ നിയമപരമായി നേരിടും.

(ബി) സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനായി കിഫ്ബി പുതുതായി അയ്യായിരത്തി അറുനൂറ്റി എൺപത്തി രണ്ട് കോടി രൂപയുടെ അറുപത്തിനാല് പദ്ധതികൾക്കുകൂടി അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇവ ഏതെല്ലാമെന്ന് അറിയിക്കാമോ?

2023 ഫെബ്രുവരി മാസം നടന്ന ബോർഡ്, എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിലായി കിഫ്ബി അയ്യായിരത്തി അറുനൂറ്റി എൺപത്തി രണ്ട് കോടി രൂപയുടെ പുതിയ അറുപത്തിനാല് പദ്ധതികൾക്കുകൂടി അംഗീകാരം നൽകി. പദ്ധതികളുടെ വിവരം അനുബന്ധമായി+ നൽകുന്നു.

അംഗീകാരം നൽകിയ പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ റോഡുവികസനത്തിന് സ്ഥലമേറ്റെടുപ്പുൾപ്പെടെ 3414.16 കോടി രൂപയുടെ 36 പദ്ധതികളും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പിനുകീഴിൽ കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുടെ ഭാഗമായി ചിലവന്നൂർ ബണ്ട് റോഡ് പാലത്തിന് 32.17 കോടി രൂപയുടെ പദ്ധതിയും എളംകുളം സിവറേജ് പ്ലാന്റിന് 341.97 കോടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ പദ്ധതിയും ഉൾപ്പെടുന്നു. കൂടാതെ ആരോഗ്യ വകുപ്പിനുകീഴിൽ 605.49 കോടി രൂപയുടെ 8 പദ്ധതികൾക്കും ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 600.48 കോടി രൂപയുടെ 9 പദ്ധതികൾക്കും ജലവിഭവ വകുപ്പിനുകീഴിൽ 467.32 കോടി രൂപയുടെ 3 പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ 42.04 കോടി രൂപയുടെ 2 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ തൃശ്ശൂർ കോർപ്പറേഷനിലെ ആധുനിക അറവുശാലയും 12 ഇടങ്ങളിൽ ആധുനിക ശ്മശാനങ്ങളും ഉൾപ്പെടുന്നു. പത്തനംതിട്ടയിലെ ബ്ലെസ്സൺ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന് 47.93 കോടി രൂപയുടേയും 8 സ്കൂളുകളുടെ നവീകരണത്തിനായി 31.11 കോടി രൂപയുടേയും അനിമൽ ഹസ്ബൻഡറി വകുപ്പിനുകീഴിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ നിർമ്മാണത്തിനായി 10.24 കോടി രൂപയുടേയും അനുമതി നൽകി.

(സി) സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ മുഖേനയുള്ള പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിച്ചിട്ടുണ്ട്.

പദ്ധതികളുടെ ഡിസൈനിംഗ്ഘട്ടം മുതൽ ഇത്തരത്തിലുള്ള സഹായങ്ങൾ ഉറപ്പുവരുത്തുന്നു. സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി അതത് പദ്ധതിനിർവ്വഹണ ഏജൻസികൾക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുകയും കൃത്യമായ ഇടവേളകളിൽ പദ്ധതിപുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾ, വകുപ്പുകൾ എന്നിവരെ ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിലെ തടസ്സമൊഴിവാക്കാൻ കിഫ്ബിക്കുകീഴിലുള്ള ടെക്നിക്കൽ റിസോഴ്സ് സെന്റർ (TRC) മുഖേന വേണ്ട സഹായങ്ങൾ എസ്.പി.വി.-കൾക്ക് ലഭ്യമാക്കുന്നുണ്ട്.

## ദ്യുതി പദ്ധതി

28(*508) ശ്രീമതി ദെലീമ:
ശ്രീ ഒ. ആർ. കേളു:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണമെന്ന ലക്ഷ്യം നേടിയതിന്റെ തുടർച്ചയായി തടസ്സരഹിതമായി വൈദ്യുതി താങ്ങാവുന്ന

നിരക്കിൽ എന്ന ലക്ഷ്യം നേടുന്നതിന് നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

തടസ്സരഹിതമായി വൈദ്യുതി നൽകുന്നതിനായി സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ഇ.ബി.എൽ. തുടങ്ങിയ പദ്ധതിയാണ് ദ്യുതി-1. ഇതിനായി ദ്യുതി-1 പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂഗർഭ കേബിൾ നിർമ്മാണം, ABC ഉപയോഗിച്ചുള്ള എച്ച്.റ്റി.ലൈൻ/എൽ.റ്റി.ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിതശേഷികൂട്ടുന്ന പ്രവൃത്തികൾ, എച്ച്.റ്റി.ലൈനും എൽ.റ്റി.ലൈനും റീ-കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണനഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കി നിലവിലുള്ള ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി അടുത്ത 5 വർഷത്തേയ്ക്കുള്ള (2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) 4016.10 കോടി രൂപയുടെ പദ്ധതി രൂപരേഖ (ദ്യുതി 2.0) കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതപദ്ധതിയായ RDSS – ൽ വിതരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കായി 2225.88 കോടി രൂപയുടെയും വിതരണ, ഉപപ്രസരണ ശാക്തീകരണ ആധുനികവത്കരണ പ്രവൃത്തികൾക്കായി 1908 കോടി രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. 60 % വരെ ഗ്രാന്റാണ് കേന്ദ്ര സർക്കാർ നൽകുന്നത്. രണ്ടാംഘട്ടമായി ഏകദേശം 11000 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ നടപ്പാക്കിവരുന്നു. ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണമേഖലയിൽ നടപ്പാക്കുന്ന പദ്ധതിയായ 'ദ്യുതി 2021' ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനും താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനായും ഉദ്ദേശിച്ചിട്ടുള്ളതാണ്.

- സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം

ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ എല്ലാവർക്കും ലഭ്യമാക്കുക.

- വൈദ്യുതി സേവനം നൽകുന്നതിലുള്ള നഗര - ഗ്രാമ വിവേചനം ഒഴിവാക്കുക.
- വൈദ്യുതി വിതരണത്തിലെ സാങ്കേതിക-വാണിജ്യ നഷ്ടങ്ങൾ(ം) പരമാവധി കുറയ്ക്കുക.
- ഏറ്റവും മെച്ചപ്പെട്ട സുരക്ഷാമാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക.
- പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക.

വൈദ്യുതിശൃംഖലയിലെ വിതരണനഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് കൺവെർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഊർജ്ജ കേരള മിഷന്റെ ഭാഗമായ ദ്യുതി 1.0, 2.0-ന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

2018-ൽ ആരംഭിച്ച ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 3225 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രധാനമായും 2766 കി.മീ. 11 കെ.വി. ലൈനും 4647 കി.മീ. എൽ.ടി. ലൈനും പുതുതായി നിർമ്മിക്കുകയും 2833 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 27515 കി.മീ. എൽ.ടി. ലൈനും 1175 കി.മീ. 11 കെ.വി. OH ലൈനും റീ-കണ്ടക്ടറിംഗ് നടത്തുകയും 1658 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5.7 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ ഇതിനോടകം മാറ്റി സ്ഥാപിക്കുകയും 440522 സർവ്വീസ് കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടിൽനിന്നും 30.86 കോടി രൂപ ചെലവഴിച്ച് 28308 ബി.പി.എൽ. കണക്ഷനുകൾ നൽകിയിട്ടുണ്ട്.

ഈ ഗവൺമെന്റിന്റെ ആദ്യ 100 ദിന പരിപാടിയുമായി ബന്ധപ്പെട്ട് ദ്യുതി പദ്ധതിയിലുൾപ്പെട്ട 175 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും 191.84 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം 100 ദിന പരിപാടിയിൽ 250 കോടി രൂപയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ 2026 -27 വരെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണമേഖല ശക്തിപ്പെടുത്തുന്നതിനുമായി 4016 കോടി രൂപയുടെ പദ്ധതികൾ ദ്യുതി - 2-ൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപയും വൈദ്യുതി കമ്പികൾ (എൽ.ടി. ലൈനുകൾ) പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്പേസറുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റുന്നതിനായി 150 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) വിതരണ ശൃംഖലയിലുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന്റെ ആവൃത്തിയും ദൈർഘ്യവും കുറയ്ക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ദ്യുതി പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്ന ദ്യുതി പദ്ധതിയിൽ 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ എന്നിവ കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ദ്യുതി - 1 പദ്ധതിയിൽ 3415.76 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2018-2022 കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ തുടർച്ചയായി

വൈദ്യുതീകരണത്തിനായി 73.6 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) വൈദ്യുതി വാഹനങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അധിക ഊർജ്ജാവശ്യകതകൂടി നിറവേറ്റാൻ കഴിയുന്ന തരത്തിലാണോ വിതരണ ശൃംഖലയുടെ ശാക്തീകരണം നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള ദ്യുതി-1 പദ്ധതിയുടെ തുടർച്ചയായി വിതരണരംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി നടത്താൻ തീരുമാനിച്ചിട്ടുള്ള ദ്യുതി 2.0 പദ്ധതിയുടെ പ്രധാനപ്പെട്ട ഒരു ലക്ഷ്യം ഇലക്ട്രിക് മൊബിലിറ്റിയുടെ വളർച്ച സുഗമമാക്കുകയെന്നതാണ്. ഇത്തരത്തിലുള്ള ലക്ഷ്യം നടപ്പാക്കാനായി ദ്യുതി 2.0-ൽ 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## ദേശീയ ഹൈവേയ്ക്ക് കിഫ്ബി ഫണ്ടുപയോഗിച്ച് സ്ഥലമേറ്റെടുപ്പ്

29(*509) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. മുകേഷ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പാക്കിയ കിഫ്ബി പദ്ധതിക്ക് സമാനമായ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാർ നടപ്പാക്കിയ കിഫ്ബിക്ക് സമാനമായ National Bank for Financing Infrastructure and Development (NBFID) എന്ന സംവിധാനം കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. National Bank for Financing Infrastructure and Development Act, 2021 മുഖേനയാണ് ഇത് രൂപീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ ദീർഘകാല നോൺ റിസോഴ്സ് വികസനത്തെ പിന്തുണയ്ക്കുന്നതിനും രാജ്യത്ത് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസിംഗ് തുടരുന്നതിനുമാവശ്യമായ ഡെറിവേറ്റീവ് മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് ധനസഹായം നൽകുന്നതിനുമായാണ് ഈ സംവിധാനം ആവിഷ്കരിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് സമസ്ത മേഖലകളിലും കിഫ്ബിവഴി നടത്തി വരുന്ന വികസനപ്രവർത്തനങ്ങൾ തടയുംവിധം കിഫ്ബിയുടെ കടമെടുപ്പിനെ പൊതുകടത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന കേന്ദ്ര സർക്കാർ നയം തിരുത്തുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് അറിയിക്കാമോ?

കിഫ്ബിയുടെ കടമെടുപ്പിനെ പൊതുകടത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന കേന്ദ്ര സർക്കാർ നയത്തിലെ നിയമപ്രശ്നങ്ങളെല്ലാം ചൂണ്ടിക്കാട്ടി ഇവ സംസ്ഥാനത്തിന്റെ പ്രവർത്തനത്തേയും വികസന താല്പര്യങ്ങളേയും എങ്ങനെ തടസ്സപ്പെടുത്തുന്നുവെന്ന് വിശദമാക്കുന്ന കത്തുകൾ കേന്ദ്ര സർക്കാരിന് ഇതിനോടകം നൽകിയിട്ടുണ്ട്. കൂടാതെ ഈ നിയമപ്രശ്നങ്ങളെല്ലാം വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം മന്ത്രിസഭയുടെ അംഗീകാരത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് അയച്ചിട്ടുണ്ട്.

(സി) പതിറ്റാണ്ടുകളായി സാധ്യമാകാതിരുന്ന ദേശീയ ഹൈവേ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ച് സ്ഥലമേറ്റെടുക്കുന്നതടക്കമുള്ള നടപടികൾ അതിവേഗം നടപ്പാക്കാൻ കഴിഞ്ഞതുകൊണ്ട് ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടം സംബന്ധിച്ച വിശദാംശം നൽകുമോ?

കേരളത്തിലെ സ്ഥലമെടുപ്പിനുള്ള ഉയർന്ന ചെലവിന്റെ പേരിൽ പതിറ്റാണ്ടുകളായി തഴയപ്പെട്ട സംസ്ഥാനത്തെ ദേശീയപാതാ വികസനം, ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25% സംസ്ഥാനത്തിന്റെ വിഹിതം NHAI-യ്ക്ക് കിഫ്ബി നൽകിയതോടെ പുനരുജ്ജീവിക്കുകയാണുണ്ടായത്.

സംസ്ഥാനത്തിന്റെ 25% വിഹിതത്തിൽ NHAI-യ്ക്ക് മൊത്തം 6769 കോടി രൂപയാണ് കിഫ്ബി മുഖേന സംസ്ഥാനം അനുവദിച്ചത്. ഈ തുക കിഫ്ബി സമയോചിതമായി നൽകിയതിലൂടെ, ഭൂമി ഏറ്റെടുക്കലിനായി ശേഷിക്കുന്ന 75% നൽകാൻ NHAI-യെ നിർബന്ധിതരാക്കി. ഇതിനാൽ NH വികസനം വേഗത്തിലായി. ഫലത്തിൽ, KIIFB അനുവദിച്ച 6,769 കോടി രൂപ ക്രൌഡിംഗ് എഫക്റ്റ് (Crowding Effect) കാരണം NHAI-ൽനിന്ന് ഭൂമി ഏറ്റെടുക്കലിനായി 20,307 കോടി രൂപയും റോഡുകളുടെ നിർമ്മാണത്തിനും അനുബന്ധ ചെലവുകൾക്കുമായി ഏകദേശം 34,500 കോടി രൂപയുടെ അധികനിക്ഷേപവും കൊണ്ടുവരാൻ സാധിച്ചു. ഇത്തരത്തിൽ ഏകദേശം 55,000 കോടി രൂപയുടെ മൊത്തം നിക്ഷേപം (NHAI-ൽ നിന്നുള്ള LA + നിർമ്മാണ ചെലവുകൾ) സംസ്ഥാനത്ത് ഉറപ്പുവരുത്താനും സാധിച്ചു.

ഈ ഹൈവേ വികസനം കിഫ്ബി മുന്നോട്ടുവയ്ക്കുന്ന വികസന ഇടനാഴികൾ, ഗിഫ്റ്റ് സിറ്റി, വ്യാവസായിക പാർക്കുകൾ തുടങ്ങി മറ്റ് വലിയ വികസന പദ്ധതികൾക്കും വളരെ നിർണ്ണായകമാണ്.

(ഡി) കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നടപടി അതിജീവിക്കുന്നതിനും വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും ബദൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃക നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായാണ് സർക്കാർ കാണുന്നത്. പക്ഷേ, കേന്ദ്രം ഉയർത്തുന്ന പ്രതിബന്ധങ്ങൾ കണ്ട് കേരളത്തിന്റെ ബദലിനെയോ അതിന്റെ നന്മകളെയോ വഴിയിലുപേക്ഷിക്കാൻ സർക്കാർ തയ്യാറല്ല. ഈ പുതിയ സാഹചര്യത്തെ അതിജീവിക്കാൻ സംസ്ഥാനത്തിന്റെ ധനകാര്യ-വികസന-ആസൂത്രണ സമീപനത്തിൽ കാതലായ മാറ്റം ആവശ്യമാണ്. ഇതുസംബന്ധിച്ച സർക്കാരിന്റെ നയം 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ത്രിതല നയമാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുക.

ഒന്ന്: ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങളെ തകർക്കുന്നതും സംസ്ഥാനങ്ങളുടെ ധനകാര്യ ഇടം വെട്ടിച്ചുരുക്കുന്നതുമായ നയങ്ങൾക്കെതിരെ യോജിച്ച ചെറുത്തുനിൽപ്പ് സംഘടിപ്പിക്കും. വിവിധ സംസ്ഥാന സർക്കാരുകളെ സഹകരിപ്പിച്ച് ഫെഡറൽമൂല്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.

രണ്ട്: നികുതി-നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സംസ്ഥാനത്തിന്റെ ആഭ്യന്തര

ഉൽപ്പാദനവും ആളോഹരി വരുമാനവും വർദ്ധിക്കുന്നുണ്ട്. എന്നാൽ അത് സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ പൂർണ്ണമായും പ്രതിഫലിക്കുന്നില്ല. കാരണം, സംസ്ഥാനത്തിന്റെ നികുതി അധികാരം പരിമിതമായതാണ്. നികുതി-നികുതിയേതര വരുമാനം ശേഖരിക്കാനുള്ള സംസ്ഥാനത്തിന്റെ പരിമിതമായ അധികാരം പരമാവധി കാര്യക്ഷമമായി ഉപയോഗിക്കും. നികുതിഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി. വകുപ്പിനെ സമഗ്രമായി പുനഃസംഘടിപ്പിച്ചു. രാജ്യത്ത് നികുതി വകുപ്പിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച ആദ്യ സംസ്ഥാനമാണ് കേരളം. നികുതി ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തവും ജാഗ്രതയും പരമാവധിയാക്കുന്നതിന് സർക്കാർ ശ്രമിക്കും.

മൂന്ന്: മൂന്നാമത്തെ മാർഗ്ഗം വിഭവങ്ങളുടെ ഏറ്റവും കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുകയെന്നതാണ്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ വളരെ സുസജ്ജമായ ഭരണസംവിധാനമാണ് കേരളത്തിനുള്ളത്. ജീവനക്കാരുടെ എണ്ണം, ഓഫീസ് സൗകര്യങ്ങൾ, വാഹനങ്ങളുടെ ലഭ്യത, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയവയിലെല്ലാം സംസ്ഥാനത്തിന്റെ സ്ഥിതി മെച്ചപ്പെട്ടതാണ്. ബൃഹത്തായ ഈ സംവിധാനത്തിന്റെ കാര്യക്ഷമതയും ഉൽപ്പാദനക്ഷമതയും

വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയെന്ന വെല്ലുവിളി ഏറ്റെടുക്കുകയും ഭരണസംവിധാനത്തെ വിജ്ഞാന സമൂഹത്തിന് ചേർന്ന വിധത്തിൽ പുനഃസംഘടിപ്പിക്കുകയും ചെയ്യും. വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം ഭരണസംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ കേരളത്തിലുണ്ട്. സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കും. സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങി വിജ്ഞാനോൽപ്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കും.

**ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ പാർക്ക്**

30(*510) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ പാർക്ക് ആരംഭിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഓരോ നിയോജകമണ്ഡലത്തിലും ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ അനുയോജ്യമായ ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കിക്കൊണ്ടും പദ്ധതിയുടെ പ്രായോഗികതാപഠനം നടത്തിയും വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടർ മുഖേനയും സർക്കാർ ഏജൻസികളായ കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവ മുഖേനയും നടത്തിവരുന്നു. കൂടാതെ, സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റ്

സ്വകാര്യ സംരംഭകരോ അനുയോജ്യമായ ഭൂമി ലഭ്യമാക്കിക്കൊണ്ട് മുന്നോട്ടുവന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ധനസഹായം സർക്കാർ നൽകുന്നതിനുള്ള പദ്ധതി പ്രയോജനപ്പെടുത്തി സ്വകാര്യ പാർക്കുകൾ ആരംഭിക്കാവുന്നതാണ്.

(ബി) ഇപ്രകാരം തുടങ്ങുന്ന എല്ലാ വ്യവസായ പാർക്കുകളിലും ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും പാർക്കുകളിലും മാനുഫാക്ച്ചറിംഗ് യൂണിറ്റുകൾക്കാണ് സ്ഥലം അനുവദിക്കുന്നത്. എല്ലാ വ്യവസായ പാർക്കിലും ഐ.ടി. അധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഇത്തരമൊരു നിർദ്ദേശം തൽക്കാലം പരിഗണനയിലില്ല. അനുയോജ്യമായ സ്ഥലം, എയർപോർട്ടിന്റെ സാമീപ്യം, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ഐ.ടി. അധിഷ്ഠിത പാർക്കുകൾ സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നാഷണൽ ഹൈവേ വികസനം

1(5970) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എത്ര രൂപയാണ് സംസ്ഥാന സർക്കാർ ചെലവിടുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 25% വിഹിതം സംസ്ഥാന സർക്കാർ വഹിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയുടെ ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ വിഹിതം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയുടെ ഭൂമി ഏറ്റെടുക്കുന്നതുസംബന്ധിച്ച ശിപാർശ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുമതി നൽകുന്നതാണ്.

### ക്രഷർ നികുതി നിർണ്ണയത്തിലെ ക്രമക്കേട് - തിരുത്തൽ നടപടി സംബന്ധിച്ച്

2(5971) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള ജി-സാൻഡ് എന്ന ക്രഷർ യൂണിറ്റിന് നികുതി വെട്ടിപ്പിനുള്ള കോംപൗണ്ടിംഗ് തുകയായ 8 ലക്ഷം രൂപ പിഴ ചുമത്തിയിട്ടുണ്ടോ; എന്നാൽ ഇതേ കുറ്റം ചെയ്ത ബി.എസ്. എന്റർപ്രൈസസ് എന്ന ക്രഷർ യൂണിറ്റിന് 31 ലക്ഷം രൂപ പെനാൽറ്റി പ്രൊപ്പോസ് ചെയ്തതിനുശേഷം പെനാൽറ്റി ഒന്നര ലക്ഷം രൂപയായി സെറ്റിൽ ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഇന്റലിജൻസ് ഓഫീസർ സ്ക്വാഡ്-5 തിരുവനന്തപുരം സ്വീകരിച്ച നടപടിക്രമങ്ങൾ ക്രമവിരുദ്ധമാണെന്ന് വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ 28-12-2018-ലെ CT/20421/2017-A5 നമ്പർ കത്തുപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെ റിപ്പോർട്ടിന്മേൽ നികുതി വകുപ്പിന്റെ ഡി1/89/2018-നികുതി, ഡി1/95/2018-നികുതി എന്നീ ഫയലുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ-സി) ഇതുസംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വാണിജ്യ

നികുതി വകുപ്പ് കമ്മീഷണറുടെ റിപ്പോർട്ട് നികുതി വകുപ്പിന്റെ ഡി1/89/2018-നികുതി നമ്പർ ഫയലിൽ പരിശോധിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്. ഡി1/95/2018-നികുതി നമ്പർ ഫയൽ ടി വിഷയവുമായി ബന്ധപ്പെട്ടതല്ല.

(ഡി) ഒരു വകുപ്പിലെ സൂപ്പർവൈസറി ഓഫീസർ കണ്ടെത്തുന്ന ഇത്തരം ക്രമക്കേടുകളിന്മേൽ നടപടി സ്വീകരിക്കാൻ സർക്കാർ അനുമതി ആവശ്യമുണ്ടോ;

(ഇ) ഈ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ വാണിജ്യ നികുതി വകുപ്പിന് നിയമപരമായ തടസ്സങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(ഡി&ഇ) KCS(CC&A) റൂൾപ്രകാരം ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട നിയമനാധികാരിയിൽ നിക്ഷിപ്തമാണ്.

**പ്രളയ സെസ്സിലൂടെ ലഭിച്ച തുക**

3(5972) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ്സിലൂടെ ലഭിച്ച തുക ഏതെല്ലാം പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ട അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനുംശേഷം റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ഭാഗമായി മൂലധന നിക്ഷേപപ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളുടെ ചട്ടക്കൂട് 12-10-2018-ലെ ജി.ഒ.(പി) നമ്പർ 161/2018/ധന. പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനർനിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളിലൊന്നായിരുന്നു ജി.എസ്.ടി.-യിലെ സെസ്സ്. കേരള പ്രളയ സെസ്സ് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് വന്നുചേരുന്നത്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നുചേരുന്ന ഫണ്ടുകൾ നേരിട്ട് വിനിയോഗിക്കാൻ കഴിയില്ല. ഒരു പ്രത്യേക പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫംഗ്ഷണൽ എക്സ്പെൻഡിച്ചർ ഹെഡ്ഡിലേയ്ക്കാവശ്യമായ ഫണ്ട് അനുവദിച്ച്

നൽകിക്കൊണ്ടാണ് ഇത് വിനിയോഗിക്കുന്നത്.

ഭൗതിക നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക്, കേരള പ്രളയ സെസ്സ് ഉൾപ്പെടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽനിന്നും സമാഹരിച്ച വരുമാനത്തിൽനിന്നും ആവശ്യമായ ബഡ്ജറ്റ് വിഹിതം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ബഡ്ജറ്റ് ശീർഷകത്തിലാണ് വകയിരുത്തുന്നത്. പ്രവൃത്തികളുടെ പുരോഗതിക്കനുസരിച്ചാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

**ജി.എസ്.ടി.-യിൽനിന്ന് തദ്ദേശസ്ഥാപനങ്ങൾക്ക് വിഹിതം**

4(5973) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി.-യിൽനിന്ന് ലഭ്യമാകുന്ന പണത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം പാലിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2017-18 സാമ്പത്തിക വർഷം ചരക്കുസേവന നികുതി നിലവിൽ വന്നതിനെത്തുടർന്ന് പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതിയിനത്തിലുണ്ടായ നഷ്ടം 30-10-2018-ലെ സ.ഉ.(സാധാ)നം.

8957/2018/ധന. പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാംഭാഗ റിപ്പോർട്ടിലെ പതിനഞ്ചാം നമ്പർ ശിപാർശയിന്മേലുള്ള സർക്കാർ തീരുമാനപ്രകാരം 2020-21-ൽ ചരക്കുസേവന നികുതി ഏർപ്പെടുത്തിയതിനെത്തുടർന്ന്, വിനോദ നികുതിയും പരസ്യ നികുതിയും പ്രാദേശിക സർക്കാരുകൾ പിരിക്കുന്നത് നിർത്തലാക്കിയതുവഴിയുണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കുന്നതാണെന്ന് 08-01-2021-ലെ സ.ഉ.(എം.എസ്.) നം.6/2021/ധന. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2020-21 വർഷത്തിൽ ഭൂരിഭാഗം സമയവും കോവിഡ്-19 മൂലം സിനിമാ തിയേറ്ററുകൾ അടഞ്ഞുകിടന്നതിനാൽ വിനോദ നികുതി ഗണ്യമായി പിരിച്ചിട്ടില്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കണമെന്ന തീരുമാനം പ്രാവർത്തികമാക്കേണ്ടെന്ന് 04-11-2022-ലെ സ.ഉ.(സാധാ) നം. 7455/2022/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്.

**ബുക്ക് ഓഫ് ഫിനാൻഷ്യൽ പവേഴ്സ്**

5(5974) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ വകുപ്പ് ബുക്ക് ഓഫ് ഫിനാൻഷ്യൽ പവേഴ്സ് എന്ന ഔദ്യോഗിക ഡോക്യുമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പ്+ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്രസ്തുത ഡോക്യുമെന്റിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കി വിശദാംശം നൽകാമോ?

വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുള്ള സാമ്പത്തിക അധികാരങ്ങൾ, വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുള്ള പ്രത്യേക അധികാരങ്ങൾ, വകുപ്പ് മേധാവിയുടെ താഴെയുള്ള സബോർഡിനേറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ, ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് പൊതുവെ നൽകിയിട്ടുള്ള സാമ്പത്തിക അധികാരങ്ങൾ എന്നിവയാണ് ബുക്ക് ഓഫ് ഫിനാൻഷ്യൽ പവേഴ്സിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിലവിൽ 07-08-2017-ലെ GO(P)No.102/2017/Fin. അനുസരിച്ച് ഭരണവകുപ്പുകൾക്കും വകുപ്പുമേധാവികൾക്കും സാമ്പത്തിക അധികാരം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പുമേധാവികൾക്ക് കീഴിലുള്ള ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് സാമ്പത്തിക അധികാരം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേധാവി, ധന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളിലെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന എംപവേർഡ് കമ്മിറ്റി ചേർന്ന് സാമ്പത്തിക അധികാരം നിശ്ചയിക്കുന്നതിന് 07-08-2017-ലെ GO(P)No.102/2017/Fin പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്.

## ഹെൽത്ത് ഗ്രാന്റ്

6(5975) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം ഹെൽത്ത് ഗ്രാന്റായി സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം 2021-22 സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാന്റായി ലഭിക്കേണ്ടത് 559 കോടി രൂപയാണ്. ഇതിൽ നാളിതുവരെ 521.43 കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ടത് 559 കോടി രൂപയാണ്. ടി തുക ഇതുവരെ അനുവദിച്ചിട്ടില്ല.

## റവന്യൂ കമ്മി

7(5976) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും റവന്യൂ കമ്മി എത്രയാണെന്നും ആയത് ജി.എസ്.ഡി.പി. (മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം)-യുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

2015-16 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്മേലുള്ള റവന്യൂ കമ്മിയുടെ ശതമാനവും ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | റവന്യൂ കമ്മി | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്മേലുള്ള റവന്യൂ കമ്മിയുടെ ശതമാനം |
|---|---|---|
| 2015-16 | 9657 | 1.72 |
| 2016-17 | 15485 | 2.44 |
| 2017-18 | 16928 | 2.41 |
| 2018-19 | 17462 | 2.22 |
| 2019-20 | 14495 | 1.78 |
| 2020-21 | 20064 | 2.6 |
| 2021-22 | 20800 | 2.29 |

## സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി

8(5980) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന്റെ കടം, പൊതുവരുമാനം എന്നിവയുടെ വിശദാംശം നൽകുമോ; അവ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റുപ്രകാരം നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം 1,29,268 കോടി രൂപയും ആകെ ചെലവ് 1,66,719 കോടി രൂപയും റവന്യൂ കമ്മി 19,916 കോടി രൂപയും ധനകമ്മി 36,764 കോടി രൂപയുമാണ്. അതേസമയം ആകെ പ്രതീക്ഷിത കടബാധ്യത 3,70,342 കോടി രൂപയാണ്. ഇത് സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 36.38% ആണ്. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ

റോഡ്മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

(സി) സർക്കാരിന്റെ അടിയന്തര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പണം കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വെളിപ്പെടുത്തുമോ?

സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള അന്തരം കേന്ദ്ര സർക്കാർ അനുവദിച്ചുതരുന്ന കടമെടുപ്പുപരിധിയിൽ നിന്നുകൊണ്ടുള്ള വായ്പകളിലൂടെ പരിഹരിക്കാനാണ് സർക്കാർ പ്രധാനമായും ശ്രദ്ധിച്ചുപോരുന്നത്.

(ഡി) കരാറുകാർക്കുള്ള കുടിശ്ശിക ഉൾപ്പെടെ അടിയന്തരമായി കൊടുത്തുതീർക്കേണ്ട ബാധ്യതകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശം നൽകുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2022 ജൂൺ മാസംവരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2022 ഒക്ടോബർ മാസംവരെയുമുള്ള തുക നൽകിയിട്ടുണ്ട്. ടി വകുപ്പുകളിൽ

നൽകാനുള്ള കുടിശ്ശികയുടെ കണക്കുകൾ ചുവടെ പറയുംപ്രകാരമാണ്.

| **വകുപ്പ്** | **കാലയളവ്** | **കുടിശ്ശിക തുക** (കോടിയിൽ) |
|---|---|---|
| പൊതു മരാമത്ത് | 01-07-2022 മുതൽ 31-12-2022 വരെ | 1119.73 |
| ജല വിഭവം | 01-11-2022 മുതൽ 31-12-2022 വരെ | 54.84 |
| ഹാർബർ എഞ്ചിനീയറിംഗ് | 01-11-2022 മുതൽ 31-12-2022 വരെ | 23.69 |
| **ആകെ** | | **1198.26** |

അടിയന്തരമായി കൊടുത്തുതീർക്കേണ്ട പേമെന്റ്സ് എല്ലാം നിലവിലുള്ള സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും കൊടുത്തുതീർക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിപ്പോരുന്നത്.

## വായ്പകളുടെ തിരിച്ചടവ്

**9**(5984) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന ഖജനാവിൽനിന്നും വായ്പകളുടെ തിരിച്ചടവ് ഇനത്തിൽ എത്ര രൂപ നൽകേണ്ടിവരുമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പുതുക്കിയ ബജറ്റ്

അനുസരിച്ച് എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തിന്റെ പൊതുകടയിനത്തിലെ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടിയിൽ) |
|---|---|
| **വർഷം** | **RE -2022-23** |
| ആഭ്യന്തര വായ്പ | 34,963.02 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ (വിദേശ സഹായ പദ്ധതികളുടെ തിരിച്ചടവ് ഉൾപ്പെടെ) | 781.10 |
| ആകെ | 35,744.12 |

**സർക്കാർ കടമെടുത്ത തുക**

10(5985) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര രൂപ കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം പൊതുകടം ഇനത്തിൽ എടുത്തിട്ടുള്ള വായ്പ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | (തുക കോടിയിൽ) |
|---|---|---|
| വർഷം | 2021-22 | 2022-23 Upto January 31 # |

| | | |
|---|---|---|
| അഭ്യന്തര വായ്പ | 20317.49 | 10,000.33 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ | -24.67 | 909.44 |
| **ആകെ** | **20292.82** | **10909.77** |

(*2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ടി. നഷ്ടപരിഹാരയിനത്തിൽ തിരിച്ചടയ്ക്കേണ്ടതല്ലാത്ത വായ്പയായി കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമായ തുക (8739.31 കോടി രൂപ) ഇതിൽ ഉൾപ്പെടുന്നില്ല.)

**#**അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾപ്രകാരം

(ബി) കടമെടുത്തത് എത്ര കാലത്തേയ്ക്കാണെന്നും പലിശ എത്രയെന്നും വ്യക്തമാക്കാമോ?

പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശീയ ലഘു സമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും (വിദേശ സഹായ വായ്പകൾ ഉൾപ്പെടെ) മുൻകൂറുകളും വഴിയാണ് സംസ്ഥാനം വായ്പ എടുക്കുന്നത്.

പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പിന് അതത് സമയം

നിഷ്കർഷിക്കുന്ന തിരിച്ചടവ് കാലാവധിയും പലിശയുമാണുള്ളത്. വിദേശ സഹായ വായ്പകൾ/നബാർഡ് എന്നിവയുടെ തിരിച്ചടവ് തുടങ്ങുന്നത് സാധാരണയായി വായ്പ ലഭിച്ച് 3-4 വർഷങ്ങൾക്കുശേഷമാണ്. വായ്പകളുടെ നിബന്ധനകൾക്ക് വിധേയമായി പലിശനിരക്കിലും വ്യതിയാനം സംഭവിക്കും.

അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷവും 2022-23 സാമ്പത്തിക വർഷം ജനുവരി 31 വരെയും പലിശയിനത്തിൽ അടച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | 2021-22 | 2022-23 |
|---|---|---|
| പലിശയിനത്തിൽ ഓരോ വർഷവും അടയ്ക്കുന്ന തുക | 23302.82 | 17329.25 |

## ധനകാര്യസ്ഥാപനങ്ങൾ നടത്തുന്ന ക്രമക്കേടുകൾ

11(5986) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങളിൽനിന്നും ആകർഷകമായ വ്യവസ്ഥകളിൽ പണം സ്വീകരിച്ച് തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളെ അവയുടെ പ്രവർത്തനാരംഭത്തിൽത്തന്നെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ നിയമമുണ്ടോയെന്ന് വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ മണി ലെൻഡിംഗിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർഷിപ്പുകൾക്കുമാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന കേരള മണി ലെൻഡേഴ്സ് ആക്ട് 1958 പ്രകാരം രജിസ്ട്രേഷൻ സംവിധാനവും മറ്റും നിലവിലുള്ളത്. പണത്തിന്റെ നിക്ഷേപ സ്വീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. പ്രസ്തുത ആക്ടിന്റെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളിൽ നിയമലംഘനം കാണപ്പെടുന്നപക്ഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു.

അനധികൃത നിക്ഷേപ പദ്ധതികൾ 2019-ലെ The Banning of Unregulated Deposit Schemes Act പ്രകാരം നിരോധിക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് അസ്വാഭാവികവും അമിതവുമായ പലിശയും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് തട്ടിപ്പുനടത്തുന്ന സാമ്പത്തിക സ്ഥാപനങ്ങളെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർ നിരീക്ഷണം നടത്തിവരുന്നുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗം രഹസ്യമായി സ്ഥാപനങ്ങളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിച്ച് ഇത്തരം സ്ഥാപനങ്ങളുടെ ചതിക്കുഴിയിൽ വീഴാതിരിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ ആവശ്യമായ പ്രചരണം നൽകിവരുന്നു. കൂടാതെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമനടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചുവരുന്നത്. ബഡ്സ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരം ഒരു കോംപീറ്റന്റ് അതോറിറ്റിയെ നിയമിച്ചിട്ടുണ്ട്. നിക്ഷേപത്തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതി കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കാവുന്നതാണ്. ഇത്തരം പരാതികളിന്മേൽ ബഡ്സ് ആക്ട് അനുശാസിക്കുന്നപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾക്ക് ബഡ്സ് നിയമത്തിൻകീഴിൽ ശക്തമായ

ശിക്ഷാനടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) അനധികൃതമായി നിക്ഷേപം സ്വീകരിക്കുന്നവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ മണി ലെൻഡിംഗിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർഷിപ്പുകൾക്കുമാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന കേരള മണി ലെൻഡേഴ്സ് ആക്ട് 1958 പ്രകാരം രജിസ്ട്രേഷൻ സംവിധാനവും മറ്റും നിലവിലുള്ളത്. പ്രസ്തുത ആക്ടിന്റെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളിൽ നിയമലംഘനം കാണപ്പെടുന്നപക്ഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന് നിയമത്തിൽ അനുശാസിക്കുന്നപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. പണത്തിന്റെ നിക്ഷേപ സ്വീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല.

നിക്ഷേപത്തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ സ്ഥാപനങ്ങളുടെയും പ്രതികളുടെയും സ്ഥാവര-ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ബഡ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ ബഡ്സ് ആക്ട് വകുപ്പ് 28 പ്രകാരം ജാമ്യമില്ലാ കുറ്റകൃത്യമാണ്.

## കിഫ്ബി ഓഫീസ്

12(5987) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിക്കായി ഏർപ്പെടുത്തിയിട്ടുള്ള ഓഫീസ് സൗകര്യങ്ങളും വാടക ഇനത്തിൽ പ്രതിമാസം എത്ര രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിക്കുമോ?

കിഫ്ബിയുടെ പ്രവർത്തനങ്ങളെല്ലാം നടക്കുന്നത് തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഓഫീസിലാണ്. ഇതിനുപുറമെ കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സമയബന്ധിതമായി പദ്ധതികളുടെ നടത്തിപ്പ് വിശകലനം ചെയ്യുന്നതിനുമായി എറണാകുളം, കണ്ണൂർ, കോട്ടയം ജില്ലകളിൽ റീജിയണൽ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. ടി ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം 14,34,725/-രൂപ ചെലവാകുന്നുണ്ട്.

## കണ്ണാടി-പന്നിക്കോട് റോഡ് നിർമ്മാണത്തിന്റെ പുരോഗതി

13(5988) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അനുവദിച്ച ആലത്തൂർ നിയോജകമണ്ഡലത്തിലെ കണ്ണാടി-പന്നിക്കോട് റോഡ് നിർമ്മാണത്തിന്റെ

നിലവിലെ സ്ഥിതി അറിയിക്കുമോ?

01-11-2016-ലെ G.O.(Rt) No. 1502/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കണ്ണാടി - പന്നിക്കോട് റോഡിന് 25-08-2018-ലെ PWD004-121-PA-01 നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി 24.09 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. സ്ഥലമേറ്റെടുപ്പിനായി വകയിരുത്തിയ 60 ലക്ഷം രൂപ വിനിയോഗിച്ച് ടി പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായും ആയതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും 6(1) നോട്ടിഫിക്കേഷൻ 17-03-2022-ന് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്നും കിഫ്ബി LA തഹസിൽദാർ ആലത്തൂരിൽനിന്നും നിലവിലുള്ള റോഡിന്റെ അതിർത്തി നിർണ്ണയിച്ച് ലഭ്യമാക്കിയ 60% സ്ഥലത്തും അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സാമൂഹികാഘാത പഠനം നടത്തുന്നതിന് 21-10-2022-ന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമത്തിൽ സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നാണ് നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുള്ളത്. 16-02-2022-ന് പ്രസ്തുത പദ്ധതി ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യയിൽ നവീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി കിഫ്ബി സാധ്യതാപഠനം നടത്തിയിരുന്നെങ്കിലും Cost Benefit Ratio, Million Standard Axle മുതലായ ഘടകങ്ങൾ പരിഗണിച്ചും പ്രസ്തുത റോഡിന്റെ അലൈൻമെന്റ് കടന്നുപോകുന്നത് അധികവും നെൽപ്പാടങ്ങളിൽക്കൂടി ആയതിനാൽ മഴക്കാലത്ത് വെള്ളപ്പൊക്ക സാധ്യത കണക്കിലെടുത്ത് ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യയിൽ നവീകരിക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

(സി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങളുടെ മരാമത്ത് പണികൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സാങ്കേതികാനുമതി എസ്റ്റിമേറ്റ് ഡിവിഷൻ ഓഫീസിൽനിന്നും ലഭ്യമാക്കി ആയത് സൂക്ഷ്മപരിശോധന നടത്തി സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിരിക്കുന്നത്.

## വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തികൾ

14(5989) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള സ്കൂൾ കെട്ടിടങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. എസ്റ്റിമേറ്റുകൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികളുടേതാണെന്ന് വിശദമാക്കാമോ?

പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനം നടത്തുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. വർക്കല മണ്ഡലത്തിലെ എല്ലാ പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കിഫ്ബി അനുമതി നൽകിയിട്ടുള്ള പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയാക്കുന്നതിന് സമയബന്ധിത നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി.-കൾക്ക് നിർദ്ദേശം നൽകുന്നതാണ്.

**കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക**

15(5990) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക ഏതെങ്കിലും ന്യൂ ജനറേഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പലിശ നിരക്ക് എത്രയാണ്; മസാല ബോണ്ടുവഴി സമാഹരിച്ച തുകയ്ക്ക് നൽകേണ്ട പലിശ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

മസാല ബോണ്ടുവഴി സമാഹരിച്ച 2150 കോടി രൂപ 2021 മേയ് മാസത്തോടെ പൂർണ്ണമായി ഉപയോഗിച്ചിട്ടുണ്ട്. നിലവിൽ ഈ ഇനത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമാഹരിച്ച തുക എവിടെയും നിക്ഷേപിച്ചിട്ടില്ല. എന്നാൽ മസാല ബോണ്ടുവഴി തുക സമാഹരിച്ച അവസരത്തിൽ സുരക്ഷിതത്വവും മികച്ച പലിശനിരക്കും ഉറപ്പാക്കിയ വിവിധ നിക്ഷേപങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. കിഫ്ബിയുടെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ യൂണിയൻ ബാങ്ക്, വിജയ ബാങ്ക്, SBI, ബാങ്ക് ഓഫ് ബറോഡ തുടങ്ങിയ വിവിധ പൊതുമേഖലാ ബാങ്കുകളിലും HDFC, ICICI, Axis Bank, Kotak Mahindra Bank, Standard Chartered Bank പോലെയുള്ള ഉയർന്ന ക്രെഡിറ്റ് റേറ്റിംഗുള്ള സ്വകാര്യ ബാങ്കുകളിലും നിക്ഷേപിച്ചിട്ടുണ്ട്. ഇവയ്ക്ക് 7.90% വരെ പലിശ ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ മസാല ബോണ്ടിന്റെ കൂപ്പൺ റേറ്റ് 9.723% ആണ്.

## മസാല ബോണ്ടുവഴി കിഫ്ബി സമാഹരിച്ച തുക

16(5991) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ടുവഴി കിഫ്ബി സമാഹരിച്ച തുക എത്രയാണ്; ഇതിന്റെ പലിശനിരക്ക് എത്രയാണ്?

മസാല ബോണ്ടുവഴി 2150 കോടി രൂപയാണ് കിഫ്ബി സമാഹരിച്ചത്. ഇതിന്റെ പലിശ 9.723% ആണ്.

(ബി) കൊച്ചി മെട്രോയ്ക്കുവേണ്ടി 2011-16-ലെ സർക്കാർ ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി.-യിൽനിന്നും കടമെടുത്ത തുക എത്രയാണ്; പലിശനിരക്ക് എത്രയാണ്; വ്യക്തമാക്കാമോ?

## KMRL AFD Loan

- കൊച്ചി മെട്രോയ്ക്കുവേണ്ടി ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി.-യിൽ നിന്നും 180 മില്യൺ യൂറോ വായ്പയെടുക്കുന്നതിനുള്ള എഗ്രിമെന്റ് 2014 ഫെബ്രുവരി മാസം7-ാം തീയതി കേന്ദ്ര സർക്കാർ ഒപ്പുവച്ചു. കൊച്ചി മെട്രോ ഫേസ്-1 വികസനത്തിന്റെ ഭാഗമായിരുന്നു ഈ വായ്പ. ഇതനുസരിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് 1327.11 കോടി രൂപ (180 മില്യൺ യൂറോ) കേന്ദ്ര സർക്കാരിൽനിന്ന് പാസ്സ് ത്രൂ അസിസ്റ്റൻസായി 2014 മുതൽ 2017 വരെ ലഭിച്ചു. വായ്പയുടെ മൊത്തം കാലാവധി ഫെബ്രുവരി 2014 മുതൽ മാർച്ച് 2039 വരെയാണ്. ഇതിൽ അഞ്ചുവർഷം ഗ്രേയ്സ് പീരീഡും 20 വർഷം തിരിച്ചടവ് കാലാവധിയും (സെപ്റ്റംബർ 2019 മുതൽ മാർച്ച് 2039 വരെ) ആണ്. ഈ ലോണിന്റെ പലിശനിരക്ക് ഓരോ ആറ് മാസവും വ്യതിചലിക്കുന്നതാണ്. ഇത് 6 months EURIBOR + 1.55% p.a (Margin)എന്ന നിരക്കിലാണ്. അതായത് 25 വർഷത്തെ വായ്പാക്കാലയളവിൽ ഏകദേശം 50

തവണയോളം പലിശനിരക്ക് വിദേശനാണ്യ വിനിമയനിരക്കിന്റെ അടിസ്ഥാനത്തിൽ വ്യതിചലിക്കും. (വായ്പാക്കരാറിന്റെ പ്രസ്തുത പേജുകളും KMRL-ന്റെ വാർഷിക റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങളും ഇതോടൊപ്പം ഉള്ളടക്കം+ ചെയ്തിരിക്കുന്നു.)

- കേന്ദ്രസർക്കാർ മുഖേന ലഭ്യമാക്കിയ ഈ ലോണിന് വിദേശനാണ്യ വിനിമയനിരക്കിന്റെ ബാധ്യത (ഫോറിൻ എക്സ്ചേഞ്ച് റിസ്ക്) KMRL കമ്പനിക്ക് വരില്ലെങ്കിലും ഈ വായ്പ സംബന്ധിച്ച ഉടമ്പടിയുടെ സെക്ഷൻ 12.1 പ്രകാരം ഇത് കേരള സർക്കാരിന്റെ ബാധ്യതയാണ്. KMRL അവർക്കുലഭിച്ച തുക ഇന്ത്യൻ രൂപയിൽ കേന്ദ്ര സർക്കാരിന് നൽകുന്നു. എന്നാൽ വായ്പാതിരിച്ചടവ് പൂർത്തിയായശേഷം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ വിദേശനാണ്യ വിനിമയനിരക്കിലെ വ്യതിയാനം കണക്കുകൂട്ടി "8680 - Miscellaneous Government Accounts"എന്ന ശീർഷകത്തിലേയ്ക്ക് കണക്കുവയ്ക്കുന്നു. ഇത് അടച്ചൊതുക്കേണ്ട ബാധ്യത കേരള സർക്കാരിനാണ്.

KMRL-നു ലഭിച്ച AFD വായ്പ കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്നതാണ്. (ഇത്തരത്തിൽ ലഭിക്കുന്ന വായ്പകൾ കേന്ദ്ര സർക്കാർ ഇടനിലക്കാരായിനിന്നുള്ള സർക്കാർ വായ്പയിൽ ഉൾപ്പെടുന്നവയാണ്).

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നാൽ 2014-ൽ KMRL അവരുടെ സ്വന്തം നിലയിൽ കാനറാബാങ്കിൽ നിന്നുള്ള വായ്പയ്ക്ക് 10.80% (MCLR +0.95%) ആയിരുന്നു പലിശനിരക്ക്.

**ചേലാട് സ്റ്റേഡിയം നിർമ്മാണം**

17(5992) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചേലാട് സ്റ്റേഡിയത്തിന് 15.83 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് 17.14 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി ടെണ്ടർ ചെയ്ത് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിന് മുന്നോടിയായി വസ്തുവിന്റെ അതിർത്തി തിരിച്ച് നൽകുന്നതിനായി താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ടി പദ്ധതി സ്ഥലം രേഖകളിൽ പാടം/ തണ്ണീർത്തടം എന്നീ തരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നതിനാൽ

പദ്ധതിഭൂമിയുടെ തരംമാറ്റുന്നതിനോ, ഭൂമി നികത്തി പദ്ധതി ആരംഭിക്കുന്നതിനോ വേണ്ട അനുമതികൾ ലഭ്യമാകേണ്ടതുണ്ടെന്നും ഇതിനായുള്ള നടപടികൾ പഞ്ചായത്തിന്റെയും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും നേതൃത്വത്തിൽ പുരോഗമിക്കുന്നതായും എസ്.പി.വി.-യായ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടറെ തീരുമാനിച്ചെങ്കിലും നാളിതുവരെ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി (ടി.എ.സി.) ചേർന്ന് അപ്രൂവൽ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടി.എ.സി. എന്നത്തേയ്ക്ക് ചേരാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ടി.എ.സി. അടിയന്തരമായി ചേർന്ന് ചേലാട് സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി-ഡി) പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിക്കഴിഞ്ഞാൽ അതിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് ടി.എ.സി. കൂടി വർക്ക് അവാർഡ് ചെയ്യേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-യും ഭരണവകുപ്പുമാണ്.

## വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡിന്റെ നിർമ്മാണ പ്രവൃത്തി

18(5993) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണപ്രവൃത്തി സംബന്ധിച്ച് കിഫ്ബി കൺസൾട്ടന്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ?

വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് ബണ്ട് റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് 08-06-2022-ന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ വിഭാഗം 13-07-2022-ന് സ്ഥലസന്ദർശനം നടത്തുകയുണ്ടായെന്നും ടി പ്രവൃത്തി വരുന്ന ഭൂരിഭാഗം സ്ഥലവും ഇറിഗേഷൻ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ളതും ധാരാളം സ്ലൂയിസുകളുടെ (ജലപ്രവാഹം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം) നിർമ്മാണം/പുനർനിർമ്മാണം ആവശ്യമായി വരുന്നതുമാണെന്നും ഇത്തരം പ്രവൃത്തികളിൽ ഇറിഗേഷൻ വകുപ്പിനാണ് വൈദഗ്ദ്ധ്യമുള്ളതെന്നും കൂടാതെ

പ്രവൃത്തിയുടെ സ്വഭാവം കിഫ്ബി മാനദണ്ഡങ്ങൾപ്രകാരം ഹൈവേ ഡിസൈൻ പ്രോജക്ടിന്റെ പരിധിയിൽ വരുന്നതല്ലെന്നും പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടതായും നിർവ്വഹണ ഏജൻസി കിഫ്ബിയിൽ 08-12-2022-ലെ കത്ത് മുഖേന അറിയിച്ചതിനെത്തുടർന്ന് 07-03-2023-ന് കിഫ്ബി ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശനം നടത്തുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച തീരുമാനം നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ജിഡ സെക്രട്ടറി 23-12-2022-ലെ ജിഡ/1416/2019 നമ്പർ കത്തുപ്രകാരം കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ജിഡ സെക്രട്ടറിയുടെ 23-12-2022-ലെ ജിഡ/1416/2019 നമ്പർ കത്ത് കിഫ്ബിയിൽ ലഭിച്ചിട്ടില്ലാത്തതാണ്.

**തൊടുപുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

19(5994) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ കിഫ്ബിയിൽ

ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തൊടുപുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളും അവയുടെ തൽസ്ഥിതിയും അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാരിക്കോട്-അഞ്ചിരി-ആനക്കയം-കാഞ്ഞാർ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാരിക്കോട് – അഞ്ചിരി - ആനക്കയം - കാഞ്ഞാർ റോഡ് പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പിനായി 02-02-2019-ലെ PWD004-139/APR-1/2019/KIIFB നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം 10.44 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് 10 മീറ്റർ ROW-ൽ സ്ഥലം ലഭിക്കുന്നതിന് ബുദ്ധിമുട്ടായതിനാൽ ലഭ്യമായ വീതി വിലയിരുത്തുന്നതിനായി കിഫ്ബി അധികൃതർ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് ഉദ്യോഗസ്ഥരുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കിഫ്ബി സാങ്കേതിക പരിശോധനാ വിഭാഗം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറപ്പെടുവിച്ച സാങ്കേതിക നിരീക്ഷണ കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി ഫുൾ ഡെപ്ത് റിക്ലമേഷൻ (FDR) സാങ്കേതികവിദ്യാ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കിഫ്ബി റ്റി.ആർ.സി. വിഭാഗത്തിന്റെ സഹായത്തോടെ FDR എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണെന്നും സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നുമാണ് നിർവ്വഹണ ഏജൻസി അറിയിച്ചിരിക്കുന്നത്.

**കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ**

20(5995) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ 2022 ഡിസംബർവരെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കിഫ്ബി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മുൻസർക്കാരിന്റെ കാലം മുതൽ 2022 ഡിസംബർവരെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കിഫ്ബി 74,009.55 കോടി രൂപയുടെ 993 പദ്ധതികൾക്ക് അനുമതി നൽകിയിരുന്നു.

(ബി) കിഫ്ബി സഹായത്തോടെ 2022 ഡിസംബർവരെ എത്ര

പദ്ധതികൾ പൂർത്തിയാക്കി എന്നറിയിക്കാമോ; ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും ഭാഗികമായി പൂർത്തിയാക്കിയതുമായ പദ്ധതികൾ എത്രയെന്ന് അറിയിക്കാമോ?

കിഫ്ബി സഹായത്തോടെ 2022 ഡിസംബർവരെ 12089.29 കോടി രൂപയുടെ പദ്ധതികൾ/പദ്ധതി ഘടകങ്ങൾ പൂർത്തീകരിച്ചിരുന്നു. നിലവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നതും ഭാഗികമായി പൂർത്തിയാക്കിയിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത ചെലവുകൾക്ക് പണം കണ്ടെത്താനായി മോട്ടോർ വാഹന സെസ്സ് ഇനത്തിൽ എത്ര തുക കിഫ്ബി സമാഹരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

28-02-2023 വരെയുള്ള കണക്കുകൾപ്രകാരം മോട്ടോർ വാഹന നികുതി ഇനത്തിൽ 9057.44 കോടി രൂപയും പെട്രോളിയം സെസ്സ് ഇനത്തിൽ 3226.03 കോടി രൂപയും ഗ്രാന്റായി 322.07 കോടി രൂപയും സർക്കാരിൽനിന്ന് കിഫ്ബിക്ക് ലഭിച്ചിട്ടുണ്ട്.

## കോങ്ങാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണത്തിന് കിഫ്ബിയുടെ ഭരണാനുമതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

21(5996) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾ നവീകരിക്കുന്നതിനാണ് കിഫ്ബി ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ 7 സ്കൂളുകൾ നവീകരിക്കുന്നതിന് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളുകളിൽ Govt. HSS Pathiripala, GVHSS Karakurishi, GUPS Edathara എന്നീ സ്കൂളുകളിലെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. GUPS Karimba-യുടെ പ്രവൃത്തി നടന്നുവരികയാണ്. GHS Karimba, GUPS Kongad എന്നീ സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടി സാങ്കേതികാനുമതി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. GHS Pottassery-യുടെ സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ SPV സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിർമ്മാണപ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാത്ത സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കിഫ്ബി പദ്ധതിയിലൂടെ പൂർത്തീകരിച്ച പ്രവൃത്തികൾ

22(5997) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലൂടെ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും പൂർത്തീകരിച്ച പദ്ധതികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലങ്ങളിലായി പൂർത്തിയാക്കിയിട്ടുള്ള കിഫ്ബി പദ്ധതികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചുവെന്ന് പ്രത്യേകം അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ പദ്ധതിക്കും ചെലവഴിച്ച തുക അനുബന്ധം 1[+]-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോഴും പ്രവർത്തനം നടന്നുവരുന്ന പദ്ധതികളുടെ പ്രവർത്തനപുരോഗതി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നിലവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്ന കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധം 2[+] ആയി ചേർക്കുന്നു.

(ഡി) കിഫ്ബി അംഗീകാരം നൽകിയ പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിനായി എത്ര തുക ആവശ്യമായി വരുമെന്നും വെളിപ്പെടുത്താമോ?

25-02-2023, 27-02-2023 എന്നീ തീയതികളിൽ നടന്ന കിഫ്ബിയുടെ എക്സിക്യൂട്ടീവ്, ജനറൽ ബോർഡ് യോഗങ്ങളിലായി കിഫ്ബി പുതിയതായി അനുമതി നൽകിയ പദ്ധതികളുടെ അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധം 3[+] ആയി ചേർക്കുന്നു.

## **കിഫ്ബി ധനസഹായത്തോടെ അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

23(5998) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ഇതേവരെ എത്ര പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും എത്ര പദ്ധതികൾക്കായി എത്ര കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്നത് ഇനം തിരിച്ച് വിശദമാക്കാമോ?

കിഫ്ബി സഹായത്തോടെ സംസ്ഥാനത്ത് നാളിതുവരെ 80,352.04 കോടി രൂപയുടെ 1057 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ അനുവദിച്ച തുക, ജില്ല എന്നിവ ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധം1+ ആയി ചേർക്കുന്നു.

(ബി) അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി പൊതുമരാമത്ത്, ആരോഗ്യം, ആരോഗ്യവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, ജലവിഭവം എന്നീ വകുപ്പുകളുടെ എത്ര പദ്ധതികൾക്കായി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി പൊതുമരാമത്ത്, ആരോഗ്യം, ആരോഗ്യവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, ജലവിഭവം എന്നീ വകുപ്പുകളിലായി കിഫ്ബി അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ല ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധം 2+ ആയി ചേർക്കുന്നു.

(സി) ഹരിപ്പാട്, പറവൂർ, പുതുപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളിൽ ഏതൊക്കെ പദ്ധതികൾക്കായി എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

ഹരിപ്പാട്, പറവൂർ, പുതുപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ അനുവദിച്ചിട്ടുള്ള തുക സഹിതമുള്ള വിശദാംശം അനുബന്ധം 3+ ആയി ചേർക്കുന്നു.

**പിറവം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

24(5999) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

പിറവം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി ധനാനുമതി നൽകിയ പദ്ധതികളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഭരണാനുമതി ലഭിച്ചതിൽ പൂർത്തിയാകാത്ത പ്രവൃത്തികളും അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കേണ്ട ചുമതല എസ്.പി.വി.-കൾക്കാണ്. അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ പദ്ധതികൾ അവയുടെ നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) പുതിയ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖേന പിറവം നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി പദ്ധതി കണ്ടെത്തുന്നത് ബന്ധപ്പെട്ട ഭരണവകുപ്പാണ്.

## കിഫ്ബിക്ക് നൽകുന്ന തുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25(6000) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5475-00-115-96 എന്ന ബജറ്റ് ശീർഷകത്തിൽ കിഫ്ബിക്ക് പണം നൽകുന്നുണ്ടോ; എങ്കിൽ ഏത് ഇനത്തിലാണ് ഇപ്രകാരം പണം കൈമാറുന്നത്?

2021-22 സാമ്പത്തിക വർഷം "5475-00-115-96-NP(V)ബാധ്യത തീർക്കുന്നതിനും തിരിച്ചടവിനുമായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനുള്ള വിഹിതം" എന്ന ശീർഷകത്തിൽ 322.07 കോടി രൂപ അനുവദിച്ചിരുന്നു. 2021-22 സാമ്പത്തികവർഷം മാത്രമേ തുക നൽകിയിട്ടുള്ളൂ. കോവിഡ് ബാധമൂലം 2020-21 വർഷത്തിൽ മോട്ടോർ വാഹന നികുതിയിനത്തിലും പെട്രോൾ/ഡീസൽ സെസ്സ് ഇനത്തിലും കിഫ്ബിക്കുനൽകേണ്ട വിഹിതത്തിൽ കാര്യമായ കുറവുണ്ടായിരുന്നു. കിഫ്ബിയുടെ എ.എൽ.എം. മോഡൽപ്രകാരം പ്രതീക്ഷിച്ചിരുന്ന വരുമാനത്തിൽ ഇപ്രകാരമൊരു കുറവുണ്ടായതിനെത്തുടർന്ന് 2021-22-ൽ 5475-00-115-96NP(V) ബാധ്യത തീർക്കുന്നതിനും തിരിച്ചടവിനുമായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനുള്ള വിഹിതം എന്ന ശീർഷകത്തിൽ 322.07 കോടി രൂപ അനുവദിച്ചിരുന്നു.

(ബി) നാളിതുവരെ ഈ ശീർഷകത്തിൽ പണം കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയെന്ന് വിശദമാക്കുമോ?

2021-22 സാമ്പത്തികവർഷം മാത്രമേ തുക നൽകിയിട്ടുള്ളൂ (322.07 കോടി രൂപ).

## കിഫ്ബിയിൽ നാളിതുവരെ ലഭിച്ച ഗ്രാന്റും വായ്പകളും

26(6001) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന് കിഫ്ബി മുഖേന നാളിതുവരെ ലഭിച്ച ഗ്രാന്റും വായ്പകളും പ്രത്യേകം അറിയിക്കുമോ; ഓരോ തുകയ്ക്കും നൽകേണ്ട പലിശനിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന് കിഫ്ബി മുഖേന ഗ്രാന്റുകളൊന്നും നൽകിയിട്ടില്ല. സംസ്ഥാന സർക്കാർ കിഫ്ബിക്ക് നൽകിയ ഗ്രാന്റിന്റെ വിശദാംശം അനുബന്ധം 1+ ആയി ചേർക്കുന്നു. കിഫ്ബി മുഖേന സമാഹരിച്ച വായ്പയുടെ വിവരം അനുബന്ധം 2+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം

27(6002) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മണലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ മണലൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിന്റെ പുതിയ കെട്ടിടനിർമ്മാണത്തിന് നിലവിൽ ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് കിഫ്ബിയുടെ 99,12,817/- രൂപയുടെ ധനാനുമതിയും ടി പ്രവൃത്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 1.30 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായുള്ള ശിപാർശ നിർദ്ദിഷ്ട പദ്ധതിനിർവ്വഹണ ഏജൻസിയായ കില പൊതുവിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നാണെന്നും ആർക്കാണ് കരാർ നൽകിയതെന്നും അറിയിക്കാമോ?

പ്രസ്തുത സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയത് 18-06-2019-നും കിഫ്ബിയുടെ ധനാനുമതി നൽകിയത് 27-10-2020-നുമാണ്. ടി പ്രവൃത്തിയുടെ കരാർ നൽകിയിരുന്നത് ശ്രീ. ശ്രീവത്സൻ കെ. വി., ജയന്ത മന്ദിരം, ചേറ്റുപുഴ പി.ഓ., തൃശ്ശൂർ എന്ന കരാറുകാരനാണ്. നിർമ്മാണം തുടങ്ങാനിരുന്ന വേളയിൽ മണ്ണിന്റെ ഘടനയിൽ വ്യത്യാസം തോന്നിയതിനാൽ Confirmatory Soil Test ചെയ്യുന്നതിനായി Thrissur Engineering College-ൽ നൽകിയിരുന്നെങ്കിലും പരിശോധനാഫലം ലഭ്യമാക്കുന്നതിൽ കാലതാമസം വന്നതിനാൽ ടി പ്രവൃത്തിയുടെ കരാറുകാരൻ നിലവിലെ നിർമ്മാണസാമഗ്രികളുടെ വില വർദ്ധനവുകാരണം കരാർ നിരക്കിൽ വർദ്ധനവ് ആവശ്യപ്പെടുകയുണ്ടായി. ആയത് അനുവദിക്കാൻ നിലവിലെ നിയമപ്രകാരം നിർവ്വാഹമില്ലാത്തതിനാൽ കരാറുകാരൻ കരാറിൽനിന്ന് ഒഴിവാകുകയുണ്ടായി.

(സി) പ്രസ്തുത സ്കൂളിന് എത്ര ക്ലാസ്സ് മുറികളാണ് പുതിയതായി നിർമ്മിക്കുന്നത്?

പ്രസ്തുത സ്കൂളിന് ഹയർസെക്കണ്ടറിക്കുവേണ്ടിയുള്ള നാല് ക്ലാസ്സ് മുറികളാണ് പുതുതായി നിർമ്മിക്കുന്നത്. കൂടാതെ ഓരോ നിലയിലും

ടോയ്‌ലറ്റ് ബ്ലോക്കും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഡി.എസ്.ആർ., ജി.എസ്.ടി. നിരക്കുകളുടെ വർദ്ധനവുകാരണം 1.30 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായി പദ്ധതിനിർവ്വഹണ ഏജൻസിയായ കില പൊതുവിദ്യാഭ്യാസ വകുപ്പിന് ശിപാർശ സമർപ്പിച്ചിരിക്കുകയാണ്. പുതുക്കിയ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയുടെ അംഗീകാരം നേടി പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്.

## കേച്ചേരി സെന്റർ വികസിപ്പിക്കുന്നതിന് കിഫ്ബി സ്വീകരിച്ച നടപടികൾ

**28**(6003) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽവരെ അഞ്ചര കിലോമീറ്റർ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനായി കിഫ്ബിവഴി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

തൃശ്ശൂർ - കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽവരെയുള്ള

റോഡ് വീതികൂട്ടി വികസിപ്പിക്കുന്ന പ്രവൃത്തി കിഫ്ബിവഴി നിർവ്വഹിക്കുന്നതിനായി 10-07-2017-ലെ സ.ഉ. (സാധാ) നം. 942/2017/പൊ.മ.വ. പ്രകാരം 50 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) അനുബന്ധരേഖകൾ സഹിതം നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് 25-06-2020-ന് ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഡി.പി.ആർ. പ്രകാരം 22 മീറ്റർ വീതിയിൽ വിഭാവനം ചെയ്തിരുന്ന പ്രസ്തുത റോഡിന്റെ കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചതും 22 മീറ്റർ ROW പരിഗണിച്ചായിരുന്നു. എന്നാൽ ഡി.പി.ആർ. അവലോകനം നടത്തി കിഫ്ബി 17-07-2020-ന് നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിൽ, കിഫ്ബി മാനദണ്ഡപ്രകാരം റോഡിന്റെ വീതി 23 മീറ്റർ വേണമെന്നും കൂടാതെ കലുങ്ക്, സംരക്ഷണ ഭിത്തി എന്നിവയുടെ ഡിസൈൻ ചെയ്യുന്നതിന് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ഈ സമയത്ത് പ്രസ്തുത പ്രവൃത്തി കെ.ആർ.എഫ്.ബി.

ഏറ്റെടുക്കുകയും ചെയ്തു. സാങ്കേതിക അവലോകന റിപ്പോർട്ടിന് KRFB മറുപടി സമർപ്പിച്ചിരുന്നെങ്കിലും ആയത് തൃപ്തികരമല്ലാത്തതിനാൽ മതിയായ അനുബന്ധ രേഖകൾ സഹിതം തിരികെ സമർപ്പിക്കാൻ കിഫ്ബി KRFB-യോട് ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത റോഡിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP)-ന്റെ പ്രവൃത്തി അനുവദിച്ചതിനെത്തുടർന്ന് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നിർത്തിവയ്ക്കാൻ KRFB-ക്ക് നിർദ്ദേശം ലഭിച്ചിരുന്നെങ്കിലും പിന്നീട് നടന്ന ഉന്നതതല മീറ്റിംഗുകളിലെ തീരുമാനപ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുകയും 20-04-2022-ന് കിഫ്ബിയിൽ നടന്ന അവലോകന യോഗത്തിൽ റോഡിന്റെ RoW 22 മീറ്റർ ആയി നിശ്ചയിക്കുകയും ചെയ്തു.

അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ കരാർ ലഭിച്ച ഏജൻസി മണ്ണ് പരിശോധനയും ഇൻവെസ്റ്റിഗേഷനും പൂർത്തീകരിച്ച് 09-03-2023-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ട്രാഫിക് പഠന റിപ്പോർട്ടുകൂടി ലഭ്യമായാൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിന് പൊതുമരാമത്ത് പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റിന് കൈമാറുന്നതാണെന്നും ആയത് ലഭ്യമാകുന്നമുറയ്ക്ക് കിഫ്ബിക്ക് സമർപ്പിച്ച് ധനാനുമതി

നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കിഫ്ബിയുടെ സാങ്കേതിക അവലോകന റിപ്പോർട്ടിനുള്ള തൃപ്തികരമായ മറുപടി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പാതയിലെ കേച്ചേരി സെന്റർ വികസിപ്പിക്കുന്നതിന് കിഫ്ബി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പാതയിലെ കേച്ചേരി ജംഗ്ഷന്റെ വികസനം ഈ പ്രവൃത്തിയുടെ അഡീഷണൽ ഇൻവെസ്റ്റിഗേഷന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈനിനുവേണ്ടി ഉടൻ പൊതുമരാമത്ത് പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റിന് സമർപ്പിക്കുന്നതാണെന്നും ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് പുതുക്കിയ ഡി.പി.ആർ.-ന്റെ ഭാഗമായി കിഫ്ബിയിൽ സമർപ്പിച്ച് ധനാനുമതി നേടി പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പദ്ധതിനിർവ്വഹണ ഏജൻസിയായ

കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്. ഡി.പി.ആർ. സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ മിനി മാസ്റ്റ് ലൈറ്റുകൾ**

29(6004) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന നിധി, പ്രത്യേക വികസന നിധി എന്നിവ മുഖാന്തരം വാമനപുരം നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 വർഷങ്ങളിൽ ശിപാർശ ചെയ്യപ്പെട്ട മിനി മാസ്റ്റ് ലൈറ്റുകളിൽ എത്രയെണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

സർക്കാർ നിർദ്ദേശപ്രകാരം ടെണ്ടർ വിളിച്ച് അക്രഡിറ്റഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസികളെ തീരുമാനിക്കാൻ നിർദ്ദേശം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ടെണ്ടർ ക്ഷണിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് സമയബന്ധിതമായി പൂർത്തീകരിക്കാത്തതുകാരണം ഭരണാനുമതി നൽകാൻ കാലതാമസം നേരിട്ടു. നിലവിൽ 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിലേയ്ക്ക് ജില്ലാടിസ്ഥാനത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും KEL എന്ന അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ്

30(6005) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ

ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതലാണ് പ്രാബല്യമുള്ളത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടർ സേവിംഗ്സ് തുക |
|---|---|
| 2017-18 | 27,01,360/- |
| 2018-19 | 15,09,387/- |
| 2019-20 | 28,60,449/- |
| 2020-21 | 33,79,794/- |
| 2021-22 | 3,91,604/- |
| 2022-23 | 17,472/- |
| **ആകെ** | **1,08,60,066/-** |

## കാസർഗോഡ് നിയോജകമണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ

31(6006) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-23 വർഷങ്ങളിൽ നാളിതുവരെ കാസർഗോഡ് മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസനനിധിയിലും ആസ്തി വികസന

നിധിയിലും നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദേശിക്കപ്പെട്ട പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചവ, രണ്ടും ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തവ, പ്രവൃത്തി ആരംഭിച്ചിട്ടും പൂർത്തിയാക്കാൻ കഴിയാത്തവ എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കൃത്യസമയത്ത് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതും ആരംഭിച്ച പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതും എന്തുകൊണ്ടാണെന്ന് പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിച്ച പ്രവൃത്തികൾക്കുള്ള തുക കരാറുകാർക്ക് നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ചിറക്കൽ മന്ന സ്റ്റേഡിയത്തിന്റെ പ്രവൃത്തി പുരോഗതി

32(6007) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ചിറക്കൽ

ഗ്രാമപഞ്ചായത്തിൽ നടത്തുന്ന ചിറക്കൽ മന്ന സ്റ്റേഡിയത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കാമോ?

എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നടത്തുന്ന ചിറക്കൽ മന്ന സ്റ്റേഡിയത്തിന്റെ പ്രവൃത്തി ഏത് ഏജൻസി മുഖാന്തരമാണ് നടത്തേണ്ടതെന്ന് തീരുമാനം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**വാമനപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

33(6008) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വകുപ്പുതിരിച്ച് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**സ്കൂളുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

34(6009) <u>ശ്രീ മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടറും

അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോഴുണ്ടാകുന്ന കാലതാമസവും എല്ലാ ഉപകരണങ്ങളും ഒരുമിച്ച് ലഭിക്കാത്തതിനാൽ ഇത് പ്രയോജനപ്പെടുത്താൻ സാധിക്കാത്ത സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ?

(എ&ബി) എം.എൽ.എ. ഫണ്ടുപയോഗിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് കെൽട്രോണിൽ നിന്നുള്ള ഇൻവോയിസ്പ്രകാരം വർക്ക് ഓർഡർ നൽകുന്ന സമയത്ത് ഇൻവോയിസ്പ്രകാരമുള്ള സാധനങ്ങളുടെ ലഭ്യതക്കുറവുമൂലം ഓർഡർ ചെയ്യുന്ന സാധനങ്ങൾ യഥാസമയം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്ന് ഇടുക്കി, വയനാട് ജില്ലാ കളക്ടറേറ്റുകളിൽനിന്നും ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഉപകരണങ്ങളുടെ വാങ്ങലും വിതരണവും മോണിറ്റർ ചെയ്യുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങലും

വിതരണവും നിർവ്വഹണ ഉദ്യോഗസ്ഥരാണ് മോണിറ്റർ ചെയ്യുന്നത്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

35(6010) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22, 2022-23 എന്നീ വർഷങ്ങളിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം ലഭ്യമാക്കുമോ?

2021-22, 2022-23 എന്നീ വർഷങ്ങളിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം അനുബന്ധമായി+ ചേർക്കുന്നു.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പദ്ധതികളുടെ സേവിംഗ്സ്

36(6011) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതൽ നാളിതുവരെ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ സേവിംഗ്സ് തുക സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

പ്രത്യേക വികസനനിധി വിനിയോഗിച്ച് ശിപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നത് അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകളൊന്നും എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അച്ചടി) നം.161/2017/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

**ഗുണഭോക്തൃ കമ്മിറ്റി എഗ്രിമെന്റ് വച്ച പ്രവൃത്തികൾ**

37(6012) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി മുൻ എം.എൽ.എ.-മാർ നിർദ്ദേശിച്ചതും ഗുണഭോക്തൃ കമ്മിറ്റി എഗ്രിമെന്റ് വച്ചതുമായ പ്രവൃത്തികളുടെ നിർവ്വഹണം സാധനസാമഗ്രികളുടെ വിലയിലുണ്ടായ വർദ്ധനവുമൂലം ആരംഭിക്കാത്ത വിഷയം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ അരൂർ നിയോജകമണ്ഡലത്തിൽ എഗ്രിമെന്റ് വച്ചതും നടക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

1. MLA-SDF-2020-21 - Adv. Shanimol Osman, MLA - Metalling & Tarring of Puthenkandathil Colony Road, ward no. 10 of Thycattussery Grama Panchayath
2. MLA-SDF-2020-21 - Adv. Shanimol Osman, MLA – Construction of Culvert – Thayyil Kaippally Colony Road near Thachethu Temple in ward no. 10 of Thuravoor Grama Panchayath
3. MLA-SDF-2020-21 - Adv. Shanimol Osman, MLA - Metalling & Tarring of Karumanchery Palli- Market Road in ward no. 2 of Kadomthuruth Grama Panchayath
4. MLA-SDF-2020-21 - Adv. Shanimol Osman, MLA - Metalling & Tarring of N.H. Valamangalam Valiyapadam Road in ward

no. 8 of Kuthiathode Grama Panchayath

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി**

38(6013) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽ ഒരു സാമ്പത്തിക വർഷം ടെണ്ടർ സേവിംഗ്സായി വരുന്ന തുക ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ നിർദ്ദേശിക്കാൻ ധനകാര്യ വകുപ്പിൽനിന്നും അനുമതി വാങ്ങണമെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രത്യേക വികസന നിധി വിനിയോഗിച്ച് ശിപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നത്

അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഒന്നുംതന്നെ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നം.161/2017/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. നിലവിലെ മാർഗ്ഗരേഖപ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ലാത്തതിനാൽ ടെണ്ടർ സേവിംഗ്സ് വിനിയോഗിച്ച് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമാണ്.

(ബി) ഒരു സാമ്പത്തിക വർഷം ടെണ്ടർ സേവിംഗ്സ് ഉൾപ്പെടെ ഒരു കോടി രൂപയിൽ കൂടുതൽ തുകയ്ക്ക് ഭരണാനുമതി നൽകാൻ കഴിയില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അച്ചടി)നം.161/2017/ധന. പ്രകാരം, ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. ടി മാർഗ്ഗരേഖപ്രകാരം പ്രതിവർഷം ഒരു കോടി രൂപയാണ് ഓരോ നിയോജകമണ്ഡലത്തിനും അനുവദിച്ചുനൽകുന്നത്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രത്യേക വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

39(6014) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22, 2022-23 എന്നീ വർഷങ്ങളിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## ഡിവിസിബിൾ പൂൾ വിഹിതം

40(6016) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പതിനാലാം ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് നൽകിയിരുന്ന വിഹിതം എത്ര ശതമാനം ആയിരുന്നുവെന്ന് വ്യക്തമാക്കാമോ?

പതിനാലാം ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ച നികുതി വിഹിതം 2.5 ശതമാനമായിരുന്നു. എന്നാൽ, സർവ്വീസ് ടാക്സിന് 2.526 ശതമാനം വിഹിതം അനുവദിച്ചിരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സയന്റിഫിക് ഓഫീസർ തസ്തിക സൃഷ്ടിക്കാൻ നടപടി

41(6017) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെമിക്കൽ ലാബുകളിൽ സയന്റിഫിക് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള Exp.A3/625/2021/Fin. എന്ന ഫയലിന്റെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) സയന്റിഫിക് ഓഫീസർമാരുടെ ആവശ്യകത കണക്കിലെടുത്ത് തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ-സി) ഫോറൻസിക് സയൻസ് ലാബുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള Exp.A3/625/2021/Fin. എന്ന ഫയൽ പരിശോധനയിലാണ്. തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

## ഒടേരി പൊയിൽ വാട്ടർ ഷെഡ് പദ്ധതി

42(6018) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്‌മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.)-XXII പദ്ധതിവഴി നടപ്പാക്കുന്ന ഒടേരി പൊയിൽ വാട്ടർ ഷെഡ് പദ്ധതിയിൽ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് ഏത് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ RIDF-XXII പദ്ധതിവഴി നടപ്പാക്കുന്ന ഒടേരി പൊയിൽ പദ്ധതിക്ക് 25-11-2016-ലെ GO(Rt)No.987/2016/AGRI. ഉത്തരവുപ്രകാരം (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം+ ചെയ്യുന്നു.) ഭരണാനുമതി ലഭിച്ചതാണ്. പദ്ധതി നിർവ്വഹണത്തിലെ കാലതാമസം കാരണം 10-02-2023-ലെ G.O(Rt)No. 136/2023/AGRI. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം+ ചെയ്യുന്നു.) പ്രകാരം ടി പദ്ധതിക്ക് DsoR-2018 ബാധകമാക്കി സർക്കാർ ഉത്തരവ് ആകുകയും ആയതുപ്രകാരം പദ്ധതിനിർവ്വഹണം നടന്നുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച കാലാവധിക്കുള്ളിൽ രണ്ട് പ്രളയവും കൊറോണയും വന്ന സാഹചര്യത്തിൽ പ്രവൃത്തി കാലാവധി നീണ്ടുപോയതിനാൽ നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനും കാലാവധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2024 മാർച്ചുവരെ നീട്ടിലഭിക്കുന്നതിനുംവേണ്ടി കൺവീനർ കെ. കെ. നാണുവിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ?

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച കാലാവധിക്കുള്ളിൽ രണ്ട് പ്രളയവും കൊറോണയും വന്ന സാഹചര്യത്തിൽ പ്രവൃത്തി കാലാവധി നീണ്ടുപോയതിനാൽ നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനും കാലാവധി 2024 മാർച്ചുവരെ നീട്ടി ലഭിക്കുന്നതിനുംവേണ്ടി കൺവീനർ കെ. കെ. നാണു കൃഷി വകുപ്പുമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ (അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം+ ചെയ്യുന്നു.) ഭരണവകുപ്പ് അനൗദ്യോഗിക ഫയൽ നം. 2331917/Agri-IFA2/12/2023-Agri പ്രകാരം ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആയത് ധനകാര്യ വകുപ്പിന്റെ 2046420/NC-A3/4/2023-Fin. നമ്പർ ഫയലിൽ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനും കാലാവധി ദീർഘിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

10-02-2023-ലെ G.O.(Rt)No. 136/2023/AGRI. ഉത്തരവുപ്രകാരം മേൽ പദ്ധതിയുടെ നിരക്ക് DSoR-2018 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നബാർഡ് പ്രവൃത്തികളുടെ കാലാവധി തീരുമാനിക്കുന്നതിനുള്ള അധികാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നബാർഡിന് മാത്രമാണുള്ളത്. നബാർഡിന്റെ 07-04-2022-ലെ NB(Kerala)/SPD/2273/RIDF-40(A)/2022-23 നമ്പർ കത്തുപ്രകാരം (കത്തിന്റെ പകർപ്പ് ഉള്ളടക്കം+ ചെയ്യുന്നു.) ട്രാഞ്ചെ XXII-ൽ അംഗീകാരം നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള അവസാന തീയതി 31-03-2023-ഉം ബില്ലുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30-06-2023-ഉം ആണ്.

## മെഡിസെപ്പ് ആനുകൂല്യങ്ങൾ

43(6019) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മെഡിസെപ്പ് ആനുകൂല്യങ്ങളുള്ള ആശുപത്രികളിൽ ഓരോ അസുഖത്തിന്റെ ചികിത്സയ്ക്കും ഇൻഷുറൻസ് തുക അനുവദിക്കുന്നതിന് ചികിത്സാനിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ, എങ്കിൽ വിശദവിവരം നൽകുമോ?

01-07-2022-ൽ ആരംഭിച്ച മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുന്ന ചികിത്സാപ്രക്രിയകളുടെ നിരക്കുകൾ 23-06-2022-ലെ സ.ഉ.(പി) 70/2022/ധന. പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മെഡിസെപ്പ് പരാതിപരിഹാര സംവിധാനങ്ങൾ

44(6020) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

മെഡിസെപ്പുമായി ബന്ധപ്പെട്ട പരാതികൾ മെഡിസെപ്പ് പോർട്ടലിലെ ഗ്രീവൻസ് ലിങ്കിലെ level-1 മുഖേന ഇൻഷുറൻസ് കമ്പനിക്ക് സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം പരിഹാരമാകാത്ത പരാതികൾ 27-06-2022-ലെ സ.ഉ.(പി).76/2022/ധന. പ്രകാരം സർക്കാർതലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ത്രിതല പരാതിപരിഹാര സംവിധാനത്തിലും പോർട്ടലിലെ ഗ്രീവൻസ് ലിങ്കിലെ level-2 മുഖേനയും രജിസ്റ്റർ ചെയ്യാവുന്നതാണ്.

i) ജില്ലാതല പരാതിപരിഹാര കമ്മിറ്റി (DGRC)

ii) സംസ്ഥാനതല പരാതിപരിഹാര കമ്മിറ്റി (SGRC)

(iii) അപ്പലേറ്റ് അതോറിറ്റി

(ബി) മെഡിസെപ്പുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പരാതികൾ പരിഹരിച്ചുവെന്നും

വ്യക്തമാക്കാമോ?

ജില്ലാതല പരാതിപരിഹാര സെല്ലുകളിൽ 12-03-2023 വരെ ലഭിച്ച 469 പരാതികളിൽ 242 എണ്ണം പരിഹരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ മെഡിസെപ്പ് പോർട്ടലിലെ ഡാഷ് ബോർഡിൽ upload ചെയ്തിട്ടുണ്ട്.

(സി) മെഡിസെപ്പ് ഉള്ളവർക്ക് ചില ഹോസ്പിറ്റലുകൾ ഭൗതിക സാഹചര്യങ്ങൾ നിഷേധിക്കുന്നതായുള്ള പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത്തരം ആശുപത്രികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇത്തരത്തിലുള്ള പരാതികൾ ലഭ്യമായിട്ടില്ല.

## സർവ്വീസ് പെൻഷൻ ചെലവുകൾ

45(6021) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് പെൻഷൻ ലഭിക്കുന്നത് ഏതെല്ലാം വിഭാഗക്കാർക്കാണെന്നും പ്രസ്തുത ചെലവിന്റെ ശീർഷകം ഏതെന്നും 2016-2017 മുതൽ 2021-2022 വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകത്തിലെ ചെലവ് തുക എത്രയെന്നും വിശദമാക്കാമോ?

പാർട്ട് ടൈം ജീവനക്കാർ ഉൾപ്പെടെയുള്ള കേരള സർക്കാർ ജീവനക്കാർ, എയ്ഡഡ് സ്കൂൾ-കോളേജ് ജീവനക്കാർ, സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ & സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷണർമാർ, സംസ്ഥാന ഇലക്ഷൻ കമ്മീഷണർമാർ, ഹൈക്കോടതി ജഡ്ജിമാർ, കേരള കലാമണ്ഡലം ജീവനക്കാർ, സംസ്ഥാന നിയമസഭാംഗങ്ങൾ എന്നിവർക്കാണ് സർവ്വീസ് പെൻഷൻ ലഭിക്കുന്നത്. പ്രസ്തുത ചെലവിന്റെ ശീർഷകവും 2016-2017 മുതൽ 2021-2022 വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകത്തിലെ ചെലവ് തുക എത്രയെന്നുമുള്ള വിവരം ചുവടെ ചേർത്തിരിക്കുന്നു.

(തുക കോടിയിൽ)

| ശീർഷകം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 2071-01-101-99-കേരള സർക്കാർ പെൻഷൻകാർക്കുള്ള പെൻഷൻ | 7110.65 | 8596.99 | 8001.39 | 8417.1 | 8217.02 | 11966.1 |
| 2071-01-101-95-സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർക്കും സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷണർക്കുമുള്ള പെൻഷൻ | 0 | 0.02 | 0 | 0.03 | 0.05 | 0.04 |
| 2071-01-106-99-ഹൈക്കോടതി ജഡ്ജിമാർക്കുള്ള | 6.44 | 18.14 | 4.66 | 11.37 | 15.18 | 5.24 |

| | | | | | | |
|---|---|---|---|---|---|---|
| പെൻഷൻ ചെലവുകൾ | | | | | | |
| 2071-01-109-99-സർക്കാർ ധനസഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ | 2521.52 | 2932.76 | 2946.63 | 3178.84 | 3209.68 | 4785.35 |
| 2071-01-109-98-കേരള കലാമണ്ഡലത്തിലെ ജീവനക്കാർക്കുള്ള പെൻഷൻ | 10.54 | 1.02 | 1.68 | 1.82 | 2.08 | 3.18 |
| 2071-01-111-99-സംസ്ഥാന നിയമസഭാംഗങ്ങൾക്കുള്ള പെൻഷൻ | 10.11 | 8.07 | 12.22 | 12.62 | 11.99 | 13.2 |

(ബി) ഇതര സംസ്ഥാനങ്ങളിലോ വിദേശത്തോ വസിക്കുന്നവരും സംസ്ഥാന സർക്കാരിന്റെ സർവ്വീസ് പെൻഷൻ ലഭിക്കുന്നവരുമായ മുൻ സംസ്ഥാന സർവ്വീസ് ജീവനക്കാർ, ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ആൾ ഇന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് പ്രസ്തുത തുക വിതരണം ചെയ്യുന്നത് ഏത് ചെലവ് ശീർഷകത്തിൽ നിന്നാണെന്നും 2016-17 മുതൽ 2021-22 വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകത്തിലെ ചെലവ് തുക എത്രയെന്നും വിശദമാക്കാമോ?

ഇതര സംസ്ഥാനങ്ങളിലോ വിദേശത്തോ വസിക്കുന്നവരും സംസ്ഥാന സർക്കാരിന്റെ സർവ്വീസ് പെൻഷൻ ലഭിക്കുന്നവരുമായ മുൻ സംസ്ഥാന സർവ്വീസ് ജീവനക്കാർ, ഉദ്യോഗസ്ഥർ, അദ്ധ്യാപകർ എന്നിവർക്ക് പെൻഷൻ തുക വിതരണം ചെയ്യുന്നത് അനുബന്ധം 1+-ൽ ചേർത്തിരിക്കുന്ന ശീർഷകത്തിൽനിന്നുമാണ്. ആയതിന് പ്രത്യേക കണക്ക് ശീർഷകം സൂക്ഷിക്കുന്നില്ല. അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ പെൻഷൻ ചെലവുകൾ നിർവ്വഹിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഭൂരിപക്ഷം അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും കേന്ദ്ര സർക്കാരിൽനിന്നും നേരിട്ടാണ് പെൻഷൻ കൈപ്പറ്റിവരുന്നത്. അഖിലേന്ത്യാ സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ സംസ്ഥാന സർക്കാർ നൽകേണ്ടി വരികയാണെങ്കിൽ 8658-00-101-99 എന്ന ശീർഷകത്തിൽനിന്നും മാറി നൽകിയശേഷം CPAO (Central Pension Accounting Office)-ൽ നിന്നും റീ-ഇംബേഴ്സ് ചെയ്ത് വാങ്ങിവരുന്നു. 2016-17 മുതൽ 2021-22 വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ശീർഷകത്തിലെ ചെലവ് തുക ചുവടെ ചേർത്തിരിക്കുന്നു.

(തുക കോടിയിൽ)

| ശീർഷകം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 8658-00-101-99 | -6.57 | 42.50 | 31.79 | 40.97 | 2.82 | 23.16 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പഴയ പെൻഷനിലേയ്ക്ക് മാറാനുള്ള അവസരം**

46(6022) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബർ 22-നുമുമ്പ് വിജ്ഞാപനം ചെയ്ത ഒഴിവുകളിൽ നിയമിക്കപ്പെട്ടുകയും നിലവിൽ പുതിയ പെൻഷൻ പദ്ധതിയിൽ തുടരുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പഴയ പെൻഷൻ പദ്ധതിയിലേയ്ക്ക് മാറാൻ അവസരം നൽകിയത് സംസ്ഥാനത്തും ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് 2013 ഏപ്രിൽ 01-നുമുമ്പ് വിജ്ഞാപനം ചെയ്ത തസ്തികകളിൽ നിയമിക്കപ്പെട്ടുകയും നിലവിൽ പുതിയ പെൻഷൻ പദ്ധതിയിൽ തുടരുകയും ചെയ്യുന്ന ജീവനക്കാർക്ക് പഴയ പെൻഷൻ പദ്ധതിയിലേയ്ക്ക് മാറാൻ അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) ഒരേ റാങ്ക് ലിസ്റ്റിൽനിന്നും രണ്ടുതരം നിയമനങ്ങളെന്ന പരാതി ഒഴിവാക്കുന്നതിന് മുൻകയ്യെടുക്കുമോ; വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ

പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു അദ്ധ്യക്ഷനായി 07-11-2018-ലെ സ.ഉ. (പി) നം. 172/2018/ധന. പ്രകാരം സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും 03-09-2020-ലെ സ.ഉ. (സാധാ)നം. 5071/2020/ധന. പ്രകാരം 01-04-2013-നുമുമ്പുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം അപേക്ഷിച്ചതും 01-04-2013-നുശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി വിജ്ഞാപന തീയതിയുൾപ്പെടെ പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് 30-04-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

(ഡി) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ നിലവിൽ വന്ന 2013 ഏപ്രിൽ 01-നുമുമ്പുള്ള വിജ്ഞാപനപ്രകാരം നിയമിക്കപ്പെടുകയും നിലവിൽ പുതിയ പെൻഷൻ പദ്ധതിയിൽ തുടരുകയും ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ നിലവിൽ വന്ന 2013 ഏപ്രിൽ

01-നമ്പറുള്ള വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിയമിക്കപ്പെടുകയും നിലവിൽ പുതിയ പെൻഷൻ പദ്ധതിയിൽ തുടരുകയും ചെയ്യുന്ന ജീവനക്കാരുടെ എണ്ണം 09-06-2021-ൽ PSC-യിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം 58000 വരും.

**ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടി**

**47**(6023) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നിലവിൽ എത്ര ക്ഷാമബത്ത ഗഡുക്കൾ കുടിശ്ശികയുണ്ടെന്നും കുടിശ്ശിക എന്നുമുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 01-01-2021 മുതലുള്ള ക്ഷാമബത്ത കണക്കാക്കിയിട്ടില്ല. ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**ലീവ് സറണ്ടർ പി.എഫ്.-ൽനിന്ന് പിൻവലിക്കുന്നതിനുള്ള ലോക്ക് ഇൻ പിരീഡ് ഒഴിവാക്കുന്നതിന് നടപടി**

48(6024) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് 2022-23 വർഷത്തിൽ അനുവദിച്ച ലീവ് സറണ്ടർ തുക പി.എഫ്.-ൽനിന്ന് പിൻവലിക്കുന്നതിനുള്ള ലോക്ക് ഇൻ പീരീഡ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചാണ് സർക്കാർ ജീവനക്കാർക്ക് 2022-23 വർഷത്തിൽ അനുവദിച്ച ലീവ് സറണ്ടർ തുക പി.എഫ്.-ൽനിന്ന് പിൻവലിക്കുന്നതിനുള്ള ലോക്ക് ഇൻ പീരീഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) 2023-24 വർഷത്തെ ലീവ് സറണ്ടർ തുക പണമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തെ ലീവ് സറണ്ടർ സംബന്ധിച്ച വിഷയത്തിൽ സർക്കാർ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലെ ആശുപത്രികൾ

49(6025) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിപ്രകാരം ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ പേരും ഈ ആശുപത്രികളിൽ നിന്നും മെഡിസെപ് മുഖേന ലഭിക്കുന്ന സേവനങ്ങളും സംബന്ധിച്ച

വിശദാംശം ജില്ല തിരിച്ച് നൽകാമോ?

ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ പേരും ഈ ആശുപത്രികളിൽനിന്നും മെഡിസെപ് മുഖേന ലഭിക്കുന്ന സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ മെഡിസെപ് പോർട്ടലിലെ Hospitals എന്ന link-ലെ സ്പെഷ്യലൈസേഷൻ എന്ന മെനുവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഹൃദയ സംബന്ധമായ രോഗത്തിന് സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് ശസ്ത്രക്രിയ നടത്തുന്നതിനുമാത്രമേ മെഡിസെപ് ആനുകൂല്യം പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളോ; വിശദാംശം നൽകാമോ?

മെഡിസെപ്-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ ഹൃദയ സംബന്ധമായ രോഗങ്ങൾക്കുള്ള മെഡിക്കൽ/സർജിക്കൽ ചികിത്സാ സൗകര്യങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്.

**സ്പാർക്ക് കാര്യാലയത്തിലെ സന്ദർശന നിയന്ത്രണം**

50(6026) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും വിരമിച്ച ജീവനക്കാരുടെയും

സേവനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി സ്പാർക്ക് കാര്യാലയം സന്ദർശനം നടത്തുന്നതിനോ ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തുന്നതിനോ എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

06-10-2016-ലെ പരിപത്രം നം. 81/2016/ധന., 01-07-2019-ലെ പരിപത്രം നം. 64/2019/ധന., 26-07-2021-ലെ പരിപത്രം നം. 60/2021/ധന. എന്നിവപ്രകാരം സർക്കാർ ജീവനക്കാരുടെയും എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെയും സേവനവേതന വിവരങ്ങൾ കൈകാര്യം ചെയ്യുന്ന സ്പാർക്ക് സോഫ്റ്റ്‌വെയർ സംബന്ധിച്ച സംശയദൂരീകരണം നടത്തുന്ന ഓഫീസായ സ്പാർക്ക് (പി.എം.യു.) സന്ദർശിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സേവനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് സ്പാർക്കിലെ ഉന്നത ഉദ്യോഗസ്ഥരെ നേരിൽ കാണുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ; എങ്കിൽ അത് സർക്കാരിന്റെ അറിവോടെയാണോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാരുടെയും എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെയും സേവനവേതന വിവരങ്ങൾ കൈകാര്യം ചെയ്യുന്ന

സ്പാർക്ക് സോഫ്റ്റ്‌വെയർ സംബന്ധിച്ച സംശയദൂരീകരണം നടത്തുന്ന ഓഫീസാണ് സ്പാർക്ക് (പി.എം.യു.). ഇവിടെ പ്രധാനമായും മെയിൽ, ചാറ്റ്, ഫോൺ, ഗസ്റ്റ് എന്നീ മാധ്യമങ്ങളിലൂടെയാണ് സംശയദൂരീകരണം നടത്തി വരുന്നത്. ഗസ്റ്റായി ഏകദേശം നാല്പതോളംപേർ ഒരു ദിവസം സ്പാർക്ക് (പി.എം.യു.) ഓഫീസ് സന്ദർശിക്കുന്നുണ്ട്. 26-07-2021-ലെ പരിപത്രം നം.60/2021/ധന. പ്രകാരം സ്പാർക്ക് (പി.എം.യു.) ഓഫീസ് സന്ദർശിക്കുന്ന ഒരു ജീവനക്കാരന് ഹെൽപ്പ്ഡെസ്കുവഴി സംശയദൂരീകരണം തൃപ്തികരമായില്ലെങ്കിൽ ടി ജീവനക്കാരൻ ആവശ്യപ്പെടുന്നപക്ഷം സ്പാർക്ക് (പി.എം.യു.) ഓഫീസിലെ ഉന്നത ഉദ്യോഗസ്ഥരെ ഫോൺവഴി ബന്ധപ്പെടുന്നതിനും നേരിട്ട് സന്ദർശിക്കുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്.

(സി) ഓഫീസിലെത്തുന്ന സന്ദർശകരെ സ്പാർക്കിലെ ഉന്നത ഉദ്യോഗസ്ഥർ കാണാൻ തയ്യാറാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഒരു സർക്കാർ കാര്യാലയമെന്ന നിലയിൽ സ്പാർക്കിൽ വിവിധ സേവന ആവശ്യങ്ങൾക്കെത്തുന്നവർക്ക് ഉന്നത ഉദ്യോഗസ്ഥരടക്കമുള്ള

ഉദ്യോഗസ്ഥരെ കാണുന്നതിനുള്ള നിയന്ത്രണം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

26-07-2021-ലെ പരിപത്രം നം.60/2021/ധന. പ്രകാരം ജീവനക്കാർക്ക് സ്പാർക്ക് (പി.എം.യു.) ഓഫീസ് സന്ദർശിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

## വിദ്യാഭ്യാസ വായ്പ

51(6027) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകണമെന്ന ശ്രീ. ആൽവിൻ ജയിംസ് എന്നയാളുടെ അപേക്ഷയിൽ (ഇ-6521189/എം-ഫിൻ/2022) ധനകാര്യ വകുപ്പിലെ ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പിൽ (2212679/പ്ലാനിംഗ് -ബി1/90/2022/ധന.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ബാങ്കുകൾ മുഖാന്തരം അനുവദിച്ചുനൽകുന്ന വിദ്യാഭ്യാസ വായ്പ

സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നത് ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പിലായതിനാൽ, ബഹുമാനപ്പെട്ട ആലുവ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. അൻവർ സാദത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ള (ഇ-6521189/എം-ഫിൻ/2022) അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത കത്ത് ആ വകുപ്പിന് കൈമാറുകയും ടി വിവരം ബഹുമാനപ്പെട്ട ആലുവ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. അൻവർ സാദത്തിനെ 10-10-2022-ലെ 2212679/പ്ലാനിംഗ്-ബി1/90/2022 നമ്പർ കത്തുപ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കത്തിടപാടുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(ബി) ഈ വിഷയത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ വിഷയത്തിൽ ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പിലെ നിലവിലുള്ള ഫയലിന്റെ തൽസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

ആസൂത്രണവും സാമ്പത്തികകാര്യവും (എ) വകുപ്പിൽനിന്നും അപേക്ഷകന് മറുപടി നൽകിയിട്ടില്ല. ആസൂത്രണവും സാമ്പത്തികകാര്യവും (എ) വകുപ്പിന്റെ 11-01-2023-ലെ PLGEA-A2/466-2022-PLGEA നമ്പർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കത്തുപ്രകാരം വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന വിഷയത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി കൺവീനറോടും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നെടുമ്പാശ്ശേരി ശാഖാമാനേജരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

**ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണം**

52(6029) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിച്ച ചാരുമ്മൂട് സിവിൽസ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.എം.എൽ.എ.-യുടെ 22-08-2022-ലെ നിവേദനം ധനകാര്യ വകുപ്പ് പരിശോധിക്കുകയും പ്രസ്തുത വിഷയത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു. ആയതിൻപ്രകാരം 522.5 ലക്ഷം രൂപയുടെ ഭരണാനുമതിക്ക് പ്രൊപ്പോസൽ

സമർപ്പിച്ചു. എന്നാൽ ഭരണ വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് 12% GST ഉൾപ്പെടുത്തിയതും PRICE സോഫ്റ്റ്‌വെയറിൽ അംഗീകരിക്കാത്തതുമായിരുന്നു. ആയതിനാൽ, പ്രസ്തുത ന്യൂനതകൾ പരിഹരിച്ച്, GST 18% ഉൾപ്പെടുത്തിയ എസ്റ്റിമേറ്റുസഹിതം ഫയൽ പുനഃസമർപ്പിക്കാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ 20% പ്രൊവിഷൻ അനുവദിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തി, ഭരണ വകുപ്പിൽനിന്ന് പുതിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട പ്രവൃത്തിക്കുള്ള ഭരണാനുമതി**

53(6033) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ച പ്രവൃത്തിക്കുപകരമായി നിർദ്ദേശിച്ച പ്രവൃത്തിക്ക് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; (Com no. 6611333) ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി ധനകാര്യ വകുപ്പ് അനുമതി നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ച പ്രവൃത്തിക്ക് പകരമായി നിർദ്ദേശിച്ച പ്രവൃത്തിക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല.

**അനർഹരായവർ ക്ഷേമപെൻഷൻ വാങ്ങുന്നത് തടയുന്നതിന് നടപടി**

**54**(6036) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹരായവർ ക്ഷേമപെൻഷൻ വാങ്ങുന്നത് തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

2016-ൽ കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ടിൽനിന്നും കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും പൊതുജനങ്ങളിൽനിന്നും വിവിധ സംഘടനകളിൽനിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിന്മേൽ നടത്തിയ പരിശോധനകളിൽനിന്നും സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധിപേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/കുടുംബ പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി

ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധിപേരെ കണ്ടെത്തുകയുണ്ടായി. 2019 ഡിസംബർ മാസംവരെയുള്ള സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗ്‌വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തിയിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(ബി) അർഹരായ അപേക്ഷിച്ച എല്ലാവർക്കും കാലതാമസമില്ലാതെ ക്ഷേമപെൻഷൻ അനുവദിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സാമൂഹ്യസുരക്ഷാ പെൻഷന് അപേക്ഷ നൽകേണ്ടത് ബന്ധപ്പെട്ട പ്രാദേശിക സർക്കാരിലും ക്ഷേമനിധി ബോർഡ് പെൻഷന് അപേക്ഷ നൽകേണ്ടത് ബന്ധപ്പെട്ട ബോർഡിലുമാണ്. മാനദണ്ഡങ്ങൾപ്രകാരം അർഹരായവർ പെൻഷന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആയതിന്മേൽ

പരിശോധന നടത്തി അർഹതപ്പെട്ടവർക്ക് പെൻഷൻ അനുവദിച്ചുവരുന്നു.

(സി) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് നൽകാൻ സമയപരിധി നിശ്ചയിച്ചിരുന്നോ; വിശദമാക്കാമോ?

സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ റവന്യൂ അധികാരികൾ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് 2022 സെപ്റ്റംബർ 1 മുതൽ 2023 ഫെബ്രുവരി 28 വരെ 6 മാസക്കാലയളവ് അനുവദിച്ചിരുന്നു.

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കുള്ള ക്ഷേമപെൻഷൻ**

55(6038) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് ക്ഷേമപെൻഷൻ അനുവദിക്കുന്നതിന് മറ്റ് പെൻഷൻകാരുടേതുപോലെ ഒരു ലക്ഷം രൂപ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഒരു ലക്ഷം രൂപ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഈ വിഭാഗത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത്

കുടുംബത്തിന്റെ അവസ്ഥ, വരുമാനപരിധി എന്നിവയിൽനിന്ന് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ലെങ്കിലും ഈ വിഷയം പരിശോധിക്കുന്നതാണ്.

**ക്ഷേമനിധി പെൻഷൻ**

**56**(6039) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ക്ഷേമനിധി പെൻഷനുകളാണ് ഇപ്രകാരം നൽകാത്തതെന്നും അംശദായം അടച്ച തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കുന്ന നടപടി ഒഴിവാക്കുമോയെന്നും വ്യക്തമാക്കുമോ?

(എ&ബി) നിഷേധിക്കുന്നില്ല. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകൾ, കായിക യുവജനക്ഷേമ വകുപ്പ്, സാംസ്കാരിക വകുപ്പ് എന്നിവ മുഖേന നൽകുന്ന ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന ഗുണഭോക്താക്കളിൽ 06-02-2017-നുമുമ്പ് ടി പെൻഷനും സാമൂഹ്യസുരക്ഷാ പെൻഷനും ലഭിച്ചിരുന്നവർക്ക് ക്ഷേമനിധി

ബോർഡ്/വകുപ്പുകൾ മുഖേന നൽകുന്ന പെൻഷൻ പൂർണ്ണനിരക്കിലും സാമൂഹ്യസുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്. 06-02-2017-നുമുമ്പും ശേഷവും ഒരു പെൻഷൻ മാത്രം ലഭിച്ചിരുന്നവർക്ക് ആ പെൻഷൻ മാത്രം പൂർണ്ണനിരക്കിൽ ലഭിക്കുന്നതിന് അർഹതയുണ്ട്. ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങി വരുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷനിലേയ്ക്ക് മാറുന്നതിനോ, തിരിച്ചോ ഒരിക്കൽ അവസരം ഉണ്ടായിരിക്കുന്നതാണ്.

തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളിൽ 06-07-2018-നുമുമ്പ് രണ്ട് പെൻഷൻ ലഭിച്ചിരുന്നവർക്ക് രണ്ട് പെൻഷനും പൂർണ്ണനിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. മറ്റുള്ളവർക്ക് ബോർഡ് പെൻഷൻ പൂർണ്ണ നിരക്കിലും സാമൂഹ്യസുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്.

**ഐ.ജി.എസ്.ടി. വിഹിതം കാര്യക്ഷമമാക്കൽ**

57(6040) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.എസ്.ഒ. സാമ്പിൾ സർവ്വേപ്രകാരം ഇന്ത്യയിൽ

ഏറ്റവും കൂടുതൽ ചരക്കും സേവനവും ഉപയോഗിക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എൻ.എസ്.എസ്.ഒ. സർവ്വേ ഫലം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ 80 ശതമാനം ഉപഭോഗവും ഇതരസംസ്ഥാനത്തുനിന്നോ വിദേശത്തുനിന്നോ എത്തുന്ന ചരക്കോ സേവനമോ ആണെന്നിരിക്കെ സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. വിഹിതം കാര്യമായി വർദ്ധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

സംയോജിത ചരക്കുസേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. ജി.എസ്.ടി. റിട്ടേൺ

സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി.-യുടെ തുടക്കംമുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെത്തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും റിട്ടേണിലേയ്ക്കുള്ള വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായി.

(സി) എൻ.എസ്.എസ്.ഒ. കണ്ടെത്തിയ പ്രസ്തുത വസ്തുതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

എൻ.എസ്.എസ്.ഒ. സർവ്വേ ഫലം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി.-യുടെ തുടക്കംമുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല.

ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെത്തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും റിട്ടേണിലേയ്ക്കുള്ള വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണമെന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെതന്നെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി സംസ്ഥാനത്തിന് മുൻകാലത്തെ അപേക്ഷിച്ച് IGST ഇനത്തിൽ കൂടുതൽ നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ജി.എസ്.ടി. നഷ്ടപരിഹാരത്തുക**

**58**(6041) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാരത്തിനായി അക്കൗണ്ടന്റ് ജനറൽ സർട്ടിഫൈ ചെയ്ത സ്റ്റേറ്റ്മെൻറ് കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ;

ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്കുസേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവുകണക്കിൽ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ടുമാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തികവർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം നഷ്ടപരിഹാരത്തുക അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനുവേണ്ടി AG ഓഫീസ് സംസ്ഥാനത്തെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള

വിശദാംശങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന് 13-02-2023-ലാണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ 24-02-2023-ൽ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പും 03-03-2023-ൽ സർക്കാരും അക്കൗണ്ടന്റ് ജനറൽ ഓഫീസിനെ അറിയിച്ചിട്ടുണ്ട്.

(ബി) ഐ.ജി.എസ്.ടി. റിട്ടേണിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ സംസ്ഥാന സർക്കാരിന് 25,000 കോടി രൂപയുടെ നഷ്ടമുണ്ടായതായി എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

16-09-2022-ലെ എസ്.ആർ.ഒ. നം. 892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ജി.എസ്.ടി. നഷ്ടപരിഹാരത്തിലെ മുഴുവൻ തുകയും കേന്ദ്രം നൽകുന്നതിന് അക്കൗണ്ടന്റ് ജനറൽ സർട്ടിഫൈ ചെയ്ത സ്റ്റേറ്റ്മെന്റ് ആവശ്യമാണോ എന്ന് വ്യക്തമാക്കാമോ?

ചരക്കുസേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു

സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ടുമാസക്കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം നഷ്ടപരിഹാരത്തുക അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനുവേണ്ടി AG ഓഫീസ് സംസ്ഥാനത്തെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന് 13-02-2023-ലാണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ 24-02-2023-ൽ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പും 03-03-2023-ൽ സർക്കാരും അക്കൗണ്ടന്റ് ജനറൽ ഓഫീസിനെ അറിയിച്ചിട്ടുണ്ട്.

## ലക്കി ബിൽ ആപ്പ്

**59**(6043) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്കി ബിൽ ആപ്പ് നിർമ്മിക്കുന്നതിലേയ്ക്കായി ചെലവഴിച്ച

തുകയുടെ വിശദാംശം അറിയിക്കുമോ?

ലക്കി ബിൽ ആപ്പ് ഡെവലപ് ചെയ്തത് ഡാറ്റ അനലിറ്റിക്സ് പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ്. ലക്കി ബിൽ ആപ്പിനുവേണ്ടി 32.5 ലക്ഷം രൂപയാണ് പ്രത്യേകമായി ചെലവഴിച്ചിട്ടുള്ളത്.

(ബി) ഇതുവരെ എത്ര ജനങ്ങൾ പ്രസ്തുത ആപ്പ് തെരഞ്ഞെടുത്തുവെന്ന് വ്യക്തമാക്കാമോ?

14-03-2023 വരെ 110796 പേർ പ്രസ്തുത ആപ്പ് തെരഞ്ഞെടുത്തു.

(സി) പ്രസ്തുത ആപ്പിന്റെ പ്രചരണത്തിന് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ലക്കി ബിൽ ആപ്പിന്റെ പ്രചരണത്തിന് ആകെ 2,17,96,361 രൂപ ചെലവഴിച്ചു.

(ഡി) പ്രസ്തുത ആപ്പ്‌വഴി സമാഹരിച്ച മൊത്തം ബില്ലുകളുടെ എണ്ണം എത്ര; ഇതിൽ എത്ര ബില്ലുകൾ പരിശോധിച്ചു; എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി; വ്യക്തമാക്കുമോ?

14-03-2023 വരെ 1141562 ബില്ലുകൾ ലക്കി ബിൽ ആപ്പ്‌വഴി സമാഹരിച്ചു. നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന്, ആവശ്യമായ സമയത്ത് ഇന്റലിജൻസ് വിഭാഗം വിവരങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകുന്നുണ്ട്.

ബന്ധപ്പെട്ട കേസ്സുകൾ പരിശോധനാഘട്ടത്തിലായതിനാൽ തുക നിർണ്ണയിക്കാൻ കഴിയില്ല. കൂടാതെ പുതിയതായി ആരംഭിച്ച ഓഡിറ്റ് വിഭാഗത്തിനും കണക്കുകൾ പരിശോധിക്കാൻ ഈ ബില്ലുകൾ സഹായകരമാണ്.

**നികുതി സംബന്ധിച്ച കേസുകളിലെ സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ**

60(6044) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോടതി വ്യവഹാരങ്ങളിൽപ്പെട്ട് സ്റ്റേയിൽ കിടക്കുന്ന നികുതി സംബന്ധിച്ച കേസുകളുടെ വിശദാംശം നൽകാമോ?

സംസ്ഥാനത്ത് കോടതി വ്യവഹാരങ്ങളിൽപ്പെട്ട് സ്റ്റേയിൽ കിടക്കുന്ന നികുതി സംബന്ധിച്ച കേസുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കേസുകളുടെ സ്റ്റേ നീക്കുന്നതിനും നികുതി പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സി.&എ.ജി.-യുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കേസുകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് ജോയിന്റ് കമ്മീഷണറുടെ (നിയമം) കീഴിൽ ഒരു വിഭാഗം പ്രവർത്തിച്ചുവരികയാണ്. ഇവർ ഗവൺമെന്റ് പ്ലീഡർമാരുമായി നിരന്തരം ചർച്ചകൾ നടത്തുകയും കേസുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ എടുത്തുവരികയുമാണ്. കേസുകളുടെ ബാഹുല്യംകാരണം നിലവിലുള്ള ഹൈക്കോടതി ജഡ്ജിമാർക്ക് കൂടുതൽ കേസുകൾ തീർപ്പാക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറലുമായി ഈ വിഷയം ചർച്ച ചെയ്യുകയും നികുതി കേസുകൾമാത്രം കൈകാര്യം ചെയ്യുന്നതിന് ഹൈക്കോടതിയുടെ ഒരു ബെഞ്ചുകൂടി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പെൻഡിംഗ് കേസുകളുടെ വിശദാംശങ്ങൾ സഹിതം ഹൈക്കോടതി രജിസ്ട്രാർമുഖേന ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റം**

61(6045) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ തുടർച്ചയായുള്ള വിലക്കയറ്റം സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പെട്രോളിയം ഉൽപ്പന്നങ്ങളുടെ തുടർച്ചയായുള്ള വിലക്കയറ്റം സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധന വിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യസാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപസാധ്യതയേയും ദുർബലപ്പെടുത്തി.

(ബി) കേന്ദ്ര സർക്കാരിന് സമാനമായി സംസ്ഥാന സർക്കാരും പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ സെസ്സ് ഏർപ്പെടുത്തി സാധാരണ ജനങ്ങൾക്കുമേൽ അധിക നികുതി ഭാരം ഏൽപ്പിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ടിലേയ്ക്ക് വകയിരുത്തുന്നതിനുവേണ്ടിയാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ടുരൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ ആറ് വർഷത്തോളമായി സംസ്ഥാന സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും

സംസ്ഥാന നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന നികുതി നിരക്ക് യഥാക്രമം 31.80 ശതമാനത്തിൽനിന്നും 30.08 ശതമാനമായും 24.52 ശതമാനത്തിൽനിന്നും 22.76 ശതമാനമായും കുറവ് വരുത്തുകയുണ്ടായി.

(സി) ഇക്കാര്യത്തിൽ 2011-16-ലെ സർക്കാർ അവലംബിച്ച മാതൃക സ്വീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

2011-16 കാലഘട്ടത്തിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി നാലുതവണ കുറയ്ക്കുകയും 13 തവണ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി രണ്ടുതവണ കുറയ്ക്കുകയും 5 തവണ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. എന്നാൽ കഴിഞ്ഞ ആറുവർഷത്തോളമായി പെട്രോൾ, ഡീസൽ എന്നിവയുടെ വിൽപ്പന നികുതിയിൽ സംസ്ഥാന സർക്കാർ വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി

യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറച്ചിട്ടുണ്ട്.

## ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചുകൾക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ രഹസ്യഫണ്ടുകൾ

**62**(6047) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചുകൾക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ രഹസ്യഫണ്ടുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചുകൾക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ രഹസ്യഫണ്ടുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അനുവദിച്ച ഫണ്ട് | ചെലവഴിച്ച ഫണ്ട് |
|---|---|---|
| തിരുവനന്തപുരം | 1135490/- | 1135490/- |
| കൊല്ലം | 271000/- | 244400/- |
| പത്തനംതിട്ട | 143000/- | 106032/- |
| ആലപ്പുഴ | 224160/- | 224160/- |
| കോട്ടയം | 339650/- | 319650/- |
| ഇടുക്കി | 135000/- | 126200/- |
| എറണാകുളം | 880628/- | 603829/- |
| ആലുവ | 180000/- | 144980/- |
| തൃശ്ശൂർ | 350000/- | 251015/- |
| പാലക്കാട് | 10000/- | 5000/- |

| | | |
|---|---|---|
| കോഴിക്കോട് | 185000/- | 50500/- |
| വയനാട് | 85000/- | 10000/- |
| മലപ്പുറം | 175000/- | 75000/- |
| കണ്ണൂർ | 154000/- | 104000/- |
| കാസർഗോഡ് | 95000/- | 45000/- |

(ബി) അവ ചെലവഴിച്ച ഉദ്യോഗസ്ഥർ കൃത്യമായ വൗച്ചറുകൾ നൽകിയിട്ടുണ്ടോ; ആയവ ഓഡിറ്റിന് വിധേയമായിട്ടുണ്ടോ; ടി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചുകളിലെ ഓരോ യൂണിറ്റിലും എത്ര ഇൻസ്പെക്ടർമാർ എന്ന വിവരം ലഭ്യമാക്കാമോ?

ഉദ്യോഗസ്ഥർ കൃത്യമായ വൗച്ചറുകൾ നൽകിയിട്ടുണ്ട്. ആയതിന് നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോളിയം II അപ്പെൻഡിക്സ്-6-ലെ റൂൾ ഫോർ അഡ്മിനിസ്ട്രേഷൻ സൂപ്പർവിഷൻ കൺട്രോൾ ഓഫ് സീക്രെട്ട് സർവ്വീസ് എക്സ്പെൻസുപ്രകാരം രഹസ്യസേവന ഫണ്ട് ഓഡിറ്റ് വിധേയമല്ല. ഈ ഫണ്ടിന്റെ വിനിയോഗം നടത്തുന്നത് 24-06-2009-ലെ 51/09/ഫിൻ. നമ്പർ പരിപത്രം അനുസരിച്ചാണ്. ഇതിൻപ്രകാരം രഹസ്യഫണ്ടുകൾ ചെലവഴിച്ച ഉദ്യോഗസ്ഥർ കണ്ടിജന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചുകളിലെ ഓരോ യൂണിറ്റിലും
ഇൻസ്പെക്ടർമാരുടെ എണ്ണം

| ജില്ല | യൂണിറ്റുകളുടെ എണ്ണം | ഇൻസ്പെക്ടർമാരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 4 | 16 |
| കൊല്ലം | 2 | 8 |
| പത്തനംതിട്ട | 2 | 8 |
| ആലപ്പുഴ | 2 | 8 |
| കോട്ടയം | 2 | 8 |
| ഇടുക്കി | 2 | 8 |
| എറണാകുളം | 6 | 24 |
| ആലുവ | 3 | 12 |
| തൃശ്ശൂർ | 3 | 12 |
| പാലക്കാട് | 3 | 12 |
| കോഴിക്കോട് | 3 | 12 |
| വയനാട് | 2 | 8 |
| മലപ്പുറം | 3 | 12 |
| കണ്ണൂർ | 2 | 8 |
| കാസർഗോഡ് | 2 | 8 |

(സി) ഓരോരുത്തരും എത്ര ഇന്റലിജൻസ് റിപ്പോർട്ടുകളാണ് തന്റെ മേലുദ്യോഗസ്ഥന് സമർപ്പിച്ചിട്ടുള്ളതെന്നും മേലുദ്യോഗസ്ഥർ എത്ര റിപ്പോർട്ടുകളിന്മേൽ നടപടി ആരംഭിച്ചുവെന്നുള്ളതിന്റെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഇന്റലിജൻസ് റിപ്പോർട്ടുകൾ ജില്ല തിരിച്ചുള്ള കണക്ക്.

| ജില്ല | മേലുദ്യോഗസ്ഥന് സമർപ്പിച്ചിട്ടുള്ള ഇന്റലിജൻസ് റിപ്പോർട്ടുകൾ | മേലുദ്യോഗസ്ഥൻ നടപടി ആരംഭിച്ച ഇന്റലിജൻസ് റിപ്പോർട്ടുകൾ |
|---|---|---|

| | | |
|---|---|---|
| തിരുവനന്തപുരം | 108 | 108 |
| കൊല്ലം | 110 | 109 |
| പത്തനംതിട്ട | 16 | 15 |
| ആലപ്പുഴ | 35 | 35 |
| കോട്ടയം | 28 | 28 |
| ഇടുക്കി | 10 | 10 |
| എറണാകുളം | 46 | 46 |
| ആലുവ | 31 | 31 |
| തൃശ്ശൂർ | 26 | 26 |
| പാലക്കാട് | 46 | 46 |
| കോഴിക്കോട് | 67 | 67 |
| വയനാട് | 16 | 16 |
| മലപ്പുറം | 14 | 14 |
| കണ്ണൂർ | 61 | 61 |
| കാസർഗോഡ് | 30 | 30 |

## ക്രഷർ നികുതി നിർണ്ണയത്തിലെ ക്രമക്കേട് - തിരുത്തൽ നടപടി സംബന്ധിച്ച്

**63**(6048) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള ജി-സാൻഡ് എന്ന ക്രഷർ യൂണിറ്റിന് നികുതി വെട്ടിപ്പിനുള്ള കോംപൗണ്ടിംഗ് തുകയായ 8 ലക്ഷം രൂപ പിഴ ചുമത്തിയിട്ടുള്ളതായും എന്നാൽ ഇതേ കുറ്റംചെയ്ത ബി.എസ്. എന്റർപ്രൈസസ് എന്ന ക്രഷർ യൂണിറ്റിന് നികുതി വെട്ടിപ്പിന് 31 ലക്ഷം

രൂപ പെനാൽറ്റി പ്രൊപ്പോസ് ചെയ്തതിനുശേഷം ആയത് ഒന്നര ലക്ഷം രൂപയായി പെനാൽറ്റി സെറ്റിൽ ചെയ്ത നടപടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം തിരിച്ചുപിടിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോയെന്നും വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

(എ&ബി) ഇതുസംബന്ധിച്ച് സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്.

(സി) നികുതി വകുപ്പിന്റെ ഡി1/95/2018-നികുതി എന്ന നോട്ട് ഫയലിൽ (നോട്ട് നം.14) ആരോപണവിധേയനായ ഉദ്യോഗസ്ഥനെതിരെ വ്യാജ പരാതി അയച്ച ആളുകളെ ഭീമാ എന്റർപ്രൈസസ് എന്ന സ്ഥാപന ഉടമകൾക്ക് അറിയാമെന്ന് വ്യക്തമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഈ കണ്ടെത്തലിന് വസ്തുതാപരമായ പിൻബലമുണ്ടോ; എങ്കിൽ ഈ സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ കമ്മീഷണറെയും ആരോപണവിധേയനായ വ്യക്തിയെയും അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഡി1/95/2018-നികുതി ഫയൽ ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല.

**ജി.എസ്.ടി. കോമ്പൻസേഷൻ**

64(6049) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയാൽ സംസ്ഥാനത്തിന് പ്രതിവർഷം നഷ്ടമാകുമെന്ന് പ്രതീക്ഷിക്കുന്ന തുക കണക്കാക്കിയത് ഏതൊക്കെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്കുസേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ടി നിയമത്തിന്റെ വകുപ്പ് 7(3)-ൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം കണക്കാക്കപ്പെടുന്നത്.

ഇതുപ്രകാരം ടി നിയമത്തിന്റെ വകുപ്പ് 6 പ്രകാരം കണക്കാക്കപ്പെടുന്ന പ്രൊജക്ടഡ് റവന്യൂവിൽനിന്നും റീഫണ്ട് കിഴിച്ചുള്ള എസ്.ജി.എസ്.ടി. കളക്ഷനും ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച GST-യിൽ ലയിക്കപ്പെട്ട കേന്ദ്ര സംസ്ഥാന നിയമങ്ങളിൽനിന്നുള്ള റീഫണ്ട് കിഴിച്ചുള്ള

നികുതി വരുമാനവും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്.

ചരക്കുസേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017-ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ടുമാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനുമൊടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിനുശേഷം ആയത് അന്തിമമായി കണക്കാക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയതുപ്രകാരം സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2022 ജൂൺവരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപയുൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ 2022 ജൂൺ മാസത്തോടെ അവസാനിച്ചു.

സംസ്ഥാനത്തിന്റെ പ്രൊജക്ടഡ് റവന്യൂ, ലഭ്യമായ ജി.എസ്.ടി. കോമ്പൻസേഷൻ എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

**വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ധനകാര്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ

**65**(6050) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ധനകാര്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവയും ലഭ്യമാക്കാമോ?

അനുബന്ധം 1+ - ൽ ചേർക്കുന്നു.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

അനുബന്ധം 2+ -ൽ ചേർക്കുന്നു.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും എങ്കിൽ അതുസംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധം 3+ -ൽ ചേർക്കുന്നു.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, ടി സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുൻഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

അനുബന്ധം 4+ -ൽ ചേർക്കുന്നു.

**ലീന കെ.ഒ.-യുടെ ആശ്രിതർക്ക് ലഭിക്കേണ്ട തുക അനുവദിക്കുന്നതിനുള്ള നടപടി**

66(6051) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സി.എം.എൽ.പി. സ്കൂൾ അദ്ധ്യാപികയായിരുന്ന ലീന കെ.ഒ. മരണപ്പെട്ടതിനെത്തുടർന്ന് ആശ്രിതർക്ക് ലഭിക്കേണ്ട തുകയ്ക്കായി സ്പാർക്കുമുഖേന സമർപ്പിച്ച ബില്ലിൽ മൂന്ന് ആശ്രിതരിൽ ഒരാളായ അഞ്ജു ജോൺസന്റെ അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ആകാത്ത പ്രശ്നത്തിൽ പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) സാങ്കേതിക പ്രശ്നങ്ങൾമൂലം സ്പാർക്ക് മുഖേന നടത്തുന്ന ട്രാൻസാക്ഷനുകളിലെ കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമീകരണങ്ങൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തൃശ്ശൂർ സി.എം.എൽ.പി. സ്കൂൾ അദ്ധ്യാപികയായിരുന്ന ലീന കെ.ഒ. മരണപ്പെട്ടതിനെത്തുടർന്ന് ആശ്രിതർക്ക് ലഭിക്കേണ്ട തുകയ്ക്കായി സ്പാർക്കുമുഖേന സമർപ്പിച്ച ബില്ലിൽ മൂന്ന് ആശ്രിതരിൽ ഒരാളായ അഞ്ജു ജോൺസന്റെ അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ആകാത്ത പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. അഞ്ജു ജോൺസന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഡി.ഡി.ഒ. തെറ്റായി അപ്ഡേറ്റ് ചെയ്തതിനാലാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകാത്തത്. ഇതുസംബന്ധിച്ച് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായിട്ടില്ല.

**ചരക്കുസേവന നികുതി വകുപ്പിലെ പുനഃസംഘടന**

67(6052) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി വകുപ്പിലെ പുനഃസംഘടനയ്ക്കുശേഷം ഒരു വിഭാഗം ജീവനക്കാർക്ക് രണ്ടുമാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാരുടെ ശമ്പളം പ്രോസസ് ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

02-08-2022-ലെ G.O.(Ms) No.55/2022/Taxes, 29-12-2022-ലെ

G.O.(Ms) No.106/2022/Taxes എന്നിവപ്രകാരം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ ജി.എസ്.ടി. നിയമത്തിനനുസൃതമായി ടാക്സ്പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആന്റ് ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായി പുനഃസംഘടിപ്പിച്ചു. തുടർന്ന് വകുപ്പിലെ മുഴുവൻ ജീവനക്കാരെയും പ്രസ്തുത വിഭാഗത്തിലെ വിവിധ കാര്യാലയങ്ങളിലേയ്ക്ക് പുനർവിന്യസിച്ചിരുന്നു. ഇത്തരത്തിൽ വിന്യസിക്കപ്പെട്ട വകുപ്പിലെ നാലായിരത്തിലധികം വരുന്ന ആകെ ജീവനക്കാരിൽ ഗസറ്റഡ് തസ്തികയിലെ 33 ജീവനക്കാരുടെമാത്രം ശമ്പളം നൽകാൻ കഴിഞ്ഞിരുന്നില്ല. ആയതിനുവേണ്ടി അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽനിന്നും പേ സ്ലിപ് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പുനഃസംഘടനയോടുകൂടി ഏതെങ്കിലും ഓഫീസുകൾ ഇല്ലാതാകുകയും പുതിയവ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പുനഃസംഘടന നടപ്പാക്കിക്കൊണ്ടുള്ള 29-12-2022-ലെ GO(Ms)No.106/2022/Taxes പ്രകാരം വകുപ്പിലെ നിലവിലെ ഓഫീസുകൾക്ക് പകരമായി പുതിയ ഓഫീസുകളും അവയിലെ

ഉദ്യോഗസ്ഥരുടെ അംഗബലവും പുനർനിർണ്ണയിച്ച് ഉത്തരവായിരുന്നു.

## സ്വർണ്ണ വ്യാപാര മേഖലയിലെ പ്രതിവർഷ വിൽപ്പന

**68**(6053) ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണവ്യാപാര മേഖലയിൽ പ്രതിവർഷം എത്ര ടൺ സ്വർണ്ണമാണ് വിൽക്കപ്പെടുന്നതെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും എത്ര ടൺ സ്വർണ്ണം വീതമാണ് വിറ്റത് എന്നറിയിക്കാമോ?

നികുതിദായകർ ജി.എസ്.ടി. നിയമപ്രകാരം സമർപ്പിക്കുന്ന റിട്ടേണുകളിൽ വിറ്റുവരവ്, നികുതി തുടങ്ങിയവ മാത്രമാണ് നിലവിലുള്ള നിയമപ്രകാരം സമർപ്പിക്കേണ്ടത്. അത് നൽകേണ്ടത് മൂല്യാടിസ്ഥാനത്തിലാണ്. നികുതി നിർണ്ണയങ്ങൾക്കോ മറ്റ് പരിശോധനകൾക്കോ വിധേയമാകുമ്പോൾ മാത്രമാണ് സ്റ്റോക്ക് വിവരങ്ങൾ (Quality wise) വ്യാപാരികളോട് ആവശ്യപ്പെടാറുള്ളത്. അതിനാൽ പ്രതിവർഷം എത്ര ടൺ സ്വർണ്ണം വിൽക്കപ്പെടുന്നുവെന്നതിന്റെ കണക്ക് ലഭ്യമല്ല.

(ബി) സ്വർണ്ണ വിൽപ്പനയുമായി ബന്ധപ്പെട്ട് എത്ര ശതമാനം

നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്; കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും എത്ര രൂപയാണ് നികുതി ഇനത്തിൽ ലഭിക്കേണ്ടിയിരുന്നതെന്നും ലഭിക്കേണ്ടിയിരുന്നതിൽ എത്ര തുക ലഭിച്ചുവെന്നും വിശദമാക്കാമോ?

ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3 ശതമാനമായിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ.

നികുതിദായകർ അവരുടെ അതത് മാസത്തെ വിറ്റുവരവിനെ അടിസ്ഥാനമാക്കി റിട്ടേൺ ഫയൽ ചെയ്താണ് നികുതി അടയ്ക്കുന്നത്. അതിനാൽ ലഭിക്കേണ്ട നികുതി സംബന്ധിച്ചുള്ള കണക്ക് ലഭ്യമല്ല.

ജി.എസ്.ടി. റിട്ടേൺപ്രകാരം കമ്മോഡിറ്റി ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ജി.എസ്.ടി.ആർ.-1 ഡാറ്റായുടെയും ഇ-വേ ബിൽപ്രകാരം ലഭ്യമാകുന്ന ഡാറ്റയുടെയും അടിസ്ഥാനത്തിൽ ഒരു നികുതിദായകന്റെ ബിസിനസ്സ് ഇടപാടുകളുടെ പ്രധാനഭാഗങ്ങൾ പരിഗണിച്ച് എച്ച്.എസ്.എൻ. പ്രകാരം ഗ്രൂപ്പാക്കിയിട്ടുണ്ട്. ജി.എസ്.ടി. വന്നതിനുശേഷം ജൂലൈ 2017-18 മുതൽ 2021-22 വരെ സ്വർണ്ണാഭരണം ഉൾപ്പെടെയുള്ള സ്വർണ്ണ വിൽപ്പനയിൽനിന്നുള്ള എസ്.ജി.എസ്.ടി. നികുതി വരുമാനവും (ടി സൂചിക കണക്കുകൾ) വളർച്ചാനിരക്കും ചുവടെ ചേർക്കുന്നു:

| വർഷം | സ്വർണ്ണ വില്പനയിന്മേലുള്ള എസ്.ജി.എസ്.ടി. വരുമാനം (കോടിയിൽ) | വളർച്ചാ നിരക്ക് |
|---|---|---|
| 2017-18 (ജൂലൈ മുതൽ) | 307.02 | |
| 2018-19 | 426.05 | |
| 2019-20 | 435.76 | 2.28 |
| 2020-21 | 486.65 | 11.68 |
| 2021-22 | 560.91 | 15.26 |

നികുതി വെട്ടിപ്പ് തടയുന്നതിലേയ്ക്ക് സ്വർണ്ണമേഖല ഉൾപ്പെടെയുള്ള മേഖലകളിൽ എൻഫോഴ്സ്മെന്റ് ആക്ഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റവന്യൂ റിക്കവറി തുക

**69**(6054) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി നടത്തി പിരിച്ചെടുക്കേണ്ട തുക സംബന്ധിച്ച് നികുതി വകുപ്പിന്റെ പക്കൽ വ്യക്തമായ വിവരങ്ങൾ ഇല്ലെന്നുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്തുവരുന്ന നികുതി നിയമങ്ങൾപ്രകാരമുള്ള റവന്യൂ റിക്കവറി നടത്തി പിരിച്ചെടുക്കേണ്ട തുക സംബന്ധിച്ച് വകുപ്പിന്റെ പക്കൽ വ്യക്തമായ വിവരങ്ങൾ ലഭ്യമാണ്.

വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ മൂല്യവർദ്ധിത നികുതി നിയമം, കേരള പൊതുവില്പന നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം, ആഡംബര നികുതി നിയമം, കാർഷികാദായ നികുതി നിയമം മുതലായവയുടെ കീഴിൽ നടപ്പ് സാമ്പത്തിക വർഷം 30-11-2022 വരെയുള്ള കണക്കുകൾപ്രകാരം റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6739.82 കോടി രൂപയാണ്. നികുതി കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാൻ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുനഃസംഘടനയിൽ ഇതിനായി എല്ലാ ജില്ലകളിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്. ഒറ്റത്തവണതീർപ്പാക്കൽ പദ്ധതിയായ ആംനെസ്റ്റി പദ്ധതിയിലൂടെയും നികുതി കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്.

(ബി) നികുതി, റവന്യൂ വകുപ്പുകളിൽ ഇതുസംബന്ധിച്ചുള്ള കണക്കിൽ വ്യത്യാസമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

റവന്യൂ റിക്കവറി സംബന്ധിച്ച് നികുതി, റവന്യൂ വകുപ്പുകൾ തമ്മിൽ റീകൺസിലിയേഷൻ സമയബന്ധിതമായി നടത്താറുണ്ട്.

## മെഡിസെപ്പ് പദ്ധതി

70(6055) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ഹോസ്പിറ്റലുകളിൽ എല്ലാ വിഭാഗം ചികിത്സകളും ഗുണഭോക്താക്കൾക്ക് ലഭിക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയത് പരിഹരിക്കുന്നതിന് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഹോസ്പിറ്റലുകളിൽ എല്ലാവിധ ചികിത്സയും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എംപാനൽ ചെയ്ത ആശുപത്രികളിലെ എല്ലാവിധ ചികിത്സകളും മെഡിസെപ്പ് പദ്ധതിയുടെ ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

## വകുപ്പുകളുടെ ബാങ്ക് അക്കൗണ്ടിലെ തുക ട്രഷറിയിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശം

71(6056) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വകുപ്പുകളും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും ബോർഡുകളും മറ്റ് സ്വയംഭരണ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ബാങ്ക് അക്കൗണ്ടുകളിലെ പണം ട്രഷറിയിലേയ്ക്ക് മാറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും വകുപ്പുകളും സ്ഥാപനങ്ങളും പിൻവലിച്ച തുക അതത് സാമ്പത്തികവർഷം ചെലവഴിക്കാതെ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ടുകളിൽ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നത് തിരികെ ട്രഷറി അക്കൗണ്ടുകളിലേയ്ക്കോ ബന്ധപ്പെട്ട ശീർഷകങ്ങളിലേയ്ക്കോ ഒടുക്കുന്നതിന് നിർദ്ദേശം നൽകി 20-02-2023-ലെ സ.ഉ. (അച്ചടി) നം. 16/2023/ധന. പ്രകാരം സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ എത്ര തുക വീതം ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്; ഈ തുക തിരികെ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

20-02-2023-ലെ സ.ഉ.(അച്ചടി) നം. 16/2023/ധന. പ്രകാരം പണം തിരികെ ട്രഷറിയിലേയ്ക്ക് ഒടുക്കുന്നതിന് 20-03-2023 വരെ സമയം അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും പിൻവലിച്ച്, ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന തുക സ്ഥാപനങ്ങളുടെ ട്രഷറി അക്കൗണ്ടിൽ ഒടുക്കാൻ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ, തുക തിരികെ നൽകുന്ന കാര്യത്തിന് നിലവിൽ പ്രസക്തിയില്ല.

**നികുതി വകുപ്പിന്റെ പുനഃസംഘടനയെത്തുടർന്നുള്ള നേട്ടങ്ങൾ**

**72**(6057) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നിയമത്തിനനുസൃതമായി നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചതിനെത്തുടർന്നുണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും ജീവനക്കാരുടെ ജോബ് സാറ്റിസ്ഫാക്ഷൻ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യംവച്ചുകൊണ്ടാണ് വകുപ്പിൽ 02-08-2022-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 55/2022/ടാക്സസ്, 29-12-2022-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 106/2022/ടാക്സസ് എന്നിവ പ്രകാരം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുള്ളത്. പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം ഉൾപ്പെടെ നൽകിക്കൊണ്ട് വകുപ്പിനെ സജ്ജമാക്കിവരികയാണ്.

## കോഴിക്കോട് എ.കെ.ജി. ഫ്ലൈഓവർ നിർമ്മാണം

**73**(6058) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എ.കെ.ജി. ഫ്ലൈഓവർ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭ്യമായിട്ടുണ്ടോ?

ലഭ്യമായിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്ക് ബജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ അംഗീകാരം നൽകിയിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ബാധകമല്ല.

**ജില്ലാ കൃഷിത്തോട്ടത്തിലെ തൊഴിലാളികളുടെ കുടിശ്ശിക അനുവദിക്കുന്നതിന് നടപടി**

**74**(6059) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും വിരമിച്ച സ്ഥിരം തൊഴിലാളികൾക്ക് 17-07-2019 മുതൽ അനുവദിക്കപ്പെട്ട പേ റിവിഷൻ കുടിശ്ശിക പാസാക്കി നൽകുന്നതിന് സ്പാർക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച 6-10-2022-ലെ സ.ഉ. (പി) നം. 30/2022/കൃഷി പ്രകാരം വിരമിച്ച സ്ഥിരം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക സ്പാർക്കിൽ പ്രോസസ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിലെ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും വിരമിച്ച സ്ഥിരം തൊഴിലാളികൾക്ക് 01-07-2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക മാറിനൽകുന്നതിന് സ്പാർക്ക് മുഖേന സാധിക്കാതിരുന്ന പ്രശ്നം ഇതിനോടകം പരിഹരിച്ചിട്ടുണ്ട്. ടി ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും വിരമിച്ച ഏതെങ്കിലും സ്ഥിരം തൊഴിലാളികൾക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക മാറിനൽകുന്ന പ്രശ്നം ഇനിയും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് സ്പാർക്കിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് പരിഹരിച്ചുനൽകുന്നതുമാണ്.

## കിഫ്ബി പദ്ധതികൾക്കായുള്ള കടമെടുപ്പ്

75(6060) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ 80,352.04 കോടിയിൽപ്പരം രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനു (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിന് നിലവിൽ ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾമാത്രം ഇനി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിനുമുന്നേതന്നെ നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ

സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) 2023-24 വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി ഒൻപതിനായിരം കോടി രൂപ വായ്പയെടുക്കാൻ കിഫ്ബിക്ക് അനുമതി നൽകിയിട്ടുണ്ടോ?

2023-24 വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി പതിനായിരം കോടി രൂപവരെ വായ്പയെടുക്കാനാണ് കിഫ് ബോർഡ് തീരുമാനിച്ചിരിക്കുന്നത്.

(സി) പ്രസ്തുത കടമെടുപ്പ് സർക്കാരിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ?

കിഫ്ബിയുടെ കടമെടുപ്പ് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ അല്ലെങ്കിലും കേന്ദ്ര സർക്കാർ അത്തരത്തിലാണ് കിഫ്ബിയുടെ പ്രസ്തുത വായ്പകളെ കാണുന്നത്.

(ഡി) കിഫ്ബി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവ് മുടങ്ങാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നിലവിൽ കിഫ്ബി സമാഹരിച്ചിരിക്കുന്ന വായ്പകളുടെ തിരിച്ചടവിന് സർക്കാരിൽനിന്നും ആന്വിറ്റിയായി ലഭിച്ചുവരുന്ന തുക പര്യാപ്തമാണ്. തുടർന്നുള്ള കാലങ്ങളിലും സർക്കാരിൽനിന്നുള്ള സഹായങ്ങൾ കൃത്യമായി ഉറപ്പുവരുത്തി കിഫ്ബിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തും.

## കിഫ്ബി പദ്ധതികളുടെ തുക

**76**(6061) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ വിവിധ വകുപ്പുകളിൽ എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്; പദ്ധതികളുടെ തുക സംബന്ധിച്ച വിശദാംശം വകുപ്പുതിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നാളിതുവരെ 80,352.04 കോടി രൂപയുടെ 1057 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കിഫ്ബി അംഗീകാരം നൽകിയ പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ വിശദാംശം അനുബന്ധം 2+ ആയി ചേർക്കുന്നു.

## കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതിനുശേഷം വേണ്ടെന്നുവച്ച പ്രവൃത്തികൾ

77(6062) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ എം.എൽ.എ.-മാർ നിർദ്ദേശിച്ചതുപ്രകാരം ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുകയും പിന്നീട് വേണ്ടെന്നുവയ്ക്കുകയും ചെയ്ത പ്രവൃത്തികൾക്കുപകരം പുതിയ പദ്ധതികൾ എവിടെയെങ്കിലും നൽകിയിട്ടുണ്ടോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയശേഷം സ്ഥലമേറ്റെടുപ്പിലെ കാലതാമസം, പദ്ധതി നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഒഴിവാക്കിയ പദ്ധതികൾക്കുപകരം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതുസംബന്ധിച്ച് സർക്കാർതലത്തിലും കിഫ്ബിയിലും പരിശോധനകൾ നടത്തിവരികയാണ്.

(ബി) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഏതെങ്കിലും പദ്ധതി വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച രണ്ട് പദ്ധതികൾ ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) ഇത്തരം പദ്ധതികൾക്കുപകരം വേറെ പ്രവൃത്തികൾ അനുവദിക്കുന്നതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതികൾക്കുപകരം മറ്റു പ്രവൃത്തികൾ അനുവദിക്കുന്നത് പരിഗണനയിലില്ല.

**പൂർത്തിയാക്കിയ കിഫ്ബി പദ്ധതികൾ**

78(6063) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളിതുവരെ കിഫ്ബിയിലുൾപ്പെടുത്തിയ എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നാളിതുവരെ കിഫ്ബി മുഖേന അംഗീകാരം നൽകിയ പദ്ധതികളിൽ 12,476.06 കോടി രൂപയുടെ പദ്ധതി/പദ്ധതി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി മുഖേന നടപ്പാക്കുന്ന ഒറ്റപ്പാലം ബൈപ്പാസ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

79(6064) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന ഒറ്റപ്പാലം ബൈപ്പാസ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2016-17-ലെ കേരള ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് 27-09-2016-ലെ G.O.(Rt)No. 1324/PWD/2016 ഉത്തരവുപ്രകാരം ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. വിശദമായ പഠനങ്ങളുടെയും സർവ്വേകളുടെയും അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയ്ക്ക് 78.05 കോടി രൂപയുടെ കിഫ്ബി അംഗീകാരം 15-05-2018-ലെ Order No. PWD-003-04-PA-01 ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ഒറ്റപ്പാലം വില്ലേജിലെ, പദ്ധതിക്കാവശ്യമായ വിവിധ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട ഏകദേശം 325.00 ആർ (3.2500 ഹെക്ടർ) സ്ഥലം ഏറ്റെടുത്ത് ലഭിക്കുന്നതിനായി 03-09-2018-ൽ ജില്ലാ കളക്ടർ, പാലക്കാടിന് പദ്ധതിനിർവ്വഹണ ഏജൻസി അർത്ഥനാപത്രം സമർപ്പിച്ചു. സർവ്വേ & അതിരടയാളം ആക്ട് വകുപ്പ് 6(1) പ്രകാരമുള്ള വിജ്ഞാപനം

എൽ.എ. തഹസിൽദാർ 17-11-2018-ലെ 2755-ാം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിരുന്നു. ഈ പദ്ധതിക്കാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഭരണാനുമതി 28-06-2019-ൽ G.O.(Rt)No. 1676/2019 പ്രകാരം ലഭിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 17-09-2019-ന് ആരംഭിക്കുകയും പ്രവൃത്തി പൂർത്തിയാക്കി 09-10-2019-ന് സംയുക്ത പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളുടെ പ്രാഥമിക ചെലവുകൾക്കാവശ്യമായിരുന്ന 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജിനത്തിൽ കിഫ്ബിയിൽനിന്നും അനുവദിച്ച് നൽകിയിരുന്നു. ടി തുക പദ്ധതിനിർവ്വഹണ ഏജൻസി തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യാഘാത പഠനം പൂർത്തിയാക്കി എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും 18-02-2021-ൽ 11(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തി കല്ലുകളിൽ ചിലത് പിന്നീട് സ്ഥാനം തെറ്റി കിടക്കുന്നതായും ചിലത് കാണാനില്ലെന്നും സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽനിന്ന് അറിയിച്ചതിനെത്തുടർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയും നഷ്ടപ്പെട്ട കല്ലുകൾ പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു. പിന്നീട് സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടതനുസരിച്ച് സ്ഥലമേറ്റെടുപ്പിനും ആർ.ആർ.

പാക്കേജിനുമായി 43.65 കോടി രൂപ 26-07-2022-ന് സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 12-08-2022-ന് 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ആകെയുള്ള 240 എൽ.എ.സി. കേസുകളിൽ 180 എണ്ണത്തിൽ ജില്ലാ കളക്ടർ ഡി.വി.എസ്. അംഗീകരിച്ചിട്ടുള്ളതും അതിൽ 85 എണ്ണത്തിൽ അവാർഡ് പാസ്സാക്കി ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേയ്ക്ക് നഷ്ടപരിഹാരത്തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും 81 പേരുടെ അക്കൗണ്ടിൽ 11 കോടി രൂപ വരവ് വന്നിട്ടുള്ളതുമാണ്. ബാക്കി കേസ്സുകളിൽ അവാർഡ് പാസ്സാക്കുന്ന നടപടി പുരോഗമിച്ചുവരികയാണെന്ന് പദ്ധതിനിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) സ്ഥലം നഷ്ടപ്പെടുന്ന ഭൂവുടമകൾക്ക് തുക വിതരണം ചെയ്തുകഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കുന്നതിന് എത്ര സമയമെടുക്കും; വിശദാംശം ലഭ്യമാക്കാമോ?

സ്ഥലം ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറി മൂന്ന് മാസത്തിനുള്ളിൽ ടെണ്ടർ ചെയ്ത് നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതാണെന്ന് പദ്ധതിനിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

## നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

80(6065) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്താൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിമുഖേന നടപ്പാക്കുന്നതിനായി സമർപ്പിക്കപ്പെട്ട 21 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) ഇതിലെത്ര പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിച്ചെന്ന് വ്യക്തമാക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി സമർപ്പിക്കപ്പെട്ട 21 പദ്ധതികളിൽ 19 എണ്ണത്തിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിവരം അനുബന്ധം 2+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സാമ്പത്തികാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളുണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണവും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

ഉണ്ട്. ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1+-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി ധനാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട എസ്.പി.വി.-കൾക്കാണ്. ഭൂമി ഏറ്റെടുക്കൽ ആവശ്യമായ പദ്ധതികൾക്ക് അത്തരം നടപടികളും സാങ്കേതികാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ, ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ, വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ, പ്രവൃത്തി യഥാസമയം പൂർത്തീകരിക്കേണ്ട നടപടികൾ എന്നിവ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-കളാണ്. പദ്ധതിനിർവ്വഹണ ഘട്ടങ്ങളിൽ എസ്.പി.വി. -കൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് നേരിടുന്നപക്ഷം അവ പരിഹരിക്കുന്നതിനായി കിഫ്ബിയുടെ വിവിധ തലങ്ങളിൽ ബഹു.മന്ത്രിമാർ/എം.എൽ.എ. -മാർ എന്നിവരുടെ നേതൃത്വത്തിൽ ഇടയ്ക്കിടെ യോഗങ്ങൾ ചേർന്ന് എസ്.പി.വി-കൾക്കാവശ്യമായ നിർദ്ദേശങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിവരുന്നതോടൊപ്പം യഥാസമയം പദ്ധതി നിർവ്വഹണത്തിന്റെ പൂർത്തീകരണം ഉറപ്പാക്കുകയും ചെയ്യുന്നു.

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പദ്ധതികൾ

81(6066) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ&ബി) 2016 മുതൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## കിഫ്ബി ധനസഹായത്തോടെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ശ്മശാനം നിർമ്മാണം

82(6067) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി ധനസഹായത്തോടെ ശ്മശാനം നിർമ്മിക്കുന്നതിന് കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടോ; എത്ര രൂപയാണ് ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ ശ്മശാനം നിർമ്മിക്കുന്നതിനായി കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് കിഫ്ബി അനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്?

പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇംപാക്ട് കേരള ലിമിറ്റഡ് എന്ന പദ്ധതിനിർവ്വഹണ ഏജൻസിയെ ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിരുന്നു.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി  ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനം സ്ഥാപിക്കുന്നതുമായി ബന്ധപെട്ട് ശുചിത്വമിഷൻ തയ്യാറാക്കിയ ഡി. പി. ആർ. പദ്ധതിനിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരള ലിമിറ്റഡ് 2018

ഒക്ടോബറിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ. കിഫ്ബിയിൽ പരിശോധിക്കുകയും 2019 മാർച്ചിൽ സാങ്കേതിക അവലോകന റിപ്പോർട്ട് ഇംപാക്ടിന് നൽകുകയും ചെയ്തു. ഇതിനെത്തുടർന്ന് ഇംപാക്ട് ഡി.പി.ആർ. പരിഷ്കരിച്ച് 2022 മാർച്ചിൽ കിഫ്ബിയിൽ സമർപ്പിച്ചു. എന്നാൽ 30-06-2022-ന് കുന്ദമംഗലം ഗ്രാമ പഞ്ചായത്തിൽനിന്നും ഇംപാക്ടിന് ലഭിച്ച കത്തുപ്രകാരം പ്രസ്തുത ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കളരിക്കണ്ടി പൊതുശ്മശാനത്തിന്റെ പുനരുദ്ധാരണം കിഫ്ബി പദ്ധതിയല്ലാതെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തീരുമാനമെടുത്തതായി അറിയിക്കുകയും തുടർന്ന് 2022 മാർച്ചിൽ കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ., പദ്ധതിനിർവ്വഹണ ഏജൻസിയായ ഇംപാക്ട് പരിഷ്കരിക്കുകയും കുന്ദമംഗലം ഗ്യാസ് ശ്മശാനം പദ്ധതി കിഫ്ബിയുടെ പരിഗണനയിൽനിന്നും ഒഴിവാക്കുകയും ചെയ്തു.

**വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

83(6068) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്നും വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ കിഫ്ബി പദ്ധതികൾ

84(6069) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച ഫണ്ട് എത്രയാണെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) ഇവയിൽ പ്രവൃത്തി ആരംഭിക്കാത്തതും പകുതി വഴിയിൽ നിൽക്കുന്നതുമായ പദ്ധതികളും പൂർത്തീകരിച്ച പദ്ധതികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കാതിരിക്കാനും പകുതി വഴിയിൽ നിർത്തിവയ്ക്കാനും കാരണമെന്താണെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

(ബി&സി) ഇവയിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം 2+ ആയി ചേർക്കുന്നു. പ്രവൃത്തി ആരംഭിക്കാത്തതും പലവിധ കാരണങ്ങൾകൊണ്ട് നടത്തിപ്പിൽ കാലതാമസം നേരിട്ടുവരുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധം 3+ ആയി ചേർക്കുന്നു.

## മലമ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതികൾ

85(6070) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലമ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം അറിയിക്കാമോ?

ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധത്തിൽ+ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

86(6071) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരികൾ ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന നികുതിക്കനുസൃതമായി കൃത്യമായി റിട്ടേൺ ഫയൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്ത് വ്യാപാരികൾ ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന നികുതിക്കനുസൃതമായി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തി അപാകതകൾ കണ്ടെത്തുകയും സർക്കാരിന് ലഭിക്കേണ്ട നികുതിയും അതിന്റെ പലിശയും പെനാൽറ്റിയും സഹിതം ഈടാക്കിവരുന്നുണ്ട്. ഇതിനുപുറമെ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് നടത്തി വ്യാപാരികൾ കൃത്യമായി ഇൻവോയിസുകൾ നൽകുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് പൂർണ്ണമായും തടയാനായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുകയും അതിന്റെ ഭാഗമായി രൂപീകൃതമായ ഓഡിറ്റ്, ടാക്സ്പെയർ സർവ്വീസസ്, എൻഫോഴ്സ്മെന്റ്, ഇന്റലിജൻസ് എന്നീ വിഭാഗങ്ങളുടെ നിരന്തരമായ നിരീക്ഷണങ്ങളിലൂടെയും പരിശോധനയിലൂടെയും ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന നികുതിക്കനുസൃതമായി കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താനും കഴിയും.

(ബി) നികുതി വകുപ്പിന്റെ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പല നടപടികളും സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. നികുതി പിരിവിലും നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനും സാങ്കേതികവിദ്യ കൂടുതലായി ഉപയോഗപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നടപ്പാക്കിവരുന്നു. ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. വാഹനപരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ANPR സംവിധാനം കാര്യക്ഷമമാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. ജി.എസ്.ടി. സംബന്ധമായ വിവരങ്ങളും ഭേദഗതികളും അപ്ഡേഷനുകളും ഉടനടി ലഭ്യമാകുന്നതിലേയ്ക്കായി ജി.എസ്.ടി.എൻ. വികസിപ്പിച്ചെടുത്ത

സോഫ്റ്റ്‌വെയർ സംവിധാനത്തിലേയ്ക്ക് വകുപ്പ് മാറിയിട്ടുണ്ട്. പ്രൊഫഷണൽ നിലവാരത്തിലുള്ള പരിശീലനം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ജി.എസ്.ടി. നിയമങ്ങളെയും ചട്ടങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടും വ്യത്യസ്ത വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർക്കായി പ്രത്യേകമായ ഓൺലൈൻ പരിശീലനങ്ങളും വിദഗ്ധരായ പരിശീലകരെ ഉപയോഗിച്ചുകൊണ്ട് നടത്തുകയുണ്ടായി. ഇത് തുടരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ജി.എസ്.ടി. രജിസ്ട്രേഷനെടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ്, ടാക്സ്പെയർ സർവ്വീസ് യൂണിറ്റ് എന്നീ വിഭാഗങ്ങൾ സംസ്ഥാനത്തുടനീളം നടത്തിവരുന്ന ഫീൽഡ് സർവ്വേയിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും വാർഷിക വിറ്റുവരവ് പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷനെടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇ-വേ ബിൽ നിർബന്ധമാക്കിയത് കാര്യക്ഷമമായിട്ടുണ്ടോയെന്ന് പരിശോധന നടത്താനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കാമോ?

ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ചരക്കുവാഹന പരിശോധയിൽ ഇ-വേ ഓഫീസർ എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം 22 സ്ഥലങ്ങളിലായി അത്യാധുനിക എ.എൻ.പി.ആർ. സംവിധാനമുള്ള ക്യാമറകൾ സ്ഥാപിച്ച് അവയെ ഇ-വേ ബിൽ പോർട്ടലുമായി ലിങ്ക് ചെയ്ത് ഇ-വേ ബിൽ എടുക്കാതെ അതിർത്തി കടന്നുവരുന്ന വാഹനങ്ങളെ ഉടനടി കണ്ടെത്തുന്നതിനും ഇതിലൂടെ പരിശോധന കൂടുതൽ കാര്യക്ഷമമാക്കാനും കഴിഞ്ഞിട്ടുണ്ട്. വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ANPR സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ ആസൂത്രണം ചെയ്തുനടപ്പാക്കിവരുന്നു.

## എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ

87(6072) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:

<u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സ്ക്വാഡുകളുടെ എണ്ണം 100-ൽനിന്നും 45 ആയി വെട്ടിച്ചുരുക്കിയെന്നത് വസ്തുതയാണോ?

അല്ല. സംസ്ഥാനത്തെ ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന നടപ്പാക്കിയപ്പോൾ മൊത്തം സ്ക്വാഡുകളുടെ എണ്ണം 88 ആക്കുകയും അതിൽ 41 എണ്ണം ഇന്റലിജൻസ് വിഭാഗമായും 47 എണ്ണം എൻഫോഴ്സ്മെന്റ് വിഭാഗമായും പ്രവർത്തിച്ചുവരുന്നു.

(ബി) എങ്കിൽ പ്രസ്തുത സ്ക്വാഡുകളുടെ എണ്ണം കുറയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി ഇന്ത്യയിലുടനീളം നികുതിനിരക്ക് ഏകീകരിക്കപ്പെട്ടതിനാൽ അന്തർ സംസ്ഥാന കള്ളക്കടത്തിനുള്ള സാധ്യത വിരളമാണ്. അതിർത്തികൾ കേന്ദ്രീകരിച്ചുള്ള വാഹന പരിശോധനയ്ക്കുപരി ആധുനിക രീതിയിലുള്ള ഇന്റലിജൻസ് പരിശോധനയ്ക്ക് പ്രാധാന്യം നൽകുന്നതിനായി ഇന്റലിജൻസ് വിഭാഗത്തെ

ശക്തിപ്പെടുത്തിയതിനാൽ സ്ക്വാഡുകളുടെ എണ്ണത്തിൽ നാമമാത്രമായ കുറവ് കാര്യക്ഷമതയെ ബാധിക്കുന്നില്ല.

(സി) എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## ഇ-വേ ബില്ലുകൾ

88(6073) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലൂടെയുള്ള നിശ്ചിത സംഖ്യയ്ക്ക് മുകളിലുള്ള ചരക്ക് നീക്കങ്ങൾക്കായി 2018 ഏപ്രിൽ 1 മുതൽ ഏർപ്പെടുത്തിയിട്ടുള്ള ഇ-വേ ബിൽ സംവിധാനപ്രകാരം സംസ്ഥാനത്തിന് അകത്തേയ്ക്കുള്ള നീക്കങ്ങൾക്കായി എത്ര ഇ-വേ ബില്ലുകൾ തയ്യാറാക്കപ്പെട്ടിട്ടുണ്ട്; ഇവയിൽ ഉൾപ്പെട്ടിട്ടുള്ള ഐ.ജി.എസ്.ടി. ഘടകം എത്രയാണ്; 2018 ഏപ്രിൽ 1 മുതൽ വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; അതിൽ ബിസിനസ്സ് ടു ബിസിനസ്സ്, ബിസിനസ്സ് ടു കൺസ്യൂമർ ട്രാൻസാക്ഷൻ വിവരങ്ങൾ പ്രത്യേകം തരംതിരിച്ച് നൽകാമോ;

(ബി) സംസ്ഥാനത്തിന്റെ അതിർത്തി ചെക്ക് പോസ്റ്റുകളിലെ സർവെയ്‌ലെൻസ് സ്ക്വാഡുകളിൽ നിയോഗിച്ച ഉദ്യോഗസ്ഥർ കണ്ടെത്തി യൂട്ട് ലൈസ് ചെയ്ത ഇ-വേ ബില്ലുകളെത്ര; അവയിലുൾപ്പെട്ട ഐ.ജി.എസ്.ടി. ഘടകമെത്ര; 2018 ഏപ്രിൽ 1 മുതൽ വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) അതിർത്തി ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ച എ.എൻ.പി.ആർ. ക്യാമറ വഴി കണ്ടെത്തി യൂട്ട് ലൈസ് ചെയ്ത ഇ-വേ ബില്ലുകളെത്ര; അവയിലുൾപ്പെട്ട ഐ.ജി.എസ്.ടി. ഘടകമെത്ര; 2018 ഏപ്രിൽ 1 മുതൽ വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

### ഹോട്ടലുകളിലെ ജി.എസ്.ടി. വെട്ടിപ്പ് തടയാൻ നടപടി

89(6075) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം ഹോട്ടലുകളിൽ നടക്കുന്ന നികുതി വെട്ടിപ്പിനെക്കുറിച്ചുള്ള

തെളിവുകളും സൂചനകളും കിട്ടുന്നമുറയ്ക്ക് നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങളിൽ ജി.എസ്.ടി. നിയമങ്ങൾ അനുശാസിക്കുന്നപ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. ആയതിനെത്തുടർന്ന് സമഗ്രമായ അന്വേഷണം നടത്തി നികുതി വെട്ടിപ്പുകാരിൽനിന്നും ജി.എസ്.ടി. നിയമപ്രകാരമുള്ള നികുതിയും പലിശയും പിഴയും ഈടാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഹോട്ടലുടമകൾ ഉപഭോക്താവിന്റെ പക്കൽനിന്നും ജി.എസ്.ടി. ഈടാക്കിയശേഷം നികുതി അടയ്ക്കാതെ വെട്ടിക്കുന്നെന്ന പരാതി പരിഹരിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഹോട്ടലുകളുടെ നികുതി വെട്ടിപ്പുകളെ സംബന്ധിച്ച പരാതികൾ വകുപ്പ് പരിശോധിക്കുകയും തടയിടുന്നതിനായി 'ഓപ്പറേഷൻ മൂൺലൈറ്റ്' എന്ന പരിപാടി 29-06-2022-ൽ ആരംഭിക്കുകയും ഉപഭോക്താവിന്റെ പക്കൽനിന്നും നികുതി പിരിച്ചിട്ടും ആയത് സർക്കാരിലേയ്ക്ക് അടയ്ക്കാത്തതായ കേസുകളിൽ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന നികുതിയും പിഴയും പലിശയുമടക്കം ബന്ധപ്പെട്ടവരിൽ ഈടാക്കാനുള്ള നടപടികൾ

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി വെട്ടിപ്പുകാർക്കെതിരെ വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) സംസ്ഥാനത്തെ ഭക്ഷണശാലകളിൽനിന്നും ജി.എസ്.ടി. പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കാര്യക്ഷമമായി നിരീക്ഷിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നിയമപ്രകാരം ടേണോവർ പരിധിയിൽ രജിസ്ട്രേഷനെടുക്കാൻ ബാധ്യതയുള്ള സംസ്ഥാനത്തെ ഭക്ഷണശാലകൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോയെന്നും അവർ കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുന്നതിലൂടെ സർക്കാരിലേയ്ക്ക് നികുതി അടയ്ക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിന് സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം നിരന്തരം തിരച്ചിലുകളും ഇൻസ്പെക്ഷനുകളും നടത്തുന്നു.

**കെ.ജി.എസ്.ടി. മുഖേനയുണ്ടായ അധിക വരുമാനം**

90(6076) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോൾ, ഡീസൽ വില വർദ്ധനവിന്റെ ഭാഗമായി 2016-17 മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാന ചരക്കുസേവന നികുതി (കെ.ജി.എസ്.ടി.) മുഖേനയുണ്ടായ അധിക വരുമാനം ഇനം തിരിച്ച് വ്യക്തമാക്കുമോ?

പെട്രോൾ, ഡീസൽ വില വർദ്ധനവിന്റെ ഭാഗമായി 2016-17 മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാന ചരക്കുസേവന നികുതി (കെ.ജി.എസ്.ടി.) മുഖേനയുണ്ടായ അധിക വരുമാനം അനുബന്ധമായി+ ചേർക്കുന്നു.

**ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് റിപ്പോർട്ടുകൾ**

91(6077) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ നാളിതുവരെ സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ എത്ര ഇന്റലിജൻസ് റിപ്പോർട്ടുകളാണ് തങ്ങളുടെ മേലുദ്യോഗസ്ഥർക്ക് സമർപ്പിച്ചിട്ടുള്ളത്; മേലുദ്യോഗസ്ഥർ എത്ര റിപ്പോർട്ടുകളിന്മേൽ നടപടി ആരംഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മുതൽ നാളിതുവരെ സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ 646 ഇന്റലിജൻസ് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. സമർപ്പിക്കപ്പെട്ട എല്ലാ റിപ്പോർട്ടുകളിലും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇപ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള റിപ്പോർട്ടുകളിൽ തുടർനടപടികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാലതാമസം നേരിട്ടിട്ടില്ല.

(സി) നിലവിൽ ഇന്റലിജൻസ് റിപ്പോർട്ടുകൾ ഇൻസ്പെക്ടർമാർ ഓഫീസർമാർക്ക് സമർപ്പിക്കുന്നതിന് വ്യക്തിഗത ഇ-മെയിൽ ഐ.ഡി.-യോ സുരക്ഷിതമല്ലാത്ത ഇ-മെയിൽ ഐ.ഡി.-യോ ഉപയോഗിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് എൻ.ഐ.സി. നൽകുന്ന PEN അധിഷ്ഠിത വ്യക്തിഗത സർക്കാർ ഇ-മെയിലുകളോ ഇ-ഓഫീസ് സംവിധാനങ്ങളോ ഉപയോഗിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഇന്റലിജൻസ് റിപ്പോർട്ടുകൾ ഇൻസ്പെക്ടർമാർ ഓഫീസർമാർക്ക് സമർപ്പിക്കുന്നതിന് വ്യക്തിഗത ഇ-മെയിൽ ഐ.ഡി.-യോ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുരക്ഷിതമല്ലാത്ത ഇ-മെയിൽ ഐ.ഡി.-യോ ഉപയോഗിക്കാറില്ല. ഇന്റലിജൻസ് റിപ്പോർട്ടിന്റെ രഹസ്യാത്മകത നിലനിർത്തേണ്ടതിന്റെ ഉത്തരവാദിത്വം റിപ്പോർട്ട് തയ്യാറാക്കി നൽകുന്ന ഉദ്യോഗസ്ഥനിലും ആയത് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥനിലും നിക്ഷിപ്തമാണ്. ഇതുവരെ നടത്തിയ അന്വേഷണ റിപ്പോർട്ടുകളുടെ രഹസ്യാത്മകത നിലനിർത്തുന്നതിൽ അങ്ങേയറ്റം ശ്രദ്ധ നൽകിയിട്ടുണ്ട്.

(ഡി) ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ എത്രയെണ്ണത്തിൽ ഇൻസ്പെക്ഷൻ/സെർച്ച് നടത്തിയിട്ടുണ്ട്; എത്ര കേസുകളിൽ ഇൻസിഡന്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്; ഓരോ കേസിലും എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## ടാക്സ് ഇനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

92(6078) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ്, കെ.ജി.എസ്.ടി., സി.എസ്.ടി., ലക്ഷ്വറി ടാക്സ് ഇനത്തിൽ എത്ര രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്ന് ഇനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

30-11-2022 വരെ സംസ്ഥാനം പിരിച്ചെടുക്കാനുള്ള ജി.എസ്.ടി. ഇതര നികുതികളായ വാറ്റ്, കെ.ജി.എസ്.ടി., സി.എസ്.ടി., എൽ.ടി. ഉൾപ്പെടെയുള്ള നികുതിയിൽ നിന്നുള്ള കുടിശ്ശികത്തുകയുടെ വിവരങ്ങൾ അനുബന്ധം-1+ ആയി ചേർക്കുന്നു.

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ ഇതിനായി എല്ലാ ജില്ലകളിലും പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതലത്തിലും തഹസിൽദാർ (ആർ.ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ ആംനെസ്റ്റി പദ്ധതിയിലൂടെയും നികുതി കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ ആംനസ്റ്റി സ്കീമുകൾ പ്രകാരമുള്ള പ്രഖ്യാപിത ലക്ഷ്യങ്ങളും കൈവരിച്ച നേട്ടവും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ ആംനെസ്റ്റിപ്രകാരം ഓപ്റ്റ് ചെയ്ത തുകയും പിരിച്ചെടുക്കാൻ സാധിച്ച തുകയും അനുബന്ധം-2+ ആയി ചേർക്കുന്നു.

**സിനിമാ താരങ്ങൾക്കെതിരെയുള്ള അന്വേഷണം**

93(6079) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-04-2019 മുതൽ നാളിതുവരെ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ ഇൻവെസ്റ്റിഗേഷൻ/ഇന്റലിജൻസ് ഓഫീസിന്റെ മേൽനോട്ടത്തിൽ എത്ര സിനിമാ താരങ്ങൾക്കെതിരെ അന്വേഷണം നടത്തിയിരുന്നെന്നും അല്ലെങ്കിൽ അന്വേഷണം നടക്കുന്നുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സിനിമാതാരങ്ങളിൽ ആരുടെയൊക്കെ കേസുകൾ തീർപ്പാക്കിയിട്ടുണ്ട്; അവർ അടച്ച നികുതി എത്രയെന്നും പിഴ എത്രയെന്നും അസ്സസ്മെന്റ് വർഷം തിരിച്ച് വ്യക്തമാക്കാമോ; ആർക്കെങ്കിലും പിഴ ചുമത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) തീർപ്പാക്കിയ കേസുകളിൽ മറ്റ് സ്രോതസ്സുകളിൽനിന്നും ജി.എസ്.ടി. നിയമപ്രകാരമെടുത്ത എല്ലാ വിവരങ്ങളും നികുതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർണ്ണയത്തിന് ഉപയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ വാങ്ങിയിട്ടുണ്ടോ;

(ഡി) തീർപ്പാക്കാനുള്ള കേസുകളിൽ ആർക്കൊക്കെ സമൻസ് അയച്ചിട്ടുണ്ടെന്ന് സമൻസ് അയച്ച തീയതി, മൊഴി രേഖപ്പെടുത്തിയ തീയതി, നികുതി അടയ്ക്കാൻ നോട്ടീസ് നൽകിയ തീയതി എന്നിവയുൾപ്പെടെ വ്യക്തമാക്കാമോ;

(ഇ) ജി.എസ്.ടി. നിയമപ്രകാരം ശേഖരിച്ച തെളിവുകളിൽനിന്നും ആരെയെങ്കിലും കേസെടുക്കുന്നതിൽ നിന്നോ സമൻസ് നൽകുന്നതിൽ നിന്നോ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം ഫയലുകളിൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ വാങ്ങിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത വിഷയത്തിൽ ക്രമക്കേടുകളോ കാലതാമസമോ ഒഴിവാക്കലോ നടന്നിട്ടുണ്ടോയെന്ന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണർ പരിശോധിക്കുമോ?

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

**ജി.എസ്.ടി. വരുമാനം**

94(6080) <u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ഡോ. മാത്യു കുഴൽനാടൻ:</u>

ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ ജി.എസ്.ടി. വരുമാനം വർദ്ധിക്കുമ്പോൾ സംസ്ഥാനത്ത് പ്രതീക്ഷിച്ച ജി.എസ്.ടി. വരുമാനം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്കാനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലുണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നപ്രകാരമുള്ള 14 ശതമാനം നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല.

2017-18 ജൂലൈ മാസം മുതൽ 2022-23 ഫെബ്രുവരി മാസംവരെയുള്ള ജി.എസ്.ടി. വരുമാനം അനുബന്ധം-1+ ആയി ചേർക്കുന്നു.

(ബി) കഴിഞ്ഞ 6 വർഷത്തെ നികുതി പിരിവിൽ ഐ.ജി.എസ്.ടി. ഇനത്തിൽ നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നികുതി പിരിവ് സംവിധാനത്തിന്റെ പോരായ്മയായി കരുതുന്നുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംയോജിത ചരക്കുസേവന നികുതി നിയമം 2017 പ്രകാരം ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ ആയതിന് തുല്യമായ തുക കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റെന്നത് ഒരു സർക്കാരിന്റെയും നിയന്ത്രണത്തിലുള്ള സംവിധാനമല്ല. ആയത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്. സംസ്ഥാനത്തിന് ലഭിക്കാനുള്ള ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. Goods and Services Tax Settlement of Fund Rules 2017 പ്രകാരം ഇതുനടക്കുന്നു. ഓരോ സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് അവയുടെ മുമ്പ് അടച്ച നികുതിയുടെ ക്രെഡിറ്റെടുത്ത് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ സപ്ലൈയറുടെ സംസ്ഥാനത്തുനിന്നും ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ

സംസ്ഥാനത്തേയ്ക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2023 ഫെബ്രുവരിവരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം (തുക കോടിയിൽ) അനുബന്ധം-2+ ആയി ചേർക്കുന്നു.

(സി) വ്യാപാരി വ്യവസായികളുടെ യഥാർത്ഥ ജി.എസ്.ടി. കണക്കുകൾ പരിശോധിക്കാൻ ഓഡിറ്റ് ഫീൽഡ് ഓഫീസുകൾ രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ ടാക്സ്പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആൻഡ് ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ പുതിയ ഓഫീസുകളും ഉദ്യോഗസ്ഥരുടെ അംഗബലവും പുനർനിർണ്ണയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾപ്രകാരം ഓഡിറ്റ് വിഭാഗമുൾപ്പെടെ മൂന്ന് വിഭാഗത്തിലുള്ള ഓഫീസുകളും രൂപീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് സബ് ട്രഷറി നിർമ്മാണം**

95(6081) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള തൃശ്ശൂർ താലൂക്ക് വെളപ്പായ വില്ലേജിൽ റീസർവ്വേ നമ്പർ 12/10-ലെ 12 സെന്റ് സ്ഥലം മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുനൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 12 സെന്റ് ഭൂമി റവന്യൂവകുപ്പിൽ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിനനുവദിച്ച് 28-07-2020-ന് ബന്ധപ്പെട്ട ജില്ലാ കളക്ടർ ഉത്തരവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ട്രഷറി വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുസംബന്ധിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

നിവേദനം ട്രഷറി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് ട്രഷറി കെട്ടിട

നിർമ്മാണത്തിനായി പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ചുവരുന്നു. പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നിവേദകന് ട്രഷറി ഡയറക്ടറുടെ 21-12-2022-ലെ കത്തുമുഖേന മറുപടി നൽകിയിട്ടുണ്ട്.

**ബെന്നി മാത്യുവിന്റെ ലീവ് സറണ്ടർ**

96(6082) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം എൽ.എ. റെയിൽവെ സ്പെഷ്യൽ തഹസിൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന ബെന്നി മാത്യു (PEN-322556) 05-11-2020 -ലെ ജി.ഒ.ആർ.റ്റി.നം.152/2020/ഫിൻ. ഉത്തരവുപ്രകാരം ലീവ് സറണ്ടർ പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനായി കോട്ടയം ജില്ലാ ട്രഷറിയിൽ സ്പാർക്ക് മുഖേന നൽകിയ ബിൽ നാളിതുവരെ തീർപ്പാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ വിഷയത്തിൽ ജില്ലാട്രഷറി ഓഫീസർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 05-11-2020-ലെ ജി.ഒ.(പി)നം. 152/2020/ ഫിൻ. ഉത്തരവുപ്രകാരം കോട്ടയം എൽ.എ. റെയിൽവെ സ്പെഷ്യൽ തഹസിൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന ബെന്നി മാത്യൂവിന് (PEN -322556) ലീവ് സറണ്ടർ തുക പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറൽ 15-04-2021-ന് പേ സ്ലിപ്പ് പുറപ്പെടുവിച്ചിരുന്നെങ്കിലും ബന്ധപ്പെട്ട ഡി.ഡി.ഒ. സ്പാർക്ക് മുഖേന 20-01-2023-നാണ് കോട്ടയം ജില്ലാ ട്രഷറിയിൽ ഇ-സബ്മിറ്റ് ചെയ്തത്. 26-07-2021-ലെ സ.ഉ.(പി)നം. 104/2021/ധന ഖണ്ഡിക 2 പ്രകാരം നിലവിൽ അനുമതി ലഭിച്ചിട്ടുള്ള ട്രഷറിയിൽ എൻക്യാഷ്മെന്റ് പെൻഡിംഗായുള്ള എല്ലാ Earned Leave Surrender ബില്ലുകളും റദ്ദാക്കി തിരികെ ലീവ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണമെന്നുള്ള നിർദ്ദേശമുണ്ടായിരുന്നതിനാൽ ശ്രീ. ബെന്നി മാത്യൂവിന്റെ സറണ്ടർ ബിൽ ഒബ്ജക്ഷൻ രേഖപ്പെടുത്തി തിരികെ നൽകുകയും 31-01-2023-ന് ബന്ധപ്പെട്ട ഡി.ഡി.ഒ. കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) ലീവ് സറണ്ടർ അനുവദിച്ചത് റദ്ദ് ചെയ്യാൻ സാധിക്കില്ലെന്ന് അക്കൗണ്ടന്റ് ജനറൽ 15-04-2021-ലെ കത്തിലൂടെ അറിയിച്ചിട്ടുള്ളതിനാൽ തുക മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ 15-04-2021-ലെ കത്ത് കോട്ടയം ജില്ലാ ട്രഷറിയിൽ ലഭ്യമായിട്ടില്ല.

(സി) ഈ വിഷയത്തിൽ 31-01-2023-ന് ബെന്നി മാത്യൂ ട്രഷറി ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ബെന്നി മാത്യൂ ട്രഷറി ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട ഡി.ഡി.ഒ. ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പാസ്സാക്കി പി.എഫ്. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് നൽകുന്നതാണ്.

**ട്രഷറികളുടെ ആധുനികവൽക്കരണം**

97(6083) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എ.ടി.എം. സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായിച്ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി

റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(ബി) സംസ്ഥാനത്തെ ട്രഷറികളിൽ പെൻഷൻ റെക്കാർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ട്രഷറികളിലെ പെൻഷൻ റെക്കാർഡുകളുടെ ഡിജിറ്റൈസേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായ സ്കാനിംഗ് പ്രവർത്തനങ്ങൾ നടക്കുന്നു. സംസ്ഥാനത്തെ മൊത്തം PPO (Pension Payment Order) -കളുടെ 60 ശതമാനത്തിന്റെ സ്കാനിംഗ് പൂർത്തിയായിട്ടുണ്ട്.

**സബ് ട്രഷറികൾക്ക് പുതിയ കെട്ടിടം**

98(6084) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ്ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്നതുമായ സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു. കോട്ടയ്ക്കൽ സബ് ട്രഷറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ ഉള്ള ഭൂമി ട്രഷറി വകുപ്പിന് ലഭ്യമായിട്ടില്ല.

**ട്രഷറികളിൽ എ.ടി.എം. മെഷീനുകൾ സ്ഥാപിക്കുന്നതിന് നടപടി**

99(6085) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. മെഷീനുകൾ സ്ഥാപിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. മെഷീനുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിഗണനയിലില്ല. എന്നാൽ വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യമേർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാലാണ് നടപ്പാക്കാൻ സാധിക്കാതിരിക്കുന്നത്.

**ലോട്ടറി ഇനത്തിൽ ലഭിച്ച വരുമാനവും ചെലവും**

100(6086) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഓരോ വർഷവും ലോട്ടറിയിനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനവും ചെലവും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ ഓരോ വർഷവും ലോട്ടറി സമ്മാന തുകയിനത്തിൽ എത്ര രൂപ നൽകിയെന്ന വിവരം നൽകാമോ?

(എ&ബി) 2016 മുതൽ ഓരോ വർഷവും ലോട്ടറിയിനത്തിൽ ലഭിച്ച വരുമാനം, ചെലവ്, സമ്മാനയിനത്തിൽ നല്കിയ തുക എന്നിവയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## ലോട്ടറി ഇനത്തിൽ ലഭിച്ച വരുമാനവും ചെലവും

101(6087) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ ഓരോ വർഷവും ലോട്ടറിയിനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനവും ചെലവും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും ലോട്ടറി സമ്മാനത്തുക ഇനത്തിൽ എത്ര രൂപ നൽകിയെന്ന വിവരം നൽകാമോ?

(എ&ബി) 2011 മുതൽ 2016 വരെ ഓരോ വർഷവും ലോട്ടറിയിനത്തിൽ ലഭിച്ച വരുമാനം, ചെലവ്, സമ്മാനയിനത്തിൽ നൽകിയ തുക എന്നിവയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുക

102 (6088) ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) C&AG-യുടെ 2019-21 കാലയളവിലെ സംസ്ഥാന വരുമാനം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിന് നികുതി പിരിവിൽ ഗുരുതര വീഴ്ചകൾ സംഭവിച്ചുവെന്ന് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) C&AG-യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) C&AG-യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വകുപ്പുതിരിച്ച് ചുവടെ ചേർക്കുന്നു.

<u>ചരക്കുസേവന നികുതി വകുപ്പ്</u>

C&AG-യുടെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന നികുതിക്കുടിശ്ശിക 31-03-2021 വരെയുള്ള കാലയളവിനെ സംബന്ധിച്ചുള്ളതാണ്. ഈ തുക

റവന്യൂ റിക്കവറി നടപടിക്രമങ്ങൾ, ബഹു. ഹൈക്കോടതി തുടങ്ങിയ ജുഡീഷ്യൽ അധികാരികളുടെ സ്റ്റേ എന്നിങ്ങനെ വിവിധ തലങ്ങളിൽ ഉൾപ്പെട്ടിരുന്നതാണ്. കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പാക്കിവരുന്നു. നികുതിക്കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി മുൻവർഷങ്ങളിൽ നിലനിന്നിരുന്ന ആംനസ്റ്റി സ്കീം 2022-23 സാമ്പത്തിക വർഷംവരെ തുടർന്നിരുന്നു. വകുപ്പുതലത്തിലും ജില്ലാകളക്ടറുടെ തലത്തിലുമുള്ള റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. നികുതിക്കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ ജില്ലാടിസ്ഥാനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് മാത്രമായി ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

ലാൻഡ് റവന്യൂ

C&AG-യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് പല തലങ്ങളിലായുള്ള അവലോകന യോഗങ്ങൾ നടത്തിയിട്ടുള്ളതും തദ്വാരാ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിച്ചിട്ടുള്ളതുമാണ്. കൂടാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒരു തീവ്രയജ്ഞ പരിപാടി നടത്തുന്നതിനും ഇതിനായി പ്രത്യേക ടീം

രൂപീകരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പ്

നിലവിൽ എക്സൈസ് വകുപ്പ് നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകളും മുൻകൂർ ഫീസ്/നികുതി ഈടാക്കിയശേഷം മാത്രമാണ് അനുവദിക്കുന്നത്.

1952 മുതൽ 2011 വരെയുള്ള അബ്കാരി കുടിശ്ശികയിനത്തിൽ 31-01-2023 വരെ മുതലിനത്തിൽ 57,91,02,497/- രൂപയും പലിശയിനത്തിൽ 232,14,17,694/- രൂപയുമായി ആകെ 290,05,20,191/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. എല്ലാ കുടിശ്ശികകളും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതാണ്.

എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി പുതിയൊരു ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) നടപ്പാക്കുകയും ആയതിന്റെ നടപടികൾ തുടർന്നുവരുന്നതുമാണ്.

മോട്ടോർ വാഹന വകുപ്പ്

നികുതിക്കുടിശ്ശിക വരുത്തുന്ന വാഹന ഉടമകൾക്കെതിരെ റവന്യൂ

റിക്കവറി നടപടികൾ വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ നികുതി അടയ്ക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും ഇത്തരം വാഹനങ്ങളിൽനിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശനനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാത്രമല്ല വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയിൽ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. നികുതിക്കുടിശ്ശിക വരുത്തിയ ഒരു വാഹനവും നിരത്തിലോടുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**കുറഞ്ഞ പലിശ നിരക്കിൽ കെ.എസ്.എഫ്.ഇ. വായ്പാപദ്ധതികൾ**

103 (6089) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കായി കുറഞ്ഞ പലിശ നിരക്കിൽ സ്വർണ്ണവായ്പയുൾപ്പെടെയുള്ള കൂടുതൽ ആകർഷകമായ വായ്പാപദ്ധതികൾ കെ.എസ്.എഫ്.ഇ. നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകാമോ?

അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി 2023 മാർച്ച് 8 മുതൽ മാർച്ച് 31 വരെ വനിതകൾക്ക് മാത്രമായി 100 സ്വർണ്ണനാണയങ്ങൾ സമ്മാനമായി നൽകുന്ന 'സമത' സ്വർണ്ണപ്പണയ വായ്പയെന്ന പേരിൽ ഒരു വായ്പാപദ്ധതി നിലവിലെ പലിശനിരക്കിൽ കെ.എസ്.എഫ്.ഇ. ആരംഭിച്ചിട്ടുണ്ട്.

(ബി) സംരംഭകത്വത്തിന് പ്രോത്സാഹനം നൽകുന്ന നടപടികളുടെ ഭാഗമായി യുവജനങ്ങൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനും സംരംഭം തുടങ്ങുന്നതിനും കുറഞ്ഞ പലിശനിരക്കിൽ കെ.എസ്.എഫ്.ഇ. വായ്പാ പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

നിലവിൽ അത്തരത്തിലുള്ള വായ്പാ പദ്ധതികൾ കെ.എസ്.എഫ്.ഇ.-യിൽ ഇല്ല. എന്നാൽ കോവിഡുമൂലം ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക റൂട്ട്സുമായി ചേർന്ന് സബ്സിഡിയോടുകൂടി 5,00,000/- രൂപവരെ വായ്പ നൽകുന്ന 'പ്രവാസി ഭദ്രതാ മൈക്രോ സ്കീം' പദ്ധതി കെ.എസ്.എഫ്.ഇ. നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതി മുഖേന 7936 പ്രവാസികൾക്കായി ഏകദേശം 378 കോടി രൂപയോളം വായ്പ വിതരണം ചെയ്തിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

104(6090) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രത്യാഘാതത്തെ തുടർന്ന് പ്രവാസികൾ നാട്ടിലേയ്ക്ക് മടങ്ങിവന്നതുമൂലം കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ ടേണോവറിൽ കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ എത്ര കോടി രൂപയുടെ കുറവുണ്ടായെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുപരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

(ബി&സി) ബാധകമല്ല.

## കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

105(6091) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിയിട്ടില്ല. 15-01-2021-ൽ കേരള നിയമസഭ മുമ്പാകെ അവതരിപ്പിച്ച ബജറ്റ് 2021-ലെ 274-ാം നമ്പർ ഖണ്ഡികയിൽ കെ.എസ്.എഫ്.ഇ.-യിലെ ചിട്ടി വരിക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. അനുപ്രകാരം 20-01-2021-ൽ നടന്ന കെ.എസ്.എഫ്.ഇ. ഡയറക്ടർ ബോർഡ് യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും 9170-ാം നമ്പർ തീരുമാനപ്രകാരം ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ കെ.എസ്.എഫ്.ഇ. നേരിട്ട് അതിന്റെ ചിട്ടി വരിക്കാർക്ക് പ്രദാനം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2021 ഫെബ്രുവരി 15 മുതൽ വിവിധ ശാഖകളിലെ ചിട്ടി വരിക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

**സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് മുഖേന മെഡിസെപ്പ് പദ്ധതി**

106(6092) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതിയുടെ നടത്തിപ്പിനായി സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിനെ ചുമതലപ്പെടുത്താൻ കഴിയാതെവന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ മുഖേന ഇത്തരം പദ്ധതികൾ കാര്യക്ഷമമായി നടത്താൻ തടസ്സമുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) 30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്പ്) സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ്. ജീവനക്കാർക്കായി സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് മുഖേന നടപ്പാക്കുന്ന മറ്റു ലൈഫ് ഇൻഷ്വറൻസ് സ്കീമുകളുമായി (ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ വളരെ സങ്കീർണ്ണമാണ്. കൂടാതെ യൂണിവേഴ്സിറ്റികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉൾപ്പെടെയുള്ള പദ്ധതിയിൽ അംഗങ്ങളായവരുടെ വ്യക്തിവിവരങ്ങൾ സുതാര്യമായി ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുക, 11 ലക്ഷത്തിലധികംവരുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ പ്രീമിയം തുക സ്പാർക്ക്,

ട്രഷറി, മറ്റ് ശമ്പള/പെൻഷൻ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് ഈടാക്കുക തുടങ്ങിയ പദ്ധതി നടത്തിപ്പിലെ സങ്കീർണ്ണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴിയോ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങൾ മുഖാന്തരമോ നടപ്പാക്കുന്നത് പ്രായോഗികമല്ല.

## സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് വിവരങ്ങൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ

107(6093) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും മാസംതോറും പിടിക്കുന്ന സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയുടെ വിവരങ്ങൾ വകുപ്പിന്റെ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണത്തിനുശേഷവും ഡാറ്റാ എൻട്രി ചെയ്ത് സൂക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടില്ല. എന്നാൽ കമ്പ്യൂട്ടർവൽക്കരണത്തിനായി ഡി.ഡി.ഒ.-മാർ മുഖാന്തരം ഡാറ്റാ എൻട്രി നടത്തി ശേഖരിച്ച SLI/GIS എന്നിവ സംബന്ധിച്ച വിവരങ്ങൾ വകുപ്പിൽ സൂക്ഷിച്ചിട്ടുണ്ട്. വകുപ്പിന്റെ

കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ടി ഡാറ്റ വകുപ്പിന് ഉപയോഗപ്രദമാക്കാൻ സാധിക്കുകയുള്ളൂ.

(ബി) അതോടൊപ്പംതന്നെ പാസ്ബുക്കിൽ പതിക്കുകയും ഓഫീസ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയും സൂക്ഷിക്കാറുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതുവരെ പാസ്ബുക്കിൽ പതിക്കുകയും ഓഫീസിലെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അനിവാര്യമാണ്. ഇപ്രകാരം രേഖപ്പെടുത്തുന്നതിനുള്ള ചുമതല അതത് ഡി.ഡി.ഒ.-മാരിൽ നിക്ഷിപ്തമാണ്.

(സി) ഏതെങ്കിലും സാഹചര്യത്തിൽ പാസ്ബുക്ക് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായാൽ ഓഫീസിൽ ഇതുസംബന്ധിച്ച രേഖകൾ ലഭിക്കാതെ വരുന്നതുമൂലം ജീവനക്കാർ വർഷങ്ങളായി അടച്ച തുക തിരികെ ലഭിക്കാതെ വരുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

പാസ് ബുക്ക് നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഡി.ഡി.ഒ.-മാർ സാക്ഷ്യപ്പെടുത്തി നൽകുന്ന സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ക്ലെയിം തുക അനുവദിക്കുന്നുണ്ട്.

(ഡി) ജീവനക്കാരുടെ ശമ്പളത്തിൽനിന്നും മാസംതോറും പിടിക്കുന്ന ഇൻഷ്വറൻസ് തുക അവർക്ക് നഷ്ടപ്പെടാത്തവിധം കൃത്യമായി തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയ പദ്ധതികൾ

108(6095) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏതൊക്കെ പദ്ധതികൾക്കാണ് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാലാകാലങ്ങളായിവരുന്ന സർക്കാരുകളുടെ നയപരമായ തീരുമാനപ്രകാരമാണ് ഓരോ സ്കീമുകൾക്കും സ്റ്റാമ്പ് ഡ്യൂട്ടി ഇളവനുവദിക്കുന്നത്. ഏതൊക്കെ സ്കീമുകൾക്കാണ് സ്റ്റാമ്പ് ഡ്യൂട്ടി ഇളവനുവദിച്ചിട്ടുള്ളതെന്ന ഉത്തരവുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) 1980-90 കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകൾ ഭൂരഹിത-തൊഴിലാളി പുനരധിവാസ പദ്ധതിപ്രകാരം വാങ്ങിയ സ്ഥലം നിലവിൽ

ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്തുനൽകുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചുകിട്ടുമോയെന്ന് അറിയിക്കാമോ?

ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഭൂരഹിത-തൊഴിലാളി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി സ്ഥലം വാങ്ങി അനുവാദ പത്രിക നൽകുകയും പിന്നീട് സ്ഥലം ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതുമായ കേസുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചതായി കാണുന്നില്ല.

പഞ്ചായത്ത് രാജ് നിയമം നിലവിൽ വരുന്നതിനുമുമ്പ് പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന ഏഴിനപരിപാടിക്കുവേണ്ടി പഞ്ചായത്തുകൾ സ്ഥലം വാങ്ങുകയോ ആർജ്ജിക്കുകയോ ചെയ്യുമ്പോഴുള്ള ആധാര രജിസ്ട്രേഷന് 22-01-1980-ലെ G.O.(P)No.09/1980/TD (S.R.O.No.179/1980)-ാം നമ്പരായും പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന പതിനൊന്നിന പരിപാടിക്കുവേണ്ടി പഞ്ചായത്തുകൾ സ്ഥലം വാങ്ങുകയോ, ആർജ്ജിക്കുകയോ ചെയ്യുമ്പോഴുള്ള ആധാര രജിസ്ട്രേഷന് 20-01-1989-ലെ G.O.(P)No.11/1989/TD (S.R.O.No.107/1989)-ാം നമ്പരായും സ്റ്റാമ്പ് ഡ്യൂട്ടി ഇളവനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ ഏഴിനപരിപാടിയും

പതിനൊന്നിന പരിപാടിയും നിലവിലില്ലാത്തതിനാൽ മുദ്രവിലയിളവുകൾ അനുവദിക്കാറില്ല.

(സി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വാർഡ് 9-ൽ ഇപ്രകാരം ഭൂമി രജിസ്റ്റർ ചെയ്തുനൽകുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത അപേക്ഷ പരിഗണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇളവനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്ത്, ഭൂരഹിത-തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 9 കുടുംബങ്ങൾക്ക് 4 സെന്റ് വീതം വീടും സ്ഥലവും അനുവദിക്കുകയും അതിൽ 8 കുടുംബങ്ങൾക്ക് അവരുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്തുനൽകുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവനുവദിച്ചുകൊണ്ട് G.O(P)No.22/2023/TAXES (S.R.O.No.249/2023), G.O(P)No.21/2023/TAXES (S.R.O.No.248/2023) എന്നീ നമ്പരുകളായി ഉത്തരവായിട്ടുണ്ട്.

## ജുഡീഷ്യൽ ഓഫീസർമാരുടെ പെൻഷൻ കുടിശ്ശിക

109(6096) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 മുതൽ 2005 വരെ വിരമിച്ച ജുഡീഷ്യൽ ഓഫീസർമാരുടെ പെൻഷൻ പരിഷ്കരണത്തുക സർക്കാർ കുടിശ്ശിക വരുത്തിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) പെൻഷൻ പരിഷ്കരണത്തുക കുടിശ്ശിക വരുത്താനിടയായ സാഹചര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) കുടിശ്ശിക തുക 24-02-2023-നുമുമ്പ് വിതരണം ചെയ്ത് റിപ്പോർട്ട് നൽകാൻ ചീഫ് സെക്രട്ടറിയോട് സുപ്രീംകോടതി നിർദ്ദേശിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഡി) ഏത് സാഹചര്യത്തിലാണ് സുപ്രീംകോടതി ഇപ്രകാരമൊരു നിർദ്ദേശം നൽകിയതെന്ന് വിശദമാക്കുമോ;

(ഇ) കുടിശ്ശിക സർക്കാർ പൂർണ്ണമായും വിതരണം ചെയ്യുകയുണ്ടായോ; വ്യക്തമാക്കുമോ?

(എ-ഇ) 05-08-2010-ലെ G.O(Ms)No.179/2010/Home പ്രകാരം ജുഡീഷ്യൽ ഓഫീസർമാരുടെ നിലവിലുള്ള ശമ്പളസ്കെയിൽ 3.07 മടങ്ങായി പരിഷ്കരിച്ചിരുന്നു. എന്നാൽ 01-01-1996 മുതൽ 31-12-2005 വരെ വിരമിച്ച ജുഡീഷ്യൽ ഓഫീസർമാർക്ക് റിവിഷൻ ആനുകൂല്യം ലഭിച്ചിരുന്നില്ല.

WP(C)No.1022/1989-ലെ IA No.339/2015 കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 13-03-2018-ലെ വിധിയെത്തുടർന്ന് 01-01-1996 മുതൽ 31-12-2005 വരെയുള്ള കാലയളവിൽ വിരമിച്ച ജുഡീഷ്യൽ ഓഫീസർമാർക്കും റിവിഷൻ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുകയും അപ്രകാരം കുടിശ്ശിക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**തൃശ്ശൂർ ജില്ലയിൽ ആരംഭിച്ച സംരംഭങ്ങൾ**

110(6097) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിൽ (13-03-2023 വരെ) 15312 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ കണക്ക് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ 1350 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) പുതിയ സംരംഭങ്ങൾ ആരംഭിച്ചതുവഴി ജില്ലയിൽ എത്ര പേർക്ക് പ്രത്യക്ഷമായുംപരോക്ഷമായും തൊഴിൽ ലഭിച്ചെന്നറിയിക്കാമോ?

പുതിയ സംരംഭങ്ങൾ ആരംഭിച്ചതുവഴി തൃശ്ശൂർ ജില്ലയിൽ 33484 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ സ്ഥലം**

111(6098) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ട്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ആസ്ട്രൽ വാച്ചസ് കമ്പനി സ്ഥിതി ചെയ്തിരുന്ന 1.99 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി.-യുടെ കൈവശമുണ്ട്.

(ബി) ഈ സ്ഥലം പ്രയോജനപ്പെടുത്താൻ കെ.എസ്.ഐ.ഡി.സി. എന്തെങ്കിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ഈ പ്രവർത്തനങ്ങൾക്ക് 2023-24 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(ബി&സി) ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു മാതൃകാ വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. സ്വീകരിച്ചുവരുന്നു. ഭക്ഷ്യ, കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റു വ്യവസായസംരംഭങ്ങളും തുടങ്ങുന്നതിന് അനുയോജ്യമായാണ് കെട്ടിടം രൂപകൽപ്പന ചെയ്യുന്നത്. മാതൃകാ വ്യവസായ സമുച്ചയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഏകദേശം 40 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണപ്രവൃത്തി 2025-ാം വർഷത്തോടെ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. പദ്ധതിയുടെ മാനേജ്മെന്റ് കൺസൾട്ടന്റായ കിറ്റ്കോ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ഇവ വിശദമായി പരിശോധിച്ചശേഷം Comprehensive Administrative Sanction നൽകാൻ കഴിയും.

പദ്ധതിയുടെ നടത്തിപ്പിനായി നടപ്പുസാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ നടപടികൾ

112(6099) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഇതിനായി സംസ്ഥാന സർക്കാരിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കാമോ?

(എ&ബി) പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി, മത്സരക്ഷമമാക്കി പൊതുമേഖലയിൽ നിലനിർത്തുകയെന്ന സംസ്ഥാന സർക്കാരിന്റെ ബദൽ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി

പ്രവർത്തിച്ചുവരികയാണ്. Corporate Insolvency Resolution Plan (CIRP) പ്രകാരം 271.50 കോടി രൂപ നൽകിയാണ് കേരള സർക്കാർ സ്ഥാപനം ഏറ്റെടുത്തത്. സംസ്ഥാനത്തിനകത്തുനിന്നും മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും വർക്ക് ഓർഡറുകൾ ലഭ്യമാക്കി കമ്പനി പ്രവർത്തന പുരോഗതി കൈവരിച്ചുവരികയാണ്. അടച്ചുപൂട്ടൽമൂലം തൊഴിൽരഹിതരായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിനുപുറമെ 650-ഓളം പേർക്ക് പരോക്ഷമായി തൊഴിൽ നൽകാനും കഴിഞ്ഞിട്ടുണ്ട്.

ഇതോടൊപ്പം കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിലെ ഭെൽ - ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് കമ്പനി (BHEL-EML) സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് BHEL-EML-ലുണ്ടായിരുന്ന 51 ശതമാനം ഓഹരികളും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന് പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന്റെ

ഭാഗമായി കയറ്റുമതി ഓർഡറുകളും സ്ഥാപനം നേടിയിട്ടുണ്ട്. ഇപ്പോൾ 14 ഓഫീസർമാരും 82 തൊഴിലാളികളുമാണ് ഈ സ്ഥാപനത്തിലുള്ളത്.

(സി) ഈ സ്ഥാപനങ്ങൾ ലാഭത്തിലെത്തിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിലെ വെള്ളൂരിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനഃസംഘടിപ്പിച്ച് കേരള പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ് (കെ.പി.പി.എൽ.) എന്ന പേരിൽ പുനർനാമകരണം ചെയ്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി. 2022 ജനുവരി 1-ന് പുനരുദ്ധാരണപ്രക്രിയ ആരംഭിച്ച് അഞ്ചുമാസംകൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കി. 2022 മേയ് 19-ന് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനമാരംഭിക്കുകയും 2022 നവംബർ 1-ന് വാണിജ്യാടിസ്ഥാനത്തിൽ ന്യൂസ്പ്രിന്റ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

പ്രതിവർഷം അഞ്ച് ലക്ഷം മെട്രിക് ടൺ ഉൽപ്പാദന ശേഷിയുള്ള സ്ഥാപനമാക്കി മൂവായിരത്തോളം പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന

3000 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി കെ.പി.പി.എൽ.-നെ വികസിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് ഇതിനോടകം 70 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുനിന്നുമായി ഏകദേശം ഇരുപത്തിരണ്ടോളം പത്രസ്ഥാപനങ്ങളിൽ നിന്ന് ഓർഡറുകൾ ലഭിക്കുകയും ഇതേവരെ 11 കോടി രൂപയുടെ വിറ്റുവരവ് നേടുകയും ചെയ്തു. ഈ സാമ്പത്തികവർഷം അവസാനത്തോടെ 40 കോടി രൂപയുടെ വിറ്റുവരവും പ്രവർത്തനലാഭവും നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

KEL-EML-ന് കയറ്റുമതി ഓർഡറുൾപ്പെടെ ഏകദേശം 3 കോടി രൂപയുടെ ഓർഡറുകൾ ഇതിനകം ലഭിച്ചിട്ടുണ്ട്. 10 കോടി രൂപയുടെ ഓർഡറുകൾകൂടി പ്രതീക്ഷിക്കുന്നു. കമ്പനിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 20 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 6.20 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്.

**കെ.എസ്.ഐ.ഡി.സി.-യിൽ വിരമിക്കൽ പ്രായം**

**113**(6100) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.എസ്.ഐ.ഡി.സി.-യിൽ വിരമിക്കൽ പ്രായം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന പൊതുമേഖലാ കമ്പനികളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരിച്ച സാഹചര്യത്തിൽ കെ.എസ്.ഐ.ഡി.സി.-യിലെ വിരമിക്കൽ പ്രായം ഉയർത്തുന്നതിൽനിന്നും സർക്കാർ പിന്മാറുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കെ.എസ്.ഐ.ഡി.സി. ജീവനക്കാരുടെ വിരമിക്കൽ പ്രായം 58-ൽനിന്ന് 60 ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും വിരമിക്കൽ പ്രായം ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

**പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലെത്തിക്കാൻ നടപടി**

114(6101) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മേയ് മാസത്തിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിനുമുമ്പുള്ള കണക്കുകൾപ്രകാരം വ്യവസായ വകുപ്പിനുകീഴിലുള്ള 24 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്. പ്രവർത്തനലാഭം കൈവരിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

നടപ്പ് സാമ്പത്തിക വർഷത്തെ (2022-23) ലാഭനഷ്ട കണക്കുകൾ 2023 മാർച്ച് മാസം പൂർത്തിയായതിനുശേഷം മാത്രമേ ലഭ്യമാകൂ.

**വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

115(6102) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ വിവിധ സെക്ടറുകളിലായി 54 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. വിശദവിവരം അനുബന്ധം 1+ ആയി ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്കുണ്ടായ ലാഭനഷ്ട കണക്കുകൾ എത്ര വീതമാണെന്ന് വിശദമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ ലാഭനഷ്ട കണക്കുകളുടെ വിശദാംശങ്ങൾ അനുബന്ധം 2+ ആയി ചേർക്കുന്നു.

(സി) 2022-23 സാമ്പത്തിക വർഷത്തെ നിലവിലുള്ള രേഖകൾപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവും നഷ്ടവും എത്ര വീതമാണെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ ലാഭനഷ്ടക്കണക്കുകൾ സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റ് പൂർത്തിയായതിനുശേഷമാണ് ലഭ്യമാകുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങളുടെ വിശദാംശം**

116(6103) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിലെ മാനുഫാക്ച്ചറിംഗ് രംഗത്ത് ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. മാനുഫാക്ച്ചറിംഗ് രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പാദനം 2020-21 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഇരുപത് ശതമാനത്തിലേറെ വർദ്ധനവ് 2021-22 സാമ്പത്തിക വർഷത്തിലുണ്ടായിട്ടുണ്ട്.

## കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാമല യൂണിറ്റ്

117(6104) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാമല യൂണിറ്റിൽ ഏതെല്ലാം ഡിവിഷനുകളാണ് പ്രവർത്തിക്കുന്നതെന്നും എത്ര ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാമല യൂണിറ്റിൽ ട്രാൻസ്ഫോർമർ, സ്ട്രക്ച്ചറൽ എന്നിങ്ങനെ രണ്ട് ഡിവിഷനുകളുണ്ട്. ഈ യൂണിറ്റിൽ 113 സ്ഥിരം ജീവനക്കാരുണ്ട്.

(ബി) പ്രസ്തുത യൂണിറ്റിൽ 2022-23 സാമ്പത്തിക വർഷം എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഈ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡിസൈൻ വൈവിധ്യവത്കരണത്തിലൂടെ മത്സരാധിഷ്ഠിത വിപണിയിൽ ടെണ്ടറിലൂടെ ഈ വർഷം വിവിധ വൈദ്യുത വിതരണ സ്ഥാപനങ്ങളിൽ നിന്നും 50 കോടി രൂപയ്ക്കുമേൽ ഓർഡറുകൾ കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കനുയോജ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

ട്രെയിനുകളിലുപയോഗിക്കുന്ന ട്രാക്ഷൻ ട്രാൻസ്ഫോർമർ, കെൽ മാമല യൂണിറ്റിൽ വികസിപ്പിച്ചെടുത്ത് RDSO-യുടെ അംഗീകാരം നേടിയിട്ടുണ്ട്.

ഇപ്പോൾ വന്ദേഭാരത് എക്സ്പ്രസ് ട്രെയിനുകൾക്കാവശ്യമായ ട്രാക്ഷൻ ട്രാൻസ്ഫോർമർ വികസനത്തിന്റെ പ്രാരംഭനടപടികൾ നടന്നുവരുന്നു.

കമ്പനിയുടെ മാമല യൂണിറ്റ് മുഖേന ഭാരം കുറഞ്ഞ ബെയ്‌ലി പാലങ്ങളുടെ നിർമ്മാണത്തിനും കപ്പലുകളിലാവശ്യമുള്ള നേവി സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ട്രാൻസ്ഫോർമറുകളുടെ വികസനത്തിനും മറ്റുമായി യുദ്ധക്കപ്പലുകളുടെ നിർമ്മാണ രംഗത്തുള്ള മിനിരത്ന കമ്പനിയായ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആന്റ് എഞ്ചിനീയറിംഗ് കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത ട്രാൻസ്ഫോർമറുകളുടെയും ഭാരം കുറഞ്ഞ ബെയ്‌ലി പാലങ്ങളുടെയും വികസനത്തിനുള്ള നടപടികൾ നടന്നുവരുന്നു.

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ**

118(6105) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി തുടങ്ങുന്ന സംരംഭങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും ഇത്തരത്തിൽ ആനുകൂല്യങ്ങൾ കൈപ്പറ്റിയ എത്ര എം.എസ്.എം.ഇ.-കളുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വ്യവസായ വകുപ്പുമുഖേന ഒരു കുടുംബം ഒരു സംരംഭം പദ്ധതി, സംരംഭക സഹായ പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി എന്നീ പദ്ധതികൾ വഴി സാമ്പത്തികാനുകൂല്യങ്ങൾ സംരംഭകർക്കായി അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ ആനുകൂല്യങ്ങൾ കൈപ്പറ്റിയ എം.എസ്.എം.ഇ.-കളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| 2022- 23 സാമ്പത്തിക വർഷം ആരംഭിച്ചതും വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി ആനുകൂല്യം നൽകിയതുമായ സംരംഭങ്ങളുടെ വിവരങ്ങൾ | | | |
|---|---|---|---|
| | | സംരംഭക സഹായ പദ്ധതി(ESS) | ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് |
| ക്രമ നമ്പർ | ജില്ല | ആനുകൂല്യം നൽകിയ സംരംഭങ്ങളുടെ എണ്ണം | ആനുകൂല്യം നൽകിയ സംരംഭങ്ങളുടെ എണ്ണം |
| 1 | തിരുവനന്തപുരം | 3 | 76 |
| 2 | കൊല്ലം | 1 | 32 |
| 3 | പത്തനംതിട്ട | 3 | 15 |
| 4 | ആലപ്പുഴ | 2 | 10 |
| 5 | കോട്ടയം | 3 | 22 |
| 6 | ഇടുക്കി | 2 | 20 |
| 7 | എറണാകുളം | 0 | 36 |
| 8 | തൃശ്ശൂർ | 0 | 32 |

| | | | |
|---|---|---|---|
| 9 | പാലക്കാട് | 0 | 59 |
| 10 | മലപ്പുറം | 0 | 30 |
| 11 | കോഴിക്കോട് | 0 | 53 |
| 12 | വയനാട് | 8 | 26 |
| 13 | കണ്ണൂർ | 1 | 33 |
| 14 | കാസർഗോഡ് | 9 | 9 |
| | ആകെ | 32 | 453 |

**2022-23 സാമ്പത്തിക വർഷം ആരംഭിച്ചതും വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി ആനുകൂല്യം നൽകിയിട്ടുള്ളതുമായ സംരംഭങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ**

| | | പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) | സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി | കരകൌശല മേഖലയ്ക്കുള്ള ആശ പദ്ധതി |
|---|---|---|---|---|
| ക്രമ നമ്പർ | ജില്ല | ആനുകൂല്യം നൽകിയ സംരംഭങ്ങളുടെ എണ്ണം | ആനുകൂല്യം നൽകിയ സംരംഭങ്ങളുടെ എണ്ണം | ആനുകൂല്യം നൽകിയ സംരംഭങ്ങളുടെ എണ്ണം |
| 1 | തിരുവനന്തപുരം | 204 | 7 | 0 |
| 2 | കൊല്ലം | 177 | 72 | 1 |
| 3 | പത്തനംതിട്ട | 222 | 14 | 0 |
| 4 | ആലപ്പുഴ | 100 | 1 | 0 |
| 5 | കോട്ടയം | 59 | 3 | 0 |
| 6 | ഇടുക്കി | 109 | 28 | 0 |
| 7 | എറണാകുളം | 122 | 5 | 0 |
| 8 | തൃശ്ശൂർ | 147 | 22 | 0 |
| 9 | പാലക്കാട് | 278 | 6 | 5 |
| 10 | മലപ്പുറം | 199 | 1 | 0 |
| 11 | കോഴിക്കോട് | 198 | 1 | 0 |
| 12 | വയനാട് | 67 | 0 | 0 |
| 13 | കണ്ണൂർ | 93 | 0 | 0 |
| 14 | കാസർഗോഡ് | 55 | 11 | 0 |
| | ആകെ | 2030 | 171 | 6 |

ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിൽ 6 മാസം/12 മാസം തിരിച്ചടവ് പൂർത്തിയായ ലോണുകളുടെ പലിശയിളവിനുള്ള അപേക്ഷകൾ അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വിറ്റഴിക്കുന്നതിനുള്ള സംവിധാനം

119(6106) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ വിവിധ വ്യവസായ പ്രോത്സാഹന പദ്ധതികൾവഴി ഉൽപ്പാദിപ്പിക്കുന്ന കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ സംരംഭകർക്ക് ഓൺലൈൻ വ്യാപാരത്തിലൂടെ വിറ്റഴിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

നിലവിലുണ്ട്. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/www.keralaemarket.com/ www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ്

പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ-അന്തർദ്ദേശീയതലത്തിൽ വിപണി കണ്ടെത്താൻ സാധിക്കും. സംരംഭകർക്ക് ദേശീയ-അന്തർദ്ദേശീയതലത്തിലുള്ള പ്രദർശന-വിപണന മേളകളിൽ പങ്കെടുക്കുന്നതിനാവശ്യമായ സഹായവും വ്യവസായ വകുപ്പ് മുഖാന്തരം നൽകിവരുന്നു.

(ബി) ഈ മേഖലയിൽ യുവസംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉൽപ്പന്നങ്ങൾ ഓൺലൈൻ വ്യാപാര ശൃംഖലകളിൽ രജിസ്റ്റർ ചെയ്ത് വിപണനം നടത്തുന്നതിനും എന്തൊക്കെ സഹായങ്ങളാണ് വ്യവസായ വകുപ്പുവഴി ലഭ്യമാക്കുകയെന്ന് വെളിപ്പെടുത്തുമോ; വിശദമാക്കുമോ?

സംരംഭകർക്ക് നേരിട്ടുള്ള കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ വ്യവസായ വകുപ്പ് നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ യുവസംരംഭകരുടെ നൂതനവും വ്യാപാര യോഗ്യവുമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം

തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറുശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചുലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകുന്നത്.

ഇതിനുപുറമെ തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന 'സ്കെയിൽ അപ്പ് സപ്പോർട്ട്' എന്ന പദ്ധതിയും സ്റ്റാർട്ടപ്പ് സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ബിസിനസ്സ് ഇൻകുബേഷൻ സെന്ററിൽ സംരംഭങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കെല്ലാം ആവശ്യാനുസരണം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) കേരളത്തിൽ ധാരാളം വിളവുലഭിക്കുന്ന ഈന്ത്, കൂവ, മഞ്ഞൾ തുടങ്ങിയ ഔഷധഗുണമുള്ള ജൈവ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുണ്ടാക്കുന്ന മൂല്യവർധിത വസ്തുക്കൾ ഓൺലൈൻ വ്യാപാരത്തിലൂടെ വിദേശ വിപണികളിലെത്തിക്കാൻ സംരംഭകന് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്കായി ദേശീയ-അന്തർദ്ദേശീയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനും പ്രദർശന-വിപണന മേളകളിൽ പങ്കെടുക്കുന്നതിനുമായി ഇ-പോർട്ടലിനുപുറമേ വാണിജ്യ മിഷനും രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഇത്തരത്തിലുള്ള പ്രദർശന-വിപണന മേളകളിൽ പങ്കെടുക്കുന്നതിനുള്ള എല്ലാ സഹായവും വ്യവസായ വകുപ്പ് മുഖാന്തരം നൽകിവരുന്നുണ്ട്.

**ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി വിപുലമാക്കുന്നതിന് നടപടി**

120(6107) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിവഴി ആരംഭിക്കുന്ന എം.എസ്.എം.ഇ.-കളെ സംരക്ഷിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏതൊക്കെ രീതിയിൽ സഹായിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ചയെ സഹായിക്കാൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാധിക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ വാങ്ങലിൽ (പ്രൊക്യൂർമെന്റ്) സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങളുടെ

ഉൽപ്പന്നങ്ങൾ/സേവനങ്ങൾ ഉൾപ്പെടുത്തുന്നത് അവർക്ക് സ്ഥിരമായ ഒരു വിപണി ഉറപ്പുവരുത്തുന്നതാണ്. ഇതുകൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പക്കൽ ലഭ്യമായ സാങ്കേതികവിദ്യ സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾക്ക് പകർന്നുനൽകുന്നത് അവരുടെ പ്രവർത്തനക്ഷമതയും ലാഭവും വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. ഇതിനുപുറമേ പുതിയതായി ആരംഭിക്കുന്ന സംരംഭങ്ങൾക്കുവേണ്ട ഇങ്കുബേഷൻ സൗകര്യങ്ങളും പൊതുമേഖലാ സ്ഥാപനങ്ങൾക്കൊരുക്കാൻ കഴിയും.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി വിപുലമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകൾ, സർക്കാരേതര ഏജൻസികൾ എന്നിവയെ ഉൾപ്പെടുത്തി വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. ഇതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഇന്റേണുകളെ നിയമിക്കുകയും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഹെൽപ് ഡെസ്കുകൾ സജ്ജമാക്കുകയും

ചെയ്തിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി നടന്ന പൊതുബോധവത്കരണ പരിപാടികളിലും ലോൺ/ലൈസൻസ് മേളകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ ചെയർമാനായ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടുതൽ പങ്കാളിത്തത്തോടെ ഈ പദ്ധതി വിപുലമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

## വ്യവസായ സംരംഭങ്ങൾക്ക് ഭൂമി വിട്ടുനൽകുന്ന ഭൂവുടമകളെ നിക്ഷേപകരാക്കുന്ന പദ്ധതി

121(6108) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട വ്യവസായ സംരംഭങ്ങൾക്ക് ഭൂമി വിട്ടുനൽകുന്ന ഭൂവുടമകളെ നിക്ഷേപകരാക്കുന്നതിനായി പ്രത്യേക പദ്ധതി

രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഇത്തരമൊരു പ്രത്യേക പദ്ധതി രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടില്ല. എന്നാൽ സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ ധനസഹായം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(ബി) വ്യവസായ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്.

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനുകീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരത്തോടെ നടപ്പാക്കിവരുന്നു. കിഫ്ബി വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്. സംസ്ഥാനത്ത് കോറിഡോറുമായി

ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 312 ഏക്കറും പാലക്കാട് പുതുശ്ശേരി സെൻട്രൽ I & II-ൽ 1158 ഏക്കറും പുതുശ്ശേരി III - ൽ 375 ഏക്കറും ചേർത്ത് മൊത്തം 1845 ഏക്കറും എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ ഗിഫ്റ്റ്സിറ്റി സ്ഥാപിക്കുന്നതിനായി 358 ഏക്കറും ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. 85 ശതമാനം നടപടികളും പൂർത്തീകരിച്ചുകഴിഞ്ഞു. പാലക്കാട് നോഡിന് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 2000 കോടി രൂപയുടെ നിക്ഷേപവും 22,000 പേർക്ക് നേരിട്ടും 80,000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന വിഴിഞ്ഞം-നാവായിക്കുളം റിംഗ് റോഡുമായി ബന്ധപ്പെട്ട് വ്യവസായ ഇടനാഴി വികസനം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കിലോമീറ്റർ നീളത്തിൽ ഏകദേശം 400 സ്ക്വ.കി.മീ. തുടർച്ചയായുള്ള സ്ഥലം (ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ) ഒരു പ്രത്യേക നിക്ഷേപ മേഖലയായി വികസിപ്പിക്കാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി പ്രത്യേക നിയമനിർമ്മാണം നടത്താനാണുദ്ദേശിക്കുന്നത്. കാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോജക്ട് തയ്യാറാക്കിയ കരട് SIR Bill, കരട് Land pooling Rules എന്നിവ സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

122(6109) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2015-16-ലെ വിറ്റുവരവിനേക്കാൾ മുപ്പതുശതമാനത്തിലധികം വളർച്ച നേടാൻ 2021-22 കാലയളവിൽ സാധിച്ചിട്ടുണ്ട്. ലഭ്യമായ

കണക്കുകൾപ്രകാരം 2021-22 കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ 386 കോടി രൂപ പ്രവർത്തനലാഭം നേടുകയുണ്ടായി. മുൻ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ പ്രവർത്തനലാഭത്തിൽ 339 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിനുമുമ്പുള്ള കണക്കുകൾപ്രകാരം വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 24 സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടത്തിയ ഇടപെടലുകൾ വിശദീകരിക്കുമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനായി സ്ഥാപനങ്ങളെ ഏഴ് സെക്ടറായി തിരിച്ച് നവീകരണത്തിനായുള്ള മാസ്റ്റർപ്ലാൻ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹ്രസ്വം, ഇടത്തരം, ദീർഘം എന്നിങ്ങനെ മൂന്ന് കാലയളവുകളിലായാണ് ഇതുനടപ്പാക്കുന്നത്. സംസ്ഥാനത്തെ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും വിപുലീകരണത്തിനുമായി വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയുള്ള മാസ്റ്റർ

പ്ലാനാണ് പരിഗണനയിലുള്ളത്. ഹ്രസ്വകാല പദ്ധതികൾ അടുത്ത രണ്ടുവർഷത്തിനുള്ളിൽ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖലാ ബാങ്കുകൾ വഴിയോ മറ്റുധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ വിദഗ്ദ്ധ സഹായം ഉറപ്പുവരുത്തുന്നതിനും വ്യവസായ മേഖലയിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെയുൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിൽ നൈപുണ്യം നേടിയ പ്രസ്തുത വിദഗ്ദ്ധരുടെ സേവനം വ്യവസായ, കയർ, കശുവണ്ടി മേഖലയിൽപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

മാസ്റ്റർപ്ലാൻ പദ്ധതികളുടെ ആസൂത്രണത്തോടൊപ്പം നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതലയും നിർവ്വഹിക്കുന്നതിനായി

ഉയർന്നതലത്തിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ (മാസ്റ്റർ പ്ലാൻ) അഡ്വൈസറായും നിയോഗിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ ആധാരമാക്കി കമ്പനികളുടെ ഓരോ മാസത്തെയും പ്രവർത്തന പുരോഗതിയുടെ അവലോകനം വിവിധ തലത്തിൽ നടത്തിവരുന്നു. അതത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർ വിദഗ്ദ്ധരെയുൾപ്പെടുത്തി ബോർഡുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. ഇതുസംബന്ധിച്ച പുരോഗതി ഉന്നതതലത്തിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ കമ്പനികൾക്ക് നൽകിവരുന്നു.

കൂടാതെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു പൊതുവായ ശമ്പള/വേതന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് 29-10-2022 -ലെ ധനകാര്യ വകുപ്പ് സ.ഉ(അച്ചടി)നം.131/2022/ധന. പ്രകാരമുള്ള ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സ്കോർ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങളാക്കി തരം തിരിക്കുകയും ഡയമണ്ട്/ഗോൾഡ്/സിൽവർ/ബ്രോൺസ് എന്നിങ്ങനെ ബ്രാൻഡ് ചെയ്യുകയും ചെയ്യുന്ന വ്യവസ്ഥയാണ് അവലംബിച്ചിരിക്കുന്നത്. ഇപ്രകാരം

നിശ്ചയിച്ചുനൽകുന്ന സ്കോർ നിശ്ചിത ഇടവേളകളിൽ പുനഃപരിശോധിക്കുകയും പുനർനിർണ്ണയിക്കുകയും ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അംഗീകാരമെന്ന നിലയിലാണ് ഈ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത്. നഷ്ടത്തിലായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ഈ നടപടികൾ മുഖേന സാധിക്കും.

(സി) പൊതുമേഖലയെ സംരക്ഷിക്കുകയെന്ന കേരള ബദലിന് വിരുദ്ധമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിൽ (ഇന്ത്യ) കമ്പനി അടച്ചുപൂട്ടാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇത് സംസ്ഥാനത്ത് നിലനിർത്തുന്നതിനായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് (എച്ച്.ഐ.എൽ.) സംസ്ഥാനത്ത് നിലനിർത്താൻ അടിയന്തര ശ്രദ്ധ നൽകി നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

123(6110) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭക പ്രോത്സാഹന നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങളുടെ പ്രവർത്തന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 പാസ്സാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾപ്രകാരമുള്ള ലൈസൻസുകൾ/ക്ലിയറൻസുകൾ എന്നിവയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകളുൾക്കൊള്ളുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടും നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി **കെ-സിസ്** സംവിധാനം നിലവിലുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ടിൽ (2000-ലെ നിയമം 5) 2022-ൽ ഭേദഗതി വരുത്തിയപ്രകാരം ജില്ലാ/സംസ്ഥാനതലങ്ങളിൽ പരാതിപരിഹാര സംവിധാനം നിലവിൽവന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

2022-23 സംരംഭകവർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി മുഖേന കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ

ആരംഭിച്ചുകൊണ്ട് പരമാവധി ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത് പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് വിജയകരമായി നടത്തിവരുന്നു.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തത്തിലായിരിക്കും നടക്കുന്നത്. ഇപ്രകാരം വ്യവസായ വകുപ്പിന്റെ പരിധിയിലുള്ള വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങൾ മുഖേന വ്യവസായ പുരോഗതിക്ക് അനുഗുണവും ഘടനാപരവുമായ മാറ്റം കൊണ്ടുവന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ക്രിയാത്മക വിനിയോഗത്തിനും പരിസ്ഥിതിക്കും അനുയോജ്യമായ സൂക്ഷ്മ-ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നാലുശതമാനം പലിശ നിരക്കിൽ സംരംഭക വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംരംഭക വർഷത്തിന്റെ (2022-23) ഭാഗമായ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽ ബാങ്ക് വായ്പയെടുത്ത് ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ യൂണിറ്റുകൾക്കുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണ് സംരംഭക വായ്പാ പദ്ധതി. ആയതിന്റെ ഭാഗമായി ഉല്പാദന-സേവന-വ്യാപാര മേഖലയിൽ ബാങ്ക് വായ്പയെടുത്ത് 01-04-2022-നോ അതിനുശേഷമോ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനംവരെ ഇളവ് ധനസഹായമായി നൽകുന്നതിനായി 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഉല്പാദന-സേവന-വ്യാപാര മേഖലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതിപ്രകാരം പലിശയിളവ് നൽകുന്നു. ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്ക് 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ് ഫോം തയ്യാറാക്കിയിട്ടുള്ളതും (Link:http://ofoe.industry.kerala.gov.in) 508 അപേക്ഷകൾ ഇതിനോടകം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 65 അപേക്ഷകൾക്ക്

അംഗീകാരം നൽകിയിട്ടുണ്ട്. 6 മാസത്തെ/12 മാസത്തെ തിരിച്ചടവിലുൾപ്പെട്ട പലിശയുടെ സബ്സിഡിയാണ് തവണകളായി നൽകുന്നത്.

(സി) വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതുസംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, (2000-ലെ നിയമം 5) 2022-ൽ ഭേദഗതി ചെയ്തപ്രകാരം നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് Grievance Redressal System. ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതിപരിഹാര കമ്മിറ്റിക്കും 10 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന പരാതിപരിഹാര

കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ട് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി പരാതിപരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നാൽ അത്തരം അപേക്ഷകൾ/പരാതികൾ പരാതിപരിഹാര കമ്മിറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ പരാതിപരിഹാര കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന് ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവ്വീസ് ചട്ടങ്ങൾക്കുകീഴിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനും ആക്ടുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിന് ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

Grievance Redressal System വഴി ആകെ ലഭിച്ചിട്ടുള്ള 100 പരാതികളിൽ 76 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

(ഇ) പരാതികൾ തീർപ്പാക്കാൻ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

പരാതിപരിഹാര സംവിധാനത്തിനുള്ള ഓൺലൈൻ പോർട്ടൽ പ്രവർത്തനസജ്ജമായിട്ടുള്ളത് 2023 മാർച്ച് ആദ്യവാരത്തിലാണ്. ഓൺലൈൻ സംവിധാനത്തിന്റെ അഭാവത്തിൽ മറ്റുമാർഗ്ഗങ്ങൾ ഉപയോഗിച്ചാണ് പരാതികൾ പരിഹരിച്ചുവന്നിരുന്നത്. ആയതിനാലാണ് ചില പരാതികൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളത്. ഓൺലൈൻ പോർട്ടൽ പൂർണ്ണസജ്ജമായ സാഹചര്യത്തിൽ കാലതാമസമില്ലാതെ സുഗമമായി പരാതികൾ പരിഹരിക്കാൻ സാധിക്കും.

**പാലക്കാട് ജില്ലയിൽ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട്**

124(6111) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വ്യവസായ വകുപ്പിനുകീഴിൽ സ്ഥലം അനുവദിക്കാനാവശ്യമായ സ്ഥലലഭ്യത നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് ഒരു സംയോജിത വ്യവസായ ക്ലസ്റ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പാലക്കാട് പുതുശ്ശേരി സെൻട്രൽ I-ൽ 653 ഏക്കറും പുതുശ്ശേരി II -ൽ 501 ഏക്കറും പുതുശ്ശേരി III-ൽ 375 ഏക്കറും ഉൾപ്പെടെ മൊത്തം 1827 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ 85 ശതമാനം പൂർത്തീകരിച്ചു. ഭൂമി പൂർണ്ണമായി ഏറ്റെടുത്ത് അടിസ്ഥാനസൗകര്യങ്ങൾ

പൂർത്തീകരിച്ച് പാർക്കുകൾ സജ്ജമാകുന്ന മുറയ്ക്ക് സംരംഭകർക്ക് ആവശ്യമായ സ്ഥലം ലഭ്യമാകുന്നതാണ്.

(ബി) വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ടിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ സൂക്ഷ്മ-ഭക്ഷ്യ-സംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതിവഴി ആരംഭിച്ച 11 യൂണിറ്റുകളിൽ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ടിന്റെ ഭാഗമായി 4 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) വ്യവസായ നിക്ഷേപ സൗഹൃദത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വ്യവസായ നിക്ഷേപ സൗഹൃദത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി[+] ചേർക്കുന്നു.

## സംരംഭക സൗഹൃദ നടപടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി

125(6112) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എച്ച്. സലാം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭക സൗഹൃദ നടപടികൾ കാര്യക്ഷമമായി പ്രാവർത്തികമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് രാജ്യത്താദ്യമായി സംസ്ഥാന-ജില്ലാതലത്തിൽ സിവിൽ കോടതിക്ക് തുല്യമായ അധികാരത്തോടെ ഏർപ്പെടുത്തിയിട്ടുള്ള പരാതിപരിഹാര സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ?

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, (2000-ലെ നിയമം 5) 2022-ൽ ഭേദഗതി (2022-ലെ 19) ചെയ്യപ്പെട്ടപ്രകാരം നിലവിൽവന്ന സംവിധാനമാണ് Grievance Redressal System. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിച്ചിട്ടുള്ള പരാതിപരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാതല പരാതിപരിഹാര കമ്മിറ്റിക്കും 10 കോടി രൂപയ്ക്കുമുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന

പരാതിപരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ടപ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി പരാതിപരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത വിഷയം കമ്മിറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. അതുപോലെ മതിയായ കാരണംകൂടാതെ സേവനം നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന് ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവ്വീസ് ചട്ടങ്ങൾക്കുകീഴിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതിപരിഹാര സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

പ്രസ്തുത പോർട്ടലിന്റെ പ്രവർത്തനോദ്ഘാടനം 2023 മാർച്ച് 2-ന് നിർവ്വഹിച്ചു.

സർക്കാർ ഉത്തരവായപ്രകാരം ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള പരാതിപരിഹാര കമ്മിറ്റികളുടെ ഘടന താഴെപ്പറയുംപ്രകാരമാണ്.

<u>ജില്ലാതല പരാതിപരിഹാര കമ്മിറ്റി</u>

- ജില്ലാ കളക്ടർ - ചെയർമാൻ
- ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം – കൺവീനർ
- റീജിയണൽ ഡയറക്ടർ, നഗരകാര്യം
- ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്
- ജില്ലാ ലേബർ ഓഫീസർ
- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ
- ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
- ചെയർമാൻ യുക്തമെന്ന് കരുതുന്നപ്രകാരം അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്നപ്രകാരമുള്ള വകുപ്പിന്റെ ജില്ലാതല ഓഫീസർ.

<u>സംസ്ഥാന പരാതിപരിഹാര കമ്മിറ്റി</u>

(എ) വ്യവസായ വകുപ്പിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി – ചെയർമാൻ.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യുന്ന വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥൻ.

(സി) നിയമ സെക്രട്ടറി അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യുന്ന, അഡീഷണൽ സെക്രട്ടറിയുടെ പദവിക്കുതാഴെയല്ലാത്ത ഉദ്യോഗസ്ഥൻ.

(ഡി) സർക്കാർ നിയമിക്കുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഔദ്യോഗികസ്ഥാനം വഹിച്ചിരുന്ന, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻ.

(ഇ) ലാൻഡ് റവന്യൂ കമ്മീഷണർ

(എഫ്) ലേബർ കമ്മീഷണർ

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ

(എച്ച്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ

(ഐ) ഡയറക്ടർ, ഫാക്ടറീസ്&ബോയിലേഴ്സ് വകുപ്പ്

(ജെ) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ - കൺവീനർ

(കെ) ചെയർമാൻ യുക്തമെന്ന് കരുതുന്നപ്രകാരം അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്നപ്രകാരമുള്ള വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ.

വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്കുകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗികമായ ഏതെങ്കിലും കാര്യത്തിനോവേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ള ആളുകളുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാനും പരാതിപരിഹാര കമ്മിറ്റിക്ക് അധികാരമുണ്ട്.

ജില്ലാതല പരാതിപരിഹാര കമ്മിറ്റിക്കും സംസ്ഥാനതല പരാതിപരിഹാര കമ്മിറ്റിക്കും 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ട്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ

കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള താഴെ പറയുന്ന അധികാരങ്ങളുണ്ടായിരിക്കുന്നതാണ്.

(എ) ഏതൊരാളേയും ഹാജരാക്കുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും

(ബി) രേഖകളും പ്രമാണങ്ങളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷൻ അയയ്ക്കുന്നതിന്

ജില്ലാ സംസ്ഥാനതല പരാതിപരിഹാര സമിതികൾ കുറഞ്ഞത് എല്ലാ മാസവും ഒരു പ്രാവശ്യം ചെയർമാൻ തീരുമാനിക്കുന്ന സമയത്ത് ഓരോ മാസത്തിന്റേയും ആദ്യ പ്രവൃത്തി ദിവസം യോഗം ചേരേണ്ടതാണ്.

(ബി) സംരംഭകരുടെ പരാതികൾ നേരിട്ട് മനസ്സിലാക്കുന്നതിന് നടത്തിയ മീറ്റ് ദ മിനിസ്റ്റർ പ്രോഗ്രാം തുടരാനുദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംരംഭകരുടെ പരാതികൾ നേരിട്ട് മനസ്സിലാക്കുന്നതിന് വ്യവസായ വകുപ്പുമന്ത്രി നടത്തിയ മീറ്റ് ദ മിനിസ്റ്റർ പരിപാടിയുടെ ഒന്നാംഘട്ടം ഇടുക്കി ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും നടന്നിട്ടുണ്ട്.

(സി) സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംരംഭക പുരസ്കാരം നൽകാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംരംഭകത്വത്തിന്റെ വളർച്ചയ്ക്കനുകൂലമായ സൗകര്യങ്ങളൊരുക്കി മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) നിലവിൽ തുടരുന്ന നിയന്ത്രണ സംവിധാനങ്ങൾ പരിശോധിച്ച് വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപടികളുടെ ഭാഗമായി കാലഹരണപ്പെട്ടതും സംരംഭകർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നതുമായ വിവിധ നിയമങ്ങളും ചട്ടങ്ങളും വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പരിഷ്കരിക്കുകയും അവയുമായി ബന്ധപ്പെട്ട നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി രാജ്യത്ത് കേരളത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് 28-ൽ നിന്ന് 15-ലേയ്ക്ക് മെച്ചപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളും

തങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

**വ്യവസായം ആരംഭിക്കുന്നതിന് നൽകുന്ന സേവനങ്ങളും സഹായങ്ങളും**

126(6113) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായം ആരംഭിക്കുന്നതിന് അനുമതി നൽകിക്കഴിഞ്ഞതിനുശേഷം വകുപ്പ് എന്തെല്ലാം സേവനങ്ങളും സഹായങ്ങളുമാണ് സംരംഭകന് നൽകുന്നതെന്ന് വിശദമാക്കാമോ?

വ്യവസായ-വാണിജ്യ വകുപ്പ് സംരംഭങ്ങൾക്ക് അനുമതി നൽകുന്നില്ല. സംരംഭങ്ങൾക്ക് നിർബന്ധമായും ഉണ്ടായിരിക്കേണ്ട മറ്റ് വകുപ്പുകളുടെ ലൈസൻസ്/എൻ.ഒ.സി. ലഭ്യമാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് അനുമതി നൽകുന്നത്. എന്നാൽ 2019-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടുപ്രകാരം കേരളത്തിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സംരംഭകൻ സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് വ്യവസായ വാണിജ്യ വകുപ്പിന്റെ കെ.സ്വിഫ്റ്റ് പോർട്ടൽ മുഖേന ലഭ്യമാക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രമുപയോഗിച്ച് സാധിക്കും.

ഇത്തരത്തിലും അല്ലാതെയും അനുമതി ലഭ്യമായതിനുശേഷം വ്യവസായ വകുപ്പിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളും സഹായങ്ങളും ചുവടെ ചേർക്കുന്നു.

<u>പരിശീലന പരിപാടികൾ</u>: സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധ ഘട്ടങ്ങളിൽ സംരംഭകർക്കാവശ്യമായ ശേഷിവികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭകർക്കുള്ള ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവുകൾ എന്നിവ നടത്തിവരുന്നു.

<u>പ്രദർശന മേളകൾ</u>: സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സഹായിക്കുന്നതിനായി ജില്ലകളിൽ എം.എസ്.എം.ഇ. എക്സിബിഷനുകൾ നടത്തിവരുന്നു. ഇതുകൂടാതെ സംരംഭകർക്കാവശ്യമായ യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ മെഷീനറി എക്സ്പോയും ഭക്ഷ്യഉൽപ്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി അഗ്രോ ഫുഡ്പ്രോയും നടത്തിവരുന്നു.

<u>പരാതിപരിഹാരം</u>: സംരംഭകർക്ക് വിവിധ വകുപ്പുകളുമായി

ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് 1999 (2000-ലെ നിയമം 5)-ന്റെ 2022-ലെ ഭേദഗതിവഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് Grievance Redressal System. ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതിപരിഹാര കമ്മിറ്റിക്കും 10 കോടി രൂപയ്ക്കുമുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ, ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ടുപ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ, കാലതാമസമോ ഉണ്ടായതായി പരാതിപരിഹാര കമ്മിറ്റിയുടെ

ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത വിഷയം പരാതിപരിഹാര കമ്മിറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിൽ പരാതിപരിഹാര കമ്മിറ്റികൾക്ക് ഉണ്ടായിരിക്കുന്നതാണ്. മതിയായ കാരണംകൂടാതെ സേവനം നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന് ജില്ലാ-സംസ്ഥാന കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവ്വീസ് ചട്ടങ്ങൾക്കുകീഴിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

<u>എം.എസ്.എം.ഇ.ക്ലിനിക്ക്:</u> സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ

സ്ഥാപിച്ചിട്ടുള്ള സംവിധാനമാണ് എം.എസ്.എം.ഇ. ക്ലിനിക്കുകൾ. ഓരോ ജില്ലകളിലും വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ധരുടെ ഒരു പാനൽ ക്രമീകരിക്കുന്നു. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെത്തുന്ന സംരംഭകർക്ക് സംശയം ദൂരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായുള്ള കൂടിക്കാഴ്ചയ്ക്കും സംശയദൂരീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തരം സൗകര്യം ചെയ്തുകൊടുക്കുന്നതാണ്.

ഹെൽപ് ഡെസ്ക്: സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ഹെൽപ്പ് ഡെസ്കുകൾവഴി പൊതുജനങ്ങൾക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനും ബന്ധപ്പെട്ട മറ്റുകാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനും ഇന്റേണുകളുടെ സേവനം പ്രയോജനപ്പെടുത്താം.

ചാറ്റ് വിത്ത് മിനിസ്റ്റർ: വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അധികൃതരെ അറിയിക്കാൻ കഴിയുന്ന സംവിധാനമാണിത്. സംരംഭകർക്ക് അവരുടെ പരാതികൾ/അന്വേഷണങ്ങൾ 9846441445 എന്ന വാട്സാപ്പ് കോൺടാക്റ്റ്

നമ്പരിലേയ്ക്ക് സന്ദേശമായി അയയ്ക്കാവുന്നതാണ്. തുടർന്ന് ജില്ലാതല റിസോഴ്സ് പേഴ്സൺമാരും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന സംവിധാനത്തിലൂടെ പരമാവധി 7 ദിവസത്തെ സമയപരിധിക്കുള്ളിൽ ഇത് പരിഹരിക്കുകയും ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക്, സംരംഭക സഹായ പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായപദ്ധതികൾ

a. The Kerala stressed MSMEs Revival & Rehabilitation Scheme.

b. Revival and rehabilitation scheme for defunct MSMEs and cashew processing units, ഒരു കുടുംബം ഒരു സംരംഭം പദ്ധതി മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം, കരകൗശല

മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി എന്നിവവഴിയും ആനുകൂല്യങ്ങളും ധനസഹായങ്ങളും നൽകുന്നുണ്ട്.

(ബി) പ്രസ്തുത വ്യവസായത്തിന്റെ വളർച്ചയെയും തളർച്ചയെയും പരിശോധിക്കുകയോ വിലയിരുത്തുകയോ ചെയ്യാറുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംരംഭങ്ങൾ തളർച്ചയെ നേരിടുന്ന ഘട്ടങ്ങളിൽ ആയത് വിലയിരുത്തുന്നതിനും മൂലധന ഗ്രാന്റുകളുടെയും പ്രവർത്തനമൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെയും സമ്മർദ്ദമുള്ള (stressed) എം.എസ്.എം.ഇ. യൂണിറ്റുകളെയും പുനരുദ്ധരിക്കുന്നതിനും താഴെപ്പറയുന്ന രണ്ട് സാമ്പത്തിക സഹായ പദ്ധതികൾ നടപ്പാക്കിവരുന്നു.

1. The Kerala stressed MSMEs Revival & Rehabilitation Scheme.

2. Revival and rehabilitation scheme for defunct MSMEs and cashew processing units.

വകുപ്പുവഴി നടപ്പാക്കുന്ന സുപ്രധാന സാമ്പത്തിക പദ്ധതിയായ സംരംഭക സഹായ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്ന യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ച തീയതി മുതൽ 5 വർഷക്കാലം തുടർച്ചയായി പ്രവർത്തിക്കണമെന്ന വ്യവസ്ഥയുണ്ട്. യൂണിറ്റ് പ്രവർത്തിക്കുന്നതിന് തെളിവായി ഓരോ സാമ്പത്തിക വർഷവും ഡിസംബർ 31-നുമുമ്പ് നിശ്ചിത പെർഫോമയിലുള്ള യൂണിറ്റിന്റെ പ്രവർത്തനവിവരങ്ങൾ ബാലൻസ്ഷീറ്റ്, ഇലക്ട്രിസിറ്റി ബില്ല് തുടങ്ങിയ രേഖകൾ സമർപ്പിക്കേണ്ടതുണ്ട്.

ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്ന യൂണിറ്റുകൾ ആനുകൂല്യം ലഭിച്ച് 3 വർഷം പ്രവർത്തിക്കണമെന്ന വ്യവസ്ഥയുണ്ട് .

നാനോഗാർഹിക സംരംഭകർക്കുള്ള പലിശ, സബ്സിഡി പദ്ധതിപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആനുകൂല്യം നൽകുന്നതിനും ആനുകൂല്യം ലഭിച്ച യൂണിറ്റുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനും ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ബ്ലോക്ക്/നഗരസഭാതലത്തിൽ വ്യവസായ വികസന ഓഫീസർമാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഇന്റേണുകളുടെയും സേവനം ലഭ്യമാണ്. ഈ സംവിധാനങ്ങളുപയോഗിച്ച് സംസ്ഥാനത്താരംഭിക്കുന്ന

സംരംഭങ്ങളുടെ പ്രവർത്തനം നിരന്തരമായി നിരീക്ഷിച്ചുവരുന്നുണ്ട്. തളർച്ചയുടെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന സംരംഭങ്ങൾക്ക് അത് മറികടക്കുന്നതിനുള്ള ഹാൻഡ്ഹോൾഡിംഗ് സേവനങ്ങൾ വിവിധ പദ്ധതികൾവഴി നൽകിവരുന്നു.

**സംരംഭകർക്ക് ദേശീയ, രാജ്യാന്തര വിപണി ലഭ്യമാക്കാൻ നടപടി**

128(6114) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ദേശീയ, രാജ്യാന്തര വിപണി ലഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ വ്യവസായ സംരംഭങ്ങൾക്ക് എത്രത്തോളം സഹായകരമായെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്.

ബി2 ബി വെബ് പോർട്ടൽ - കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ

വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഓൺലൈൻ വ്യാപാര സംവിധാനമായി ഒരു വെബ് പോർട്ടൽ (www.keralaemarket.com/www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചു. വ്യവസായ-വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഉൽപ്പാദകർക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിപണി ലഭ്യത ഉറപ്പുവരുത്തുന്നതിനും സഹായകരമാകും. കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എം.എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു.

നിലവിലുള്ള വ്യവസായങ്ങൾക്കുടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ വിപണിയിൽ കടന്നുചെല്ലാനും പ്രത്യേകിച്ച് കോവിഡ് കാലത്തിനുശേഷം അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ ബയർമാർ/കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടാനും സാധിക്കും. ഈ പോർട്ടലിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരവരുടെ ഉൽപ്പന്നങ്ങളുടെ ചിത്രങ്ങളും വിലയും ചേർക്കാവുന്നതാണ്. ഇതിൽ ഉൽപ്പന്നങ്ങളേയും വ്യവസായങ്ങളേയും ഭക്ഷ്യസംസ്കരണം, കൈത്തറി, റബ്ബർ, കയർ, ആയുർവ്വേദം, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, കൃഷി എന്നിങ്ങനെ വിവിധ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങൾക്കുടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും. കേരള ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെയും പൊതുമേഖലാ

സ്ഥാപനങ്ങളുടെയും നൂതനമായ ഉൽപ്പന്നങ്ങളുടെ സവിശേഷതകളും സാങ്കേതികതയും പ്രദർശിപ്പിക്കാൻ സാധിക്കുന്നു. ബി2 ബി വെബ് പോർട്ടൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എല്ലാതരത്തിലും പരസ്പര വ്യവഹാരം നടത്താനും ബിസിനസ്സ് ടു ബിസിനസ്സിനായി (ബി2 ബി) ഒരു വേദിയായും ഇ-കാറ്റലോഗിംഗ് തുടങ്ങിയവയ്ക്കായും പ്രയോജനപ്രദമാകുന്നു.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് വിപണന മേളകൾ, വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) സംഘടിപ്പിച്ചുവരുന്നു. ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുംവേണ്ടി ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ നടക്കുന്ന വിവിധ വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കാനുള്ള അവസരവും ബിസിനസ്സ് മീറ്റുകളും കെ-ബിപ്പ് ഒരുക്കിക്കൊടുക്കുന്നു.

ദേശീയ-അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ-ചെറുകിട വ്യവസായ സ്ഥാപനങ്ങളെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന

പങ്കെടുപ്പിച്ചിട്ടുണ്ട്. കെ-ബിപ്പ് മുഖേന പരിപാടികൾ സംഘടിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യതുമൂലം സൂക്ഷ്മ-ചെറുകിട സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്.

കൂടാതെ മുള മേഖലയിലെ വിപണന വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാനപ്പെട്ട മേളയാണ് കേരള ബാംബൂ ഫെസ്റ്റ്. കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ കൊച്ചിയിൽ 'കേരള ബാംബൂ ഫെസ്റ്റ്' സംഘടിപ്പിക്കുന്നു. ഇതിലൂടെ ഗുണഭോക്താക്കൾക്ക് വിപണി കണ്ടെത്താനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവുനേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദിയൊരുക്കുന്നു.

ബാംബൂ ഫെസ്റ്റിൽ കരകൗശല വസ്തുക്കൾ, ഫർണിച്ചറുകൾ, മുള നിർമ്മാണ യന്ത്രങ്ങൾ, മുള ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണം, മുളയെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. വ്യക്തിഗത കരകൗശല വിദഗ്ധർ, മാസ്റ്റർ ക്രാഫ്റ്റ്മാൻ, എൻ.ജി.ഒ.-കൾ, എസ്.എച്ച്.ജി.-കൾ, സൂക്ഷ്മ/ ചെറുകിട സംരംഭങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, മറ്റ്

സംസ്ഥാനങ്ങളിലെ കരകൗശലക്കാർ, സംഘടനകൾ എന്നിവർ ഈ മേളയിൽ പങ്കെടുക്കുന്നു. കൂടാതെ ഫെസ്റ്റിനോടനുബന്ധിച്ച് മുള വാദ്യോപകരണ സംഗീതംപോലുള്ള വിവിധ കലാപരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

2004-ൽ ആരംഭിച്ചതുമുതൽ, കഴിഞ്ഞ 19 വർഷമായി എല്ലാ വർഷവും ഡിസംബർ മാസത്തിൽ കേരള ബാംബൂ ഫെസ്റ്റ് നടത്തുന്നു. മുള വ്യവസായത്തെ പരമ്പരാഗതത്തിൽനിന്ന് സമകാലിക കാഴ്ചപ്പാടുകളിലേയ്ക്ക് മാറാനും ആഗോള വിപണിയിൽ അവരുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാൻ അവരെ പ്രാപ്തരാക്കാനും ഇത് കരകൗശല വിദഗ്ദ്ധരെ സഹായിക്കുന്നു. പത്തൊമ്പതാമത് കേരള ബാംബൂ ഫെസ്റ്റ് 2022 നവംബർ 27 മുതൽ ഡിസംബർ 4 വരെ എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് സംഘടിപ്പിച്ചു.

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനുംവേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ദ്ധരുമായി

സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകാനുള്ള അവസരം ഒരുക്കികൊടുക്കുക, കേരളത്തിലെ പരമ്പരാഗത കരകൗശല/കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കാനുള്ള വേദിയൊരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും മുമ്പാകെ കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ മേള സംഘടിപ്പിക്കുന്നത്. മേളയുടെ ഏഴാമത് എഡിഷൻ 2022 ഒക്ടോബർ 2 മുതൽ 16 വരെ കോഴിക്കോട് സ്വപ്നനഗരി മൈതാനത്ത് സംഘടിപ്പിച്ചു.

ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് - വ്യാപാർ

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ദേശീയ തലത്തിൽ പുതിയ വിപണി കണ്ടെത്താൻ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബിസിനസ്സ് മീറ്റായ 'വ്യാപാർ 2022' സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യസംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവ്വേദ & ഹെർബൽ, ഇലക്ട്രിക്കൽ &

ഇലക്ട്രോണിക്സ്, കരകൗശലം, മുള തുടങ്ങിയ പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽനിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും ഈ അവസരത്തിൽ പ്രദർശിപ്പിച്ചു.

കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്തിയതിന്റെ പ്രധാന ഉദ്ദേശ്യം സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരമൊരുക്കുക എന്നതായിരുന്നു.

വരും വർഷങ്ങളിലും ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനുമായി ദേശീയ-അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ-ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുവരുന്നു. ഇതിലൂടെ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭ്യമാകുന്നു.

**സംരംഭക വർഷം പദ്ധതി**

129(6115) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകത്വ വർഷം പദ്ധതിയുടെ ഭാഗമായി ഓരോ വർഷവും പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതിന്റെ ഭാഗമായി സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് പരമാവധി ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. 30-3-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഈ പദ്ധതിയിൽ ഇതുവരെ 135551 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2023 മാർച്ച് 13 വരെയുള്ള കണക്കുപ്രകാരം ജില്ലാതലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | ലക്ഷ്യം | തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം | നേട്ടം (%) |
|---|---|---|---|
| തിരുവനന്തപുരം | 14902 | 13991 | 93.89 |
| കൊല്ലം | 11775 | 11900 | 101.06 |
| പത്തനംതിട്ട | 5408 | 5457 | 100.91 |
| ആലപ്പുഴ | 9666 | 9905 | 102.47 |
| കോട്ടയം | 8834 | 7804 | 88.34 |

| | | | |
|---|---|---|---|
| ഇടുക്കി | 5007 | 3891 | 77.71 |
| എറണാകുളം | 14610 | 13489 | 92.33 |
| തൃശ്ശൂർ | 13533 | 13650 | 100.86 |
| പാലക്കാട് | 12721 | 11911 | 93.63 |
| മലപ്പുറം | 18601 | 11731 | 63.07 |
| കോഴിക്കോട് | 13925 | 12000 | 86.18 |
| വയനാട് | 3687 | 3900 | 105.78 |
| കണ്ണൂർ | 11366 | 11583 | 101.91 |
| കാസർഗോഡ് | 5965 | 4339 | 72.74 |
| **ആകെ** | **150000** | **135551** | **90.37** |

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നേരിട്ടോ മറ്റ് ധനകാര്യ, സഹകരണ സ്ഥാപനങ്ങൾ വഴിയോ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

സംരംഭകത്വം പദ്ധതിയുടെ ഭാഗമായി 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കിവരുന്നുണ്ട്. 01-04-2022-നുശേഷം പ്രവർത്തനം ആരംഭിച്ച എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് ബാങ്ക് വായ്പയുടെ 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് 5 വർഷത്തേയ്ക്ക് 6% പലിശ സർക്കാർ നൽകുന്നതാണ്. യൂണിറ്റ് തുടങ്ങി 6 മാസക്കാലം കഴിഞ്ഞാണ് അപേക്ഷിക്കാൻ അർഹമാവുകയുള്ളൂ എന്നതിനാൽ അപേക്ഷകൾ ലഭിച്ചുവരുന്നതേയുള്ളൂ. നാളിതുവരെ വിവിധ ജില്ലകളിൽ നിന്നായി ലഭിച്ച

747 അപേക്ഷകളിൽ 149 എണ്ണം അംഗീകരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## എന്റർപ്രണർ സപ്പോർട്ട് സ്കീം

130(6116) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻടപ്രണർ സപ്പോർട്ട് സ്കീംപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സഹായം അനുവദിച്ചുനൽകിയ സംരംഭങ്ങളുടെ വിശദാംശവും ഓരോ സംരംഭത്തിനും അനുവദിച്ച തുകയും ഉൾപ്പെടെ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

എൻടപ്രണർ സപ്പോർട്ട് സ്കീംപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സഹായം അനുവദിച്ചുനൽകിയ സംരംഭങ്ങൾ, ടി സംരംഭങ്ങൾക്ക് അനുവദിച്ച തുക എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഇന്റേൺമാർ

131(6117) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഇന്റേൺമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 ഗ്രാമ പഞ്ചായത്തുകളിൽ ഇന്റേൺമാരെ നിയമിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പഞ്ചായത്ത് | ഇന്റേണിന്റെ പേര് | ജോലിയിൽ പ്രവേശിച്ച തിയതി |
|---|---|---|
| ആയഞ്ചേരി | അതുൽ കെ. | 25-04-2022 |
| കുന്നുമ്മൽ | വിപിൻ രാജ് കെ. പി. | 20-04-2022 - 31-10-2022 |
| | ഫവാസ് | 21-11-2022 - 21-02-2023 |
| | കൃഷ്ണാഞ്ജന | 21-02-2023 |
| പുറമേരി | മോനി രാജൻ | 20-04-2022 |
| മണിയൂർ | അനുശ്രീ എം. | 20-04-2022 |
| തിരുവള്ളൂർ | ആഷ്ന സി. | 20-04-2022 |
| വേളം | വൈശാഖ് ബി. പ്രദീപ് | 25-04-2022 |
| വില്യാപ്പള്ളി | അഭിൻ രാജ് എം. കെ. | 20-04-2022 - 21-11-2022 |
| | ജിൽക സലാം | 21-11-2022 |
| കുറ്റ്യാടി | അനശ്വര എ. ജെ. | 20-04-2022 |

## ഖനിജ അധിഷ്ഠിത വ്യവസായങ്ങൾ

132(6118) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിൽ ഖനിജ അധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വാളയാർ സിമെന്റ് ഫാക്ടറി അവിടത്തെ ലൈംസ്റ്റോൺ ഖനിജത്തെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിച്ചുവരുന്നത്. ടി സ്ഥലത്തെ ലൈംസ്റ്റോൺ സിമെന്റ് ഗ്രേഡിനേക്കാൾ വളരെ ഉയർന്ന ഗ്രേഡിലുള്ളതായതിനാൽ മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസായങ്ങളുടെ സാദ്ധ്യതയും കൊല്ലം ജില്ലയിൽ കാണപ്പെടുന്ന beach sand minerals-ൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വടക്കൻ കേരളത്തിലെ ബോക്സൈറ്റ്, സിമെന്റ് വ്യവസായത്തിന് ഉപയോഗിക്കുന്നതിനും സിലിക്കാ മണലിന്റെയും ചൈനാക്ലേയുടേയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വ്യവസായ വളർച്ചയും വികാസവും ലക്ഷ്യമാക്കി വിശദമായ ധാതുപര്യവേഷണങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിനുകീഴിൽ

പ്രവർത്തിക്കുന്ന ധാതുപര്യവേഷണ വിഭാഗത്തിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ധാതുപര്യവേഷണ വിഭാഗം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, തളിപ്പറമ്പ് താലൂക്കുകളിൽ അലുമിനസ് ലാറ്ററൈറ്റ്, ബോക്സൈറ്റ്, ക്ലേ എന്നിവയുടെ ശേഖരം കണ്ടുപിടിക്കുന്നതിനുള്ള പര്യവേഷണം നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ ഖനിജ അധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയും വികസനവും ലക്ഷ്യമാക്കി എല്ലാ ജില്ലകളിലേയും ധാതുഖനന സാധ്യതകൾ പരിശോധിക്കാനും ഖനന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ധാതുഖനന സാധ്യതകൾ പരിശോധിക്കാനും ഖനനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചുവരുന്നു. ഖനിജ അധിഷ്ഠിത വ്യവസായങ്ങൾക്കുപയോഗിക്കുന്ന ലൈംസ്റ്റോൺ, beach sand minerals, bauxite, silica sand, china clay എന്നീ ധാതുക്കൾ ഇത്തരത്തിൽ നടത്തിയ പര്യവേഷണങ്ങളുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളതാണ്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പ് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടത്തിവരുന്ന ധാതുപര്യവേഷണത്തിന്റെ

ഭാഗമായി കണ്ടെത്തിയിട്ടുള്ള Bauxite/Aluminous Laterite deposits-ന്റെ mineral blocks -ഉം GSI -യുടെ പര്യവേഷണത്തിൽ കണ്ടെത്തിയ bauxite -ന്റെ രണ്ട് മിനറൽ blocks -ഉം auction ചെയ്യുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിനുകീഴിലുള്ള നാഷണൽ മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റും (NMET) സംസ്ഥാനങ്ങളിലെ ധാതുപര്യവേഷണങ്ങൾക്ക് നേതൃത്വം നൽകുന്നു.

(ഡി) പാരിസ്ഥിതികാഘാതം ഏറ്റവും കുറയ്ക്കുംവിധം സംസ്ഥാനത്തെ മൈനിംഗ് പ്രവർത്തനങ്ങൾക്ക് നവീന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഖനന രീതികൾ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പാരിസ്ഥിതികാഘാതം ഏറ്റവും കുറയ്ക്കുംവിധം State Environment Impact Assessment Authority (SEIAA)-യുടെ അനുമതി ലഭ്യമായതിനുശേഷം മാത്രമാണ് സംസ്ഥാനത്ത് ഖനനപ്രവർത്തനങ്ങൾ നടത്തുന്നത്. ഖനനപ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ക്വാറികളും ഖനികളും അളന്ന് തിട്ടപ്പെടുത്തുന്നതിന് Drone - LIDAR survey

നടത്തുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിൽ പുരോഗമിച്ചുവരുന്നു.

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ**

133(6119) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കാണ് ഡെവലപ്പർ പെർമിറ്റ് നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

Kannur

M/s VMPS Food Park & Ventures

Malappuram

M/s Malabar Enterprises

Kottayam

1. M/s Indian Virgin Spices (P) Ltd.

2. M/s Jacob & Richard International (P) Limited.

3. M/s Sance Steriles (P) Limited.

Palakkad

M/s Kadambur Industrial Park (for constructing Standard Design Factory)

Pathanamthitta

1. M/s Delta Aggregates and Sand (P) Limited

2. M/s Pathanamthitta Industrial Promotion (P) Limited

(ബി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

കേരളത്തിൽ സ്വകാര്യമേഖലയിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനുള്ള അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്-പോർട്ടൽ വഴി സമർപ്പിക്കണം. പ്രസ്തുത അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ പരിശോധന നടത്തി സർക്കാർതലത്തിൽ വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി മുമ്പാകെ വയ്ക്കുകയും പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരം ഡെവലപ്പർ

പെർമിറ്റ് അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അനുമതി ലഭിച്ച വ്യവസായ ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾ 2019-ന്റെ പരിധിയിൽവരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. വ്യവസായ സംരംഭത്തിന് അനുയോജ്യമായ 10 ഏക്കറോ അതിലധികമോ വരുന്ന ഭൂമിയിൽ കൂട്ടുടമസംരംഭകർ, കമ്പനികൾ, ചെറുകിട സംരംഭകരുടെ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിന് അപേക്ഷിക്കാൻ കഴിയുന്നതാണ്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്.

## ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംരംഭങ്ങൾ

134(6120) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി എത്ര തൊഴിലവസരങ്ങളുണ്ടെന്നത് സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി 2023 മാർച്ച് 13 വരെയുള്ള കണക്കുപ്രകാരം ജില്ലാതലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും നിക്ഷേപവും അതുവഴിയുണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | ലക്ഷ്യം | തുടങ്ങിയസംരംഭങ്ങളുടെ എണ്ണം | തൊഴിലവസരങ്ങൾ |
|---|---|---|---|
| തിരുവനന്തപുരം | 14902 | 13991 | 29066 |
| കൊല്ലം | 11775 | 11900 | 24244 |
| പത്തനംതിട്ട | 5408 | 5458 | 11289 |
| ആലപ്പുഴ | 9666 | 9904 | 20922 |
| കോട്ടയം | 8834 | 7804 | 16297 |
| ഇടുക്കി | 5007 | 3891 | 8036 |
| എറണാകുളം | 14610 | 13489 | 32296 |
| തൃശ്ശൂർ | 13533 | 13650 | 28630 |
| പാലക്കാട് | 12721 | 11914 | 26334 |
| മലപ്പുറം | 18601 | 11731 | 27074 |
| കോഴിക്കോട് | 13925 | 12000 | 26034 |

| | | | |
|---|---|---|---|
| വയനാട് | 3687 | 3900 | 8106 |
| കണ്ണൂർ | 11366 | 11583 | 23566 |
| കാസർഗോഡ് | 5965 | 4340 | 8646 |
| **ആകെ** | **150000** | **135555** | **290540** |

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലാരംഭിച്ച സംരംഭങ്ങളുടെ വിശദാംശം നിയമസഭാമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

| ക്രമ നം. | നിയോജകമണ്ഡലം | ഒരു ലക്ഷം സംരംഭം എന്ന പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം | നിക്ഷേപം (കോടി രൂപയിൽ) | തൊഴിൽ |
|---|---|---|---|---|
| 1 | ആലപ്പുഴ | 789 | 61.75 | 1644 |
| 2 | അമ്പലപ്പുഴ | 848 | 38.94 | 2036 |
| 3 | ചേർത്തല | 1169 | 67.92 | 2627 |
| 4 | കായംകുളം | 1270 | 77.99 | 2745 |
| 5 | മാവേലിക്കര | 1186 | 56.05 | 2283 |
| 6 | ചെങ്ങന്നൂർ | 1166 | 56.7 | 2190 |
| 7 | കുട്ടനാട് | 1081 | 34 | 1996 |
| 8 | ഹരിപ്പാട് | 1300 | 56.76 | 3061 |
| 9 | അരൂർ | 1095 | 70.95 | 2341 |

(സി) ഈ പദ്ധതിപ്രകാരം വിജയകരമായി സംരംഭങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സംരംഭകരുടെ അനുഭവങ്ങൾ സമൂഹത്തിൽ പങ്കുവയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ താലൂക്കുതലങ്ങളിലും ജില്ലാതലത്തിലും സംഘടിപ്പിക്കപ്പെട്ട നിക്ഷേപക സംഗമങ്ങളിലും വിവിധ

സംരംഭക സംഗമങ്ങളിലും സംരംഭകത്വ വികസന പരിപാടികളിലും ഓരോ മേഖലയിലും വിജയം കൈവരിച്ച സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ എറണാകുളത്തുവച്ചുനടന്ന സംസ്ഥാനതല സംരംഭക മഹാസംഗമത്തിലും തിരുവനന്തപുരത്തുവച്ചുനടന്ന വനിതാസംരംഭക മഹാ സംഗമത്തിലും ഓരോ മേഖലയിലും വിജയം കൈവരിച്ച സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകുകയുണ്ടായി. പുതിയ സംരംഭകർക്ക് പ്രോത്സാഹനജനകമായ ഈ ഉദ്യമം തുടരുന്നതാണ്.

**സംരംഭക വർഷത്തിന്റെ ഭാഗമായുള്ള പുതിയ പദ്ധതികൾ**

**135**(6121) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കിയ പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കിയ പുതിയ പദ്ധതികളെ സംബന്ധിച്ച

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉല്പാദന-സേവന-വ്യാപാര മേഖലയിലെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപവരെ ബാങ്ക് വായ്പയ്ക്ക് ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. 01-04-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മാത്രമാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനംവരെ ഇളവ് ധനസഹായമായി നൽകുന്നു. പദ്ധതിപ്രകാരം സ്ഥിരമൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു.

2.മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

ഉല്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് 'മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം യോഗ്യമായ പദ്ധതിച്ചെലവിന്റെ (Project Cost) 75 ശതമാനം ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ

സബ്സിഡിയായി നൽകുന്നു. മൂന്നു ഘട്ടങ്ങളിലായാണ് ഈ പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നത്.

3. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതി

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവന മേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്. സ്ഥിരമൂലധന നിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽനിന്നും വായ്പ

നേടിയിട്ടുള്ള യൂണിറ്റുകൾക്കുമാത്രമാണ് ഈ പദ്ധതിപ്രകാരം പ്രവർത്തനമൂലധന സഹായം ലഭിക്കുന്നത്. 01-01-2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഈ പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30 ശതമാനം, പരമാവധി 100 ലക്ഷം രൂപ Capital Investment Subsidy-ക്ക് അർഹതയുണ്ട്. ബാങ്കിൽനിന്നും പ്രവർത്തനമൂലധന വായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ 3 വർഷം ബാങ്ക് വായ്പ നിരക്കിൽ 8 ശതമാനം പലിശയിളവ്, പരമാവധി 30 ലക്ഷം രൂപ നൽകുന്നു. ഇത് റീ-ഇംബേഴ്സ്മെന്റായാണ് നൽകുന്നത്.

4.<u>സ്വകാര്യ വ്യവസായ പാർക്കുകൾ</u>

സ്വകാര്യ വ്യക്തികളുടെ ഭൂമി വ്യാവസായികാവശ്യങ്ങൾക്കായി ലഭ്യമാക്കി അതുവഴി പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് 3 കോടി രൂപവരെ ധനസഹായം നൽകുന്നു. പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. <u>എം.എസ്.എം.ഇ.-കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതി</u>

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾക്ക് കയറ്റുമതി ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനുമുള്ള പ്രത്യേക പദ്ധതിയാണ്. പ്രത്യേകതകൾ താഴെപ്പറയുന്നു.

- അന്താരാഷ്ട്ര വ്യാപാര-പ്രദർശന മേളകളിൽ പങ്കെടുക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് അഡ്മിഷൻ/രജിസ്ട്രേഷൻ ചാർജ്ജുകളുടെ 75% (2.00 ലക്ഷം രൂപവരെ) സഹായം
- ട്രേഡ് സാമ്പിളുകൾ അയയ്ക്കുന്നതിനുള്ള വിമാന ചരക്ക്/കൊറിയർ നിരക്കുകൾക്ക് 5.00 ലക്ഷം രൂപവരെ സഹായം
- കയറ്റുമതി ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യ വികസനം അല്ലെങ്കിൽ നവീകരണത്തിനാവശ്യമായ തുകയുടെ 40 ശതമാനം (60 ലക്ഷം രൂപവരെ) സഹായം. യുവ/എസ്.സി./എസ്.ടി./ വനിത/എൻ.ആർ.കെ. എന്നിവർക്ക് 10 ശതമാനം അധിക പിന്തുണ.
- ഗുണനിലവാരവും ഭക്ഷ്യസുരക്ഷാ മാനേജ്മെന്റും നടപ്പാക്കലും സർട്ടിഫിക്കേഷനും - മൊത്തം ചെലവിന്റെ 50 ശതമാനം (പരമാവധി 25.00 ലക്ഷം രൂപ) വരെ സഹായം

- കയറ്റുമതി സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് 10 ശതമാനം വരെ സഹായം.

പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പദ്ധതിപ്രകാരം നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല.

6. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

പ്രാദേശിക വിപണികളിൽ ഉത്പന്നങ്ങൾ വിൽക്കുന്ന സംരംഭങ്ങളെ സഹായിക്കാനുള്ള പദ്ധതിയാണ്. പ്രത്യേകതകൾ താഴെപ്പറയുന്നു.

- 25 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള എം.എസ്.എം.ഇ.-കൾക്ക് അവയുടെ വിപണി വികസനത്തിനായി സഹായം

- ഉൽപ്പാദനം ആരംഭിച്ച തീയതി 2020 ഏപ്രിൽ 1-നോ അതിനുശേഷമോ ആയിരിക്കണം.

- ഉൽപ്പന്നം പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും/വിൽക്കുന്നതിനും സർക്കാർ/പൊതുമേഖലാ

സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിക്കും. പ്രതിമാസം 10,000 രൂപ പരിധിക്ക് വിധേയമായ മെയിന്റനൻസ് ചാർജ്ജുകൾ സഹായമായി നൽകും.

- സ്വകാര്യവ്യക്തികൾ / സ്ഥാപനങ്ങൾ / എൻ.ജി.ഒ.-കൾ / മാളുകൾ / സൂപ്പർമാർക്കറ്റുകൾ എന്നിവയിൽനിന്ന് വാടക/ലീസ് അടിസ്ഥാനത്തിൽ പ്രദർശനവും വിൽപ്പന സ്ഥലങ്ങളും - ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷനിൽ യഥാക്രമം പ്രതിമാസം പരമാവധി 5,000/10,000/15,000 രൂപയ്ക്ക് വിധേയമായി വാടക/ലീസ് ചാർജ്ജുകൾ.

- ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിന്റെ വികസനം - ചെലവിന്റെ 50 ശതമാനം (25,000 രൂപവരെ)

പദ്ധതിക്ക് ഭരണാനുമതി നൽകി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. <u>സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (SS-CDP)</u>

എം.എസ്.ഇ. ക്ലസ്റ്ററുകൾക്കായി കോമൺ ഫെസിലിറ്റി സെന്ററുകൾ (CFC) സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ്. പ്രത്യേകതകൾ താഴെപ്പറയുന്നു.

- പദ്ധതി ചെലവിന്റെ 80 ശതമാനം കേരള സർക്കാർ വഹിക്കും, ബാക്കി 20 ശതമാനം ക്ലസ്റ്ററിലെ അംഗങ്ങൾ ചേർന്നുണ്ടാക്കിയ കൺസോർഷ്യം വഹിക്കണം.
- CFC-യുടെ അനുവദനീയമായ പ്രോജക്ട് ചെലവ് 5 കോടി രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതിൽ ഭൂമി, കെട്ടിടം, പ്രാഥമിക ചെലവുകൾ, യന്ത്രങ്ങൾ & ഉപകരണങ്ങൾ, മറ്റ് സ്ഥിരആസ്തികൾ, ജലവിതരണം, വൈദ്യുതി, വർക്കിംഗ് ക്യാപിറ്റൽ, മാർജിൻ മണി എന്നിവ ഉൾപ്പെടുന്നു.
- ഡി.പി.ആർ. തയ്യാറാക്കുന്നതിന് 50,000 രൂപവരെ സഹായം.

പദ്ധതിക്ക് ഭരണാനുമതി നൽകി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ-ബിപ് ക്ലസ്റ്റർ വികസന പരിപാടി മുഖേന നടപ്പാക്കിയ പദ്ധതികൾ**

136(6122) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിനുകീഴിലെ കെ-ബിപ് ക്ലസ്റ്റർ വികസന പരിപാടി മുഖേന

നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്ക് വ്യവസായ വകുപ്പ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) മുഖേന നടപ്പാക്കിവരുന്ന പദ്ധതിയാണ് വ്യവസായ ക്ലസ്റ്റർ വികസനം. സൂക്ഷ്മ-ചെറുകിട-വ്യവസായങ്ങളുടെ ശാക്തീകരണമാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (സി.ഡി.പി.) കൊണ്ടുദ്ദേശിക്കുന്നത്. ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (സി.എഫ്.സി.) സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ എം.എസ്.ഇ. - സി.ഡി.പി. പദ്ധതിപ്രകാരം പരമാവധി 70% സാമ്പത്തിക സഹായം ലഭിക്കും. ബാക്കി 20% സംസ്ഥാന വിഹിതവും 10% SPV (കൺസോർഷ്യം) വിഹിതവുമാണ്.

MSE - CDP പദ്ധതിപ്രകാരം കേന്ദ്രസർക്കാരിന്റെ സൂക്ഷ്മ – ചെറുകിട - ഇടത്തരം സംരംഭങ്ങൾ (MSME) മന്ത്രാലയത്തിന്റെ കോഴിക്കോട് വുഡ് ഫർണിച്ചർ ക്ലസ്റ്ററിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചു. ഡിസൈൻ ഡെവലപ്മെന്റ് ആൻഡ് ഫർണിച്ചർ പ്രോഡക്ട്സ് പെർഫോമൻസ് ക്വാളിറ്റി ടെസ്റ്റിംഗ് സൗകര്യം, മൂല്യവർദ്ധന സൗകര്യം, ഫർണിച്ചർ

സാംപ്ലിംഗ് സൗകര്യം, അൾട്രാമോഡേൺ പോളിഷ് ബൂത്ത് സൗകര്യം, ഉൽപ്പന്ന പ്രദർശനം, വിപണന സൗകര്യം എന്നിവ സി.എഫ്.സി.-യിലുണ്ടായിരിക്കും. സി.എഫ്.സി.-യുടെ മൊത്തം പദ്ധതിച്ചെലവ് 1,446.70 ലക്ഷം രൂപയാണ്. ഇതിൽ കേന്ദ്രസർക്കാർ വിഹിതം 1,012.69 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 289.34 ലക്ഷം രൂപയും കൺസോർഷ്യം (SPV) വിഹിതം 144.67 ലക്ഷം രൂപയുമാണ്. CFC പദ്ധതിയുടെ 75% പൂർത്തിയായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ CFC കമ്മീഷൻ ചെയ്യുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ. - സി.ഡി.പി. പദ്ധതിപ്രകാരം സംസ്ഥാനത്ത് 1,591.27 ലക്ഷം രൂപ ചെലവുവരുന്ന സ്റ്റീൽ ഫർണിച്ചർ ക്ലസ്റ്റർ, ഇരിങ്ങോൾ, പെരുമ്പാവൂർ, എറണാകുളത്തിന് (സ്റ്റീൽ ഫർണിച്ചർ ക്ലസ്റ്റർ, എറണാകുളം) കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ അംഗീകാരം ലഭിച്ചു. സി.എഫ്.സി.-യുടെ മൊത്തം പദ്ധതിച്ചെലവായ 1,591.27 ലക്ഷം രൂപയിൽ 1050 ലക്ഷം രൂപ കേന്ദ്ര വിഹിതവും 300 ലക്ഷം രൂപ സംസ്ഥാന വിഹിതവും ബാക്കി 241.27 ലക്ഷം രൂപ എസ്.പി.വി. (കൺസോർഷ്യം) വിഹിതവുമാണ്.

അതുപോലെ ഈ പദ്ധതിപ്രകാരം സംസ്ഥാനത്ത് 555.22 ലക്ഷം രൂപ

ചെലവുവരുന്ന അനന്തപുരം പപ്പടം ക്ലസ്റ്റർ, കൊച്ചുവേളി, തിരുവനന്തപുരത്തിന് (അനന്തപുരം പപ്പട് ക്ലസ്റ്റർ, തിരുവനന്തപുരം) കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ അംഗീകാരം ലഭിച്ചു. സി.എഫ്.സി.-യുടെ മൊത്തം പദ്ധതിച്ചെലവായ 555.22 ലക്ഷം രൂപയിൽ 382.41 ലക്ഷം രൂപ കേന്ദ്ര വിഹിതവും 111.04 ലക്ഷം രൂപ സംസ്ഥാന വിഹിതവും ബാക്കി 61.77 ലക്ഷം രൂപ എസ്.പി.വി. (കൺസോർഷ്യം) വിഹിതവുമാണ്.

(ബി) 2019-ൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ മാലിദ്വീപിലേയ്ക്ക് ബിസിനസ്സ് പ്രതിനിധി സംഘം നടത്തിയ യാത്രയെത്തുടർന്ന് കേരളത്തിൽ പുതുതായി സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കേരളത്തിൽ നിന്നുള്ള സംരംഭകർക്ക് വിദേശത്ത് സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

11-10-2019-ലെ G.O. (Rt) No.1017/2019/ID പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഔദ്യോഗിക പ്രതിനിധികൾക്ക് 2019 ഒക്ടോബർ 15 മുതൽ 17 വരെ മാലിദ്വീപിലെ ധരുബാരുഗിൽ സംഘടിപ്പിച്ച ഇന്ത്യ എക്സ്പോ 2019 എക്സിബിഷൻ സന്ദർശിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

കേന്ദ്ര സർക്കാരിന്റെ വ്യവസായ വാണിജ്യ മന്ത്രാലയം, മാലിദ്വീപിലെ ഇന്ത്യൻ എംബസി എന്നിവയുടെ സഹകരണത്തോടെ SEFM (SME&എന്റർപ്രണേഴ്സ് ഫെഡറേഷൻ ഓഫ് മാലിദ്വീപ്) ആണ് ഇന്ത്യ എക്സ്പോ 2019 സംഘടിപ്പിച്ചത്. 2019 - ഒക്ടോബർ 15 മുതൽ 17 വരെ മാലിദ്വീപിൽ നടന്ന ഇന്ത്യ എക്സ്പോയിലും ഇന്ത്യ-മാലിദ്വീപ് കോൺക്ലേവിലും കേരളത്തിൽ നിന്നുള്ള വിവിധ മേഖലകളിലെ 14 എം.എസ്.എം.ഇ. സംരംഭകരെ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) മുഖേന പങ്കെടുപ്പിച്ചു. ഇതിലൂടെ കേരളത്തിലെ എം.എസ്.എം.ഇ.-കൾക്ക് അവരുടെ ഉല്പന്നങ്ങൾ മാലിദ്വീപിൽ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും വിപണന ശൃംഖല വികസിപ്പിക്കുന്നതിനുമുള്ള അവസരം ഒരുക്കികൊടുത്തു.

**മലപ്പുറം ജില്ലയിലെ ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി**

**137**(6123) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിപ്രകാരം മലപ്പുറം ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളുടെ വിശദാംശം നിയോജകമണ്ഡലം

തിരിച്ച് ലഭ്യമാക്കുമോ?

ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിപ്രകാരം മലപ്പുറം ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിയോജക മണ്ഡലം | ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം |
|---|---|---|
| 1 | കൊണ്ടോട്ടി | 636 |
| 2 | ഏറനാട് | 665 |
| 3 | നിലമ്പൂർ | 854 |
| 4 | വണ്ടൂർ | 810 |
| 5 | മഞ്ചേരി | 762 |
| 6 | പെരിന്തൽമണ്ണ | 739 |
| 7 | മങ്കട | 769 |
| 8 | മലപ്പുറം | 684 |
| 9 | വേങ്ങര | 625 |
| 10 | വള്ളിക്കുന്ന് | 676 |
| 11 | തിരൂരങ്ങാടി | 701 |
| 12 | താനൂർ | 700 |
| 13 | തിരൂർ | 770 |
| 14 | കോട്ടക്കൽ | 850 |
| 15 | തവനൂർ | 754 |
| 16 | പൊന്നാനി | 733 |

(ബി) പ്രസ്തുത പദ്ധതിപ്രകാരം കോട്ടക്കൽ നിയോജകമണ്ഡലത്തിൽ

ആരംഭിച്ച സംരംഭങ്ങളുടെ പേരും വിലാസവും സംരംഭകന്റെ പേരും വിലാസവും ഉൾപ്പെടെയുള്ള വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതിപ്രകാരം കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 2023 മാർച്ച് 15 വരെയുള്ള കണക്കുപ്രകാരം 850 സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ 63.38 കോടി രൂപ നിക്ഷേപവും 2006 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

01-04-2022 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി തയാറാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭകരുടെ വ്യക്തിപരമായ വിവരങ്ങൾ ലഭ്യമാണ്.

(സി) ഇതിൽ എത്ര സംരംഭങ്ങൾക്ക് സർക്കാർ സാമ്പത്തിക ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഓരോ സംരംഭത്തിനും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ഇതിൽ 41 സംരംഭങ്ങൾക്ക് സർക്കാർ സാമ്പത്തിക ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കീം | രൂപ ( തുകയിൽ ) |
|---|---|
| പി.എം.ഇ.ജി.പി. | 62,38,290.00 |
| മാർജിൻ മണി ടു നാനോ യൂണിറ്റ് | 1,43,400.00 |
| ഒരു കുടുംബം ഒരു സംരംഭം (ഒ.എഫ്.ഒ.ഇ.) | 5495.00 |
| കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സ്കീം | 3,00,000.00 |
| എന്റെ ഗ്രാമം (കെ.വി.ഐ.ബി.) | 5,41,950.00 |
| മൾട്ടി പർപ്പസ് ജോബ് ക്ലബ് | 2,00,000.00 |

## വ്യവസായ ഇന്റേണുകളുടെ പ്രവർത്തനം

**138**(6124) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ നിയമിച്ച വ്യവസായ ഇന്റേണുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എത്ര വർഷത്തേയ്ക്കാണ് ഇവരുടെ നിയമനമെന്നും ഇവരുടെ പ്രവർത്തനം ഏതൊക്കെ മേഖലകളിലാണെന്നും വിശദമാക്കാമോ?

ഇന്റേണുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. ഇവരുടെ നിയമനം, നിയമന തീയതി മുതൽ 31-03-2023-വരെയാണ്. വ്യവസായം തുടങ്ങുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, ലോൺ,

ലൈസൻസുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനും സംരംഭം തുടങ്ങുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുക, സംശയങ്ങൾ ദൂരീകരിക്കുക, വ്യവസായ വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ പരിചയപ്പെടുത്തുക, അവയ്ക്കാവശ്യമായ സഹായങ്ങൾ നൽകുക എന്നീ പ്രവർത്തനങ്ങൾ ഇവർ നടത്തുന്നു. കൂടാതെ സംരംഭക വർഷം തുടങ്ങിയ യൂണിറ്റുകളുടെ വിവരങ്ങൾ വ്യവസായ വകുപ്പിന്റെ പോർട്ടലിൽ രേഖപ്പെടുത്തുക എന്നത് ഇന്റേണുകൾ ചെയ്യുന്നുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി എത്ര പുതിയ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം അറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി 1111 പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

| **ക്രമ നം.** | **ഗ്രാമപഞ്ചായത്ത്** | **ആരംഭിച്ച പദ്ധതികൾ** |
|---|---|---|
| 1 | ബാലുശ്ശേരി | 123 |
| 2 | കൂരാച്ചുണ്ട് | 75 |
| 3 | കോട്ടൂർ | 131 |
| 4 | നടുവണ്ണൂർ | 118 |
| 5 | പനങ്ങാട് | 133 |
| 6 | ഉള്ളിയേരി | 137 |

| | | |
|---|---|---|
| 7 | ഉണ്ണിക്കുളം | 201 |
| 8 | അത്തോളി | 129 |
| 9 | കായണ്ണ | 64 |

(സി) ബാലുശ്ശേരി മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാനത്തെ വൻകിട വ്യവസായ സ്ഥാപനങ്ങൾ**

**139**(6125) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം സംസ്ഥാനത്ത് ഏതെങ്കിലും വൻകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്നതിന്റെയും

വിശദാംശം ലഭ്യമാകുമോ?

2016-നുശേഷം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും പാർക്കുകളിലും ആരംഭിച്ച വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങളും കിൻഫ്ര പാർക്കുകളിൽ ആരംഭിച്ച വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായം ലഭ്യമാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മറ്റൊരു വൻകിട പദ്ധതിയാണ് ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലെ കല്ലിശ്ശേരിയിൽ സ്ഥിതിചെയ്യുന്ന Dr.K.M. Cheriyan Institute of Medical Sciences Pvt. Ltd. പ്രസ്തുത ആശുപത്രി 2020-21 കാലഘട്ടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്.

കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നവംബർ 2022 മുതൽ ന്യൂസ്പ്രിന്റ് ഉൽപ്പാദനം നടന്നുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിൽനിന്നും ഏറ്റെടുത്ത സ്ഥലത്ത് റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കായി കേരള റബ്ബർ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം 2019-ൽ ആരംഭിച്ചു.

കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്. ടി കമ്പനി 01-04-2022-ൽ പ്രവർത്തനം ആരംഭിച്ചു.

## സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനരീതി

**140**(6126) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത് സർക്കാർ നേരിട്ടാണോ അതോ റിക്രൂട്ട്മെന്റ് ബോർഡ്

മുഖേനയാണോയെന്ന് വ്യക്തമാക്കുമോ;

(ബി) നിയമനം നടത്തുമ്പോൾ സംവരണതത്വം പാലിക്കാറുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനങ്ങൾ അതത് കമ്പനികൾ നേരിട്ടാണ് നടത്തിവരുന്നത്.

കമ്പനിതലത്തിൽ നടന്നുവരുന്ന നിയമനങ്ങളിൽ പി.എസ്.സി. നിഷ്കർഷിച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ പാലിക്കണമെന്ന് കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയല്ലാതെ നിയമനം നടത്തുന്ന തസ്തികകളിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റ് നടപടികൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമായി നടപ്പാക്കുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് ആക്ട്, 2022-ൽ പ്രാബല്യത്തിൽവന്നു. ബോർഡുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മാനേജിംഗ് ഡയറക്ടർ തസ്തിക ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി.

മുഖേനയല്ലാതെ നികത്തപ്പെടുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങളാണ് പ്രസ്തുത ബോർഡുവഴി നടത്തുന്നത്. റിക്രൂട്ട്മെന്റ് ബോർഡുവഴിയുള്ള നിയമനങ്ങളിലും അംഗീകൃത സംവരണ തത്വങ്ങൾ പാലിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

## ചാത്തന്നൂർ മണ്ഡലത്തിൽ കിൻഫ്ര പാർക്കിന് ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമി

**141**(6127) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര പാർക്കിന് ഏറ്റെടുക്കാൻ ഉദ്ദേശിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര, പരവൂർ വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ സ്ഥലം തണ്ണീർത്തടമെന്നതിനാൽ വ്യവസായ പാർക്കിന് അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികളെ സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കിൻഫ്ര പാർക്കിന് ഏറ്റെടുക്കാൻ ഉദ്ദേശിച്ച ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര, പരവൂർ വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ സ്ഥലം റവന്യൂ രേഖകൾപ്രകാരം 'നിലം' ഇനത്തിൽപ്പെട്ടതായതിനാൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ

നിയമം - 2008-ന്റെ പരിധിയിൽനിന്നും മാറ്റിക്കിട്ടുന്നതിനുവേണ്ടി കിൻഫ്ര സമർപ്പിച്ച അപേക്ഷ ചില വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കാവുന്നതാണെന്ന പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ നിരസിച്ചുകൊണ്ട് പകരം മറ്റു ഭൂമി കണ്ടുപിടിക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകയ്യെടുക്കേണ്ടതാണെന്ന് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ സംസ്ഥാനതല സമിതി 29-01-2018-ൽ കൂടിയ നടപടി യോഗത്തിൽ തീരുമാനിച്ചിരുന്നു.

(ബി) തണ്ണീർത്തടങ്ങൾ അപ്രകാരം നിലനിർത്തിക്കൊണ്ട് പ്രയോജനപ്രദമാക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ കിൻഫ്ര തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

കണ്ടെത്തിയ ഭൂമിയുടെ പകുതിയിലേറെയും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം-2008-ന്റെ പരിധിയിൽപ്പെട്ടതായതിനാൽ പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ല.

## പാലക്കാട് ജില്ലയിലെ ചെറുകിട സംരംഭങ്ങൾ

142(6128) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട്

ജില്ലയിൽ എത്ര ചെറുകിട സംരംഭങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ 1195 ചെറുകിട സംരംഭങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി തുടങ്ങിയ സംരംഭങ്ങളുടെ കണക്കുകൾ ശേഖരിക്കുന്ന കേന്ദ്രീകൃത പോർട്ടലിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പൊതുവായ വിവരങ്ങളാണ് ശേഖരിക്കുന്നത്. അതുപ്രകാരം പാലക്കാട് ജില്ലയിൽ 01-04-2022 മുതൽ 17-03-2023 വരെ 13872 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭകരുടെ വ്യക്തിപരമായ വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്.

(ബി) ചെറുകിട സംരംഭങ്ങൾക്ക് അനുമതി നൽകിയതിലൂടെ പാലക്കാട് ജില്ലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

ചെറുകിട സംരംഭങ്ങളിലൂടെ പാലക്കാട് ജില്ലയിൽ 3226 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. സംരംഭക വർഷം പദ്ധതിയുടെ കേന്ദ്രീകൃത പോർട്ടലിൽ ലഭ്യമായ കണക്കുകൾപ്രകാരം പാലക്കാട് ജില്ലയിൽ 01-04-2022 മുതൽ 17-03-2023 വരെ സൂക്ഷ്മ-ചെറുകിട-ഇടത്തരം

സംരംഭങ്ങളിലൂടെ 26801 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

## പ്രവാസികളുടെ വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

143(6129) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന പ്രവാസികളുടെ വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ഉദാരവ്യവസ്ഥയിൽ വായ്പ നൽകുന്നതിനുമുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

തൊഴിൽ നഷ്ടപ്പെട്ടും അല്ലാതെയും സംസ്ഥാനത്തേയ്ക്ക് തിരിച്ചെത്തുന്ന പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിരുന്ന പദ്ധതിയായിരുന്നു പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തരം ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിച്ചിരുന്ന വായ്പ 25 ലക്ഷം രൂപ മുതൽ രണ്ട് കോടി രൂപവരെയാണ്. പ്രസ്തുത വായ്പകൾക്ക് ആദ്യ നാല് വർഷം 5 ശതമാനം മാത്രം പലിശ ഗുണഭോക്താക്കളിൽനിന്ന് ഈടാക്കി ബാക്കി 3.75 ശതമാനം പലിശ ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ തിരികെ നൽകിവരുന്നു.

പദ്ധതി പുതുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യിൽ നിലവിലുള്ള CM Special Assistance സ്കീമിലേയ്ക്ക് പ്രവാസി ഭദ്രതാ സ്കീം ലയിപ്പിക്കാനുള്ള നടപടികൾ നോർക്ക വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു.

(ബി) മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതിയിലൂടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രവാസികൾക്ക് പ്രത്യേക ധനസഹായ പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി.-മുഖേന നടപ്പാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനവും വായ്പയും ലഭ്യമാക്കും.

പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവയ്ക്ക് 1 കോടി രൂപ മുതൽ

രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 5.5 ശതമാനം പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപവരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ്, അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും മാത്രമല്ല 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികളുടെ വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ഉദാരവ്യവസ്ഥയിൽ വായ്പ നൽകിയതിന്റെ കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പ്രവാസി ഭദ്രതാ മെഗാ പദ്ധതിയിൽ കെ.എസ്.ഐ.ഡി.സി. മുഖേന നാളിതുവരെ അനുവദിച്ച ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **പദ്ധതി** | **ധനസഹായം (Rs)** | **ജില്ല** |
|---|---|---|---|
| 1 | Lilly Complex | 100 Lakhs | Thiruvananthapuram |
| 2 | JK | 192 Lakhs | Thiruvananthapuram |

| | | | |
|---|---|---|---|
| | Associates | | |
| 3 | Garden of Life | 93 Lakhs | Kollam |
| 4 | Vidayathil Industries | 80 Lakhs | Ernakulam |

**പ്രാദേശിക ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം**

144(6130) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാദേശികമായ വ്യാവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; അത്തരം ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് കേന്ദ്രീകൃത ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കാനാകുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രാദേശികമായ വ്യാവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന കേന്ദ്രീകൃത ഓൺലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി ബിസിനസ്സ് പോർട്ടൽ പ്രവർത്തിച്ചുവരുന്നു.

<u>ബി2 ബി വെബ് പോർട്ടൽ</u>

കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ് പോർട്ടൽ (www.keralaemarket.com/www.keralaemarket.org/www.keralaemarket.kerala.gov.in) രൂപീകരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ് പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഉൽപ്പാദകർക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യാനും സഹായകരമാകും.

കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എം.എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖലാ

സ്ഥാപനങ്ങളും ഈ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു.

നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ വിപണികളിൽ കടന്നുചെല്ലാനും പ്രത്യേകിച്ചും കോവിഡ്-19 കാലത്തിനുശേഷം അവർക്ക് പ്രയോജനപ്പെടുന്ന ബയർമാർ/കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടാനും സാധിക്കും.

ബി2 ബി വെബ് പോർട്ടലിന്റെ പ്രധാന സവിശേഷതകൾ :

1. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഓൺലൈൻ മുഖേന വ്യാപാര ചർച്ചകൾ നടത്താനായി സാധിക്കും.

2. ദേശീയതലത്തിലുള്ള ബയർമാരും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സംരംഭങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.

3. വ്യവസായ സംരംഭങ്ങളെക്കുറിച്ചും അവരുടെ

ഉൽപ്പന്നങ്ങളെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ ഉൾപ്പെടുത്തുന്നു.

4. കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് യൂസർ ഐഡിയും (User ID) പാസ്‌വേഡും നൽകും.

5. വിവിധ മേഖലകൾ/ഉൽപ്പന്നങ്ങൾ തരംതിരിച്ചുള്ള വിവരങ്ങൾ അറിയാൻ സാധിക്കും.

6. വ്യവസായ സംരംഭകർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള വ്യാപാര അന്വേഷണങ്ങൾ അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യം കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ ലഭ്യമാക്കുന്നു.

7. ദേശീയതലത്തിൽ നേരിട്ട് ലഭിക്കുന്ന വ്യാപാര അന്വേഷണങ്ങളുടെ വിവരങ്ങൾ കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ ലഭ്യമാകും.

8. ദേശീയതലത്തിൽ വിവിധ മേഖലകൾ/ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന വ്യാപാര മേളകൾ/എക്സിബിഷനുകൾ എന്നിവയുടെ വിവരങ്ങൾ കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ ലഭ്യമാകും.

9. ദേശീയ ബയർമാരിൽനിന്നും നേരിട്ടുള്ള വാണിജ്യ അന്വേഷണങ്ങൾ ഈ ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമാകും.

ഈ പോർട്ടലിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരവരുടെ ഉൽപ്പന്നങ്ങളുടെ ചിത്രങ്ങളും വിലയും ചേർക്കാവുന്നതാണ്. ഇതിൽ ഉൽപ്പന്നങ്ങളെയും വ്യവസായങ്ങളെയും ഭക്ഷ്യസംസ്കരണം, കൈത്തറി, റബ്ബർ, കയർ, ആയുർവ്വേദം, ഇലക്ട്രിക് & ഇലക്ട്രോണിക്സ്, കരകൗശലം, കൃഷി എന്നിങ്ങനെ വിവിധ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ്പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും.

കേരള ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നൂതനമായ ഉൽപ്പന്നങ്ങളുടെ സവിശേഷതകളും സാങ്കേതികതയും പ്രദർശിപ്പിക്കാൻ സാധിക്കുന്നു. ബി2 ബി വെബ് പോർട്ടൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എല്ലാതരത്തിലും പരസ്പര വ്യവഹാരം നടത്താനും ബിസിനസ്സ് ടു ബിസിനസ്സിനായി (ബി2 ബി) ഒരു വേദിയായും ഇ-കാറ്റലോഗിംഗ് തുടങ്ങിയവയ്ക്കായും പ്രയോജന പ്രദമാകുന്നു.

**സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായി ഉയർത്തുന്ന പദ്ധതി**

**145**(6131) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായി ഉയർത്തുന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ സഹായം അനുവദിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

നിലവിലുള്ള എം.എസ്.എം.ഇ.-കളിലെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം സഹായം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചുവരുന്നു.

**പരമ്പരാഗത ഓട് വ്യവസായത്തെ സംരക്ഷിക്കാൻ നടപടി**

146(6132) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ഓട് വ്യവസായങ്ങളുടെ നിലനിൽപ്പ്

പ്രതിസന്ധിയിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യവസായത്തെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ടി ആക്ടോടെ നിലവിൽവന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽനിന്നും മാത്രമേ കളിമണ്ണ് ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. കളിമണ്ണ് ഖനനത്തിന് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണവും സംസ്ഥാനത്തിന് പുറത്തുനിന്ന് ഓട്, അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവ ധാരാളമായി ലഭ്യമാകുന്നതും ടി വ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കളിമണ്ണിന്റെ ലഭ്യതയെക്കുറിച്ച് വിലയിരുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കളിമണ്ണ് ഖനനം സാധ്യമായ സ്ഥലങ്ങളെക്കുറിച്ച് Kerala State Remote Sensing & Environment Centre പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത വ്യവസായത്തിന്റെ നിലനിൽപ്പിനായി കളിമണ്ണ് ഖനനം ചെയ്യുന്നതിന് വ്യവസ്ഥകളിൽ ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

വിശദമാക്കാമോ?

കളിമണ്ണ് ഖനനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഇളവുചെയ്യുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015-ലെ ചട്ടം 106 (5) ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഓടിന്റെ ഇറക്കുമതി നിയന്ത്രിച്ച് പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

കളിമണ്ണിന്റെ ലഭ്യതയെക്കുറിച്ച് വിലയിരുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കളിമണ്ണ് ഖനനം സാധ്യമായ സ്ഥലങ്ങളെക്കുറിച്ച് Kerala State Remote Sensing & Environment Centre പഠനം നടത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനം**

**147**(6133) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ

പ്രോത്സാഹനത്തിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കുന്നതിനുള്ള തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന തോട്ടണ്ടി ലഭ്യമാക്കിയാണ് നിലവിൽ കശുവണ്ടി വികസന കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നത്.

കോർപ്പറേഷനിൽനിന്ന് വിരമിച്ച 2022 വരെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് - 20 കോടി രൂപ, 2021-22 വർഷം ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗീകയന്ത്രവൽക്കരണത്തിനും - 2 കോടി രൂപ, 2021 - 22 വർഷം ബ്രാൻഡ് ബിൽഡിംഗിന് 50 ലക്ഷം രൂപ, 2022 - 23 വർഷം ബ്രാൻഡ് ബിൽഡിംഗിന് 26.5 ലക്ഷം രൂപ എന്നിങ്ങനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷന് സാമ്പത്തിക സഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

പ്രോസ്സസിംഗ് വിഭാഗത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്കതരത്തിൽ തൊഴിലാളികളെ വിനിയോഗിച്ച് പരമാവധി

ഉൽപ്പാദനക്ഷമത കൈവരിക്കാൻ കഴിഞ്ഞു. ഇപ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷനിൽ പുതുതായി ഇതിലേയ്ക്ക് 535 തൊഴിലാളികളെ നിയമിച്ചിട്ടുള്ളതാണ്. 1000 തൊഴിലാളികളെ ഇപ്രകാരം നിയമിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. നിലവിലുള്ള പ്രോസസ്സിംഗ് സംവിധാനത്തിന് സമാന്തരമായി കോർപ്പറേഷന്റെ തെരഞ്ഞെടുത്ത 5 ഫാക്ടറികളിൽ Fully Mechanised Processing ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഫ്ലക്സി പൗച്ചിൽ പരിപ്പ് നിറച്ച് വിപണനത്തിന് സാധ്യമാകുന്ന തരത്തിലുള്ള അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുള്ളതാണ്.

11 വർഷത്തെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി ആകെ 84 കോടി രൂപയാണ് അനുവദിച്ചുനൽകിയിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് 2022 വർഷംവരെ റിട്ടയർചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി വിതരണം നടത്തിയിട്ടുള്ളതാണ്.

കശുവണ്ടി പരിപ്പിൽനിന്നും കശുമാങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് പരമാവധി ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു.

കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിനായുള്ള മൊബൈൽ സെയിൽസ് വാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡുമായി ധാരണാപത്രം ഒപ്പിട്ട് കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റുകൾ വഴിയും വിപണനം വിപുലപ്പെടുത്തി. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള മാസ്റ്റർപ്ലാൻ റിയാബ് അംഗീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 കലണ്ടർ വർഷം 140-ഉം 2022-ൽ 131-ഉം തൊഴിൽദിനങ്ങൾ തോട്ടണ്ടിയുടെ ദൗർലഭ്യമുണ്ടായിരുന്നിട്ടും കാപ്പെക്സ് നൽകുകയുണ്ടായി. കഴിഞ്ഞ സർക്കാർ കാലത്ത് അടച്ചിട്ടിരുന്ന സ്വകാര്യ ഫാക്ടറികളിലെ 1509 തൊഴിലാളികളെ കാപ്പെക്സിന്റെ വിവിധ ഫാക്ടറികളിൽ നിയമിച്ചിട്ടുണ്ട്. സമാനരീതിയിൽ ഈ വർഷവും 250-ഓളം തൊഴിലാളികളെ നിയമിക്കുന്ന നടപടികളിലാണ്. സർക്കാർ ധനസഹായത്താൽ 2020-വരെ പിരിഞ്ഞ തൊഴിലാളികളുടെ മുഴുവൻ ഗ്രാറ്റുവിറ്റിയും വിതരണം ചെയ്തിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി വ്യവസായത്തിന്റെ

പ്രോത്സാഹനത്തിനായി അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുള്ള വർക്ക്ഷെഡ് പദ്ധതി, പദ്ധതി വിഹിതം ലഭ്യമാക്കി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പഴയവസ്തുപകരം പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ചർക്കകളിൽ നവീകരണവും നടത്തിവരുന്നു. തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ്, ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, പരിശീലനം എന്നിവ ലഭ്യമാക്കുന്നു. ഉല്പന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഉല്പാദന വർദ്ധനവിനും വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുന്നുണ്ട്. ഖാദി മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഐ.ഐ.റ്റി., ചെന്നൈ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചർക്കകളുടെ നവീകരണത്തിന് KSCMMC, ആലപ്പുഴയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിലുപകരണങ്ങളുടെ നവീകരണവും യന്ത്രവത്കരണവും സൗരോർജ്ജ ഉപയോഗവും സംബന്ധിച്ച വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബോർഡുതല കമ്മിറ്റിയെ ചുമതലപ്പെടുത്തിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ പി.എം.ഇ.ജി.പി. (Prime Minister Employment Generation Programme) എസ്.ഇ.ജി.പി. എന്റെ ഗ്രാമം (Special Employment Generation Programme) എന്നിങ്ങനെ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി സബ്സിഡിയോടുകൂടിയ രണ്ട് വായ്പാ പദ്ധതികൾ നിലവിലുണ്ട്.

സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ മുതലായവയുടെ നവീകരണം, ഫർണിച്ചർ വിതരണം തുടങ്ങിയ പ്രവൃത്തികൾ റേറ്റ് കോൺട്രാക്ടുപ്രകാരം വിവിധ ആർട്ടിസാൻ യൂണിറ്റുകൾ മുഖേന കാഡ്കോ നിർവ്വഹിച്ചുവരുന്നു. മരപ്പണിയിലേർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്കായി പൊതുസേവന കേന്ദ്രം, ആധുനിക മെഷീനറികൾ ഉൾപ്പെടെ കൊല്ലം ഉമയനല്ലൂരിൽ ആർട്ടിസാൻമാർക്കായി കാഡ്കോ മുഖേന നടപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ മറ്റ് 13 ജില്ലകളിലും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പൊതുസേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് കാഡ്കോ ലക്ഷ്യമിടുന്നു.

കേരളത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന വിവിധ പരമ്പരാഗത ആർട്ടിസാൻ മേഖലകളിൽ പണിയെടുക്കുന്ന ആർട്ടിസാന്മാരുടെ

വിവരശേഖരണത്തിനായി 'ആർട്ടിസാൻ ലേബർ ഡാറ്റാ ബാങ്ക്' എന്ന പേരിൽ ആർട്ടിസാന്മാരുടെ വിവരശേഖരണം കാഡ്കോ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഇരുപതിനായിരത്തോളം ആർട്ടിസാന്മാർ ലേബർ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ഗോൾഡ് അപ്രൈസർ സബ് സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം കാഡ്കോ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി Gem and Jewellery Skill Council of India, National Council of Vocational Training എന്നിവയുമായി ചേർന്ന് നടത്തുന്ന പ്രോഗ്രാം 14 ജില്ലകളിൽനിന്ന് ആദ്യഘട്ടത്തിൽ 420 പരമ്പരാഗത ആർട്ടിസാന്മാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഉദ്ദേശിക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് കാഡ്കോയും Govt. of India-യുടെ GJSCI-യുമായി സംയോജിതമായി സർട്ടിഫിക്കറ്റ് നൽകുന്നതിനും കാഡ്കോ ലക്ഷ്യമിടുന്നു. ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് അപ്രൈസർമാരായി തൊഴിൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. 2021-2031 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിലെ 14 ജില്ലകളിലും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പൊതുസേവന

കേന്ദ്രങ്ങൾ തുടങ്ങുന്നതിനായി ലക്ഷ്യമിട്ടുകൊണ്ട് കാഡ്കോ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

**കയർ**

കയർ വ്യവസായത്തിൽ യന്ത്രവത്കരണവും പശ്ചാത്തല സൗകര്യവികസനവും നടപ്പാക്കിവരുന്നു. കയർ മേഖലയിൽ ഉത്പന്ന വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ഗവേഷണപ്രവർത്തനങ്ങൾ നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.) വഴി നടത്തിവരുന്നു. പരമ്പരാഗത കയർ തൊഴിലാളികൾക്ക് 2021-22, 2022-23 വർഷങ്ങളിലായി ഇൻകം സപ്പോർട്ട് സ്കീംവഴി 37.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് പ്രോഡക്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ.), മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. മേൽ പദ്ധതിക്കായി യഥാക്രമം 7 കോടി രൂപ, 9 കോടി രൂപ നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**കരകൗശല വികസന കോർപ്പറേഷൻ**

കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ

സ്ഥാപനമാണ് കരകൗശല വികസന കോർപ്പറേഷൻ. കരകൗശല മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ആശ പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പുതിയ ഡിസൈനിലുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതോടൊപ്പം കരകൗശലത്തൊഴിലാളികൾക്ക് ടൂൾകിറ്റ്, ക്ലസ്റ്റർ, ഇൻഷ്വറൻസ് പരിരക്ഷ എന്നീ പദ്ധതികൾ നിലവിൽ നടത്തിവരുന്നു. ദേശീയ പിന്നാക്ക ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശലത്തൊഴിലാളികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു. കരകൗശലത്തൊഴിലാളികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളെ കോർപ്പറേഷൻ കൃത്യമായ വില നൽകി വാങ്ങി 19 ഷോറൂമുകൾവഴി വിറ്റഴിക്കുകയും നൂതനങ്ങളായ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പരമ്പരാഗത വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായുള്ള പദ്ധതികളായ റോമെറ്റീരിയൽ ബാങ്ക്, ഡിസൈൻ സെന്റർ, പ്രീമിയം ഷോറൂമുകൾ, ക്രാഫ്റ്റ് വില്ലേജ് എന്നിവ തുടർന്നുള്ള വർഷങ്ങളിൽ നടപ്പാക്കുന്നതാണ്. ഇവ നടപ്പാക്കുമ്പോൾ കൂടുതൽ

തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കാനാകും.

കരകൗശല മേഖലയിലെ വളർച്ചയ്ക്കായി കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)-ക്ക് താഴെപ്പറയുന്ന പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു.

(1) കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി:

ആധുനികവൽക്കരണം, ഡിസൈൻ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കാണ് ഇതുപ്രകാരം ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതിപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയുടെ ധനസഹായം സുരഭിക്ക് ലഭിച്ചിരുന്നു.

(2) കരകൗശല മേഖലയിൽ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി:

2023-24 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയുടെ വീതം ബജറ്റ് വിഹിതം ലഭ്യമാണ്. നാലു സംസ്ഥാനതല സ്ഥാപനങ്ങൾക്കായാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്.

(3) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ സുരഭിയുടെ കോവളം ഷോറൂമിനെ ക്രാഫ്റ്റ് കോംപ്ലക്സായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

അംഗീകരിക്കുകയും ടോക്കൺ തുകയായി 1 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പിനുകീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ കൈത്തറി മേഖലയ്ക്കായി 3956 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൈത്തറി-നെയ്ത്ത് സഹകരണ സംഘങ്ങൾ, ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 484 ലക്ഷം രൂപയും ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള വായ്പ, നൂലിന്റെ സബ്സിഡി, നെയ്ത്തുകാർക്കുള്ള ഉൽപ്പാദന ധനസഹായം, യുവ വീവ് പദ്ധതി എന്നിവയ്ക്കായി 770 ലക്ഷം രൂപയും സമഗ്ര കൈത്തറി ഗ്രാമത്തിന്റെ സ്ഥാപനത്തിനായി 1 ലക്ഷം രൂപയും ഉൽപ്പാദനം, വിപണനം കയറ്റുമതി പ്രോത്സാഹനം എന്നിവയ്ക്കായി 200 ലക്ഷം രൂപയും അം**ശദാന മി**തവ്യയ ഫണ്ട്, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നിവയ്ക്കായി 110 ലക്ഷം രൂപയും ആധുനികവൽക്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രചാരണത്തിനുമായി 550 ലക്ഷം രൂപയും നൈപുണ്യവും പ്രാപ്തിയും വികസിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടിക്കായി 250 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

നാട്ടുകാണിയിൽ ടെക്സ്റ്റൈൽ പ്രോസസിംഗ് സെന്റർ

സ്ഥാപിക്കുന്നതിനായി 1391 ലക്ഷം രൂപയും കാഞ്ഞിരോട് കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയും കേന്ദ്ര പദ്ധതിയായ നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് പ്രോഗ്രാം (എൻ.എച്ച്.ഡി.പി.)-യുടെ സംസ്ഥാന വിഹിതമായി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉൽപ്പാദന രീതികളുടെ നവീകരണത്തിനും ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നു.

1) വർക്ക് ഷെഡ് നവീകരണം.

2) വ്യക്തിഗത വർക്ക് ഷെഡ് നവീകരണം.

3) ഡൈ ഹൗസ് റിപ്പയറിംഗ്.

4) ഒരു വീട്ടിൽ ഒരു തറി.

5) ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി.

6) തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ.

കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കളായ നൂൽ, ചായം, രാസ

വസ്തുക്കൾ എന്നിവ കൈത്തറി സംഘങ്ങൾക്ക് യാൺ ബാങ്കുകൾ വഴി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റ്റക്സ്, ഹാൻവീവ് എന്നിവർക്ക് സംസ്ഥാന സർക്കാർ റിബേറ്റ് (സ്കൂൾ യൂണിഫോം 30 ശതമാനം, മറ്റ് സീസണുകളിൽ 20 ശതമാനം നിരക്കിൽ) നൽകിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതുവഴി വിപണന സാധ്യത കൂട്ടുന്നതിനും തദ്വാരാ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

**യുവവീവ് പദ്ധതി**:

തൊഴിൽരഹിതരായ പതിനെട്ടിനും നാൽപ്പതിനും മദ്ധ്യേ പ്രായമുള്ള യുവതീ-യുവാക്കളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി മൂന്ന് മാസം സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകുകയും പരിശീലനം ലഭിച്ച യുവതീ-യുവാക്കൾക്ക് തറിയും അനുബന്ധ ഉപകരണങ്ങളും നൽകി നെയ്ത്തിന് പ്രാപ്തമാക്കുകയും ചെയ്യുന്നു. നെയ്ത്തുകാർക്കും അനുബന്ധത്തൊഴിലാളികൾക്കും വേണ്ടിയുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിപ്രകാരം അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കി നെയ്ത്തുകാർക്കും അനുബന്ധത്തൊഴിലാളികൾക്കും അധിക വേതനം നൽകി

ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതിമൂലം നെയ്ത്ത് തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽദിനങ്ങളും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 6200 നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ഈ പദ്ധതിമൂലം ഒരു പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. വർഷം 250-ൽ കൂടുതൽ തൊഴിൽദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്. ഇതുവരെ 269.07 കോടി രൂപ നെയ്ത്ത് കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഏതെല്ലാം വ്യവസായങ്ങളെയാണ് പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, ചെമ്പ്-ഓട്ടുപാത്ര നിർമ്മാണം, മേസണറി, തുകൽ ഉൽപ്പന്ന നിർമ്മാണം, കരകൗശലം, കശുവണ്ടി വ്യവസായം, തഴപ്പായ/കാട്ടുവള്ളി നെയ്ത്ത്, കളിമൺ പാത്ര നിർമ്മാണം, നൂൽനൂൽപ്പ്, നെയ്ത്ത്, കരകൗശലപ്പണി, കൈത്തറി, കയർ, ബാംബൂ എന്നിവ പരമ്പരാഗത വ്യവസായമാണ്. കരകൗശലം, കശുവണ്ടി, ഖാദി, കൈത്തറി,

കളിമൺപാത്ര നിർമ്മാണം, കയർ എന്നിവയാണ് പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനം**

148(6134) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങൾ തളർച്ചയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ ദൗർലഭ്യതയാണ് പ്രധാന പ്രതിസന്ധി. തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡുവഴി തോട്ടണ്ടി ലഭ്യമാക്കി കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിച്ചുവരികയാണ്. അസംസ്കൃത വസ്തുവായ കശുവണ്ടിയുടെ വിലയും ഉൽപ്പാദനച്ചെലവും ചേർന്നുവരുന്ന വില കശുവണ്ടിപ്പരിപ്പിന് ലഭിക്കാത്തത് പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ നഷ്ടത്തിലാകാൻ

കാരണമായിട്ടുണ്ട്.

സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ബഹുഭൂരിപക്ഷവും പ്രവർത്തനരഹിതമാണ്. മറ്റ് രാജ്യങ്ങളെയും സംസ്ഥാനങ്ങളെക്കാളും സംസ്കരണച്ചെലവ് കൂടുതലും വൻതോതിൽ തോട്ടണ്ടി ഉൽപ്പാദിപ്പിക്കുന്ന വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ തോട്ടണ്ടി സംസ്കരണം തുടങ്ങിയതും അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ വില വർദ്ധനവിനും ലഭ്യതക്കുറവിനും കാരണമായിട്ടുണ്ട്. കശുവണ്ടി വ്യവസായ രംഗം നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ രൂപീകരിച്ച സമിതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

തോട്ടണ്ടിയുടെ അമിത വില, ദൗർലഭ്യം, കശുവണ്ടി പരിപ്പിന്റെ അന്താരാഷ്ട്ര വിപണിയിലെ വിലക്കുറവ് മുതലായവ ഈ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു. വിയറ്റ്നാം മുതലായ രാജ്യങ്ങൾ പൂർണ്ണയന്ത്രവൽക്കരണം നടത്തി ഉൽപ്പാദനച്ചെലവുകൾ കുറച്ച്, കശുവണ്ടിപ്പരിപ്പുകൾ വിപണിയിലെത്തിക്കുന്നു. അതിനോട് കിടപിടിക്കാൻ പരമ്പരാഗതരീതിയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ കശുവണ്ടി സ്ഥാപനങ്ങൾക്ക് കഴിയാതെവരുന്നു. പരമ്പരാഗതരീതിയിലും ഭാഗിക യന്ത്രവൽക്കരണം നടത്തിയും പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക്

ഉൽപ്പാദനച്ചെലവ് പൂർണ്ണയന്ത്രവൽക്കരണ ഫാക്ടറികളേക്കാൾ കൂടുതലാണ്. ഇതിന്റെയെല്ലാം ഫലമായി കശുവണ്ടി ഫാക്ടറികൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ നഷ്ടംമൂലം അടച്ചിടേണ്ടിവന്നിട്ടുള്ളതും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളതുമാണ്.

ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ കൂടുതൽ ഉല്പന്നങ്ങൾ വ്യാവസായികമായി ഉൽപ്പാദിപ്പിക്കുന്നതുമൂലം മരപ്പണിയിലേർപ്പെട്ടിരിക്കുന്ന പരമ്പരാഗത തൊഴിലാളികൾക്ക് അവസരം കുറയുന്നുണ്ട്. ആയത് ഒരുപരിധിവരെ പരിഹരിക്കുന്നതിനായി സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ മുതലായവയുടെ നവീകരണം, ഫർണിച്ചർ വിതരണം തുടങ്ങിയ പ്രവൃത്തികൾ റേറ്റ് കോൺട്രാക്ടുപ്രകാരം വിവിധ ആർട്ടിസാൻ യൂണിറ്റുകൾ മുഖേന കാഡ്കോ നിർവ്വഹിച്ചുവരുന്നു. മരപ്പണിയിലേർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്കായി പൊതുസേവനകേന്ദ്രം, ആധുനിക മെഷിനറികൾ ഉൾപ്പെടെ കൊല്ലം ഉമയനല്ലൂരിൽ ആർട്ടിസാന്മാർക്കായി കാഡ്കോ മുഖേന നടപ്പാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ മറ്റ് 13 ജില്ലകളിലും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി

പൊതുസേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് കാഡ്കോ ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും ടി സമിതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതുമാണ്. കൂടാതെ സംസ്ഥാനത്തെ പൊതു-സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ കോട്ടൺ, അതിന്റെ വിളവെടുപ്പ് സീസണിൽ അധിക അളവിൽ വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയും സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ കോട്ടൺ വാങ്ങുന്നതിനുള്ള സുഗമമായ നടപടികൾ സ്വീകരിക്കുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള ഒരു അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ബൾക്ക് കോട്ടൺ പർച്ചേസിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കയർ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി 26-08-2022-ലെ സ.ഉ.(സാധാ)നം.930/2022/വ്യവ. പ്രകാരം ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) കശുവണ്ടി, നെയ്ത്ത്, കയർ മേഖലകളിലെ ഉന്നമനത്തിനായി

എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കുന്നതിനുള്ള തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന തോട്ടണ്ടി ലഭ്യമാക്കിയാണ് നിലവിൽ കശുവണ്ടി വികസന കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നത്.

കോർപ്പറേഷനിൽനിന്ന് വിരമിച്ച 2022 വരെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് - 20 കോടി രൂപ, 2021-22 വർഷം ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും - 2 കോടി രൂപ, 2021 - 22 വർഷം ബ്രാൻഡ് ബിൽഡിംഗിന് 50 ലക്ഷം രൂപ, 2022 - 23 വർഷം ബ്രാൻഡ് ബിൽഡിംഗിന് 26.5 ലക്ഷം രൂപ എന്നിങ്ങനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷന് സാമ്പത്തിക സഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

പ്രോസസ്സിംഗ് വിഭാഗത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്കതരത്തിൽ തൊഴിലാളികളെ ഉപയോഗിച്ച് പരമാവധി ഉൽപ്പാദനക്ഷമത കൈവരിക്കാൻ കഴിഞ്ഞു. ഇപ്രകാരം ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷനിൽ പുതുതായി ഇതിലേയ്ക്ക് 535 തൊഴിലാളികളെ നിയമിച്ചിട്ടുള്ളതാണ്. 1000 തൊഴിലാളികളെ ഇപ്രകാരം നിയമിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. നിലവിലുള്ള പ്രോസസ്സിംഗ് സംവിധാനത്തിന് സമാന്തരമായി കോർപ്പറേഷന്റെ തെരഞ്ഞെടുത്ത 5 ഫാക്ടറികളിൽ Fully Mechanised Processing ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഫ്ലക്സി പൗച്ചിൽ പരിപ്പ് നിറച്ച് വിപണനത്തിന് സാധ്യമാകുന്ന തരത്തിലുള്ള അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുള്ളതാണ്.

11 വർഷത്തെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി ആകെ 84 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് 2022 വർഷംവരെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി വിതരണം നടത്തിയിട്ടുള്ളതാണ്.

കശുവണ്ടി പരിപ്പിൽനിന്നും കശുമാങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് പരമാവധി ആഭ്യന്തര വിപണി

വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു.

കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള മൊബൈൽ സെയിൽസ് വാൻ പ്രവർത്തനമാരംഭിച്ചു. കൺസ്യൂമർഫെഡുമായി ധാരണാപത്രം ഒപ്പിട്ട് കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റുകൾ വഴിയും വിപണനം വിപുലപ്പെടുത്തി. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള മാസ്റ്റർപ്ലാൻ റിയാബ് അംഗീകരിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ 200 ദിവസമെങ്കിലും തൊഴിൽ നൽകുക, കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുക തുടങ്ങി നിരവധി പ്രശ്നങ്ങളാണ് വിദഗ്ദ്ധ സമിതി പരിശോധിക്കുന്നത്. കശുവണ്ടി മേഖലയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ച 30 കോടി രൂപ വിനിയോഗിച്ച് അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്ന സാദ്ധ്യതകളും വിദഗ്ദ്ധ സമിതി പരിശോധിക്കുന്നു.

കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശ ഇളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കുന്നതിനുമായി 2022-23 ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിരുന്നു. കേരളത്തിലെ കശുവണ്ടി വ്യവസായ മേഖലയുടെ ദീർഘകാല നിലനിൽപ്പിന് സാധ്യമായ അവസരങ്ങൾ കണ്ടെത്തുന്നതിനും ഈ മേഖലയിലെ വിവിധ പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിക്കുന്നതിനുമുള്ള പ്രധാന പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനായി അഞ്ചംഗ സമിതിയെ രൂപീകരിച്ചിരുന്നു. 2022-25-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ഇടക്കാല ശിപാർശപ്രകാരം സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഹ്രസ്വകാല പ്രോത്സാഹന പദ്ധതികൾ നടപ്പാക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. തൊഴിലുടമ തൊഴിലാളികൾക്കായി നൽകിയ ഇ.എസ്.ഐ./പി.എഫ്.-ന്റെ തിരിച്ചടവിനായി 20 കോടി രൂപയും സ്ത്രീസൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 5 കോടി രൂപയും ഷെല്ലിംഗ് വിഭാഗങ്ങളിലെ നവീകരണത്തിന് 5 കോടി രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

വർഷാവർഷമുള്ള പദ്ധതി വിഹിതത്തിലൂടെ കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന കാപെക്സ് ഫാക്ടറികളിൽ ആധുനികീകരണവും ഭാഗിക യന്ത്രവൽക്കരണവും നടത്തി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഫാക്ടറികളിൽ നിലവിൽ ഷെല്ലിംഗ് വിഭാഗത്തിൽ ഭാഗികയന്ത്രവൽക്കരണം നടത്തിയിട്ടുണ്ട്. ഭാവിയിൽ മറ്റു വിഭാഗങ്ങളിലും ഭാഗികയന്ത്രവൽക്കരണം നടത്തുന്നതിന് പദ്ധതിയുണ്ട്. 2022-23 വർഷത്തിലെ പദ്ധതി വിഹിതമായി നവീകരണ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപ അനുവദിച്ചതിൽ ലഭിച്ച 1.15 കോടി രൂപയ്ക്ക് കാപെക്സിലെ ഫാക്ടറികളിൽ പുതിയ ഇലക്ട്രിക് ബോർമ്മകൾ, പീലിംഗ് മേശകൾ, ഗ്രേഡിംഗ് മേശകൾ, അതിനുള്ള കസേരകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നതോടൊപ്പം ഫാക്ടറികളിലെ വിവിധ സിവിൽ വർക്കുകളും നടന്നുവരുന്നു. പായ്ക്കിംഗ് സെന്ററിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിനുള്ള റോസ്റ്റിംഗ് മെഷീൻ സ്ഥാപിക്കുന്ന നടപടികളിലാണ്.

2021-22-ലെ പദ്ധതി വിഹിതമായ 9.57 കോടി രൂപ വിനിയോഗിച്ച് 2020 വരെ പിരിഞ്ഞ മുഴവൻ തൊഴിലാളികളുടേയും ഗ്രാറ്റുവിറ്റി കാപെക്സ് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

2021 കലണ്ടർ വർഷം 140-ഉം 2022-ൽ 131-ഉം തൊഴിൽദിനങ്ങൾ തോട്ടണ്ടിയുടെ ദൗർലഭ്യമുണ്ടായിരുന്നിട്ടും നൽകുകയുണ്ടായി.

ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തനമൂലധനം ഉറപ്പുവരുത്തുകയും ആധുനികവത്കരണത്തിനുള്ള മൂലധന സഹായവും പലിശ സഹായവും നൽകേണ്ടതുണ്ട്. ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി 7 കോടി രൂപ 2022-23-ലെ ബഡ്ജറ്റിൽ വകയിരുത്തുകയും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തു. ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകൾക്ക് 2020 മുതൽ സ്ഥാപിച്ച അധിക യന്ത്രസാമഗ്രികൾ, കെട്ടിടങ്ങളുടെ നവീകരണം എന്നിവയ്ക്ക് മൂലധന ഗ്രാന്റായി പരമാവധി 40 ലക്ഷം രൂപവരെ പൊതുവിഭാഗത്തിന് ധനസഹായം നൽകുന്നതിനും 50 ലക്ഷം രൂപവരെ എസ്.സി./എസ്.റ്റി. വനിതകൾക്കും 18-നും 45-നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കും അംഗപരിമിതരായ ഫാക്ടറി ഉടമകൾക്കും നൽകുന്നതിനും അതുവഴി ഉൽപ്പാദനക്ഷമതയും വിറ്റുവരവും ഗണ്യമായി മെച്ചപ്പെടുത്താനുമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം

വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് കശുമാവുകൃഷി വ്യാപക മാക്കുന്നതിനായി 2007-ൽ സർക്കാർ രൂപീകരിച്ച ഏജൻസിയാണ് കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി. അതുവഴി കശുമാവുകൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികളായ കശുമാവ് പുതുകൃഷി, മുറ്റത്തൊരു കശുമാവ്, മാതൃകാ കശുമാവിൻ തോട്ടം, അതിസാന്ദ്രതാ കൃഷി എന്നിവ നടപ്പാക്കിവരുന്നു.

ഖാദി മേഖലയിൽ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുള്ള വർക്ക്ഷെഡ് പദ്ധതി, പദ്ധതി വിഹിതം ലഭ്യമാക്കി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പഴയവസ്തുപകരം പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ചർക്കകളിൽ നവീകരണവും നടത്തിവരുന്നു.

സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉൽപ്പാദന രീതികളുടെ നവീകരണവും ഉൽപ്പാദന വൈവിധ്യത്തിനുമായി ആധുനികവൽക്കരണവും മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനവും എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നു.

1) വർക്ക് ഷെഡ് നവീകരണം.

2) വ്യക്തിഗത വർക്ക് ഷെഡ് നവീകരണം.

3) ഡൈ ഹൗസ് റിപ്പയറിംഗ്.

4) ഒരു വീട്ടിൽ ഒരു തറി.

5) ടെക്നോളജി അപ്ഗ്രഡേഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി.

6) തറി/അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ ഭാഗിക അറ്റകുറ്റപ്പണികൾ.

കൈത്തറി മേഖലയിലെ അസംസ്കൃത വസ്തുക്കളായ നൂൽ, ചായം, രാസ വസ്തുക്കൾ എന്നിവ കൈത്തറി സംഘങ്ങൾക്ക് യാൺ ബാങ്കുകൾവഴി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ ഹാന്റ്ലൂം, ഹാന്റ്‌വീവ് എന്നിവർക്ക് സംസ്ഥാന സർക്കാർ റിബേറ്റ് (സ്കൂൾ യൂണിഫോം 30 ശതമാനം, മറ്റ് സീസണുകളിൽ 20 ശതമാനം നിരക്കിൽ) നൽകിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതുവഴി വിപണന സാധ്യത കൂട്ടുന്നതിനും തദ്വാരാ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം

ത്വരിതപ്പെടുത്തുന്നതിനും സാധിക്കുന്നു.

യുവവീവ് പദ്ധതി: തൊഴിൽരഹിതരായ പതിനെട്ടിനും നാൽപ്പതിനും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി മൂന്ന് മാസം സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകുകയും പരിശീലനം ലഭിച്ച യുവതീ-യുവാക്കൾക്ക് തറിയും അനുബന്ധ ഉപകരണങ്ങളും നൽകി നെയ്ത്തിന് പ്രാപ്തമാക്കുകയും ചെയ്യുന്നു. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുംവേണ്ടിയുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിപ്രകാരം അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും അധികവേതനം നൽകി ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതിമൂലം നെയ്ത്ത് തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽദിനങ്ങളും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 6200 നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് ഈ പദ്ധതിമൂലം ഒരു പുത്തൻ ഉണർവ്വ്

പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. വർഷം 250-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്. ഇതുവരെ 269.07 കോടി രൂപ നെറ്റ് കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

കയറുല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിൽ നടപ്പുസാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഉൽപ്പന്ന വൈവിധ്യവത്കരണത്തിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ. പരിസ്ഥിതി സൗഹൃദമായ കയർ ബാഗുകൾ രൂപകൽപ്പന ചെയ്ത് ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡുവഴി ഉല്പാദിപ്പിച്ച് വിപണനം ചെയ്തുവരുന്നുണ്ട്. ചകിരിച്ചോറ് കമ്പോസ്റ്റ്, ജലശുദ്ധീകരണ കാർട്രിഡ്ജുകൾ എന്നിവയുടെ രൂപകൽപ്പനയിൽ എൻ.സി.ആർ.എം.ഐ.- യുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. പരമ്പരാഗത കയർ മേഖലയിലെ വനിതകൾക്കായുള്ള ഇ-റാട്ട് പരിശീലനവും എൻ.സി.ആർ.എം.ഐ. നടത്തിവരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ

വ്യാപനത്തിലൂടെയും കയറിനും കയറുൽപ്പന്നങ്ങൾക്കും വിപണിസാധ്യത കണ്ടെത്തുന്നുണ്ട്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് നടപ്പുസാമ്പത്തിക വർഷം 12.50 കോടി രൂപ ഇൻകം സപ്പോർട്ട് പദ്ധതിയിൽ അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ആധുനിക സംവിധാനങ്ങൾ, പരിഷ്കാരങ്ങൾ, യന്ത്രവൽക്കരണം, വൈവിധ്യവൽക്കരണം എന്നിവ നടപ്പാക്കാൻ വകുപ്പ് ശ്രമിക്കുന്നുണ്ടോ; വിശദമാക്കാമോ?

കാഷ്യൂ കോർപ്പറേഷനിൽ പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. നിലവിലുള്ള പ്രോസസിംഗ് സംവിധാനത്തിന് സമാന്തരമായി കോർപ്പറേഷന്റെ തെരഞ്ഞെടുത്ത 5 ഫാക്ടറികളിൽ Fully Mechanised Processing ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സ്വകാര്യമേഖലയിലും പൊതുമേഖലയിലും ആധുനിക സംവിധാനങ്ങൾ, പരിഷ്കാരങ്ങൾ, യന്ത്രവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതികൾ നടപ്പാക്കാൻ 2022-23, 2023-24-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകൾക്ക് 2020 മുതൽ സ്ഥാപിച്ച അധിക

യന്ത്രസാമഗ്രികൾ, കെട്ടിടങ്ങളുടെ നവീകരണം എന്നിവയ്ക്ക് മൂലധന ഗ്രാന്റായി പരമാവധി 40 ലക്ഷം രൂപവരെ പൊതുവിഭാഗത്തിന് ധനസഹായം നൽകുന്നതിനും 50 ലക്ഷം രൂപവരെ എസ്.സി./എസ്.റ്റി. വനിതകൾക്കും 18-നും 45-നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കും അംഗപരിമിതരായ ഫാക്ടറി ഉടമകൾക്കും നൽകുന്നതിനും അതുവഴി ഉൽപ്പാദനക്ഷമതയും വിറ്റുവരവും ഗണ്യമായി മെച്ചപ്പെടുത്താനുമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

ഖാദി മേഖലയിൽ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഉൽപ്പാദന വർദ്ധനവിനും വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുന്നുണ്ട്. ഖാദി മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഐ.ഐ.റ്റി., ചെന്നൈ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചർക്കകളുടെ നവീകരണത്തിന് KSCMMC, ആലപ്പുഴയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിലുപകരണങ്ങളുടെ നവീകരണവും യന്ത്രവത്കരണവും സൗരോർജ്ജ ഉപയോഗവും സംബന്ധിച്ച വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബോർഡുതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഓൺലൈൻ പ്ലാറ്റ്ഫോമായ ആമസോൺ, ഫ്ലിപ്കാർട്ട് എന്നിവയിലൂടെ കരകൗശല മേഖലയിൽ വിപണി കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. ഓഫീസ് ഓട്ടോമേഷൻ നടപ്പിൽ വരുത്തുന്നതിനാൽ ഷോറൂമുകളിലെ ഉൽപ്പന്ന ലഭ്യത, വിപണനം എന്നിവ മനസ്സിലാക്കുന്നതിനും ആയതിന്റെ കുറവ് പരിഹരിച്ച് വിപണനം വർദ്ധിപ്പിക്കുന്നതിനായി ഒരു Management Information System (MIS) വികസിപ്പിച്ചുവരുന്നു.

കൈത്തറി മേഖലയുടെ ശാക്തീകരണത്തിനായി ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി എന്ന പേരിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നവീകരണത്തിനും ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ കീഴിൽ ആറ് ഘടകങ്ങളിലായി ഫണ്ട് അനുവദിച്ചുവരുന്നു. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ/ഭാഗിക അറ്റകുറ്റപ്പണികൾ, വ്യക്തിഗത വർക്ക്ഷെഡ് നവീകരണം, ഒരു വീട്ടിൽ ഒരു തറി, വർക്ക് ഷെഡ് നവീകരണം, ഡൈ ഹൗസ് നവീകരണം, സാങ്കേതികവിദ്യ ഉയർത്തലും പുതിയ സാങ്കേതികവിദ്യ കൈമാറലും എന്നിവയാണവ. കൈത്തറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചേന്ദമംഗലം കൈത്തറി

ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 19 കോടി രൂപ വകയിരുത്തിയിട്ടുള്ള പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 3,46,27,620/- രൂപ നോഡൽ ഏജൻസിയായ ഐ.ഐ.എച്ച്.റ്റി. (ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി)-ക്ക് അനുവദിച്ചിട്ടുണ്ട്.

യന്ത്രവത്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കയർ ഭൂവസ്ത്രം ഉൾപ്പെടെയുള്ള വിവിധങ്ങളായ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുതകുംവിധം ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. യന്ത്രവത്കരണം പ്രധാനമായും നടപ്പാക്കുന്നത് പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി (കെ.എസ്.സി.എം.എം.സി.) മുഖാന്തരമാണ്. കൂടാതെ കയർ സഹകരണ സംഘങ്ങൾ, കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പശ്ചാത്തല സൗകര്യ വികസനത്തിനുള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

149(6135) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ആർക്കെല്ലാമാണ് അർഹതയുള്ളത്; ഏതൊക്കെ ഇനം വ്യവസായങ്ങൾക്കാണ് അനുമതി നൽകാൻ സാധിക്കുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

കൂട്ടുടമസംരംഭകർ, കമ്പനികൾ, ചെറുകിട സംരംഭകരുടെ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ മുതലായവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിന് അപേക്ഷിക്കാൻ കഴിയുന്നതാണ്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം എസ്റ്റേറ്റ് ഡെവലപ്പറുടെ അധികാര പരിധിയിലുള്ളതാണ്. റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും ഉത്പാദന മേഖലയിൽപ്പെട്ടതുമായ യൂണിറ്റുകൾക്കാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റിൽ സ്ഥലം അനുവദിക്കുന്നത്. കൂടാതെ വെയർഹൗസുകൾ, മറ്റ് ലോജിസ്റ്റിക് സേവനങ്ങൾ, വാഹന സർവ്വീസ്, റിപ്പയർ ഡിപ്പോകൾ എന്നിവയ്ക്കും അനുമതി നൽകും. എന്നാൽ വാഹന ഷോറൂമുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാളുകൾ, ചെറുകിട ഉപഭോക്താക്കൾക്ക് സാധനങ്ങൾ

വിൽക്കുന്നതോ സേവനങ്ങൾ നൽകുന്നതോ ആയ ഔട്ട്‌ലെറ്റുകൾ തുടങ്ങിയവ അനുവദനീയമല്ല.

ഗ്രാമ-നഗര വ്യത്യാസമില്ലാതെ വ്യവസായ സംരംഭത്തിന് അനുയോജ്യമായ 10 ഏക്കറോ അതിലധികമോ വരുന്ന ഭൂമി കൈവശമുള്ള മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ് പോർട്ടൽവഴി അപേക്ഷ നൽകാവുന്നതാണ്.

(ബി) സ്വകാര്യ പാർക്കുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ധനസഹായം ഉൾപ്പെടെ സംസ്ഥാന സർക്കാർ നൽകുന്ന സൗകര്യങ്ങൾ വിശദമാക്കാമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, ഡ്രെയിനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ലബോറട്ടറി ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ എന്നീ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപവരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് തുക അനുവദിക്കുന്നത്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റായി അനുമതി ലഭിച്ച വ്യവസായ ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്മെന്റ് റൂൾ 2019-ന്റെ പരിധിയിൽവരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

(സി) സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഡെവലപ്പർ പെർമിറ്റ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഡെവലപ്പർ പെർമിറ്റ് അനുവദിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല.

(ഡി) ഇത്തരം ആവശ്യങ്ങൾക്ക് ഉപകാരപ്പെടുന്നവിധത്തിൽ ഒരു യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരണം പരിഗണനയിലില്ല. എന്നാൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് ലീസ്

പോളിസി രൂപീകരണം പരിഗണനയിലാണ്.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

150(6136) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ സംസ്ഥാനത്ത് എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ?

നിലവിൽ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കാണ് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു.

**Kannur**

M/s VMPS Food Park & Ventures

**Malappuram**

M/s Malabar Enterprises

**Kottayam**

1. M/s Indian Virgin Spices (P) Ltd.

2. M/s Jacob & Richard International (P) Limited.

3. M/s Sance Steriles (P) Limited.

**Palakkad**

M/s Kadambur Industrial Park (for constructing Standard Design Factory)

**Pathanamthitta**

1. M/s Delta Aggregates and Sand (P) Limited.

2. M/s Pathanamthitta Industrial Promotion (P) Limited.

(ബി) ഇതിൽ പ്രവർത്തനം ആരംഭിച്ചത് ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള ഡെവലപ്പർ പെർമിറ്റ് അനുവദിച്ചതേയുള്ളൂ. അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചതിനുശേഷമേ എസ്റ്റേറ്റുകളായി പ്രവർത്തനം തുടങ്ങുകയുള്ളൂ.

**ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക്**

**151**(6137) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള അധികഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കുന്നതിന്

നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് ഉത്പാദന വിപണന പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന കോമൺ ഫെസിലിറ്റി സെന്ററുകൾ ഉൾപ്പെടെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിനുശേഷമുള്ള അധിക ഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പുസാമ്പത്തികവർഷം സംരംഭക വർഷമായി ആചരിക്കുന്നതിനോടൊപ്പം സംരംഭകർക്കാവശ്യമായ വിവിധ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

2022-23 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 96 സെന്റ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ പദ്ധതിക്ക്

സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ ലഭ്യമായിട്ടുള്ള 96 സെന്റ് സ്ഥലത്ത് കിൻഫ്രയുടെ സഹായത്തോടുകൂടി ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി നീക്കിവച്ചിട്ടുള്ള ഭൂമിയിൽ 86080 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) നിർമ്മിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) തൃശ്ശൂർ ജില്ലയിലെ അളഗപ്പ ടെക്സ്റ്റൈൽസ് കമ്പനി വക സ്ഥലം, കൊരട്ടി ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ് വക സ്ഥലം, കൊരട്ടി വൈഗ ത്രഡ്സ് കമ്പനിക്കായി റവന്യൂ വകുപ്പ് കൈമാറിയിരുന്ന സ്ഥലം തുടങ്ങി വിവിധ സ്ഥലങ്ങൾ സംസ്ഥാന ഗവൺമെന്റിന് ലഭ്യമാക്കുന്നതിനും വ്യത്യസ്ത സ്ഥലങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ വ്യവസായ സ്ഥാപനങ്ങളും വാണിജ്യ സ്ഥാപനങ്ങളും ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ദേശസാത്കരണത്തിനുശേഷം അളഗപ്പ ടെക്സ്റ്റൈൽസ് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന

സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനുള്ള സന്നദ്ധത കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2013-ൽ പ്രവർത്തനം നിലച്ച കൊരട്ടി വൈഗ ത്രെഡ്സിന്റെ ഓഫീസുകൾ ഒന്നുംതന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയുടെ 05-03-2015-ലെ കമ്പനി പെറ്റീഷൻ നമ്പർ 90/2008 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'വൈഗ ത്രെഡ്സ് പ്രോസസ്സേഴ്സ് (പ്രൈ.) ലിമിറ്റഡ്' എന്ന സ്ഥാപനത്തിന്റെ Assets & Effects, ഒഫിഷ്യൽ ലിക്വിഡേറ്റർ ഓഫ് കർണ്ണാടകയുടെ സംരക്ഷണയിലാണ്. സ്ഥാപനവുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് സ്ഥലം സംസ്ഥാന ഗവൺമെന്റിന് ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയൂ.

## വ്യവസായ വകുപ്പിന്റെ കീഴിൽ തിരൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ

**152**(6138) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ തിരൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട്

തിരൂർ നിയോജകമണ്ഡലത്തിൽ 770 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 55.16 കോടി രൂപയുടെ നിക്ഷേപവും 1850 തൊഴിലവസരങ്ങളുമുണ്ടായി. കൂടാതെ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭക സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള പി.എം.എഫ്.എം.ഇ. പദ്ധതി, മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് എന്നീ പദ്ധതികൾ വഴി 27 സംരംഭകർക്കായി 52.16 ലക്ഷം രൂപ സബ്സിഡിയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ പദ്ധതികളിലായി 7.25 ലക്ഷം രൂപ സബ്സിഡിയും നൽകിയിട്ടുണ്ട്. വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകിവരുന്നുണ്ട്. ഇതിനായുള്ള കൈത്താങ്ങ് സഹായങ്ങൾ നൽകുന്നതിനായി വ്യവസായ വികസന ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്. കൂടാതെ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ മേൽനോട്ടത്തിൽ വ്യവസായ വകുപ്പിന്റെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും സംരംഭകത്വവികസന

പരിപാടികൾ നടന്നുവരുന്നു. സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും റിസോഴ്സ് പേഴ്സൺസിനെ നിയമിക്കുകയും താലൂക്കുകൾ ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) തിരൂരിലെ പ്രസിദ്ധമായ തിരൂർ വെറ്റില, താമര എന്നീ കാർഷിക വിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ വിപണനത്തിനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി സാമ്പത്തിക സഹായ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തിരൂർ വെറ്റില ഭൗമസൂചിക (GI) പദവി ലഭിച്ചിട്ടുള്ള ഉത്പന്നമാണ്. ഇത്തരം ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് https://www.gikerala.in എന്ന പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഭൗമസൂചിക പദവി ലഭിച്ചിട്ടുള്ള ഉല്പന്നങ്ങൾക്കായി 2023 ജനുവരി 11-ന് ജി.ഐ. കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത കോൺക്ലേവിൽ തിരൂർ വെറ്റില ഉത്പാദകർ പങ്കെടുക്കുകയും വെറ്റിലയും ഉത്പന്നങ്ങളും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് വിവിധ പ്രദർശന-വിപണന മേളകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. തിരൂർ വെറ്റില, താമര

മുതലായവ ഉൽപ്പാദിപ്പിക്കുന്നവർക്ക് ഈ മേളകൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഇതുകൂടാതെ ദേശീയ-അന്തർദ്ദേശീയ പ്രദർശന-വിപണന മേളകളിൽ പങ്കെടുക്കുന്നതിന് നൽകുന്ന സഹായവും പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകർക്ക് ലഭ്യമാണ്.

## മലപ്പുറം ജില്ലയിൽ മീറ്റ് ദ മിനിസ്റ്റർ പ്രോഗ്രാം പരിപാടി

153(6139) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനും സംരംഭകരുടെ പരാതികൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി മലപ്പുറം ജില്ലയിൽ മീറ്റ് ദി മിനിസ്റ്റർ എന്ന പരിപാടിയിലൂടെ എന്തൊക്കെ പ്രയോജനങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കുമോ?

14-09-2021-ൽ മലപ്പുറം ജില്ലയിൽ നടത്തിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ 105 അപേക്ഷകൾ ലഭിച്ചു. അവയിൽ 48 അപേക്ഷകൾ ഇതിനോടകം തീർപ്പാക്കി. 30 അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുതലത്തിൽ സ്വീകരിച്ചുവരുന്നു. 21 അപേക്ഷകളിന്മേൽ മലപ്പുറം ജില്ലാ വ്യവസായ

കേന്ദ്രത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. 6 അപേക്ഷകൾ മറ്റ് വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ഈ പരിപാടിയിലൂടെ വർഷങ്ങളായി തീർപ്പാകാതെ കിടന്ന ഒട്ടേറെ വിഷയങ്ങൾ തീർപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് കേൾക്കുന്നതിനും പരിഹാരമാർഗ്ഗം തേടുന്നതിനും സഹായകമായി. കൂടാതെ മറ്റ് വകുപ്പുകളുടെ ഒരു ഏകോപനവും ടി പരിപാടിയിലൂടെ സാധ്യമായി.

(ബി) മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിലൂടെ മലപ്പുറം ജില്ലയിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിലൂടെ സംസ്ഥാനത്ത് 29 സംരംഭങ്ങളിലൂടെ ഏകദേശം 11000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികളുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ ഒരു പദ്ധതിയുടെ ഭാഗം മലപ്പുറം ജില്ലയിലും ഉൾപ്പെടുന്നതാണ്.

**കഞ്ചിക്കോട് വ്യവസായ മേഖലയുടെ നവീകരണം**

**154**(6140) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന വ്യവസായ മേഖലയായ കഞ്ചിക്കോട് വ്യവസായ മേഖലയുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ

വികസനത്തിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്‌മെന്റ് ഏരിയയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഇന്റേണൽ റോഡ്, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണം/പുതുക്കി പണിയൽ എന്നിവയുമായി ബന്ധപ്പെട്ട് 6.8 കോടി രൂപ, KSEBL സബ്‌സ്റ്റേഷനുവേണ്ടി 7 കോടി രൂപ, UG Cable Connection-നുവേണ്ടി 4.9 കോടി രൂപ എന്നിവയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും പരിശോധിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

**സംസ്ഥാനത്തെ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

**155**(6141) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സംരംഭകരുടെ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് (2000-ലെ നിയമം 5)-ന്റെ ഭേദഗതിവഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് Grievance Redressal System. ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്കും 10 കോടി രൂപയ്ക്കുമുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ട് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി പരാതിപരിഹാര കമ്മിറ്റിയുടെ

ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത അപേക്ഷകൾ/പരാതികൾ പരാതിപരിഹാര കമ്മിറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ നിയമത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള സംഗതികളെ സംബന്ധിച്ച് ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്കുണ്ട്. മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന് ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവ്വീസ് ചട്ടങ്ങൾക്കുകീഴിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ വ്യവസായ വകുപ്പുമന്ത്രി ജില്ലകൾതോറും സംരംഭകരുടെ പരാതി നേരിട്ട് കേൾക്കുന്നതിനായി മീറ്റ് ദി മിനിസ്റ്റർ പരിപാടി സംഘടിപ്പിച്ചുവരുന്നുണ്ട്. നിലവിൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും

പരിപാടി സംഘടിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അധികൃതരെ അറിയിക്കാനുള്ള സംവിധാനമായ ചാറ്റ് വിത്ത് മിനിസ്റ്റർ ആരംഭിച്ചിട്ടുണ്ട്. സംരംഭകർക്ക് അവരുടെ പരാതികൾ/അന്വേഷണങ്ങൾ **9846441445** എന്ന വാട്സാപ്പ് കോൺടാക്റ്റ് നമ്പരിലേയ്ക്ക് സന്ദേശമായി അയയ്ക്കാവുന്നതാണ്. തുടർന്ന് ജില്ലാതല റിസോഴ്സ് പേഴ്സൺമാരും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന സംവിധാനത്തിലൂടെ പരമാവധി 7 ദിവസത്തെ സമയപരിധിക്കുള്ളിൽ ഇത് പരിഹരിക്കുകയും ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്.

(ബി) സംരംഭകരുടെ പരാതികൾ അറിയിക്കുന്നതിന് പ്രത്യേക പോർട്ടൽ സംവിധാനം സർക്കാർ ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ജില്ല/സംസ്ഥാനതല പരാതിപരിഹാര കമ്മിറ്റികൾ കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. (http://grievanceredressal.industry.kerala.gov.in). ഇതിലൂടെ സംരംഭകർക്ക് തങ്ങളുടെ സ്ഥാപനത്തിനുവേണ്ട അനുമതികൾ, ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ലഭ്യമാകുന്നതുമായി

ബന്ധപ്പെട്ട പരാതികൾ ഉന്നയിക്കാനും സമയബന്ധിതമായി പരിഹാരം കാണാനും സാധിക്കും.

(സി) വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

സ്വീകരിക്കുന്നുണ്ട്. നിലവിൽ ഐ.ടി.-വകുപ്പിനുകീഴിലുള്ള കണ്ണൂർ ജില്ലയിലെ എരമം സൈബർ പാർക്കിന്റെ സ്ഥലം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കൈമാറി ലഭിക്കുന്നതിനായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൈലറ്റ് പദ്ധതിയെന്ന നിലയിൽ കൊല്ലം ജില്ലയിലെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ കൈവശമുള്ളതിൽ മിച്ചമുള്ള ഭൂമിയിലെ 96 സെന്റ് സ്ഥലത്ത് 60,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി കെട്ടിട സമുച്ചയം സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, ജലവിതരണം, അഗ്നിസുരക്ഷാ സംവിധാനം, ലിഫ്റ്റ് ഉൾപ്പെടെ എല്ലാവിധ സംവിധാനങ്ങളും

ഈ കെട്ടിട സമുച്ചയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിവഴി ചെറുകിട-ഇടത്തരം മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ഏകദേശം 35 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 400-ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കാനാകുമെന്നും കരുതുന്നു.

## സംസ്ഥാനത്ത് പുതിയ വ്യവസായ നയം

**156**(6142) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉന്നതതലത്തിലുള്ള കൂടിയാലോചനകൾക്കും ചർച്ചകൾക്കുംശേഷം സംസ്ഥാന വ്യവസായ നയം 2023-ന്റെ കരട് അംഗീകരിക്കുന്നതിനുള്ള സർക്കാരിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുകയെന്നത് വ്യവസായ നയത്തിൽ ലക്ഷ്യംവയ്ക്കുന്നു. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാ ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവവഴി

സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതും നവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭക സംസ്കാരം വളർത്തുന്നതിനും സംരംഭകർക്കനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടതും അനിവാര്യമാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യ വികസനം, ഹൈടെക്ക് സങ്കേതികവിദ്യയിലേയ്ക്കുള്ള മാറ്റം, നൈപുണ്യ വികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, കേരളം എന്ന ബ്രാൻഡ് വളർത്തുക, മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം എന്നീ സുപ്രധാന നയസ്തംഭങ്ങളിലൂന്നിയ വ്യവസായ വളർച്ചയാണ് കരട് വ്യവസായ നയം വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഫലപ്രാപ്തിക്കായി വ്യവസായ വകുപ്പിന്റെയും സർക്കാരിന്റെ മറ്റ് വകുപ്പുകളുടെയും ഏജൻസികളുടെയും സംയുക്തമായ പ്രവർത്തനം സാധ്യമാക്കുന്ന രീതിയിലാണ് വ്യവസായ നയം രൂപീകരിച്ചിട്ടുള്ളത്.

(ബി) പുതിയ വ്യവസായ നയം രൂപീകരിക്കുന്നുണ്ടെങ്കിൽ ഏതെല്ലാം മേഖലകൾക്ക് മുൻതൂക്കം കൊടുക്കുമെന്ന് വിശദമാക്കാമോ?

എയ്റോ സ്പേസ് ആൻഡ് ഡിഫൻസ്, നിർമ്മിത ബുദ്ധി,

റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതികവിദ്യകൾ, ആയുർവ്വേദം, ബയോടെക്നോളജി ആൻഡ് ലൈഫ് സയൻസസ്, രൂപകൽപ്പന; ഇലക്ട്രിക്ക് വാഹനങ്ങൾ; ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉത്പാദനവും, എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും; ഭക്ഷ്യ സാങ്കേതികവിദ്യകൾ; ഗ്രാഫീൻ; ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങൾ; ഹൈടെക് ഫാമിംഗും മൂല്യവർദ്ധിത തോട്ടവിളയും, ലോജിസ്റ്റിക്സ് ആൻഡ് പാക്കേജിംഗ്; മാരിടൈം മേഖല; മെഡിക്കൽ ഉപകരണങ്ങൾ; നാനോടെക്നോളജി; ഫാർമസ്യൂട്ടിക്കൽസ്; റീസൈക്ലിംഗും മാലിന്യ സംസ്കരണവും; പുനരുപയോഗ ഊർജ്ജം; ചില്ലറ വ്യാപാര മേഖല; വിനോദസഞ്ചാരവും ആതിഥേയത്വവും; 3D പ്രിന്റിംഗ് എന്നീ ഇരുപത്തിരണ്ട് മേഖലകളാണ് പുതിയ വ്യവസായ നയത്തിൽ മുൻഗണനാ മേഖലകളായി കണക്കാക്കുന്നത്.

(സി) പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലകളായ ആയുർവ്വേദം, ഭക്ഷ്യസംസ്കരണം, റബ്ബർ, കപ്പൽ നിർമ്മാണം എന്നിവയ്ക്ക് കരട് വ്യവസായ നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഇതുകൂടാതെ കരകൗശല മേഖലയുടെ

വളർച്ചയ്ക്കായി നൂതന ഡിസൈൻ മാതൃകകൾ പ്രയോജനപ്പെടുത്തുന്നതും നയത്തിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നയത്തിന്റെ ഭാഗമായുള്ള നൈപുണ്യ വികസന പരിപാടികൾ, ഇ-കോമേഴ്സ് സംവിധാനങ്ങൾ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതികൾ, ലോജിസ്റ്റിക്സ് മേഖലയിലെ വികസനങ്ങൾ, കേരള ബ്രാൻഡ് നിർമ്മാണം എന്നിങ്ങനെ പരമ്പരാഗത മേഖലകൾ ഉൾപ്പെടെയുള്ള എല്ലാ വ്യവസായ മേഖലകളിലുമുള്ളവർക്കും പ്രയോജനപ്രദമാകുന്ന രീതിയിലാണ് നയം വിഭാവനം ചെയ്തിട്ടുള്ളത്.

**സംരംഭക മഹാസമ്മേളനം**

**157**(6143) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളത്ത് സംരംഭക മഹാസമ്മേളനത്തിന് എത്ര പുതിയ സംരംഭകരാണ് പങ്കെടുത്തത് എന്നതിന്റെ എണ്ണം വ്യക്തമാക്കാമോ?

എറണാകുളത്ത് നടന്ന സംരംഭക മഹാസംഗമം പരിപാടിയിൽ സംസ്ഥാനത്തുടനീളമുള്ള വിവിധ സംരംഭക മേഖലകളിൽ നിന്നായി ഏകദേശം 10,000 സംരംഭകർ പങ്കെടുത്തതായി കണക്കാക്കുന്നു.

**സംരംഭക മഹാസംഗമം**

**158**(6144) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പ് എറണാകുളത്ത് സംഘടിപ്പിച്ച സംരംഭക മഹാസംഗമം പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം സ്ഥാപിച്ച പരസ്യ ബോർഡുകൾ, സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി നൽകിയ പരസ്യം, ഓരോ ജില്ലയിൽനിന്നും സംരംഭകരെ എത്തിച്ചതിന്റെ വാഹനം, ഭക്ഷണം, താമസം എന്നീ ഇനങ്ങളിൽ എത്ര രൂപ ചെലവഴിച്ചുവെന്നതിന്റെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ?

സംരംഭക മഹാസംഗമം പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം സ്ഥാപിച്ച പരസ്യ ബോർഡുകൾക്കായി ₹27,48,848/- + GST ചെലവായി.

സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി പരസ്യങ്ങൾ നൽകിയതിന് ₹5,49,800/-+ GST ചെലവായി.

ജില്ലകളിൽനിന്നും സംരംഭകരെ എത്തിച്ച വാഹനത്തിനും മറ്റു ചെലവുകൾക്കുമായി 14 ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് ₹45,00,000/- രൂപ നൽകിയിട്ടുണ്ട്. മഹാസംഗമത്തിൽ പങ്കെടുത്ത സംരംഭകർക്ക് ഭക്ഷണത്തിനായി ₹17,73,000/- + GST ചെലവായിട്ടുണ്ട്.

**സംരംഭക മഹാസമ്മേളനത്തിന് ചെലവഴിച്ച തുക**

**159**(6145) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭകരെ മഹാസമ്മേളനത്തിന് എത്തിക്കുന്നതിനായി സംസ്ഥാനത്തെ സംരംഭകർക്ക് വാഹനം, ഫുഡ് എന്നിവ നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് 5 ലക്ഷം രൂപ വീതവും താലൂക്ക് വ്യവസായ ഓഫീസുകൾക്ക് 1 ലക്ഷം രൂപ വീതവും നൽകിയിരുന്നോ; പ്രസ്തുത തുക മുഴുവനും ബന്ധപ്പെട്ടവർ ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നൽകിയിരുന്നില്ല. സംരംഭക മഹാസമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ജില്ലകളിൽനിന്നും സംരംഭകരെ എത്തിച്ച വാഹനത്തിനും മറ്റു ചെലവുകൾക്കുമായി 14 ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് 45,00,000/- രൂപ നൽകിയിട്ടുണ്ട്. മഹാസംഗമത്തിൽ പങ്കെടുത്ത സംരംഭകർക്ക് ഭക്ഷണത്തിനായി 17,73,000/- + GST ചെലവായിട്ടുണ്ട്.

**പരിസ്ഥിതി സൗഹൃദ പാക്കിംഗ് ഉൽപ്പന്നങ്ങൾ**

**160**(6146) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കാർഷിക മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളുടെ പാക്കിംഗിന് പരിസ്ഥിതി സൗഹൃദ പാക്കിംഗ് ഉൽപ്പന്നങ്ങൾ നിർമ്മിച്ചുനൽകുന്നതിന് ഏതെങ്കിലും ഏജൻസികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പരിസ്ഥിതി സൗഹൃദ പാക്കിംഗ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനമൊരുക്കാമോ; വിശദാംശങ്ങൾ നൽകുമോ?

പേപ്പർ, ചണം, പാള, മറ്റ് പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കൾക്ക് പ്രകൃതിദത്തമായ പാക്കിംഗ് നിർമ്മിക്കുന്ന നിരവധി യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ Indian Institute of Packaging ചെന്നൈ, CIPET എറണാകുളം, CTCRI തിരുവനന്തപുരം, CPCRI കാസർഗോഡ് മുതലായ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രകൃതി സൗഹൃദ പാക്കിംഗ് ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണം നടന്നുവരുന്നുണ്ട്. ഇത്തരം സാങ്കേതിക വിദ്യ സംരംഭകർക്ക് ലഭ്യമാക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ ഇത്തരം സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വ്യവസായ വകുപ്പ് നടത്തിവരുന്നുണ്ട്. പേപ്പർ മുതലായ ഉത്പന്നങ്ങൾകൊണ്ടുള്ള പാക്കിംഗ് യന്ത്രങ്ങൾ മെഷിനറി എക്സ്പോ പോലെയുള്ള യന്ത്രപ്രദർശനങ്ങൾ വഴിയും വ്യവസായികൾക്ക് പരിചയപ്പെടുത്തുന്നുണ്ട്. ഇത്തരം സംരംഭങ്ങൾ

ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭകർക്കാവശ്യമായ ഹാൻഡ് ഹോൾഡിംഗ് സഹായം വ്യവസായ വകുപ്പ് നൽകിവരുന്നുണ്ട്.

## കേരള റബ്ബർ ലിമിറ്റഡ്

**161**(6147) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രകൃതിദത്ത റബ്ബർ മേഖലയിൽ സിയാൽ മോഡലിനെ അടിസ്ഥാനമാക്കി ആരംഭിക്കാൻ തീരുമാനിച്ച കേരള റബ്ബർ ലിമിറ്റഡിന്റെ പ്രാരംഭനടപടികൾ വിശദമാക്കാമോ?

കോട്ടയം ജില്ലയിലെ വൈക്കം, കടുത്തുരുത്തി നിയോജകമണ്ഡലങ്ങളിൽപ്പെടുന്ന വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഉൾപ്പെടുത്തി കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി സ്ഥാപിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

രണ്ട് ഘട്ടങ്ങളായി പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായ കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ ഇന്റീരിയർ റോഡുകളുടെ നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെയും മറ്റ് സഹായ കെട്ടിടങ്ങളുടെയും

നിർമ്മാണം, CETP, വെയർഹൗസ്, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം, R&D സെന്റർ, ടെസ്റ്റിംഗ് സെന്റർ, ബിസിനസ്സ് ഇൻകുബേഷൻ സെന്റർ എന്നിവയുടെ നിർമ്മാണം, യൂട്ടിലിറ്റിയുടെയും മറ്റ് ഉപകരണങ്ങളുടെയും ഇൻസ്റ്റലേഷൻ എന്നിവയുടെ ടെണ്ടർ നടപടികൾ എന്നിവ നടന്നുവരുന്നു.

(ബി) റബ്ബർ അധിഷ്ഠിത വ്യവസായത്തിനും അനുബന്ധ വ്യവസായങ്ങൾക്കുമായി ഒരു സംയോജിത വ്യവസായ സമുച്ചയം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വെളിവാക്കാമോ?

ഉണ്ട്. പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംയോജിത സൗകര്യം സജ്ജീകരിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരള റബ്ബർ ലിമിറ്റഡ് (KRL) സ്ഥാപിക്കുന്നതിന് 02-02-2019-ന് കേരള സർക്കാർ അനുമതി നൽകി. സ്വാഭാവിക റബ്ബർ (NR) കേരളത്തിൽ ഉൽപ്പാദിപ്പിക്കുകയും അതുവഴി റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുകയും ആഭ്യന്തര റബ്ബർ വിപണി ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതാണ് കെ.ആർ.എൽ.-ന്റെ പ്രഥമലക്ഷ്യം.

നിക്ഷേപകരിൽ/വ്യവസായികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിനായി സർക്കാർ

നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമായി ഒന്നാംഘട്ടത്തിൽ വികസിപ്പിക്കുന്ന ഏകദേശം 40 ഏക്കർ ഭൂമി 2023 മേയ്/ജൂൺ മുതൽ വിതരണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പ്രോജക്റ്റുവഴി സ്വാഭാവിക റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും അതിലൂടെ കേരളത്തിലെ റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിന് സഹായകമാകുമെന്നും പ്രത്യക്ഷമായി 3000 പേർക്കും പരോക്ഷമായി 5000 പേർക്കും തൊഴിൽ ലഭ്യമാക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതി**

**162**(6148) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിപ്രകാരം ആരംഭിച്ച പുതിയ സംരംഭങ്ങളുടെ കണക്കുകൾ ജില്ല, താലൂക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

2022-23 വർഷം ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിപ്രകാരം 15-03-2023 വരെ ആരംഭിച്ച പുതിയ സംരംഭങ്ങളുടെ കണക്കുകൾ ജില്ല, താലൂക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് ഇതോടൊപ്പം

അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത വിവരം ആവശ്യപ്പെട്ട് ലഭിച്ച വിവരാവകാശ നിയമ പ്രകാരമുള്ള എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; ഇപ്രകാരം ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകൾ നിരസിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

പ്രസ്തുത വിവരം ആവശ്യപ്പെട്ട് ലഭിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളൊന്നും നിരസിച്ചിട്ടില്ല. ജില്ലാടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ലഭിച്ച അപേക്ഷകൾ | നിരസിച്ച അപേക്ഷകൾ |
|---|---|---|---|
| 1 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് | 18 | 0 |
| 2 | തിരുവനന്തപുരം | 1 | 0 |
| 3 | കൊല്ലം | 2 | 0 |
| 4 | പത്തനംതിട്ട | 0 | 0 |
| 5 | ആലപ്പുഴ | 1 | 0 |
| 6 | കോട്ടയം | 2 | 0 |
| 7 | ഇടുക്കി | 0 | 0 |
| 8 | എറണാകുളം | 5 | 0 |
| 9 | തൃശ്ശൂർ | 2 | 0 |
| 10 | പാലക്കാട് | 0 | 0 |
| 11 | മലപ്പുറം | 1 | 0 |
| 12 | കോഴിക്കോട് | 1 | 0 |

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| | | | |
|---|---|---|---|
| 13 | വയനാട് | 0 | 0 |
| 14 | കണ്ണൂർ | 1 | 0 |
| 15 | കാസർഗോഡ് | 1 | 0 |

(സി) വർഷങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പുതിയ സംരംഭമാക്കി മാറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് മുപ്പത്തിയൊന്നുവരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത ലിസ്റ്റിൽ റീ-രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം സ്വീകരിച്ചുവരുന്നു.

**തിരൂർ മണ്ഡലത്തിലെ സംരംഭക സാധ്യതയുള്ള ഉൽപ്പന്നങ്ങൾ**

**163**(6149) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപ്പന്നങ്ങളുടെ വിവരം ലഭ്യമാക്കുമോ?

തിരൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപ്പന്നങ്ങളുടെ വിവരം താഴെ പറയുന്നു.

1. ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ (നാളികേര ഉത്പന്നങ്ങൾ, അരി ഉത്പന്നങ്ങൾ, വാഴപ്പഴം ഉത്പന്നങ്ങൾ)

2. ടെയ്‌ലറിംഗ് ആൻഡ് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

3. വുഡൻ ഫർണിച്ചർ

4. ജനറൽ എഞ്ചിനീയറിംഗ്

5. മെറ്റൽ ഫർണിച്ചർ

6. സിമന്റ് ഉത്പന്നങ്ങൾ

7. ഓട്ടോ മൊബൈൽ സർവ്വീസിംഗ്

8. ആരോഗ്യ സേവനങ്ങൾ

(ബി) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം എന്ന ആശയം നടപ്പാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപ്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച് താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product - OLOP) എന്ന ആശയം നടപ്പാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 447 തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തെരഞ്ഞെടുത്തുകഴിഞ്ഞു.

ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി വ്യവസായ വകുപ്പുവഴി നടപ്പാക്കുന്ന

പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

**1. സംരംഭക സഹായ പദ്ധതി**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതിപ്രകാരം ഉൽപ്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനം മുതൽ 45 ശതമാനംവരെ പരമാവധി 40 ലക്ഷം രൂപ ധനസഹായം നൽകുന്നു. പദ്ധതിപ്രകാരം സംരംഭം ഉത്പാദനം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി**

10 ലക്ഷം രൂപവരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി.-വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട, വീട്ടിലുള്ളതോ വീടിനോടുചേർന്നോ നടത്തുന്ന ഉല്പാദക, സേവന, ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ

സ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6 ശതമാനം മുതൽ 8 ശതമാനംവരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗവിഭാഗങ്ങൾക്ക് ഇത് 8 ശതമാനംവരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

**3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നൽകിക്കൊണ്ട് അർഹരായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ പുതുതായി ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകും. ഈ പദ്ധതിയുടെ 30 ശതമാനം ഗുണഭോക്താക്കളും സ്ത്രീ

സംരംഭകരായിരിക്കും.

ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

**4. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**

ഉൽപ്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതിവഴി വിഭാവനം ചെയ്യുന്നത്. 01-04-2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനംവരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. പദ്ധതിപ്രകാരം സ്ഥിരമൂലധന വായ്പയ്ക്കും പ്രവർത്തനമൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പ്രകാരം ആനുകൂല്യം ലഭിച്ചതോ/അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും 10 ലക്ഷം രൂപവരെയുള്ള വർക്കിംഗ് ക്യാപ്പിറ്റൽ

ലോണിനും ഈ പദ്ധതിപ്രകാരമുള്ള പലിശയിളവിന് അർഹതയുണ്ട്.

**5. മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് 'മാനുഫാക്ച്ചറിംഗ് സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം യോഗ്യമായ പദ്ധതിച്ചെലവിന്റെ (Project Cost) 75 ശതമാനം ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. മൂന്നുഘട്ടങ്ങളായാണ് ആനുകൂല്യം നൽകുന്നത്.

**6. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്. പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവന മേഖലയിലുള്ള

സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്. 01-01-2021 മുതൽ വിപുലീകരണപ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നത്.

സ്ഥിര മൂലധന നിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. ഈ പദ്ധതിപ്രകാരം ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30 ശതമാനം (പരമാവധി 100 ലക്ഷം) രൂപയാണ് Capital Investment Subsidy-ക്ക് അർഹതയുള്ളത്.

ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽനിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം പ്രവർത്തനമൂലധന സഹായം ലഭിക്കുന്നത്. ബാങ്കിൽനിന്നും പ്രവർത്തന മൂലധന വായ്പയെടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ മൂന്ന് വർഷം 8 ശതമാനം പലിശയിളവ് നൽകുന്നു. ഇത് റീ-ഇംബേഴ്സ്മെന്റായാണ് നൽകുന്നത്.

## 7. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

തൊഴിലും ഉത്പാദനവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ

വരെയും സേവന മേഖലയിൽ 20 ലക്ഷം രൂപവരെയും പരമാവധി പദ്ധതിച്ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാബന്ധിതമായി ആരംഭിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പാക്കുന്നു.

| **ഗുണഭോക്താവിന്റെ വിഹിതം** | **സ്വന്തം മുതൽ മുടക്ക്** | **ബാങ്ക് വായ്പ** | **സബ്സിഡി നിരക്ക്** | |
|---|---|---|---|---|
| | | | **നഗരം** | **ഗ്രാമം** |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനാവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒ.ബി.സി., ന്യൂനപക്ഷവിഭാഗം, വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

## 8. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പദ്ധതി, ഒരു ജില്ല ഒരു ഉൽപ്പന്നം എന്ന സമീപനമാണ് സ്വീകരിക്കുന്നത് (ODOP). സ്ഥിരമൂലധന നിക്ഷേപത്തിന്റെ 35 ശതമാനം

പരമാവധി 10 ലക്ഷം രൂപവരെ ധനസഹായം നൽകുന്ന വായ്പാബന്ധിത പദ്ധതിയാണിത്.

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

**164**(6150) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു കുടുംബം ഒരു സംരംഭം പദ്ധതിപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ സഹായം അനുവദിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഒരു കുടുംബം ഒരു സംരംഭം പദ്ധതിപ്രകാരം 2022-23-ൽ 484 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 62 അപേക്ഷകൾക്ക് അംഗീകാരം നൽകി. സംരംഭങ്ങൾ തുടങ്ങാനെടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് ബാങ്ക് ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷംവരെ പലിശയുടെ 4 ശതമാനത്തിൽ അധികരിച്ചുള്ള പലിശയിൽ 6 ശതമാനംവരെ സബ്സിഡിയായി തിരികെ നൽകുന്നതാണ്. 6 മാസം/12 മാസം കാലയളവിലെ തിരിച്ചടവിനാണ് ഓരോ തവണയും അപേക്ഷിക്കാൻ കഴിയുക. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| Sl. No. | District | No. of Applications Received | Sanctioned |
|---|---|---|---|
| 1 | Thiruvananthapuram | 12 | 1 |
| 2 | Kollam | 37 | 0 |
| 3 | Pathanamthitta | 25 | 2 |
| 4 | Alappuzha | 47 | 0 |
| 5 | Kottayam | 32 | 15 |
| 6 | Idukki | 15 | 2 |
| 7 | Ernakulam | 71 | 0 |
| 8 | Thrissur | 9 | 0 |
| 9 | Palakkad | 51 | 16 |
| 10 | Malappuram | 58 | 22 |
| 11 | Kozhikode | 36 | 0 |
| 12 | Wayanad | 48 | 4 |
| 13 | Kannur | 16 | 0 |
| 14 | Kasaragod | 27 | 0 |
| Total | | 484 | 62 |

## ജില്ലാ വ്യവസായ മേളകളുടെ നടത്തിപ്പ്

**165** (6151) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി 1 മുതൽ 2023 ജനുവരി 31 വരെ ജില്ലാതലത്തിൽ എത്ര വ്യവസായ മേളകൾ നടത്തിയിട്ടുണ്ടെന്നുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

| ക്രമ നമ്പർ | ജില്ല | വ്യവസായ മേളകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 2 |
| 8 | തൃശ്ശൂർ | 5 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 2 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 2 |

(ബി) ജില്ലാ തലത്തിൽ വ്യവസായ മേളകൾ നടത്താനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏജൻസികൾ ജില്ലാതലത്തിൽ വ്യവസായ മേളകൾ നടത്താൻ നാളിതുവരെ എത്ര തുക അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത ഏജൻസികൾ കൈപ്പറ്റിയ അഡ്വാൻസ് തുകയിൽ ഇതുവരെ ക്രമീകരിച്ചിട്ടില്ലാത്ത തുക എത്രയാണെന്നും അത്

എന്തുകൊണ്ടാണെന്നും വിശദമാക്കാമോ;

(ഇ) അഡ്വാൻസ് തുകകൾ ക്രമപ്പെടുത്താത്ത ഏജൻസികൾക്ക് വീണ്ടും മറ്റ് പ്രോജക്ടുകൾക്കായി അഡ്വാൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ബി-ഇ) ജില്ലാതല വ്യവസായ മേളകൾ അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് നടത്തിയിട്ടുള്ളത്. ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ

**166**(6152) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവയും ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ രണ്ട് ഖാദി ഉത്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. വട്ടിയൂർക്കാവ് നൂൽനൂൽപ്പ് കേന്ദ്രം,
   മേലത്തുമേലെ, വട്ടിയൂർക്കാവ്.

   ഇ-മെയിൽ potvm@kkvib.org

   ശ്രീമതി എൻ. എൻ. ഗീതാദേവി -ഇൻസ്ട്രക്ടർ (7560884995)

2. കുലശേഖരം നൂൽ നൂൽപ്പ് കേന്ദ്രം
   കൊടുങ്ങാന്നൂർ പി.ഒ., കുലശേഖരം, തിരുവനന്തപുരം.

   ഇ-മെയിൽ potvm@kkvib.org

   ശ്രീമതി വൽസല - ഇൻസ്ട്രക്ടർ (9495301271)

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നൂൽ നൂൽപ്പ് കേന്ദ്രത്തിൽ സ്ഥിരം തസ്തികയില്ല.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ രണ്ട് നൂൽ നൂൽപ്പ് കേന്ദ്രത്തിലെയും മേൽ സൂചിപ്പിച്ച 2 ജീവനക്കാർ കരാർ

അടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്.

(ഡി) മേല്‍പ്പറഞ്ഞ സ്ഥാപനങ്ങളില്‍നിന്ന് ലഭ്യമാകുന്ന സേവനങ്ങള്‍, പ്രസ്തുത സേവനങ്ങള്‍ ലഭ്യമാകുന്നതിനുള്ള മുന്‍പാധികള്‍/രേഖകള്‍ ഏതൊക്കെയെന്നും സേവനങ്ങള്‍ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

മേല്‍ സൂചിപ്പിച്ച രണ്ട് ഖാദി നൂല്‍ നൂല്‍പ്പ് കേന്ദ്രങ്ങളിലും ഖാദി ഉല്‍പ്പന്ന രംഗത്തെ തൊഴിലവസരങ്ങളുണ്ട്. വനിതകളാണ് കൂടുതലും ഈ മേഖലയില്‍ പ്രവര്‍ത്തിക്കുന്നത്. മറ്റ് സേവനങ്ങളൊന്നും ഇവിടെനിന്നും ലഭ്യമല്ല.

**വ്യവസായ സംരംഭക വര്‍ഷത്തേയ്ക്ക് വകയിരുത്തിയ തുക**

**167**(6153) ശ്രീ. സനീഷ്കുമാര്‍ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയര്‍ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

2022-23 വ്യവസായ സംരംഭക വര്‍ഷമായി ആചരിക്കുന്നതിന്റെ ഭാഗമായി എത്ര തുകയാണ് പ്രസ്തുത വര്‍ഷത്തേയ്ക്ക് വകയിരുത്തിയതെന്നും പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങള്‍ക്കായി ചെലവഴിച്ചുവെന്നതിന്റെയും കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ?

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾക്കായി സർക്കാർ ഭരണാനുമതി നൽകിയപ്രകാരം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ആകെ വകയിരുത്തിയ തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|---|
| 1. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു ബോധവത്കരണ പരിപാടി നടത്തുന്നതിന് | 2,35,50,000 | 1,15,30,000 |
| 2. | ലോൺ സബ്സിഡി മേളകൾ സംഘടിപ്പിക്കുന്നതിന് | | 51,70,000 |
| 3. | ക്യാമ്പയിന്റെ ഭാഗമായി കൈപുസ്തകം അച്ചടിക്കുന്നതിന് | | 68,14,454 |
| 4. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിതരായിട്ടുള്ള ഇന്റേണുകളുടെ മാസവേതനം | 26,36,00,000 | 25,36,60,000 |
| | Project Management Unit -ന്റെ സർവ്വീസ് ചാർജ്ജ് | | 35,71,975 |
| 5. | സംരംഭക വർഷം മൊബൈൽ ആപ്പ് | 6,36,020 | 3,18,010 |
| 6. | സംരംഭക വർഷം വെബ് പോർട്ടൽ | 5,87,640 | 2,93,820 |
| 7. | സംരംഭക വർഷം വെബ് | 56,640 | 56,640 |

| | | | |
|---|---|---|---|
| | പോർട്ടൽ - ഹോസ്റ്റിംഗ് ചാർജ് | | |
| 8. | സംരംഭക മഹാ സംഗമം - മൊബൈൽ ആപ്പ് & വെബ് പോർട്ടൽ | 4,24,800 | 4,24,800 |
| | **ആകെ** | **28,88,55,100** | **28,18,39,699** |

## നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ നടപടി

168(6154) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വൻവിലക്കയറ്റം നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സാധാരണക്കാർക്ക് വീടുനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം സംസ്ഥാനത്തെ നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടില്ല. ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിടനിർമ്മാണ

സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറ എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടിവരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15 ശതമാനം വില കുറച്ചുനൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 'കലവറ'കൾ പ്രവർത്തിക്കുന്നുണ്ട്.

(സി) നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉൽപ്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിടനിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗംവഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5 ശതമാനംവരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാന്റുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പനവില താരതമ്യേന കുറവാണ്.

നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർമാർ, മറ്റ് ഉദ്യോഗസ്ഥർ, നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദകർ എന്നിവരുമായി ആശയവിനിമയം നടത്തി വരുന്നുണ്ട്. കേന്ദ്ര സർക്കാർ നയങ്ങളുടെ ഭാഗമായി നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ളവയ്ക്ക് ഉണ്ടാകുന്ന വില വർദ്ധനവുകളിൽ സംസ്ഥാന സർക്കാരിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്.

## അനധികൃതമായി മണ്ണ് കടത്തിയതിനെതിരെ നടപടി

169(6155) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട് പഞ്ചായത്ത് ഒന്നാം വാർഡിൽ ആരെങ്കിലും പെർമിറ്റ് നൽകിയതിലും അധികമായി മണ്ണ് കടത്തിയതായി ജിയോളജി വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. ശ്രീ. ഫെബിൻ പി. മൂസ, സെക്രട്ടറി, ഡി.വൈ.എഫ്.ഐ, മൂവാറ്റുപുഴ ബ്ലോക്ക് കമ്മിറ്റി എന്നയാൾ എറണാകുളം ജില്ലാ മൈനിംഗ് & ജിയോളജി ഓഫീസിൽ ഒരു പരാതി നൽകിയിരുന്നു.

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട് വില്ലേജിൽ കല്ലൂർക്കാട് കരയിൽ സർവ്വേ നമ്പർ 298/4-ൽ ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ. ഷിജു ജോർജ്, കൊച്ചുമുറ്റം, എറണാകുളം ജില്ലാ ജിയോളജി ഓഫീസിൽ അപേക്ഷ സമർപ്പിച്ചതനുസരിച്ച് 05-10-2021-ന് എറണാകുളം ജില്ലാ ഓഫീസിൽനിന്നും സ്ഥലപരിശോധന നടത്തി 5306 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കംചെയ്യുന്നതിന് 04-05-2022 മുതൽ 17-05-2022 വരെ കാലാവധിയോടുകൂടി അനുമതി നൽകിയിരുന്നു. തുടർന്ന് 18-01-2023-ൽ സ്ഥലപരിശോധന നടത്തിയതിൽ അനുവദിച്ച അളവിനേക്കാളും 2734 മെട്രിക് ടൺ മണ്ണ് അധികം നീക്കം ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഷിജു ജോർജിന് 24-01-2023-ന് കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) മണ്ണെടുക്കുന്നതിനുള്ള പെർമിറ്റും ദുരുപയോഗവും സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ വിശദമാക്കാമോ?

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

14(2) പ്രകാരമാണ് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണെടുത്ത് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകിവരുന്നത്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(4), 14(5), 108(2) എന്നിവ പ്രകാരമാണ് അനുമതിയുടെ ദുരുപയോഗം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നത്.

(ഡി) പെർമിറ്റ് ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നിയമാനുസൃതമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

അനധികൃതമായി മണ്ണ് നീക്കംചെയ്യുന്ന പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടാൽ ടി പ്രവൃത്തിക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി വിശദീകരണം ലഭ്യമാക്കി ആയത് തൃപ്തികരമല്ലാത്തപക്ഷം, ഡിമാന്റ് നോട്ടീസ് നൽകി മേൽ വിവരിച്ച ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള പിഴ ഈടാക്കി വരുന്നതും ആയത് ഒടുക്കാത്തപക്ഷം തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ ശമ്പള പരിഷ്കരണം

**170**(6156) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പള കുടിശ്ശികയുണ്ടോയെന്ന് വിശദമാക്കുമോ?

ഉണ്ട്. ജീവനക്കാരുടെ ശമ്പളയിനത്തിൽ 1.61 കോടി രൂപയും നെയ്ത്തുകൂലി ഇനത്തിൽ 2.17 കോടി രൂപയും ഉൾപ്പെടെ മൊത്തം 3.78 കോടി രൂപ കുടിശ്ശികയുണ്ട്.

(ബി) കോർപ്പറേഷനിൽ അവസാനമായി ശമ്പള വിതരണം നടന്നത് ഏതുമാസമാണെന്ന് വ്യക്തമാക്കുമോ?

2022 ഡിസംബർ മാസത്തെ പകുതി ശമ്പളം 13-03-2023-ൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നോയെന്ന് അറിയിക്കുമോ?

കോർപ്പറേഷനിലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) 17802/18 & 17928/18 എന്നീ കേസുകളിന്മേൽ 18-07-2019-ൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ കോടതി ഉത്തരവുപ്രകാരമുള്ള ശമ്പള പരിഷ്കരണം

നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ബഹുമാനപ്പെട്ട കോടതി വിധിയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഹാൻവീവിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോട്ടയം ടെക്സ്റ്റൈൽസ് നവീകരിക്കാൻ നടപടി**

**171**(6157) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് കോർപ്പറേഷൻ നവീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികൾ ഘട്ടംഘട്ടമായി ഓരോ വർഷവും ആസൂത്രണം ചെയ്ത് നടത്തിവരുന്നു. മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉൽപ്പാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി വരുന്ന 10 വർഷത്തേയ്ക്കുള്ള 318.89 കോടി രൂപയുടെ നവീകരണ വികസന പദ്ധതികൾക്കായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അത്യാധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളായ ഓട്ടോകോണർ, യാൺ കണ്ടീഷനിംഗ് മെഷീൻ

മുതലായവ സ്ഥാപിക്കൽ, യൂണിറ്റുകളിലെ നിലവിലെ സാങ്കേതികവിദ്യയായ Lap Feed ടെക്നോളജിയിൽനിന്നും Chute Feed ടെക്നോളജിയിലേയ്ക്കുള്ള മാറ്റം, കൂടാതെ നിലവിലെ പഴക്കംചെന്നതും കാലഹരണപ്പെട്ടതുമായ യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കുക എന്നീ നവീകരണ വികസന പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നുവരുന്നു.

(ബി) കോട്ടയം ടെക്സ്റ്റൈൽസ് ലേ ഓഫ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

അസംസ്കൃത വസ്തുവായ പോളിയെസ്റ്ററിന്റെ സ്റ്റോക്ക് തീർന്ന സാഹചര്യത്തിൽ, മിൽ തുടർന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നപ്പോൾ 02-03-2023 മുതൽ 07-03-2023 വരെ മിൽ ലേ ഓഫിൽ ആയിരുന്നു. 08-03-2023 മുതൽ മിൽ വീണ്ടും തുടർന്ന് പ്രവർത്തിക്കുന്നു.

(സി) പ്രസ്തുത ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

കോട്ടയം ടെക്സ്റ്റൈൽസ് നവീകരണത്തിനായി മാസ്റ്റർപ്ലാനിൽ 59.05 കോടി രൂപയുടെ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം ആദ്യഘട്ടമായി

ഓട്ടോകോണർ മെഷീനും അനുബന്ധ സാമഗ്രികളും വാങ്ങാനാണ് പദ്ധതിയിട്ടിട്ടുള്ളത്. കൂടാതെ 2023-24 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 23.05 കോടി രൂപയിൽ കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണ പദ്ധതിയും ഉൾപ്പെടുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും ഇതര ആവശ്യങ്ങൾക്കുമായി എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22-ൽ 3.60 കോടി രൂപയും 2022-23-ൽ 51.47 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-2022-ൽ മില്ല് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് 3,20,00,000/- രൂപയും തൻ വർഷംതന്നെ പ്രവർത്തനമൂലധനമായി 40,00,000/- രൂപയും 2022-23-ൽ 51,47,270/- രൂപയും ചേർത്ത് മൊത്തം 4,11,47,270/- രൂപ അനുവദിച്ചുനൽകി.

(ഇ) തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉല്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണെന്ന് കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും

ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വ്യക്തമാക്കാമോ?

തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉത്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഏജൻസികൾ വിലയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അരുവിക്കര മണ്ഡലത്തിലെ ഖാദി, നെയ്ത്ത് സെന്ററുകൾ

**172**(6158) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി, നെയ്ത്ത് സെന്ററുകളെ സംബന്ധിച്ച വിവരങ്ങളും നിലവിലെ ഉൽപ്പാദനക്ഷമത സംബന്ധിച്ച വിശദാംശങ്ങളും കെട്ടിട സൗകര്യങ്ങളെപ്പറ്റിയുള്ള വിവരങ്ങളും നൽകാമോ?

അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി നെയ്ത്ത് സെന്ററുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) അരുവിക്കര ഖാദി ഉൽപ്പാദന കേന്ദ്രം: നിലവിൽ അഞ്ച് നെയ്ത്തു തൊഴിലാളികൾ ഇവിടെ ജോലി ചെയ്തുവരുന്നു. പ്രതിമാസം 319.18 sq.mtr

തുണി ഉല്പാദിപ്പിക്കുന്നു. പുളിയിലക്കര ദോത്തി, എസ്.ബി.ദോത്തി എന്നിവയാണ് പ്രധാനമായും ഉൽപ്പാദിപ്പിക്കുന്നത്. നിലവിൽ കെട്ടിടം ലീസിലാണ് പ്രവർത്തിക്കുന്നത്. യൂണിറ്റ് കെട്ടിടത്തിന് യാതൊരു മെയിന്റനൻസും ആവശ്യമില്ല. തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. യൂണിറ്റിൽ നിലവിൽ ഒരു വാതിൽ മാറ്റേണ്ടതായിട്ടുണ്ട്.

(2) <u>ചെറിയകൊണ്ണി ഖാദി ഉൽപ്പാദന കേന്ദ്രം</u>: ചെറിയകൊണ്ണി ഖാദി ഉൽപ്പാദന കേന്ദ്രത്തിൽ നെയ്ത്ത് യൂണിറ്റും നൂൽപ്പ് യൂണിറ്റുമാണ് പ്രവർത്തിക്കുന്നത്. നൂൽപ്പ് യൂണിറ്റിൽ 18 തൊഴിലാളികളും നെയ്ത്ത് യൂണിറ്റിൽ 14 തൊഴിലാളികളുമാണ് ജോലി ചെയ്യുന്നത്. 33 NMC നൂലിന്റെ ഉല്പാദനമാണ് ഇവിടെയുള്ളത്. ചെറിയകൊണ്ണി നെയ്ത്ത് യൂണിറ്റിൽ NMC മനില ഷർട്ടിംഗ്, NMC കോറ ഷർട്ട്, സിംഗിൾ bedsheet എന്നിവയാണ് പ്രധാനമായും ഉൽപ്പാദിപ്പിക്കുന്നത്. ടി യൂണിറ്റിന്റെ കെട്ടിടം ഖാദി ബോർഡിന്റെ സ്വന്തം സ്ഥലത്താണുള്ളത്. സ്ത്രീകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ട്. കെട്ടിടത്തിൽ roofing, flooring, plastering, compound wall എന്നിവ ചെയ്യാനുണ്ട്.

(3) <u>ഉഴമലയ്ക്കൽ ഖാദി ഉൽപ്പാദന കേന്ദ്രം</u>: ഈ കേന്ദ്രത്തിൽ നെയ്ത്ത്

യൂണിറ്റും നൂൽപ്പ് യൂണിറ്റുമുണ്ട്. നൂൽപ്പ് യൂണിറ്റിൽ 5 തൊഴിലാളികളും നെയ്ത്തിൽ 8 തൊഴിലാളികളുമുണ്ട്. NMC മനില ഷർട്ടിംഗ്, കളർ ദോത്തി എന്നിവയാണ് ടി യൂണിറ്റിൽ ഉല്പാദിപ്പിക്കുന്നത്. ടി യൂണിറ്റിന്റെ കെട്ടിടം ഖാദി ബോർഡിന്റെ സ്വന്തം സ്ഥലത്താണുള്ളത്. സ്ത്രീകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ട്. കെട്ടിടത്തിന്റെ മേൽക്കൂരയ്ക്ക് കേടുപാടുകളുണ്ട്. കൂടാതെ compound wall, flooring, roofing എന്നിവ ചെയ്യാനും കിണർ വൃത്തിയാക്കാനുമുണ്ട്.

(ബി) ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും അനുവദിച്ച തുകയും അവയുടെ ചെലവ് ഉൾപ്പെടെയുള്ള വിശദാംശങ്ങളും അറിയിക്കാമോ?

2016-17-ൽ ചെറിയകൊണ്ണി നെയ്ത്ത് യൂണിറ്റിൽ തറികൾ വാങ്ങുന്നതിനും വാർപ്പിംഗ് ഡ്രം, ക്രീൽ സ്റ്റാന്റ്, സ്പെയർപാർട്ട്സ് എന്നിവ വാങ്ങുന്നതിനുമായി 10 ലക്ഷം രൂപ അനുവദിച്ചു. 2017-18-ൽ ചെറിയകൊണ്ണി നെയ്ത്ത് യൂണിറ്റിൽ വൈന്റിംഗ് മെഷീൻ, അതിന്റെ മറ്റ് ചാർജ് എന്നിവ ചേർത്ത് 2.26 ലക്ഷം അനുവദിച്ചുനൽകിയത് പൂർണ്ണമായും ആയതിലേയ്ക്ക് വിനിയോഗിച്ചിട്ടുണ്ട്.

**ബീ കീപ്പിംഗ് ഫീൽഡ്മാൻ തസ്തികയിലേയ്ക്കുള്ള നിയമനം**

173(6159) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. കാറ്റഗറി നമ്പർ 136/2021 പ്രകാരം കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ബീ കീപ്പിംഗ് ഫീൽഡ്മാൻ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള യോഗ്യതാകോഴ്സായ ഒരു വർഷ എപിയറിസ്റ്റ് കോഴ്സ് പൂനെയിലുള്ള സെൻട്രൽ ബീ റിസർച്ച് ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2002-നുശേഷം നടത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മറ്റേതെങ്കിലും അംഗീകൃത സ്ഥാപനങ്ങൾ പ്രസ്തുത യോഗ്യതാ കോഴ്സ് നടത്തുന്നുണ്ടോയെന്ന് അറിയിക്കാമോ?

മറ്റേതെങ്കിലും അംഗീകൃത സ്ഥാപനങ്ങൾ ഇത്തരം ഒരു കോഴ്സ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള ഖാദി ആൻഡ് വില്ലജ് ഇൻഡസ്ട്രീസ് ബോർഡിലെ ബീ കീപ്പിംഗ് ഫീൽഡ്മാൻ തസ്തികയിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ജീവനക്കാർക്ക്

നിർദ്ദിഷ്ട യോഗ്യതയുണ്ടോയെന്ന് അറിയിക്കാമോ?

ബീ കീപ്പിംഗ് ഫീൽഡ്മാൻ തസ്തികയിൽ താൽക്കാലിക ജീവനക്കാർ ആരും ജോലി ചെയ്യുന്നില്ല.

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ള മതിയായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ പൂനെയിലുള്ള സെൻട്രൽ ബീ റിസർച്ച് ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ബീ കീപ്പിംഗ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്/മറ്റ് ഉചിതമായ കോഴ്സുകൾ നിശ്ചിത യോഗ്യതയായി നിശ്ചയിച്ച് ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കാമോ; എങ്കിൽ ഇപ്രകാരമുള്ള ശിപാർശ പി.എസ്.സി.- യിൽനിന്നും ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ബീ കീപ്പിംഗ് ഫീൽഡ്മാൻ തസ്തികയിൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതയ്ക്കനുസരണമായി നിയമനത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം ചെയ്തിരുന്നെങ്കിലും നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഉദ്യോഗാർത്ഥികളെ ലഭ്യമാകുന്ന തരത്തിൽ വിശേഷാൽ ചട്ടങ്ങളിൽ നിലവിലുള്ള യോഗ്യതയിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം പി.എസ്.സി.- യിൽ

നിന്നും ലഭിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു.

**കയർ ഉല്പന്നങ്ങൾക്ക് ആഗോള വിപണി**

**174**(6160) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയറിനും കയർ ഉൽപ്പന്നങ്ങൾക്കും ആഗോള വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയറുൽപ്പന്നങ്ങൾക്ക് ആഗോളവിപണി കണ്ടെത്തുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ്സ്, ഹാൻഡ്ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ മുതലായ ഏജൻസികൾ വഴി നടത്തപ്പെടുന്ന എക്സിബിഷനുകൾ, ബയർ -സെല്ലർ മീറ്റുകൾ എന്നിവയിൽ നേരിട്ടും ഓൺലൈനിലൂമായി പങ്കെടുത്ത് പുതിയ ബയേഴ്സിനെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയർ ഭൂവസ്ത്രം കയറ്റുമതി ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം നാല് കോടി രൂപയുടെ

കയർ ഭൂവസ്ത്രമുൾപ്പെടെ 14 കോടി രൂപയുടെ കയറുല്പന്നങ്ങൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം കയറ്റുമതി ചെയ്തിട്ടുണ്ട്. കൂടാതെ ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം 30 കോടി രൂപയുടെ കയർ ഭൂവസ്ത്രം കയറ്റുമതികാർക്ക് കയറ്റുമതി ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കയറും കയർ ഉൽപ്പന്നങ്ങളും മറ്റ് സംസ്ഥാനങ്ങളിൽ വിറ്റഴിക്കുന്നതിനുള്ള വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് എവിടെയെല്ലാമെന്നും എപ്രകാരമാണെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ കയറുൽപ്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ വിറ്റഴിക്കുന്നതിനായി, തെരെഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുകയും ഇവർവഴി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നിലവിലുള്ള ഷോറൂമുകളിൽ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നു. വിശാൽ മെഗാ മാർട്ട്, ഡീ മാർട്ട്, റിലയൻസ് റീട്ടെയിൽ എന്നീ ചെയിൻ സ്റ്റോറുകൾവഴിയും ആമസോൺ, പെപ്പർ ഫ്രൈ, ഇന്ത്യ മാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾവഴിയും വിൽപ്പന നടത്തി വരുന്നു.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഡൽഹി കേന്ദ്രീകരിച്ചുള്ള

റസിഡന്റ് കമ്മീഷണർമാരുമായി മൂന്നുതവണ ചർച്ചകൾ നടത്തുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുള്ള വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വിപുലമായ സെമിനാർ 2023 ഏപ്രിൽ മാസത്തിൽ നടത്തുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

## കയർ വ്യവസായത്തിന് പുനരുജ്ജീവന പരിവർത്തന പാക്കേജ്

**175**(6161) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി സംസ്ഥാനത്തെ കയർ വ്യവസായത്തിനായി സമഗ്രമായ പുനരുജ്ജീവന പരിവർത്തന പാക്കേജ് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവത്കരണത്തിലൂടെയും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ മേഖലയിൽ

സഹകരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പശ്ചാത്തല വികസനവും യന്ത്രവത്കരണവും നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഡീഫൈബറിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എൻ.സി.ആർ.എം.ഐ.-യുടെ നേതൃത്വത്തിൽ വൈവിധ്യവത്കരണത്തിന്റെ സാധ്യതകൾ പ്രയോഗവത്കരിക്കുന്നതിനായുള്ള പഠനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

## മഞ്ചേശ്വരം മണ്ഡലത്തിൽ കയർ വകുപ്പിന്റെ പദ്ധതി

176(6162) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള ഗ്രാമപഞ്ചായത്തിൽ മൊഗ്രാൽ എന്ന സ്ഥലത്ത് കയർ വകുപ്പിന്റെ കീഴിൽ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള ഗ്രാമപഞ്ചായത്തിൽ മൊഗ്രാൽ എന്ന സ്ഥലത്ത് കയർ വികസന വകുപ്പിന്റെ കീഴിൽ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ബാധകമല്ല.

## കയർ വ്യവസായ രംഗത്തെ രണ്ടാം പുന:സംഘടന

177(6163) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച രണ്ടാം കയർ പുനഃസംഘടന കയർ മേഖലയ്ക്ക് ഉണർവ്വേകിയതായി വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച രണ്ടാം കയർ പുനഃസംഘടനാ പദ്ധതി കയർമേഖലയ്ക്ക് ഉണർവ്വേകിയിട്ടുണ്ട്. സംസ്ഥാനത്ത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കാലാനുസൃതമായ യന്ത്രവത്കരണത്തിലൂടെയും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെയും കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ മേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പശ്ചാത്തല

വികസനവും യന്ത്രവത്കരണവും നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഡീഫൈബറിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയർ ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതിന്റെ ഫലമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സംസ്ഥാനത്തെ 7 ജില്ലകളിൽ കയർ ഭൂവസ്ത്രം വിപണനം ചെയ്തുവരുന്നുണ്ട്.

കേരളത്തിനുപുറത്ത് മറ്റ് സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രത്തിന്റെ വിപണി കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് കേരളത്തിലെ എല്ലാ ജില്ലകളിലും കേരളത്തിനുപുറത്ത് തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ഡിസ്ട്രിബ്യൂട്ടർവഴിയും കയർ കോർപ്പറേഷന്റെ നിലവിലുള്ള ഷോറൂമുകൾ, സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങളുടെ വിൽപ്പനശാലകൾ വഴിയും വിശാൽ മെഗാമാർട്ട്, ഡി-മാർട്ട്, റിലയൻസ് റീടെയിൽസ് എന്നീ ചെയിൻ സ്റ്റോറുകൾ വഴിയും ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നുണ്ട്.

(ബി) 2016 മുതൽ 2022 വരെ കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്ന് നടത്തിയ കയർ-കയറുൽപ്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

2016 മുതൽ 2022 വരെ കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും കയർഫെഡും ചേർന്നുനടത്തിയ കയർ-കയറുൽപ്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കേരള സംസ്ഥാന കയർ കോർപ്പറേഷൻ | - 79.38 കോടി രൂപ |
| കയർഫെഡ് | - 1.20 കോടി രൂപ |
| ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് | - 1.26 കോടി രൂപ |

(സി) 13-ാം പദ്ധതിക്കാലത്ത് കയർ മേഖലയ്ക്കായി നീക്കിവച്ച തുക എത്രയാണെന്നും 14-ാം പദ്ധതിക്കാലത്ത് വകയിരുത്താനായി എത്ര തുക ആവശ്യപ്പെടാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

പതിമൂന്നാം പദ്ധതിക്കാലത്ത് (2017-22) കയർ മേഖലയ്ക്ക് വകയിരുത്തിയ തുക 109228 ലക്ഷം രൂപയാണ്.

പതിനാലാം പദ്ധതിക്കാലത്തേയ്ക്ക് (2022-27) കയർ മേഖലയ്ക്ക് 84885.68 ലക്ഷം രൂപയാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(ഡി) കയർ മേഖലയെ യന്ത്രവത്കരിക്കുന്നതിന് കഴിഞ്ഞ സർക്കാരും

തുടർന്ന് ഈ സർക്കാരും നടത്തിയ ഇടപെടലും പ്രസ്തുത ഇടപെടലുകളുടെ ഫലങ്ങളും വിശദമാക്കാമോ?

കയർ മേഖലയെ യന്ത്രവത്കരിക്കുന്നതിന്റെ ഭാഗമായി രണ്ടാം പുനഃസംഘടനയിൽ ഉൾപ്പെടുത്തി ഫൈബർ മേഖലയിൽ ഡീ-ഫൈബറിംഗ് മില്ലുകളും കയർപിരി മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ (എ.എസ്.എം), ഇ-റാട്ട് എന്നിവ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിയാണ് ആവിഷ്കരിച്ചിരുന്നത്. ഇതുപ്രകാരം നാളിതുവരെ 137 ഡീ-ഫൈബറിംഗ് മില്ലുകൾ, 1499 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, 26000 ഇ-റാട്ടുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) വ്യാവസായിക കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം കഴിഞ്ഞ സർക്കാരിന്റെ കാലത്തും തുടർന്നും എത്രമാത്രം പ്രായോഗികമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

കയർ ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി കയർഫെഡ് വ്യാവസായികാടിസ്ഥാനത്തിൽ ചകിരിച്ചോറിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന കൊക്കോഫെർട്ട് എന്ന ജൈവവളം വിപണിയിലെത്തിച്ചിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്കരണത്തിന് ചകിരിച്ചോറിൽ നിന്നുമുള്ള

ഇനോകുലേറ്റഡ് പിത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ട്.

കയർ കോർപ്പറേഷന്റെ വിവിധ യൂണിറ്റുകളിൽ ആധുനികയന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ബേപ്പൂർ ഡിവിഷനിൽ നൂതന സംവിധാനങ്ങളുള്ള 10 സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ബേപ്പൂർ ഡിവിഷനിലും കണിച്ചുകുളങ്ങര ഡിവിഷനിലും ഓട്ടോഫീഡർ സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ഉയർന്ന നിലവാരത്തിലുള്ള മെത്തകൾ ഉല്പാദിപ്പിക്കുന്നതിന് കയർമാട്രസ് ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിച്ച് ട്രയൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിന് പുതിയ യൂണിറ്റുകൾ**

178 (6164) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ

യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് മുഖേന അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, മങ്കട അഗ്രിക്കൾച്ചറൽ & ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം, ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ ഡീഫൈബറിംഗ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണക്കത്തൊണ്ടിൽനിന്നും ഹസ്ക് ചിപ്സ് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര യൂണിറ്റുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉണക്കത്തൊണ്ടിൽനിന്നും ഹസ്ക് ചിപ്സ് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ കയർ വികസന വകുപ്പുമുഖേന ആരംഭിച്ചിട്ടില്ല.

**കയർ വ്യവസായ സംരക്ഷണം**

179(6165) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വ്യവസായത്തിന്റെ സംരക്ഷണം ലക്ഷ്യമാക്കി കരവിരുതിലും

വൈവിദ്ധ്യത്തിലും പ്രാമുഖ്യം നൽകിക്കൊണ്ട് എന്തെല്ലാം പദ്ധതികളാണ് ഈ മേഖലയിൽ നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

കയർ വ്യവസായത്തിന്റെ സംരക്ഷണം ലക്ഷ്യമാക്കി തൊഴിലാളികളുടെ കരവിരുതിലും വൈവിദ്ധ്യത്തിലും പ്രാമുഖ്യം നൽകുന്നതിനായി എൻ.സി.ആർ.എം.ഐ. ഇ-റാട്ട് ഉപയോഗിച്ച് വിവിധയിനം കയറുകൾ പിരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നൽകിവരുന്നു. ഈ വർഷം വിവിധ കയർ സഹകരണ സംഘങ്ങളിലെ 1940-ഓളം സ്ത്രീ തൊഴിലാളികൾക്ക് മുപ്പത് ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം അതത് സംഘങ്ങളിൽവച്ച് നടത്താൻ സാധിച്ചിട്ടുണ്ട്. ഇ-റാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന കയറിൽനിന്നും നിർമ്മിക്കുന്ന കയറുൽപ്പന്നങ്ങൾക്ക് വലിയ തോതിലുള്ള സ്വീകാര്യതയാണ് ലഭിച്ചുവരുന്നത്. ഇതുകൂടാതെ വിവിധയിനം ഫ്രെയിം മാറ്റ്സുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നത് പ്രാരംഭഘട്ടത്തിലാണ്.

## കയർ വകുപ്പിൽ നിർത്തലാക്കിയ പദ്ധതികൾ

**180**(6166) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പിൽ നിലവിലുണ്ടായിരുന്ന എത്ര പദ്ധതികൾ

നിർത്തലാക്കിയിട്ടുണ്ട്; പ്രസ്തുത പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

കയർ വികസന വകുപ്പിനുകീഴിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ നിർത്തലാക്കിയിട്ടില്ല.

(ബി) കയർ വകുപ്പിൽ നിർത്തലാക്കിയ പദ്ധതികളിൽ ചെറുതും വലുതുമായി മാറ്റങ്ങൾ വരുത്തി പുതിയ പേരിൽ ഇപ്പോഴും തുടരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല. പ്രവർത്തനമൂലധനവും മാനേജീരിയൽ സബ്സിഡിയും അനുവദിക്കുന്ന ശീർഷകത്തിൽ 2021-22, 2022-23 എന്നീ സാമ്പത്തിക വർഷകങ്ങളിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രവർത്തനമൂലധനവും മാനേജീരിയൽ സബ്സിഡിയും കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും പദ്ധതിയിൽ ആകെ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കയർ വകുപ്പിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ നിർത്തലാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

കയർ വികസന വകുപ്പിനുകീഴിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ

നിർത്തലാക്കിയിട്ടില്ല.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ കയർ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ

181(6167) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ കയർ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവയും ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ കയർ വികസന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും (എൻ.സി.ആർ.എം.ഐ.) കയർഫെഡിന്റെ ഒരു ഷോറൂമുമാണ്. വിശദാംശങ്ങൾ അനുബന്ധം 1+-ൽ ചേർത്തിരിക്കുന്നു.

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധം 2+-ൽ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും എങ്കിൽ അതുസംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധം 3+-ൽ ചേർത്തിരിക്കുന്നു.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിനുള്ള മുന്നുപാധികൾ/രേഖകൾ എന്നിവ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും വിശദമാക്കാമോ?

വിശദാംശം അനുബന്ധം 4+-ൽ ചേർത്തിരിക്കുന്നു.

**കയർ ഭൂവസ്ത്രം**

**182**(6168) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയർ ഭൂവസ്ത്രം കയറ്റുമതി ചെയ്യുന്നുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉണ്ട്. ഈ സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നാല് കോടി രൂപയുടെ കയർ ഉല്പന്നം കയറ്റുമതി ചെയ്തിട്ടുണ്ട്. കൂടാതെ ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം 30 കോടി രൂപയുടെ കയർ ഉല്പന്നം കയറ്റുമതിക്കാർക്ക് കയറ്റുമതി ചെയ്യുന്നതിനായി നൽകിയിട്ടുമുണ്ട്.

## കശുവണ്ടി കയറ്റുമതി

**183**(6169) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ ഇന്ത്യയിൽനിന്നും അറുപതിൽപ്പരം രാജ്യങ്ങളിലേയ്ക്ക് കശുവണ്ടി കയറ്റുമതി ചെയ്തതിൽ കേരളത്തിന്റെ വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തിൽ ഇന്ത്യയിൽനിന്നും അറുപതിൽപ്പരം രാജ്യങ്ങളിലേയ്ക്ക് കശുവണ്ടി കയറ്റുമതി ചെയ്തതിൽ കേരളത്തിന്റെ വിഹിതം 90 ശതമാനമാണ്.

(ബി) 2021-22 കാലയളവിൽ സംസ്ഥാനത്തുനിന്നും കശുവണ്ടി കയറ്റുമതി ചെയ്തത് എത്ര ശതമാനമായിരുന്നുവെന്ന് വിശദമാക്കാമോ?

2021-22 കാലയളവിൽ സംസ്ഥാനത്തുനിന്നും കശുവണ്ടി കയറ്റുമതി

ചെയ്തത് 90 ശതമാനമാണ്.

(സി) 2021-22-ൽ കശുവണ്ടിത്തോട് എണ്ണ ഇന്ത്യയിൽനിന്നും കയറ്റുമതി ചെയ്തതിന് ആനുപാതികമായി കേരളത്തിൽനിന്നും കയറ്റുമതി ഇല്ലാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കശുവണ്ടി എണ്ണ തോട്ടണ്ടിയിൽനിന്നും വേർതിരിക്കുന്ന ഉപകരണം (എക്സ്പെല്ലർ) സംസ്ഥാനത്തെ പരമ്പരാഗത കശുവണ്ടി സംസ്കരണ ശാലകളിലുണ്ടായിരുന്നെങ്കിലും പ്രസ്തുത ഉപകരണങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല.

## കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധി

**184**(6170) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധികൾ വിശദമാക്കാമോ?

അന്താരാഷ്ട്ര വിപണിയിൽ സംസ്കരിച്ച പരിപ്പിന്റെ വില നിർണ്ണയത്തിൽ കടുത്ത മത്സരം നേരിടേണ്ടി വരുന്നു. കൂടാതെ 2016-ൽ തോട്ടണ്ടിക്ക് കേന്ദ്ര സർക്കാർ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത്

തോട്ടണ്ടിയുടെ വില വർദ്ധിക്കുന്നതിന് കാരണമായി. വെള്ളപ്പൊക്കം, മറ്റ് പ്രകൃതിക്ഷോഭങ്ങൾ, കോവിഡ് മഹാമാരി മുതലായവ സാമ്പത്തിക മേഖലയിൽ സൃഷ്ടിച്ച ആഘാതം കശുവണ്ടി മേഖലയിലെ പ്രതിസന്ധിയുടെ ആക്കം വർദ്ധിപ്പിച്ചു.

(ബി) പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഫാക്ടറികളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ വർഷാവർഷം സാമ്പത്തിക സഹായവും പിന്തുണയും നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടിശ്ശിക ഗ്രാറ്റുവിറ്റി നൽകുന്നതിനുൾപ്പെടെ മുൻസർക്കാർ 325.75 കോടി രൂപ കാഷ്യൂ കോർപ്പറേഷന് നൽകിയിരുന്നു. കഴിഞ്ഞ 11 വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരും ആകെ 84 കോടി രൂപ കാഷ്യൂ കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് 2022 വർഷംവരെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കാപ്പക്സിന് 2016-17 മുതൽ 2020-21-വരെ പദ്ധതി വിഹിതത്തിൽ 60.85 കോടി രൂപ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 9.57 കോടി രൂപയും നൽകിയിരുന്നു. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽനിന്നുള്ള 1509 തൊഴിലാളികളെ 2016-2021 കാലയളവിൽ കാപ്പക്സിൽ നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും കശുമാവ് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നാടൻ തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് 2007-ൽ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി രൂപീകരിച്ചിരുന്നു.

നിലവിൽ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം തോട്ടണ്ടിയുടെ ദൗർലഭ്യമാണ്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനാവശ്യമായ നാടൻ തോട്ടണ്ടി ലഭിക്കാത്ത സാഹചര്യത്തിൽ ഇടനിലക്കാരെ ഒഴിവാക്കി സംസ്ഥാനത്തിന് പുറത്തുനിന്നും വിദേശത്തുനിന്നും ഗുണമേന്മയുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾക്കും ആവശ്യമെങ്കിൽ സ്വകാര്യ

കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കും തോട്ടണ്ടി ഇറക്കുമതി ചെയ്ത് നൽകുന്നതിനായി 2017-ൽ സർക്കാർ കാഷ്യൂ ബോർഡ് രൂപീകരിച്ചിരുന്നു. കാഷ്യൂ ബോർഡ് രൂപീകരിക്കപ്പെട്ടതുമുതൽ നാളിതുവരെയായി 51000 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത് കാഷ്യൂ കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. 2023 വർഷം കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ടാൻസാനിയ, ഐവറി കോസ്റ്റ് തുടങ്ങിയ രാജ്യങ്ങളിൽനിന്നും സർക്കാർ മുഖാന്തരം നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. ഘാനയിൽനിന്നും 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് കാഷ്യൂ ബോർഡ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. ഐവറി കോസ്റ്റിൽനിന്നും 2023 സീസണിൽ സർക്കാർ മുഖാന്തരം നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി ചർച്ചകൾ നടത്തുകയും ഇതേത്തുടർന്ന് കേരള കാഷ്യൂ ബോർഡും Cotton and Cashew Council, Government of Cote D'Ivore-മായിച്ചേർന്ന് ഒപ്പിട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (MoU) പുതുക്കുന്നതിനുള്ള അനുവാദവും ഐവറി കോസ്റ്റിൽനിന്നും 15000 മെട്രിക് ടൺ തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനുള്ള അനുവാദവുംനൽകി സർക്കാർ

ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാഷ്യൂ ബോർഡിന്റെ ആഗോള ടെണ്ടറുകളിൽ കൂടുതൽ സപ്ലയേഴ്സിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കാഷ്യൂ ബോർഡ് കേരള ബാങ്കുമായി ചർച്ച നടത്തുകയും SBI മുഖാന്തരം ടെണ്ടറുകളിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഇതുവഴി കാഷ്യൂ കോർപ്പറേഷനിലേയും കാപ്പക്സിലേയും തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ ലഭിക്കത്തക്കവിധം ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാനും കൂടുതൽ തൊഴിൽദിനങ്ങൾ നൽകാനാവുന്നതുമാണ്.

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി മുൻസർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ എടുത്ത് NPA ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) നടപ്പാക്കുന്നതിന് ഈ സർക്കാർ ബാങ്കുകളുമായും വ്യവസായികളുമായും ട്രേഡ് യൂണിയനുകളുമായും ചർച്ചകൾ നടത്തുകയും OTS പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. തുടർന്ന് വ്യവസായികളുടെ നിരന്തര ആവശ്യം കണക്കിലെടുത്ത് ബാങ്കുകളുമായി വ്യവസായികൾ കരാറിലേർപ്പെടാനുള്ള തീയതി

31-03-2022-ൽനിന്നും 31-12-2022 ആയി നീട്ടിനൽകുകയും ചെയ്തിരുന്നു.

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 37 കോടി രൂപ അനുവദിച്ചിരുന്നു. കോവിഡ് മഹാമാരിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്കുള്ള പ്രവർത്തന മൂലധനത്തിനും ആധുനികീകരണത്തിനുള്ള മൂലധനസഹായത്തിനും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപയും കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയുമാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പരിശോധിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിരുന്നു. ടി സമിതി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ

പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പെർട്ട് പ്രൊമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയ്ക്ക് അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപ വിനിയോഗിച്ച് നിലവിൽ പ്രവർത്തനക്ഷമമായ സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കായി ചുവടെ പറയുന്ന മൂന്ന് ഹ്രസ്വകാല പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

1. പ്രവർത്തനബന്ധിത ഉത്തേജക പരിപാടി.

2. സ്ത്രീ സൗഹൃദ ഭൗതിക സാഹചര്യം സൃഷ്ടിക്കൽ/ നവീകരണം.

3. ഷെല്ലിംഗ് യൂണിറ്റുകളുടെ ആധുനികീകരണവും നവീകരണവും.

മേൽ പദ്ധതികൾപ്രകാരം തൊഴിലാളികളുടെ

ESI-EPF ആനുകൂല്യങ്ങൾ നൽകാനായി 20 കോടി രൂപയും സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനായി 5 കോടി രൂപയും ഷെല്ലിംഗ് യൂണിറ്റുകളുടെ നവീകരണത്തിനായി 5 കോടി രൂപയും വിനിയോഗിക്കാൻ അനുമതി നൽകി.

കൂടാതെ സ്വകാര്യ മേഖലയിലെ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന/ആധുനികീകരണ മൂലധനമായി ബജറ്റിൽ വകയിരുത്തിയ 7 കോടി രൂപയ്ക്കും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മ കൂടിയ നാടൻ തോട്ടണ്ടി ഭൂരിഭാഗവും നിലവിൽ സംസ്ഥാനത്തിന് പുറത്തേയ്ക്കാണ് പോകുന്നത്. ഇത് സംസ്ഥാനത്തിനകത്ത് പൊതുമേഖലയിലുൾപ്പെടെയുള്ള കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി 25-01-2023-ന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ, ദേവസ്വവും പാർലമെന്ററികാര്യം, ധനകാര്യം, സഹകരണം, കൃഷി എന്നീ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം വരുന്ന കശുവണ്ടി സീസണിൽ കർഷകർ, വിവിധ

സർക്കാർ വകുപ്പുകൾക്കുകീഴിലുള്ള പൊതുമേഖലാ പ്ലാന്റേഷനുകൾ/ഫാമുകൾ എന്നിവിടങ്ങളിൽനിന്നും കിലോഗ്രാമിന് 114/-രൂപ നിരക്കിൽ നാടൻ തോട്ടണ്ടി സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം സഹകരണ സംഘങ്ങൾവഴിയും പൊതുമേഖലാ പ്ലാന്റേഷനുകളിലൂടെയും പരമാവധി 5000 മെട്രിക് ടൺ തോട്ടണ്ടി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരിൽനിന്നും നാടൻ തോട്ടണ്ടി സംഭരിക്കുമ്പോൾ സഹകരണ സൊസൈറ്റികൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും കർഷകർക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനുമായി കശുമാവ് കൃഷി വികസന ഏജൻസിക്ക് 2022-23 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 715 ലക്ഷം രൂപയിൽനിന്നും പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവന പാക്കേജിനായി 30 കോടി രൂപ ഉൾപ്പെടെ ആകെ 58 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾവഴി പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായത്തെ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ആത്മാർത്ഥ ശ്രമങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. അഞ്ചംഗ വിദഗ്ദ്ധ സമിതിയുടെ അന്തിമ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുടർപ്രവർത്തനങ്ങളിലൂടെ ടി മേഖലയിലെ പ്രശ്നങ്ങളും പ്രതിസന്ധികളും ശാശ്വതമായി പരിഹരിക്കപ്പെടുന്നതാണ്.

(സി) കശുവണ്ടി തോട്ടമുടമകളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കശുവണ്ടി കൃഷി വ്യാപനവും കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനായി തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റ് തൈകൾ നൽകുന്നതോടൊപ്പം നൂതന കൃഷിരീതിയെക്കുറിച്ചും പരിശീലന മുറകൾ അടക്കം സാങ്കേതിക സഹായവും തോട്ടം ഉടമകൾക്ക് കശുമാവ് കൃഷി വികസന ഏജൻസി മുഖേന നൽകിവരുന്നു. Mission for Integrated Development of Horticulture (MIDH) Norms അനുസരിച്ചുള്ള തൈ വിലയ്ക്കുപുറമെ 60:20:20 എന്ന അനുപാതത്തിൽ 3 വാർഷിക ഗഡുക്കളായി ധനസഹായം നൽകുന്നു.

**കശുവണ്ടിത്തൊഴിലാളികളുടെ ക്ഷേമം**

185(6171) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിക്കും കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനുമായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

കാഷ്യൂ കോർപ്പറേഷന്റെ കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗികയന്ത്രവത്കരണത്തിനുമായി 5.5 കോടി രൂപയും ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനുമായി 50 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷം കാഷ്യൂ കോർപ്പറേഷന് വകയിരുത്തിയിരുന്നു. ഇതിൽനിന്നും ആധുനികവത്കരണത്തിനും യന്ത്രവത്കരണത്തിനുമായി 3 കോടി രൂപയും ബ്രാൻഡ് ബിൽഡിംഗിനായി 50 ലക്ഷം രൂപയും സർക്കാർ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ഭാഗിക യന്ത്രവത്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകളും കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷീനും സ്ഥാപിച്ചിട്ടുണ്ട്.

കശുവണ്ടി പരിപ്പിൽനിന്നും കശുമാങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ആഭ്യന്തര വിപണി

വിപുലമാക്കിയും കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിനായുള്ള മൊബൈൽ സെയിൽസ് വാൻ പ്രവർത്തനം ആരംഭിച്ചു. കൺസ്യൂമർഫെഡുമായി ധാരണാപത്രം ഒപ്പിട്ട് കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റുകൾവഴിയും വിപണനം മെച്ചപ്പെടുത്തി ആഭ്യന്തര വിപണി വിപുലീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷന്റെ വെബ്സൈറ്റ്വഴിയും ആമസോൺ, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ്/ഫ്രാഞ്ചൈസി മുതലായവ വഴിയും വിപണി സൗകര്യം ഒരുക്കിയിട്ടുണ്ട്. 2022 വർഷത്തെ ഓണക്കാലത്ത് സർക്കാർ നൽകിയ ഓണക്കിറ്റുകളിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 50 ഗ്രാം വരുന്ന 80 ലക്ഷത്തോളം കശുവണ്ടിപ്പരിപ്പ് പാക്കറ്റുകൾ ഉൾപ്പെടുത്തിയതുവഴി കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കശുവണ്ടിപ്പരിപ്പിന് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുന്നതിനും സാധിച്ചു. കാപ്പക്സും 50 ഗ്രാം വീതമുള്ള 20 ലക്ഷം കശുവണ്ടിപ്പരിപ്പ് പാക്കറ്റുകൾ ഇതിനായി നൽകി.

കാപ്പക്സ് ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും

യന്ത്രവൽക്കരണത്തിനുമായി 2022-23 വർഷത്തെ പദ്ധതി വിഹിതത്തിൽ 3.5 കോടി രൂപയും ബ്രാൻഡ് വികസനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ ആധുനികവത്കരണത്തിനായി 2 കോടി രൂപയും ബ്രാൻഡ് വികസനത്തിനായുള്ള 50 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അടഞ്ഞുകിടന്ന സ്വകാര്യ ഫാക്ടറികളിൽ നിന്നുള്ള 1509 തൊഴിലാളികളെ 2016-21 കാലയളവിൽ കാപ്പക്സിൽ നിയമിച്ചിട്ടുണ്ട്.

നിലവിൽ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം തോട്ടണ്ടിയുടെ ദൗർലഭ്യമാണ്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനാവശ്യമായ നാടൻ തോട്ടണ്ടി ലഭിക്കാത്ത സാഹചര്യത്തിൽ ഇടനിലക്കാരെ ഒഴിവാക്കി സംസ്ഥാനത്തിനുപുറത്തുനിന്നും വിദേശത്തുനിന്നും ഗുണമേന്മയുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾക്കും ആവശ്യമെങ്കിൽ സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കും തോട്ടണ്ടി ഇറക്കുമതി ചെയ്തുനൽകുന്നതിനായി 2017-ൽ സർക്കാർ കാഷ്യു ബോർഡ് രൂപീകരിച്ചിരുന്നു. കാഷ്യു ബോർഡ് രൂപീകരിക്കപ്പെട്ടതുമുതൽ

നാളിതുവരെയായി 51000 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത് കാഷ്യൂ കോർപ്പറേഷനും കാപ്പക്സിനും നൽകിയിട്ടുണ്ട്. 2023 വർഷം കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ടാൻസാനിയ, ഐവറി കോസ്റ്റ് തുടങ്ങിയ രാജ്യങ്ങളിൽനിന്നും സർക്കാർ മുഖാന്തരം നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. ഘാനയിൽനിന്നും 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് കാഷ്യൂ ബോർഡ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. ഐവറി കോസ്റ്റിൽനിന്നും 2023 സീസണിൽ സർക്കാർ മുഖാന്തരം നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി ചർച്ചകൾ നടത്തുകയും ഇതേത്തുടർന്ന് കേരള കാഷ്യൂ ബോർഡും Cotton and Cashew Council, Government of Cote D'Ivore-മായിച്ചേർന്ന് ഒപ്പിട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (MoU) പുതുക്കുന്നതിനുള്ള അനുവാദവും ഐവറി കോസ്റ്റിൽനിന്നും 15000 മെട്രിക് ടൺ തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനുള്ള അനുവാദവും നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാഷ്യൂ ബോർഡിന്റെ ആഗോള ടെണ്ടറുകളിൽ കൂടുതൽ സപ്ലയേഴ്സിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി

കാഷ്യൂ ബോർഡ് കേരള ബാങ്കുമായി ചർച്ച നടത്തുകയും SBI മുഖാന്തരം ടെണ്ടറുകളിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഇതുവഴി കാഷ്യൂ കോർപ്പറേഷനിലേയും കാപ്പക്സിലേയും തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ ലഭിക്കത്തക്കവിധം ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാനും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാനാവുന്നതുമാണ്.

കേരള കാഷ്യൂ ബോർഡ് സംഭരിക്കുന്ന തോട്ടണ്ടി പൊതുമേഖലയിലെ കശുവണ്ടി യൂണിറ്റുകൾക്കെന്നപോലെ സ്വകാര്യ മേഖലയിലെ യൂണിറ്റുകൾക്കും ലഭ്യമാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. ഇതിലൂടെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ തുടർച്ചയായി ഉറപ്പുവരുത്തുന്നതിനും ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. 2022-23 സാമ്പത്തിക വർഷം തോട്ടണ്ടി ഇറക്കുമതിക്കുള്ള പ്രവർത്തന മൂലധനമായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിന് സർക്കാർ 60.85 കോടി രൂപ വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 43.55 കോടി രൂപ ഈ ഇനത്തിൽ കാഷ്യൂ ബോർഡിന് വകയിരുത്തിയിട്ടുണ്ട്.

കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുക എന്ന

ലക്ഷ്യത്തോടെ, തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 2022-23 വർഷം 350 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ടി ഏജൻസിയുടെ പ്രവർത്തനഫലമായി 9300545 തൈകൾ 44864.8525 ഹെക്ടർ സ്ഥലത്ത് വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ മാതൃകാ കശുമാവിൻ തോട്ടത്തിന്റെ ഒരു യൂണിറ്റ് തിരുവനന്തപുരം നെട്ടുകാൽത്തേരിയിലെ തുറന്ന ജയിലിലും ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വ്യവസായത്തെ കൈപിടിച്ച് ഉയർത്തുന്നതിനായി മുൻസർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ എടുത്ത് NPA ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) നടപ്പാക്കുന്നതിന് ഈ സർക്കാർ ബാങ്കുകളുമായും വ്യവസായികളുമായും ട്രേഡ് യൂണിയനുകളുമായും വിവിധ തലങ്ങളിൽ നിരവധി ചർച്ചകൾ നടത്തുകയും ബാങ്കുകളും വ്യവസായികളുമായി സമവായത്തിലെത്തിയതിന്റെ

അടിസ്ഥാനത്തിൽ OTS പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. തുടർന്ന് വ്യവസായികളുടെ നിരന്തര ആവശ്യം മുൻനിർത്തി ബാങ്കുകളുമായി വ്യവസായികൾ കരാറിലേർപ്പെടാനുള്ള തീയതി 31-03-2022-ൽനിന്നും 31-12-2022 ആയി നീട്ടിനൽകുകയും ചെയ്തിരുന്നു.

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 37 കോടി രൂപ അനുവദിച്ചിരുന്നു. കോവിഡ് മഹാമാരിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്കുടെ പ്രവർത്തന മൂലധനത്തിനും ആധുനികീകരണത്തിനുള്ള മൂലധനസഹായത്തിനും പലിശസഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപയും കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയുമാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി

മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ധസമിതി സർക്കാർ രൂപീകരിച്ചിരുന്നു. ടി സമിതി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പെർട്ട് പ്രൊമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയ്ക്ക് അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഇതനുസരിച്ച് സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപ വിനിയോഗിച്ച് നിലവിൽ പ്രവർത്തനക്ഷമമായ സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കായി ചുവടെ പറയുന്ന മൂന്ന് ഹ്രസ്വകാല പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

1. പ്രവർത്തനബന്ധിത ഉത്തേജക പരിപാടി.

2. സ്ത്രീ സൗഹൃദ ഭൗതിക സാഹചര്യം സൃഷ്ടിക്കൽ/ നവീകരണം.

3. ഷെല്ലിംഗ് യൂണിറ്റുകളുടെ ആധുനികീകരണവും നവീകരണവും.

മേൽ പദ്ധതികൾപ്രകാരം തൊഴിലാളികളുടെ ESI-EPF ആനുകൂല്യങ്ങൾ നൽകാനായി 20 കോടി രൂപയും സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനായി 5 കോടി രൂപയും ഷെല്ലിംഗ് യൂണിറ്റുകളുടെ നവീകരണത്തിനായി 5 കോടി രൂപയും വിനിയോഗിക്കാൻ അനുമതി നൽകി.

കൂടാതെ സ്വകാര്യ മേഖലയിലെ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന/ആധുനികീകരണ മൂലധനമായി ബജറ്റിൽ വകയിരുത്തിയ 7 കോടി രൂപയ്ക്കും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മകൂടിയ നാടൻ തോട്ടണ്ടി ഭൂരിഭാഗവും നിലവിൽ സംസ്ഥാനത്തിന് പുറത്തേയ്ക്കാണ് പോകുന്നത്. ഇത് സംസ്ഥാനത്തിനകത്ത് പൊതുമേഖലയിലുൾപ്പെടെയുള്ള കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി 25-01-2023-ന് വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ,

ദേവസ്വവും പാർലമെന്ററികാര്യം, ധനകാര്യം, സഹകരണം, കൃഷി എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം വരുന്ന കശുവണ്ടി സീസണിൽ കർഷകർ, വിവിധ സർക്കാർ വകുപ്പുകൾക്കുകീഴിലുള്ള പൊതുമേഖലാ പ്ലാന്റേഷനുകൾ/ഫാമുകൾ എന്നിവിടങ്ങളിൽനിന്നും കിലോഗ്രാമിന് 114/- രൂപ നിരക്കിൽ നാടൻ തോട്ടണ്ടി സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം സഹകരണ സംഘങ്ങൾവഴിയും പൊതുമേഖലാ പ്ലാന്റേഷനുകളിലൂടെയും പരമാവധി 5000 മെട്രിക് ടൺ തോട്ടണ്ടി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരിൽനിന്നും നാടൻ തോട്ടണ്ടി സംഭരിക്കുമ്പോൾ സഹകരണ സൊസൈറ്റികൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും കർഷകർക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനുമായി കശുമാവ് കൃഷി വികസന ഏജൻസിക്ക് 2022-23 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 715 ലക്ഷം രൂപയിൽനിന്നും പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവന പാക്കേജിനായി 30 കോടി രൂപ

ഉൾപ്പെടെ ആകെ 58 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുടർപ്രവർത്തനങ്ങളിലൂടെ ടി മേഖലയിലെ പ്രശ്നങ്ങളും പ്രതിസന്ധികളും ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നതാണ്.

കശുവണ്ടിത്തൊഴിലാളികൾക്ക് കഴിഞ്ഞ 11 വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാർ വന്നതിനുശേഷവും ആകെ 84 കോടി രൂപ കാഷ്യൂ കോർപ്പറേഷന് അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് 2022 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കോർപ്പറേഷൻ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22 വർഷം കാപ്പക്സിന് ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണത്തിനായി നൽകിയ 9.57 കോടി രൂപ വിനിയോഗിച്ച് 2020 വരെയുള്ള കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിലെയും കാപ്പക്സിലെയും തൊഴിലാളികൾക്ക് മിനിമം വേജസ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള വേതനം, ബോണസ്, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾക്കുപുറമെ ഇ.എസ്.ഐ., ഇ.പി.എഫ്., ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും നൽകുന്നുണ്ട്.

ഇതുകൂടാതെ കശുവണ്ടി വികസന കോർപ്പറേഷനിലെ ക്യാൻസർ

ബാധിതരായ തൊഴിലാളികൾക്ക് കോർപ്പറേഷന്റെ ക്ഷേമ പദ്ധതിയിൽനിന്നും 'കനിവ്-2022' സ്കീമിൽപ്പെടുത്തി 5000/- രൂപയുടെ പ്രത്യേക ധനസഹായം നൽകിവരുന്നു.

ഇതുകൂടാതെ കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡുവഴി കശുവണ്ടിത്തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## കശുവണ്ടി ഉൽപ്പാദനം

186(6172) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കശുവണ്ടി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും കശുമാവ് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി 2007-ൽ സർക്കാർ കശുമാവ് കൃഷി വികസന ഏജൻസി രൂപീകരിച്ചിരുന്നു. 2008-09-ലെ 65000 മെട്രിക് ടൺ ആഭ്യന്തര ഉൽപ്പാദനത്തിൽനിന്ന് തോട്ടണ്ടി ഉൽപ്പാദനം 150000 മെട്രിക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ടൺ ആയി ഉയർത്തുക എന്നതാണ് ടി ഏജൻസിയുടെ ലക്ഷ്യം.

ഒരു ഹെക്ടറിൽനിന്നും Normal Density Planting-ലൂടെ 5 വർഷം കഴിയുമ്പോൾ 1 ടൺ ആദായമാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ 1,03,025 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കിയിട്ടുണ്ട്.

കേരള കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി നിലവിൽ താഴെപ്പറയുന്ന പദ്ധതികൾ നടത്തി വരുന്നു.

കാഷ്യൂ മോഡൽ ഗാർഡൻ: ഈ പദ്ധതിപ്രകാരം സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയുടെ കീഴിലുള്ള കശുമാവ് കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ Normal Density (ND), High Density(HD) എന്ന കൃഷി രീതികളിലൂടെ കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

കാഷ്യൂ മോഡൽ ഫാം

ഈ പദ്ധതി ഘടകത്തിൽ കർഷകർ, MGNREGS ഗ്രൂപ്പുകൾ, NGOs എന്നിവർക്ക് Normal Density (ND), High Density(HD) എന്നീ കൃഷി രീതിയിലൂടെ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം സാങ്കേതിക പരിജ്ഞാനംകൂടി നൽകിവരുന്നു.

<u>മുറ്റത്തൊരു കശുമാവ്</u>

കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, റസിഡൻസ് അസോസിയേഷൻ, കശുവണ്ടിത്തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതിയാണിത്. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന രീതിയിലുള്ള കശുമാവിൻ ഗ്രാഫ്റ്റുകൾ ഈ പദ്ധതിയിലൂടെ നൽകുന്നു.

<u>അതീവ സാന്ദ്രതാ കൃഷി</u>

കശുമാവിന്റെ നൂതന സാങ്കേതിക കൃഷി രീതി ഫീൽഡുതലത്തിൽ ട്രയലായി പരീക്ഷിക്കുന്ന Ultra High Density Planting എന്ന പദ്ധതി ഈ വർഷം മുതൽ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ഒരു ഹെക്ടർ സ്ഥലത്തേയ്ക്ക് 1100 കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. ഇതിന്റെ പരിപാലന മുറകൾ കെ.എസ്.എ.സി.സി. കർഷകർക്ക് നൽകുന്നു. Drip Irrigation സംവിധാനമുള്ള കർഷകരെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. ഇത്തരത്തിലുള്ള കൃഷി രീതിയിലൂടെ ഒരു ഹെക്ടറിൽനിന്നും ഒരു ടൺ കശുവണ്ടി മൂന്നാംവർഷം മുതൽ സ്ഥിരമായി ലഭിക്കുന്ന ഫീൽഡ് പരീക്ഷണ കൃഷി സംവിധാനത്തിന് തുടക്കം കുറിച്ചു. ഇത് വിജയിക്കുന്ന മുറയ്ക്ക് തുടർ

വർഷങ്ങളിൽ കൂടുതൽ കർഷകരെ ഇതിലേയ്ക്ക് ആകർഷിക്കുക, സ്ഥല പരിമിതിക്കതീതമായി ആഭ്യന്തര ഉൽപ്പാദനം കൂട്ടുക എന്നിവ ലക്ഷ്യമിടുന്നു.

വിവിധ പദ്ധതികളിലൂടെ 1152684 തൈകൾ കശുമാവ് കൃഷി വികസന ഏജൻസി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും 4 കോടി 80 ലക്ഷം രൂപയുടെ പദ്ധതി അനുവദിച്ചിട്ടുണ്ട്. 2021-22-ലെ സംസ്ഥാന ബജറ്റിൽ കശുമാവ് കൃഷി വികസനത്തിനായി 650 ലക്ഷം രൂപ നീക്കിവയ്ക്കുകയും അതിൽ 5 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 7 കോടി 15 ലക്ഷം രൂപ വകയിരുത്തിയതിൽ 3.50 കോടി രൂപ അനുവദിച്ചുനൽകി.

കൂടാതെ കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ച് അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെനിന്നും കശുമാവ് തൈകൾ കശുമാവ് കർഷകർക്കും കശുമാവ് കൃഷി വികസന ഏജൻസിക്കും 50 രൂപാ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടാതെ കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500-ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ,

ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ടം പദ്ധതിപ്രകാരം അത്യുൽപ്പാദനശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പെക്സിന്റെ പെരുമ്പുഴ ഫാക്ടറിയിലും മേൽത്തരം അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചുവരുന്നു.

## ദ്യുതി പദ്ധതി

187 (6173) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്യുതി പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവൃത്തികളുടെ പുരോഗതിയും അറിയിക്കാമോ?

ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018-2022 വർഷങ്ങളിൽ നടപ്പാക്കിയ ദ്യുതി-1 പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ എല്ലാവർക്കും

ലഭ്യമാക്കുക.

•വൈദ്യുതി സേവനം നൽകുന്നതിലുള്ള നഗര - ഗ്രാമ വിവേചനം ഒഴിവാക്കുക.

•വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക.

•ഏറ്റവും മെച്ചപ്പെട്ട സുരക്ഷാമാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക.

•പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക.

ദ്യുതിയുടെ ആദ്യഘട്ടമായ 2018 മുതൽ 2022 വരെ നടപ്പാക്കിയിരുന്ന പദ്ധതിയാണ് ദ്യുതി-1. ദ്യുതി-1 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 4139 കി.മീ. 11 കെ. വി. OH ലൈനും 1127 കി.മീ. 11 കെ.വി. എബിസി ലൈനും 582 കി.മീ. ഭൂഗർഭ കേബിളുകളും 41.3 കി.മീ. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും 3633 കി.മീ. എൽ.റ്റി. ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 6546 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 75249 km എൽ.ടി. ലൈനും 2684 km 11 കെ.വി. OH ലൈനും റീ-കണ്ടക്ടറിംഗ് നടത്തുകയും 6200 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ

പദ്ധതിയിൽ ഇതുവരെ 3416 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ രണ്ടാംഘട്ടമായ ദ്യുതി 2- ൽ (2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) ദ്യുതി-1 പദ്ധതിയുടെ ലക്ഷ്യങ്ങൾക്കുപുറമെ ചുവടെ ചേർത്തിട്ടുള്ള ലക്ഷ്യങ്ങൾകൂടി ഉൾപ്പെടുന്നു.

•നവീകരിച്ചതും കാര്യക്ഷമതയുള്ളതും അത്യാധുനികവും പരിസ്ഥിതികളോട് ഇണങ്ങുന്നതുമായ വൈദ്യുതി ചാലകം ഉറപ്പാക്കുക.

•ഇലക്ട്രിക് മൊബിലിറ്റിയുടെ വളർച്ച സുഗമമാക്കുക.

•വൈദ്യുത ചാലക ആസ്തികളുടെ GEO MAPPING ഉറപ്പുവരുത്തുക.

ദ്യുതി-2-ൽ 4016.10 കോടി രൂപയുടെ പദ്ധതി രൂപരേഖ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സേവനങ്ങൾ വാതിൽപ്പടിയിൽ എന്ന പദ്ധതി വൈദ്യുതി മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിപ്രകാരം ലഭിച്ച പരാതികളുടെ തീർപ്പാക്കൽ പുരോഗതി അറിയിക്കാമോ?

മെച്ചപ്പെട്ട ഉപഭോക്തൃ സേവനം ഉറപ്പുവരുത്തുന്നതിനായി,

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസിൽ എത്താതെതന്നെ പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ സേവനങ്ങൾ നൽകുന്നതിന് 'സേവനങ്ങൾ വാതിൽ പടിയിൽ' (Service at Door Step) എന്ന പദ്ധതി 2022 ആഗസ്റ്റ് മാസം മുതൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ സെക്ഷൻ ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ ഇതുവരെ 111862 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 111796 എണ്ണത്തിന്റെ നടപടികൾ പൂർത്തീകരിച്ചു. ബാക്കിയുള്ള 66 അപേക്ഷകളിന്മേലുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി കുറ്റമറ്റ രീതിയിൽ കൂടുതൽ ജനോപകാരപ്രദമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വൈദ്യുതിരംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വരുത്തുന്നതിനുമായി ഭൂഗർഭ കേബിളുകളും എ.ബി.സി. കണ്ടക്ടറുകളും കവേഡ് കണ്ടക്ടറുകളും ഉപയോഗിച്ചുകൊണ്ട് ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വിതരണരംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ദ്യുതി

പദ്ധതിയിലും കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള Revamped Distribution Sector Scheme (RDSS) എന്ന പദ്ധതിയിലും പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതികളിൽ Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈൻ നിർമ്മാണം, ആർ.എം.യു. സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. എന്നാൽ, താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി എച്ച്.ടി. വിതരണ ലൈനുകൾ അണ്ടർ ഗ്രൗണ്ട് കേബിളുകൾ/കവചിത ചാലകങ്ങൾ ആക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിച്ചിരിക്കുന്നത്. വൈദ്യുതി വിതരണത്തിനുള്ള എൽ.ടി. ലൈൻ നിർമ്മാണത്തിൽ Aerial Bunched Cable (ABC)/XLPE insulated കണ്ടക്ടറുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള മാറ്റങ്ങളും ഘട്ടംഘട്ടമായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പാക്കിവരുന്നു.

## ഹരിത ഊർജ്ജ വരുമാന പദ്ധതി

188(6174) <u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടാവശ്യത്തിനുള്ള വൈദ്യുതി സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിനുപുറമെ അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകി വരുമാനം ഉറപ്പാക്കുന്നതിനായി ഹരിത ഊർജ്ജ വരുമാന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളിൽ സൗജന്യ സോളാർ വൈദ്യുതീകരണത്തിനായി നൂതന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യമായി സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചുനൽകി ആവശ്യത്തിനുള്ള വൈദ്യുതി സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിനുപുറമെ, വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകി വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച പദ്ധതിയാണ് 'ഹരിത ഊർജ്ജ വരുമാന പദ്ധതി'. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 305 പാവപ്പെട്ട കുടുംബങ്ങൾക്കും ലൈഫ് മിഷൻവഴി നിർമ്മിച്ച 700-ഓളം വീടുകളിലും ആവശ്യത്തിനുള്ള വൈദ്യുതി സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിനുപുറമെ, വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകി വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ്. ഈ

പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ പട്ടികജാതി വകുപ്പ് നൽകിയ പട്ടികയിൽനിന്നും 305 വീടുകളിൽ ഓരോന്നിലും 3 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ നിലയങ്ങൾ അനെർട്ട്വഴി സൗജന്യമായി നിർമ്മിച്ചുനൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന APPC നിരക്കിനനുസരിച്ചാണ് സൗരോർജ്ജ ഉത്പാദകർക്ക് അവർ നൽകുന്ന അധിക വൈദ്യുതിക്ക് unit നിരക്ക് നൽകാറുള്ളത്.

പാലക്കാട് കുഴൽമന്ദം, നൊച്ചുള്ളി ഹരിജൻ നായാടി കോളനിയിലെ 18 വീടുകളിലായി 2kw വീതമുള്ള പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ (ആകെ 36 KW) സ്ഥാപിക്കുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയുടെ 40 ശതമാനം കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടുകൂടിയും ഉപഭോക്തൃ വിഹിതമായി അടയ്ക്കേണ്ട ശേഷിക്കുന്ന തുക പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിനിയോഗ ഫണ്ടുപയോഗിച്ചുമാണ് സ്ഥാപിച്ചിട്ടുള്ളത്.

പാലക്കാട് നല്ലേപള്ളി അണ്ണംതോട്, കോഴിക്കോട് ഗോവിന്ദപുരം പി. കെ. തൊടി, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലെ ആറ് പട്ടികജാതി കോളനികൾ ഇവയിൽ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളിൽ

സൗജന്യ സോളാർ വൈദ്യുതീകരണത്തിന്റെ അനുമതിക്കായി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. 2016-ൽ സർക്കാർ ഫണ്ടുപയോഗിച്ച് അഗളി, ചാളിയൂർ പട്ടികവർഗ്ഗ കോളനിയിൽ 98 KW പുരപ്പുറ സോളാർ സ്ഥാപിച്ചിട്ടുണ്ട്.

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ സ്ഥാപനങ്ങൾ**

**189**(6175) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ സഹിതം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ?

(എ&ബി) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. എൽ.-നുകീഴിലുള്ള സ്ഥാപനങ്ങളുടെ പേരുവിവരം, അവയിലെ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള

തസ്തികകൾ എന്നീ വിവരങ്ങൾ അനുബന്ധം-1+ ആയി ചേർത്തിരിക്കുന്നു.

പട്ടം വൈദ്യുതി ഭവനിലുള്ള ഓഫീസുകളിലെ ഔദ്യോഗിക മൊബൈൽ നമ്പരും ഇ-മെയിൽ വിലാസവും ഓഫീസ് വിലാസവും അനുബന്ധം - 2+ ആയി ചേർക്കുന്നു.

പ്രസരണ വിഭാഗത്തിനുകീഴിൽ വരുന്ന ഓഫീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 66 കെ.വി. സബ്സ്റ്റേഷൻ, വട്ടിയൂർക്കാവ്

മേൽവിലാസം - അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,

66 കെ.വി. സബ്സ്റ്റേഷൻ വട്ടിയൂർക്കാവ്, നെട്ടയം പി.ഒ., തിരുവനന്തപുരം - 695013

ഫോൺ നമ്പർ-0471 2365049, 9446008134

ഇ.മെയിൽ -ae66kVSSvtkv@gmail.com

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഔദ്യോഗിക മൊബൈൽ നമ്പർ - 9446008936

2. 33 കെ.വി സബ്സ്റ്റേഷൻ, വൈദ്യുതി ഭവൻ

മേൽവിലാസം -33 കെ.വി. സബ്സ്റ്റേഷൻ, വൈദ്യുതി ഭവനം, പട്ടം പി.ഒ.,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തിരുവനന്തപുരം.

ഫോൺ നമ്പർ - 9496011728

ഇ.മെയിൽ - vbptss@gmail.com

66 കെ.വി. GIS LA Complex സബ്സ്റ്റേഷനിലെ ചുമതല അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. ടിയാന്റെ ഔദ്യോഗിക മൊബൈൽ നമ്പർ – 9446008911.

വിതരണ മേഖലയിലുള്ള ഓഫീസുകളിലെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

വട്ടിയൂർക്കാവ് മണ്ഡലത്തിലുള്ള അനെർട്ടിന്റെ ആസ്ഥാന കാര്യാലയവും തിരുവനന്തപുരം ജില്ലാ കാര്യാലയവുമായി ബന്ധപ്പെട്ട വിവരം അനുബന്ധം - 3+ ആയി ചേർത്തിരിക്കുന്നു.

25-02-2021-ലെ G.O.(Ms)No.8/2021/POWER നമ്പർ ഉത്തരവുപ്രകാരം അനെർട്ടിലെ പുനഃസംഘടന സർക്കാർ അംഗീകരിച്ചതുപ്രകാരം അനെർട്ട് ആസ്ഥാന കാര്യാലയത്തിലും തിരുവനന്തപുരം ജില്ലാ കാര്യാലയത്തിലും അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ അനുബന്ധം-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

4[+] ആയും ചേർത്തിരിക്കുന്നു.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതുസംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ വിതരണ വിഭാഗത്തിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നില്ല, മറിച്ച് പ്രവൃത്തികൾക്കാണ് കരാർ നൽകുന്നത്. ഇതിനായി സുതാര്യവും മത്സരസ്വഭാവവുമുള്ള ടെണ്ടർ/ക്വട്ടേഷൻ സംവിധാനമാണ് നിലവിലുള്ളത്. പ്രവൃത്തിയുടെ ഏകദേശ മൂല്യം (Probable Amount of Contract-PAC) മുൻകൂട്ടി കണക്കാക്കി പ്രവൃത്തിയുടെ വിശദവിവരത്തോടൊപ്പം പ്രസിദ്ധീകരിക്കുകയും പ്രവൃത്തി ഏറ്റെടുക്കാൻ താല്പര്യമുള്ളവരിൽനിന്നും ക്വട്ടേഷൻ/ദർഘാസുകൾ ക്ഷണിക്കുകയുമാണ് പതിവ്.

പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ജോലിയുടെ സ്വഭാവം, മറ്റ് മാനദണ്ഡങ്ങൾ എന്നിവ അനുസരിച്ചാണ്. ഉദാഹരണത്തിന് സ്വീപ്പറുടെ ജോലിയാണെങ്കിൽ വൃത്തിയാക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതി അനുസരിച്ചും മീറ്റർ റീഡറുടെ ജോലിയാണെങ്കിൽ റീഡിംഗിന്റെ എണ്ണവും റീഡിംഗ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എടുക്കുന്ന സ്ഥലം, അർബൻ/ റൂറൽ എന്നിവ അനുസരിച്ചുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നത്.

പ്രവൃത്തി ഏറ്റെടുക്കാൻ താൽപ്പര്യമുള്ളവരിൽനിന്നും ക്വട്ടേഷൻ/ ദർഘാസുകൾ ക്ഷണിക്കുകയും താൽപ്പര്യമുള്ള വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയ്ക്ക് അല്ലെങ്കിൽ അതിൽനിന്നും കൂടുതലോ കുറവോആയ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകുന്നവരിൽനിന്നും ലഭിക്കുന്ന ക്വട്ടേഷൻ/ദർഘാസുകളിൽ മെച്ചപ്പെട്ടതിനെ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുകയാണ് പതിവ്.

പ്രസരണ മേഖലയിൽ ഒഴിവുകളുള്ള തസ്തികകളിലെ ജോലികൾ കരാർ അടിസ്ഥാനത്തിൽ ടെണ്ടർ/ക്വാട്ടേഷൻ ക്ഷണിച്ചാണ് നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുന്നത്. പരമാവധി മൂന്നുമാസംവരെയാണ് ഒരു കരാറിന്റെ കാലാവധി. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ലേബർ സപ്ലൈ ചെയ്യാൻ തയ്യാറായി വരുന്ന കരാറുകാരനാണ് വർക്ക് ഓർഡർ നൽകുന്നത്. വർക്ക് ബില്ലിനെ അടിസ്ഥാനപ്പെടുത്തിയാണ് വേതനം നൽകുന്നത്.

പട്ടം വൈദ്യുതി ഭവനിൽ ഈ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ അനുബന്ധം-5+ ആയി ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനെർട്ട് ആസ്ഥാന കാര്യാലയത്തിലും തിരുവനന്തപുരം ജില്ലാ കാര്യാലയത്തിലുമായി വിവിധ സേവന വ്യവസ്ഥകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കരാർ വ്യവസ്ഥ | - | 26 |
| താൽക്കാലിക വ്യവസ്ഥ | - | 7 |
| ദിവസ വേതന വ്യവസ്ഥ | – | 2 |
| അന്യത്ര സേവന വ്യവസ്ഥ | - | 5 |

**പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി**

190(6176) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2030-ഓടെ സംസ്ഥാനത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ നാൽപ്പത് ശതമാനവും പുനരുപയോഗ സ്രോതസ്സിൽ നിന്നാകണമെന്ന് കേന്ദ്ര സർക്കാർ നിർദേശിക്കുകയുണ്ടായോ; അറിയിക്കുമോ?

22-07-2022 -ലെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് F.No. 09/13/2021-RCM പ്രകാരം, 2029-30-ഓടുകൂടി സംസ്ഥാനം ഉപയോഗിക്കുന്ന വൈദ്യുതിയുടെ 43.33 ശതമാനം പുനരുപയോഗ ഊർജ്ജ സ്ത്രോതസ്സുകളിൽ നിന്നാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം സൗരോർജ്ജം,

ജലവൈദ്യുത പദ്ധതികൾ, (ചെറുകിട ജല വൈദ്യുത പദ്ധതികൾ, 2019-നുശേഷമുള്ള വൻകിട ജല വൈദ്യുത പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു) കാറ്റിൽ നിന്നുള്ള വൈദ്യുതി പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു.

പ്രസ്തുത ഉത്തരവുപ്രകാരം വിവിധ പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ കണക്ക് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കാറ്റ് | ജലവൈദ്യുത പദ്ധതി | മറ്റുപുനരുപയോഗ പദ്ധതികൾ | ആകെ |
|---|---|---|---|---|
| 2029-30 | 6.94% | 2.82% | 33.57% | 43.33% |

(ബി) ഇത്തരമൊരു നിർദ്ദേശം എന്നാണ് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭിച്ചതെന്നും ഇതോടൊപ്പം മറ്റ് എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനത്തിന് നൽകിയിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ MNRE ഗൈഡ്‌ലൈൻ അനുബന്ധം – I+ ആയി ചേർക്കുന്നു.

(സി) നിലവിൽ സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന ആകെ വൈദ്യുതിയുടെ എത്ര ശതമാനമാണ് പുനരുപയോഗ സ്രോതസ്സുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിന്നുള്ളതെന്ന് സ്രോതസ്സുകളുടെ ഇനം തിരിച്ച് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾപ്രകാരം പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനത്തിന്റെ കണക്കുകൾ താഴെ ചേർക്കുന്നു.

•ജലവൈദ്യുത നിലയങ്ങൾ (25 MW-ൽ താഴെ സ്ഥാപിതശേഷിയുള്ളവ) – 876.478 ദശലക്ഷം യൂണിറ്റ്.

•സൗരോർജ്ജ നിലയങ്ങൾ (1 MW-നുമുകളിൽ സ്ഥാപിതശേഷിയുള്ളവ) – 230.01 ദശലക്ഷം യൂണിറ്റ്.

•കാറ്റാടിപ്പാടങ്ങൾ (1 MW-നുമുകളിൽ സ്ഥാപിതശേഷിയുള്ളവ) – 131.31 ദശലക്ഷം യൂണിറ്റ്.

•കോ-ജനറേഷൻ (1 MW-നുമുകളിൽ സ്ഥാപിതശേഷിയുള്ളവ) – 49.06 ദശലക്ഷം യൂണിറ്റ്.

കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും ലഭ്യമായ പുനരുപയോഗ സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി ഏകദേശം 203.664 ദശലക്ഷം യൂണിറ്റ് ആയിരുന്നു. (ദീർഘകാല കരാർ - 198.634 ദശലക്ഷം യൂണിറ്റ്; GDAM purchase – 5.03 ദശലക്ഷം യൂണിറ്റ്)

ഡിസംബർ മാസംവരെ ലഭ്യമായ കണക്കുകൾപ്രകാരം ആകെ

ഉപയോഗിച്ച വൈദ്യുതിയുടെ 8.08 ശതമാനം റിന്യൂവബിൾ ഊർജ്ജത്തിൽ നിന്നുമാണ്. ഇതിൽ 1.52 ശതമാനം കാറ്റിൽനിന്നും 4.11 ശതമാനം ചെറുകിട ജല വൈദ്യുതി നിലയങ്ങളിൽനിന്നും 2.44 ശതമാനം സൗരോർജ്ജ വൈദ്യുതിയിൽ നിന്നുമാണ്.

(a) REES ground mounted plants of capacity less than 1 MW = 0.435 MU

(b)REES Roof Top plants = 0.273 MU

(c) solar grid connected consumers = 33.56 MU

TOTAL = 34.268 MU

(ഡി) കേന്ദ്ര നിർദ്ദേശപ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനം നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേന്ദ്രസർക്കാരിന്റെ നിർദ്ദേശം നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു.

**സൗര പുരപ്പുറ സൗരോർജ്ജ പദ്ധതി**

സൗര പദ്ധതിയിലേയ്ക്ക് പൊതുജന ശ്രദ്ധ പിടിച്ചുപറ്റാനും പദ്ധതിയിലേയ്ക്ക് ചേരാനുമായി കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ

സെക്ഷനുകളിലും സബ്ഡിവിഷനുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻവേണ്ടി സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവെർട്ടർ നിർമ്മാതാക്കളുടെയും അവലോകനങ്ങൾ സംഘടിപ്പിക്കുകയും പദ്ധതി നടത്തിപ്പിന് നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തു. സൗര പദ്ധതി ഗവൺമെന്റ് ജീവനക്കാരുടെയിടയിൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും കളക്ടറേറ്റുകൾതോറും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയുണ്ടായി.

ഇത്തരം പ്രവർത്തനങ്ങളിലൂടെ സൗര പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ നിലവിൽ 135.8 MW-ന്റെ അധിക വൈദ്യുതി ഗ്രിഡുമായി കൂട്ടിച്ചേർത്തിട്ടുണ്ട്.

**സൗരോർജ്ജ പദ്ധതി**

സംസ്ഥാനത്ത് നിലവിൽ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിതശേഷി 746 MW ആണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ഭൂമിയിൽ സ്ഥാപിക്കുന്ന ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ, വീടുകളുടെ പുരപ്പുറങ്ങളിൽ സൗരോർജ്ജ പാനലുകൾ

സ്ഥാപിക്കുന്ന 'സൗര' പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽ ബാങ്ക്, കനാൽ ടോപ്പ്, ചാർജ്ജിംഗ് സ്റ്റേഷനുകളിലുള്ള കനോപ്പിയിൽ സ്ഥാപിക്കുന്ന സോളാർപ്ലാന്റുകൾ തുടങ്ങിയ സൗരോർജ്ജ പദ്ധതികൾ വിപുലമാക്കി വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ., താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ 14MW-ന്റെ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനുള്ള LoA, M/s. ഇൻകെൽ എന്ന സ്ഥാപനത്തിന് നൽകി. കഞ്ചിക്കോട് നിലവിലുള്ള 2.025 MW-ന്റെ കാറ്റാടി നിലയം 3 x 2 MW എന്ന സ്ഥാപിത ശേഷിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു.

പാരമ്പര്യേതര ഊർജ്ജ ഉല്പാദന ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പദ്ധതികൾ അനെർട്ട് മുഖേന ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സബ്സിഡിയോടെ, കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പവർ പ്ലാന്റ് പദ്ധതിയിൽ 25 മെഗാവാട്ട് ശേഷിയുള്ള ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അവരുടെ ജീവിതസാഹചര്യവും

വരുമാനവും മെച്ചപ്പെടുത്തുന്നതിന് ഹരിത ഊർജ്ജ വരുമാന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ലൈഫ് മിഷൻ പദ്ധതിപ്രകാരം നിർമ്മിച്ച 700 വീടുകളിൽ രണ്ട് കിലോവാട്ട് വീതവും പട്ടികജാതി വകുപ്പ് നിർമ്മിച്ചുനൽകിയ 305 വീടുകളിൽ മൂന്ന് കിലോവാട്ട് വീതവും ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം പൂർത്തിയായി.

സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/ കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം നടപ്പാക്കിവരുന്നു. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ സോളാർ സിറ്റിയായി തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ മുഴുവൻ വൈദ്യുതി ആവശ്യവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്ന് നിറവേറ്റുകയാണ് ലക്ഷ്യം. തിരുവനന്തപുരം സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് കോർപ്പറേഷൻ പരിധിയിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ട് നടപ്പാക്കിവരുന്നു. ഇതിൽ 5.7 മെഗാവാട്ട് ശേഷിയുള്ള പവർ

പ്ലാന്റുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകുകയും 3.5 മെഗാവാട്ട് പവർ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പാക്കിവരുന്നു. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ 2019-നുശേഷം ആരംഭിച്ച/തുടങ്ങുന്ന ജലവൈദ്യുത പദ്ധതികൾകൂടി പുനരുപയോഗ സ്രോതസ്സിൽ ഉൾപ്പെടുന്നതാണ്.

(ഇ) ഈ ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന ധനസഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

'സൗര' സബ്സിഡി പദ്ധതി, MNRE (കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ)-യുടെ സാമ്പത്തിക സഹായത്തോടെയാണ്

നടപ്പാക്കുന്നത്. ഇതിൽ 40 ശതമാനം MNRE സബ്സിഡിയും ശേഷിച്ച തുക സ്വകാര്യ നിക്ഷേപവുമായാണ് ഗാർഹിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സൗരനിലയങ്ങൾ സ്ഥാപിക്കുന്നത്. കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ച സബ്സിഡിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2021-22 | - | 10,49,08,500 |
| 2021-22 | - | 11,08,80,000 |
| 2022-23 | – | 39,31,20,000 |
| 2022-23 | - | 50,40,00,000 |
| Total | - | 111,29,08,500 |

**പി. എം. കുസും പദ്ധതി**

സൗരോർജ്ജ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പദ്ധതികളിൽ ഒന്നാണ് പി. എം. കുസും പദ്ധതി. ഈ പദ്ധതിയുടെ component A നടപ്പാക്കുന്നതിന്റെ ഭാഗമായി കർഷകരുടെ തരിശുനിലങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 40 മെഗാവാട്ടിന്റെ താരിഫ് അധിഷ്ഠിത ബിഡ് ക്ഷണിക്കുകയും ഇതിൽ 5.5 മെഗാവാട്ടിന്റെ work order 19-08-2022-ൽ കർഷകർക്ക് നൽകുകയും ചെയ്തു. തൽപ്പരരായ കർഷകർക്കും ഡെവലപ്പർമാർക്കും കർഷകരുടെ

ഭൂമിയിൽ സൗരവൈദ്യുതി ഉൽപ്പാദിപ്പിക്കുകയും കെ.എസ്.ഇ.ബി.എൽ.-ന് നൽകുകയും ചെയ്യാനുതകുന്നതാണ് ഈ പദ്ധതി. കൂടാതെ PM-KUSUM component C പദ്ധതിയുടെ ഫീഡർതല സൗരോർജ്ജവത്കരണത്തിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം ഭൂമിയിൽ കേന്ദ്ര ധനസഹായവും കെ.എസ്.ഇ.ബി.എൽ. ഫണ്ടുപയോഗിച്ചുകൊണ്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് 11 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് 29-11-2022-ൽ എഗ്രിമെന്റ് വയ്ക്കുകയും പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കും 1 മെഗാവാട്ടിന് 1.05 കോടി രൂപയാണ് കേന്ദ്രധനസഹായം പ്രതീക്ഷിക്കുന്നത്.

ഇതുകൂടാതെ പാലക്കാട് ജില്ലയിലെ മൂങ്കിൽമടയിൽ കേരള വാട്ടർ അതോറിറ്റിയുടെ 36 ഏക്കർ സ്ഥലത്ത് 6 മെഗാവാട്ട് solar plant സ്ഥാപിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു.

പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയുമായി ബന്ധപ്പെട്ട് നിലവിൽ കെ.എസ്.ഇ.ബി.എൽ., കേരളത്തിനുള്ളിൽ നിന്നുള്ള സ്വകാര്യ ഉൽപ്പാദന നിലയങ്ങളിൽനിന്നുള്ള (Wind, Solar, Hydel) പുരപ്പുറ സൗരോർജ്ജം എന്നിവയിൽനിന്ന് 1103 MW വൈദ്യുതിയും പുറത്തുനിന്നും

സോളാർ എനർജി കോർപ്പറേഷൻ വഴിയും 200 MW (Wind) വൈദ്യുതിയും ലഭിക്കുന്നുണ്ട്. കൂടാതെ സൗരോർജ്ജ വൈദ്യുതിക്കായി സോളാർ എനർജി കോർപ്പറേഷനുമായി 300 മെഗാവാട്ടിനും TP Sourya-യുമായി 110 മെഗാവാട്ടിനും കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽനിന്നുള്ള വൈദ്യുതി ഈ വർഷം മുതൽ ലഭ്യമായിത്തുടങ്ങും. കൂടാതെ NTPC-യുമായി 90 MW സൗരോർജ്ജ വൈദ്യുതി 25 വർഷത്തേയ്ക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഈ ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി സംസ്ഥാനം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകാമോ?

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം നടപ്പാക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

**സൗര പദ്ധതി**

സൗര പദ്ധതിയിലേയ്ക്ക് പൊതുജനശ്രദ്ധ പിടിച്ചുപറ്റാനും പദ്ധതിയിലേയ്ക്ക് ചേരാനുമായി കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും സബ്ഡിവിഷനുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻവേണ്ടി സോളാർ പാനൽ നിർമ്മാതാക്കാളുടെയും inverter

നിർമ്മാതാക്കളുടെയും അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും പദ്ധതി നടത്തിപ്പിന് നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുകയും പ്രശ്നപരിഹാരം കണ്ടെത്തുകയും ചെയ്തു. സൗരപദ്ധതി ഗവൺമെന്റ് ജീവനക്കാരുടെയിടയിൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കളക്ടറേറ്റുകൾതോറും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ സൗര പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ നിലവിൽ 135.8 MW-ന്റെ അധിക വൈദ്യുതി ഗ്രിഡുമായി കൂട്ടിച്ചേർത്തിട്ടുണ്ട്.

**സൗരോർജ്ജ പദ്ധതി**

ഈ പദ്ധതിപ്രകാരം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ അനുബന്ധം-II+ ആയി ചേർത്തിരിക്കുന്നു.

## ഭൂമിക്കടിയിലൂടെ വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്ന നടപടി

**191**(6177) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിക്കടിയിലൂടെ വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ 25 സർക്കിളുകളിൽ നിലവിലുള്ള എച്ച്.ടി. ഭൂഗർഭ കേബിളുകളുടെ വിവരം അനുബന്ധം-1[+] ആയി ചേർക്കുന്നു.

RAPDRP പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരപ്രദേശങ്ങളിലെ എച്ച്.ടി. വൈദ്യുതി ശൃംഖല അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കി മാറ്റിയിട്ടുണ്ട്.

ഭൂമിക്കടിയിലൂടെ പൂർത്തിയാക്കിയിട്ടുള്ള വൈദ്യുതി കേബിളുകളുടെ വിവരങ്ങൾ ട്രാൻസ്മിഷൻ സർക്കിൾ തിരിച്ച് താഴെചേർക്കുന്നു.

| നം. | ട്രാൻസ്മിഷൻ സർക്കിൾ | 220 കെ.വി. (നീളം കി.മീ.) | 110 കെ.വി. (നീളം കി.മീ.) | 66 കെ.വി. (നീളം കി.മീ.) | 33 കെ.വി. (നീളം കി.മീ.) |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | - | 23.65 | 29.155 | 65.12 |
| 2. | കൊട്ടാരക്കര | | 5.85 | | |
| 3. | തൊടുപുഴ | | | | 2.4 |
| 4. | കളമശ്ശേരി | 12 | 4 | 2.75 | 4 |
| 5. | കോഴിക്കോട് | | 29.165 | 7.54 | 37.6 |
| 6. | പാലക്കാട് | - | - | - | 4.924 |
| 7. | മലപ്പുറം | | 0.741 | - | - |
| 8. | കണ്ണൂർ | | - | - | 24.5 |
| | **ആകെ** | **12** | **63.406** | **39.445** | **138.544** |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പുതുതായി എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും മറ്റ് സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി എച്ച്.ടി. വൈദ്യുതി ലൈനുകൾ ABC/അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കാനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. 2022-23 മുതൽ 2026-27 വരെ നടപ്പാക്കുന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതിയായ ദ്യുതി 2, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS എന്നിവയിൽ ഉൾപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ എച്ച്.ടി. ഭൂഗർഭകേബിളുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സുരക്ഷയും വൈദ്യുതിഗുണമേന്മയും വർദ്ധിപ്പിക്കാനായി വൃക്ഷ നിബിഡമായ പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന നീണ്ട ലൈൻ റൂട്ടുകൾ, വോൾട്ടേജ് പ്രശ്നങ്ങൾ കൂടുതലായുള്ള പ്രദേശങ്ങൾ, ഹോസ്പിറ്റലുകൾ, വ്യവസായ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ലോഡ് സെന്ററുകൾ, മൾട്ടി സർക്യൂട്ട് ലൈനുകൾ, fag end-ലെ ലൈനുകൾ എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് എബിസി/ഭൂഗർഭ

കേബിളുകളാക്കി മാറ്റാനുള്ള പ്രവൃത്തികൾ ദ്യുതി-2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദ്യുതി-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്ന 693.32 km എച്ച്.ടി. ഭൂഗർഭ കേബിളുകളുടെ ഇലക്ട്രിക്കൽ സർക്കിൾ തിരിച്ചുള്ള കണക്ക് അനുബന്ധം - 2+ ആയി ചേർക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS/SCADA പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, കണ്ണൂർ, തൃശ്ശൂർ എന്നീ കോർപ്പറേഷനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. RDSS പദ്ധതിയിൽ ഉൾപ്പെട്ട "വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിന്" അംഗീകാരം ലഭിച്ച പ്രവൃത്തികളിൽ 54 km HT ഭൂഗർഭ കേബിൾ നിർമ്മാണം ഉൾപ്പെട്ടിട്ടുണ്ട്. RDSS-ന്റെ ഭാഗമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ച ഉപ-പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള പദ്ധതി (modernisation works)-യിലും 519 km HT ഭൂഗർഭ കേബിൾ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം മുതൽ കൊട്ടിയംവരെ 10.5 കിലോമീറ്റർ 110 കെ.വി. യു.ജി. കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. പെരിനാട് മുതൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാവനാട്ടുവരെ 8.5 കിലോമീറ്റർ 110 കെ.വി.ജി. കേബിൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

RDSS ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി തൊടുപുഴ ട്രാൻസ്മിഷൻ സർക്കിളിന്റെ പരിധിയിൽ നെടുങ്കണ്ടം മുതൽ വണ്ടൻമേടുവരെ 33 കെ.വി. യു.ജി. കേബിൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ട്രാൻസ്മിഷൻ സർക്കിളിനുകീഴിൽ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ചക്കിട്ടപ്പാറ സബ്സ്റ്റേഷനിലേയ്ക്ക് പ്രസരണം ചെയ്യുന്നതിനുവേണ്ടി 4 കി.മീ. ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ RDSS-ൽ നല്ലളത്തുനിന്ന് ഫറോക്ക് സബ്സ്റ്റേഷനിലേയ്ക്ക് 7 കി.മീ. 33 കെ.വി ഭൂഗർഭ ലൈൻ പ്രവൃത്തിയുടെ ടെണ്ടർ പുരോഗമിച്ചുവരുന്നു.

മലപ്പുറം ട്രാൻസ്മിഷൻ സർക്കിളിനുകീഴിൽ RDSS പദ്ധതിയിൽ നിലമ്പൂരിൽനിന്ന് അകംപാടത്തേയ്ക്ക് 1 കി.മീ. 33 കെ.വി. ഭൂഗർഭ ലൈൻ പ്രവൃത്തിയുടെ ടെണ്ടർ പുരോഗമിച്ചുവരുന്നു.

തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, പൂവൻതുരുത്ത്, തൊടുപുഴ, കളമശ്ശേരി, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ,

ജില്ലകളിലെ ട്രാൻസ്മിഷൻ മേഖലയിൽ RDSS രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ നൽകിയിട്ടുള്ള പദ്ധതികളിൽ ഭൂഗർഭ വൈദ്യുതി കേബിളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ കീഴിൽ വിഴിഞ്ഞം മുതൽ മുട്ടത്തറ വരെ 12 കി.മീ., മുട്ടത്തറ മുതൽ വേളിവരെ 19 കി.മീ., TERLS സബ്സ്റ്റേഷൻ മുതൽ മെഡിക്കൽ കോളേജുവരെ 12 കി.മീ. 110 കെ.വി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കാമോ?

സുരക്ഷയും വൈദ്യുതി ഗുണമേന്മയും വർദ്ധിപ്പിക്കുക, ഊർജ്ജ നഷ്ടം കുറയ്ക്കുക തുടങ്ങിയവയാണ് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴി ലക്ഷ്യമിടുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ പ്രത്യേക പരിഗണന കൊടുക്കേണ്ട സ്ഥലങ്ങളിൽ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായും ഓവർ ഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകളാക്കി മാറ്റാറുണ്ട്.

കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അപകടരഹിതവും തടസ്സരഹിതവുമായി വൈദ്യുതി നൽകാൻ സാധിക്കുന്നു.

(ഡി) വാമനപുരം മണ്ഡലത്തിൽ എവിടെയെല്ലാം പ്രസ്തുത പദ്ധതി

നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിനുകീഴിൽ കല്ലറ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പാലോട് സബ്സ്റ്റേഷൻ മുതൽ ഭരതന്നൂർവരെ 5.5 കിലോമീറ്ററും പാലോട് സബ്സ്റ്റേഷൻ മുതൽ അരുവിപ്പുറംവരെ 17.5 കിലോമീറ്ററും വെഞ്ഞാറമൂട് സെക്ഷന്റെ കീഴിൽ ഗോകുലം മെഡിക്കൽ കോളേജിനുവേണ്ടി 5.5 കിലോമീറ്ററും UG കേബിൾ സ്ഥാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം ട്രാൻസ്മിഷൻ സർക്കിളിനുകീഴിൽ വാമനപുരം അസംബ്ലി നിയോജകമണ്ഡലത്തിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പദ്ധതികളൊന്നുംതന്നെ നിലവിലില്ല.

## സ്വകാര്യ മേഖലയിലെ ജലവൈദ്യുത പദ്ധതികൾ

192(6178) ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ജലവൈദ്യുത പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് നിലവിൽ KSEBL-മായി പവർ പർച്ചേസ് എഗ്രിമെന്റ് വച്ചിട്ടുള്ള 7 സ്വകാര്യ ജല വൈദ്യുതി നിലയങ്ങളാണുള്ളത്.

ഇവയിൽ നിന്നെല്ലാംകൂടി പ്രതിദിനം 45.5 മെഗാവാട്ട് വൈദ്യുതിക്കാണ് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കൂടാതെ മണിയാർ (12MW), കുത്തുങ്കൽ (21MW) എന്നീ സ്വകാര്യ ക്യാപ്റ്റീവ് ജല വൈദ്യുതി നിലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധം 1+-ൽ നൽകിയിട്ടുണ്ട്.

(ബി) സ്വകാര്യ മേഖലയിൽ പുതുതായി പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം; വിശദമാക്കാമോ?

ഉണ്ട്. അനുമതി നൽകാൻ കഴിയുന്ന ഒരു അപേക്ഷ പരിഗണനയിലുണ്ട്.

സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദന മാർഗ്ഗമായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതൽ നടപ്പിൽ വരുത്തുന്നതിനും നിലവിൽ അനുവദിച്ച പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ സംസ്ഥാന ചെറുകിട ജലവൈദ്യുത നയം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകരെ ആകർഷിക്കാനുതകുന്ന പ്ലാന്റ് ലോഡ് ഫാക്ടർ (PLF) കൂടിയ ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി സ്വകാര്യ വ്യക്തികളെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആകർഷിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(സി) സ്വകാര്യ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ആരാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫിൽ KSEBL-മായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ നിലയങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി KSEBL വാങ്ങി കേരളത്തിലെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ട്.

(ഡി) സ്വകാര്യ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നുണ്ടോയെന്നും എങ്കിൽ എന്ത് നിരക്കിലാണ് വാങ്ങുന്നതെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വാങ്ങുന്നുണ്ട്. KSERC അംഗീകരിച്ച താരിഫിൽ സ്വകാര്യ ജല വൈദ്യുതി നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്ന നിരക്കിന്റെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| നമ്പർ | ഊർജ്ജോത്പാദന നിലയങ്ങൾ | ശേഷി മെഗാവാട്ടിൽ (MW) | പവർ പർച്ചേസ് നിരക്ക് (Rs/Kwh) |
|---|---|---|---|
| 1 | Ullunkal (EDCL) | 7 | 2.44 |
| 2 | Iruttukanam-I | 3 | 2.07 |

| | | | |
|---|---|---|---|
| 3 | Iruttukanam Stage-II | 1.5 | 2.07 |
| 4 | Karikkayam (AHPL) | 15 | 4.16 |
| 5 | Meenvallom (PSHCL) | 3 | 4.88 |
| 6 | Pathamkayam (MREPPL) | 8 | 3.49 (ഇടക്കാല താരിഫ്) |
| 7 | Anakampoyil | 8 | 4.0 (ഇടക്കാല താരിഫ്) |

**കെ.എസ്.ഇ.ബി. സെക്ഷനുകളുടെ പുനഃക്രമീകരണം**

**193**(6179) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കെ.എസ്.ഇ.ബി.എൽ. സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണവും ഉപഭോക്താക്കൾക്ക് ഈ സെക്ഷനുകളിൽ എത്തിപ്പെടാനുള്ള സൗകര്യവും മാനദണ്ഡമാക്കി സെക്ഷനുകൾ പുനഃക്രമീകരണം നടത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; അറിയിക്കാമോ?

ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ

നിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണംവഴി കാര്യക്ഷമത ഉറപ്പാക്കി ഭരണച്ചെലവ് കുറയ്ക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.- ന്റെ പരിഗണനയിലുണ്ട്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്,

ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾഫ്രീ നമ്പരും WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 എന്ന ഹോട്ട്ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at door steps) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

## മാലിന്യത്തിൽനിന്ന് വൈദ്യുതി

194(6180) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:

ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യം സംസ്കരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നഗരമാലിന്യ സംസ്കരണ പ്രശ്നത്തിനുള്ള പരിഹാരമെന്ന നിലയിൽ ഖര മാലിന്യം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചതിൻപ്രകാരം കേരളത്തിലെ 10 ജില്ലകളിൽ അതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 2016-ലെ താരിഫ് പോളിസി അനുസരിച്ച് മാലിന്യ സംസ്കരണ പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന താരിഫ്പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസി മുഴുവനായും വാങ്ങേണ്ടതാണ്. ആയതിനാൽ, മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനിയുമായി ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായ കെ.എസ്.ഇ.ബി.എൽ. Power Purchase Agreement വയ്ക്കേണ്ടതാണ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് (KSIDC) നോഡൽ ഏജൻസിയായി

തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഇതിനായി ഏതെങ്കിലും കമ്പനികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിൽ, കോഴിക്കോട് ജില്ലയിലെ ഞെളിയൻ പറമ്പിൽ 6MW ശേഷിയുള്ള ഖരമാലിന്യ വൈദ്യുതി നിലയത്തിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കായ യൂണിറ്റിന് 6.81 രൂപയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ 01-10-2021-ൽ കെ.എസ്.ഇ.ബി.എൽ.-ഉം മലബാർ വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡും ഏർപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

തിരുവനന്തപുരം, കൊല്ലം (കുരീപ്പുഴ-5MW), ഇടുക്കി (മൂന്നാർ), എറണാകുളം (ബ്രഹ്മപുരം - 9.76MW), തൃശ്ശൂർ (ഒല്ലൂക്കര), പാലക്കാട് (5MW), മലപ്പുറം (തിരൂർ), കോഴിക്കോട് (6MW), വയനാട്, കണ്ണൂർ (5MW) എന്നീ ജില്ലകളിലാണ് മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

## വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത

195(6181) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനോ നിലവിലുള്ളവയിൽനിന്നും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലെ ജലവൈദ്യുത പദ്ധതികളുടെ വിപുലീകരണംവഴി എത്രമാത്രം വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; അറിയിക്കുമോ;

(സി) വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത നേടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 480.5 MW ശേഷിയുള്ള വൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ ജലവൈദ്യുത പദ്ധതികൾ 38.5 MW-ഉം പുനരുപയോഗ ഊർജ്ജ പദ്ധതികൾ 442 MW-ഉം ആണ്. നിലവിൽ 105.5 MW വൈദ്യുതി

ഉത്പാദിപ്പിക്കാനുള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനുപുറമെ 149.10 MW-ന്റെ ജലവൈദ്യുത പദ്ധതികളുടെയും 367.5 MW പുനരുപയോഗ ഊർജ്ജ പദ്ധതികളുടെയും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW), മൂഴിയാർ രണ്ടാംഘട്ടം (300 MW), ലക്ഷ്മി (240 MW), കാരപ്പാറ (19 MW), പൂയംകുട്ടി (210 MW) എന്നീ പദ്ധതികളുടെയും പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ഇതിനുപുറമെ കേരളത്തിലെ ജലാശയങ്ങളിൽ വർഷങ്ങളായി തരിശ് കിടക്കുന്ന നിലങ്ങളിൽനിന്നും ഫ്ളോട്ടിംഗ് സോളാർ പദ്ധതികളിലൂടെ 3000 MW വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

## കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന വൈദ്യുതി വിഹിതം

196(6182) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമം 2003 സെക്ഷൻ 11-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് കേരളത്തിന്

\+ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന വൈദ്യുതി വിഹിതത്തിൽ കുറവ് വരുന്നതിന് ഇടയാക്കുമോ; അറിയിക്കുമോ?

കേന്ദ്ര വൈദ്യുതി നിയമം 2003 സെക്ഷൻ 11-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവുമൂലം കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിക്കുന്ന വൈദ്യുതി വിഹിതത്തിൽ കുറവ് വന്നിട്ടില്ല.

(ബി) ഈ സാഹചര്യത്തിൽ കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന വൈദ്യുതി വിഹിതത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ?

രാജ്യത്ത് കൽക്കരി ലഭ്യത മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്ക് ആനുപാതികമല്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 6% വരെ ഇറക്കുമതി ചെയ്ത കൽക്കരി coal blending-നായി ഉപയോഗപ്പെടുത്താൻ 09-01-2023-ലെ ഉത്തരവുപ്രകാരം കേന്ദ്ര സർക്കാർ ഉൽപ്പാദകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 14-02-2023-ലെ Central Electricity Regulatory Commission (CERC)-ന്റെ ഉത്തരവുപ്രകാരം ഇറക്കുമതി ചെയ്ത കൽക്കരിയുടെ ഉപഭോഗം കൊണ്ടുണ്ടാകുന്ന വില വർദ്ധനവ് ഉൽപ്പാദന കമ്പനിക്ക് 30-09-2023 വരെ കൊടുക്കേണ്ടതാണ്. ഇത് കേന്ദ്രവിഹിതമായി കേരളത്തിന് ലഭിക്കുന്ന വൈദ്യുതിയുടെ വില വർദ്ധനവിനിടയാക്കും.

(സി) പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് കൈക്കൊണ്ട

നടപടികൾ വിശദമാക്കാമോ?

ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഊർജ്ജ സംരക്ഷണപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിക്കൊണ്ടും വൈദ്യുതി വാങ്ങുന്നതിന്റെ അളവ് കുറയ്ക്കാൻ ശ്രമിക്കുന്നതാണ്.

## വൈദ്യുതി തടസ്സം ഒഴിവാക്കാൻ നടപടി

197(6183) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കോട്ടക്കൽ, വളാഞ്ചേരി, പുത്തനത്താണി ടൗണുകളിൽ സ്ഥിരമായി വൈദ്യുതി തടസ്സം ഉണ്ടാകാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോട്ടക്കൽ, വളാഞ്ചേരി, പുത്തനത്താണി ടൗണുകളിൽ അറ്റകുറ്റപ്പണികൾക്ക് വൈദ്യുതി ഓഫ് ചെയ്യുന്നതൊഴികെ ടൗണുകളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്ന EHT ഫീഡറുകളിൽ സ്ഥിരമായി വൈദ്യുതി തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോട്ടക്കൽ ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ വേനൽക്കാലത്ത് വൈദ്യുതി വിതരണത്തിൽ ഓവർലോഡ് കാരണം തടസ്സം നേരിടാറുണ്ട്. നിലവിൽ സെക്ഷനിലേയ്ക്ക് പ്രധാനമായും വൈദ്യുതി ലഭിക്കുന്നത് എടരിക്കോട് 110 kV

സബ് സ്റ്റേഷനിൽ നിന്നുള്ള കോട്ടക്കൽ, പറപ്പൂർ, ചെനക്കൽ എന്നീ 11 kV ഫീഡറുകൾ വഴിയാണ്. നിലവിലെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ മൂന്ന് ഫീഡറുകൾ അപര്യാപ്തമാണ്. AB കേബിൾ ഉപയോഗിച്ച് ഒരു പുതിയ ഫീഡർ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഇതോടൊപ്പം മരവട്ടം പ്രദേശത്ത് വിഭാവനം ചെയ്തിരിക്കുന്ന 110 kV സബ് സ്റ്റേഷൻ യാഥാർത്ഥ്യമാകുന്നതോടെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കും.

(ബി) പ്രസ്തുത വൈദ്യുതി തടസ്സം ഇവിടെയുള്ള നിരവധി വ്യവസായ വാണിജ്യ സ്ഥാപനങ്ങളെ സാരമായി ബാധിക്കുന്നതിനാൽ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ടൗണുകളിൽ യു.ജി./എ.ബി. കേബിൾ ഉപയോഗിച്ച് ഒരു റിംഗ് നെറ്റ്‌വർക്ക് ഫോം ചെയ്തും ആർ.എം.യു.-കൾ സ്ഥാപിച്ചും വൈദ്യുതി ഇടതടവില്ലാതെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കോട്ടക്കൽ നഗരത്തിലേയ്ക്ക് വൈദ്യുതി നൽകുന്ന കോട്ടക്കൽ, ചെനക്കൽ എന്നീ ഫീഡറുകളെ UG കേബിൾവഴി നഗരത്തിലേയ്ക്ക് എത്തിക്കുന്നതും RMU സ്ഥാപിച്ച് റിംഗ് മെയിൻ നെറ്റ്‌വർക്ക് ഉണ്ടാക്കുന്നതും Load Break Switch, Sectionaliser, Autorecloser തുടങ്ങിയവ

സ്ഥാപിക്കുന്നതും RDSS & അഡീഷണൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നിലവിൽ വരുന്നതോടെ നഗരഹൃദയ ഭാഗങ്ങളിലെ വൈദ്യുതി തടസ്സം കുറയ്ക്കാൻ സാധിക്കും. ഒതുക്കുങ്ങൽ 33 kV സബ്സ്റ്റേഷൻ ശേഷി ഉയർത്തിയാൽ അവശ്യഘട്ടങ്ങളിൽ ഇവിടെനിന്നുള്ള പുത്തൂർ 11 kV ഫീഡർ ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രസരണ വിഭാഗത്തിന്റെ പരിഗണനയിലാണ്.

വളാഞ്ചേരി ടൗണിൽ തടസ്സരഹിതമായി വൈദ്യുതി വിതരണം നടത്തുന്നതിന് ABC, RMU എന്നിവ ഉപയോഗിച്ച് ഒരു റിംഗ് നെറ്റ്‌വർക്ക് ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പുത്തനത്താണി ടൗണിൽ തടസ്സരഹിത വൈദ്യുതി നൽകുന്നതിന് കൽപ്പകഞ്ചേരി സബ്സ്റ്റേഷനിൽനിന്ന് 5 കിലോമീറ്റർ UG കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അഡീഷണൽ പദ്ധതിയിൽ 2 RMU സ്ഥാപിക്കുന്ന പ്രവൃത്തി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കോട്ടക്കൽ ടൗണിലെ പ്രസരണശൃംഖല മെച്ചപ്പെടുത്തുന്നതിനായി എടരിക്കോട് സബ്സ്റ്റേഷനിൽനിന്നും ഏകദേശം 6 കി.മീ ദൂരം ഭൂഗർഭ കേബിൾ ഇട്ട് കോട്ടക്കലിനടുത്ത് പുത്തൂരിൽ RDSS രണ്ടാംഘട്ടത്തിൽ

ഉൾപ്പെടുത്തി ഒരു 33 കെ.വി unitised substation (ആർ.എം.യു.-വും ട്രാൻസ്ഫോർമറും ഉൾപ്പെടെ) സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്.

## പാലക്കാട് ജില്ലയിലെ ആദിവാസി മേഖലകളിൽ വൈദ്യുതി വിതരണം

198(6184) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ ആദിവാസി മേഖലകളിൽ വൈദ്യുതി വിതരണം നടത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ., വൈദ്യുതി ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കോളനികൾ കണ്ടെത്തി DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി DPR പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിരുന്നു. ഇതിൽ പാലക്കാട് ജില്ലയിലെ 24 കോളനികളും ഉൾപ്പെട്ടിരുന്നു. ഇതിൽ പുല്ലുകാട്, കന്ദളം, കൽച്ചടി, പുളിക്കാലടി, ചുണ്ടോട്ടുകുന്ന് എന്നീ 5 കോളനികൾ നിലവിൽ വൈദ്യുതീകരിച്ചിട്ടുണ്ട്.

വൈദ്യുതീകരണത്തിന് വേണ്ടിവരുന്ന ഉയർന്ന ചെലവ്, ലൈൻ വലിക്കുന്നതിന് തമിഴ്നാട്ടിൽനിന്നും വേണ്ടിവരുന്ന അനുമതി തുടങ്ങിയ

ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 5-07-2022-ൽ നടന്ന യോഗ തീരുമാനപ്രകാരം ഓഫ് ഗ്രിഡ് സോളാർ പദ്ധതി നിർദ്ദേശിച്ചിരുന്നതിനാൽ പാലക്കാട് ജില്ലയിലെ വരളപതി, പൂപ്പാറ, തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവൻപാടി, കുരിയാർകുറ്റി എന്നീ 6 കോളനികളെ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന ലിസ്റ്റിൽനിന്നും ഒഴിവാക്കുകയും സോളാർ വൈദ്യുതീകരണ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതുകൂടാതെ ചെറുനെല്ലി, കച്ചിത്തോട്, താഴെതുടുക്കി, മേലേതുടുക്കി, ഗലസി, ഊരാടം എന്നീ 6 കോളനികളും സോളാർ വൈദ്യുതീകരണ ലിസ്റ്റിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ പൂപ്പാറ, തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവൻപാടി, കുരിയാർകുറ്റി, ചെറുനെല്ലി, കച്ചിത്തോട് എന്നീ കോളനികളിൽ നിലവിൽ ശേഷികുറഞ്ഞ സോളാർ വൈദ്യുതി ലഭ്യമാണ്.

ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന ബാക്കിയുള്ള 7 കോളനികളിൽ വൈദ്യുതീകരണത്തിനാവശ്യമായ തുകയുടെ 20% ട്രൈബൽ വകുപ്പും ബാക്കി 80% തുക കെ.എസ്.ഇ.ബി.എൽ.-ഉം വഹിക്കാൻ 6-02-2023-ൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ കോളനികളുടെ വൈദ്യുതീകരണം മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-മായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ നടന്ന വർക്ക് ഷോപ്പിൽ, ഇനിയും വൈദ്യുതീകരിക്കാത്തതും എന്നാൽ മേൽലിസ്റ്റിൽ ഉൾപ്പെടാത്തതുമായ പാങ്ങോട്, മുണ്ടക്കുന്ന് എന്നീ കോളനികളിലെ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് RDSS പദ്ധതിയുടെ അധിക പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

അനെർട്ട് മുഖാന്തരം താഴെതുടുക്കി ഊരിലെ 45 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി 50 കിലോവാട്ട് ശേഷിയുള്ള സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം എല്ലാ വീടുകളിലും LED ട്യൂബ് ലൈറ്റ്, ബൾബ് തുടങ്ങിയവ സജ്ജമാക്കിയിട്ടുണ്ട്. മേലേതുടുക്കി, ഗലസ്സി, ഊരാടം എന്നീ കോളനികളിൽ സോളാർ പ്ലാന്റ് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടി അവസാന ഘട്ടത്തിലാണ്. മറ്റു കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രാഥമിക പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

**വൈദ്യുതീകരിക്കാത്ത വീടുകൾ**

199(6186) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ എത്ര വീടുകൾ ഇനി വൈദ്യുതീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾപ്രകാരം എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബി.എൽ.-ന്റെ കണക്കുപ്രകാരം ഇനി വൈദ്യുതീകരിക്കാനുള്ള വീടുകളുടെ എണ്ണം 2636 ആണ്. ഇതിൽ വയനാട് ജില്ലയിലെ കോളനികളിൽ ഉൾപ്പെട്ട 126 വീടുകളുടെ പുനരധിവാസം നിർദ്ദേശിച്ചിട്ടുണ്ട്. ബാക്കിയുള്ള 2510 വീടുകളിൽ 1294 എണ്ണത്തിൽ ഗ്രിഡ് വൈദ്യുതീകരണവും 1216 എണ്ണത്തിൽ സോളാർ വൈദ്യുതീകരണവുമാണ് സാധ്യമാകുന്നത്. മേൽ സൂചിപ്പിച്ചിരിക്കുന്ന സോളാർ വൈദ്യുതീകരണം സാധ്യമാകുന്ന വീടുകളിൽ 355 എണ്ണത്തിൽ കഴിഞ്ഞ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ പാനലുകൾ (ശേഷി കുറവായവ) സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വീടുകളിൽ ഒരു വർഷത്തിനകം വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളിലെ തസ്തികകൾ

200(6187) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളിലെ നിലവിലെ തസ്തികകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; അവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളിലെ നിലവിലെ തസ്തികകളുടെ വിവരങ്ങളും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിശദാംശങ്ങളും അനുബന്ധമായി+ ചേർത്തിരിക്കുന്നു. കെ.പി.എസ്.സി. നിയമനങ്ങളിലൂടെയും പ്രൊമോഷനിലൂടെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത മണ്ഡത്തിലെ ഓരോ കെ.എസ്.ഇ.ബി.എൽ. ഓഫീസിലും എത്ര താൽക്കാലിക ജീവനക്കാരാണുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; ഇവരുടെ നിയമന രീതി, നിയമന കാലാവധി,

\+ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

സേവന-വേതന വ്യവസ്ഥകൾ ഇവ എന്തൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.ലിമിറ്റഡിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നില്ല. എന്നാൽ ഏതെങ്കിലും കാര്യാലയങ്ങളിൽ ജീവനക്കാരുടെ അഭാവമുണ്ടാകുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് വൈദ്യുതി വിതരണത്തിന് തടസ്സം നേരിടാതിരിക്കുന്നതിനായി പ്രസ്തുത കാര്യാലയങ്ങളിൽ Job Contract അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടത്താറുണ്ട്.

ഒഴിവുകളുള്ള തസ്തികകളിലെ ജോലികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചാണ് നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുന്നത്. പരമാവധി മൂന്ന് മാസംവരെയാണ് ഒരു കരാറിന്റെ കാലാവധി. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ലേബർ സപ്ലൈ ചെയ്യാൻ തയ്യാറായി വരുന്ന കരാറുകാരനാണ് വർക്ക് നൽകുന്നത്. വർക്ക് ബില്ലിനെ അടിസ്ഥാനപ്പെടുത്തിയാണ് പേയ്മെന്റ് നൽകുന്നത്.

**കെ.എസ്.ഇ.ബി.എൽ. ജീവനക്കാരുടെ പെൻഷൻ പദ്ധതി**

201(6188) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ 2013-ലെ ത്രികക്ഷി കരാർപ്രകാരം പെൻഷൻ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ നൽകേണ്ട വിഹിതം എത്രയാണ്; അറിയിക്കുമോ?

കെ.എസ്.ഇ.ബി. എൽ. എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ 2014-ലെ ത്രികക്ഷി കരാർപ്രകാരം 2013-ലെ പെൻഷൻ ബാദ്ധ്യതയായി കണക്കാക്കിയ തുകയുള്ള 12,419 കോടി രൂപയിൽ 10 വർഷക്കാലയളവിലേയ്ക്കുള്ള 3,751 കോടി രൂപ മുഖവിലയുള്ള ബോണ്ട് സർക്കാർ വിഹിതമാണ്. പ്രസ്തുത തുക മാസ്റ്റർ ട്രസ്റ്റിന് പലിശ ഉൾപ്പെടെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ ആകെ 5,861 കോടി രൂപ 10 വർഷമായി വകയിരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് വിഹിതമായി 524 കോടി രൂപ 10 ഗഡുക്കളായി സർക്കാർ നൽകുന്നതാണ്. കമ്പനിയായി മാറിയതിനുശേഷം പെൻഷൻ ബാധ്യതയിൽ വന്ന വർദ്ധനവിന്റെ വിഹിതം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ 2022-ലെ വാല്യൂവേഷൻപ്രകാരം അധികമായി കണ്ടെത്തേണ്ട തുകയായ 17,238 കോടി രൂപയുടെ ബോണ്ട് മാസ്റ്റർ ട്രസ്റ്റിന് നൽകാനുള്ള അനുമതിക്കായും ഇതിൽ സർക്കാർ വിഹിതമായ 35.4% ഇലക്ട്രിസിറ്റി

ഡ്യൂട്ടിയിനത്തിൽ തട്ടിക്കിഴിക്കാനുള്ള അനുമതിക്കായും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സർക്കാർ വിഹിതമായി ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

സർക്കാർ വിഹിതമായി ഇതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബോണ്ടിന്റെ വിഹിതമായ 8 ഗഡുക്കളിൽ ആകെ 4688.80 (586.10x8) കോടി രൂപ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് വിഹിതമായി 524 കോടി രൂപയും നൽകിയിട്ടുണ്ട്.

(സി) മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ പെൻഷൻകാരുടെ പ്രതിനിധികളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ പെൻഷൻകാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 2013-ലെ പ്രസ്തുത കരാർപ്രകാരം പെൻഷൻ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കെ.എസ്.ഇ.ബി. എൽ. എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിൽ 2014-ലെ ത്രികക്ഷി കരാർപ്രകാരം 2013-ലെ പെൻഷൻ ബാദ്ധ്യതയായി കണക്കാക്കിയ തുകയുള്ള 12,419 കോടി രൂപയിൽ 10

വർഷക്കാലയളവിലേയ്ക്കുള്ള 3,751 കോടി രൂപ മുഖവിലയുള്ള ബോണ്ട് സർക്കാർ വിഹിതമാണ്. പ്രസ്തുത തുക മാസ്റ്റർ ട്രസ്റ്റിന് പലിശ ഉൾപ്പെടെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ ആകെ 5,861 കോടി രൂപ 10 വർഷമായി വകയിരുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് വിഹിതമായി 524 കോടി രൂപ 10 ഗഡുക്കളായി സർക്കാർ നൽകുന്നതാണ്. കമ്പനിയായി മാറിയതിനുശേഷം പെൻഷൻ ബാധ്യതയിൽ വന്ന വർദ്ധനവിന്റെ വിഹിതം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ 2022-ലെ വാല്യൂവേഷൻപ്രകാരം അധികമായി കണ്ടെത്തേണ്ട തുകയായ 17,238 കോടി രൂപയുടെ ബോണ്ട് മാസ്റ്റർ ട്രസ്റ്റിന് നൽകാനുള്ള അനുമതിക്കായും ഇതിൽ സർക്കാർ വിഹിതമായ 35.4% ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ തട്ടിക്കിഴിക്കാനുള്ള അനുമതിക്കായും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) മെഡിസെപ് പദ്ധതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പെൻഷൻകാരെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർ, പെൻഷൻകാർ എന്നിവരെ മെഡിസെപ് സ്കീമിൽ ഉൾപ്പെടുത്തുന്ന വിഷയം നിലവിലെ വ്യവസ്ഥപ്രകാരം

പരിഗണിക്കാൻ നിർവ്വാഹമില്ല. ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(എഫ്) മെഡിസെപ് മാതൃകയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ?

ഉണ്ട്. അതുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ട സേവനങ്ങൾ, ഉപാധികൾ, നിബന്ധനകൾ, വ്യവസ്ഥകൾ തുടങ്ങിയവ വിശകലനം ചെയ്തുവരുന്നു.

**കെ.എസ്.ഇ.ബി.എൽ.-ന് കിട്ടാനുള്ള കുടിശ്ശിക**

202(6189) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

31-12-2022-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 3030.53 കോടി രൂപയാണ്.

ജില്ലാടിസ്ഥാനത്തിലുള്ള കുടിശ്ശിക വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

\+ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുടിശ്ശിക തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുന്നതിനുപകരം വൈദ്യുതി നിരക്ക് വർദ്ധനയ്ക്ക് ബോർഡ് ശിപാർശ ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ?

വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിലേയ്ക്കായി കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക (ഡിസ്കണക്ഷൻ) തുടർന്നും അടവ് വരുത്താത്തപക്ഷം കണക്ഷൻ സ്ഥായിയായി വിച്ഛേദിച്ച് (ഡിസ്മാന്റിൽ) റവന്യൂ റിക്കവറി നടപടി സ്വീകരിക്കുക തുടങ്ങി റെഗുലേഷൻ അനുശാസിക്കുന്ന നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നുണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി സർക്കാരും കെ.എസ്.ഇ.ബി.എൽ.-ഉം ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ വിവിധ ലീഗൽ ഫോറങ്ങളിലും കോടതികളിലുമായി നിൽക്കുന്ന വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട കുടിശ്ശികയുടെ കാര്യത്തിൽ ബഹു.കോടതികളുടെ തീർപ്പനുസരിച്ചു മാത്രമേ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് മുന്നോട്ടുപോകാൻ സാദ്ധ്യമാകുകയുള്ളൂ.

കെ.എസ്.ഇ.ബി.എൽ.-ൽ നിലവിലുള്ള സമ്പ്രദായത്തിൽ ഉപഭോക്താക്കൾക്ക് ബില്ല് നൽകുമ്പോൾത്തന്നെ മുഴുവൻ തുകയും (ഉപഭോക്താവ് അടച്ചാലും ഇല്ലെങ്കിലും) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വരുമാനമായി കണക്കാക്കുന്നു. അതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതും വൈദ്യുതി നിരക്ക് വർദ്ധനവുമായി നേരിട്ട് ബന്ധമില്ല. എന്നാൽ കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നത് പലിശഭാരം കുറയ്ക്കുന്നതാണ്.

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾപ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ ചട്ടം 85(5) പ്രകാരം താരിഫ് നിർണ്ണയിക്കുന്നത് വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ്.

വൈദ്യുതിയുടെ ശരാശരി വില റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്നത്, കെ.എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിക്കുന്ന അടുത്ത വർഷങ്ങളിലേയ്ക്കുള്ള പ്രതീക്ഷിത വരവുചെലവ് കണക്കുകളെ സംബന്ധിച്ച

പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്. വൈദ്യുതിനിയമം 2003, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവപ്രകാരം വിശദമായ പരിശോധന നടത്തി വരവുചെലവ് കണക്കുകൾ നിർണ്ണയിച്ചാണ് റവന്യൂ കമ്മി തീരുമാനിക്കുന്നത്.

ലൈസൻസിയുടെ ചെലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉൽപ്പാദനച്ചെലവ്, പ്രസരണച്ചെലവ്, ജീവനക്കാരുടെ വേതനച്ചെലവുകൾ (O&M Expenses), പലിശച്ചെലവുകൾ, പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്കുള്ള വിഹിതം, തേയ്മാനച്ചെലവുകൾ (Depreciation), മുടക്കുമുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവകൂടി കണക്കിലെടുക്കും.

ലൈസൻസിയുടെ വരവ് എന്നത് വിവിധ വിഭാഗം ഉപഭോക്താക്കളിൽ വൈദ്യുതി ചാർജ്ജായി അടുത്ത വർഷങ്ങളിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുകയാണ്. വരവുചെലവ് ഇനങ്ങൾ തമ്മിലുള്ള അന്തരമാണ് റവന്യൂ കമ്മിയായി കണക്കാക്കുന്നത്. ടി കമ്മി അടുത്ത വർഷങ്ങളിലെ താരിഫിൽ വർദ്ധനവ് വരുത്തി നികത്തുന്നതിനാണ് താരിഫ് പരിഷ്കരിക്കുന്നത്.

## എൽ.ടി.4 വൈദ്യുതി കണക്ഷൻ

203(6190) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 01-04-2022 മുതൽ നാളിതുവരെ വ്യവസായ ആവശ്യങ്ങൾക്കായി എത്ര എൽ.ടി.4 വൈദ്യുതി കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 01-04-2022 മുതൽ നാളിതുവരെ വ്യവസായ ആവശ്യങ്ങൾക്കായി നൽകിയ എൽ.ടി.4 വൈദ്യുതി കണക്ഷനുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| നമ്പർ | ജില്ല | എൽ.ടി.4 വൈദ്യുതി കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 383 |
| 2 | എറണാകുളം | 527 |
| 3 | ഇടുക്കി | 255 |
| 4 | കണ്ണൂർ | 325 |
| 5 | കാസർഗോഡ് | 225 |
| 6 | കൊല്ലം | 389 |
| 7 | കോട്ടയം | 267 |
| 8 | കോഴിക്കോട് | 514 |
| 9 | മലപ്പുറം | 734 |
| 10 | പാലക്കാട് | 508 |
| 11 | പത്തനംതിട്ട | 112 |
| 12 | തിരുവനന്തപുരം | 399 |

| | | |
|---|---|---|
| 13 | തൃശ്ശൂർ | 525 |
| 14 | വയനാട് | 149 |
| **ആകെ** | | **5312** |

**കോഴിക്കോട് ജില്ലയിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസുകൾ**

204(6191) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളുണ്ടെന്നും അവയുടെ പ്രതിമാസ വാടക എത്രയെന്നും സ്ഥാപനം തിരിച്ച് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 54 സെക്ഷൻ ഓഫീസുകളും ഒരു സബ് എഞ്ചിനീയർ ഓഫീസുമുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## Kozhikode Circle

| Sl. No. | Name of Ele. Section | Rent amount (per month) | Remarks |
|---|---|---|---|
| Kozhikode Division | | | |
| 1 | Vellimadukunnu | 30000/- | |
| 2 | Westhill | 24610/- | |
| 3 | Karaparamba | 9950/- | |

| | | | |
|---|---|---|---|
| 4 | Chelannur | 17490/- | |
| 5 | Narikkuni | 16530/- | |
| 6 | Pannikode | 21000/- | |
| 7 | Atholy | 25000/- | |
| 8 | Kunnamangalam | 11367/- | |
| 9 | Kattangal | --- | Rent not finalised Chathaman galam Panchayath building |
| 10 | Mukkom | 14180/- | |
| 11 | Kakkodi | 21742/- | |
| **Feroke Division** | | | |
| 1 | Beypore | 20000/- | |
| 2 | Pantheerankave | 19000/- | |
| 3 | Perumanna | 20700/- | |
| 4 | Feroke | 10000/- | |
| 5 | Kadalundy | 20000/- | |

| | | | |
|---|---|---|---|
| 6 | Mavoor | 13000/- | |
| 7 | Pottammel | 39600/- | |
| **Balussery Division** | | | |
| 1 | Balussery | 14180/- | |
| 2 | Koottalida | 22425/- | |
| 3 | Kakkur | 20000/- | |
| 4 | Unnikulam | 25000/- | |
| 5 | Koorachundu | 13800/- | |
| 6 | Kodanchery | 13800/- | |
| 7 | Koduvally | 18779/- | |
| 8 | Puthuppady | 14000/- | |
| 9 | Omassery | 6895/- | |
| 10 | Thiruvambady | 19550/- | |
| 11 | Koombara | 11500/- | |
| 12 | Thamarassery | 10258 | |
| **Vadakara Circle** | | | |
| 1 | ഇലക്ട്രിക്കൽ സെക്ഷൻ & | 9254/- | |

| | | | |
|---|---|---|---|
| | സബ് ഡിവിഷൻ, നാദാപുരം | | |
| 2 | ഇലക്ട്രിക്കൽ സെക്ഷൻ, എടച്ചേരി | 11500/- | |
| 3 | ഇലക്ട്രിക്കൽ സെക്ഷൻ, തൂണേരി | 24500/- | |
| 4 | ഇലക്ട്രിക്കൽ സെക്ഷൻ, പാറക്കടവ് | 10058/- | |
| 5 | ഇലക്ട്രിക്കൽ സെക്ഷൻ, പരപ്പുപാറ | 20000/- | |
| 6 | ഇലക്ട്രിക്കൽ സെക്ഷൻ, കക്കട്ടിൽ | 23000/- | |
| 7 | ഇലക്ട്രിക്കൽ സെക്ഷൻ, തൊട്ടിൽപാലം | 23000/- | |
| 8 | ഇലക്ട്രിക്കൽ സെക്ഷൻ, ചക്കിട്ടപാറ | 14864/- | |
| 9 | ഇലക്ട്രിക്കൽ സെക്ഷൻ, മേപ്പയ്യൂർ | 30000/- | |
| 10 | ഇലക്ട്രിക്കൽ സെക്ഷൻ, നടുവണ്ണൂർ | 19500/- | |
| 11 | ഇലക്ട്രിക്കൽ സെക്ഷൻ, അരിക്കുളം | 20000/- | |
| 12 | ഇലക്ട്രിക്കൽ സെക്ഷൻ, അഴിയൂർ | 12000/- | |
| 13 | ഇലക്ട്രിക്കൽ സെക്ഷൻ, ആയഞ്ചേരി | 8300/- | |
| 14 | ഇലക്ട്രിക്കൽ സെക്ഷൻ, മണിയൂർ | 8850/- | |
| 15 | ഇലക്ട്രിക്കൽ സെക്ഷൻ, മേലടി | 30000/- | |
| 16 | ഇലക്ട്രിക്കൽ സെക്ഷൻ, മുട്ടുങ്ങൽ | 19500/- | |

| | | | |
|---|---|---|---|
| 17 | ഇലക്ട്രിക്കൽ സെക്ഷൻ, മൂടാടി | 25000/- | |
| 18 | ഇലക്ട്രിക്കൽ സെക്ഷൻ തിരുവള്ളൂർ | 20200/- | |
| 19 | ഇലക്ട്രിക്കൽ സെക്ഷൻ തിക്കോടി | 20000/- | |
| 20 | ഇലക്ട്രിക്കൽ സെക്ഷൻ ഓർക്കാട്ടേരി | 24500/- | |
| 21 | ഇലക്ട്രിക്കൽ സെക്ഷൻ വടകര സൗത്ത് | 3609/- | |
| 22 | ഇലക്ട്രിക്കൽ സെക്ഷൻ കൊയിലാണ്ടി നോർത്ത് | 25000/- | |
| 23 | ഇലക്ട്രിക്കൽ സെക്ഷൻ കൊയിലാണ്ടി സൗത്ത് | 10964/- | |
| 24 | ഇലക്ട്രിക്കൽ സെക്ഷൻ, വടകര ബീച്ച് (വടകര മുനിസിപ്പാലിറ്റി കെട്ടിടത്തിൽ പ്രവർത്തിക്കുന്നു) | 6460/- | |
| 25 | സബ് എഞ്ചിനീയർ ഓഫീസ്, പുറമേരി | 1357/- | |

**മോഡൽ സെക്ഷൻ**

205(6192) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡൽ സെക്ഷൻ എന്ന ആശയം നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് സെക്ഷൻ

തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) 04-06-2009-ലെ ബോർഡ് ഉത്തരവുപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ ഓരോ ഇലക്ട്രിക്കൽ ഡിവിഷന്റെയും കീഴിലുള്ള ഒരു സെക്ഷനിൽ മോഡൽ സെക്ഷൻ എന്ന ആശയം നടപ്പാക്കിയിരുന്നു. ഈ ബോർഡ് ഉത്തരവിൽ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനപരമായ ഉത്തരവാദിത്ത പുനഃസംഘടന, ജീവനക്കാരുടെ എണ്ണം, ചുമതലകൾ, ജീവനക്കാരുടെ ഉത്തരവാദിത്വം എന്നിവ നിർവ്വചിച്ചിരുന്നു. 02-12-2010-ലെ ബോർഡ് ഉത്തരവുപ്രകാരം 2011 ജനുവരി ഒന്നാം തീയതി മുതൽ നിലവിലുള്ള എല്ലാ സെക്ഷൻ ഓഫീസുകളെയും മോഡൽ സെക്ഷനിലേയ്ക്ക് മാറ്റിയിരുന്നു. നിലവിൽ കേരളത്തിലെ 14 ജില്ലകളിൽ ഉൾപ്പെടുന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ 776 ഇലക്ട്രിക്കൽ സെക്ഷനുകളിലും മോഡൽ സെക്ഷൻ എന്ന ആശയം നടപ്പാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സെക്ഷനുകളിലെ സ്റ്റാഫ്, കൺസ്യൂമർ സ്ട്രെങ്ത്ത് എന്നിവ എത്രയാണെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ലെ 776 ഇലക്ട്രിക്കൽ സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത മോഡൽ സെക്ഷനുകളിലെ സ്റ്റാഫ് സ്ട്രെംഗ്ത് ഉള്ളടക്കം* ചെയ്യുന്നു.

(ഡി) മോഡൽ സെക്ഷനിൽ അവശ്യംവേണ്ട സ്റ്റാഫ്, കൺസ്യൂമർ സ്ട്രെംഗ്ത് എത്രയാണെന്ന് വ്യക്തമാക്കാമോ?

04-06-2009-ലെ ബോർഡ് ഉത്തരവിലെ തീരുമാനപ്രകാരം മോഡൽ സെക്ഷനിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | Revenue | Maintenance & Capital | Breakdown | | Total | |
|---|---|---|---|---|---|---|
| | | | For shift | Others | For shift | Others |
| Assistant Engineer | 1 | | | | 1 | |
| Senior Superintendant | 1 | | | | 1 | |
| Sub Engineer | 1 | 1 | 2 | 1 | 4 | 3 |
| Overseer | 1 | 2 | 4 | 3 | 7 | 6 |
| Lineman | 2 | 2 | 10 | 8 | 14 | 12 |
| Electricity Worker | 2 | 4 | 0 | 0 | 6 | 6 |
| Senior Assistant | As per requirement | | | | As per requirement | |
| Cashier | As per requirement | | | | As per requirement | |
| Meter Reader | As per requirement | | | | As per requirement | |

കൂടാതെ 11-05-2010-ലെ ബോർഡ് ഉത്തരവുപ്രകാരം സെക്ഷൻ ആസ്ഥാനത്തുനിന്നും 10 km-ൽ കൂടുതൽ റേഡിയൽ ദൂരമുള്ള സെക്ഷൻ ഓഫീസുകളിൽ ബ്രേക്ക്ഡൗൺ ജോലികളിൽ പങ്കെടുക്കുന്നതിനായി ഒരു ലൈൻമാനെ അധികമായി നിയമിക്കാനും തീരുമാനിച്ചിരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്നാൽ ഒരു സെക്ഷനുകീഴിൽ ഉണ്ടാകേണ്ട ഉപഭോക്താക്കളുടെ എണ്ണം നിർവ്വചിക്കപ്പെട്ടിട്ടില്ല.

(ഇ) കാസർഗോഡ് മണ്ഡലത്തിലെ സെക്ഷനുകളിലെ സ്റ്റാഫ്, കൺസ്യൂമർ സ്ട്രെംഗ്ത് എത്രയാണെന്ന് സെക്ഷൻ തിരിച്ച് വിശദമാക്കാമോ?

കാസർഗോഡ് മണ്ഡലത്തിലെ സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇല. സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ബദിയടുക്ക | 23520 |
| 2 | ചെർക്കള | 30823 |
| 3 | കാസർഗോഡ് | 24343 |
| 4 | നെല്ലിക്കുന്ന് | 27583 |
| 5 | പെർള | 12505 |
| 6 | സീതാംഗോളി | 16482 |

കാസർഗോഡ് മണ്ഡലത്തിലെ സെക്ഷനുകളിലെ സ്റ്റാഫ് സ്ട്രെംഗ്ത്, കൺസ്യൂമർ സ്ട്രെംഗ്ത് എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

(എഫ്) പ്രസ്തുത സെക്ഷനുകളെ വിഭജിച്ച് മോഡൽ സെക്ഷനുകളാക്കാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളും നിലവിൽ മോഡൽ സെക്ഷനുകളാണ്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912

എന്ന ടോൾ ഫ്രീ നമ്പരും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

എന്നിരുന്നാലും ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുത ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ

നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്.

**കെ.എസ്.ഇ.ബി.എൽ. കരാർപ്രകാരം വാങ്ങുന്ന വൈദ്യുതിയുടെ നിരക്ക്**

206(6193) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരവും വൈദ്യുതി വാങ്ങലുമായി ബന്ധപ്പെട്ട ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന സി.&എ.ജി.-യുടെ 2022-ലെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ കെ.എസ്.ഇ.ബി.എൽ. കരാർപ്രകാരം വാങ്ങുന്ന വൈദ്യുതിയുടെ നിരക്കുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഡിസംബർ മാസത്തെ ലഭ്യമായ കണക്കുകൾപ്രകാരം നിലവിൽ KSEBL ഏർപ്പെട്ടിട്ടുള്ള ദീർഘകാല കരാറിൽ കേന്ദ്രവിഹിതമായി 15 നിലയങ്ങളിൽനിന്നും 1756.64MW വൈദ്യുതി യൂണിറ്റൊന്നിന് ശരാശരി

4.84 രൂപയ്ക്കും 10 സ്വകാര്യ കൽക്കരി നിലയങ്ങളിൽനിന്നും 1149.51MW വൈദ്യുതി യൂണിറ്റൊന്നിന് ശരാശരി 4.30 രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. കൂടാതെ കേരളത്തിനുള്ളിൽനിന്നുള്ള 17 സ്വകാര്യ ഉല്പാദന നിലയങ്ങളിൽ (Wind, Solar, Hydel) നിന്നും ദീർഘകാല കരാർവഴി 667.39MW വൈദ്യുതി യൂണിറ്റൊന്നിന് ശരാശരി 4.98 രൂപയ്ക്കും പുറത്തുനിന്നും സോളാർ എനർജി കോർപ്പറേഷൻവഴി കരാറിൽ ഏർപ്പെട്ട 200MW വൈദ്യുതി (Wind Energy) യൂണിറ്റൊന്നിന് ശരാശരി 2.89 രൂപയ്ക്കും വാങ്ങിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ നിരക്ക് മറ്റ് തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ വൈദ്യുതി നിരക്കുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്തെ വൈദ്യുതി നിരക്കും മറ്റ് തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ വൈദ്യുതി നിരക്കും അനുബന്ധമായി+ ഉള്ളടക്കം ചെയ്തിരിക്കുന്നു.

**വൈപ്പിൻ മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ**

207(6194) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതെല്ലാം ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് കീഴിലാണെന്നും പ്രസ്തുത ഡിവിഷൻ ഓഫീസുകൾക്കുകീഴിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ സെക്ഷൻ ഓഫീസിന് കീഴിലുമുള്ള ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ഇലക്ട്രിക്കൽ സെക്ഷനുകളുടെ വിവരവും അവയിലെ ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ഇലക്ട്രിക്കൽ ഡിവിഷൻ | ഇലക്ട്രിക്കൽ സെക്ഷൻ | ഉൾക്കൊള്ളുന്ന പഞ്ചായത്തുകൾ | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| മട്ടാഞ്ചേരി | ഞാറക്കൽ | എടവനക്കാട്, നായരമ്പലം, ഞാറക്കൽ | 25455 |
| | വൈപ്പിൻ | ഇളംകുന്നപ്പുഴ, മുളവുകാട് | 26417 |
| നോർത്ത് പറവൂർ | ചെറായി | കുഴുപ്പിള്ളി, പള്ളിപ്പുറം | 21079 |
| | വരാപ്പുഴ | കടമക്കുടി | 20297 |
| എറണാകുളം | ചേരാനല്ലൂർ | കടമക്കുടി | 17963 |

(സി) ഉപഭോക്താക്കളുടെ എണ്ണവും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും പരിഗണിച്ച് മണ്ഡലത്തിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ

സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി

സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പരും WhatsApp എന്ന സോഷ്യൽ മീഡിയാ സംവിധാനംവഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ

പുനർ നിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ KSEBL-ൽ നടന്നുവരുന്നുണ്ട്.

(ഡി) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള/സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ഉണ്ട്. ഞാറക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും 5000 ഉപഭോക്താക്കളെ ചെറായി ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്കും ചെറായി ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും 5000 ഉപഭോക്താക്കളെ മുത്തകുന്നം ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്കും മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പദ്ധതികൾക്ക് നബാർഡ് ധനസഹായം**

208(6195) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ വൈദ്യുതി വകുപ്പിന് നബാർഡ് ധനസഹായമായി എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതികൾക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തിൽ വൈദ്യുതി വകുപ്പിന്

നബാർഡ് ലോണായി ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് ഇന്നേവരെ സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | 2 MW അപ്പർ കല്ലാർ ചെറുകിട ജലസേചന വൈദ്യുത പദ്ധതി | 130.80 |
| 2. | 6 MW പെരുവണ്ണാമൂഴി ചെറുകിട ജലസേചന വൈദ്യുത പദ്ധതി | 1322.00 |
| | **ആകെ** | **1452.80** |

ആറ് പദ്ധതികളാണ് നബാർഡ് – RIDF സ്കീമിൽ ഉൾപ്പെടുത്തി KSEBL നടപ്പാക്കിയിട്ടുള്ളത്. ആകെ അനുവദിച്ച വായ്പാ തുക 91.86 കോടി രൂപ.

| പദ്ധതി | അനുവദിച്ച വായ്പാത്തുക (രൂപ, ലക്ഷത്തിൽ) |
|---|---|
| വയനാട്ടുള്ള ബാണാസുരസാഗർ ജല സംഭരണിയിൽ ഫ്ലോട്ടിംഗ് സോളാർ പദ്ധതി (500 kWp) | 1807.00 |
| തിരുവനന്തപുരം, പോത്തൻകോട് 2 MW ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ നിലയം | 225.00 |
| മൂവാറ്റുപുഴ 1.25 MW ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ നിലയം | 1058.30 |
| കോഴിക്കോട്, തലക്കുളത്തൂർ 0.65 MW ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ നിലയം | 702.05 |
| പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുതി പദ്ധതി (6 MW) | 408.50 |
| അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുതി പദ്ധതി (2 MW) | 4985.18 |
| **ആകെ അനുവദിച്ച വായ്പാ തുക** | **9186.03** |

(സി) ഓളിക്കൽ-പൂവാറൻതോട് ചെറുകിട ജലവൈദ്യുത പദ്ധതി നബാർഡിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നബാർഡ്-ആർ.ഐ.ഡി.എഫ്. സ്കീമിലെ 28-ാം ഗഡുവിൽ (2022-23) വൈദ്യുതി വകുപ്പിന് അലോട്ട് ചെയ്തിരുന്ന 50 കോടി രൂപ ഇതിനോടകം തീർന്നതിനാൽ പ്രസ്തുത പദ്ധതി നടപ്പു സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. ആയത് 2023-24 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ഇ.ബി.എൽ.-ന്റെ അധിക സാമ്പത്തിക ബാധ്യത**

209(6196) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ നിലവിൽ ഓരോ തസ്തികയിലും എത്ര അധിക ജീവനക്കാരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒരു തസ്തികയിലും നിലവിലെ അനുവദനീയമായ അംഗസംഖ്യയ്ക്ക് (Sanctioned Strength) ഉപരിയായി ജീവനക്കാർ പ്രവൃത്തിയെടുക്കുന്നില്ല.

(ബി) ജീവനക്കാരുടെ എണ്ണം യുക്തിപൂർവ്വം നിർണ്ണയിക്കുകയും ചെലവ് കാര്യക്ഷമമായ തലത്തിലേയ്ക്ക് കൊണ്ടുവരികയും ചെയ്യണമെന്ന സി.&എ.ജി.-യുടെ 2022-ലെ റിപ്പോർട്ടിലെ നിർദ്ദേശം നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ., കേന്ദ്ര സർക്കാരിന്റെ UDAY സ്കീം നടപ്പാക്കിയതിനെ പരാമർശിക്കുന്നതാണ് സി.&എ.ജി.-യുടെ 2022-ലെ റിപ്പോർട്ട് നമ്പർ 5. ജീവനക്കാരുടെ ചെലവ് കുറയ്ക്കുന്നതിലെ പരാജയവും വൈദ്യുതി വാങ്ങലുമായി ബന്ധപ്പെട്ട അധികച്ചെലവും കെ.എസ്.ഇ.ബി.എൽ.-ന്റെ നഷ്ടം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന പരാമർശം പ്രസ്തുത സി.&എ.ജി. റിപ്പോർട്ടിലുണ്ട്.

ജീവനക്കാരുടെ എണ്ണം യുക്തിപൂർവ്വം പുനർനിർണ്ണയം ചെയ്ത് ആയതിലേയ്ക്കുള്ള ചെലവ് ക്രമീകരിക്കാൻ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ 'restructuring' ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രക്രിയ പല തലങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) ആവശ്യത്തിലധികം ജീവനക്കാരുള്ളതുമൂലം പ്രതിവർഷം ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒരു തസ്തികയിലും നിലവിലെ അനുവദനീയമായ അംഗസംഖ്യയ്ക്ക് (Sanctioned Strength) ഉപരിയായി ജീവനക്കാർ പ്രവൃത്തിയെടുക്കുന്നില്ല.

(ഡി) റീസ്ട്രക്ച്ചറിംഗ് നടപ്പാക്കിയാൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി.എൽ. നിലവിൽ തയ്യാറാക്കിയ കരട് റീസ്ട്രക്ച്ചറിംഗ് നിർദ്ദേശങ്ങളിന്മേൽ വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള ചർച്ചകൾ പൂർത്തിയാക്കി ഗവൺമെന്റിന്റെ അംഗീകാരത്തോടെ എത്രയുംവേഗം പുനഃസംഘടന നടപ്പിൽ വരുത്തുന്നതോടൊപ്പം നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് ജീവനക്കാരുടെ എണ്ണം യുക്തിപൂർവ്വം നിർണ്ണയിക്കാനും ചെലവ് കാര്യക്ഷമമായി ഓപ്റ്റിമൈസ് ചെയ്യാനും (Optimize) കഴിയുന്നതാണ്.

## കൊണ്ടോട്ടി മണ്ഡലത്തിൽ സബ് സ്റ്റേഷനുകൾ

210(6197) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കൊണ്ടോട്ടി, പുളിക്കൽ, മുണ്ടക്കുളം, എടവണ്ണപ്പാറ, കാരാട് എന്നീ സെക്ഷനുകളിൽ നിലവിൽ എത്ര ഉപഭോക്താക്കളുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ?

കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കൊണ്ടോട്ടി, പുളിക്കൽ, മുണ്ടക്കുളം, എടവണ്ണപ്പാറ, കാരാട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കൊണ്ടോട്ടി | - | 29339 എണ്ണം |
| പുളിക്കൽ | - | 24055 എണ്ണം |
| മുണ്ടക്കുളം | - | 15236 എണ്ണം |
| എടവണ്ണപ്പാറ | - | 20175 എണ്ണം |
| കാരാട് | - | 15829 എണ്ണം |

(ബി) അവയിൽ ഉപഭോക്താക്കൾ കൂടുതലുള്ള സെക്ഷനുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി

മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് KSEBL നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24

മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പരും WhatsApp വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെതന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നുവരുന്നുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ പുളിക്കൽ 110 കെ.വി., കൊണ്ടോട്ടി 33 കെ.വി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

110 kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പുളിക്കൽ പഞ്ചായത്തിൽ ചെവിട്ടാണിക്കുന്ന് എന്ന പ്രദേശത്ത് സ്ഥലം കണ്ടെത്തിയിരുന്നു. ഇതനുസരിച്ച് പദ്ധതിയുടെ DPR തയാറാക്കുകയും 07-01-2023-ൽ പുളിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനെതിരായി പരിസരവാസികൾ പ്രതിഷേധം ഉയർത്തിയിട്ടുള്ളതിനാൽ സ്ഥലം വിട്ടുനൽകുന്നതിന് സ്ഥലം ഉടമകൾ വാക്കാൽ വിസമ്മതം അറിയിക്കുകയുണ്ടായി. പ്രസ്തുത സ്ഥലം ലഭിക്കുന്നതിന് ഉടമകളുമായി സമ്പർക്കം പുലർത്തിവരുന്നുണ്ട്. കൂടാതെ സബ്സ്റ്റേഷൻ നിർമ്മാണത്തിനനുയോജ്യമായ മറ്റു സ്ഥലങ്ങളും അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്.

33 kV കൊണ്ടോട്ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സ്ഥലം നൽകുന്നതിന് കൊണ്ടോട്ടി മുനിസിപ്പാലിറ്റി സമ്മതം അറിയിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പ്രസ്തുത മണ്ഡലത്തിലെ പഴയ വൈദ്യുതി ലൈനുകൾ മാറ്റുന്നതിനും എ.ബി.സി. കേബിൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ ദ്യുതി-1, ദ്യുതി-2 എന്നീ പദ്ധതികൾക്കുകീഴിൽ 15.67 കിലോമീറ്റർ LT ABC ലൈൻ വലിക്കുന്ന പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 7.761 കിലോമീറ്റർ ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പുരോഗമിച്ചുവരുന്നു. ദ്യുതിയുടെ ഭാഗമായി 0.8 കിലോമീറ്റർ HT ABC ലൈൻ വലിക്കുന്നതും പൂർത്തീകരിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തി 0.9 കിലോമീറ്റർ LT ABC ലൈൻ വലിക്കുന്നതിനും 58.49 കിലോമീറ്റർ ലൈൻ റീ-കണ്ടക്ടറിംഗ് നടത്തുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. RDSS additional proposal-ൽ 0.107 കിലോമീറ്റർ LT ABC ലൈൻ വലിക്കുന്ന പ്രവൃത്തിയും 4.912 കിലോമീറ്റർ ലൈൻ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയുടേയും അനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു.

18.6 കിലോമീറ്റർ 11 കെ.വി. HT ABC ലൈൻ വലിക്കുന്ന പ്രവൃത്തിയുടേയും 24.1 കിലോമീറ്റർ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയുടേയും

ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

30274 കിലോമീറ്റർ HT ABC ലൈൻ വലിക്കുന്ന പ്രവൃത്തിയും 3.229 കിലോമീറ്റർ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയും RDSS-ന്റെ Additional proposal-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കർഷകർക്കുള്ള വൈദ്യുതി സബ്സിഡി

211(6198) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കർഷകർക്കുള്ള വൈദ്യുതി സബ്സിഡി നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാർഷികാവശ്യത്തിനായി കർഷകർ ഉപയോഗിക്കുന്ന സൗജന്യ വൈദ്യുതിയുടെ ആനുകൂല്യം Direct Benefit Transfer മുഖാന്തരം പത്തനംതിട്ട ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ 05-11-2020-ലെ സ.ഉ. (കൈ) നം. 82/2020 കൃഷി. പ്രകാരം നടപ്പാക്കിവരുന്നു.

കർഷകർക്കുള്ള വൈദ്യുതി സബ്സിഡി നേരിട്ട് ഗുണഭോക്താക്കളുടെ ഗ്രൂപ്പുകൾ/പാടശേഖര സമിതികൾ തുടങ്ങുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് Direct Benefit Transfer പ്രകാരം കൈമാറ്റം ചെയ്യുന്നതിനുള്ള സംവിധാനം

സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിന് 22-09-2021-ലെ സ.ഉ. (കൈ) നം. 82/2021/കൃഷി പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ, കെ.എസ്.ഇ.ബി. ലിമിറ്റഡും കൃഷി വകുപ്പും സ്വീകരിച്ചുവരുന്നു.

23-01-2023-ലെ സ.ഉ.(കൈ)നം.11/2023/AGRI. പ്രകാരം കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (DBT) സമ്പ്രദായം മുഖാന്തരം സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭേദഗതിപ്രകാരം കെ.എസ്.ഇ.ബി.എൽ-ലേയ്ക്ക് തുക ഒടുക്കുന്നതിന് മാത്രമായി കർഷക ഗ്രൂപ്പുകൾ/പാടശേഖര സമിതികൾ എന്നിവയുടെ പേരിലുള്ള designated zero balance escrow ബാങ്ക് അക്കൗണ്ട്, ഗ്രൂപ്പുകൾ തുടങ്ങാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ ഗുണഭോക്താവായ കർഷകർക്ക് വ്യക്തിഗത 'designated zero balance escrow' ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും ആയതിനുള്ള നടപടികൾ ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സത്വരം സ്വീകരിക്കേണ്ടതുമാണ്. അപ്രകാരം ആരംഭിക്കുന്ന അക്കൗണ്ടിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനുമാത്രമേ തുക പിൻവലിക്കാൻ കഴിയുകയുള്ളൂ. ഇതുമായി

ബന്ധപ്പെട്ട് കർഷകരുടെ പക്കൽനിന്നും സമ്മതപത്രം വാങ്ങേണ്ടതാണ്. നിലവിൽ ഗ്രൂപ്പിനുവേണ്ടി പ്രസിഡന്റ്, സെക്രട്ടറി, കൃഷി ഓഫീസർ എന്നിവരുടെ പേരിൽ ആരംഭിച്ചിട്ടുള്ള സംയുക്ത അക്കൗണ്ടും കർഷക സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവരുടെ പേരിലുള്ള designated zero balance escrow ബാങ്ക് അക്കൗണ്ടാക്കി മാറ്റാവുന്നതാണ്.

ഈ ഭേദഗതി ഉത്തരവോടുകൂടി കാർഷിക സൗജന്യ വൈദ്യുതി പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്.

**വൈദ്യുതി സുരക്ഷാ പദ്ധതിപ്രകാരമുള്ള ആശ്വാസ ധനസഹായം**

212(6199) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി സുരക്ഷാ പദ്ധതിപ്രകാരം ആശ്വാസ ധനസഹായത്തിനായി അബ്ദുൽ ജബ്ബാർ എൻ. കെ.-യുടെ ഭാര്യ ഫാസില പി. എന്നയാൾ തിരുവനന്തപുരം വൈദ്യുതി ഭവനിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച പി.എസ്.-എസ്.ടി.4/2022/3734/923 നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച് പ്രസ്തുത ധനസഹായം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ വൈദ്യുതി സുരക്ഷാ പദ്ധതിപ്രകാരം ആശ്വാസ ധനസഹായത്തിനായി അബ്ദുൽ ജബ്ബാറിന്റെ ഭാര്യ ശ്രീമതി ഫസീല എന്നയാൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ മാനന്തവാടി കാര്യാലയത്തിൽനിന്ന് താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നു.

1. അപകടത്തിന്റെ പ്രഥമ വിവര റിപ്പോർട്ട്
2. സൈറ്റ് മഹസർ
3. അപകടത്തിന്റെ വിശദവിവര റിപ്പോർട്ട്
4. മരണ സർട്ടിഫിക്കറ്റിന്റെ അസ്സൽ
5. പോലീസ് എഫ്.ഐ.ആർ. (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
6. പോലീസ് ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
7. പോസ്റ്റ്-മോർട്ടം സർട്ടിഫിക്കറ്റ് (പോലീസ് അധികാരികൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
8. തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ

സാക്ഷ്യപ്പെടുത്തിയ അസ്സൽ.

9. അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഒന്നിൽ കൂടുതൽ അവകാശികൾ ഉണ്ടെങ്കിൽ ധനസഹായം കൈപ്പറ്റുന്നതിന് ഒരാളെ ചുമതലപ്പെടുത്തിക്കൊണ്ട് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുള്ളവർ ഒരു നോട്ടറി പബ്ലിക്കിന് മുമ്പാകെ ഒപ്പിട്ടുനൽകിയ സമ്മത സത്യവാങ്മൂലത്തിന്റെ അസ്സൽ.

ടി രേഖകൾ അപേക്ഷകയായ ശ്രീമതി ഫസീല എന്നയാൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയതിലെ പരാമർശങ്ങൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ബോർഡ് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ആശ്വാസ ധനസഹായത്തിനുള്ള നടപടിയെടുക്കാൻ കഴിയുന്നതാണ്.

**ഗ്രീൻ എനർജി കോറിഡോർ പദ്ധതി**

213(6200) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തര കേരളത്തിനായി ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി

സർക്കാർ നിർമ്മിക്കുന്ന ഗ്രീൻ എനർജി കോറിഡോർ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലുള്ള അമ്പലത്തറ, പൈവളിഗെ, ചീമേനി, ബാണാസുരസാഗർ എന്നീ സ്ഥലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന/ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്ന സൗരോർജ്ജം സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതിയാണ് ഉത്തര ഹരിതോർജ്ജ ഇടനാഴി. പദ്ധതിയുടെ നിർമ്മാണ ചെലവായി 911.80 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവൃത്തികൾ ചുവടെ സൂചിപ്പിക്കുന്നു.

- വയനാട് പയ്യമ്പിള്ളി 400 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം.
- പയ്യമ്പിള്ളി മുതൽ കാസറഗോഡ്, കരിന്തളംവരെയുള്ള 125 km, 400 കെ. വി. ലൈനിന്റെ നിർമ്മാണം.
- പയ്യമ്പിള്ളി സബ്സ്റ്റേഷനിൽനിന്നുള്ള 220 കെ. വി. മൾട്ടി സർക്യൂട്ട് ലൈനിന്റെ നിർമ്മാണം.

**നിലവിലെ പുരോഗതി**

125 കി. മീ. ദൈർഘ്യമുള്ള വയനാട്-കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മറ്റ് പ്രവൃത്തികളുടെ

ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള വിശദമായ സാങ്കേതിക അപഗ്രഥനം നടന്നുകൊണ്ടിരിക്കുന്നു.

## നിലാവ് പദ്ധതി

214(6201) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ, കല്ലിയൂർ, പള്ളിക്കൽ, കിളിമാനൂർ, കിഴുവിലം, വക്കം, കടയ്ക്കാവൂർ, ഇലകമൺ, ഇടവ, വെട്ടൂർ, അഞ്ചുതെങ്ങ്, നഗരൂർ, ചിറയിൻകീഴ്, ഒറ്റൂർ, മണമ്പൂർ, പഴയകുന്നുമ്മേൽ, മംഗലപുരം, അണ്ടൂർക്കോണം, കഠിനംകുളം, വെമ്പായം, നിലമേൽ, കല്ലുവാതിൽക്കൽ, മലയിൻകീഴ്, പൂവാർ, കാട്ടാക്കട, കുന്നത്തുകാൽ, വെള്ളനാട്, പുല്ലമ്പാറ, അതിയന്നൂർ, ബാലരാമപുരം, പള്ളിച്ചൽ, കരുംകുളം, തിരുപുറം, ചെങ്കൽ, കൊല്ലയിൽ, പെരുങ്കടവിള, ആര്യങ്കോട്, ആര്യനാട്, കള്ളിക്കാട്, പൂവച്ചൽ, വിളപ്പിൽ, തൊളിക്കോട്,

പുളിമാത്ത്, ഉഴമലയ്ക്കൽ, വിതുര, നന്ദിയോട്, ആനാട്, വാമനപുരം, മാറനല്ലൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ**

215(6202) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വിതരണ വിഭാഗത്തിനുകീഴിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ദ്യുതി പദ്ധതിപ്രകാരം നിലവിലുള്ള എച്ച്.ടി./എൽ.ടി. ലൈനുകളുടെ ശേഷിവർദ്ധിപ്പിക്കൽ, വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷിവർദ്ധിപ്പിക്കൽ, നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ, ലൈനുകളുടെ റീ-കണ്ടക്റ്ററിംഗ്, പോസ്റ്റുകൾ മാറ്റി

സ്ഥാപിക്കൽ, കേടായ എനർജി മീറ്ററുകൾ മാറ്റി പുതിയ മീറ്റർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

ദ്യുതി 1 പദ്ധതിപ്രകാരം 2021-22 വർഷത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുതിയ 23 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും നിലവിലുള്ള 8 ട്രാൻസ്ഫോർമറുകളുടെ ശേഷിവർദ്ധിപ്പിക്കുന്ന പ്രവൃത്തിയും 33 km നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുന്ന പ്രവൃത്തിയും 3 km പുതിയ ത്രീഫേസ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 19.5 കി.മീ. പുതിയ 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തിയും 61 km LT ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയും 17.25 km HT ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയും പുതിയ 7.96 km HT AB കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടെ 149 പ്രവൃത്തികൾക്കായി 2021-22 വർഷത്തിൽ 602.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ദ്യുതി 2 പദ്ധതിപ്രകാരം 2022-23 വർഷത്തിൽ 620.31 ലക്ഷം രൂപയുടെ 83 പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പ്രവൃത്തികൾ താഴെ സൂചിപ്പിക്കുന്നു.

2022-23 വർഷത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി

പുതിയ 7 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 7.84 കി.മീ. പുതിയ 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തിയും 23.93 km പുതിയ ത്രീ ഫേസ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 6.82 km നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തിയും 45.7 km LT ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയും 9.1 km HT ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയും 2.15 km പുതിയ LT AB കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 2.3 km HTAB കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS സ്കീമിൽ ഉൾപ്പെടുത്തി ലൈനുകളുടെ ശേഷിവർദ്ധിപ്പിക്കുന്ന പ്രവൃത്തി, നിലവിലുള്ള ഓവർ ഹെഡ് ലൈനിനുപകരം ABC, UG Cable, Covered Conductor എന്നിവ മാറ്റി സ്ഥാപിക്കൽ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്.

RDSS സ്കീമിൽ ഉൾപ്പെടുത്തി 22.45 കി.മീ. എച്ച്.ടി. എ.ബി.സി. വലിക്കുന്ന പ്രവൃത്തിയും 5 കി.മീ. എച്ച്.ടി. യു.ജി. കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 11 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 2

ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതും 6.72 കി.മീ. Covered Conductor ലൈൻ വലിക്കുന്ന പ്രവൃത്തിയും 33.8 കി.മീ. പഴയ എൽ.ടി. ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും കാഞ്ഞങ്ങാട് ടൗണിൽ RMU സംവിധാനം കൊണ്ടുവരാനും ഉദ്ദേശിക്കുന്നു. മേൽ പ്രവൃത്തികളുൾപ്പെടെ 53 പ്രവൃത്തികൾക്കായി 959 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

1. അമ്പലത്തറ 220 കെ.വി. സബ്സ്റ്റേഷനിൽ രണ്ട് 200 എം.വി.എ. 220/110 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് കമ്മീഷൻ ചെയ്തു.
2. 110 കെ.വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷനിലെ രണ്ട് 12.5 എം.വി.എ., 110/11 കെ.വി. ട്രാൻസ്ഫോർമർ മാറ്റി, രണ്ട് 20 എം.വി.എ., ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷിഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
3. 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷനിലെ രണ്ട് 5 എം.വി.എ., 33/11 കെ.വി. ട്രാൻസ്ഫോർമർ മാറ്റി രണ്ട് 8

എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷിഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

4. 33 കെ.വി. ബേളൂർ സബ്സ്റ്റേഷനിലെ 11 കെ.വി. ഔട്ട്ഡോർ സംവിധാനം മാറ്റി 11 കെ.വി. ഇൻഡോർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

ഇതുകൂടാതെ RDSS സ്കീമിൽ ഉൾപ്പെടുത്തി പ്രസരണ വിഭാഗത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. 220kV അമ്പലത്തറ സബ്സ്റ്റേഷനിൽനിന്നും 33 കെ.വി. ബേളൂർ സബ്സ്റ്റേഷനിലേയ്ക്ക് 12 കി.മീ. ഭൂഗർഭ കേബിൾ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി.
2. 33 കെ.വി. ബേളൂർ സബ്സ്റ്റേഷനിലെ രണ്ട് 5 എം.വി.എ. ട്രാൻസ്ഫോർമറുകൾ മാറ്റി രണ്ട് 8 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷിഉയർത്തുന്ന പ്രവൃത്തി.

പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(a) **സൗര പുരപ്പുറ സൗരോർജ്ജ പദ്ധതി**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട്

നിയോജകമണ്ഡലത്തിൽ സൗര ഫേസ്-1 പദ്ധതിയിൽ 165 kwp (9 എണ്ണം) നിലയങ്ങളും സൗര ഫേസ് - 2 സബ്സിഡി പദ്ധതിയിൽ 503 kwp (129 എണ്ണം) നിലയങ്ങളും കമ്മീഷൻ ചെയ്തു. നടപ്പാക്കിവരുന്ന പദ്ധതികളൊന്നും ഇല്ല.

(b) **സൗരോർജ്ജ പദ്ധതി**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിനുകീഴിൽ ജില്ലാ ആയുർവ്വേദ ഹോസ്പിറ്റൽ, പടന്നക്കാടിൽ ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി 35 KW കപ്പാസിറ്റിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടി എന്നിവ പുരോഗമിച്ചുവരുന്നു.

(c) **EV charging stations**

**ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ = 1 എണ്ണം**

1. കാഞ്ഞങ്ങാട് 110 KV സബ്സ്റ്റേഷൻ കോമ്പൗണ്ട്

**പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷൻ - 10 എണ്ണം**

1. സിറ്റി നഴ്സിംഗ് ഹോമിന് സമീപം, കൊട്ടാച്ചേരി
2. മടിയൻ ജംഗ്ഷൻ
3. കൊവ്വൽ പള്ളി, കാഞ്ഞങ്ങാട്

4. റെസ്റ്റ് ഹോമിനു സമീപം, കാഞ്ഞങ്ങാട്

5. പടന്നക്കാട് സെന്റർ

6. ചോയാംകോട്

7. മഞ്ഞളാംകാട്

8. വെള്ളരിക്കുണ്ട്

9. വെള്ളരിക്കുണ്ട് - ആർ.ടി. ഓഫീസിന്റെ എതിർവശം

10. ഒടയംചാൽ

അനെർട്ട് നടപ്പാക്കിവരുന്ന പുരപ്പുറ സോളാർ പവർ പ്ലാന്റ് പദ്ധതിയിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 6 അപേക്ഷകളിലായി 21 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) സബ്സിഡി KSEBL മുഖേന ലഭ്യമാക്കിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. പദ്ധതി**

216(6203) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. (റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പദ്ധതിയിൽ ഉൾപ്പെടുത്തി

എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ പുരോഗതി എന്നിവ വിശദമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കാനുള്ള അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

1. ഇലക്ട്രിക്കൽ സെക്ഷൻ തൃക്കൊടിത്താനത്തിന്റെ പരിധിയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ പുതിയ 11 കെ.വി. ഫീഡർ നൽകുന്നതിനായി ഒരു 11 കെ.വി.ഔട്ട്ലെറ്റ് 110 കെ.വി സബ്സ്റ്റേഷൻ തൃക്കൊടിത്താനത്ത് സ്ഥാപിക്കുന്നതിനായി ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.
2. തെങ്ങണ വ്യവസായ മേഖലയിൽ തടസ്സരഹിത വൈദ്യുതി എത്തിക്കുന്നതിനായി 3 എം.വി.എ. 33 കെ.വി. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള പ്രവൃത്തി ആർ.ഡി.എസ്.എസ്. അഡീഷണൽ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിനായി 0.25 കി.മീ. യു.ജി.കേബിൾ

ഉപയോഗിച്ചും 25 മീ. കവേർഡ് കണ്ടക്ടർ ഉപയോഗിച്ചും ലൈൻ വലിക്കുന്ന ജോലിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇലക്ട്രിക്കൽ സെക്ഷൻ തൃക്കൊടിത്താനത്തിന്റെ പരിധിയിൽ പുതിയ 11 കെ.വി. ഔട്ട്ലെറ്റ് 110 കെ.വി. സബ്സ്റ്റേഷനിൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 17 ലക്ഷം, തെങ്ങണ വ്യവസായ മേഖലയിൽ 3 എം.വി.എ. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും സ്ഥാപിക്കാനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 180 ലക്ഷം ചേർന്ന് മൊത്തം 197 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. കൂടാതെ ചുവടെ കൊടുത്തിരിക്കുന്ന വർക്കുകളുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

| Sl. No. | Work | Quantity | Amount (In lakh) |
|---|---|---|---|
| 1 | പുതിയ ലോ ടെൻഷൻ ലൈനുകൾ എ.ബി.സി. കേബിൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ജോലി | 120 Km | 1059.60 |
| 2 | നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ എ.ബി.സി. കേബിൾ ഉപയോഗിച്ച് ത്രീ ഫേസ് ആക്കി മാറ്റുന്ന ജോലി | 1 Km | 8.83 |
| 3 | HVDS | 9 Nos. | 18.18 |
| 4 | പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ജോലി | 6 Nos. | 23.40 |

| | | | |
|---|---|---|---|
| 5 | നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുന്ന ജോലി | 6 Nos. | 15.77 |
| 6 | നിലവിലുള്ള എച്ച്.ടി.കണ്ടക്ടർ മാറ്റി കവേഡ് കണ്ടക്ടർ ആക്കി മാറ്റുന്ന ജോലി | 4.5 Km | 83.55 |
| 7 | HT ABC Cable | 51.74 Km | 910.62 |
| 8 | പുതിയ ലോ ടെൻഷൻ ലൈനുകൾ എ.ബി.സി. കേബിൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ജോലി | 9.8 Km | 86.53 |
| 9 | വെള്ളപ്പൊക്കം ബാധിക്കാതിരിക്കാനായി നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുകയും ഉയർത്തിവയ്ക്കുകയും ചെയ്യുന്ന ജോലി | 4 Nos. | 2.80 |
| **Total** | | | **2209.28** |

## ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി

217(6204) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി എക്സ്റ്റൻഷൻ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ?

പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാംഘട്ട അനുമതി ലഭ്യമായിട്ടുണ്ട്.

(ബി) എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്; അറിയിക്കുമോ?

800 മെഗാവാട്ട്.

(സി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്ന നടപടികൾ തുടർന്നുവരുന്നു. പ്രാഥമിക വിലയിരുത്തൽപ്രകാരം 3062.08 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് പുതിയതായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിലുള്ള ഇടുക്കി ജലവൈദ്യുത പദ്ധതിക്കായി വിട്ടുനൽകിയ വനഭൂമി ഉൾപ്പെടെ ഏകദേശം 127 ഹെക്ടർ ഭൂമി ആവശ്യമായി വരും. ഇതിൽ 92 ഹെക്ടർ സ്വകാര്യ ഭൂമി ഉൾപ്പെടുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. അന്തിമ പ്രോജക്ട് റിപ്പോർട്ടും പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും പൂർത്തിയാകുമ്പോൾ മാത്രമാണ് പദ്ധതിക്കാവശ്യമായ ഭൂമിയുടെ തരംതിരിച്ച വിവരങ്ങൾ വ്യക്തമാക്കാൻ സാധിക്കുന്നത്.

(ഇ) വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷമുള്ള ജലം സംഭരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിശദമായ പഠനം നടന്നുവരുന്നു. നിലവിൽ, വൈദ്യുതി

ഉൽപ്പാദനത്തിനുശേഷം സ്വാഭാവിക നീരൊഴുക്കിന്റെ തൽസ്ഥിതി തുടരാനാണ് ഉദ്ദേശിക്കുന്നത്. പീക്ക് സമയങ്ങളിലെ അധികജലം ഉൽപ്പാദനത്തിനുശേഷം തൊടുപുഴ നദിയിലേയ്ക്ക് ഒഴുക്കുന്നതിന്റെ അളവ് നിയന്ത്രിക്കുന്നതും പുനഃക്രമീകരണം നടത്തുന്നതും സംബന്ധിച്ച പഠനങ്ങൾ നടന്നുവരുന്നു.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

218(6205) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്; അറിയിക്കുമോ?

സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1. ഭൂതത്താൻകെട്ട് (3x8 MW)**

ഇലക്ട്രോ മെക്കാനിക്കൽ പുരോഗതി 86.61% പൂർത്തീകരിച്ചു. ചൈനയിൽനിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി അഡ്വാൻസ് തുക കോൺട്രാക്ടർക്ക് കൊടുക്കുന്നതിനായിട്ടുള്ള ഒരു ത്രികക്ഷി കരാർ കെ.എസ്.ഇ.ബി.എൽ., M/s SSEB & M/s Hunan ഒപ്പിട്ടു. കാലതാമസം

കൂടാതെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**2. പഴശ്ശിസാഗർ (3x2.5 MW)**

25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s Kirloskar Brothers Ltd. എന്ന കമ്പനിക്ക് അനുവദിച്ചു. കോൺട്രാക്ട് തുക 48.26 കോടി. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു.

**3. പെരുവണ്ണാമൂഴി (2x3 MW)**

25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s Kirloskar Brothers Ltd. എന്ന കമ്പനിക്ക് അനുവദിച്ചു. കോൺട്രാക്ട് തുക 29.40 കോടി. ഡ്രായിംഗ് അപ്രൂവൽ അവസാനഘട്ടത്തിലാണ്. ടെസ്റ്റിംഗ്, ഇറക്ഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**4. ചിന്നാർ SHEP (2x12 MW) Phase II**

പ്രസ്തുത പദ്ധതിയുടെ (സിവിൽ & ഇലക്ട്രോ മെക്കാനിക്കൽ) പ്രവൃത്തികളുടെ കോൺട്രാക്ട് M/s PGCCPL-Aryacon-Flovel Consortium-ത്തിന് 116.65 കോടി രൂപയ്ക്ക് 09-06-2022-ൽ നൽകി. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു.

**5. ഒലിക്കൽ ജല വൈദ്യുത പദ്ധതി (5MW/10.6Mu)**

7/2025-ൽ സിവിൽ വർക്കുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. E&M-ന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**6. പൂവാരംതോട് ചെറുകിട ജലവൈദ്യുതപദ്ധതി (3MW/5.88 Mu)**

7/2025-ൽ സിവിൽ വർക്കുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. E&M-ന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ നിർമ്മാണഘട്ടത്തിലിരിക്കുന്ന സ്വകാര്യ - തദ്ദേശസ്വയംഭരണ മേഖലയിലുള്ള ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം 1+ൽ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി ചുവടെ ചേർക്കുന്നു.

| പദ്ധതി | പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|
| ഭൂതത്താൻകെട്ട് (3x8 MW) | 31-12-2023 |
| പഴശ്ശിസാഗർ (3x2.5 MW) | 10-09-2023 |
| പെരുവണ്ണാമൂഴി (2x3 MW) | 05-05-2023 |
| ചിന്നാർ SHEP (2x12 MW) | 08-06-2024 |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| Phase II | |
| ഒലിക്കൽ ജല വൈദ്യുത പദ്ധതി (5MW/10.6Mu) | 07/2025 |
| പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3MW/5.88 Mu) | 07/2025 |

(സി) പ്രസ്തുത പദ്ധതികൾ മുഖാന്തരം എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾ മുഖാന്തരം താഴെപ്പറയുന്ന യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

| **പദ്ധതി** | **പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതോല്പാദനം** |
|---|---|
| ഭൂതത്താൻകെട്ട് (3x8 MW) | 83.5 MU |
| പഴശ്ശിസാഗർ (3x2.5 MW) | 25.16 MU |
| പെരുവണ്ണാമൂഴി (2x3 MW) | 24.70 MU |
| ചിന്നാർ SHEP (2x12 MW) Phase II | 76.45 MU |
| ഒലിക്കൽ ജല വൈദ്യുത പദ്ധതി (5MW) | 10.6 MU |
| പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3MW) | 5.88 MU |

സ്വകാര്യമേഖലയിൽ നടപ്പാക്കിവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾവഴി ഏകദേശം 125 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാർഷികമായി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രസരണ വിതരണ ശൃംഖലകൾ സുരക്ഷിതവും കുറ്റമറ്റതുമാക്കുന്നതിന് നടപടി

219(6206) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുത പ്രസരണ വിതരണ ശൃംഖലകൾ സുരക്ഷിതവും കൂടുതൽ കുറ്റമറ്റതുമാക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച ദ്യുതി 1 ഉൾപ്പെടെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണമേഖല ശക്തിപ്പെടുത്തുന്നതിന് പ്രധാനമായും 3314 കി. മി. 11 കെ. വി. ലൈനും 6156 കി.മീ. എൽ. ടി. ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 3695 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 31454 km എൽ.ടി. ലൈനും 1354 km 11 കെ. വി. OH ലൈനും റീ-കണ്ടക്ടറിംഗ് നടത്തുകയും 2205 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ദ്യുതി 1 ഉൾപ്പെടെയുള്ള പദ്ധതിയിൽപ്പെടുത്തി 1741.6 കോടി രൂപയുടെ പ്രവൃത്തികൾ

കെ.എസ്.ബി.എൽ. പൂർത്തിയാക്കി. വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 86.95 ലക്ഷം സ്പേസറുകളും സ്ഥാപിച്ചിട്ടുണ്ട്.

വിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ചെലവിൽ 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പാക്കാനായി 4016.10 കോടി രൂപയുടെ ദ്യുതി 2.0 പദ്ധതി രൂപരേഖ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 മുതൽ 2024-25 വരെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ഉം കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വൈദ്യുത പ്രസരണ മേഖലയിൽ സുരക്ഷയും പ്രവർത്തനക്ഷമതയും എല്ലാ തലങ്ങളിലും കെ.എസ്.ഇ.ബി.എൽ. നിലവിൽ ഉറപ്പാക്കിവരുന്നു. സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണം ആരംഭിക്കുന്നത്

മുതൽ ആവശ്യമായ എല്ലാവിധ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. നൂതന സാങ്കേതിക വിദ്യകളും സുരക്ഷാ സംവിധാനങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള സബ്സ്റ്റേഷനുകളുടെ നിർമ്മാണം, കൂടുതൽ സുരക്ഷ ഉറപ്പാക്കുന്ന ഭൂഗർഭ കേബിളുകൾ, കവേർഡ് കണ്ടക്ടറുകൾ, കൂടുതൽ പ്രസരണശേഷിയുള്ള ചാലകങ്ങൾ തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള ലൈനുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ വഴി പ്രസരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമതയുള്ളതും കുറ്റമറ്റതുമാക്കുന്നതിന് സാധിക്കുന്നു.

നൂതന സാങ്കേതികവിദ്യാ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനോടൊപ്പം പ്രസരണ വിഭാഗം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നതിനായി സബ്സ്റ്റേഷൻ മെയിന്റനൻസ്, ടെസ്റ്റിംഗ് & മോണിറ്ററിംഗ്, ലൈൻ മെയിന്റനൻസ് മുതലായ വിവിധ വിഭാഗങ്ങളിലായി വിദഗ്ധരായ ജീവനക്കാർ കൃത്യമായ ഇടവേളകളിൽ എല്ലാ സംവിധാനങ്ങളുടെയും പ്രവർത്തനം പരിശോധിച്ച് വിലയിരുത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. കൂടാതെ ജീവനക്കാർക്ക് അതത് മേഖലകളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്.

ഏതെങ്കിലും പ്രതിഷ്ഠാപനങ്ങളിലോ ലൈനുകളിലോ അപകടകരമായ

രീതിയിൽ എന്തെങ്കിലും തകരാറുകളോ അവസ്ഥകളോ ഉണ്ടായാൽ അവയെ എത്രയുംവേഗം സുരക്ഷിതമായി സിസ്റ്റത്തിൽനിന്നും വിച്ഛേദിക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിലേയ്ക്കായി ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നു.

ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയും RDSS പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസരണ വിതരണ ശൃംഖലകളും നവീകരിക്കുന്നതിനും കൂടുതൽ സുരക്ഷിതമാക്കുന്നതിനുംവേണ്ട വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

## ആദിവാസി കോളനികളിലെ വൈദ്യുതീകരണം

220(6207) <u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. സി. സി. മുകുന്ദൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഉൾവനങ്ങളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത

പരിഹരിക്കുന്നതിനായി വൈദ്യുതി ലഭ്യമല്ലാത്ത 101 പട്ടികവർഗ്ഗ കോളനികൾ കെ.എസ്.ഇ.ബി.എൽ. കണ്ടെത്തി DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി, DPR പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിരുന്നു. ഇതിൽ 10 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാക്കിയിട്ടുണ്ട്. 7 കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നുവരുന്നു. വയനാട് ജില്ലയിലെ കോളനികളിൽ പുനരധിവാസം നിർദ്ദേശിച്ചിരുന്നതിനാൽ പ്രസ്തുത കോളനികളെ ഒഴിവാക്കിയതിനുശേഷം ഇനി ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന കോളനികൾ 25-ഉം സോളാർ വൈദ്യുതീകരണം സാധ്യമാകുന്ന കോളനികൾ 38-ഉം ആണെന്ന് കെ.എസ്.ഇ.ബി.എൽ. കണ്ടെത്തിയിട്ടുണ്ട്.

ഇനിയും വൈദ്യുതീകരിക്കാൻ സാധിക്കാത്ത ആദിവാസി കോളനികളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് അനെർട്ട് നടത്തിവരുന്നത്. ഇവയിൽ പാലക്കാട് ജില്ലയിലെ 4 ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മറ്റുള്ള കോളനികൾക്ക് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ ആദിവാസി കോളനികളിലെ

വീടുകളിലും അടുത്ത ഒരു വർഷത്തിനകം വൈദ്യുതി എത്തിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇതുവരെ വൈദ്യുതി എത്തിക്കാൻ കഴിയാതിരുന്ന ആദിവാസി കോളനികളിലെ വീടുകളിൽ 2023 മാർച്ച് 31-ന് മുമ്പായി വൈദ്യുതി എത്തിക്കാൻ തീരുമാനമായിട്ടുണ്ടോ; വിശദമാക്കാമോ?

24-11-2022-ൽ നടന്ന യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തി 25 കോളനികളുടെ വൈദ്യുതീകരണം പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും RDSS പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖപ്രകാരം ഫണ്ട് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് 06-02-2023-ന് നടന്ന യോഗത്തിൽ ചർച്ച ചെയ്യുകയും 25 കോളനികളുടെ വൈദ്യുതീകരണത്തിനാവശ്യമായ തുകയുടെ 20% ട്രൈബൽ വകുപ്പും ബാക്കി 80% തുക കെ.എസ്.ഇ.ബി.എൽ.-ഉം വഹിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സാധ്യമായ എല്ലാ കോളനികളുടെയും വൈദ്യുതീകരണം മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കാൻ മേൽ യോഗത്തിൽ തീരുമാനിച്ചതനുസരിച്ചുള്ള നടപടികൾ നടന്നുവരുന്നു.

ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന ലിസ്റ്റിൽ ഉൾപ്പെട്ട കോളനികളുടെ വൈദ്യുതീകരണം മേയ് മാസത്തിനുള്ളിൽ

പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ. പ്രതീക്ഷിക്കുന്നു.

(സി) ഇതിന്റെ ഭാഗമായി ലൈനുകളിലൂടെയും കേബിളുകളിലൂടെയും വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടുള്ള ദുർഘടമായ വനാന്തരങ്ങളിലുള്ള കോളനികളിൽ സോളാർ, ഹൈബ്രിഡ് പദ്ധതി നടപ്പാക്കാൻ അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഗ്രിഡ് വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതോ ഇതിനായി വളരെയധികം വനഭൂമി ലഭ്യമാക്കേണ്ടതായോ വരുന്ന ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ താഴെത്തുടുക്കി ആദിവാസി കോളനിയിൽ 45 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി 50 കിലോവാട്ട് ശേഷിയുള്ള സോളാർ വിൻഡ് ഹൈബ്രിഡ് മൈക്രോ ഗ്രിഡ് പവർ പ്ലാന്റ് അനെർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം എല്ലാ വീടുകളിലും LED ട്യൂബ് ലൈറ്റ്, ബൾബ് തുടങ്ങിയവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ, മേലേത്തുടുക്കി, ഗലസ്സി, ഊരാടം എന്നീ കോളനികൾ വൈദ്യുതീകരിക്കാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആദിവാസി കോളനികളിലെ വൈദ്യുതീകരണത്തിനുള്ള പദ്ധതി രൂപീകരിക്കുന്നതിനും പൂർത്തിയാക്കുന്നതിനും മേൽനോട്ടം

വഹിക്കുന്നതിനായി ജില്ലാതല സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ 05-07-2021-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

ഊർജ്ജ വകുപ്പ് സെക്രട്ടറി കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി; തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി; വനം വകുപ്പ്, സെക്രട്ടറി; പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ വികസന വകുപ്പ്, ചെയർമാൻ; കെ.എസ്.ഇ.ബി.എൽ., ഡയറക്ടർ; അനെർട്ട്, ഡയറക്ടർ; പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായുമാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്.

ഓരോ ജില്ലയിലെയും ജില്ലാ കളക്ടർ ചെയർമാനായും അതത് ജില്ലയിലെ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിനിധി കൺവീനറായും പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനം വകുപ്പ് പ്രതിനിധി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗങ്ങളായുമാണ് ജില്ലാതല സമിതി രൂപീകരിച്ചിട്ടുള്ളത്.

## ഒറ്റപ്പാലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

221(6208) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി ആകെ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 1394 ജനറൽ വിഭാഗത്തിലുള്ള വീടുകൾക്കും (ഇതിൽ 1134 ബി.പി.എൽ. വിഭാഗത്തിലുള്ള വീടുകൾക്കും) 244 പട്ടികജാതി വിഭാഗത്തിലുള്ള വീടുകൾക്കും 3 പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വീടുകൾക്കും ഉൾപ്പെടെ ആകെ 1641 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിക്കുന്നതിനായി ആകെ 132.73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 20 ലക്ഷം രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളുടെ എണ്ണം പഞ്ചായത്തുതിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത വീടുകൾക്ക്

കണക്ഷൻ ലഭ്യമാക്കുന്നതിന് ആകെ എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമല്ല. എന്നാൽ വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

222(6209) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതിനുശേഷം പുതിയതായി അപേക്ഷിച്ചവർക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ വൈദ്യുതി കണക്ഷൻ നൽകാനുള്ളവരുടെ എണ്ണം പഞ്ചായത്തുതിരിച്ച് നൽകാമോ;

(സി) പ്രസ്തുത അപേക്ഷകർക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) ആലത്തൂർ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതിനുശേഷം അപേക്ഷിച്ചവർക്കെല്ലാം വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ലൈൻ വലിച്ച് കണക്ഷൻ കൊടുക്കാൻ സാധിക്കാത്ത വീടുകളിൽ സോളാർ കണക്ഷൻ കൊടുത്ത് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. വയറിംഗ് പൂർത്തീകരിച്ച് വൈദ്യുതി കണക്ഷനുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ.-ൽ വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

223(6210) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ പദ്ധതിയുടെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നിലവിൽ ലോൺ അനുവദിക്കുന്നുണ്ടോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പവർ പ്ലാന്റ്

സ്ഥാപിക്കുന്നതിന് ബാങ്ക് ലോൺ ലഭ്യമാണ്.

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) പുരപ്പുറ സൗരോർജ്ജ പവർ പ്ലാന്റ് പദ്ധതിയുടെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി എസ്.ബി.ഐ., എച്ച്.ഡി.എഫ്.സി. എന്നീ ബാങ്കുകൾ മുഖേന കുറഞ്ഞ നിരക്കിൽ ലോൺ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് അനെർട്ടിന്റെ വെബ്പോർട്ടലായ 'buymysun' വഴി സോളാർ പ്ലാന്റിനുള്ള അപേക്ഷയോടൊപ്പം ലോണിനുള്ള അപേക്ഷയും നൽകാവുന്നതാണ്.

**പൊന്നാനി കോൾ കൃഷി മേഖലയിൽ സൗരോർജ്ജ പദ്ധതി**

224(6211) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ കൃഷി മേഖലയിൽ സൗരോർജ്ജ പദ്ധതികൾ ഉപയോഗിച്ച് ഊർജ്ജം ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

സൗരോർജ്ജ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക്

നൽകുന്ന സഹായ പദ്ധതിയാണ് 'പ്രധാനമന്ത്രി കുസും പദ്ധതി' (PM-KUSUM). നിലവിലുള്ള കാർഷിക പമ്പുകൾ സൗരോജ്ജവൽക്കരിക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. പി. എം. കുസും പദ്ധതിപ്രകാരമുള്ള 'കംപോണന്റ് - സി' അനെർട്ട് നടപ്പാക്കുന്നു. ഇതിൻപ്രകാരം ആവശ്യമായ പദ്ധതിത്തുകയിൽ ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും ആകുന്നു. പദ്ധതിത്തുകയുടെ ബാക്കി ഉപഭോക്തൃ വിഹിതമാകുന്നു. ഈ പദ്ധതിപ്രകാരം സ്ഥാപിക്കപ്പെടുന്ന സൗരോജ്ജ നിലയങ്ങൾക്ക് 5 വർഷം വാറന്റി ലഭിക്കുന്നതാണ്. കർഷകർക്കുള്ള അധികഭാരം കുറയ്ക്കുന്നതിലേയ്ക്കായി കേന്ദ്രവിഹിതം കഴിഞ്ഞുള്ള തുക നബാർഡിൽ വായ്പയായി ലഭ്യമാക്കി പദ്ധതി നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നുവരുന്നു.

പൊന്നാനി കോൾ മേഖലയിലെ പമ്പുകൾ താരതമ്യേന ഉയർന്ന ശേഷിയുള്ള പമ്പുകളാണ്, ഇവ പാടശേഖര സമിതികളുടെ കീഴിൽ പ്രവർത്തിക്കുന്നു. നിഴൽരഹിതമായ, നേരിട്ട് സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലങ്ങൾ സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ അനുയോജ്യമാണ്. സൗരോർജ്ജ നിലയങ്ങളിൽനിന്നും പമ്പിന്റെ ഉപയോഗശേഷം ബാക്കിയാകുന്ന വൈദ്യുതി KSEBL-നു നൽകുന്നതിലൂടെ പാടശേഖര

സമിതികൾക്ക് അധികവരുമാനം ലഭിക്കും.

(ബി) സൗരോർജ്ജ പദ്ധതികളിലൂടെ പൊന്നാനി-തൃശ്ശൂർ കോൾ മേഖലയിലെ ഊർജ്ജ പ്രതിസന്ധി മറികടക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

'പി.എം. കുസും' പദ്ധതിയിൽ പാടശേഖര സമിതികളുടെ ഉയർന്ന ശേഷിയുള്ള പമ്പുകൾ വ്യവസ്ഥകൾക്ക് വിധേയമായി സൗരോർജ്ജവൽക്കരിക്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം സ്ഥാപിക്കുന്ന സൗരോർജ്ജനിലയങ്ങളിൽനിന്നും ഉപയോഗശേഷം ലഭിക്കുന്ന വൈദ്യുതി KSEBL-ന് നൽകുന്നതിലൂടെ പാടശേഖര സമിതികൾക്ക് അധികവരുമാനം ലഭിക്കുന്നതാണ്. ആദ്യഘട്ടത്തിൽ തൃശ്ശൂർ കോൾ പാടങ്ങളിലെ 11 പമ്പുകൾ പൈലറ്റ് അടിസ്ഥാനത്തിൽ സൗരോർജ്ജവൽക്കരിക്കുന്നതിനായി അംഗീകൃത EPC കമ്പനിക്ക് സാധ്യതാപഠനത്തിനായി ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽനിന്നും സൈറ്റ് അടിസ്ഥാനത്തിൽ എത്ര തുക കൂടുതലായി വരുമെന്നറിയാൻ സാധിക്കും. അവ പരിശോധിച്ചശേഷം വർക്ക്ഓർഡർ നൽകുന്നതാണ്. ഇവ സൗരോർജ്ജവൽക്കരിച്ചാൽ ഏകദേശം 900 kW വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിക്കും. അനുയോജ്യമായ സാഹചര്യങ്ങളിൽ ഇതിൽനിന്നും 13,50,000 യൂണിറ്റ്

വൈദ്യുതി പ്രതിവർഷം ഉൽപ്പാദിപ്പിക്കാൻ സാധിക്കും.

**സൗരോർജ്ജ വൈദ്യുതി നിരക്ക്**

225(6212) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദകർ കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്ന വൈദ്യുതിയുടെ ഈ വർഷത്തെ നിരക്ക് 2.69 രൂപയായി നിശ്ചയിച്ചുകൊണ്ട് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവായിട്ടുണ്ടോ?

സൗരോർജ്ജ വൈദ്യുതി ഉൽപ്പാദകർ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്ന വൈദ്യുതിയുടെ ഈ വർഷത്തെ നിരക്ക് 2.69 രൂപയായി നിശ്ചയിച്ചുകൊണ്ട് 23-02-2023-ന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവായി.

(ബി) നിലവിൽ നിശ്ചയിച്ചിരിക്കുന്ന നിരക്ക് മുൻവർഷത്തെ നിരക്കിനേക്കാൾ കുറവാണോ; എങ്കിൽ യൂണിറ്റിന് എത്ര രൂപയുടെ കുറവാണ് ഇപ്പോൾ വരുത്തിയിട്ടുള്ളതെന്നും കുറവ് വരാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തെ നിരക്ക് Rs. 3.22/യൂണിറ്റായിരുന്നു. നിലവിൽ നിശ്ചയിച്ചിരിക്കുന്ന നിരക്ക് മുൻവർഷത്തെ നിരക്കിനേക്കാൾ 53

പൈസ കുറവാണ്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന റിന്യൂവബിൾ എനർജി & നെറ്റ് മീറ്ററിംഗ് റെഗുലേഷൻ 2020 പ്രകാരമാണ് പ്രോസ്യൂമേഴ്സ് അല്ലെങ്കിൽ കാപ്റ്റീവ് കൺസ്യൂമേഴ്സ് വിതരണ ലൈസൻസിയുടെ ഗ്രിഡിലേയ്ക്ക് ബാങ്ക് ചെയ്യുന്ന അധിക വൈദ്യുതിക്ക് വില നൽകേണ്ടിവരുന്നത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പ്രസ്തുത റെഗുലേഷൻപ്രകാരം ബാങ്ക് ചെയ്ത അധിക വൈദ്യുതിക്ക് വിതരണ ലൈസൻസി അതത് വർഷത്തിന്റെ വിതരണ ലൈസൻസിയുടെ Average Pooled Power Purchase Cost നിരക്കിൽ Settlement Period-ന്റെ അവസാനം നൽകേണ്ടതാണ്.

Average Pooled Power Purchase Cost Fix ചെയ്യുന്ന Methodology സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ റെഗുലേഷനിൽ നിഷ്കർഷിക്കുന്നു. അതായത് വിതരണ ലൈസെൻസിയുടെ തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിലെ Own Generation-ന്റേയും Power Purchase Cost-ന്റെയും Weighted Average Pooled Cost ആണ് Average Pooled Power Purchase Cost ആയി കണക്കാക്കുന്നത്.

മേൽപ്പറഞ്ഞപ്രകാരം 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള

Average Pooled Power Purchase Cost കണക്കാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ 2021-22-ലെ Audited Accounts പ്രകാരമുള്ള Generation & Power purchase Cost-ന്റെ Weighted Average Pooled Cost കണക്കാക്കുമ്പോൾ 2022-23-ന്റെ Average Pooled Power Purchase Cost എന്നത് 2.69/unit ആണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 23-02-2023-ലെ ഉത്തരവുപ്രകാരം (OP64/2022) Rs2.69/ unit അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുമ്പോൾ നിരക്ക് എത്ര രൂപയായിരുന്നുവെന്നും ഇതിനുശേഷം എത്ര തവണ നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും മാറ്റംവരുത്തിയ നിരക്കുകളും തീയതികളും അറിയിക്കുമോ?

മുൻകാലങ്ങളിലെ APPC നിരക്ക് താഴെ പറയുന്നതാണ്.

| **Settlement Month end** | **Rate as per KSERC order (Rs/unit)** |
|---|---|
| September 2017: Solar, March 2018 : Non Solar | 3.26 (FY 2017-18) |
| September 2018: Solar, March 2019 : Non Solar | 3.26 (FY 2018-19) |
| September 2019 : Solar, March 2019 : Non Solar | 2.97 (FY 2019-20) |
| September 2020 : Solar, | 3.22 (FY 2020-21) |

| | |
|---|---|
| March 2021 : Non Solar | |
| September 2021 : Solar, March 2022 : Non Solar | 3.22 (FY 2021-22) |
| September 2022 : Solar, March 2023 : Non Solar | 2.69 (FY 2022-23) |

(ഡി) പ്രസ്തുത നിരക്കുകൾ നിശ്ചയിക്കുന്നതിനായി ബോർഡ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന റിന്യൂവബിൾ എനർജി & നെറ്റ് മീറ്ററിംഗ് റെഗുലേഷൻ 2020 പ്രകാരമാണ് പ്രോസ്യൂമേഴ്സ് അല്ലെങ്കിൽ കാപ്റ്റീവ് കൺസ്യൂമേഴ്സ് വിതരണ ലൈസൻസിയുടെ ഗ്രിഡിലേയ്ക്ക് ബാങ്ക് ചെയ്യുന്ന അധിക വൈദ്യുതിക്ക് വില നൽകേണ്ടിവരുന്നത്. പ്രസ്തുത റെഗുലേഷൻ ബാങ്ക് ചെയ്യുന്ന അധിക വൈദ്യുതിക്ക് വിതരണ ലൈസൻസി അതത് വർഷത്തിന്റെ വിതരണ ലൈസൻസിയുടെ Average Pooled Power Purchase Cost നിരക്കിൽ Settlement Period-ന്റെ അവസാനം നൽകേണ്ടതാണ്.

Average Pooled Power Purchase Cost Fix ചെയ്യുന്ന Methodology സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ടി റെഗുലേഷനിൽ നിഷ്കർഷിക്കുന്നു. അതായത് വിതരണ ലൈസൻസിയുടെ തൊട്ടുമുമ്പുള്ള

സാമ്പത്തിക വർഷത്തിലെ Own Generation-ന്റെയും Power Purchase Cost-ന്റെയും Weighted Average Pooled Cost ആണ് Average Pooled Power Purchase Cost ആയി കണക്കാക്കുന്നത്.

മേൽപ്പറഞ്ഞപ്രകാരം 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള Average Pooled Power Purchase Cost കണക്കാക്കുന്നതിന് കെ. എസ്. ഇ. ബി. എൽ. - ന്റെ 2021-22-ലെ Audited Accounts പ്രകാരമുള്ള Generation & Power purchase Cost-ന്റെ Weighted Average Pooled Cost കണക്കാക്കുമ്പോൾ 2022-23-ന്റെ Average Pooled Power Purchase Cost എന്നത് 2.69/unit ആണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 23-02-2023-ലെ ഉത്തരവുപ്രകാരം (OP64/2022) Rs.2.69/ unit അംഗീകരിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയുടെ ആരംഭത്തിൽ സർക്കാർ നിശ്ചയിച്ചിരുന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചവർക്ക്, നിരക്കിൽ വരുത്തിയ കുറവ് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ നടപടി പ്രസ്തുത പദ്ധതിയിൽ പുതുതായി ചേരുന്നതിൽനിന്ന് ഉപഭോക്താക്കളെ വിമുഖരാക്കുമെന്ന് കരുതുന്നുണ്ടോ;

എങ്കിൽ 2030-നകം ആകെ വൈദ്യുതി ഉപഭോഗത്തിന്റെ നാൽപ്പത് ശതമാനവും പുനരുപയോഗ സ്രോതസ്സുകളിൽ നിന്നാകണമെന്ന കേന്ദ്രനിർദ്ദേശം നടപ്പാക്കുന്നതിന് ഇത് തടസ്സമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

(ഇ&എഫ്) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത് കൺസ്യൂമേഴ്സ് ലൈസൻസിയുടെ വൈദ്യുത ഗ്രിഡിൽനിന്നും വൈദ്യുതി ഉപയോഗം കുറയ്ക്കാനും അതുമൂലം വൈദ്യുതി ബിൽ കുറയ്ക്കാനുമാണ്. ഇതിനെ പ്രസ്തുത നിരക്ക് ബാധിക്കില്ല. കൂടാതെ സോളാർ ഉത്പാദനം ഉപഭോഗത്തേക്കാൾ കൂടുതലായാൽ ഗ്രിഡിലേയ്ക്ക് നൽകുന്ന മിച്ച വൈദ്യുതി ബാങ്ക് ചെയ്ത് മറ്റു സമയങ്ങളിൽ ഉപയോഗിക്കാവുന്നതും ഇങ്ങനെ ബാങ്ക് ചെയ്ത വൈദ്യുതി പീക്ക് സമയങ്ങളിലുൾപ്പെടെ ഉപഭോക്താവിന്റെ ആവശ്യാനുസരണം തിരികെ നൽകുന്നതുമാണ്. ഇതുകൂടാതെയാണ് വർഷാവസാനം ക്രെഡിറ്റിലുള്ള വൈദ്യുതിക്ക് കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ തുക ഉപഭോക്താവിന് ലഭിക്കുന്നത്.

കാലാകാലങ്ങളിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന APPC നിരക്കിനനുസരിച്ചാണ് സൗരോർജ്ജ ഉൽപ്പാദകർക്ക് അവർ നൽകുന്ന അധിക വൈദ്യുതിക്ക് യൂണിറ്റ് നിരക്ക് നൽകാറുള്ളത്.

**കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതി**

226(6213) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുന്ന കേന്ദ്ര സഹായ പദ്ധതിയിലൂടെ കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

സൗരോർജ്ജ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായ പദ്ധതിയാണ് 'പ്രധാനമന്ത്രി കുസും പദ്ധതി' (PM-KUSUM). നിലവിലുള്ള കാർഷിക പമ്പുകളുടെ സൗരോജ്ജവൽക്കരണമാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. പി.എം.കുസും പദ്ധതിപ്രകാരം കംപോണന്റ് ബി, സി എന്നിവ അനെർട്ട് മുഖേന നടപ്പാക്കുന്നു.

**1. Component B**

വൈദ്യുതീകരിക്കാത്ത കൃഷിയിടങ്ങളിലുള്ള 1 hp മുതൽ 7.5 hp വരെയുള്ള ഡീസൽ പമ്പുകൾ സൗരോർജ്ജ പമ്പുകളായി മാറ്റി സ്ഥാപിക്കാൻ

കർഷകരെ സഹായിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ നടത്തിപ്പവകാശം അനെർട്ടിനാണ്. ഈ പദ്ധതിപ്രകാരമുള്ള സ്ഥാപകത്തുകയുടെ 30% കേന്ദ്രസബ്സിഡിയും 30% സംസ്ഥാന സബ്സിഡിയുമായി ലഭിക്കും. ഉപഭോക്തൃ വിഹിതമായി ബാക്കി തുകയായ 40% നൽകണം. ഈ പദ്ധതിപ്രകാരം സ്ഥാപിച്ചുനൽകുന്ന പമ്പുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും 5 വർഷ വാറന്റി കർഷകന് ലഭിക്കുന്നതാണ്. ഈ പദ്ധതിയിലേയ്ക്കായി കേന്ദ്ര സർക്കാർ 100 പമ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു.

## 2. Component C

നോൺ-ഫീഡർ ടൈപ്പ് കണക്ഷൻ: വൈദ്യുത കണക്ഷനുള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5 hp വരെയുള്ള പമ്പുകൾ സൗരോർജ്ജ പമ്പുകളായി മാറ്റി അതിൽനിന്ന് ഉത്പാദിപ്പിക്കുന്ന അധികവൈദ്യുതി കർഷകർക്ക് KSEBL - ന് വിൽക്കാൻ സഹായിക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത് അനെർട്ടാണ്.

ഇതിൻപ്രകാരം ആവശ്യമായ പദ്ധതിത്തുകയിൽ ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും

ആകുന്നു. പദ്ധതിത്തുകയുടെ ബാക്കിവരുന്ന വിഹിതം ഉപഭോക്തൃ വിഹിതമാകുന്നു. ഈ പദ്ധതിപ്രകാരം സ്ഥാപിക്കപ്പെടുന്ന സൗരോജ്ജ നിലയങ്ങൾക്ക് 5 വർഷം വാറന്റി ലഭിക്കുന്നതാണ്.

ഒരു ലക്ഷത്തോളം കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിക്കാനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 45,000 പമ്പുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി 9348 പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. NABARD RIDF ലോൺ ഉപയോഗപ്പെടുത്തി കർഷകർക്ക് സാമ്പത്തിക ബാധ്യത ഇല്ലാതെയാണ് അനെർട്ട് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) കർഷകരുടെ പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനായി സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് വൈദ്യുതി വകുപ്പ് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പി. എം. കുസും പദ്ധതി Component C പ്രകാരം കേരളത്തിന് 100 കാർഷിക പമ്പുകൾ സോളാറിലേയ്ക്ക് മാറ്റാനാണ് കേന്ദ്രസർക്കാർ പ്രാരംഭാനുമതി നൽകിയത്. രജിസ്റ്റർ ചെയ്ത കർഷകരിൽ അനുയോജ്യമായ

സൈറ്റുകളിൽ സൗരോർജ്ജനിലയം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുവരെ ആകെ 48 (230kWp) പമ്പുകൾ സൗരോർജ്ജവൽക്കരിച്ചുകഴിഞ്ഞു. ഇതിലൂടെ പ്രതിവർഷം ഏകദേശം 3.5 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ളവയുടെ സൗരോർജ്ജവൽക്കരണം ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

PAO, ADA-മാരെയും കൃഷിവകുപ്പിലെ മറ്റു ഉദ്യോഗസ്ഥരെയും KSEBL ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാടിസ്ഥാനത്തിൽ പദ്ധതിയെക്കുറിച്ചു വിശദീകരിച്ച് മീറ്റിംഗുകൾ സംഘടിപ്പിച്ചു. പദ്ധതി വിശദീകരിക്കുന്ന കൈപ്പുസ്തകങ്ങളും കർഷകർക്കുള്ള ലഘുലേഖകളും വിവിധ കൃഷി ഓഫീസർമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൃഷിവകുപ്പ് നടത്തുന്ന യോഗങ്ങളിൽ അനെർട്ട് ഈ പദ്ധതിയെക്കുറിച്ച് ക്ലാസുകൾ നടത്തുന്നുണ്ട്. തുടർന്ന് കേന്ദ്രാനുമതി ലഭിച്ച 45000 പമ്പുകളിൽ 9348 പമ്പുകളിൽ സൗരോർജ്ജവൽക്കരണം നടത്താൻ ടെണ്ടർ നടപടികൾ സ്വീകരിച്ചു. യോഗ്യരായ കമ്പനികളെ കണ്ടെത്തി ആദ്യഘട്ട Letter or Award നൽകിയിട്ടുണ്ട്.

**വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെയുള്ള അപകടങ്ങൾ**

227(6214) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അറ്റകുറ്റപ്പണികൾക്കിടയിൽ അപകടത്തിൽപ്പെടുന്നവരുടെ എണ്ണം മുൻ വർഷത്തേക്കാൾ കുറഞ്ഞിട്ടുണ്ട്. വൈദ്യുതി അപകടങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മുൻകാലങ്ങളിലെ അപകടങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണത്തിൽ ദിനംപ്രതി വർദ്ധനവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സുരക്ഷാമാനദണ്ഡങ്ങൾ നിർബന്ധമായി പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതിനാൽ അപകടങ്ങളുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് വന്നിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) ഇത്തരം അപകടങ്ങളുടെ കാരണമെന്താണെന്നുള്ളതിന്റെ അന്വേഷണം നിഷ്പക്ഷമായ രീതിയിൽ നടത്തുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

വൈദ്യുത അപകടങ്ങൾ ഉണ്ടാകുമ്പോൾ നിഷ്പക്ഷമായ അന്വേഷണങ്ങൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 161 സെക്ഷൻപ്രകാരം വൈദ്യുത അപകടങ്ങളുടെ അന്വേഷണം നടത്തുന്നത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നാണ്. നിഷ്പക്ഷമായ രീതിയിൽത്തന്നെയാണ് അപകട അന്വേഷണം നടക്കുന്നത്.

(സി) ഇപ്രകാരം അപകടത്തിൽപ്പെട്ട് മരിക്കുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ബോർഡ് ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം

1. പ്രായവും മാസവേതനവും അനുസരിച്ച് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/- രൂപ മുതൽ 17,14,050/- രൂപവരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ).

2. KSEBL EWF-ന്റെ അപകട ആശ്വാസധനസഹായ പദ്ധതി 2021 പ്രകാരം 10 ലക്ഷം രൂപ ലഭിക്കാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 10 ലക്ഷം രൂപയും (ജൂലൈ 2021 മുതൽ 12 ലക്ഷം രൂപയും) ലഭിക്കാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021).

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർപ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെകീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

കരാർ തൊഴിലാളികൾക്കുള്ള മരണാനന്തര നഷ്ടപരിഹാരം.

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,50,275/-രൂപ മുതൽ 17,14,050/- രൂപവരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03-01-2020 മുതൽ).

2. ശവസംസ്കാരച്ചെലവിനായി 5000/- രൂപയ്ക്ക് അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ, അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷുറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി

ഡെപ്പോസിറ്റ്/കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരികയും ചെയ്യുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസംവരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാരത്തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

## വൈദ്യുതി ലൈനുകളുടെ സുരക്ഷിതത്വം

**228**(6215) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വൈദ്യുതി ലൈൻ പൊട്ടിവീണ് ഷോക്കേറ്റ് മരണം സംഭവിക്കുന്ന കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലവർഷക്കെടുതികൾ, പ്രകൃതിക്ഷോഭം

എന്നിവയുണ്ടാകുന്ന അവസരങ്ങളിൽ വൃക്ഷങ്ങൾ, വൃക്ഷശിഖരങ്ങൾ എന്നിവ വൈദ്യുതി ലൈനിൽ വീഴുന്നതുമൂലവും വൈദ്യുതിവിതരണ ലൈനുകൾക്ക് സമീപമുള്ളതും നിശ്ചിത അകലം പാലിക്കാത്തതുമായ വൃക്ഷങ്ങളുടെ ശിഖരങ്ങൾ വൈദ്യുതി ലൈനുമായി സമ്പർക്കത്തിൽപ്പെട്ട് തേയ്മാനം/കേടുപാടുകൾ സംഭവിക്കുന്നതുകൊണ്ടും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി കമ്പികൾ കാലപ്പഴക്കംമൂലവും മറ്റു കാരണങ്ങളാലും പൊട്ടിവീഴുന്നത് തുടങ്ങിയ കാരണങ്ങളാൽ വൈദ്യുതി ലൈനിൽനിന്ന് ഷോക്കേറ്റു മരണം സംഭവിക്കുന്ന കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വൈദ്യുതിക്കമ്പി പൊട്ടിവീഴുമ്പോൾ സ്വമേധയാ വൈദ്യുതിബന്ധം വിച്ഛേദിക്കുന്ന സംവിധാനമാണ് ഫലപ്രദമായിട്ടുള്ളത്. ഇതിനായി 11 കെ.വി. ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും ലോ ടെൻഷൻ വിതരണ ലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചുമാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ലോ ടെൻഷൻ ലൈനുകളിൽ മറ്റു സാങ്കേതികവിദ്യ നിലവിലുണ്ടെങ്കിലും ഉപയോഗിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടേറിയതാണ്.

ലോ ടെൻഷൻ ലൈനുകൾ പൊട്ടിവീഴുമ്പോൾ ചില സന്ദർഭങ്ങളിൽ

ഫ്യൂസ് യൂണിറ്റ് പ്രവർത്തിക്കാതിരിക്കുകയും സ്വമേധയാ വൈദ്യുതിബന്ധം വിച്ഛേദിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വൈദ്യുതിക്കമ്പി പൊട്ടിവീണ വിവരം കിട്ടുമ്പോൾത്തന്നെ ജീവനക്കാരെത്തി വൈദ്യുതിബന്ധം വിച്ഛേദിക്കാറുണ്ട്. ലൈൻ പൊട്ടിവീണുകിടക്കുന്നപക്ഷം അവമൂലമുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട്ലൈൻ നമ്പർ (9496010101) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്.

വൈദ്യുതി കമ്പികൾ പൊട്ടിവീണ് 2022-ൽ ആകെ 44 അപകടങ്ങളും (പൊതുജനം -11 മാരകം, 7 മാരകമല്ലാത്തത്; മൃഗങ്ങൾ - 26 മാരകം) 2023-ൽ നാളിതുവരെ ഒരു മാരകമല്ലാത്ത അപകടവും നടന്നിട്ടുണ്ട്.

(ബി) വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിലും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലുമുണ്ടാകുന്ന വീഴ്ചകൾ ഇത്തരം അപകടങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് സമയബന്ധിതമായി അന്വേഷിക്കുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് ജീവനക്കാർക്ക് പരിശീലനപരിപാടികളും പൊതുജനങ്ങൾക്ക് ബോധവത്കരണ പരിപാടികളും നടന്നുവരുന്നുണ്ട്.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽനിന്നും പ്രസ്തുത വൈദ്യുതി അപകടങ്ങളുടെ അന്വേഷണം നടത്തി കാരണങ്ങൾ വിലയിരുത്തുകയും സമാന അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ടനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസുകൾക്കും കൂടാതെ ചീഫ് സേഫ്റ്റി കമ്മീഷണർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനും നൽകാറുണ്ട്. കൂടാതെ അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ആയതിന്റെ അന്വേഷണം നടത്താറുണ്ട്. ആയതിൽ നാളിതുവരെ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വൈദ്യുതി ലൈനുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

എൽ.ടി. ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിക്കുന്നതുവഴി ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരുപരിധിവരെ ഒഴിവാക്കാവുന്നതാണ്.

ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും അടുത്ത ഒന്നര വർഷത്തിനുള്ളിൽ സ്പെയ്സറുകൾ സ്ഥാപിക്കുന്ന കർമ്മപദ്ധതി KSEBL ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവരെ 1.08 കോടി സ്പെയ്സറുകൾ KSEBL സ്ഥാപിച്ചിട്ടുണ്ട്.

ലൈനുകളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എബിസി കണ്ടക്ടർ ഉപയോഗിക്കുന്നതുവഴിയും ഗാർഡിംഗ് നിർമ്മിക്കുന്നതുവഴിയും കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരുപരിധിവരെ ഒഴിവാക്കാവുന്നതാണ്.

ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണപ്രവർത്തനങ്ങൾ നടത്താനാണ് KSEBL തീരുമാനിച്ചിരിക്കുന്നത്. ദ്യുതി 1, ദ്യുതി 2, RDSS പദ്ധതി എന്നിവയിൽ ഇത്തരം പ്രവൃത്തികൾക്ക് KSEBL പ്രാധാന്യം നൽകിയിട്ടുണ്ട്.

വൈദ്യുതിക്കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ചുവടെ പ്രതിപാദിച്ചിരിക്കുന്ന നടപടികൾ നടന്നുവരുന്നു.

ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.യു. (പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ AAC കണ്ടക്ടർ മാറ്റി പകരം ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കമ്പി കൂട്ടിയടിക്കാതിരിക്കാനും പൊട്ടിയാൽപ്പോലും താഴോട്ട് വീഴാതിരിക്കാനും എൽ.റ്റി. ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിക്കുന്നു. "Communicable Fault Pass Detector"എന്ന നൂതന സംവിധാനംവഴി 11 കെ.വി., 33 കെ.വി. വൈദ്യുതി വിതരണ ലൈനുകളിലുണ്ടാകുന്ന തകരാറുകൾ പെട്ടെന്നുകണ്ടുപിടിച്ച് പരിഹരിച്ചുവരുന്നു.

കമ്പി പൊട്ടിവീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പെയ്സർ, ഗാർഡിംഗ് മുതലായവ ഘട്ടംഘട്ടമായി സ്ഥാപിച്ചുവരുന്നു.

ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും

'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി), കവേർഡ് കണ്ടക്ടറുകൾ' എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

വൈദ്യുതി ഉപഭോക്താക്കളെയും പൊതുജനങ്ങളെയും വൈദ്യുതി അപകടങ്ങളൊഴിവാക്കുന്നതിന് ജാഗരൂകരാക്കാൻ വിവിധ വാർത്താ മാധ്യമങ്ങൾ, social media, കുടുംബശ്രീ തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ജാഗ്രതാനിർദ്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു.

കൂടാതെ നിശ്ചിത ഇടവേളകളിൽ Line Patrolling നടത്തി touching clearance എടുക്കുകയും ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ പരിഹരിക്കുകയും ചെയ്യുന്നു.

**തൊടുപുഴ മണ്ഡലത്തിൽ 220 കെ.വി. സബ്സ്റ്റേഷൻ**

229(6216) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിൽ 220 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

തൊടുപുഴ നിയോജകമണ്ഡലത്തിൽ ഒരു 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. 220/110 കെ.വി.-യുടെ രണ്ട് 100 എം.വി.എ. ട്രാൻസ്ഫോർമറുകളും 110/33 കെ.വി.-യുടെ രണ്ട് 16 എം.വി.എ.

ട്രാൻസ്ഫോർമറുകളും ഉൾപ്പെടെ 81 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത്.

കോലാനി, മുതലക്കോടം, വെങ്ങല്ലൂർ എന്നിവിടങ്ങളിൽ പ്രസ്തുത സബ്സ്റ്റേഷന്റെ ഭാഗമായുള്ള പവർ ഇവാക്വേഷനുവേണ്ടി 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതും പരിഗണനയിലുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഡി.പി.ആർ. തയാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

220 കെ.വി. സബ്സ്റ്റേഷന്റെ സാങ്കേതികസാധ്യത പരിശോധിച്ചുവരുന്നു.

**മണിയൂർ ഗ്രാമപഞ്ചായത്തിൽ സബ്സ്റ്റേഷൻ**

230(6217) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ മണിയൂരിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള അനുകൂല സാങ്കേതിക പഠനറിപ്പോർട്ട്

ലഭ്യമായിട്ടുള്ളതാണ്. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മണിയൂർ പഞ്ചായത്തിലെ വടകര നഗരസഭയുടെ കൈവശമുള്ള സ്ഥലം 03-02-2023-ന് വടകര നഗരസഭ അധികൃതരും കെ.എസ്.ഇ.ബി. എൽ. ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത പരിശോധന നടത്തിയിരുന്നു. പ്രസ്തുത സ്ഥലത്തേയ്ക്ക് പ്രവേശിക്കാനുള്ള റോഡിന് വേണ്ടത്ര വീതിയില്ലെന്ന് പരിശോധനാ സമയത്ത് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടാതെ പ്രസ്തുത സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലേയ്ക്ക് കൈമാറുന്നത് സംബന്ധിച്ച വടകര നഗരസഭയുടെ തീരുമാനം, സ്ഥലത്തിന്റെ മറ്റ് രേഖകളുൾപ്പെടെ നഗരസഭയിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള തീരുമാനമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

## ഇലക്ട്രീഷ്യൻ കോഴ്സ് പൂർത്തീകരിച്ചവർക്ക് വയർമാൻ പെർമിറ്റ്

231(6218) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിന്റെ കീഴിൽവരുന്ന മിനിസ്ട്രി ഓഫ് മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസിന്റെ അംഗീകാരമുള്ള എന്റർപ്രണർഷിപ്പ് കം സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം ഇലക്ട്രീഷ്യൻ കോഴ്സ് വിജയകരമായി

പൂർത്തീകരിച്ചവർക്ക്, ഐ.ടി.ഐ. പാസ്സായ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതുപോലെ വയർമാൻ പെർമിറ്റ് ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾ 2020-ലെ ചട്ടം 15(1) (എ) പ്രകാരം ഇലക്ട്രീഷ്യൻ ട്രേഡിലുള്ള രണ്ട് വർഷത്തെ കോഴ്സ് എൻ.സി.വി.ടി./എൻ.റ്റി.സി./കെ.ജി.സി.ഇ. സർട്ടിഫിക്കറ്റുള്ളവർക്കുമാത്രമേ വയർമാൻ എക്സംപ്ഷൻ കാറ്റഗറിയിൽ പെർമിറ്റ് നൽകിവരുന്നുള്ളൂ. കേന്ദ്ര സർക്കാരിന്റെ കീഴിൽവരുന്ന മിനിസ്ട്രി ഓഫ് മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസിന്റെ അംഗീകാരമുള്ള എന്റർപ്രണർഷിപ്പ് കം സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം ഇലക്ട്രിക്കൽ കോഴ്സിന്റെ വിശദവിവരം ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാൻ കഴിയും.

**കെ.എസ്.ഇ.ബി.എൽ.-ലെ റീസ്ട്രക്ച്ചറിംഗ്**

232(6219) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ ഉദ്യോഗസ്ഥതലത്തിൽ റീസ്ട്രക്ച്ചറിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കെ.എസ്.ഇ.ബി.എൽ., റീസ്ട്രക്ച്ചറിംഗ് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ 4 എക്സ്പെർട്ട് കമ്മിറ്റികൾ തയ്യാറാക്കിയ കരട് റീസ്ട്രക്ച്ചറിംഗ് നിർദ്ദേശങ്ങളിന്മേൽ, വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള ചർച്ചകളോടെ അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.

(ബി) റീസ്ട്രക്ച്ചറിംഗ് നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വെളിപ്പെടുത്തുമോ?

റീസ്ട്രക്ച്ചറിംഗ് നടപ്പാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(സി) റീസ്ട്രക്ച്ചറിംഗ് നടപ്പാക്കുന്നതുമൂലമുള്ള ഗുണദോഷങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പുനഃസംഘടനയുമായി ബന്ധപ്പെട്ട് പഠനം നടത്താൻ കെ.എസ്.ഇ.ബി.എൽ. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്-നെ ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ടിന്റെ ശിപാർശയിന്മേൽ തുടർനടപടികൾ ആരംഭിക്കുന്നതിന്, കെ.എസ്.ഇ.ബി.എൽ. ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തു. തുടർന്ന് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി നിയമിച്ച മൂന്നംഗ സബ്കമ്മിറ്റി വിതരണം, ട്രാൻസ്മിഷൻ, ജനറേഷൻ - ഇലക്ട്രിക്കൽ &

സിവിൽ വിംഗ്സ്, കോർപ്പറേറ്റ് ഓഫീസ് എന്നിങ്ങനെ 4 വിഭാഗങ്ങളായി തിരിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുകയുണ്ടായി. സബ്കമ്മിറ്റിയുടെ വിവിധ ശിപാർശകളിൽ അതത് പ്രവർത്തന മേഖലകളിൽ അറിവുള്ള നാല് വിദഗ്ദ്ധ സമിതികൾ രൂപീകരിക്കുകയും വിശദമായ പഠനത്തിനുശേഷം വിദഗ്ദ്ധ സമിതികൾ തയ്യാറാക്കി സമർപ്പിച്ച കരട് നിർദ്ദേശങ്ങളിന്മേൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരികയുമാണ്.

**കെ.എസ്.ഇ.ബി. എൽ. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ**

233(6220) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി സെക്ഷൻ ഓഫീസുകളിലെ 1722 മീറ്റർ റീഡർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (Revamped Reforms Linked Results Based Distribution Sector Scheme) പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ അതിനൂതനമായ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി.എൽ.-ൽ നടപ്പാക്കുന്നതിനാലും മീറ്റർ റീഡിംഗുമായി

ബന്ധപ്പെട്ട് സാങ്കേതിക കാര്യങ്ങളിൽ അതിനൂതന മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നതിനാലും സ്ഥാപനത്തിൽ ബൃഹത്തായ Re-structuring വിഭാവനം ചെയ്തിരിക്കുന്നതിനാലും മീറ്റർ റീഡർ തസ്തികയിലെ ഇതിനകം റിപ്പോർട്ട് ചെയ്ത NJD വേക്കൻസികൾ ഉൾപ്പെടെ നിയമനനടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും നിലവിൽ ഉടനടി വേക്കൻസികൾ റിപ്പോർട്ടുചെയ്യാൻ നിർവ്വാഹമില്ല.

Restructuring-നുശേഷം മാത്രമേ ടി തസ്തികയിലെ ഒഴിവുകളുടെ എണ്ണം നിജപ്പെടുത്താൻ കഴിയുകയുള്ളൂ. റിപ്പോർട്ട് ചെയ്ത 218 ഒഴിവുകളിന്മേലുള്ള NJD ഒഴിവുകളിലേയ്ക്ക് നിയമനനടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാന വൈദ്യുതി ബോർഡിൽ സ്മാർട്ട് പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ?

ഉണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. RDSS പദ്ധതിപ്രകാരം, ഒന്നാം ഘട്ടത്തിലെ ഏതാണ്ട്

37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ 13-02-2023-ന് ആരംഭിച്ചു.

(സി) കെ.എസ്.ഇ.ബി.എൽ. മീറ്റർ റീഡർ തസ്തികയിലെ റാങ്ക് ലിസ്റ്റിന് ഒരു വർഷംപോലും കാലാവധി ഇനി ശേഷിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട പലരുടെയും അവസാന പ്രതീക്ഷ എന്ന നിലയിൽ നിയമനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (Revamped Reforms Linked Results Based Distribution Sector Scheme) പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ അതിനൂതനമായ പരിഷ്കാരങ്ങൾ കെ.എസ്.ഇ.ബി.എൽ.-ൽ നടപ്പാക്കുന്നതിനാലും മീറ്റർ റീഡിംഗുമായി ബന്ധപ്പെട്ട് സാങ്കേതിക കാര്യങ്ങളിൽ അതിനൂതന മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നതിനാലും സ്ഥാപനത്തിൽ ബൃഹത്തായ restructuring വിഭാവനം ചെയ്തിരിക്കുന്നതിനാലും മീറ്റർ റീഡർ തസ്തികയിലെ ഇതിനകം റിപ്പോർട്ട് ചെയ്ത NJD വേക്കൻസികൾ ഉൾപ്പെടെ നിയമനനടപടികൾ

പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും നിലവിൽ ഉടനടി വേക്കൻസികൾ റിപ്പോർട്ടുചെയ്യാൻ നിർവ്വാഹമില്ല.

Restructuring-നുശേഷം മാത്രമേ ടി തസ്തികയിലെ ഒഴിവുകളുടെ എണ്ണം നിജപ്പെടുത്താൻ കഴിയുകയുള്ളൂ. റിപ്പോർട്ടുചെയ്ത 218 ഒഴിവുകളിന്മേലുള്ള NJD ഒഴിവുകളിലേയ്ക്ക് നിയമനനടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

## കക്കയം ഹൈഡൽ ടൂറിസം പദ്ധതി

234(6221) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കയം ഹൈഡൽ ടൂറിസം പദ്ധതിയുടെ സമഗ്ര വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ടൂറിസം പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെണ്ടറിൽ ചില സാങ്കേതിക ന്യൂനതകൾ ഉള്ളതായി പരാതി വന്നതിനെത്തുടർന്ന് ടെണ്ടർ റദ്ദ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി കക്കയത്തെ ഐ.ബി. ബംഗ്ലാവ് വിനോദസഞ്ചാരികൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ പുതുക്കി പണിയുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കക്കയം ടൂറിസത്തിന്റെ വികസനത്തിനായി 300 കോടി രൂപ പ്രഖ്യാപിച്ചതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ബാണാസുരസാഗർ, കക്കയം, പെരുവണ്ണാമൂഴി എന്നീ പ്രദേശങ്ങളെ കൂട്ടിയിണക്കി കിഫ്ബി മുഖേന 300 കോടി രൂപയുടെ പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കാൻ തീരുമാനിച്ചിരുന്നെങ്കിലും തുടർനടപടികൾ ആയിട്ടില്ല.

## കോതമംഗലം ടൗണിലെ വൈദ്യുതി തടസ്സം

235(6222) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ടൗണിൽ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി അണ്ടർ ഗ്രൗണ്ട് കേബിൾ വലിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

വിശദമാക്കാമോ;

(ബി) ഇതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടൗണിലെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി നിലവിലുള്ള ലൈനുകൾ മാറ്റി പകരം പുതിയ അണ്ടർഗ്രൗണ്ട് കേബിൾ വലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കോതമംഗലം ടൗണിലെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി കോതമംഗലം നമ്പർ 2 സെക്ഷന്റെ കീഴിൽ ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി 5 കി.മീ. യു.ജി. കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 2,27,60,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടറിംഗ് നടപടികൾ പൂർത്തിയാക്കി വർക്ക്ഓർഡർ കൊടുത്തിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിലെ ആർ.ഡി.എസ്.എസ്. പ്രവൃത്തി**

236(6223) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി ആദ്യഘട്ട ടെണ്ടർ നടപടികളിലേയ്ക്ക് കടന്നിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ?

RDSS പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ജില്ലകൾക്കും

(കൊച്ചിൻ പോർട്ട് അതോറിറ്റി ഉൾപ്പെടെ) ഇൻഫ്രാസ്ട്രക്ച്ചർ പ്രവൃത്തികൾ (ജില്ല/ജില്ലകളുടെ സംയോജനമുള്ള പാക്കേജുകൾ) ടേൺകീ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടത്തുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. അവ പരിശോധനയുടെ/പ്രോസസ്സിംഗിന്റെ വിവിധ ഘട്ടങ്ങളിലാണ്.

1. വിതരണ പാക്കേജുകൾ - 11 എണ്ണം.
2. സബ് ട്രാൻസ്മിഷൻ പാക്കേജുകൾ - 10 എണ്ണം.

മൊത്തം പാക്കേജ് - 21 എണ്ണം.

- തൃശ്ശൂർ, കൊല്ലം, കണ്ണൂർ ടൗണുകളിൽ ഉൾപ്പെടെ SCADA അനുബന്ധ പ്രവൃത്തികൾക്കുള്ള ടെണ്ടറുകളും ക്ഷണിച്ചിട്ടുണ്ട്.
- ഒന്നാംഘട്ടത്തിലെ ഏതാണ്ട് 37 ലക്ഷത്തോളം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ സ്മാർട്ട് മീറ്ററുകൾക്ക് വകയിരുത്തുന്ന പണം എച്ച്.റ്റി. എ.ബി.സി., എൽ.റ്റി. എ.ബി.സി.4 ലൈനുകൾ വലിക്കുന്നതിന് മാറ്റി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും

ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖപ്രകാരം വിതരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററിംഗ് എന്നീ ഘടകങ്ങൾ പ്രസ്തുത RDSS പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. പദ്ധതിക്കുള്ള കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായത് പദ്ധതിയുടെ ആക്ഷൻ പ്ലാൻ (പ്രവർത്തന പദ്ധതി), DPR മുതലായവ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഡിസ്ട്രിബ്യൂഷൻ റിഫോംസ് കമ്മിറ്റിയുടെയും DRC-കമ്മിറ്റിയുടെയും സംസ്ഥാന മന്ത്രിസഭയുടെയും ശിപാർശപ്രകാരമാണ്. ഇതിൻപ്രകാരം വിതരണ മേഖലയിലെ വികസന പദ്ധതികൾക്കും 1.33 കോടി ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്ററിംഗിനായി നിശ്ചിത നിരക്കിൽ കണക്കാക്കിയ ആകെ തുകയും വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും സ്മാർട്ട് മീറ്ററുകൾക്ക് വകയിരുത്തിയ തുക എച്ച്.റ്റി. എ.ബി.സി., എൽ.റ്റി. എ.ബി.സി. ലൈനുകൾ വലിക്കുന്നതിന് മാറ്റി ഉപയോഗിക്കണമെങ്കിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പുനർ അംഗീകാരം വേണ്ടതാണ്. പുനർ അംഗീകാരം ലഭിക്കുന്നത് പ്രായോഗികമല്ല.

(സി) ആർ.ഡി.എസ്.എസ്.-ന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ഓരോ മണ്ഡലത്തിലെയും പദ്ധതികളിൽ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും എത്ര തുക വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ ഓരോ മണ്ഡലത്തിലും RDSS പദ്ധതിപ്രകാരം തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിവരം ചുവടെ കൊടുത്തിരിക്കുന്നു.

**ഒന്നാംഘട്ടം - അനുമതി ലഭിച്ചത്**

RDSS-ന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ ആലപ്പുഴ ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ താഴെപ്പറയുന്ന രീതിയിൽ ആകെ തുക അനുവദിച്ചിരിക്കുന്നു:

1. കായംകുളം - 13.08 കോടി രൂപ
2. ഹരിപ്പാട് - 18.26 കോടി രൂപ
3. മാവേലിക്കര - 16.43 കോടി രൂപ
4. ചെങ്ങന്നൂർ - 18.2 കോടി രൂപ
5. കുട്ടനാട് - 20.84 കോടി രൂപ
6. അരൂർ - 7.39 കോടി രൂപ
7. ചേർത്തല - 9.56 കോടി രൂപ

8. ആലപ്പുഴ - 13.55 കോടി രൂപ

9. അമ്പലപ്പുഴ - 8.54 കോടി രൂപ

**രണ്ടാംഘട്ടം - അനുമതിക്കായി സമർപ്പിച്ചിരിക്കുന്നത്**

RDSS-ന്റെ ഭാഗമായി രണ്ടാംഘട്ടത്തിൽ ആലപ്പുഴ ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ ആധുനികവൽക്കരണ പ്രവൃത്തികൾക്കായും RDSS - ലെ അധിക പ്രവൃത്തികൾക്കായും താഴെപ്പറയുന്ന തുകയ്ക്ക് അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

1. കായംകുളം - 73.96 കോടി രൂപ
2. ഹരിപ്പാട് - 67.48 കോടി രൂപ
3. മാവേലിക്കര - 74.32 കോടി രൂപ
4. ചെങ്ങന്നൂർ - 80.37 കോടി രൂപ
5. കുട്ടനാട് - 6.14 കോടി രൂപ
6. അരൂർ - 8.82 കോടി രൂപ
7. ചേർത്തല - 7.17 കോടി രൂപ
8. ആലപ്പുഴ - 9.04 കോടി രൂപ
9. അമ്പലപ്പുഴ - 2.18 കോടി രൂപ

## ഇലക്ട്രിക്കൽ വിദ്യാർത്ഥിയുടെ നിവേദനം

237(6224) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ മഹിപാൽ പി. കെ., പടനായത്ത് കുണ്ട്, കീഴമുറി പി.ഒ. എന്ന ഇലക്ട്രിക്കൽ വിദ്യാർത്ഥി നൽകിയ നിവേദനം (നം. 114/2022) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയുടെ 23-11-2022-ലെ 909/M(Ele)/VIP/RL/2022 നമ്പർ കത്തിന്മേൽ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. മഹിപാൽ. പി. കെ., 2018 ഏപ്രിൽ മാസത്തിലാണ് ഇലക്ട്രിക്കൽ ഡിപ്ലോമ യോഗ്യത നേടിയത്. നിലവിലുള്ള ചട്ടപ്രകാരം മൂന്ന് വർഷത്തിനുള്ളിൽ യോഗ്യത നേടിയവരെ മാത്രമേ അപ്രന്റീസ്ഷിപ്പ് പരിശീലനത്തിനായി പരിഗണിക്കാൻ കഴിയുകയുള്ളൂ. ഈ വിവരം 09-12-2022-ലെ EB10/അപ്രന്റീസ് അൺപെയ്ഡ്/2022-23/2491 നമ്പർ കത്തുപ്രകാരം ശ്രീ. മഹിപാലിനെ

തപാൽവഴി അറിയിച്ചിട്ടുണ്ട്.

**യു.ജി. കേബിൾ സ്ഥാപിക്കുന്ന പദ്ധതി**

238(6225) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബജറ്റിൽ മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പടനിലം, ചുനക്കര മഹാദേവ ക്ഷേത്രം എന്നീ പ്രദേശങ്ങളിൽ യു.ജി. കേബിൾ സ്ഥാപിക്കുന്ന പദ്ധതിക്ക് 2 കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഹരിപ്പാട് സർക്കിളിനുകീഴിൽ നൂറനാട് പടനിലം, ചുനക്കര മഹാദേവർ ക്ഷേത്രം എന്നീ പ്രദേശങ്ങളിൽ യു.ജി. കേബിൾ സ്ഥാപിക്കുന്ന പദ്ധതിക്ക് 2 കോടി 17 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിലേയ്ക്കുള്ള ഭരണാനുമതിക്കായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

239(6226) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ 6 സ്ഥലങ്ങളിലാണ് പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്.

1. ഗോശ്രീ ജംഗ്ഷൻ.
2. ബോൾഗാട്ടി ജംഗ്ഷൻ.
3. സഹോദര നഗർ.
4. പള്ളത്താംകുളങ്ങര.
5. പണമറ്റം.
6. ചേറായി - പള്ളി സ്റ്റോപ്പ്.

(ബി) പ്രസ്തുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകളെല്ലാം പ്രവർത്തനസജ്ജമാണ്.

## ഇ-ചാർജിംഗ് സ്റ്റേഷൻ

240(6227) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കാറിനുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

കേന്ദ്ര ഊർജ്ജമന്ത്രാലയം 14-02-2022-ൽ പുറപ്പെടുവിച്ചിട്ടുള്ള "charging infrastructure for electric vehicles (EV)-The revised consolidated guidelines & standards" പ്രകാരം ഏതൊരു വ്യക്തിക്കോ സ്ഥാപനത്തിനോ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാവുന്നതാണ്. അത്തരം സ്റ്റേഷനുകൾ ഇന്ത്യാ ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക, സുരക്ഷ, പെർഫോർമൻസ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മറ്റ് അനുമതികൾ ആവശ്യമില്ല.

(ബി) ഇത്തരം ചാർജിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന പുതിയ ചാർജിംഗ് മെഷീനുകൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

കേരള ഗവൺമെന്റിന്റെ EV പോളിസിപ്രകാരം ആദ്യമായി

സ്ഥാപിക്കുന്ന 100 DC ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് വിലയുടെ 25% അനെർട്ട് മുഖേന സബ്സിഡി നൽകിവരുന്നു.

(സി) പൊതുവൈദ്യുത വാഹന ചാർജിംഗ് നിലയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേന്ദ്ര ഊർജ്ജ മന്ത്രാലയം 14-02-2022-ൽ പുറപ്പെടുവിച്ചിട്ടുള്ള "charging infrastructure for electric vehicles (EV)-The revised consolidated guidelines & standards" പ്രകാരം ഏതൊരു വ്യക്തിക്കോ, സ്ഥാപനത്തിനോ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാവുന്നതാണ്. ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മറ്റ് അനുമതികൾ ആവശ്യമില്ല. എന്നാൽ അത്തരം സ്റ്റേഷനുകൾ ഇന്ത്യാ ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക, സുരക്ഷ, പെർഫോർമൻസ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

**നാദാപുരം മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

241(6228) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നാദാപുരം മണ്ഡലത്തിലെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവരുടെ പേര് വിവരങ്ങളും

ലഭ്യമാക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന ആകെ 416 - ഉം അനെർട്ട് മുഖേന 6 - ഉം (21 കിലോവാട്ട്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന രജിസ്റ്റർ ചെയ്തവരുടെ പേരുവിവരങ്ങൾ യഥാക്രമം അനുബന്ധം (1)+ - ഉം (2)+ - ഉം ആയി ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ എത്രപേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന നാളിതുവരെ 62 പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. അനെർട്ട് മുഖേന 2 അപേക്ഷകളിലായി 5 കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിച്ചു.

(സി) ഈ പദ്ധതിയിൽ അംഗങ്ങളാകാൻ എന്നുമുതൽ പുതിയ അപേക്ഷകൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

ഈ പദ്ധതിയിൽ e-kiran പോർട്ടൽ മുഖാന്തരം നിലവിൽ രജിസ്റ്റർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യാവുന്നതാണ്. അനെർട്ടിൽ നിലവിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 18 -03 -2023 ആണ്.

(ഡി) നാദാപുരം മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതിപ്രകാരം നിലവിൽ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന ആകെ 186 KW വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അനെർട്ട് മുഖേന 5 കിലോവാട്ട് പവർ പ്ലാന്റ് കമ്മീഷൻ ചെയ്തു. ഇതിൽനിന്ന് പ്രതിദിനം 20 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും.

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള നിയമനം**

242(6229) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. 20-10-2021-ൽ പ്രസിദ്ധീകരിച്ച സഹകരണ വകുപ്പ് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പി.എസ്.സി. 20-10-2021-ൽ പ്രസിദ്ധീകരിച്ച സഹകരണ വകുപ്പ് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും സഹകരണ വകുപ്പിൽ നാളിതുവരെ 371 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനും ഗ്രാമസേവകരിൽ നിന്നുള്ള ബൈ-ട്രാൻസ്ഫർ നിയമനത്തിനുമുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കാർഷിക മുന്നേറ്റത്തിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ**

243(6230) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉൽപ്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ മുന്നേറ്റമുണ്ടാക്കുന്നതിനും സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി അതത് പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണനവേദി ഒരുക്കുന്നു. ഇതിൽ 11 സംഘങ്ങൾക്കായി 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

140 നിയോജകമണ്ഡലങ്ങളിലും ഓരോ മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള സർക്കാർതല തീരുമാനപ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന മത്സ്യഫെഡിന്റെ സഹകരണത്തോടെ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 15 നിയോജകമണ്ഡലങ്ങളിലായി 18 ഔട്ട്‌ലെറ്റുകളാണ് പ്രവർത്തിക്കുന്നത്.

**ഒറ്റപ്പാലം മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**

244(6231) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 3.50 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി, നെൽ കൃഷി എന്നിവ നടത്തുകയും ഇപ്രകാരം ലഭിക്കുന്ന വിളകൾ ന്യായവിലയിൽ വിൽപ്പന നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം മണ്ഡലത്തിലെ കർഷകർക്കാവശ്യമായ തൈകളും വിത്തുകളും വിതരണം ചെയ്യുകയും കൃഷി ആവശ്യത്തിനായി വായ്പകൾ ലഭ്യമാക്കുകയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കർഷകർക്ക് സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ 3 കർഷകർക്ക് 3 ലക്ഷം രൂപ കൃഷി ആവശ്യത്തിനായി, സഹകരണ സ്ഥാപനങ്ങൾ മുഖേന, വായ്പ നൽകിയിട്ടുണ്ട്.

**പുന്നപ്ര സാഗര സഹകരണ ആശുപത്രിയുടെ പ്രവർത്തന പുരോഗതി**

**245**(6232) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലയിലെ പുന്നപ്ര സാഗര സഹകരണ ആശുപത്രിയുടെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

2010 - ലാണ് സാഗര ആശുപത്രി സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ 2011 മുതൽ 2016 വരെയുള്ള അഞ്ച് വർഷം ആശുപത്രിയുടെ പ്രവർത്തനം നിർജ്ജീവാവസ്ഥയിൽ ആയിരുന്നു. തുടർന്ന് 2016-ൽ അധികാരത്തിൽ വന്ന സർക്കാർ ആശുപത്രിയുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി ഒരു ഡോക്ടറെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. തുടർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഇരുപതോളം മെഡിക്കൽ വിഭാഗങ്ങളും നാല്പതോളം ഡോക്ടർമാരുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി സാഗര ആശുപത്രി മാറിയിരിക്കുന്നു.

ജനറൽ, ഓർത്തോപീഡിക് ശസ്ത്രക്രിയകളും ലാപ്രോസ്കോപ്പി ശസ്ത്രക്രിയകളും ഉൾപ്പെടെയുള്ള എല്ലാവിധ ശസ്ത്രക്രിയകളും നടന്നുവരുന്നു. ഡയാലിസിസ് യൂണിറ്റിൽ പ്രതിദിനം 24 മുതൽ 27 വരെ രോഗികൾക്ക് ഡയാലിസിസ് നടത്തുന്നു. രോഗികളുടെ എണ്ണത്തിലും വരുമാനത്തിലും

വർദ്ധനവുണ്ടായിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടിയുള്ള മെഡിസെപ്പ് പദ്ധതി ആശുപത്രി നടപ്പാക്കിയിട്ടുണ്ട്.

(ബി) ഈ ആശുപത്രിയുടെ വരുമാനം മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശുപത്രിക്ക് കേപ്പ്‌വഴി നൽകിയിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

മുൻകാലങ്ങളെ അപേക്ഷിച്ച് 2017-18 വർഷം മുതൽ ആശുപത്രിയുടെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 2021-22 വർഷത്തിൽ 1.85 കോടി രൂപയും 2022-23 വർഷത്തിൽ ഇതുവരെ 2.70 കോടി രൂപയും ഉൾപ്പെടെ 4.55 കോടി രൂപ ശമ്പളവിതരണത്തിനായി കേപ്പിൽനിന്നും നൽകിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി (മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിന്) 34.35 ലക്ഷം രൂപയും കേപ്പ് ധനസഹായം നൽകിയിട്ടുണ്ട്.

(സി) ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനത്തിനാവശ്യമായ പുതിയ ബ്ലോക്ക് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിഗണനയിലില്ല.

(ഡി) ആശുപത്രിയിലെ കാലപ്പഴക്കം വന്ന മെഡിക്കൽ എക്യുപ്മെന്റുകൾ മാറ്റി പുതിയത് വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നിർദ്ദേശം CAPE സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

(ഇ) പുന്നപ്ര സാഗര സഹകരണ ആശുപത്രിയിൽ 10 വർഷത്തിലധികമായി ജോലി ചെയ്യുന്ന കരാർ ജോലിക്കാരെയും മുമ്പ് സ്ഥിരപ്പെടുത്തിയപ്പോൾ വിട്ടുപോയവരെയും സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാഗര സഹകരണ ആശുപത്രിയിൽ നടത്തിയിട്ടുള്ള താൽക്കാലികവും സ്ഥിരവും ആയ നിയമനങ്ങളുടെയും നിയമനരീതിയുടെയും വിശദാംശം ലഭ്യമാക്കുമോ?

സാഗര ആശുപത്രിയിൽ സ്ഥിരനിയമനങ്ങൾ നടത്തിയിട്ടില്ല. ദിവസ വേതന വ്യവസ്ഥയിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ ചുവടെ ചേർക്കുന്നു. പത്ര പരസ്യംവഴി അപേക്ഷകൾ ക്ഷണിച്ച് ടെസ്റ്റ്/ഇന്റർവ്യൂ എന്നിവ നടത്തി

റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നാണ് നിയമനം നടത്തിയിട്ടുള്ളത്.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | റേഡിയോ ഗ്രാഫർ | 3 |
| 2 | ഡയാലിസിസ് ടെക്നീഷ്യൻ | 2 |
| 3 | സ്റ്റാഫ് നഴ്സ് | 9 |
| 4 | നഴ്സിംഗ് അസിസ്റ്റന്റ് | 8 |
| 5 | ഫാർമസിസ്റ്റ് | 2 |
| 6 | ലാബ് ടെക്നീഷ്യൻ | 2 |
| **ആകെ** | | **26** |

**സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

246(6233) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അവയ്ക്ക് അംഗീകാരം ലഭിക്കുന്നതിനുമുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4, 5, 6, 7 ചട്ടം 3, 4 എന്നിവപ്രകാരമാണ് സഹകരണ സംഘം രജിസ്ട്രേഷൻ

നൽകിവരുന്നത്.

**വകുപ്പ്4** -സഹകരണ തത്വങ്ങൾപ്രകാരം പൊതു താൽപ്പര്യത്തോടെയോ അംഗങ്ങളുടെ സാമ്പത്തിക താൽപ്പര്യങ്ങളോ ലക്ഷ്യമാക്കിയുള്ള ഒരു സംഘമോ, അപ്രകാരം സ്ഥാപിച്ചിട്ടുള്ള ഒരു സംഘത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ള സംഘവും ഈ നിയമത്തിനുകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാം. എന്നാൽ സാമ്പത്തിക നിലനിൽപ്പ് ഇല്ലാത്തതോ, സഹകരണ പ്രസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സം വരുത്തുന്ന സംഘങ്ങളോ രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.

**വകുപ്പ് 5 (1) -** ക്ലിപ്തം ബാധ്യതയോടുകൂടിയ സംഘം മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.

**(2) -** ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിപ്തബാധ്യത സംഘങ്ങളുടെ പേരിന്റെ അവസാനഭാഗത്ത് ക്ലിപ്തം അല്ലെങ്കിൽ അതേ അർത്ഥമുള്ള മറ്റു ഭാരതീയ ഭാഷകളിലെ വാക്കോ ആയിരിക്കണം.

**വകുപ്പ് 6(1) -** ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഒരു നിശ്ചിത ഫാറത്തിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സംഘത്തെ സംബന്ധിച്ച് അദ്ദേഹം ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ

അപേക്ഷകൻ നൽകേണ്ടതുമാണ്.

**(2)** - ഓരോ അപേക്ഷയിലും താഴെപ്പറയുന്നവ ഉള്ളടക്കം ചെയ്തിരിക്കണം.

**(എ)** നിർദ്ദിഷ്ട സംഘത്തിന്റെ ഉപനിബന്ധനകളുടെ 3 പകർപ്പുകൾ,

**(ബി)** വ്യക്തികളാണ് അപേക്ഷകരെങ്കിൽ അവർ വ്യത്യസ്ത കുടുംബത്തിൽപ്പെട്ടവരും 25 പേരിൽ കുറയാൻ പാടില്ലാത്തതുമാണ്.

**(സി)** വ്യക്തികളാണെങ്കിൽ അപേക്ഷയിൽ എല്ലാപേരും സാക്ഷ്യപ്പെടുത്തിയിരിക്കണം.

**വകുപ്പ്** 7(1) - താഴെപ്പറയുന്ന നിബന്ധനകൾ രജിസ്ട്രാർക്ക് ബോധ്യപ്പെട്ടാൽ സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസങ്ങൾക്കകം രജിസ്റ്റർ ചെയ്യാവുന്നതാണ്.

**(എ)** അപേക്ഷ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കണം.

**(ബി)** നിർദ്ദിഷ്ട സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ വകുപ്പ് 4-ന് വിധേയമായിരിക്കണം.

**(സി)** നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തനപരിധി അതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തന പരിധിയിലേയ്ക്ക് അതിലംഘിച്ച് കടക്കുന്നില്ലെങ്കിൽ;

**(ഡി)** നിർദ്ദിഷ്ട ഉപനിബന്ധന നിയമത്തിനും ചട്ടത്തിനും വിരുദ്ധമല്ലെങ്കിൽ;

**(ഇ)** നിർദ്ദിഷ്ട സംഘം ഒരു നല്ല വ്യാപാരപ്രവർത്തനങ്ങൾക്ക് ആവശ്യമായ കാര്യങ്ങൾ നിറവേറ്റപ്പെടുമെങ്കിൽ രജിസ്ട്രാർക്ക് സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം.

**(2)** രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ നിരസിക്കുന്നപക്ഷം അതിന്റെ കാരണങ്ങൾ കാണിച്ച് ബന്ധപ്പെട്ട കക്ഷികളെ 7 ദിവസത്തിനകം അറിയിക്കണം.

**(3)** സംഘം രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചാൽ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്ട്രാർ അപേക്ഷ തീർപ്പാക്കിയിരിക്കണം.

**(4)** ഉപവകുപ്പ് (3)-ൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഒരു സംഘത്തിന്റെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ തീർപ്പാക്കിയില്ലെങ്കിൽ അപേക്ഷകന്;

**(എ)** വകുപ്പ് 3 ഉപവകുപ്പ് (2) പ്രകാരം രജിസ്ട്രാറുടെ അധികാരം നൽകപ്പെട്ട വ്യക്തിക്കാണ് രജിസ്ട്രേഷനുള്ള അപേക്ഷ നൽകിയതെങ്കിൽ രജിസ്ട്രാർ മുമ്പാകെയും;

**(ബി)** രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർ മുമ്പാകെയാണ് നൽകിയിട്ടുള്ളതെങ്കിൽ സർക്കാർ മുമ്പാകെയും നിവേദനം സമർപ്പിക്കാവുന്നതും രജിസ്ട്രാറോ സർക്കാരോ അതത് സംഗതിപോലെ അത്തരം നിവേദനം ലഭിച്ച തീയതിമുതൽ 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരിക്ക് രജിസ്ട്രേഷനുള്ള അപേക്ഷയിൽ യുക്തമായ തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും ബന്ധപ്പെട്ട അധികാരി ആ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

**ചട്ടം 3(1) -** വകുപ്പ് 6(1) പ്രകാരമുള്ള ഒരു സംഘത്തിന്റെ രജിസ്ട്രേഷനുവേണ്ടിയുള്ള ഏതൊരു അപേക്ഷയും ഒന്നാം നമ്പർ ഫാറത്തിൽ രണ്ട് പകർപ്പോടെ തയ്യാറാക്കി താഴെപ്പറയുന്നവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

**(എ)** സംഘത്തിന്റെ നിർദ്ദിഷ്ട ഉപനിബന്ധനയുടെ 3 പ്രതികൾ

**(ബി)** നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവുവച്ചിട്ടുള്ള തുക വിശദമാക്കുന്ന ബാങ്കിൽ നിന്നുള്ള നിക്ഷേപബാക്കി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്.

**(സി)** ഓഹരി മൂലധനത്തിലേയ്ക്ക് സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടേയും അവർ ഓരോരുത്തരും നൽകിയ തുകയും നൽകിയ

പ്രവേശന ഫീസും ഉൾപ്പെടെയുള്ള പട്ടികയുടെ രണ്ട് പകർപ്പ് സഹിതം.

**(ഡി)** നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെട്ട ഉദ്ദേശിക്കുന്ന സംഘത്തിന്റെ വ്യാപാര പദ്ധതി.

**(ഇ)** രജിസ്ട്രാർ ആവശ്യപ്പെടുന്ന തരത്തിലുള്ള വിവരങ്ങളും ഇതര രേഖകളും.

**(2)** അപേക്ഷകർ വ്യക്തികളാണെങ്കിൽ 25-ൽ കുറയാതെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ടവർ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.

**(3)** രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ സംഘത്തിലെ ഏതെങ്കിലും അംഗം ഒരു രജിസ്റ്റർ ചെയ്ത സംഘമാണെങ്കിൽ, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിലെ കമ്മിറ്റിയിലെ ഒരംഗത്തെ, ആ സംഘത്തിലെ കമ്മിറ്റി ഒരു തീരുമാനംമൂലം അതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷയും ഉപനിബന്ധനകളും സാക്ഷ്യപ്പെടുത്തുന്നതിന് അധികാരപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഒരു തീരുമാനത്തിന്റെ ഒരു പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

**(4)** രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും അംഗം നിയമാധിഷ്ഠിതമോ അല്ലാത്തതോ ആയ ഒരു സമിതിയോ കോർപ്പറേഷനോ ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും ഉപനിബന്ധനകളിലും

സാക്ഷ്യപ്പെടുത്തുന്നതിന് ആ സ്ഥാപനം ഏതെങ്കിലും വ്യക്തിയെ അധികാരപ്പെടുത്തേണ്ടതും അധികാരപ്പെടുത്തിക്കൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

**(5)** അപേക്ഷ രജിസ്റ്റർ ചെയ്ത് തപാലായി രജിസ്ട്രാർക്ക് അയച്ചുകൊടുക്കാവുന്നതോ അല്ലെങ്കിൽ ആഫീസിൽ നേരിട്ട് കൊടുക്കുകയോ ചെയ്യാവുന്നതാണ്.

**(6)** ഓരോ അപേക്ഷയോടൊപ്പം നിശ്ചിത നിരക്കിലുള്ള തുക രജിസ്ട്രേഷൻ ഫീസായി അടച്ച് ചെലാൻ രസീത് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**ചട്ടം 4 -** ചട്ടം 3-ന് വിധേയമായി ഒരു അപേക്ഷ ലഭിച്ചാൽ

(i) രജിസ്ട്രാർ ഫാറം നം.2-ൽ സൂക്ഷിക്കപ്പെടേണ്ട അപേക്ഷാരജിസ്റ്ററിൽ അപേക്ഷയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും അപേക്ഷയ്ക്ക് ക്രമനമ്പർ നൽകുകയും അപേക്ഷ ലഭിച്ച എന്നതിന് തെളിവായി രസീത് നൽകുകയും ചെയ്യണം.

(ii) ചട്ടം 3-ലും വകുപ്പ് 7-ൽ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകളിലും വ്യക്തമാക്കുന്ന വ്യവസ്ഥകൾ ബോധ്യപ്പെടുന്നതിനോ രജിസ്ട്രാർ അപേക്ഷയും ഉപനിബന്ധനകളും പരിശോധിച്ച്

ബോധ്യപ്പെടേണ്ടതാണ്.

(iii) രജിസ്ട്രാർക്ക് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയോ അദ്ദേഹത്തിനാവശ്യമെന്ന് തോന്നുന്നപക്ഷം അന്വേഷണം നടത്തുകയോ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രധാന സംഘാടകനോട് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. രജിസ്ട്രാർ അനുവദിച്ച കാലയളവിനുള്ളിൽ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹം നിർദ്ദേശിച്ച മാറ്റങ്ങൾ അപേക്ഷകരുടെ സമ്മതത്തോടെ ഭേദഗതി വരുത്തുകയോ ആവശ്യപ്പെട്ട വിവരങ്ങൾ പ്രധാന സംഘാടകൻ നൽകുകയോ ചെയ്യണം.

(iv) നിർദ്ദിഷ്ട സംഘം മേൽ വിവരിച്ച ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെടുന്നപക്ഷം സംഘവും അതിന്റെ ഉപനിബന്ധനകളും രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് അംഗീകരിച്ച ഉപനിബന്ധനകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി ഫാറം നം.3-ൽ രജിസ്ട്രാർ ഒപ്പ് രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘത്തിന് സൗജന്യമായി കൊടുക്കേണ്ടതാണ്. ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ ആ സംഘത്തിന്റെ നിലവിലുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഉപനിബന്ധനയെന്ന് പറയുന്നത് രജിസ്റ്റർ

ചെയ്ത് രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനകളാണ്.

(v) രജിസ്ട്രാർക്ക് നിർദ്ദേശിക്കപ്പെട്ട സംഘം നിയമത്തിലെ പട്ടിക 2-ൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ തത്വങ്ങൾ പാലിക്കപ്പെട്ടുകൊണ്ട് പൊതുവായിട്ടുള്ള സാമ്പത്തിക താൽപ്പര്യം നിറവേറ്റപ്പെടുകയില്ലെന്ന് ബോധ്യപ്പെട്ടാലോ അല്ലെങ്കിൽ സംഘത്തിന്റെ രജിസ്ട്രേഷൻമൂലം സഹകരണ പ്രസ്ഥാനത്തിന് കോട്ടം സംഭവിക്കാമെന്നോ അല്ലെങ്കിൽ നിയമത്തിന്റെ പീഠികയിലെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കെതിരാണെന്ന് ബോധ്യപ്പെട്ടാലോ രജിസ്ട്രാർ കാരണം കാണിച്ച് നിരസിച്ചുകൊണ്ടുള്ള ഉത്തരവ് ആകേണ്ടതും അത് രജിസ്റ്റർ ചെയ്ത തപാലിലോ അല്ലെങ്കിൽ ഹൈക്കോടതിയോ കേരള സർക്കാരോ അംഗീകരിച്ച അപ്രകാരമുള്ള കൊറിയർ സർവ്വീസ് മുഖാന്തരമോ മുഖ്യ സംഘാടകന് ഉത്തരവായതിന്റെ പതിനഞ്ച് ദിവസത്തിനകം അറിയിക്കേണ്ടതാണ്.

(vi) ഉപചട്ടം (iv)-ന് വിധേയമായി സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതെങ്കിലും തീരുമാനമോ ഉപചട്ടം (v)-ന് വിധേയമായി ഒരു സംഘത്തിന്റെ അപേക്ഷയുടെ തിരസ്കരണമോ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

(vii) ഉപനിബന്ധനയുടെ പകർപ്പോടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ

പകർപ്പ് ധനസഹായ ബാങ്കിനും ബന്ധപ്പെട്ട സഹകരണ യൂണിയനും നൽകേണ്ടതാണ്.

(ബി) വിവിധ മേഖലകളിലായി എത്ര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

31-03-2022 അടിസ്ഥാനമാക്കി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് 12284 സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

(സി) സഹകരണ സംഘം നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സഹകരണ സംഘം നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവപ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണസമിതി അംഗമാണെങ്കിൽ

ചട്ടം 44 പ്രകാരം അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും വകുപ്പ് 65, 66 എന്നിവപ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## എറണാകുളം സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാർ

247(6234) ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ മെഡിക്കൽ കോളേജുകൾ സർക്കാർ മെഡിക്കൽ കോളേജുകളാക്കി മാറ്റുന്നതിനോടനുബന്ധിച്ച് സഹകരണ മെഡിക്കൽ കോളേജുകളിലെ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ഉൾക്കൊള്ളിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ സഹകരണ മെഡിക്കൽ കോളേജ് സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഓപ്ഷൻ വ്യവസ്ഥകൾക്കനുസൃതമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് വരുന്നതിനുള്ള സാഹചര്യം ഉണ്ടായിരുന്നതുപോലെ എറണാകുളം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്തപ്പോൾ ജീവനക്കാരെ പ്രസ്തുത വകുപ്പിലേയ്ക്ക് ഉൾക്കൊള്ളിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലെ

വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ഉൾക്കൊള്ളിക്കുന്നത്.

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ ഉടമസ്ഥതയിലുള്ള എറണാകുളം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തപ്പോൾ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ഉൾപ്പെടുത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിരുന്നില്ല. അതത് തസ്തികയിലെ യോഗ്യത പരിശോധിക്കുക മാത്രമാണ് ചെയ്തത്.

(സി) എറണാകുളം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റിയപ്പോൾ മിനിസ്റ്റീരിയൽ ജീവനക്കാരെ മാത്രം മാനദണ്ഡപ്രകാരമല്ലാതെ സ്ഥാനക്കയറ്റ തസ്തികകളിലേയ്ക്ക് ഉൾക്കൊള്ളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വൈവിധ്യവൽക്കരണത്തിലൂടെ അധിക വരുമാനം**

248(6235) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിലെ ഉൽപ്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ ഇടപെട്ട് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരെ സഹായിക്കാനും വൈവിധ്യവൽക്കരണത്തിലൂടെ അധികവരുമാനം ലഭ്യമാക്കാനും സഹകരണ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

1. ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിളവെടുപ്പുകാലത്ത് കർഷകരിൽനിന്ന് നേരിട്ട് കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിനും സംഭരണം, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമായി " കാർഷിക ഉൽപ്പാദനം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ" എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.
2. "ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ

കോർപ്പറേഷനുകളിലുമുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസ്.-ന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണനവേദി ഒരുക്കുന്നു. ഓരോ ചന്തയ്ക്കും 10.00 ലക്ഷം രൂപ വീതം നീക്കിവച്ചിരിക്കുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

3. കർഷകരിൽനിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച്, കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ അരിമിൽ സ്ഥാപിക്കുന്നതിനും എല്ലാത്തരം കാർഷിക ഉൽപ്പന്നങ്ങളും വാങ്ങി സംഭരിച്ചും സംസ്കരിച്ചും അല്ലാതെയും വിപണനം നടത്തുന്നതിനും ഭക്ഷണയുക്തമായ കാർഷിക ഉൽപ്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം ടിൻ ഫുഡുകളായുള്ള ഭക്ഷണ പാക്കറ്റുകളായും അല്ലാതെയും വിപണനം നടത്തുക, ഭക്ഷണയുക്തമല്ലാത്ത കാർഷിക ഉൽപ്പന്നങ്ങൾ സംസ്കരിച്ച് വിവിധതരം വ്യവസായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചും അല്ലാതെയും വിപണനം നടത്തുക തുടങ്ങിയ ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിലെ 36

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തനപരിധിയായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസ്സിംഗ്&മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (PAPCOS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മേൽപ്രകാരമുള്ള അതേ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പാലക്കാട് ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തനപരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ്&മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽപ്രകാരമുള്ള പദ്ധതി പൂർണ്ണപഥത്തിൽ എത്തുന്നതുവഴി കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതാണ്.

## പലിശയിൽ ഇളവ് നൽകുന്നതിന് നടപടി

249(6236) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്ന് ലോണെടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തിയവർക്ക് പലിശയിൽ ഇളവ് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സഹകരണ ബാങ്കുകളിൽനിന്ന് ലോണെടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തിയവരുടെ കുടിശ്ശിക ഇളവുകളോടെ അടച്ചുതീർക്കാൻ നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി നിലവിൽ 2023 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ 25 ലക്ഷം രൂപവരെയുള്ള വായ്പകൾ ഇളവുകളോടെ അടച്ചുതീർക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിലെ ഇളവുകൾ ചുവടെ ചേർക്കുന്നു.

- പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.
- സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു.
- അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/-രൂപവരെയുള്ള വായ്പകൾ ബാക്കിനിൽപ്പ് മുതൽ തുക മാത്രം ഈടാക്കി അവസാനിപ്പിക്കാവുന്നതാണ്.

- അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപവരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽ തുകയും പലിശയുടെ 50% ഈടാക്കി അവസാനിപ്പിക്കാവുന്നതാണ്.
- അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായ 25,000/- രൂപവരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകാവുന്നതാണ്.
- അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായതും 25000 രൂപയ്ക്ക് മുകളിൽ 50,000/- രൂപവരെയുള്ള വായ്പകൾക്ക് പരമാവധി 30% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.
- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപവരെയുള്ള വായ്പകളിന്മേൽ പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.
- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപവരെയുള്ള വായ്പകളിന്മേൽ പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ പരമാവധി 25% വരെ സംഘംതല കമ്മിറ്റിക്ക് ഇളവുനൽകാവുന്നതാണ്.

- സംഘംതലത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്ത 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപവരെയുള്ള വായ്പകളിൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 50% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.
- 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപവരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ പരമാവധി 25% വരെ ഇളവ് അനുവദിക്കാവുന്നതാണ്.
- സംഘംതലത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്ത 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപവരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 40% വരെ പലിശയിൽ ഇളവു നൽകാവുന്നതാണ്.
- കൂടാതെ കോവിഡ് ബാധിതർ, സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവരുടെ കുടിശ്ശിക വായ്പകളും ഇളവുകളോടെ ടി പദ്ധതിപ്രകാരം അടച്ച് തീർക്കാവുന്നതാണ്.

(ബി) ലോണെടുത്തയാൾ മരണപ്പെട്ടാൽ പ്രസ്തുത ലോൺ എഴുതി

തള്ളുന്നതിന് എന്തെല്ലാം പദ്ധതികൾ ഉണ്ട്; പ്രസ്തുത പദ്ധതികൾ എല്ലാ ലോണുകൾക്കും ബാധകമാക്കുമോയെന്ന് വ്യക്തമാക്കുമോ?

ലോണെടുത്തയാൾ മരണപ്പെട്ടാൽ പ്രസ്തുത ലോൺ എഴുതി തള്ളുന്നതിന് മാത്രമായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല. എന്നാൽ റിസ്ക് ഫണ്ട് പദ്ധതി, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവപ്രകാരം മരണപ്പെട്ട വായ്പക്കാർക്ക് ഇളവുകൾ അനുവദിക്കാറുണ്ട്.

<u>റിസ്ക് ഫണ്ട് പദ്ധതി</u> - സഹകരണ സംഘങ്ങളിൽനിന്നും ലോൺ എടുത്ത ആൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ബാധ്യതയിൽനിന്നും അവരെ ഒഴിവാക്കുന്ന പദ്ധതിയാണ് റിസ്ക് ഫണ്ട് പദ്ധതി. 11-10-2022 മുതൽ റിസ്ക് ഫണ്ടുപ്രകാരമുള്ള ധനസഹായത്തിന്റെ പരമാവധി സംഖ്യ 2 ലക്ഷം രൂപയിൽനിന്നും 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു വായ്പക്കാരൻ വിവിധ സഹകരണ ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6 ലക്ഷം രൂപവരെ മാത്രമേ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുകയുള്ളൂ.

വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ

അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാമുതൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ട വായ്പക്കാരുടെ കുടിശ്ശിക വായ്പകൾ ഇളവുകളോടെ അടച്ചുതീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1 ലക്ഷം രൂപവരെയുള്ള ഇളവുകൾ സംഘംതല കമ്മിറ്റിക്കും 2 ലക്ഷം രൂപവരെയുള്ള ഇളവുകൾ ജില്ലാതല കമ്മിറ്റിക്കും 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഇളവുകൾ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്കും അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

സ്വർണ്ണപ്പണയ വായ്പ, നിക്ഷേപ വായ്പ എന്നിവ ഒഴികെയുള്ള വായ്പകൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി ബാധകമായിട്ടുള്ളത്. സ്വർണ്ണപ്പണയ വായ്പ, നിക്ഷേപത്തിന്മേലുള്ള വായ്പ എന്നിവ ഒഴികെയുള്ള 25 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിട്ടുള്ളത്.

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ

250(6237) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ കേന്ദ്രം രൂപീകരിക്കുന്ന ദേശീയതല സഹകരണ സംഘങ്ങളിൽ അംഗത്വമെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോയെന്നും ഇതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ പുതുതായി 3 സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങൾ.

ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾക്ക് അംഗത്വമെടുക്കാമെന്നും വ്യവസ്ഥയുണ്ട്. കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ

സംസ്ഥാന നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള സംഘങ്ങൾ അംഗത്വമെടുക്കുന്നത് യഥാർത്ഥത്തിൽ സഹകരണ നിയമത്തിന് വിരുദ്ധമാണ്. ആയതിനാൽ നിർദ്ദേശത്തിൽ വിശകലനം നടത്തുന്നതാണ്.

(ബി) സംസ്ഥാന സർക്കാർ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിലേയ്ക്കായി മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ തയ്യാറാക്കിയ Request for Proposal (RFP)-യുടെ അടിസ്ഥാനത്തിൽ Tender നടപടികളിലേയ്ക്ക് കടക്കുകയുണ്ടായി. ടെണ്ടറിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ബിഡുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ സഹകരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ**

251(6238) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കുമോ; പ്രസ്തുത സ്ഥാപനങ്ങളിലെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ എന്നിവ ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ദിവസവേതന/ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, അതിനാവശ്യമായ മുന്നുപാധികൾ/രേഖകൾ ഏതൊക്കെയെന്നും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്നും

വിശദമാക്കാമോ?

(എ-ഡി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ഓൺലൈൻ പൊതുസ്ഥലംമാറ്റം**

252(6239) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എം.ആർ.) വകുപ്പിന്റെ 25-02-2017-ലെ സ.ഉ. (പി) നം.3/2017 ഉ.ഭ.പ.വ. പ്രകാരം സംസ്ഥാന സഹകരണ വകുപ്പിൽ 2023 ഏപ്രിൽ 30-നുമുമ്പ് ഓൺലൈനായി പൊതുസ്ഥലംമാറ്റം പൂർത്തീകരിക്കുമോ; പൊതുസ്ഥലംമാറ്റത്തിനായി ജീവനക്കാരിൽനിന്നും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയെന്നാണെന്ന് അറിയിക്കാമോ;

(ബി) സഹകരണ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്നറിയിക്കാമോ?

(എ&ബി) സഹകരണ വകുപ്പിൽ 2023 മാർച്ച് 31-നുമുമ്പ് ഓൺലൈനായി പൊതുസ്ഥലംമാറ്റം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർക്ക് കർശനനിർദ്ദേശം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്.

(സി) 2021, 2022 വർഷങ്ങളിൽ സഹകരണ വകുപ്പ് പുറത്തിറക്കിയ സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ വകുപ്പിനെ എതിർകക്ഷിയാക്കി ജീവനക്കാർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലോ കേരള ഹൈക്കോടതിയിലോ കേസുകൾ ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെന്നത് സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

2021, 2022 വർഷങ്ങളിൽ സഹകരണ വകുപ്പ് പുറത്തിറക്കിയ സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ വകുപ്പിനെ എതിർകക്ഷിയാക്കി ജീവനക്കാർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 10 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

**സഹകരണ സംഘങ്ങൾ മുഖേന പഞ്ചായത്തുതല വിൽപ്പന കേന്ദ്രം**

253(6240) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളുടെ അതിവിപുലമായ ശൃംഖല ഉപയോഗിച്ച് മത്സ്യം, പച്ചക്കറി, മാംസം എന്നിവയുടെയും പാൽ ഉൽപ്പന്നങ്ങളുടെയും

പഞ്ചായത്തുതല വിൽപ്പന കേന്ദ്രം ആരംഭിക്കാനും അതുവഴി സുരക്ഷിത ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി അതത് പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണന വേദിയൊരുക്കുന്നു. ഇതിൽ 11 സംഘങ്ങൾക്കായി 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. 140 നിയോജകമണ്ഡലങ്ങളിലും ഓരോ മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള സർക്കാർതല തീരുമാനപ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന മത്സ്യഫെഡിന്റെ സഹകരണത്തോടെ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 15 നിയോജകമണ്ഡലങ്ങളിലായി 18 ഔട്ട്‌ലെറ്റുകളാണ് പ്രവർത്തിക്കുന്നത്.

## സഹകരണ വകുപ്പിലെ ഓഡിറ്റ് സംവിധാനം

254(6241) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ഓഡിറ്റ് കൂടുതൽ ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കാൻ കൂടുതൽ ഓഡിറ്റർമാരെ ആവശ്യമായി വരുമോ; എങ്കിൽ എത്ര ഓഡിറ്റർമാരെ അധികമായി വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

സഹകരണ ഓഡിറ്റ് കൂടുതൽ ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമാംവിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം ആരംഭിച്ചു. ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സഹകരണ ഓഡിറ്റ് കാര്യക്ഷമമായി നടത്താൻ താലൂക്ക് തലത്തിലുള്ള സംവിധാനം എന്താണ്; ഈ സംവിധാനം സംസ്ഥാനത്തെ

എല്ലാ താലൂക്കുകളിലുമുണ്ടോ; ഇല്ലെങ്കിൽ നിലവിലില്ലാത്ത താലൂക്കുകൾ ഏതൊക്കെയാണെന്നും അവിടങ്ങളിൽക്കൂടി പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

സഹകരണ ഓഡിറ്റ് കാര്യക്ഷമമായി നടത്താൻ താലൂക്കുതലത്തിൽ സഹകരണ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ 14 താലൂക്കുകളൊഴികെ മറ്റ് എല്ലാ താലൂക്കുകളിലും നിലവിലുണ്ട്. പുതുതായി രൂപീകരിച്ച ടി താലൂക്കുകളിൽ നേരത്തെയുണ്ടായിരുന്ന സഹകരണ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസിൽ നിന്നുതന്നെ കാര്യക്ഷമമായ ഓഡിറ്റ് സംവിധാനം നിലവിലുണ്ട്.

(സി) സഹകരണ വകുപ്പിലെ ജനറൽ വിഭാഗത്തിൽ ഭരണപരമായ കാര്യങ്ങൾ നിറവേറ്റുന്നതിനും ഇൻസ്പെക്ഷൻ നടത്തുന്നതിനുമായി മതിയായ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

സഹകരണ വകുപ്പിന്റെ പുനഃസംഘടന സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

സഹകരണ വകുപ്പിൽ ഇപ്പോൾ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ 16 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 3 ഒഴിവുകൾ ക്ലാർക്ക്/ ടൈപ്പിസ്റ്റ് ബൈ ട്രാൻസ്ഫർ നിയമനത്തിനും ബാക്കിയുള്ള 13 ഒഴിവുകൾ പി.എസ്.സി.-ക്ക് നേരിട്ടുള്ള നിയമനത്തിനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, സ്പെഷ്യൽ ഗ്രേഡ് ഓഡിറ്റർ എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 8 ഒഴിവുകളും സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ വിദ്യാതരംഗിണി പദ്ധതി**

255(6242) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിൽനിന്ന് വിദ്യാതരംഗിണി പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര തുക വായ്പയായി അനുവദിച്ചുവെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിൽനിന്ന് വിദ്യാതരംഗിണി പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനായി 478 അപേക്ഷകൾ ലഭിച്ചു. ഇപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വായ്പയായി 47,65,498/- രൂപ അനുവദിച്ചിട്ടുണ്ട്.

## റിസ്ക് ഫണ്ട് പദ്ധതി

256(6243) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് ലഭിക്കുന്നതിന് അപേക്ഷ ഫോറം ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റിസ്ക് ഫണ്ട് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) വായ്പ കുടിശ്ശികയുള്ളവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിബന്ധന നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

റിസ്ക് ഫണ്ട് നിയമാവലി നിബന്ധനപ്രകാരം വായ്പാക്കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ ആറ് മാസത്തിൽ അധികരിച്ചും വായ്പാക്കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി ആറ് മാസത്തിലധികരിച്ചും വായ്പാ മുതൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. മാരകരോഗം പിടിപെട്ട വായ്പാക്കാർക്ക് റിസ്ക് ഫണ്ട് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് വായ്പാക്കുടിശ്ശിക നിബന്ധന ബാധകമല്ലാത്തതാണ്. റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ശിപാർശയുടെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന് റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) റിസ്ക് ഫണ്ടിന് അർഹതപ്പെട്ടവരിൽ ബഹുഭൂരിപക്ഷംപേരും പ്രസ്തുത പദ്ധതിയെക്കുറിച്ച് അറിവില്ലാത്തവരാണെന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സഹകരണ ബാങ്ക് അധികൃതർ പലപ്പോഴും റിസ്ക് ഫണ്ട് അപേക്ഷകൾ നൽകുന്നത് നിരുത്സാഹപ്പെടുത്തുന്ന സാഹചര്യത്തെ മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

റിസ്ക് ഫണ്ട് പദ്ധതിപ്രകാരമുള്ള അപേക്ഷയിന്മേൽ ബന്ധപ്പെട്ട ബാങ്ക്/സംഘം നടപടികൾ കൈക്കൊള്ളുന്നില്ലെങ്കിൽ അപേക്ഷകൾ ഫണ്ട് മാനേജരായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് നേരിട്ട് സമർപ്പിക്കാവുന്നതാണെന്ന് റിസ്ക് ഫണ്ട് നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘങ്ങൾ അപേക്ഷകൾ നൽകുന്നത് നിരുത്സാഹപ്പെടുത്തുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടാൽ അത്തരം നടപടികൾക്കെതിരെ കർശനനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതികൾ**

257(6244) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ വകുപ്പിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി കേരള സ്റ്റേറ്റ് ഡിഫറന്റിലി ഏബിൾഡ് പേഴ്സൺസ് & പാരന്റ്സ് വെൽഫെയർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4495 എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ മൂന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ഭിന്നശേഷിക്കാരുടെ പുനരധിവാസം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഭിന്നശേഷി സൗഹൃദ സ്റ്റോറുകൾ സ്ഥാപിക്കുന്നതിന് ടി സംഘം സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അംഗ സമാശ്വാസ നിധിയെക്കുറിച്ച് വിശദമാക്കാമോ?

1969-ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 (എ) പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ചുവടെ പറയുന്ന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

അർബുദം, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ/വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, ഗുരുതര ശസ്ത്രക്രിയയ്ക്ക് (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറി) വിധേയരായവർ, കരൾ സംബന്ധമായ ഗുരുതര രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേരായവർ) തുടങ്ങിയ മാരകരോഗ ബാധിതരായവർ, വാഹനാപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവരെടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്. അംഗസമാശ്വാസ നിധി പദ്ധതിപ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. മൂന്നുലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ,

ആശ്രിതർക്കോ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കില്ല.

**സാമൂഹ്യസേവന വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ നടപടി**

258(6245) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ കൈവശമുള്ള മിച്ചഫണ്ടുപയോഗിച്ച് പശ്ചാത്തല വികസന പദ്ധതികളും ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള സാമൂഹ്യസേവന വികസന പദ്ധതികളും ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാദികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് CARe KERALA (Co-operative Alliance to Rebuild Kerala) എന്ന പേരിൽ പദ്ധതികൾ ആവിഷ്കരിച്ചു. CARe HOME, CARe LOAN, CARe GRACE എന്നിങ്ങനെ 3 ഘടകങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കിയത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഉപപദ്ധതിയാണ് പ്രളയദുരന്തത്തിൽ

സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചുനൽകുന്ന CARe HOME പദ്ധതി.

<u>കെയർ ഹോം ഒന്നാംഘട്ടം</u>

കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അധികമായി വീടുകൾ നിർമ്മിച്ചുനൽകണമെന്ന അപേക്ഷ പരിഗണിച്ച് പദ്ധതിപ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങൾ സംഭാവനയായി നൽകിയ തുകയും സഹകരണ വകുപ്പിൽ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽനിന്നും അനുവദിച്ച 35 കോടി രൂപയും ഉൾപ്പെട്ട തുകയിൽ നിന്നാണ് കെയർഹോം പദ്ധതിയുടെ ഒന്നാംഘട്ട ഭവനനിർമ്മാണങ്ങൾക്ക് വിഭവസമാഹരണം നടത്തിയിട്ടുള്ളത്.

<u>കെയർ ഹോം പദ്ധതി രണ്ടാംഘട്ടം</u>

2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത്

ഭവനസമുച്ചയം നിർമ്മിച്ചുനൽകുന്നത് ലക്ഷ്യംവച്ചാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്. സഹകരണ സംഘങ്ങളുടെ ലാഭത്തിൽനിന്ന് അംഗങ്ങൾക്ക് നൽകേണ്ട ഡിവിഡന്റ് പൊതുയോഗത്തിന്റെ അനുവാദത്തോടെ പദ്ധതിയിലേയ്ക്ക് മാറ്റിയാണ് പദ്ധതിയുടെ രണ്ടാംഘട്ട നിർവ്വഹണത്തിന് ധനസമാഹരണം നടത്തിയിട്ടുള്ളത്. 2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയദുരന്തംമൂലം പഠനോപകരണങ്ങൾ നഷ്ടപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് ആയത് ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽനിന്നും ധനസഹായം നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് അനുമതി നൽകി. കോവിഡ്-19 മഹാമാരിയെത്തുടർന്ന് സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ച കാലയളവിൽ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാകാത്ത സഹകരണ ബാങ്ക് അതിർത്തിക്കുള്ളിൽ താമസിക്കുന്ന, ബാങ്ക് കണ്ടെത്തുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ടെലിവിഷൻ സൗകര്യം ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി.

**കോട്ടക്കൽ മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

259(6246) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും സഹകരണ ബോർഡിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും സഹകരണ ബോർഡിന് 215 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സഹകരണ ബോർഡിൽ ലഭ്യമായ 215 അപേക്ഷകളിൽ 141 അപേക്ഷകൾക്ക് 1,17,41,434/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. 32 അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും 19 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും 16 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ

ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും ബാക്കിയുള്ള 7 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ആനുകൂല്യം ലഭ്യമായവരുടെ എണ്ണവും അനുവദിച്ച തുകയും സഹകരണ സംഘങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ?

പ്രസ്തുത ആനുകൂല്യം ലഭ്യമായവരുടെ എണ്ണവും പേരും അനുവദിച്ച തുകയും സഹകരണ സംഘങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ആനുകൂല്യം ലഭ്യമാക്കാൻ ശേഷിക്കുന്ന അപേക്ഷകരുടെ എണ്ണവും ആയത് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണവും വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫണ്ട് വിതരണം ചെയ്യുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; അർഹരായിട്ടുള്ള മുഴുവൻ അപേക്ഷകർക്കും റിസ്ക് ഫണ്ട് ആനുകൂല്യം കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) സഹകരണ ബോർഡിൽ ലഭ്യമായ 32 അപേക്ഷകളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും 16 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും ബാക്കിയുള്ള 7 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. മാരകരോഗം ബാധിക്കുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണപ്പെടുന്ന വായ്പാക്കാർക്കുള്ള മരണാനന്തരസഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സംഘം/ബാങ്കാണ് ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. സംഘങ്ങൾ/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകളുണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്.

**അരുവിക്കര മണ്ഡലത്തിലെ സഹകരണ മെമ്പർ റിലീഫ് ഫണ്ട് പദ്ധതി**

260(6247) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മെമ്പർ റിലീഫ് ഫണ്ട് പദ്ധതിപ്രകാരം 2021-22, 2022-

23 എന്നീ വർഷങ്ങളിൽ അരുവിക്കര മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ; വിശദമാക്കുമോ?

സഹകരണ മെമ്പർ റിലീഫ് ഫണ്ട് പദ്ധതിപ്രകാരം അരുവിക്കര മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ 2021-22 വർഷം 21,50,000/- (ഇരുപത്തിയൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും 2022-23 വർഷം 3,65,000/- (മൂന്ന് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22, 2022-23 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക സംഘത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുക (രൂപയിൽ) | 2022-23 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| പനയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നം. റ്റി. 700 | 1,05,000/- | 75,000/- |
| ആര്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നം. 593 | 7,55,000/- | 25,000/- |
| മുണ്ടേല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നം. 2433 | - | 1,90,000/- |
| വെള്ളനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നം. 2379 | 25,000/- | - |
| ഉഴമലയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നം. റ്റി. 298 | 11,40,000/- | 10,000/- |

| | | |
|---|---|---|
| അരുവിക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നം. 603 | - | 25,000/- |
| കുറ്റിച്ചൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നം. 547 | 1,25,000/- | 25,000/- |
| വെള്ളനാട് ബ്ലോക്ക് ഹോർട്ടികൾച്ചർ ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം. നം. റ്റി. 1973 | - | 15,000/- |
| ആകെ | 21,50,000/- | 3,65,000/- |

## മലമ്പുഴ മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി

261(6248) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി വിവിധ സഹകരണ ബാങ്കുകളിൽനിന്ന് സഹകരണ ബോർഡ് മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിക്കാമോ?

2016 ഏപ്രിൽ മുതൽ 2023 ഫെബ്രുവരിവരെ മലമ്പുഴ മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ 257 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 136 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുള്ളതും 12 അപേക്ഷകളിൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും

44 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും 39 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും ബാക്കിയുള്ള 26 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ആനുകൂല്യം ലഭിച്ചവരുടെ എണ്ണവും തുകയും സഹകരണ സംഘങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ മണ്ഡലത്തിൽനിന്നും 2016 ഏപ്രിൽ മുതൽ 2023 ഫെബ്രുവരിവരെ 136 അപേക്ഷകളിലായി 1,12,52,581/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം ലഭ്യമായവരുടെ എണ്ണവും അനുവദിച്ച തുകയും സഹകരണ സംഘങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## ആലത്തൂർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

262(6249) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന തീയതി മുതൽ 28-02-2023 വരെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിലെ ബാങ്കുകളിൽ നിന്നായി 152 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ ബാങ്ക് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ആലത്തൂർ മണ്ഡലത്തിൽ ലഭ്യമായിട്ടുള്ള 78 അപേക്ഷകളിൽ 72,05,467/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) മേൽ സൂചിപ്പിച്ച അപേക്ഷകളിൽ ഇനി ആനുകൂല്യം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കാനുള്ളവരുടെ പേരുവിവരം ലഭ്യമാക്കുമോ; വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതി**

263(6250) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതി സഹകരണ വകുപ്പിൽ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപീകരിച്ച ധനസഹായ പദ്ധതിയാണ് അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതി. ഈ പദ്ധതിപ്രകാരം കാർഷിക മേഖലയിലെ പ്രാഥമിക പ്രവർത്തനങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. പദ്ധതിയുടെ നോഡൽ ഏജൻസിയായ കൃഷി വകുപ്പുമായി സഹകരിച്ച് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS), മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപെക്സ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കി പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ പ്രസ്തുത ഫണ്ട് മുഖേന എത്ര പദ്ധതികൾക്ക് എത്ര രൂപ വീതം അനുവദിച്ചുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നാളിതുവരെ സഹകരണ മേഖലയിൽനിന്നും ആകെ 639 അപേക്ഷകളിലായി 1100 കോടി രൂപയുടെ വിവിധ പദ്ധതികൾ സമർപ്പിച്ചതിൽനിന്നും 64 അപേക്ഷകൾക്കായി 81.25 കോടി രൂപ അനുവദിച്ചു. അതിൽനിന്നും 35 അപേക്ഷകളിലായി ആകെ 45.31 കോടി രൂപ വിവിധ പദ്ധതികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ നവകേരളീയം പദ്ധതി**

264(6251) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നവകേരളീയം പദ്ധതിപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്രപേർക്ക് നവകേരളീയം പദ്ധതിയുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആനുകൂല്യം ലഭിച്ചുവെന്ന് വിശദമാക്കാമോ?

(എ&ബി) 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെ നടപ്പാക്കിയ നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരവും 2023 ഫെബ്രുവരി 1 മുതൽ ആരംഭിച്ച നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരവും കുന്നത്തുനാട് മണ്ഡലത്തിൽ ആകെ 5542 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ 5359 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

പഞ്ചായത്തുതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പഞ്ചായത്ത് | ലഭിച്ച അപേക്ഷകൾ | തീർപ്പാക്കിയ അപേക്ഷകൾ |
|---|---|---|---|
| 1 | ഐക്കരനാട് | 388 | 353 |
| 2 | കിഴക്കമ്പലം | 1171 | 1023 |
| 3 | കുന്നത്തുനാട് | 167 | 167 |
| 4 | മഴുവന്നൂർ | 1295 | 1295 |
| 5 | പൂതൃക്ക | 443 | 443 |
| 6 | തിരുവാണിയൂർ | 254 | 254 |
| 7 | വടവുകോട് | 150 | 150 |
| 8 | വാഴക്കുളം | 1674 | 1674 |
| | **ആകെ** | **5542** | **5359** |

## മണ്ണാർക്കാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

265(6252) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ മുതൽ 2023 ഫെബ്രുവരിവരെ മണ്ണാർക്കാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം ബാങ്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

2016 ഏപ്രിൽ മുതൽ 2023 ഫെബ്രുവരിവരെ മണ്ണാർക്കാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ 426 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ബാങ്ക് അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ടിൽനിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ബാങ്ക് തിരിച്ച് ലഭ്യമാക്കാമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ലഭ്യമായ 426 അപേക്ഷകളിൽ 226 അപേക്ഷകൾക്ക് 1,94,72,279/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം ലഭ്യമായവരുടെ എണ്ണവും അനുവദിച്ച തുകയും സഹകരണ സംഘങ്ങളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനത്തിൽ തരംതിരിച്ച് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## കർഷകർക്കും വ്യാപാരികൾക്കും നൽകിവരുന്ന വായ്പ

266(6253) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്ക് ആക്കി മാറ്റിയതിനുശേഷം കർഷകർക്കും വ്യാപാരികൾക്കും നൽകിവരുന്ന ഏതെങ്കിലും വായ്പ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് ആക്കി മാറ്റിയതിനുശേഷം കർഷകർക്കും വ്യാപാരികൾക്കും നൽകിവരുന്ന വായ്പകളൊന്നും നിർത്തലാക്കിയിട്ടില്ല. കേരള ബാങ്ക് രൂപീകരണശേഷം വിവിധ ജില്ലാ ബാങ്കുകളിൽ നിലനിന്നിരുന്ന വായ്പാ പദ്ധതികൾ ഏകീകരിച്ച് പുനരാവിഷ്കരിച്ചിട്ടുണ്ട്. കർഷകർക്കായി കെ. ബി. കിസാൻ മിത്ര സ്വർണ്ണപ്പണയ വായ്പാപദ്ധതിയും മൂന്ന് ലക്ഷം രൂപയ്ക്കുമുകളിൽ കെ. ബി. കിസാൻ മിത്ര വായ്പയും നൽകിവരുന്നുണ്ട്. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ(FPO)-കൾക്കുള്ള കെ.ബി. FPO വായ്പ, കെ.ബി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൈക്രോ ഫുഡ് പ്രോസസിംഗ് വായ്പ എന്നിവയും അനുവദിക്കുന്നുണ്ട്. വ്യാപാരികൾക്കുള്ള വായ്പാ സഹായം ലഘുജാമ്യ വ്യവസ്ഥയിൽ 5 ലക്ഷം രൂപവരെ കെ.ബി. സുവിധ പ്ലസ് വായ്പയായും ടി തുകയ്ക്ക് മുകളിൽ കെ.ബി. മിത്ര വായ്പവഴിയും നൽകിവരുന്നു.

## സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്തവരുടെ ജപ്തി നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ നടപടി

267(6254) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ പ്രയാസപ്പെടുന്നവർക്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊണ്ടുള്ള സഹകരണ വകുപ്പിന്റെ ഉത്തരവ്, ബാങ്ക് അധികാരികൾ അംഗീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡും പ്രളയവും മറ്റ് പ്രയാസങ്ങളും കാരണം വായ്പാതിരിച്ചടവ് സാധ്യമല്ലാത്ത സാഹചര്യത്തിൽ പലിശ കുറച്ചുകൊണ്ട് തിരിച്ചടവ് പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) വായ്പ തിരിച്ചടയ്ക്കാൻ പ്രയാസപ്പെടുന്നവർക്ക് ഇളവുകളോടെ

വായ്പ തീർപ്പാക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കാറുണ്ട്. 2021 ആഗസ്റ്റ് 16 മുതൽ നടപ്പാക്കിയ നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടായിരുന്നു. ടി പദ്ധതി 2023 വർഷത്തിലും ഫെബ്രുവരി 01 മുതൽ മാർച്ച് 31 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിക്ഷേപത്തിന് അനുവദിക്കുന്ന പലിശ അടിസ്ഥാനമാക്കിയാണ് ലോണിന് പലിശ നിശ്ചയിക്കുന്നത്. എന്നാൽ ലോൺ തിരിച്ചടയ്ക്കൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) ജപ്തി നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ഒറ്റത്തവണ പദ്ധതി കാലാകാലങ്ങളിൽ നടപ്പാക്കുന്നുണ്ട്. ഈ സൗകര്യം പ്രയോജനപ്പെടുത്തി ലോൺ ക്രമീകരിക്കാനുള്ള അവസരമുണ്ട്. ടി പദ്ധതിപ്രകാരം ഇളവുകളോടെ വായ്പാ കുടിശ്ശികയടച്ചുതീർത്ത് വായ്പാക്കാർക്ക് ജപ്തി നടപടികളിൽനിന്നും ഒഴിവാകാവുന്നതാണ്.

## സഹകരണ നിക്ഷേപ സമാഹരണ യജ്ഞം

268(6255) ശ്രീ. എം. വിജിൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിക്ഷേപം കേരള വികസനത്തിന് എന്ന മുദ്രാവാക്യവുമായി സംസ്ഥാനത്ത് സഹകരണ നിക്ഷേപ സമാഹരണ യജ്ഞം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമാകുന്നതെന്നും എത്ര രൂപ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

സഹകരണ നിക്ഷേപം കേരള വികസനത്തിന് എന്ന മുദ്രാവാക്യവുമായി 15-02-2023 മുതൽ 31-03-2023 വരെ സംസ്ഥാനത്ത് സഹകരണ നിക്ഷേപ സമാഹരണയജ്ഞം ആരംഭിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (PACS), ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകൾ, എംപ്ലോയീസ് സംഘങ്ങളും അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, കേരള സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അംഗങ്ങളിൽനിന്നും

ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവയാണ് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമാകുന്നത്. ആകെ 9000 കോടി രൂപ സമാഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) യുവജനങ്ങളെ കൂടുതലായി സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പ്രത്യേക നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

യുവജനങ്ങളെ കൂടുതലായി സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവനദാതാക്കൾക്കുമായി യുവസഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 31 സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. യുവാക്കളെ/യുവസംരംഭകരെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, അവരുടെ തൊഴിലും വരുമാനവും ഉറപ്പാക്കുക, കേരളത്തിൽ ആഴത്തിൽ വേരുകളുള്ള സഹകരണ മേഖലയിൽ യുവജനങ്ങളെയും ഉൾപ്പെടുത്തുക, മാന്യമായ തൊഴിൽ, സ്ഥിരവരുമാനം, യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുക, അതിലൂടെ യുവാക്കളുടെ സാമ്പത്തികവും

സാമൂഹികവും തൊഴിൽപരവുമായ ഉന്നമനം ഉറപ്പാക്കുക തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ 14 പട്ടികജാതി യുവജന സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ഉദ്ദേശ്യത്തോടെ കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് 'കേരള ബാങ്ക് വിദ്യാനിധി'. ടി നിക്ഷേപ പദ്ധതിയിൽ 12 മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾക്ക് അവരുടെ സ്വന്തം പേരിൽ അക്കൗണ്ട് ആരംഭിക്കാം. പദ്ധതിയിൽ അംഗങ്ങളായ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനായി രക്ഷകർത്താവിന് (മാതാവിന് മുൻഗണന) എല്ലാവിധ സാധാരണ ഇടപാടുകളും നടത്താൻ സാധിക്കുന്ന പ്രത്യേക പ്രിവിലേജ് അക്കൗണ്ട് തുറക്കുന്നതിന് പ്രത്യേകം അനുവാദം നൽകുന്നതായിരിക്കും. 2 ലക്ഷം രൂപവരെയുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ ഈ അക്കൗണ്ട് ഉറപ്പാക്കും. ആദ്യവർഷം പ്രീമിയം ബാങ്ക് നൽകുന്നതാണ്.

(സി) സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; മുതിർന്ന പൗരന്മാർക്ക് പലിശ നിരക്കിൽ പ്രത്യേക വർദ്ധനവുണ്ടോ; നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്കിൽ സഹകരണ ബാങ്കുകൾ മറ്റ് ബാങ്കുകളേക്കാൾ മുന്നിലാണോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പലിശ നിരക്കിനുപുറമെ മുതിർന്ന പൗരന്മാർക്ക് അര ശതമാനം അധിക പലിശ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ഇതര പൊതുമേഖലാ ബാങ്കുകൾ നിക്ഷേപങ്ങൾക്ക് നൽകിവരുന്ന പലിശ നിരക്കിനെ അപേക്ഷിച്ച് സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് ഒരു ശതമാനംവരെ മുന്നിലാണ്.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ ഓഹരി ഉടമകൾ

269(6256) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുള്ള തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ നാളിതുവരെയുള്ള വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ പേരുവിവരം ലഭ്യമാക്കുമോ?

ബാങ്കിൽ വോട്ടവകാശമുള്ള അംഗങ്ങളുടെ എണ്ണം നിലവിൽ 20363 ആണ്. വോട്ടവകാശമുള്ള അംഗങ്ങളെ സംബന്ധിച്ച കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും പരിഗണനയിലാണ്.

ഇക്കാരണത്താൽ ബാങ്കിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ പട്ടിക അന്തിമമാക്കിയിട്ടില്ല.

(ബി) പ്രസ്തുത ഭരണം നിലവിൽ വന്നതിനുശേഷം പുതുതായി അംഗത്വം നൽകിയ വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ പേരുവിവരം ലഭ്യമാക്കുമോ?

12-04-2017 മുതൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലെ ആർക്കും പുതുതായി അംഗത്വം നൽകിയിട്ടില്ല.

(സി) പ്രസ്തുത ഭരണം നിലവിൽ വന്നതിനുശേഷം നീക്കംചെയ്ത വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ പേരുവിവരം ലഭ്യമാക്കുമോ?

നീക്കംചെയ്ത വോട്ടവകാശമുള്ള അംഗങ്ങളെ സംബന്ധിച്ച കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും പരിഗണനയിലാണ്. ഇക്കാരണത്താൽ ബാങ്കിലെ വോട്ടവകാശമുള്ള നീക്കംചെയ്ത അംഗങ്ങളുടെ പട്ടിക അന്തിമമാക്കിയിട്ടില്ല.

## ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘം

270(6257) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതക്കാട് പ്രവർത്തിക്കുന്ന ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘത്തിന്റെ ബോർഡ് മെമ്പർമാർ ആരെല്ലാമാണെന്നും ഇവരുടെ കാലാവധി എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ വഴുതക്കാട് പ്രവർത്തിക്കുന്ന ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘത്തിന്റെ ബോർഡ് മെമ്പർമാരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1) എം. ഷാജഹാൻ

2) ഡോ. എസ്. എസ്. വിവേകാനന്ദൻ

3) സുധാകരൻ പി. പി.

4) എ. പി. അജിത്ത്

5) കെ. ജനാർദ്ദനൻ

6) ജിനേഷ് വി. എം.

7) ഡോ. കെ. മാണിക്യരാജ്

8) എം. പ്രദീപ് കുമാർ

9) എസ്. എസ്. ദേവി മീന

10) കല്യാണി കെ. എസ്.

11) പ്രീത കെ. എസ്.

ഭരണസമിതിയുടെ കാലാവധി 22-06-2023-ന് അവസാനിക്കും.

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള സഹകാരികളുടെ

പേരുവിവരം, ഔദ്യോഗിക മേൽവിലാസം എന്നിവ ലഭ്യമാക്കാമോ?

ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘത്തിൽ 'എ' ക്ലാസ്സ് അംഗങ്ങളായി 8568 പേരും 'സി' ക്ലാസ്സ് അംഗങ്ങളായി 121 പേരും ഉൾപ്പെടെ ആകെ 8689 സഹകാരികൾ നിലവിലുണ്ട്. സംസ്ഥാന സർക്കാർ സർവ്വീസിലെ ഗസറ്റഡ് വിഭാഗം ജീവനക്കാരാണ് സംഘത്തിലെ അംഗങ്ങൾ. അംഗങ്ങളുടെ തസ്തികയും നിയമനസ്ഥലവും നിരന്തരം വ്യതിചലിക്കുന്നതിനാൽ കൃത്യമായ ഔദ്യോഗിക വിലാസം നൽകുന്നതിന് സാധിക്കില്ല.

(സി) പ്രസ്തുത സ്ഥാപനത്തിൽ അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന സർവ്വീസിലുള്ള ഏതൊരു ഗസറ്റഡ് ഉദ്യോഗസ്ഥനും സംഘത്തിൽ അംഗമാകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. അംഗത്വത്തിനുള്ള അപേക്ഷകൾ സംഘത്തിൽനിന്നും ലഭിക്കുന്നതാണ്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ നിലവിലുള്ള ഒരംഗത്തിന്റെ ശിപാർശയോടൊപ്പം സംഘത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ വയ്ക്കുകയും ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്യുന്നു.

(ഡി) നിലവിലുള്ള ബോർഡ് മെമ്പർമാരെ കൂടാതെ മറ്റ് ഏതെങ്കിലും വ്യക്തികൾക്ക് പുതിയ അംഗങ്ങളെ നോമിനേറ്റ് ചെയ്യാൻ അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ഇ) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ അംഗത്വം നൽകാതെ മാറ്റിവച്ചിരിക്കുന്ന എത്ര അപേക്ഷകൾ ഉണ്ട്; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ?

ബൈലോയുടെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

271(6258) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഡീസൽ, സ്പെയർ പാർട്സുകൾ എന്നിവയുടെ വില വർദ്ധനവുകാരണം പ്രസ്തുത സൊസൈറ്റികൾ ബുദ്ധിമുട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേരിടുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരനടപടികൾ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ആകെ 128 മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിൽ ഡീസൽ, സ്പെയർ പാർട്സുകൾ എന്നിവയുടെ വില വർദ്ധനവുകാരണം കൊല്ലം, ആലപ്പുഴ, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ മോട്ടോർ ട്രാൻസ്പോർട്ട് സൊസൈറ്റികൾ ബുദ്ധിമുട്ട് നേരിടുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വർദ്ധനവിന് ആനുപാതികമായി സംഘത്തിന് വരുമാനം ലഭിക്കാത്ത സാഹചര്യമാണുള്ളത്. നിലവിൽ ഭൂരിഭാഗം സംഘങ്ങളും പ്രവർത്തനരഹിതവും ലിക്വിഡേഷൻ നടപടികളിലുമാണ്. മേൽ പ്രതിസന്ധിക്ക് പരിഹാരമായി സ്പെയർ പാർട്സ് വിൽപ്പന നടത്തുന്നതിന് നിയമാവലിയിൽ വ്യവസ്ഥയുള്ളതും സാമ്പത്തിക ഭദ്രതയുള്ളതുമായ സഹകരണ സംഘങ്ങൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സ്പെയർ പാർട്സ് വിൽപ്പന നടത്തുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

## സഹകരണ സംഘങ്ങളുടെ നിക്ഷേപത്തിൽ വന്ന കുറവ്

272(6259) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന

ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ സഹകരണ സംഘങ്ങളുടെ നിക്ഷേപത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22, 2022-23 എന്നീ വർഷങ്ങളിൽ സഹകരണ സംഘങ്ങളുടെ നിക്ഷേപത്തിൽ കുറവ് വന്നിട്ടില്ല, വർദ്ധനവാണുണ്ടായിട്ടുള്ളത്. നിക്ഷേപത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2020-21 വർഷം 8439.51 കോടി രൂപയുടെയും 2020-21-നെ അപേക്ഷിച്ച് 2021-2022-ൽ 9967.43 കോടി രൂപയുടെയും വർദ്ധനവുണ്ടായിട്ടുണ്ട്.

## സോഷ്യൽ സെക്യൂരിറ്റി മിഷൻ കമ്പനിക്ക് വായ്പ

**273**(6260) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതൊക്കെ സഹകരണ സംഘങ്ങളാണ് സോഷ്യൽ സെക്യൂരിറ്റി മിഷൻ കമ്പനിക്ക് വായ്പ നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ?

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ കമ്പനിക്ക് നിലവിൽ വായ്പ നൽകിയിട്ടുള്ള സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## മൂന്നാറിലെ ഗിരിജൻ സൊസൈറ്റി

274(6261) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മൂന്നാറിൽ ഗിരിജൻ സൊസൈറ്റി എന്ന പേരിൽ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ മൂന്നാർ ഉൾപ്പെടെ 6 പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി ദേവികുളം ഗിരിജൻ സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ ഐ 12 പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത സംഘം എന്നുമുതലാണ് പ്രവർത്തനമാരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

ടി സംഘം 23-02-1976-ൽ രജിസ്റ്റർ ചെയ്ത് 25-02-1976-ൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത സഹകരണ സംഘത്തിലെ അംഗങ്ങൾ ആരൊക്കെയെന്ന് അറിയിക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 861 പേരാണ് നിലവിൽ ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘത്തിലെ അംഗങ്ങൾ. ടി അംഗങ്ങളുടെ പട്ടിക ഉള്ളടക്കം+ ചെയ്തിരിക്കുന്നു.

**അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങളുടെ നിവേദനം**

275(6262) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഓമശ്ശേരി റീജിയണൽ അഗ്രികൾച്ചറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

സംസ്ഥാനത്തെ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഓമശ്ശേരി റീജിയണൽ അഗ്രികൾച്ചറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയ നിവേദനത്തിന്മേൽ സഹകരണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം സംഘങ്ങൾക്ക് സർക്കാർ ഗ്രാന്റ്, ഷെയർ എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾക്ക് 'മറ്റ് സംഘങ്ങൾക്കുള്ള ധനസഹായം' പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും സർക്കാർ ഗ്രാന്റ്, ഷെയർ എന്നിങ്ങനെ ധനസഹായം അനുവദിക്കുന്നുണ്ട്. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (CITA)-യിൽ ഉൾപ്പെടുത്തി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 5 വർഷത്തെ പ്രവൃത്തിപരിചയവും 5 വർഷമായി അറ്റാദായവുമുള്ള അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്.

(സി) പ്രവർത്തനം അനുസരിച്ച് ക്ലാസിഫിക്കേഷൻ നടത്തുന്നതിനും അതിനനുസൃതമായി സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനും വേതനഘടന നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടെയും ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ, സ്റ്റാഫ് പാറ്റേൺ എന്നിവ

കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സോഷ്യൽ സെക്യൂരിറ്റി മിഷൻ കമ്പനിക്ക് നൽകിയ തുക

276(6263) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോഷ്യൽ സെക്യൂരിറ്റി മിഷൻ കമ്പനിക്ക് വായ്പ ഇനത്തിൽ ആകെ നൽകിയ തുകയും ഓരോ സഹകരണ സംഘങ്ങൾ നൽകിയ തുകയും സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിവിധ ഘട്ടങ്ങളായി നൽകിയ തുകയിൽ 3412.93 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്. 3412.93 കോടി രൂപ വായ്പ നൽകിയ സംഘങ്ങളുടെ ലിസ്റ്റ്, തുക എന്നിവ അനുബന്ധമായി ഉള്ളടക്കം+ ചെയ്തിരിക്കുന്നു. 2000 കോടി രൂപ സഹകരണ സംഘങ്ങളിൽനിന്നും സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സഹകരണ സ്ഥാപനങ്ങളിലെ അഴിമതിക്കാർക്കെതിരെ നടപടി

277(6264) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. വിജിൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സഹകരണ സ്ഥാപനങ്ങളിലെ അഴിമതിക്കാർക്കെതിരെ കർശനനടപടി സാധ്യമാക്കുന്നതിനായി സഹകരണ വിജിലൻസിന് പോലീസ് അധികാരം നൽകി ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഹകരണ സംഘങ്ങളുടെ ഭരണസമിതികളുടെ ഭാഗത്തുനിന്നും ക്രമക്കേടുണ്ടാകാതിരിക്കാൻ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

(എ&ബി) സഹകരണസ്ഥാപനങ്ങളിലെ അഴിമതിക്കാർക്കെതിരെ കർശനനടപടി സാധ്യമാക്കുന്നതിനായി സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേരള സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) സംഘങ്ങളുടെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് കുടിശ്ശിക നിവാരണയജ്ഞം നടത്തിയിരുന്നോ; വ്യക്തമാക്കുമോ?

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും കുടിശ്ശികയുള്ളവർക്ക് പ്രത്യേക

ഇളവുകൾ നൽകുന്നതിനുമായി 'നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പാക്കാറുണ്ട്. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്തംബർ 30 വരെയും 2023 വർഷത്തിൽ ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെയും നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സഹകരണ സംഘങ്ങളുടെ ഓഡിറ്റ്**

278(6265) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ഓരോ വർഷത്തെയും കണക്കുകൾ അതതുവർഷം ഓഡിറ്റ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കുടിശ്ശിക ഓഡിറ്റ് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കുടിശ്ശികയുള്ള ജില്ലകളിലെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിനാവശ്യമായ റിക്കോർഡുകളും സ്റ്റേറ്റ്മെന്റുകളും സമയബന്ധിതമായി സമർപ്പിച്ച് സഹകരണ സ്ഥാപനങ്ങളിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി ഓഡിറ്റ്

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒന്നിൽ കൂടുതൽ ശാഖകളുള്ള സഹകരണ സംഘങ്ങളുടെ ഓഡിറ്റ് നടത്തുന്നതിന് എത്ര ഓഡിറ്റർമാരെയാണ് നിയമിക്കുന്നതെന്നും ഒന്നിൽ കൂടുതൽ ഓഡിറ്റർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ടീം ഓഡിറ്റ് ആരംഭിച്ചുകഴിഞ്ഞാൽ നിലവിലുള്ള സ്ഥിതി മാറി ടീമായാണ് ഓഡിറ്റർമാർ സംഘത്തിൽ ഓഡിറ്റ് നടത്തുന്നത്. ഒരു ടീമിൽ മൂന്ന് ഓഡിറ്റർമാരുണ്ടായിരിക്കും. സീനിയറായ ഓഡിറ്റർ ടീമിന്റെ തലവനായിരിക്കും.

(സി) ഓഡിറ്റിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ അതുസംബന്ധിച്ച റിപ്പോർട്ട് രഹസ്യമായി ജോയിന്റ് രജിസ്ട്രാർക്ക് നൽകണമെന്ന ചട്ടം കൃത്യമായി പാലിക്കാത്ത ഓഡിറ്റർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

## നിക്ഷേപം വർദ്ധിച്ച സഹകരണ സംഘങ്ങൾ

279(6266) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ 2022 ഏപ്രിൽ 1 മുതൽ നാളിതുവരെ മുൻവർഷങ്ങളേക്കാൾ നിക്ഷേപം വർദ്ധിച്ച സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ 2022 ഏപ്രിൽ 1 മുതൽ നാളിതുവരെ മുൻവർഷങ്ങളേക്കാൾ നിക്ഷേപം വർദ്ധിച്ച 2310 സഹകരണ സംഘങ്ങളാണുള്ളത്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## സഹകരണ സംഘങ്ങളിലെ പ്രതിസന്ധികൾ

280(6267) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവമൂലം സഹകരണ സംഘങ്ങൾക്കുണ്ടായിട്ടുള്ള പ്രതിസന്ധി തരണംചെയ്യാൻ സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

നോട്ട് നിരോധനത്തിന്റെ ഫലമായി നേരിട്ട കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി സഹകരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. പ്രളയവും കോവിഡ് വ്യാപനം തടയുന്നതിന്റെയും ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെത്തുടർന്നുള്ള തൊഴിൽനഷ്ടവും തന്മൂലം സാധാരണക്കാർക്കുണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 'മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme-CMHLS)' നടപ്പാക്കി. ഹ്രസ്വകാല കാർഷിക ഉൽപ്പാദനത്തിലും കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കുമായി Special Liquidity Facility (SLF) വായ്പ എന്ന പേരിൽ നബാർഡിന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ കോവിഡ് അതിജീവന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച 75 സഹകരണ സ്ഥാപനങ്ങൾക്ക് 'പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സഹകരണ സംഘങ്ങളുടെ പ്രത്യേക പുനരുദ്ധാരണ പദ്ധതി'യിൽ ഉൾപ്പെടുത്തി 486.7022 ലക്ഷം രൂപ നാളിതുവരെ അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും വായ്പയെടുത്ത സഹകാരികൾ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ

കുടിശ്ശിക/നിഷ്ക്രിയാസ്തി വർദ്ധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുന്നു. പ്രളയം, കോവിഡ് എന്നിവമൂലം സഹകരണ സംഘങ്ങളിലെ ഇത്തരത്തിലുള്ള കുടിശ്ശിക/നിഷ്ക്രിയാസ്തി വർദ്ധിച്ചത് സഹകരണ സംഘങ്ങളെ പ്രതിസന്ധിയിലാക്കിയിരുന്നു. ആയത് സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടം കൂടുന്നതിനും സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടവരുത്തിയിരുന്നു. ടി സാഹചര്യത്തിൽ പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും കുടിശ്ശികയുള്ളവർക്ക് പ്രത്യേക ഇളവുകൾ നൽകുന്നതിനുമായി നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് പ്രളയം, കോവിഡ് എന്നീ സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ തുടരുന്നതിന് അനുമതി നൽകിയിരുന്നു. നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 വർഷത്തിലും ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ നടപ്പാക്കുന്നതിന് അനുമതി

നൽകിയിട്ടുണ്ട്.

(ബി) ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തുന്ന സഹകരണ ധനകാര്യ സ്ഥാപനങ്ങളെ രക്ഷപ്പെടുത്താൻ കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരുമോ?

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും സംസ്ഥാന സഹകരണ ബാങ്കും എന്ന നിലയിൽ ദ്വിതല സംവിധാനമാണ് നിലവിൽ ഹ്രസ്വകാല സഹകരണ വായ്പാ മേഖലയിൽ പ്രവർത്തിക്കുന്നത്. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയും മുഖ്യഘടകങ്ങളായ കൃഷിയും അനുബന്ധപ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നബാർഡ് സഹായത്തോടെയുള്ള PACS-നെ ബഹുമുഖ സേവന കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇത് കേരളത്തിലെ കാർഷിക മേഖലയിലെ വിപ്ലവകരമായ പുരോഗതിയിലേയ്ക്കുള്ള ചുവടുവയ്പ്പാണ്. കൂടാതെ ദുർബല വിഭാഗത്തിൽപ്പെടുന്ന സംഘങ്ങളെ ശാക്തീകരിക്കുന്നതിനും എല്ലാ സംഘങ്ങളുടെയും പ്രവർത്തനം വിലയിരുത്തി പ്രവർത്തന പുരോഗതിയില്ലാത്ത സംഘങ്ങളെ കണ്ടെത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള

സമഗ്രമായ പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കി അംഗീകരിച്ച് നടപ്പാക്കിവരുന്നു. ടി പദ്ധതിപ്രകാരം ദുർബലമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ മെച്ചപ്പെടുത്തുന്നതിനും ക്രിയാത്മകമായ ഇടപെടലിലൂടെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ കേരള ബാങ്കിന്റെ നേതൃത്വത്തിൽ സർക്കാർ സഹായത്തോടെ സംസ്ഥാനമാകെ നടപ്പാക്കിവരുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ മുഖേന ബന്ധിപ്പിക്കുന്നതിന് ശ്രമം നടന്നുവരുന്നു. ആയത് പൂർത്തിയാകുന്നതോടെ കേരള ബാങ്കിന്റെ CBS-ലേയ്ക്ക് Interface മുഖേന കേരള ബാങ്കിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും അവ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനും സാധിക്കും. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 മുതൽ നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ 2 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്കാണ് നിലവിൽ നിക്ഷേപ ഗ്യാരന്റി നൽകുന്നത്. ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരന്റിപരിധി 2 ലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപയായി ഉയർത്തുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അതിലേയ്ക്കുള്ള സ്കീം തയ്യാറാക്കിവരുന്നു. പ്രതിസന്ധി നേരിടുന്ന സഹകരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി 'കേരള സഹകരണ സംഘം

പുനരുദ്ധാരണ നിധി പദ്ധതി-2023' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നതാണ്.

വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, ഉചിതമായ നിർദ്ദേശങ്ങളുടെയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബല സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക, പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും പരിപാടികളും ഏറ്റെടുത്ത് നടത്തുന്നതിന് ലക്ഷ്യമിടുന്നു.

i. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുക, അവയുടെ പ്രവർത്തന വൈവിദ്ധ്യവൽക്കരണം എന്നിവ സംബന്ധിച്ച് വിശദമായ പഠനം നടത്തുക.

ii. സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുക, ആവശ്യമായ ഉപദേശം നൽകുക.

iii. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം തുടങ്ങിയവമൂലം പ്രവർത്തനം മന്ദീഭവിച്ച സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

iv. അഴിമതിപോലുള്ള പ്രവൃത്തികൾ കാരണം പ്രവർത്തനം നിലച്ച സംഘങ്ങളുടെ പ്രവർത്തനത്തിനനുയോജ്യമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുക.

v. സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിനും നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കുക.

vi. സഹകരണ സംഘങ്ങൾക്ക് ലാഭകരമോ/പ്രായോഗികമായതോ ആയ വാണിജ്യപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സഹായം നൽകുക.

vii. ദുർബലവും എന്നാൽ പ്രായോഗികവും ശക്തിയാർജ്ജിക്കാൻ കഴിവുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരധിവാസം പ്രാവർത്തികമാക്കുക.

viii. സംഘങ്ങളുടെ പുതിയ നിക്ഷേപനിർദ്ദേശങ്ങൾ വിശകലനം ചെയ്യുക, ആവശ്യമായ ഉപദേശം നൽകുക.

(സി) സഹകരണ സംഘം സ്ഥാപനങ്ങളിലുണ്ടാകുന്ന ആസൂത്രിതമായ ക്രമക്കേടുകൾക്കുനേരെ മുഖംനോക്കാതെ നടപടി സ്വീകരിക്കാനും സ്ഥാപനങ്ങളെ രക്ഷപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവപ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ വകുപ്പ് 65, 66 എന്നിവപ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി. പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമഗ്ര നിയമഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ ഓഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണവിഭാഗത്തെ അറിയിക്കുന്നതിന് ഓഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നെല്ല് സംഭരിക്കുന്നതിനുള്ള സഹകരണ സംഘങ്ങൾ

281(6268)<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നെല്ല് സംഭരിക്കുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടില്ലെങ്കിൽ ആയത് രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നെല്ല് സംഭരിക്കുന്നതിന് പാലക്കാട്, കോട്ടയം ജില്ലകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിക്കൊണ്ട് പാലക്കാട് ജില്ല പ്രവർത്തനപരിധിയായി പാലക്കാട് പാഡി പ്രൊക്യുയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മേൽപ്രകാരമുള്ള അതേ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയൊഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തനപരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ. 4505 (KAPCOS) രജിസ്റ്റർ ചെയ്ത് പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് റൈസ് മിൽ മാതൃകയിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചുവരുന്നു.

## യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

282(6269) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 31 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട

നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 14 ജില്ലകളിലായി 14 പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. ടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ചും സഹകരണ അക്കൗണ്ടിംഗ് രീതികളെ സംബന്ധിച്ചുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർതലത്തിൽ നിശ്ചിത ഇടവേളകളിൽ ടി സംഘങ്ങളുടെ അവലോകനയോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തിവരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ യൂത്ത് എംപവർമെന്റ് ആൻഡ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 3341 എന്ന സംഘം കോഴിക്കോട് ജില്ലയിൽ ബേപ്പൂർ എന്ന സ്ഥലത്ത് സർഫിംഗ് സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) യുവ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ

എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ?

യുവ സഹകരണ സംഘങ്ങളുടെ പ്രാരംഭപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് സർക്കാർ ധനസഹായമായി ആദ്യഘട്ട നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി രജിസ്റ്റർ ചെയ്ത യുവസഹകരണ സംഘങ്ങൾക്ക് ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം നൽകുന്നതിന് സർക്കാർ 3 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**സഹകരണ സംഘങ്ങളിലെ നിക്ഷേപത്തിൽ വന്ന കുറവ്**

283(6270) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിൽനിന്നും നൽകുന്ന പ്രതിമാസ സ്റ്റേറ്റ്മെന്റ്പ്രകാരം സഹകരണ സംഘങ്ങളുടെ മൊത്തം നിക്ഷേപത്തിൽ കഴിഞ്ഞ വർഷം എത്ര ശതമാനത്തിന്റെ കുറവുണ്ടായെന്ന് വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ മൊത്തം നിക്ഷേപത്തിൽ കഴിഞ്ഞ വർഷം കുറവുണ്ടായിട്ടില്ല, വർദ്ധനവാണുണ്ടായിട്ടുള്ളത്. നിക്ഷേപത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2021-2022-ൽ 9967.43 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

## ബോർഡ് അംഗങ്ങൾക്ക് നൽകുന്ന ഓണറേറിയം

284(6271) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1969- ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4, 5, 6, 7 ചട്ടം 3, 4 എന്നിവപ്രകാരമാണ് സഹകരണ സംഘം രജിസ്ട്രേഷൻ നൽകിവരുന്നത്.

<u>വകുപ്പ് 4-</u> സഹകരണ തത്വങ്ങൾപ്രകാരം പൊതുതാൽപ്പര്യത്തോടെയോ അംഗങ്ങളുടെ സാമ്പത്തിക താൽപ്പര്യങ്ങളോ ലക്ഷ്യമാക്കിയുള്ള ഒരു സംഘമോ അപ്രകാരം സ്ഥാപിച്ചിട്ടുള്ള ഒരു സംഘത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ള സംഘവും ഈ നിയമത്തിനുകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാം. എന്നാൽ സാമ്പത്തിക നിലനിൽപ്പ് ഇല്ലാത്തതോ സഹകരണ പ്രസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സംവരുത്തുന്ന സംഘങ്ങളോ രജിസ്റ്റർ ചെയ്യപ്പെടാവുന്നതല്ല.

<u>വകുപ്പ് 5(1)</u>-ക്ലിപ്തം ബാധ്യതയോടുകൂടിയ സംഘം മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.

<u>(2)</u>- ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിപ്തബാധ്യത സംഘങ്ങളുടെ പേരിന്റെ അവസാനഭാഗത്ത് ക്ലിപ്തം അല്ലെങ്കിൽ അതേ അർത്ഥമുള്ള മറ്റു ഭാരതീയ ഭാഷകളിലെ വാക്കോ ആയിരിക്കണം.

<u>വകുപ്പ് 6(1)</u>- ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഒരു നിശ്ചിത ഫാറത്തിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സംഘത്തെ സംബന്ധിച്ച് അദ്ദേഹം ആവശ്യപ്പെടുന്ന മറ്റു വിവരങ്ങൾ അപേക്ഷകൻ നൽകേണ്ടതുമാണ്.

<u>(2)</u>- ഓരോ അപേക്ഷയിലും താഴെപ്പറയുന്നവ ഉള്ളടക്കം ചെയ്തിരിക്കണം.

(എ) നിർദ്ദിഷ്ട സംഘത്തിന്റെ ഉപനിബന്ധനകളുടെ 3 പകർപ്പുകൾ,

(ബി) വ്യക്തികളാണ് അപേക്ഷകരെങ്കിൽ അവർ വ്യത്യസ്ത കുടുംബത്തിൽപ്പെട്ടവരും 25 പേരിൽ കുറയാൻ പാടില്ലാത്തതുമാണ്.

(സി) അപേക്ഷയിൽ വ്യക്തികളാണെങ്കിൽ എല്ലാപേരും സാക്ഷ്യപ്പെടുത്തിയിരിക്കണം.

<u>വകുപ്പ് 7(1)</u>- താഴെപ്പറയുന്ന നിബന്ധനകൾ രജിസ്ട്രാർക്ക് ബോധ്യപ്പെട്ടാൽ

സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസങ്ങൾക്കകം രജിസ്റ്റർ ചെയ്യാവുന്നതാണ്.

(എ) അപേക്ഷ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കണം.

(ബി) നിർദ്ദിഷ്ട സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ വകുപ്പ് 4-ന് വിധേയമായിരിക്കണം.

**(സി)** നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തനപരിധി അതേ തരത്തിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തനപരിധിയിലേയ്ക്ക് അതിലംഘിച്ച് കടക്കുന്നില്ലെങ്കിൽ;

**(ഡി)** നിർദ്ദിഷ്ട ഉപനിബന്ധന നിയമത്തിനും ചട്ടത്തിനും വിരുദ്ധമല്ലെങ്കിൽ;

**(ഇ)** നിർദ്ദിഷ്ട സംഘം ഒരു നല്ല വ്യാപാര പ്രവർത്തനങ്ങൾക്കാവശ്യമായ കാര്യങ്ങൾ നിറവേറ്റപ്പെട്ടുമെങ്കിൽ രജിസ്ട്രാർക്ക് സംഘവും അതിന്റെ ഉപനിബന്ധനകളും അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം.

**(2)** രജിസ്ട്രാർ സംഘത്തിന്റെ രജിസ്ട്രേഷൻ നിരസിക്കുന്നപക്ഷം അതിന്റെ കാരണങ്ങൾ കാണിച്ച് ബന്ധപ്പെട്ട കക്ഷികളെ 7 ദിവസത്തിനകം അറിയിക്കണം.

**(3)** സംഘം രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ചാൽ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം രജിസ്ട്രാർ അപേക്ഷ തീർപ്പാക്കിയിരിക്കണം.

**(4)** ഉപവകുപ്പ് (3)-ൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഒരു സംഘത്തിന്റെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ തീർപ്പാക്കിയില്ലെങ്കിൽ അപേക്ഷകന്;

**(എ)** വകുപ്പ് 3 ഉപവകുപ്പ് (2) പ്രകാരം രജിസ്ട്രാറുടെ അധികാരം നൽകപ്പെട്ട വ്യക്തിക്കാണ് രജിസ്ട്രേഷനുള്ള അപേക്ഷ നൽകിയതെങ്കിൽ രജിസ്ട്രാർ മുമ്പാകെയും;

**(ബി)** രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർ മുമ്പാകെയാണ് നൽകിയിട്ടുള്ളതെങ്കിൽ സർക്കാർ മുമ്പാകെയും നിവേദനം സമർപ്പിക്കാവുന്നതും രജിസ്ട്രാറോ സർക്കാരോ അതത് സംഗതിപോലെ അത്തരം നിവേദനം ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരിക്ക് രജിസ്ട്രേഷനുള്ള അപേക്ഷയിൽ യുക്തമായ തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതും ബന്ധപ്പെട്ട അധികാരി ആ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

<u>ചട്ടം 3(1)</u>- വകുപ്പ് 6(1) പ്രകാരമുള്ള ഒരു സംഘത്തിന്റെ

രജിസ്ട്രേഷനുവേണ്ടിയുള്ള ഏതൊരു അപേക്ഷയും ഒന്നാം നമ്പർ ഫാറത്തിൽ രണ്ട് പകർപ്പോടെ തയ്യാറാക്കി താഴെപ്പറയുന്നവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

**(എ)** സംഘത്തിന്റെ നിർദ്ദിഷ്ട ഉപനിബന്ധനയുടെ 3 പ്രതികൾ

**(ബി)** നിർദ്ദിഷ്ട സംഘത്തിന്റെ പേരിൽ വരവുവച്ചിട്ടുള്ള തുക വിശദമാക്കുന്ന ബാങ്കിൽ നിന്നുള്ള നിക്ഷേപ ബാക്കി കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ്.

**(സി)** ഓഹരി മൂലധനത്തിലേയ്ക്ക് സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടേയും അവർ ഓരോരുത്തരും നൽകിയ തുകയും നൽകിയ പ്രവേശന ഫീസും ഉൾപ്പെടെയുള്ള പട്ടികയുടെ രണ്ട് പകർപ്പ് സഹിതം.

**(ഡി)** നിർദ്ദിഷ്ട സംഘത്തിന്റെ സാമ്പത്തിക ഭദ്രത സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെട്ട ഉദ്ദേശിക്കുന്ന സംഘത്തിന്റെ വ്യാപാര പദ്ധതി.

**(ഇ)** രജിസ്ട്രാർ ആവശ്യപ്പെടുന്ന തരത്തിലുള്ള വിവരങ്ങളും ഇതര രേഖകളും.

**(2)** അപേക്ഷകർ വ്യക്തികളാണെങ്കിൽ 25-ൽ കുറയാതെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ടവർ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.

**(3)** രജിസ്റ്റർ ചെയ്യപ്പെടേണ്ടതായ സംഘത്തിലെ ഏതെങ്കിലും അംഗം ഒരു രജിസ്റ്റർ ചെയ്ത സംഘമാണെങ്കിൽ, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട

സംഘത്തിലെ കമ്മിറ്റിയിലെ ഒരംഗത്തെ, ആ സംഘത്തിലെ കമ്മിറ്റി ഒരു തീരുമാനംമൂലം അതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷയും ഉപനിബന്ധനകളും സാക്ഷ്യപ്പെടുത്തുന്നതിന് അധികാരപ്പെടുത്തേണ്ടതും അപ്രകാരമുള്ള തീരുമാനത്തിന്റെ ഒരു പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

**(4)** രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും അംഗം നിയമാധിഷ്ഠിതമോ അല്ലാത്തതോ ആയ ഒരു സമിതിയോ കോർപ്പറേഷനോ ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും ഉപനിബന്ധനകളിലും സാക്ഷ്യപ്പെടുത്തുന്നതിന് ആ സ്ഥാപനം ഏതെങ്കിലും വ്യക്തിയെ അധികാരപ്പെടുത്തേണ്ടതും അധികാരപ്പെടുത്തിക്കൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

**(5)** അപേക്ഷ രജിസ്റ്റർ ചെയ്ത് തപാലായി രജിസ്ട്രാർക്ക് അയച്ചുകൊടുക്കാവുന്നതോ അല്ലെങ്കിൽ ആഫീസിൽ നേരിട്ട് കൊടുക്കുകയോ ചെയ്യാവുന്നതാണ്.

**(6)** ഓരോ അപേക്ഷയോടൊപ്പം നിശ്ചിത നിരക്കിലുള്ള തുക രജിസ്ട്രേഷൻ ഫീസായി അടച്ച് ചെലാൻ രസീത് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**<u>ചട്ടം 4 -</u>** ചട്ടം 3-ന് വിധേയമായി ഒരു അപേക്ഷ ലഭിച്ചാൽ

(i) രജിസ്ട്രാർ ഫാറം നം.2-ൽ സൂക്ഷിക്കപ്പെടേണ്ട അപേക്ഷാരജിസ്റ്ററിൽ അപേക്ഷയുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും അപേക്ഷയ്ക്ക് ക്രമനമ്പർ നൽകുകയും അപേക്ഷ ലഭിച്ചുവെന്നതിന് തെളിവായി രസീത് നൽകുകയും ചെയ്യണം

(ii) ചട്ടം 3-ലും വകുപ്പ് 7-ൽ (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകളിലും വ്യക്തമാക്കുന്ന വ്യവസ്ഥകൾ ബോധ്യപ്പെടുന്നതിനോ രജിസ്ട്രാർ അപേക്ഷയും ഉപനിബന്ധനകളും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

(iii) രജിസ്ട്രാർക്ക് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയോ അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്നപക്ഷം അന്വേഷണം നടത്തുകയോ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രധാന സംഘാടകനോട് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. രജിസ്ട്രാർ അനുവദിച്ച കാലയളവിനുള്ളിൽ നിർദ്ദിഷ്ട ഉപനിബന്ധനയിൽ അദ്ദേഹം നിർദ്ദേശിച്ച മാറ്റങ്ങൾ അപേക്ഷകരുടെ സമ്മതത്തോടെ ഭേദഗതി വരുത്തുകയോ ആവശ്യപ്പെട്ട വിവരങ്ങൾ പ്രധാന സംഘാടകൻ നൽകുകയോ ചെയ്യണം.

(iv) നിർദ്ദിഷ്ട സംഘം മേൽ വിവരിച്ച ആവശ്യങ്ങൾ നിറവേറ്റിയിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെടുന്നപക്ഷം സംഘവും അതിന്റെ ഉപനിബന്ധനകളും രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് അംഗീകരിച്ച ഉപനിബന്ധനകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി ഫാറം നം.3-ൽ രജിസ്ട്രാർ ഒപ്പ് രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘത്തിന് സൗജന്യമായി കൊടുക്കേണ്ടതാണ്. ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ ആ സംഘത്തിന്റെ നിലവിലുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഉപനിബന്ധനയെന്ന് പറയുന്നത് രജിസ്റ്റർ ചെയ്ത് രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനകളാണ്.

(v) രജിസ്ട്രാർക്ക് നിർദ്ദേശിക്കപ്പെട്ട സംഘം നിയമത്തിലെ പട്ടിക 2-ൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ തത്വങ്ങൾ പാലിക്കപ്പെട്ടുകൊണ്ട് പൊതുവായിട്ടുള്ള സാമ്പത്തിക താൽപ്പര്യം നിറവേറ്റപ്പെടുകയില്ലെന്ന് ബോധ്യപ്പെട്ടാലോ അല്ലെങ്കിൽ സംഘത്തിന്റെ രജിസ്ട്രേഷൻമൂലം സഹകരണ പ്രസ്ഥാനത്തിന് കോട്ടം സംഭവിക്കാമെന്നോ അല്ലെങ്കിൽ നിയമത്തിന്റെ പീഠികയിലെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് എതിരാണെന്ന് ബോധ്യപ്പെട്ടാലോ രജിസ്ട്രാർ കാരണം കാണിച്ച് നിരസിച്ചുകൊണ്ടുള്ള ഉത്തരവ് ആകേണ്ടതും അത് രജിസ്റ്റർ ചെയ്ത തപാലിലോ അല്ലെങ്കിൽ ഹൈക്കോടതിയോ കേരള

സർക്കാരോ അംഗീകരിച്ച അപ്രകാരമുള്ള കൊറിയർ സർവ്വീസ് മുഖാന്തരമോ മുഖ്യസംഘാടകന് ഉത്തരവായതിന്റെ പതിനഞ്ച് ദിവസത്തിനകം അറിയിക്കേണ്ടതാണ്.

(vi) ഉപചട്ടം (iv)-ന് വിധേയമായി സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതെങ്കിലും തീരുമാനമോ ഉപചട്ടം (v)-ന് വിധേയമായി ഒരു സംഘത്തിന്റെ അപേക്ഷയുടെ തിരസ്കരണമോ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

(vii) ഉപനിബന്ധനയുടെ പകർപ്പോടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ധനസഹായ ബാങ്കിനും ബന്ധപ്പെട്ട സഹകരണ യൂണിയനും നൽകേണ്ടതാണ്.

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ, ഒ.ബി.സി. വിഭാഗക്കാർ എത്ര സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്ത് 36 സഹകരണ സംഘങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആരംഭിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ

ചേർക്കുന്നു. ഒ.ബി.സി. വിഭാഗക്കാർക്ക് പ്രത്യേക സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ കേരള സഹകരണ സംഘം നിയമത്തിൽ വ്യവസ്ഥയില്ല.

| ക്രമ നം. | ജില്ല | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 07 |
| 2 | കൊല്ലം | 02 |
| 3 | പത്തനംതിട്ട | 01 |
| 4 | ആലപ്പുഴ | 01 |
| 5 | കോട്ടയം | 02 |
| 6 | ഇടുക്കി | 03 |
| 7 | എറണാകുളം | 04 |
| 8 | തൃശ്ശൂർ | 02 |
| 9 | പാലക്കാട് | 01 |
| 10 | മലപ്പുറം | 05 |
| 11 | കോഴിക്കോട് | 03 |
| 12 | വയനാട് | 01 |
| 13 | കണ്ണൂർ | 02 |
| 14 | കാസർഗോഡ് | 02 |

(സി) സഹകരണ സംഘങ്ങളിലെ ബോർഡ് അംഗങ്ങൾക്ക് ഓണറേറിയം ഇനത്തിൽ എത്ര രൂപ വീതമാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ?

സഹകരണ സംഘങ്ങളിലെ ബോർഡ് അംഗങ്ങൾക്ക് നിലവിൽ

ഓണറേറിയം ഇനത്തിൽ തുക അനുവദിക്കുന്നില്ല. വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർക്കും വൈസ് പ്രസിണ്ടന്റുമാർക്കും മാത്രമാണ് ഓണറേറിയം അനുവദിച്ചുവരുന്നത്. സഹകരണ സംഘം രജിസ്ട്രാറുടെ 39/2014, 49/2014 എന്നീ നമ്പർ സർക്കുലർപ്രകാരമാണ് ഓണറേറിയം അനുവദിച്ചുവരുന്നത്.

(ഡി) സർവ്വീസ് സഹകരണ സംഘങ്ങളിലെ ബോർഡ് അംഗങ്ങൾക്ക് ഓണറേറിയം വാങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സർവ്വീസ് സഹകരണ സംഘങ്ങളിലെ ബോർഡ് അംഗങ്ങൾക്ക് നിലവിൽ ഓണറേറിയം നൽകിവരുന്നില്ല. സർവ്വീസ് സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാർക്ക് മാത്രമാണ് നിലവിൽ ഓണറേറിയം നൽകിവരുന്നത്.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിലെ സ്ഥിര നിക്ഷേപം

285(6272) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഏപ്രിൽ 1 മുതൽ നാളിതുവരെയുള്ള കാലയളവിൽ ഒരു

ശതമാനം അധിക പലിശ നൽകി സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ ഒരു ശതമാനം അധിക പലിശ നൽകി സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ 30-04-2022-ലെ സ.ഉ. (സാധാ)നം. 290/2022/സഹ. പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്ഥിരനിക്ഷേപങ്ങൾക്ക് പ്രസ്തുത സ്ഥാപനം നൽകുന്ന പലിശ നിരക്ക് നിലവിൽ എത്രയാണെന്ന് കാലയളവ് ഉൾപ്പെടെ വിശദമാക്കാമോ?

ഒരു വർഷത്തിൽ കൂടുതൽ കാലയളവിൽ സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് സാധാരണ പൗരന്മാർക്ക് 8.5 ശതമാനം നിരക്കിലും മുതിർന്ന പൗരന്മാർക്ക് 9 ശതമാനം നിരക്കിലും പലിശ നൽകിവരുന്നുണ്ട്.

(സി) 2021-22 കാലയളവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയുടെ സ്ഥിരനിക്ഷേപത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവുണ്ടായെന്ന് അറിയിക്കുമോ?

2021-22 കാലയളവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ

സൊസൈറ്റിയുടെ സ്ഥിരനിക്ഷേപത്തിൽ 614.73 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) 31-03-2022-ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയുടെ സ്ഥിരനിക്ഷേപം എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും അറിയിക്കാമോ?

31-03-2022-ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയുടെ സ്ഥിരനിക്ഷേപം 2015.14 കോടി രൂപയും നിലവിൽ (28-02-2023-ന്) 2255.37 കോടി രൂപയുമാണ്.

## സോഷ്യൽ സെക്യൂരിറ്റി മിഷൻ കമ്പനിക്ക് നൽകിയ വായ്പ

286(6273) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോഷ്യൽ സെക്യൂരിറ്റി മിഷൻ കമ്പനിക്ക് സഹകരണ സംഘങ്ങൾ വായ്പ ഇനത്തിൽ നൽകിയ തുക എപ്രകാരം തിരിച്ചടയ്ക്കാനാണ് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൺസോർഷ്യം മുഖേന

വായ്പ ഇനത്തിൽ സമാഹരിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് നൽകിയിട്ടുള്ള തുക നിശ്ചിത വായ്പാ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് സംഘങ്ങൾക്ക് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിയിൽനിന്നും തിരികെ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

287(6274) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിലുള്ള ത്രിവേണി സ്റ്റോറുകളിൽ ആവശ്യത്തിലധികം തൊഴിലാളികളുള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടില്ല.

(ബി) ഇതുമൂലം സ്ഥാപനം ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; ഇവരെ നിലനിർത്തുന്നതിനും സ്ഥാപനം കൂടുതൽ ലാഭകരമാക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ത്രിവേണി സ്റ്റോറുകളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും വ്യാപാരം

വിപുലീകരിക്കുന്നതിനുമായി ശക്തമായ മാർക്കറ്റിംഗ് സംവിധാനവും ഹോം ഡെലിവറി സംവിധാനവും നടപ്പാക്കുന്നതിനായി ക്രമീകരണം നടത്തി വരികയാണ്. ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി ഹോം ഡെലിവറി സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(സി) 2016 മുതൽ 2022 വരെയുള്ള കാലയളവിൽ കൺസ്യൂമർ ഫെഡിന്റെ സഞ്ചിത ലാഭം/സഞ്ചിത നഷ്ടം എത്രയെന്നും സർക്കാരിൽനിന്നും ലഭിച്ച ധനസഹായം എത്രയെന്നും വിശദമാക്കുമോ?

2015-16 സാമ്പത്തിക വർഷത്തെ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് പൂർത്തീകരിക്കുകയും 2016-17 വരെയുള്ള ഫിനാൻഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

| വർഷം | സഞ്ചിത നഷ്ടം (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|
| 2016-'17 | 82,245.22 | Financial Audit |
| 2017-'18 | 63,007.90 | Tentative |
| 2018-'19 | 54,918.90 | Tentative |
| 2019-'20 | 48,656.28 | Tentative |
| 2020-'21 | 50,332.48 | Tentative |
| 2021-'22 | 51,623.96 | Tentative |

2020-21 സാമ്പത്തിക വർഷം Temperature Controlled Warehouse-ന്റെ നിർമ്മാണത്തിനായി പദ്ധതി ശീർഷകത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ ധനസഹായമായി കൺസ്യൂമർഫെഡിന് അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷംവരെ 28832.18 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിൽ സർക്കാർ കൺസ്യൂമർഫെഡിന് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത കാലഘട്ടത്തിൽ കൺസ്യൂമർഫെഡ് നടപ്പാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

കൃത്യമായ അളവിലും തൂക്കത്തിലും ഗുണനിലവാരവും വിലക്കുറവുമുള്ള കൺസ്യൂമർഫെഡിന്റെ ഉൽപ്പന്നങ്ങളായി ത്രിവേണി ബ്രാൻഡിൽ ചായപ്പൊടി, വെളിച്ചെണ്ണ, ആട്ട, മൈദ, റവ എന്നിവ വിപണിയിലിറക്കി.

1. ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് സർക്കാർ സബ്സിഡിയോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

2. ഇ-ടെണ്ടർ നടപ്പിൽ വരുത്തി പർച്ചേസ് വിഭാഗം ശക്തിപ്പെടുത്തി.

3. റീജിയണൽതലത്തിൽ പ്രാദേശിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന്

ആർ.പി.സി. സംവിധാനം നടപ്പിൽവരുത്തി.

4. കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ വഴിയും നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണവും വിൽപ്പനയും വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

5. വിദേശമദ്യ വ്യാപാരം ലാഭകരമായി പ്രവർത്തിക്കുന്നു. കൂടുതൽ യൂണിറ്റുകളും സെൽഫ് സർവ്വീസ് സെക്ഷനായി പ്രവർത്തിച്ചുവരുന്നു.

6. എല്ലാ പഠനോപകരണങ്ങളും ഒരു കുടക്കീഴിൽ അണിനിരത്തി സ്കൂൾ മാർക്കറ്റുകൾ വിപുലമായി നടത്തി.

7. ഓഫീസ് സ്റ്റേഷനറികളുടെ വിതരണത്തിനായി 18 ഇ-ത്രിവേണികൾ ആരംഭിച്ചു.

8. കൺസ്യൂമർഫെഡിലെ കമ്പ്യൂട്ടർവൽക്കരണവും നിലവിലെ കമ്പ്യൂട്ടർ ശൃംഖല വിപുലീകരണവും ലക്ഷ്യമിട്ടുകൊണ്ട് കൺസ്യൂമർഫെഡിന്റെ വളർച്ചയ്ക്കനുകൂലമായ പുതിയ സോഫ്റ്റ്‌വെയർ നിർമ്മാണത്തിനാവശ്യമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

9. പർച്ചേയ്സിൽ വീഴ്ച വരാതിരിക്കുന്നതിന് പുതിയ പർച്ചേയ്സ് റൂൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

10. ആധുനിക മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കി.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ നീതി മെഡിക്കൽ സ്റ്റോറുകൾ**

288(6275) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി മണ്ഡലത്തിൽ സഹകരണ സംഘങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ചുവടെ പറയുന്ന സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ 8 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

1. വാഴപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. കെ.108

2. കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1538

3. ചീരംചിറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1626

4. നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 296 (തെങ്ങണ ബ്രാഞ്ച്)

5. പായിപ്പാട് സെൻട്രൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.3125

6. തൃക്കൊടിത്താനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.178

7. പുഴവാത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.62

8. മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 160

**ഭൂമി രജിസ്ട്രേഷന് ഓഫീസുകളിൽ നേരിടുന്ന കാലതാമസം**

289(6276) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂമി രജിസ്ട്രേഷന് നിലവിൽ ഓഫീസുകളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഭൂമി രജിസ്ട്രേഷന് നിലവിൽ ഓഫീസുകളിൽ കാലതാമസമുള്ളതായി കാണുന്നില്ല. എന്നാൽ ഈ വർഷം PEARL സോഫ്റ്റ്‌വെയർ 25-01-2023 മുതൽ 30-01-2023 വരെയുള്ള നാലുപ്രവൃത്തി ദിനങ്ങളിലും തടസ്സപ്പെട്ടതിനെത്തുടർന്ന് സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ ഭാഗികമായി തടസ്സപ്പെട്ടിരുന്നു. സമാന തകരാർ മുൻവർഷങ്ങളിലും സംഭവിച്ചിരുന്നു. ഇങ്ങനെ നിരന്തരമായുള്ള തകരാറുകൾ കാരണം ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിവിധ സർട്ടിഫിക്കറ്റുകൾക്കായി സബ് രജിസ്ട്രാർ ഓഫീസിൽ അപേക്ഷ

സമർപ്പിച്ചിരുന്ന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായതായും ശ്രദ്ധയിൽപ്പെട്ടിരുന്നു. രജിസ്ട്രേഷൻ സേവനങ്ങൾ തടസ്സംകൂടാതെ സമയബന്ധിതമായി പൊതുജനങ്ങൾക്ക് നൽകുന്നതിനായുള്ള ശാശ്വത പരിഹാരമെന്ന നിലയ്ക്ക് നിലവിലെ സോഫ്റ്റ്‌വെയർ സംവിധാനം മാറ്റി പകരം പുതിയ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

## രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ

290(6277) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ വിശദമാക്കാമോ?

ഒരു സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

1. വാണിജ്യ ബാങ്കുകളിൽനിന്നും ചെറുകിട വ്യവസായ വായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം ഉപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ

പ്ലാറ്റ്ഫോം നടപ്പാക്കി.

2. രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണം ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആധാരം തയ്യാറാക്കുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റലായിത്തന്നെ ആധാരത്തിന്റെ ഭാഗമാക്കിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കുന്നതിനും രജിസ്റ്റർ ചെയ്ത ആധാരം അന്നേ ദിവസം മടക്കി നൽകുന്നതിനുമുള്ള അനുമതി.

3. വകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിലും 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കി.

4. സബ് രജിസ്ട്രാർ ഓഫീസുകളിലെ മുൻആധാര വിവരങ്ങളുടെ ഡിജിറ്റൈസേഷൻ പദ്ധതിയിലൂടെ ആധാരപ്പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നടപ്പാക്കി.

5. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് സി-ഡിറ്റിന്റെ സഹായത്തോടെ പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ രൂപകല്പനയോടെ പരിഷ്കരിച്ചു.

6. രജിസ്ട്രേഷൻ വകുപ്പിനുകീഴിലുള്ള എല്ലാ ഓഫീസുകളിലെയും ഇന്റർനെറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി ബി.എസ്.എൻ.എൽ.-മായി സഹകരിച്ചുകൊണ്ട് ഒപ്റ്റിക്കൽ ഫൈബർ സർക്യൂട്ടുകൾ സ്ഥാപിച്ചു.

7. പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ 16 സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കോർഡ് മുറികളിൽ ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിച്ചു.

8. പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ 15 സബ് രജിസ്ട്രാർ ഓഫീസുകളിൽ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി ആധുനിക രീതിയിലുള്ള ഇരിപ്പിടങ്ങളും കൗണ്ടറുകളും സ്ഥാപിച്ചു.

9. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കോട്ടയം കോംപ്ലക്സ്, തൃക്കരിപ്പൂർ, മാനന്തവാടി, ഉളിയിൽ, ചാത്തമംഗലം എന്നീ ഓഫീസുകൾ പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

(ബി) രജിസ്ട്രേഷൻ വകുപ്പിലെ എന്തെല്ലാം സേവനങ്ങളാണ് നിലവിൽ ഓൺലൈൻ മുഖാന്തരം ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ?

സബ് രജിസ്ട്രാർ ഓഫീസിൽനിന്നുള്ള എല്ലാ സേവനങ്ങൾക്കും

ഇ-പേമെന്റ് സൗകര്യം.

1. ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം. 01-04-2023 മുതൽ എല്ലാ മൂല്യങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

2. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കണെടുക്കുന്നതിനുമുള്ള സംവിധാനം.

3. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

4. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

5. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

6. ആധാരപ്പകർപ്പുകൾ ഓഫീസിൽ ഹാജരാകാതെതന്നെ ലഭിക്കുന്നതിനുള്ള സൗകര്യം തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പാക്കി.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സഹകരണ ബാങ്കുകളിൽനിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

9. KSFE-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

10. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

11. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.

12. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെതന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

13. ഒരു ജില്ലയ്ക്കകത്തുള്ള ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere Registration' സംവിധാനം.

(സി) രജിസ്ട്രേഷൻ വകുപ്പിൽനിന്ന് 2020-21, 2021-22, 2022-23 വർഷങ്ങളിൽ ലഭിച്ചിട്ടുള്ള വരുമാനം എത്രയാണെന്ന് അറിയിക്കാമോ?

1. 2020-21 - 3130.32 കോടി രൂപ

2. 2021-22 - 4431.89 കോടി രൂപ

3. 2022-23 - 4711.75 കോടി രൂപ (2023 ഫെബ്രുവരിവരെ)

**ലാൻഡ് ബാങ്കിൽനിന്നും ലഭിക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ**

291(6278) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ടവർക്ക് ലാൻഡ് ബാങ്കിൽനിന്നും അനുവദിച്ച ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ലാൻഡ് ബാങ്കിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കുന്ന ഭൂമിയുടെ വിവരങ്ങൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന വിവരം ലഭ്യമല്ല.

(ബി) അത്തരത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലാൻഡ് ബാങ്കിൽ നിന്നും ലഭിക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ഫീ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായമുപയോഗിച്ച് വീടും സ്ഥലവുമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി അനുവദിക്കുന്ന ഭൂമിയുടെ രജിസ്ട്രേഷന് 28-07-1997 -ലെ G.O.(P)No.97/1997/TD (S.R.O.No.602/1997), 27-11-2022-ലെ G.O(P) No. 151/2022/TD (S.R.O.No. 1140/2022) നമ്പർ കേരള ഗസറ്റ്പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസിളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ദുരന്ത ലഘൂകരണ പദ്ധതിക്കുകീഴിലുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധി

ഉപയോഗിച്ച് വീടും സ്ഥലവുമില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് 25-06-2022 -ലെ G.O.(P)No.72/22/TD (S.R.O.No.84/2020), 25-06-2022-ലെ GO.(P)No.71/22/TD (S.R.O.No.86/2020) നമ്പർ കേരള ഗസറ്റുപ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസിളവ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. മേൽപ്പറഞ്ഞ സ്കീമുകൾ വഴിയാണ് ലാൻഡ് ബാങ്കിൽനിന്നും ഭൂമി അനുവദിക്കുന്നതെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് നിലവിലുള്ളതാണ്.

**ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ**

292(6279) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിൽ ആധാരകക്ഷികളെ തിരിച്ചറിയുന്നതിന് ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. രജിസ്ട്രേഷൻ സമയത്ത് consent based Aadhar

Authentication service മുഖേന കക്ഷികളെ തിരിച്ചറിയുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരുന്നതിനായി ചട്ട ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. Aadhaar Authentication for Good Governance (Social Welfare, Innovation and Knowledge) Rules, 2020 പ്രകാരം ആധാർ ഓതന്റിക്കേഷൻ നടത്തുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ ആയതിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

## ഭൂമി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കൽ

293(6280) ശ്രീ തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷൻ ലഘൂകരിക്കാൻ online സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. ആധാരം ഹാജരാക്കുന്ന വ്യക്തിക്ക് രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായി ഒരുക്കിയിട്ടുള്ള PEARL സോഫ്റ്റ്വെയറിൽ ഡേറ്റാ എൻട്രി നടത്തി ടോക്കൺ തെരഞ്ഞെടുത്ത് ഇ-പേമെന്റായി ഫീസൊടുക്കി

ആധാരം ഹാജരാക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്.

1. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ജില്ലയ്ക്കുള്ളിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. രജിസ്ട്രേഷൻ സമയത്ത് consent based Aadhar Authentication service മുഖേന കക്ഷികളെ തിരിച്ചറിയുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം consent based Aadhar Authentication നടപ്പാക്കുന്നതിലൂടെ ആൾമാറാട്ടം തടയുന്നതിനും ഡിജിറ്റൽ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുന്നതിനും കഴിയും.

3. രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന് ആധാരമെഴുത്തുകാർക്ക് തൊഴിൽ നഷ്ടപ്പെടാതെ ആധാരങ്ങൾക്ക് Template സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണിച്ചുവരുന്നു.

(ബി) ഭൂമിയുടെ ക്രയവിക്രയം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യക്തിതാല്പര്യം, സാമ്പത്തികസ്ഥിതി എന്നീ കാര്യങ്ങൾക്കനുസൃതമായാണ് വ്യക്തികൾ അവരവരുടെ ഭൂമിയുടെ

ക്രയവിക്രയം നടത്തുന്നത്. ഒരു ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം 3 മാസത്തിനകമോ 6 മാസത്തിനകമോ നടത്തപ്പെടുന്ന തീറാധാരങ്ങൾക്ക് നിലവിലുള്ള അധിക മുദ്രവില നിരക്കുകൾ ഒഴിവാക്കുന്നതായി 2023-24-ലെ ബജറ്റ് പ്രഖ്യാപനത്തിൽ 555-ാം ഖണ്ഡികയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇപ്രകാരം അധിക മുദ്രവില ഒഴിവാക്കുന്നത് ഭൂമി ഇടപാടുകൾ പ്രോത്സാഹിപ്പിക്കും.

**രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി**

294(6281) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിനുകീഴിലുള്ള ഓഫീസുകളിലെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ?

2019 വർഷം മുതൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ സ്കാൻ ചെയ്ത ഡിജിറ്റൽ രൂപം സർവ്വറിൽ സൂക്ഷിച്ചുവരുന്നുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ വാർഷിക പദ്ധതിത്തുക വിനിയോഗിച്ചുകൊണ്ട് 2018 വരെയുള്ള വർഷങ്ങളിലെ മുന്നാധാര വിവരങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്യുകയും

സർവ്വറിൽ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിലെ സ്കാനിംഗ് ജോലികൾ ആദ്യഘട്ടത്തിൽ പൂർത്തിയാക്കിയിരുന്നു. അതോടൊപ്പം കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ 2005 മുതൽ 2018 വരെയുള്ള സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയും 2005 മുതൽ പുറകോട്ടുള്ള സ്കാനിംഗ് ജോലികൾ അന്തിമഘട്ടത്തിലെത്തുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ജില്ലകളിലെ മുന്നാധാര വിവരങ്ങളുടെ സ്കാനിംഗ് ജോലികൾ പുരോഗമിക്കുകയാണ്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആധാരപ്പകർപ്പുകൾ ഓൺലൈൻ മുഖാന്തരം നൽകുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുമുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പുവഴി എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനായി നൽകുന്നതെന്ന് വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പ് നിലവിൽ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ആധാരങ്ങളുടെ ടോക്കൺ വിവരം ഓൺലൈനായി നൽകാനും ഫീസ് ഇ-പേമെന്റായി അടയ്ക്കാനുമുള്ള സൗകര്യം.

2. ഒരു ലക്ഷം രൂപയ്ക്കുമുകളിലുള്ള തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ

ഓൺലൈനായി പണമടച്ച് ഇ-സ്റ്റാമ്പായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.

3. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിച്ച് ഫീസടയ്ക്കാനും ഓൺലൈനായി ഡൗൺലോഡ് ചെയ്തെടുക്കാനുമുള്ള സൗകര്യം.

4. ലിസ്റ്റ് സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിച്ച് ഫീസടയ്ക്കാനുള്ള സൗകര്യം.

5. സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്ക് ഓൺലൈനായി അപേക്ഷിച്ച് ഫീസടയ്ക്കാനും തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ ഓഫീസുകളിലെ പകർപ്പുകൾ ഓൺലൈനായിത്തന്നെ ഡൗൺലോഡ് ചെയ്യാനുമുള്ള സൗകര്യം.

6. പ്രത്യേക വിവാഹ അപേക്ഷകൾ/നോട്ടീസുകൾ എന്നിവ ഓൺലൈനായി നൽകാനും ഫീസടയ്ക്കാനുമുള്ള സൗകര്യം.

7. ചിട്ടി രജിസ്ട്രേഷൻ, ചിട്ടി സെക്യൂരിറ്റി റിലീസ് എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനും ഫീസടയ്ക്കാനുമുള്ള സൗകര്യം.

8. സഹകരണ സംഘങ്ങളിൽനിന്നുള്ള വായ്പാ ഇടപാടുകൾ സബ്

രജിസ്ട്രാർ ഓഫീസുകളിൽ ഇ-ഗഹാനകളായി ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം.

9. സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിനായി ഇ-ഗ്രൂപ്പ്‌വഴി അപേക്ഷ സമർപ്പിക്കാനും ഫീസടയ്ക്കാനുമുള്ള സൗകര്യം.

**ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള നിയമഭേദഗതി**

295(6282) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള നിയമഭേദഗതി ജനങ്ങൾ എത്രത്തോളം പ്രയോജനപ്പെടുത്തിയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30(1)-ന് ചുവടെ പ്രൊവൈസോ കൂട്ടിച്ചേർത്തും 1960-ലെ കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 6(2)-ന് ചുവടെ പ്രൊവൈസോ കൂട്ടിച്ചേർത്തും ചട്ടഭേദഗതി 2016-ൽ കൊണ്ടുവരികയും ആയതുസംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പിൽനിന്നും നൽകുകയും ചെയ്തുവെങ്കിലും ഈ സൗകര്യം നടപ്പാക്കിയതുസംബന്ധിച്ച് പത്രപ്പരസ്യങ്ങളോ, മറ്റ് പ്രചാരണ പരിപാടികളോ നൽകിയിരുന്നില്ല.

ഇതുകാരണം ഈ സൗകര്യം പൊതുജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരണം നേടാത്തതിനാൽ സ്വയം തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ താരതമ്യേന കുറവാണ്.

(ബി) സംസ്ഥാനത്ത് മുൻവർഷം നടത്തിയ രജിസ്ട്രേഷൻ പ്രവർത്തനങ്ങളിൽ എത്ര ശതമാനം ആളുകൾ സ്വയം തയ്യാറാക്കിയ ആധാരം ഉപയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022 വർഷത്തിൽ ആകെ രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ 0.15 ശതമാനം ആധാരങ്ങൾ സ്വയം തയ്യാറാക്കിയവയായിരുന്നു.

(സി) സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന ആശങ്കയകറ്റാൻ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

സ്വയം ആധാരം തയ്യാറാക്കുന്നതിനായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 19 ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. സ്വയം ആധാരം തയ്യാറാക്കുന്ന സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ആധാരങ്ങളോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ വലിപ്പം A3 സൈസിൽനിന്നും A4 സൈസിലേയ്ക്ക് കുറച്ചിരുന്നു. ഇതിലൂടെ ആധാരത്തോടൊപ്പം ഫയൽ ചെയ്യേണ്ട ഫയലിംഗ് ഷീറ്റ് A4 പ്രിന്ററിൽ അനായാസം പ്രിന്റ് ചെയ്യാവുന്നതാണ്.

3. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്പോർട്ടലിലൂടെ പൊതുജനങ്ങൾക്കും ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ടോക്കണെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

4. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാരകക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്നപക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ഉപദേശങ്ങൾ നൽകുന്നതിനും ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ചുനൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

5. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള സംശയദൂരീകരണത്തിനായി 8547344357 എന്ന മൊബൈൽ

നമ്പറിൽ ഹെൽപ്പ് ഡെസ്ക് സേവനവും ലഭ്യമാണ്.

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടനിർമ്മാണം**

296(6283) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിനുവേണ്ടി പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കുന്ന വിഷയത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ പഞ്ചിംഗ് സംവിധാനം

297(6284) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഐ.ജി. ഓഫീസിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനത്തിൽ നാളിതുവരെ ഹാജർ രേഖപ്പെടുത്താത്ത എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കാമോ?

ഉണ്ട്. രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ എല്ലാ ജീവനക്കാരും പഞ്ചിംഗ് സംവിധാനത്തിൽ ഹാജർ രേഖപ്പെടുത്തുന്നുണ്ട്.

(ബി) പ്രസ്തുത ജീവനക്കാർ പഞ്ചിംഗ് സിസ്റ്റം വഴി ഹാജർ രേഖപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നും ഇവർക്കെതിരെ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ബാധകമല്ല.

## കാസർഗോഡ് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകൾ

298(6285) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം, കാസർഗോഡ്, ബദിയഡുക്ക, ഉദുമ, ഹൊസ്ദുർഗ്ഗ്, രാജപുരം, ബളാൽ, നീലേശ്വരം, തൃക്കരിപ്പൂർ എന്നിങ്ങനെ 9 സബ് രജിസ്ട്രാർ ഓഫീസുകൾ കാസർഗോഡ് ജില്ലയിലുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിലുള്ള വില്ലേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

സബ് രജിസ്ട്രാർ ആഫീസുകളുടെ പ്രവർത്തനപരിധിയിലുള്ള വില്ലേജുകളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ആധാര രജിസ്ട്രേഷൻ, വാസസ്ഥല രജിസ്ട്രേഷൻ, സ്പെഷ്യൽ മാര്യേജ് ആക്റ്റ് പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ, ചിട്ടി രജിസ്ട്രേഷൻ, ചിട്ടി മിനിട്ട്സ് ഫയലിംഗ്, ഗഹാൻ/ഗഹാൻ റിലീസ് രജിസ്ട്രേഷൻ, ബാധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകൽ, ആധാരത്തിന്റെ പകർപ്പ് (സർട്ടിഫൈഡ് കോപ്പി) നൽകൽ, ലിസ്റ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകൽ, വിവരാവകാശ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷയുടെ മറുപടി നൽകൽ തുടങ്ങി രജിസ്ട്രേഷൻ ആക്ടിൽ പരാമർശിക്കുന്ന എല്ലാവിധ സേവനങ്ങളും പൊതുജനങ്ങൾക്ക് നൽകുന്നു.

(ഡി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസുകളിൽ 2021-22, 2022-23 വർഷങ്ങളിൽ നടന്ന ഭൂമി രജിസ്ട്രേഷനുകളുടെ എണ്ണം ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിൽ 2021-2022, 2022-23 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഇ) മഞ്ചേശ്വരം, ബദിയടുക്ക എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ കീഴിലുള്ള വില്ലേജുകൾ ഉൾപ്പെടുത്തി കുമ്പളയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർ വിതരണം

299(6286) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) രജിസ്ട്രേഷൻ വകുപ്പിൽ അവസാനമായി കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതെന്നാണെന്ന് അറിയിക്കാമോ?

2021-22 വർഷത്തെ പദ്ധതി വിഹിതമുപയോഗിച്ച് വാങ്ങിയ 75 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 4 ലാപ്പ്ടോപ് കമ്പ്യൂട്ടറുകളുമാണ് രജിസ്ട്രേഷൻ വകുപ്പിൽ അവസാനമായി വിതരണം ചെയ്തിട്ടുള്ളത്. അവയുടെ വിതരണം 2022 ജൂലൈ മാസത്തിലാണ് പൂർത്തിയായിട്ടുള്ളത്.

(ബി) കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് ഏതെങ്കിലും ഏജൻസിക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസി അവ യഥാസമയം വിതരണം ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

സർക്കാരിന്റെ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് ആൻഡ് റേറ്റ് കോൺട്രാക്റ്റ് സിസ്റ്റം (CPRCS) മുഖേന 94 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 31 ലാപ്പ്ടോപ് കമ്പ്യൂട്ടറുകളും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന് തുക കൈമാറിയിട്ടുണ്ട്. ഇവ യഥാസമയം വിതരണം ചെയ്യാതിരിക്കുന്നതിനുള്ള കാരണം പ്രസ്തുത ഏജൻസി നാളിതുവരെ അറിയിച്ചിട്ടില്ല.

(സി) നിലവിൽ രജിസ്ട്രേഷൻ വകുപ്പിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

LENOVO-യുടെ V50T Gen 2-131OB മോഡൽ കമ്പ്യൂട്ടറുകൾ 75 എണ്ണം 8 മാസം പഴക്കമുള്ളവയും വകുപ്പിൽ ഉപയോഗിക്കുന്ന മറ്റ് കമ്പ്യൂട്ടറുകൾ 2 മുതൽ 5 വർഷത്തിലധികം പഴക്കമുള്ളവയുമാണ്.

**തോട്ടം മേഖലയുടെ സമഗ്ര പരിഷ്കരണം**

300(6287) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം മേഖലയുടെ സമഗ്ര പരിഷ്കരണം നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ തോട്ടം മേഖലയിൽ ഉത്തരവാദിത്ത ഇക്കോ ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സെമിനാർ കോഴിക്കോട്

ജില്ലയിൽവച്ച് 06-01-2023-ൽ സംഘടിപ്പിച്ചു. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നവീനവും പ്രായോഗികവുമായ വിവിധ സാധ്യതകൾ തുറന്നുകാട്ടുന്നതായിരുന്നു സെമിനാർ. കേരളത്തിന്റെ പ്ലാന്റേഷൻ ടൂറിസത്തിന്റെ പുനർ രൂപകൽപ്പന, ഉത്തരവാദിത്വ ടൂറിസത്തിനുള്ള സാദ്ധ്യതകൾ, 'പ്ലാന്റേഷൻ ടൂറിസം' - ടൂറിസം വ്യവസായത്തിൽനിന്നുള്ള ഒരു കാഴ്ചപ്പാട്, ഉത്തരവാദിത്ത ടൂറിസത്തിൽ പരമ്പരാഗത വാസ്തുവിദ്യ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളെ അധികരിച്ചുകൊണ്ട് പ്രമുഖ വ്യക്തിത്വങ്ങൾ ക്ലാസുകൾ നയിക്കുകയും 125 പേർ സെമിനാറിൽ പങ്കെടുക്കുകയും ചെയ്തു.

2. പ്ലാന്റേഷൻ മേഖലയിലെ കാർബൺ ട്രേഡിംഗിന്റെ സാധ്യതകളും പുത്തൻ പ്രവണതകളും സംബന്ധിച്ച വിഷയത്തിൽ എറണാകുളം ജില്ലയിൽവച്ച് 13-02-2023-ൽ സെമിനാർ സംഘടിപ്പിച്ചു. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിലെ പ്രമുഖ സംരംഭകർ പങ്കെടുത്ത പ്രസ്തുത സെമിനാറിൽ കാർബൺ ട്രേഡിംഗിന്റെ സാധ്യതകളും പുത്തൻ പ്രവണതകളും സംബന്ധിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദഗ്ദ്ധരും ഫാക്കൽറ്റികളും വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. കാർബൺ ട്രേഡിംഗിലെ ഏറ്റവും പുതിയ പ്രവണതകളെയും രീതികളെയുംകുറിച്ചുള്ള

സമഗ്രമായ ചർച്ച നടന്ന സെമിനാറിൽ ട്രേഡിംഗ് പ്രക്രിയകൾ, വിപണിയിലെ പുതിയ പ്രവണതകൾ, കാർബൺ ട്രേഡിംഗ് സമ്പദ്‌വ്യവസ്ഥ, നിയമ നയങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെട്ടിരുന്നു. സെമിനാറിൽ പങ്കെടുക്കുന്നവർക്ക് കാർബൺ ക്രെഡിറ്റ് പ്രക്രിയയെക്കുറിച്ചും അതിന്റെ നേട്ടങ്ങളെക്കുറിച്ചും നടപ്പാക്കുന്നതിലെ ഘട്ടങ്ങളെക്കുറിച്ചും സമഗ്രമായ ധാരണ നൽകാനാണ് ലക്ഷ്യമിട്ടത്. 175 പേർ സെമിനാറിൽ പങ്കെടുത്തു.

3. ആഗോളതലത്തിൽ കേരളാ പ്ലാന്റേഷൻ എന്ന കേരളാ ബ്രാൻഡ് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രാഥമികമായ ചുവടുവയ്പ്പെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ കനകക്കുന്ന് സൂര്യകാന്തി എക്സിബിഷൻ ഗ്രൗണ്ടിൽ 17-02-2023 മുതൽ 19-02-2023 വരെ പ്ലാന്റേഷൻ മേഖലയ്ക്കായി ഒരു എക്സ്‌പോ സംഘടിപ്പിച്ചു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്ലാന്റേഷനുകൾ, തോട്ടം മേഖലയിലെ സഹകരണ സംഘങ്ങൾ, തോട്ടം മേഖലയുമായി ബന്ധമുള്ള വ്യാപാരികൾ, വിതരണക്കാർ, സേവന ഉപകരണ ദാതാക്കൾ എന്നിവർ എക്സ്‌പോയിൽ പങ്കെടുത്തു. എക്സ്‌പോയുടെ ഭാഗമായി 2023 ഫെബ്രുവരി 17, 18 തീയതികളിൽ പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലായി പ്രഗത്ഭർ നേതൃത്വം നൽകിയ സെമിനാറുകളും സംഘടിപ്പിച്ചു. 100 സ്റ്റാളുകൾ ക്രമീകരിക്കുകയുണ്ടായി.

4. പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികൾക്കായി നൈപുണ്യ വികസന-പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ മാർഗ്ഗരേഖ തയ്യാറാക്കിക്കഴിഞ്ഞു.

5. പ്ലാന്റേഷൻ മേഖലയെ സംബന്ധിച്ച സമഗ്രമായ പഠനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്ക് Expression of Interest ക്ഷണിച്ചിട്ടുണ്ട്.

2023-24 വർഷം പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) തോട്ടങ്ങളിൽ ഇടവിളകൾ കൃഷി ചെയ്യുന്നതിനും നിശ്ചിത പ്രദേശം മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തോട്ടങ്ങളിൽ ഇടവിളകൾ കൃഷി ചെയ്യുന്നതിനും മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നതിനും നിലവിലെ നിയമപ്രകാരം അനുവദനീയമായ ഭൂപരിധിയിൽ ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ പ്രാഥമിക നടപടിയായാണ് തോട്ടം മേഖലയിൽ ഉത്തരവാദിത്ത ഇക്കോ ടൂറിസം പദ്ധതികൾ

പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽവച്ച് 06-01-2023-ൽ ഒരു സെമിനാർ സംഘടിപ്പിച്ചത്. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നവീനവും പ്രായോഗികവുമായ വിവിധ സാധ്യതകൾ പ്ലാന്റേഷൻ മേഖലയിലെ സംരംഭകർക്കുമുന്നിൽ അവതരിപ്പിക്കുന്നതിന് സെമിനാർവഴി സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്ലാന്റേഷൻ ടൂറിസത്തിന്റെ പുനർ രൂപകൽപ്പന, ഉത്തരവാദിത്ത ടൂറിസത്തിനുള്ള സാദ്ധ്യതകൾ, 'പ്ലാന്റേഷൻ ടൂറിസം' - ടൂറിസം വ്യവസായത്തിൽനിന്നുള്ള ഒരു കാഴ്ചപ്പാട്, ഉത്തരവാദിത്ത ടൂറിസത്തിൽ പരമ്പരാഗത വാസ്തുവിദ്യ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളെ അധികരിച്ചുകൊണ്ട് പ്രമുഖ വ്യക്തിത്വങ്ങൾ ക്ലാസ്സുകൾ നയിച്ചിരുന്നു. കൂടുതൽ തുടർപ്രവർത്തനങ്ങൾ വരുംവർഷങ്ങളിൽ നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(5977, 5978, 5979, 5981, 5982, 5983, 6015, 6028, 6030, 6031, 6032,6034, 6035, 6037, 6042, 6046, 6074, 6094 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

NB: (ചോദ്യം നമ്പർ 6185 ഒഴിവാക്കിയിരുന്നു.)

**അനുബന്ധം-II**

**ശ്രദ്ധ ക്ഷണിക്കൽ**

1.പാഠപുസ്തകം പരിഷ്കരിച്ചതുമൂലം സ്കൂൾ സൊസൈറ്റികൾക്കുണ്ടായ സാമ്പത്തിക ബാധ്യത പരിഹരിക്കാൻ നടപടിയുണ്ടാകണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം. എൽ. എ.-യുടെ ശ്രദ്ധക്ഷണിക്കലിന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

സംസ്ഥാനത്ത് 2015-16 അദ്ധ്യയന വർഷം വരെ പാഠപുസ്തകം പരിഷ്കരിക്കുന്നതിന് മുമ്പുള്ള പഴയ പുസ്തകങ്ങളാണ് ഉപയോഗിച്ചിരുന്നത്. 2016-17 വർഷം പാഠപുസ്തകങ്ങൾ പരിഷ്കരിക്കുകയും ആയതിൻപ്രകാരം 2015 നവംബർ മാസം 2016-17 വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് ടെക്സ്റ്റ് ബുക്ക് സപ്ലൈ മോണിറ്ററിംഗ് സിസ്റ്റം (TBMS) വഴി പ്രഥമാദ്ധ്യാപകർ സമർപ്പിക്കുകയും സംസ്ഥാന അടിസ്ഥാനത്തിൽ പാഠപുസ്തക ഓഫീസ് ക്രോഡീകരിച്ച് കെ.ബി.പി.എസ്.-ന് പ്രിന്റ് ഓർഡർ നൽകുകയുമുണ്ടായി. തുടർന്ന് കെ.ബി.പി.എസ്. ഹബ്ബുകൾ മുഖാന്തരം സ്കൂൾ സൊസൈറ്റികൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം പ്രഥമാദ്ധ്യാപകർ ഇൻഡന്റ് ചെയ്ത് സ്വീകരിച്ചിട്ടുള്ള 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകത്തിന്റെ വില അതത് സാമ്പത്തികവർഷംതന്നെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. എന്നാൽ നിലവിലെ കുട്ടികൾ മുൻ വർഷങ്ങളിലെ

കുട്ടികളുടെ പാഠപുസ്തകങ്ങൾ വാങ്ങി ഉപയോഗിക്കുന്ന പ്രവണത ഒട്ടുമിക്ക സ്കൂളുകളിലുമുണ്ടായിട്ടുള്ളതും അപ്രകാരം അധികം വരുന്ന പാഠപുസ്തകങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ ഇൻഡന്റ് ചെയ്യുമ്പോൾ ക്രമീകരിക്കേണ്ടത് പ്രഥമാദ്ധ്യാപകരുടെ ചുമതലയുമാണ്. പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന രീതി ചുവടെ ചേർക്കുന്നു.

| ഇൻഡന്റ് ചെയ്യുന്ന വർഷം | ഏത് വർഷത്തേയ്ക്കുള്ള പാഠപുസ്തകം |
|---|---|
| നവംബർ 2015 | 2016-17 |
| നവംബർ 2016 | 2017-18 |
| നവംബർ 2017 | 2018-19 |
| നവംബർ 2018 | 2019-20 |

തുടർന്ന് SCERT-യുടെ 03.10.2018-ലെ കത്തുപ്രകാരം 1, 5, 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്ക് മാറ്റമുണ്ടാകാൻ സാധ്യതയുണ്ടെന്ന് അറിയിക്കുകയും 25.10.2019-ലെ കത്തുപ്രകാരം 9, 10 ക്ലാസ്സുകളിലെ മുഴുവൻ പാഠപുസ്തകങ്ങളും മാറ്റമുണ്ടാകുമെന്നും അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. അതനുസരിച്ച് 08.11.2018-ലെ പാഠപുസ്തക ഓഫീസറുടെ സർക്കുലർ പ്രകാരം 2019-20 വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്നതിനുള്ള അറിയിപ്പ് നൽകുകയും ഇപ്രകാരം 12.11.2018 മുതൽ

27.11.2018 വരെ പ്രഥമാദ്ധ്യാപകർ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് സമർപ്പിക്കുകയും പാഠപുസ്തക ഓഫീസ് മുഖേന ക്രോഡീകരിച്ച് നൽകുന്ന പ്രിന്റ് ഓർഡർ അനുസരിച്ച് കെ.ബി.പി.എസ്. പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്ത് വിതരണം നടത്തുകയുമുണ്ടായി. പെട്ടെന്നുണ്ടായ പാഠപുസ്തക പരിഷ്കരണംമൂലം 2018-19 വർഷത്തിലേയ്ക്ക് ഇൻഡന്റ് ചെയ്ത് കുട്ടികൾക്ക് വിതരണം ചെയ്തതിനുശേഷവും അധികം വന്നിട്ടുള്ള പാഠപുസ്തകങ്ങൾ 2019-20 വർഷം ഉപയോഗിക്കാൻ കഴിയാത വരികയും ആയത് സ്റ്റോക്കായി പരിണമിക്കുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ 08.03.2019-ലെ സർക്കാർ ഉത്തരവുപ്രകാരം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ അധീനതയിലും കെ.ബി.പി.എസ്. അതിന്റെ 14 ജില്ലാ ഹബ്ബുകളിലും ഉപയോഗശൂന്യമായി കെട്ടിക്കിടക്കുന്ന (9, 10 ക്ലാസ്സുകളിലെ) പാഠപുസ്തകങ്ങൾ 31.03.2019 തീയതിവച്ച് കാലഹരണപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി സർക്കാർ ഉത്തരവ് സ്കൂൾ സൊസൈറ്റികളിൽ 2019-20 വർഷത്തെ പാഠപുസ്തക പരിഷ്കരണംമൂലം 2018-19-ലെ സ്റ്റോക്കായ പാഠപുസ്തകങ്ങൾക്ക് ബാധകമാക്കിയിട്ടില്ല. 2018-19 അദ്ധ്യയന വർഷത്തെ വിതരണശേഷം നീക്കിയിരിപ്പുണ്ടെന്ന് കരുതപ്പെടുന്ന പാഠപുസ്തകങ്ങളുടെ കണക്കുകൾ പരിശോധിച്ച് സ്കൂൾ

സൊസൈറ്റികൾക്ക് ഭീമമായ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ആയത് dead stock ആയി കണക്കാക്കുന്ന വിഷയവും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്.

2. <u>സുൽത്താൻ ബത്തേരിയിലെ കുടുംബാരോഗ്യ /സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ഐ.സി. ബാലകൃഷ്ണൻ, എം.എൽ.എ. -യുടെ ശ്രദ്ധക്ഷണിക്കലിന് ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന നിയോജകമണ്ഡലമാണ് സുൽത്താൻ ബത്തേരി. 4 കുടുംബാരോഗ്യ കേന്ദ്രങ്ങൾ (ചീരാൽ, ചെതലയം, പൂതാടി, നൂൽപ്പുഴ), 3 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (മുള്ളൻകൊല്ലി, പാക്കം, ചുള്ളിയോട്), 3 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ (പുൽപ്പള്ളി, അമ്പലവയൽ, മീനങ്ങാടി; ഇതിൽ അമ്പലവയൽ എഫ്.എച്ച്.സി. ആയാണ് പ്രവർത്തിക്കുന്നത്) എന്നിവ ഈ മണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മീനങ്ങാടിയിലും പുൽപ്പള്ളിയിലും കിടത്തിച്ചികിത്സയുണ്ട്. കൂടാതെ ഒരു താലൂക്കാശുപത്രിയും ഒരു ജില്ലാ പബ്ലിക് ഹെൽത്ത് ലാബും ഇവിടെയുണ്ട്. മീനങ്ങാടി സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായും

മാറ്റിയിട്ടുണ്ട്.

**സാമൂഹികാരോഗ്യകേന്ദ്രം, മീനങ്ങാടി**

ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഈ സ്ഥാപനത്തെ ബ്ലോക്ക് എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്. ഇവിടെ കിടത്തിച്ചികിത്സയുണ്ട്. കേരളത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ പ്രസവം നടക്കുന്ന ഏക സി.എച്ച്.സി.-യാണിത്. കഴിഞ്ഞ സാമ്പത്തിക വർഷം ശരാശരി 450-ഓളം പ്രസവങ്ങൾ ഈ ആശുപ്രതിയിൽ നടന്നിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കായി 37.5 ലക്ഷം രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. മീനങ്ങാടി CHC-ക്ക് നാഷണൽ ഹെൽത്ത് മിഷന്റെ 3.3 കോടി രൂപ ചെലവിൽ എം.സി.എച്ച്. ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി. ഈ വർഷത്തെ എൻ.എച്ച്.എം. ആർ.ഒ.പി. ഫണ്ട് 2.99 കോടി രൂപ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാസ്പ് ഫണ്ട് വിനിയോഗിച്ച് 30 ലക്ഷം രൂപയുടെ ഇമ്മ്യൂണൈസേഷൻ കോംപ്ലക്സ് പ്രവൃത്തികൾ നടന്നുവരുന്നു. 50 ശതമാനം പ്രവൃത്തി പൂർത്തിയായി. ആർദ്രം മിഷനിൽ ഉൾപ്പെടുത്തി നാഷണൽ ഹെൽത്ത് മിഷന്റെ 37.5 ലക്ഷം രൂപ വിനിയോഗിച്ച് പ്രവൃത്തികൾക്ക് അനുമതിയായിട്ടുണ്ട്; പ്രവൃത്തികൾ ഉടൻ ആരംഭിക്കും.

ഇവിടെ 9 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. സായാഹ്ന ഒ.പി., ലാബ്, ഫാർമസി, ഫിസിയോ തെറാപ്പി യൂണിറ്റ്, ഇ-സഞ്ജീവനി തുടങ്ങിയ സംവിധാനങ്ങൾ ഇവിടെ ഒരുക്കിയിരിക്കുന്നു. മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത് ബ്ലോക്കിനായിട്ടുള്ള കെട്ടിടം പൂർത്തിയായിട്ടുണ്ട്. മീനങ്ങാടി, മുട്ടിൽ, അമ്പലവയൽ, പനമരം, കണിയമ്പാറ്റ തുടങ്ങി പഞ്ചായത്തുകളിലുള്ള ജനങ്ങളും പാട്ടവയൽ, എരുമാട്, ചേരമ്പാടി, ഗുഡല്ലൂർ തുടങ്ങി അതിർത്തി പ്രദേശങ്ങളിൽനിന്നുള്ള ആളുകളും പ്രസവത്തിനായി ഈ സ്ഥാപനത്തെ ആശ്രയിക്കുന്നുണ്ട്. ഈ സ്ഥാപനത്തിൽ ദിനംപ്രതി 400-ൽപരം ഒ.പി.-കളും പത്തോളം ഐ.പി.-കളും പാലിയേറ്റീവ് ക്ലിനിക്കുകളും NCD ക്ലിനിക്കും ഫീൽഡ് തലത്തിൽ ആയുരാരോഗ്യ സൗഖ്യം പദ്ധതിയും ഭിന്നശേഷിക്കാർക്കായുള്ള തെറാപ്പിയും നടന്നുവരുന്നു. 9 MLSP സ്റ്റാഫ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**സാമൂഹികാരോഗ്യകേന്ദ്രം, അമ്പലവയൽ**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നിലവിൽ പൂർത്തിയായിട്ടുണ്ട്. ഇവിടെ ലാബ്, ഫാർമസി, ഇ-ഹെൽത്ത്, ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങിയ

സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ, NHM-ന് കീഴിൽ ഫിസിയോ തെറാപ്പി യൂണിറ്റും LSGD പ്രോജക്ടിന്റെ ഭാഗമായി പ്രൈമറി, സെക്കണ്ടറി പാലിയേറ്റീവ് ക്ലിനിക്കുകളും NCD ക്ലിനിക്കും നിലവിലുണ്ട്. നിലവിൽ 6 ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ള ഇവിടെ LSGD ഡോക്ടറെ നിയോഗിച്ച് സായാഹ്ന ഒ.പി.-യും പ്രവർത്തിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2023-24 വർഷത്തേയ്ക്കുള്ള പഞ്ചായത്ത് പ്രോജക്ടിൽ സ്ഥാപന പരിസരം ഇന്റർലോക്ക് ചെയ്യുന്നതിന് തുക വകയിരുത്തി അനുമതിയായിട്ടുണ്ട്.

അമ്പലവയൽ എഫ്.എച്ച്.സി.-യിൽ എൻ.എച്ച്.എം. കായകൽപ ഫണ്ട് ഉപയോഗിച്ച് ഫാർമസിയിൽ സ്ലാബ് വർക്ക് പൂർത്തീകരിക്കുകയും ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പഴയ കെട്ടിടം നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ചീരാൽ മൂക്കൊല്ലി സബ് സെന്റർ നവീകരണം പൂർത്തിയായിവരുന്നു. അപ്പാട്, ചൂതുപാറ സബ് സെന്ററുകൾ ഹെൽത്ത് ആന്റ് വെൽനസ് സെന്ററാക്കി നവീകരിച്ചു. നീതി ആയോഗ് ഫണ്ട് വിനിയോഗിച്ച് നെന്മേനി ഗ്രാമപഞ്ചായത്തിലെ ചുള്ളിയോട് പി.എച്ച്.സി. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു.

**സാമൂഹികാരോഗ്യകേന്ദ്രം, പുൽപ്പള്ളി**

പുൽപ്പള്ളി സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പ്രതിമാസ ശരാശരി ഒ.പി.- 450, ഐ.പി.- 10 എന്നിങ്ങനെയാണ്. എൻ.എച്ച്.എം.-ന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫിസിയോതെറാപ്പി യൂണിറ്റ്, പെയിൻ ആന്റ് പാലിയേറ്റീവ് യൂണിറ്റുകൾ, ലാബ്, ഫാർമസി എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഒരു ഡെന്റൽ സർജൻ ഉൾപ്പടെ 6 ഡോക്ടർമാരും ഈവ്നിംഗ് ഒ.പി.-ക്കായി LSGD നിയമിച്ച ഒരു ഡോക്ടറും സേവനമനുഷ്ഠിക്കുന്നു. ഇ-സഞ്ജീവനി ടെലിമെഡിസിൻ സംവിധാനം വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. എൻ.എച്ച്.എം. നിയമിച്ചിട്ടുള്ള 4 MLSP സ്റ്റാഫും സ്ഥാപനത്തിൽ ലഭ്യമാണ്. പുൽപ്പള്ളി സി.എച്ച്.സി.-യിൽ 3 കോടി രൂപ എം.എസ്.ഡി.പി. ഫണ്ട് ചെലവിൽ പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു. 1.75 കോടി രൂപ വിനിയോഗിച്ച് പുൽപ്പള്ളി സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം പുരോഗമിച്ചുവരുന്നു.

**കുടുംബാരോഗ്യകേന്ദ്രം, പൂതാടി**

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഈ സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ 4 അസിസ്റ്റന്റ് സർജൻ തസ്തികയുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 3 ഒ.പി. കൗണ്ടർ, ഫാർമസി, ലബോറട്ടറി, ഒബ്സർവേഷൻ ഏരിയ, ഡ്രസ്സിംഗ് റൂം, നഴ്സസ് സ്റ്റേഷൻ എന്നിവ ഐ.പി. ബിൽഡിംഗിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ ലാബ്, ഫാർമസി എന്നിവയും നിലവിലുണ്ട്. ഈ ആശുപത്രിയിൽനിന്നും എൻ.സി.ഡി. ക്ലിനിക്ക്, പാലിയേറ്റീവ് കെയർ, ഈവനിംഗ് ഒ.പി., ഗർഭിണികളായ ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് പരിചരണം, e-health, ഫീൽഡ് പ്രവർത്തനം MLSP എന്നിവയും നടക്കുന്നുണ്ട്.

കൂടുതൽ സൗകര്യങ്ങളോടുകൂടിയ മറ്റ് ആശുപത്രികളിലേയ്ക്ക് എത്തിച്ചേരാൻ പൂതാടിയിൽനിന്നും ദൂരം കൂടുതലാണെന്നും പ്രദേശത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് ഈ ആശുപത്രിയിൽനിന്നും കൂടുതൽ മെച്ചപ്പെട്ട ചികിത്സാസൗകര്യം പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്.

**കുടുംബാരോഗ്യകേന്ദ്രം, നൂൽപ്പുഴ**

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ ഈ സ്ഥാപനത്തിൽ ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അന്തർദേശീയ തലത്തിൽ തന്നെ ശ്രദ്ധ നേടിയിട്ടുള്ള ആരോഗ്യസ്ഥാപനമാണ് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം. ഇ-ഹെൽത്ത്, ഫിസിയോതെറാപ്പി യൂണിറ്റ്, നൂതന സൗകര്യങ്ങളോടുകൂടിയ ഫാർമസി, ലബോറട്ടറി, വനിതകൾക്കായുള്ള ക്യാൻസർ സ്ക്രീനിംഗ് യൂണിറ്റ് തുടങ്ങിയ നിരവധി പൊതുജനാരോഗ്യസേവനങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണ്. കിടത്തിച്ചികിൽസ നിലവിലുള്ള ഈ ആശുപ്രതിയിലെ ശരാശരി ഒ.പി. 241-ഉം, ഐ.പി. 11-ഉം ആണ്. അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 24 ആണ്. ഡെന്റൽ യൂണിറ്റ്, ഫിസിയോതെറാപ്പി യൂണിറ്റ്, ഫിറ്റ്നസ് സെന്റർ, പെണ്മ വിശ്രമകേന്ദ്രം, അമ്മയുടെ താരാട്ട് (അനീമിയ തടയാനുള്ള പദ്ധതി) തുടങ്ങിയവ നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

**കുടുംബാരോഗ്യ കേന്ദ്രം, ചെതലയം**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി

ഉയർത്തുകയുണ്ടായി. ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യ വികസനം നടത്തി എഫ്.എച്ച്.സി. ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എൽ.എസ്.ജി.ഡി. വഴി ലാബ് ടെക്നീഷ്യനെ നിയമിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. NCD ക്ലിനിക്ക്, ഇ-ഹെൽത്ത്, ഇ-സഞ്ജീവനി പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പായിട്ടുണ്ട്. 6 MLSP നഴ്സുമാരുടെ സേവനം ലഭ്യമാണ്.

**കുടുംബാരോഗ്യ കേന്ദ്രം, ചീരാൽ**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി 15.50 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ - 3 LSGD ഡോക്ടർ-1, ഫാർമസിസ്റ്റ്-1 സ്റ്റാഫ് നഴ്സ്- 4, ലാബ് ടെക്നീഷ്യൻ- 2, MLSP നഴ്സുമാർ- 7 തുടങ്ങിയ ജീവനക്കാർ ജോലി ചെയ്തുവരുന്നു. ആശുപത്രിയിൽ പാലിയേറ്റീവ് കെയർ യൂണിറ്റ്, എല്ലാ ദിവസവും ഈവനിംഗ് ഒ.പി., NCD ക്ലിനിക്ക്, ക്യാൻസർ കെയർ ക്യാമ്പ് തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. ആശുപത്രിയിൽ ഇ-ഹെൽത്ത്

സംവിധാനം പൂർണ്ണമായും നടപ്പായിട്ടുണ്ട്. ഇ-സഞ്ജീവനിയുടെ പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടുണ്ട്.

**പ്രാഥമികാരോഗ്യ കേന്ദ്രം, പാക്കം**

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സ്ഥാപനത്തെ സമ്പൂർണ്ണ FHC ആയി ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഡോക്ടർ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം മിഷനിൽ ഉൾപ്പെടുത്തി 21.25 ലക്ഷം രൂപ വിനിയോഗിച്ച് പാക്കം FHC-യിൽ കെട്ടിടം, 7.5 ലക്ഷം രൂപ ചെലവിൽ ലാബ് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. ഈ സ്ഥാപനത്തിന്റെ പ്രതിമാസ ശരാശരി ഒ.പി. 900 ആണ്. ലാബിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുള്ളതും പ്രവർത്തനം ഉടനെ ആരംഭിക്കുന്നതുമാണ്. ഇതിനുള്ള കെട്ടിടനിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുള്ളതാണ്. പഞ്ചായത്ത് പ്രോജക്ടിന്റെ ഭാഗമായി പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കും KFD വാക്സിനേഷനും ഫലപ്രദമായി നടത്തിവരുന്നു. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് സബ് സെന്ററുകളുടെ ശാക്തീകരണവും ഇവിടങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തലും പ്രാരംഭ

ഘട്ടത്തിലാണ്. 2022-23 വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആന്റി റാബിസ് യൂണിറ്റും ആരംഭിച്ചിട്ടുണ്ട്. 5 MLSP സ്റ്റാഫിന്റെ സേവനവും ഇ-സഞ്ചീവനി സംവിധാനവും ഇവിടെ ലഭ്യമാണ്.

**മുള്ളൻകൊല്ലി പി.എച്ച്.സി.**

ആർദ്രം മിഷനിൽ ഉൾപ്പെടുത്തി മുള്ളൻകൊല്ലി പി.എച്ച്.സി. നവീകരിച്ചു (15.30 ലക്ഷം രൂപ). മുള്ളൻകൊല്ലി ആശുപത്രിയിലെ ലാബിലേയ്ക്ക് പുതിയ ഉപകരണങ്ങൾ NHM വഴി ലഭ്യമാക്കിയിട്ടുണ്ട്. ലാബ് ടെക്നീഷ്യന്റെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 15.50 ലക്ഷം രൂപ വിനിയോഗിച്ച് ഇവിടെ ലാബ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ഈ നിയോജകമണ്ഡലത്തിലെ കെട്ടിടമില്ലാത്ത 11 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് ഓരോന്നിനും 55.5 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി 15-ാം ധനകാര്യ കമ്മീഷനിൽനിന്നും ഫണ്ട് വകയിരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെയും

ഈ സർക്കാരിന്റെയും കാലയളവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെയും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി പരമാവധി മെച്ചപ്പെട്ട ചികിത്സ പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

**സബ്മിഷൻ**

1. കൊച്ചി കോർപ്പറേഷൻ മേയർക്കും ജീവനക്കാർക്കും നേരെയുള്ള ആക്രമണം സംബന്ധിച്ച് ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ.-യുടെ സബ്മിഷന് ബഹു. മുഖ്യമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

ബ്രഹ്മപുരം വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും സാന്നിദ്ധ്യത്തിൽ ചേർന്ന ഉന്നതതല യോഗത്തിലെ തീരുമാനപ്രകാരം കൊച്ചി കോർപ്പറേഷന്റെ അടിയന്തര കൗൺസിൽ യോഗം 13.03.2023-ന് ചേർന്നിരുന്നു. കൊച്ചി കോർപ്പറേഷൻ പരിസരത്ത് മുൻ ദിവസങ്ങളിലുണ്ടായ സാഹചര്യങ്ങൾ കണക്കിലെടുത്ത് മതിയായ സുരക്ഷാ ക്രമീകരണങ്ങൾ പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിരുന്നു. കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ പങ്കെടുക്കാനെത്തിയ മേയറെ പ്രതിഷേധക്കാർ തടഞ്ഞതിനെത്തുടർന്ന് പോലീസ് മേയർക്ക് വഴിയൊരുക്കി കടത്തിവിടാൻ ശ്രമിക്കുന്നതിനിടെ പോലീസ്

ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ഡ്യൂട്ടി പ്രതിഷേധക്കാർ തടസ്സപ്പെടുത്തുകയും സബ് ഇൻസ്പെക്ടർ ഉൾപ്പെടെ 4 പോലീസുകാരെ ആക്രമിക്കുകയുമാണുണ്ടായത്. ഈ സംഭവത്തിന് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 147, 149, 332, 353 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നം. 867/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥ എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. കേസ് പോലീസ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

2. ഇരവിപുരം പോലീസ് സ്റ്റേഷന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. എം. നൗഷാദ് എം.എൽ.എ.യുടെ സബ്മിഷന് ബഹു. മുഖ്യമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

ഇരവിപുരം പോലീസ് സ്റ്റേഷനിൽ ഒരു ഇൻസ്പെക്ടർ, 5 സബ് ഇൻസ്പെക്ടർമാർ, 2 അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ, 13 സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, 20 സിവിൽ പോലീസ് ഓഫീസർമാർ, 4 വനിതാ സിവിൽ പോലീസ് ഓഫീസർമാർ എന്നിങ്ങനെ 45 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ജനസാന്ദ്രത കണക്കിലെടുത്ത് ഇരവിപുരം പോലീസ് സ്റ്റേഷനിലെ അംഗബലം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു. സ്റ്റേഷൻ

പരിധിയിലുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ, ഉത്സവം തുടങ്ങിയ അവശ്യഘട്ടങ്ങളിൽ അധിക സേനാംഗങ്ങളെ വിന്യസിക്കേണ്ട സാഹചര്യം ഉണ്ടാകുന്നപക്ഷം മറ്റ് പോലീസ് സ്റ്റേഷനുകളിൽനിന്നും ക്യാമ്പുകളിൽനിന്നും ആവശ്യാനുസരണം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാവുന്നതാണ്.

3. മുണ്ടത്തിക്കോട് പ്രദേശത്തെ പുലിശല്യം സംബന്ധിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ.-യുടെ സബ്മിഷന് ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ.

തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിനുകീഴിലെ എരുമപ്പെട്ടി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലാണ് പുലിയെ കണ്ടു എന്ന് പരാമർശിക്കുന്ന സ്ഥലം. വടക്കാഞ്ചേരി നഗരസഭാ ഡിവിഷൻ 41-ൽ ഉൾപ്പെടുന്ന പുലിക്കുന്ന് ഭാഗത്ത് 25.02.2023-ന് ഒരു തെരുവുനായയെ അജ്ഞാതജീവി കടിച്ചുകൊന്നതായി വിവരം ലഭിച്ചതിനെത്തുടർന്ന് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ സ്ഥലത്ത് ചെന്ന് വിശദ പരിശോധന നടത്തിയതിൽ പുലിയുടെ സാന്നിദ്ധ്യം കണ്ടെത്താൻ സാധിച്ചിട്ടില്ല. പരിശോധനാവേളയിൽ പുലിയുടേതെന്ന് തെളിയിക്കുന്ന പഗ് മാർക്കുകൾ ഒന്നുംതന്നെ സ്ഥലത്തുനിന്നും ലഭിച്ചിട്ടില്ല. ഈ സംഭവത്തിനുശേഷം രണ്ടാഴ്ച കഴിഞ്ഞ്, 14.03.2023, 15.03.2023 എന്നീ തീയതികളിൽ മുണ്ടത്തിക്കോട് അലക്സ്

എന്നയാൾ തന്റെ വീടിന്റെ പരിസരത്ത് പുലിയെ കണ്ടതായി അറിയിക്കുകയും ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ അദ്ദേഹത്തെ നേരിൽ കണ്ട് വിവരങ്ങൾ ചോദിച്ചറിഞ്ഞതിൽ, ദേഹത്ത് പുള്ളിയുള്ള എന്നാൽ പുലിയുടെ അത്ര പൊക്കമില്ലാത്ത ഒരു ജീവിയെ ടിയാൻ കണ്ടതായി വനം വകുപ്പുദ്യോഗസ്ഥരെ അറിയിച്ചിട്ടുള്ളതുമാണ്. പുലിയെ കണ്ടതായി പറയപ്പെടുന്നത് റബ്ബർ തോട്ടങ്ങളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണ്. ടി സ്ഥലത്ത് കുറ്റിക്കാടുകൾ ധാരാളമായിട്ടുണ്ട്. ഈ സ്ഥലത്തുനിന്നും തൊട്ടടുത്ത വനമേഖലയായ ഇരുപ്പൻകുന്ന് വനത്തിലേയ്ക്ക് 500 മീറ്റർ ദൂരമുണ്ട്. ടി വനമേഖല 20 ഹെക്ടറോളം വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്നു. ഈ പ്രദേശത്ത് പുലിയെ കണ്ടതായിട്ടുള്ള പ്രചരണം ജനങ്ങളിൽ പരിഭ്രാന്തി പരത്തിയിട്ടുണ്ട്. വനം വകുപ്പ് ജീവനക്കാരുടെ വിപുലമായ സ്ഥലപരിശോധനയിൽ പുലിയുടെ സാന്നിദ്ധ്യം ടി മേഖലയിലുണ്ടോയെന്നുള്ള തെളിവ് ലഭിക്കാത്തതിനാൽ പുലിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടില്ല. എന്നിരുന്നാലും ജനങ്ങളുടെ ഭയവിഹ്വലത പരിഗണിച്ച് മേഖലയിൽ വന്യജീവി സാന്നിധ്യം അറിയുന്നതിന് ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും മേഖലയിൽ വനം വകുപ്പിന്റെ പാട്രോളിംഗ് അടക്കമുള്ള സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വാഴാനി വനമേഖലയിൽ കാട്ടാന ഇറങ്ങി കൃഷി നശിപ്പിക്കുന്നത് അടക്കമുള്ള വന്യമൃഗ-മനുഷ്യ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെ പ്രാഥമിക നടപടി എന്ന നിലയിൽ സോളാർ വേലി സ്ഥാപിക്കുന്നതിന് തുക അനുവദിക്കുകയും 6 തീയതികളിലായി 2 തവണ ടെണ്ടർ ചെയ്യുകയുമുണ്ടായെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ ആരുംതന്നെ തയ്യാറായില്ല. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ, ജില്ലാ പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ 'വന്യമിത്ര ജില്ലാ സംയോജിത പദ്ധതി'യിൽ ഉൾപ്പെടുത്തിക്കൊണ്ട് തനതുവർഷത്തിൽ വാഴാനി മേഖലയിലെ ചേപ്പിലക്കോട് മുതൽ പട്ടാണിക്കാട് വരെ 10 കി.മീറ്ററും തെക്കുംകര കുറ്റിക്കാട് മുതൽ മേലില്ലം വരെ 6 കി.മീറ്ററുമുൾപ്പെടെ ആകെ 16 കി.മീ. ദൂരത്തിൽ സോളാർ വേലി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നാട്ടിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിന് 24 മണിക്കൂർ സേവനവും മേഖലയിൽ വനം വകുപ്പിന്റെ പട്രോളിംഗ് അടക്കമുള്ള സാന്നിദ്ധ്യവും ഉറപ്പുവരുത്തുന്നതോടൊപ്പം ഇവരെ സഹായിക്കുന്നതിന് കാട്ടാനയുടെ സാന്നിദ്ധ്യമുള്ള സ്ഥലത്ത് വാച്ചർമാരെ നിയോഗിച്ച് നിരീക്ഷിച്ചുവരുന്നുണ്ട്. കുതിരാൻ തുരങ്കം സജീവമായതിനെ തുടർന്ന് തുരങ്കത്തിന്റെ മുകളിലെ

വനത്തിലൂടെയുള്ള പഴയ ആനത്താര സജീവമാകുകയും ഈ പാതയിലൂടെ കാട്ടാനകൾ വാഴാനി വനമേഖലയിലേയ്ക്ക് വന്നെത്തുകയും ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങി കൃഷി നശിപ്പിക്കുന്നതുൾപ്പെടെയുള്ള സംഭവങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. കുതിരാൻ തുരങ്കത്തിന്റെ മുകളിലൂടെ വാഴാനി വനമേഖലയിലേയ്ക്ക് പ്രവേശിക്കാതിരിക്കാൻ ടി സ്ഥലത്ത് 1.5 കി.മീ. ദൂരത്തിൽ Hanging Solar Fencing സ്ഥാപിക്കുന്നതിന് KPHCC-ക്ക് ഏൽപ്പിച്ചുനൽകിയിട്ടുള്ളതും പ്രവൃത്തി പ്രാരംഭ ഘട്ടത്തിലുമാണ്.

4. <u>പൊറാട്ട് നാടകകല സംരക്ഷണത്തിനും പ്രോത്സാഹനത്തിനും മണ്ണൂരിൽ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീമതി ശാന്തകുമാരി കെ., എം.എൽ.എ.-യുടെ സബ്മിഷന് ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

പൊറാട്ട് നാടകം പാലക്കാട് ജില്ലയുടെ പാരമ്പര്യ തനത് കലാരൂപമാണ്. കേരള ഫോക്‌ലോർ അക്കാഡമി നാടൻ കലകൾ അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപന്റ് അനുവദിക്കുന്നുണ്ട്. പൊറാട്ട് നാടകം അഭ്യസിക്കുന്ന കുട്ടികൾക്കും സ്റ്റൈപന്റ് നൽകിവരുന്നുണ്ട്. മുതിർന്ന പൊറാട്ട് നാടക കലാകാരന്മാർക്ക് വേദികൾ ഒരുക്കിക്കൊടുക്കുന്നതിനും ഫോക്‌ലോർ അക്കാഡമി ശ്രദ്ധിക്കുന്നുണ്ട്. 2021-ലെ ഫോക്‌ലോർ അക്കാഡമിയുടെ ഫെലോഷിപ്പ് ലഭിച്ചവരിൽ പൊറാട്ട് നാടക കലാകാരനായ

ശ്രീ. റ്റി. പകാൻ ഉൾപ്പെടുന്നു എന്നതും ശ്രദ്ധേയമാണ്. ഇതുകൂടാതെ പൊറാട്ട് നാടക കലാകാരന്മാരായ ശ്രീ. വേലായുധൻ കെ. ആർ., ശ്രീ. ചന്ദ്രൻ പി. ആർ. എന്നിവർക്ക് 2021-ലെ ഫോക്‌ലോർ അക്കാഡമി അവാർഡുകളും നൽകി ആദരിച്ചിരുന്നു. കോങ്ങാട് നിയോജകമണ്ഡലത്തിലെ മണ്ണൂരിൽ പ്രർത്തിച്ചുവരുന്ന പൊറാട്ട് കളി ട്രെയിനിംഗ് സെന്ററിന്റെ സെക്രട്ടറി ശ്രീ. മണ്ണൂർ ചന്ദ്രൻ, സെന്ററിന് സ്വന്തമായി കെട്ടിടവും സ്ഥലവും അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. സാംസ്കാരിക വകുപ്പ് ഡയറക്ടർ ഈ വിഷയത്തിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് പഠനഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള ഭൂമിയുടെ ലഭ്യതകൂടി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കാൻ അപേക്ഷകനായ ശ്രീ. മണ്ണൂർ ചന്ദ്രന് 30.01.2023-ൽ കത്ത് നൽകിയിട്ടുണ്ട്.